# മഹാഭാരതകഥാപാത്രങ്ങൾ – മലയാളനോവലുകളിൽ –തെരഞ്ഞെടുത്ത കൃതികളെ ആസ്പദമാക്കി ഒരു പഠനം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി.എച്ച്.ഡി. ബിരുദത്തിന്
സമർപ്പിക്കുന്ന പ്രബന്ധം

സുജയ. ജി.

മലയാളവിഭാഗം
ശ്രീ.നീലകണ്ഠ ഗവ: സംസ്കൃത കോളേജ്
പട്ടാമ്പി

2009

# ഉപോദ്ഘാതം

ഇതിലില്ലാത്തതായി യാതൊന്നുമില്ല എന്ന് കവി തന്നെ അവകാശപ്പെടുന്ന കാവ്യമാണ് മഹാഭാരതം[1]. ഇതിൽ നിന്ന് കാവ്യത്തിന്റെ ഉള്ളടക്കത്തിന്റെ മഹത്വവും വലുപ്പവും വായനക്കാരനൂഹിയ്ക്കാൻ കഴിയുന്നു. മനുഷ്യവർഗ്ഗത്തിന്റെ തന്നെ കഥയാണ് മഹാഭാരതം പറയുന്നത്. മാനവജീവിത്തിന്റെ വിഭിന്ന ഭാവങ്ങളുടെ ആവിഷ്ക്കാരം ഈ കൃതിയിൽ നിറഞ്ഞുനിൽക്കുന്നു[2]. അതുകൊണ്ടായിരിയ്ക്കാം മഹാഭാരതസന്ദർഭങ്ങൾ പല രൂപത്തിലും ഭാവത്തിലും ആവിഷ്ക്കരിക്കാൻ കവികൾക്ക് അനന്ത സാദ്ധ്യതകൾ നൽകിയത്.

മലയാള ഭാഷയിൽ തുള്ളൽ, ആട്ടക്കഥ, ചമ്പു, ഖണ്ഡകാവ്യം, മഹാകാവ്യം, ഉപന്യാസം, കവിത, നോവൽ, നാടകം എന്നിങ്ങനെ മിക്ക സാഹിത്യ പ്രസ്ഥാനങ്ങളിലും മഹാഭാരതകഥാസംബന്ധമായ ഒട്ടനവധി കൃതികൾ സ്വതന്ത്രകൃതികളായും, വിവർത്തനങ്ങളായും, അനുകരണങ്ങളായും. ഉണ്ടായിട്ടുണ്ട്. ആദ്യകാലത്ത് ഭക്തിയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഭാരതകഥാഖ്യാനങ്ങളാണ് കാണുന്നത്. പിന്നീട് സാഹിത്യനവോത്ഥാനത്തെ തുടർന്ന് സാഹിത്യകാരന്മാർക്കുണ്ടായ മനംമാറ്റം[3] പുരാണ കഥാഖ്യാനങ്ങളിലും കണ്ടുതുടങ്ങി.

---

1. *ശ്രീ മഹാഭാരതം* വാല്യം ഒന്ന്, ആദിപർവ്വം 62–ാം അദ്ധ്യായം, വിവ: കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (നാഷനൽ ബുക് സ്റ്റാൾ, കോട്ടയം, 1981), പു.261.
2. ബാലകൃഷ്ണൻ കല്പറ്റ, *സമ്പൂർണ്ണമഹാഭാരതം* (സമ്രാട്ട് പബ്ലിഷേഴ്സ്, തൃശ്ശിവപേരൂർ,1999).
3. തരകൻ.കെ.എം., *മലയാള നോവൽ സാഹിത്യചരിത്രം* ഭാഗം മൂന്ന് (പ്രസാ.കേരള സാഹിത്യഅക്കാദമി, തൃശൂർ, 1990), പുറം 60,61,62.

കൃതികളുടെ സ്വഭാവമനുസരിച്ച് കഥകളിലും കഥാപാത്രങ്ങളിലുമൊക്കെ ചില മാറ്റങ്ങളുണ്ടാകുന്നുണ്ട്. ആട്ടക്കഥയിലൂടെയാണ് രൗദ്രഭീമൻ എന്നൊരു പുതിയ കഥാപാത്രമുണ്ടാകുന്നത്[4]. തുള്ളൽ കൃതികളിൽ ഭീമസേനൻ പൊണ്ണത്തടിയനും[5], ശ്രീകൃഷ്ണൻ സ്ത്രീലമ്പടനും[6], ദുര്യോധനൻ വിഡ്ഢിയും[7] ആകുന്നത് കാണാം. ഈ കൃതികളൊക്കെ പൊതുവേ ഭക്തിയ്ക്കും, ബാഹ്യരൂപത്തിനും പ്രാധാന്യം കൊടുക്കുന്നവയാണ്. കഥാപാത്രങ്ങളിലെ മാനുഷികഭാവങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള രചനകൾ പിന്നീടാണുണ്ടായത്. തന്നെ അനാഥയാക്കിയവരോട് പ്രതിഷേധിയ്ക്കുന്ന ശകുന്തള[8], ദാനശീലം കൊണ്ട് ദുരന്തനായകനായിത്തീർന്ന കർണ്ണൻ[9], തന്റെ പ്രണയത്തിലുറച്ചുനിന്ന് ധീരതയോടെ സംസാരിയ്ക്കുന്ന ഉഷ[10] തുടങ്ങിയ കഥാപാത്രങ്ങൾ ഉദാഹരണങ്ങളാണ്.

ധർമ്മപുത്രർ, ഭീമൻ, അശ്വത്ഥാമാവ്, കർണ്ണൻ, ശകുനി തുടങ്ങി ചില കഥാപാത്രങ്ങൾ ആർക്കിടൈപ്പുകളായി മാറുന്നുണ്ട്. കഥകളും ഉപകഥകളും നിറഞ്ഞുനിൽക്കുന്ന മഹാഭാരതത്തിൽ ഓരോ കഥാപാത്രവും സ്വയം

---

4. വയസ്ക്കരമൂസ്സ്, 'ദുര്യോധനവധം', *ആട്ടക്കഥകൾ* ഒന്നാം വാല്യം (ശ്രീരാമവിലാസം പ്രസ് & ബുക്ക് ഡിപ്പോ, കൊല്ലം 1129, 2–ാം പതിപ്പ്), പു.437.
5. കുഞ്ചൻ നമ്പ്യാർ, 'കല്യാണസൗഗന്ധികം', *കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ* (കറന്റ് ബുക്സ്, കോട്ടയം, 1997), പു.747.
6. അതേ പുസ്തകം, 'രാമാനുചരിതം', പു.665.
7. അതേ പുസ്തകം, 'സഭാപ്രവേശം', പു.1208.
8. നാരായണമേനോൻ വള്ളത്തോൾ, 'അച്ഛനും മകളും', *വള്ളത്തോളിന്റെ പദ്യകൃതികൾ* ഭാഗം ഒന്ന് (നാഷനൽ ബുക് സ്റ്റാൾ, കോട്ടയം, 1975), പു 309.
9. ഉള്ളൂർ.എസ്.പരമേശ്വരയ്യർ, *കർണ്ണഭൂഷണം* (ഉള്ളൂർ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2008).
10. 'ബന്ധനസ്ഥനായ അനിരുദ്ധൻ', *വള്ളത്തോളിന്റെ പദ്യകൃതികൾ* ഭാഗം ഒന്ന്, പു. 183.

പൂർണ്ണരാണ്. ഭീമനും[11], കർണ്ണനും[12], കുന്തിയും[13], ഗാന്ധാരിയും[14], ഏകലവ്യനു[15]മൊക്കെ ചില രചനകളിൽ കേന്ദ്രകഥാപാത്രങ്ങളാകുന്നതും വിശോകനും[16], യുയുത്സുവും[17], ഹിഡിംബിയും[18] മറ്റും കൂടുതൽ പ്രാധാന്യം പ്രാപിയ്ക്കുന്നതും കാണാം. അപ്പോൾ നമുക്കൂഹിക്കാം മഹാഭാരതത്തെ ആധാരമാക്കി ഇനിയും കൃതികൾ ഉണ്ടാകാമെന്ന്. മലയാളികൾ വിശ്വാസങ്ങളും ആചാരങ്ങളും ശൈലികളും കൂടി മഹാഭാരതത്തിൽ നിന്നും കടം കൊണ്ടിട്ടുണ്ട്[19]. വ്യക്തിമനസ്സിനോടും സമൂഹമനസ്സിനോടും ഈ കൃതി അത്രയ്ക്കടുത്തിട്ടുണ്ടെന്ന് സാരം.

ഇതിഹാസത്തിന്റെ ഉദ്ദേശ്യം തന്നെ ധർമ്മബോധനമാണ്[19]. ധർമ്മാധർമ്മങ്ങൾ തമ്മിലുള്ള യുദ്ധവും ധർമ്മത്തിന്റെ വിജയവുമാണ് മഹാഭാരതത്തിന്റെ ഉള്ളടക്കമെന്നഭിപ്രായവുമുണ്ട്. ഇത്തരം നിരീക്ഷണങ്ങളിൽ പൊതുവേ പാണ്ഡവരെ ധർമ്മപക്ഷത്തും കൗരവരെ അധർമ്മപക്ഷത്തുമാണ് കാണുന്നത്. 'ധർമ്മം' എന്ന പ്രയോഗം പലപ്പോഴും ആശയക്കുഴപ്പമുണ്ടാക്കുന്നു എന്നും ചില നിരൂപകർ പറയുന്നു[20].

---

11. വാസുദേവൻനായർ എം.ടി., *രണ്ടാമൂഴം* (കറന്റ് ബുക്സ്, തൃശൂർ, 1996).
12. ബാലകൃഷ്ണൻ.പി.കെ., *ഇനി ഞാനുറങ്ങട്ടെ* (സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക് സ്റ്റാൾ, കോട്ടയം, 1994).
    വിജയൻ കുമ്പളങ്ങാട്, *രാധേയൻ* (പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1999).
13. കൃഷ്ണകുമാരി, *കുന്തി* (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 2000).
    മാരാർ എസ്.കെ.,*അനുയാത്ര* (ഡി.സി.ബുക്സ്, കോട്ടയം, 1998).
    ശങ്കുണ്ണി. ടി.ആർ., *വേദസാക്ഷി* (കറന്റ് ബുക്സ്, കോട്ടയം, 1999).
14. ശ്രീദേവി [തങ്കമണി അമ്മ], *അമ്മേ ഗാന്ധാരി* (കറന്റ് ബുക്സ്, കോട്ടയം, 1996).
15. ജെയിംസ് കെ.പി., *വ്യാധഭാരതം* (ഡി.സി.ബുക്സ്, കോട്ടയം, 1999).
16. രണ്ടാമൂഴം
17. അമ്മേ ഗാന്ധാരി
18. വ്യാധഭാരതം
19. ധർമ്മാർത്ഥ കാമമോക്ഷാണാമുപദേശസമന്വിതം
    പൂർവ്വവൃത്തം കഥോപേതമിതിഹാസം പ്രചക്ഷതേ

20. കുട്ടികൃഷ്ണമാരാർ, *ഭാരതപര്യടനം* (മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, 1999) പു.10,11.

ധർമ്മത്തെ സംബന്ധിയ്ക്കുന്ന പല സന്ദർഭങ്ങൾ മഹാഭാരതത്തിൽ വരുന്നുണ്ട്. മനുഷ്യമാതൃകകൾ സൃഷ്ടിച്ച കവി ഒരു കഥാപാത്രത്തേയും പൂർണ്ണമായും ധർമ്മിയായോ അധർമ്മിയായോ, സൃഷ്ടിയ്ക്കാൻ ഉദ്ദേശിച്ചിട്ടുണ്ടാവില്ല എന്നൊരഭിപ്രായം കാണുന്നു[21]. എന്നല്ല സന്ദർഭത്തിനനുസരിച്ച് ധർമ്മത്തിന്റെ വിവക്ഷ പലപ്പോഴും മാറിക്കൊണ്ടിരിയ്ക്കും. കൗരവരുടെ അധർമ്മത്തെ പാണ്ഡവർ അമർച്ച ചെയ്തത് അധർമ്മത്തിന്റെ വഴിയിലൂടെത്തന്നെയാണെന്ന് വായനക്കാർക്ക് തോന്നിയേയ്ക്കാവുന്ന പല സന്ദർഭങ്ങൾ മഹാഭാരതത്തിൽ കാണുന്നു. ദ്രോണവധം, കർണ്ണവധം, ഭീഷ്മവധം, ജയദ്രഥവധം, ദുര്യോധനവധം, ദുശ്ശാസനവധം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ധർമ്മപാലനത്തിന് ശഠിയ്ക്കുന്ന ധർമ്മപുത്രരുടെ പ്രവൃത്തികൾ തന്നെ പലപ്പോഴും അധാർമ്മികമായി തോന്നാം. ദ്രൗപദി അഞ്ചുപേരുടേയും ഭാര്യയാകണമെന്ന് അമ്മയുടെ വാക്കിനെ മുൻനിർത്തി പറഞ്ഞതും, ചൂതുകളിയും, ദ്രൗപദിയെ പണയം വെച്ചതും മറ്റും ഉദാഹരണങ്ങളാണ്. പക്ഷേ അതിനെല്ലാമദ്ദേഹത്തിന് ധർമ്മാനുസാരമായ ന്യായം പറയാനുമുണ്ട്. തന്റെ സഹോദരന്മാരേയും ഭാര്യയേയും യുധിഷ്ഠിരൻ ചൂതുകളിയിൽ പണയം വെച്ചത്, പാണ്ഡവർ ധർമ്മസംസ്ഥാപനത്തിനായി യുദ്ധം ചെയ്ത് സർവ്വനാശം വരുത്തിയത്, കൗരവർ കത്തിത്തീർന്ന അരക്കില്ലം കാണാൻ വരുമ്പോൾ ആറ് മൃതദേഹങ്ങൾ കാണാനായി കാട്ടാളത്തിയേയും മക്കളേയും കുന്തി ചതിച്ചത് – എന്നിങ്ങനെ പല സന്ദർഭങ്ങളും അപഗ്രഥിച്ച് നോക്കുമ്പോൾ വ്യക്തിപരമായും, സാമൂഹികമായും, ജാതീയമായുമൊക്കെ ധർമ്മത്തിന്റെ വ്യാഖ്യാനം വ്യത്യസ്തമാകുന്നുണ്ട്.

21. ബാലകൃഷ്ണൻ.പി.കെ., 'വ്യാസഭാരതപ്രപഞ്ചത്തിലേയ്ക്ക്', *എഴുത്തച്ഛന്റെ കല – ചില വ്യാസഭാരതപഠനങ്ങളും* (കറന്റ് ബുക്സ്, തൃശൂർ, 2002), പു.38.

ഇങ്ങനെ ആശയക്കുഴപ്പമുണ്ടാക്കുന്ന ധർമ്മാധർമ്മവിവക്ഷ എല്ലാ കാലത്തും എല്ലാ മേഖലകളിലും നിലനിൽക്കാൻ സാധ്യതയുണ്ടെന്നതിനാൽ മഹാഭാരതം എല്ലാ കാലത്തേയും പ്രതിനിധീകരിയ്ക്കുന്നു. അതുകൊണ്ടു തന്നെ ആധുനിക കാലത്തോടിണക്കി മഹാഭാരതകഥ പുനഃസൃഷ്ടിയ്ക്കുന്നതിന് ന്യായീകരണമുണ്ട്. കല്യാണസൗഗന്ധികം[22], മധുരം ഗായതി[23], വ്യാസനും വിഘ്നേശ്വരനും[24], സ്വയംവരം[25], മഹാ(ഭാരത)കഥ[26], ശരശയനം[27], ഇതു മഹാഭാരതം[28], കേശമിതുകണ്ടുവോ[29], ഗാന്ധാരം[30], ചരിത്രത്തിന്റെ വഴി[31] തുടങ്ങിയ കൃതികൾ ചില ഉദാഹരണങ്ങളാണ്. ഇങ്ങനെ പുനഃസൃഷ്ടി നടത്തുമ്പോൾ രചയിതാക്കൾ അവരവരുടെ പ്രതികരണ രീതിയ്ക്കനുസരിച്ച് കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിലും, അവരുടെ ധർമ്മാധർമ്മചിന്തകളിലും, കഥാസന്ദർഭങ്ങളെ സമകാലത്തോട് ബന്ധിപ്പിയ്ക്കുന്നതിലുമൊക്കെ മൂലകൃതിയിൽ നിന്നും വ്യത്യസ്തങ്ങളായ സമീപനം കൈക്കൊള്ളുന്നുണ്ട്.

മൂന്നുഘട്ടങ്ങളായി കൂട്ടിച്ചേർക്കപ്പെട്ടതാണ് ഇന്നു ലഭിക്കുന്ന മഹാഭാരതം. ജയം, ഭാരതസംഹിത, മഹാഭാരതം എന്ന് യഥാക്രമം മൂന്നു ഘട്ടങ്ങളിൽ രചിയ്ക്കപ്പെട്ട കൃതികൾക്കു പേർ പറയുന്നു[32]. മഹാഭാരതത്തിന് വളരെ വ്യത്യസ്തമായ വിവിധ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്.

---

22. രാമവർമ്മ വയലാർ, 'കല്യാണസൗഗന്ധികം', *കല്യാണസൗഗന്ധികം* (പൂർണ്ണപബ്ലിക്കേഷൻസ്, കോഴിക്കോട്, 1991), പു.13.
23. വിജയൻ.ഒ.വി., *മധുരംഗായതി* (കറന്റ് ബുക്സ്, കോട്ടയം, 1998).
24. ആനന്ദ്, *വ്യാസനും വിഘ്നേശ്വരനും* (ഡി.സി.ബുക്സ്, കോട്ടയം, 2001).
25. ഒ.എൻ.വി., *സ്വയംവരം* (ഡി.സി.ബുക്സ്, കോട്ടയം, 2006),
26. തരൂർ ശശി , *മഹാ(ഭാരത)കഥ*, വിവ.കെ.ബി.പ്രസന്നകുമാർ(ഡി.സി.ബുക്സ്, 2007)
27. ശങ്കരപ്പിള്ള.ജി, *ശരശയനം* (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1963).
28. സുഗതകുമാരി, 'ഇതു മഹാഭാരതം', മാതൃഭൂമി ആഴ്ചപ്പതിപ്പ് (1991 ജൂൺ, 23–29), പു.6,7.
29. ഒ.എൻ.വി., 'കേശമിതു കണ്ടുവോ', മാതൃഭൂമി ഓണപ്പതിപ്പ് ഭാഗം ഒന്ന്, 76,28 (1998), പു. 8.
30. ഒ.എൻ.വി.,'ഗാന്ധാരം', മാതൃഭൂമി ഓണപ്പതിപ്പ് 99, 77,26, പു. 27.
31. വിഷ്ണുനാരായണൻ നമ്പൂതിരി, 'ചരിത്രത്തിന്റെ വഴി', മാതൃഭൂമി ആഴ്ചപ്പതിപ്പ് (2000 ജൂലൈ 23–29), പു.18.
32. ചന്ദ്രശേഖരൻ.സി.കെ, *മഹാഭാരതപരിക്രമം* (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 2001). പു.14.

ഓരോ നാടുകളിലും ഉണ്ടായ വ്യാഖ്യാനങ്ങൾ വ്യത്യസ്തത പുലർത്തുന്നു. വരേണ്യവർഗ്ഗക്കാരുടെ മുതൽ നാടോടികളുടേയും, ആദിവാസികളുടേയും വരെ 'ഭാരത'ങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടിട്ടുണ്ട്. കഥകളിലും കഥാപാത്രങ്ങളിലും തന്നെ പ്രകടമായ അന്തരങ്ങൾ നമുക്ക് കാണാം. കേരളത്തിൽത്തന്നെ ഇങ്ങനെ വ്യത്യസ്തത പുലർത്തുന്ന വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്[33]. വ്യാസഭാരതത്തിന്റെ വൃത്താനുവൃത്ത തർജ്ജമയെന്നവകാശപ്പെടുന്ന മലയാളകൃതി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ശ്രീമഹാഭാരത വിവർത്തനമാണ്[34]. ഈ വിവർത്തനത്തിനുശേഷം മലയാളത്തിൽ എഴുതപ്പെട്ട പല കൃതികളും ഈ ഗ്രന്ഥത്തെ ആശ്രയിച്ചിട്ടുണ്ട്. ഇതു പ്രമാണമാക്കിക്കൊണ്ട് ഈ പഠനത്തിന് ആധാരമായി ഈ കൃതി സ്വീകരിയ്ക്കുന്നു.

മഹാഭാരതത്തെ യഥാർത്ഥത്തിൽ മഹത്താക്കുന്നതും ഭാരവത്താക്കുന്നതും അതിലെ ഉപദേശകധർമ്മം നിർവ്വഹിയ്ക്കുന്ന ഉപകഥകളാണ്. ദേവന്മാരും, ഗന്ധർവ്വയക്ഷാദികളും, മഹർഷിമാരും, കാട്ടാളന്മാരും, സാധാരണ മനുഷ്യരും, മൃഗങ്ങളുമൊക്കെ കഥാപാത്രങ്ങളായി വരുന്ന ഒട്ടേറെ ചെറിയ കഥകൾ മഹാഭാരതത്തിലുണ്ട്. കണികൻ ശത്രുക്കളെ എങ്ങനെ നേരിടണമെന്നതിന് ധൃതരാഷ്ട്രർക്കുപദേശിച്ചു കൊടുക്കുന്ന തന്ത്രശാലിയായ കുറുക്കന്റെ കഥ,കർത്തവ്യനിർവ്വഹണത്തെക്കുറിച്ചും കർമ്മഫലത്തെക്കുറിച്ചുമുപദേശിച്ച ധർമ്മവ്യാധന്റെ കഥ, യുധിഷ്ഠിരന്റെ ദാനനിഷ്ഠ ഒന്നുമല്ലെന്ന് വ്യക്തമാക്കികൊടുത്ത സ്വർണ്ണക്കീരിയുടെ കഥ, അർദ്ധരാത്രിയിൽ എങ്ങനെ ശത്രുനാശം വരുത്താമെന്ന് അശ്വത്ഥാമാവിന് കാണിച്ചുകൊടുത്ത മൂങ്ങയുടെ കഥ, ഐഹികജീവിതത്തോടുള്ള മനുഷ്യന്റെ ആസക്തി വ്യക്തമാക്കിക്കൊടുക്കാൻ വിദുരർ ധൃതരാഷ്ട്രർക്കു പറഞ്ഞുകൊടുത്ത പൊട്ടക്കിണറ്റിൽ വീണ ബ്രാഹ്മണന്റെ കഥ, ജാതിചിന്ത വെടിയാഞ്ഞതിനാൽ അമരത്വം നഷ്ടപ്പെട്ട

33. പൗലോസ്.കെ.ജി, 'എത്രയെത്ര മഹാഭാരതങ്ങൾ', സമകാലിക മലയാളം, (മാർച്ച് 2007– ഏപ്രിൽ 2007), (അഞ്ച് ലക്കങ്ങൾ)

34. അവതാരിക, *ശ്രീ മഹാഭാരതം* വാല്യം ഒന്ന്, പു.21.

ഉത്തങ്കന്റെ കഥ, ധർമ്മരക്ഷയ്ക്കുപയോഗിയ്ക്കാൻ ജീവിതം രക്ഷിയ്ക്കേണ്ട തിനെപ്പറ്റി പറയുന്ന വിശ്വാമിത്രന്റെ കഥ, ചൂതുകളിയുടെ നാശം വ്യക്തമാക്കുന്ന നളോപാഖ്യാനം, അർജ്ജുനനുമായി യുദ്ധത്തിനൊരുങ്ങി നിൽക്കുന്ന കർണ്ണനെ അധിക്ഷേപിയ്ക്കാൻ ശല്യർ പറയുന്ന കാക്കയുടേയും അരയന്നത്തിന്റേയും കഥ, ഭീഷ്മർ യുധിഷ്ഠിരന് പറഞ്ഞുകൊടുത്ത നല്ലവനായി ജീവിച്ച് പാപമുക്തി നേടിയ കായവ്യൻ എന്ന കാട്ടാളന്റെ കഥ – എന്നിങ്ങനെ ഒട്ടേറെ ഉപാഖ്യാനങ്ങൾ മഹാഭാരതത്തിൽ കാണുന്നു. ഓരോന്നും നിർണ്ണായകമായ മുഹൂർത്തങ്ങളിൽ ഉപദേശങ്ങൾക്കു പിൻബലമായി പറഞ്ഞുകൊടുക്കുന്ന ഉദാഹരണങ്ങളാണ്. ധർമ്മോപദേശപ്രധാനമായ ഇതിഹാസമായി മഹാഭാരതം പരിഗണിയ്ക്കപ്പെടുന്നത് തന്നെ ഈ സാരോപദേശങ്ങളുടെ ബാഹുല്യം കൊണ്ടാണ്.

മഹാഭാരതത്തിന്റെ അനുകർത്താക്കൾ ഭൂരിപക്ഷവും തെരഞ്ഞെടുത്തത് പാണ്ഡവ–കൗരവകഥയാണ്. ദേവാംശസംഭവരുടെ വീരത്വവും, ശ്രീകൃഷ്ണന്റെ അമാനുഷികവൃത്തികളും, കുന്തി, ഗാന്ധാരി, ദ്രൗപദി എന്നീ സ്ത്രീകഥാപാത്രങ്ങളുടെ ദീപ്തമായ വ്യക്തിത്വവും, ധർമ്മാധർമ്മങ്ങളുടെ പോരാട്ടമെന്ന് വിശ്രുതമായ കുരുക്ഷേത്രയുദ്ധവുമൊക്കെയാവാം ഈ ആകർഷകതയ്ക്ക് പിന്നിൽ. നോവലിലെ വികാരവിചാരസംഘർഷങ്ങൾക്ക് മാറ്റുകൂട്ടുന്ന ഒട്ടേറെ മുഹൂർത്തങ്ങൾ ഈ കഥാസന്ദർഭത്തിൽ നിന്നും കണ്ടെടുക്കാനാകുമല്ലോ.

മഹാഭാരതത്തെ ആസ്പദമാക്കി മലയാളത്തിൽ പല നോവലുകൾ രചിയ്ക്കപ്പെട്ടിട്ടുണ്ട്. ഓരോ നോവലിസ്റ്റും സ്വീകരിച്ചിരിയ്ക്കുന്ന കഥാപാത്രങ്ങൾ, ഓരോ നോവലിസ്റ്റിനും പറയാനുള്ള കാര്യങ്ങൾ, രചനാലക്ഷ്യം, സ്വീകരിച്ചിരിയ്ക്കുന്ന കേന്ദ്രകഥാപാത്രം – തുടങ്ങിയ രചനാഘടക

ങ്ങളനുസരിച്ച് ഓരോന്നും തമ്മിൽ വ്യത്യസ്തത പുലർത്തുന്നു. ഇതൊക്കെ പരിശോധിച്ച് നടത്തുന്ന നിരീക്ഷണങ്ങളാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.

1. പഠനവിധേയമാക്കുന്ന നോവലുകളിലെ പാണ്ഡവ–കൗരവകഥാസന്ദർഭങ്ങൾ, കഥാപാത്രങ്ങൾ എന്നിവയെക്കുറിച്ചറിയാൻ മൂലകൃതിയിൽ തത്സംബന്ധമായി പറഞ്ഞിരിക്കുന്ന കഥാസന്ദർഭങ്ങളേയും, ആ സന്ദർഭങ്ങളിൽ വരുന്ന കഥാപാത്രങ്ങളേയും ഒന്നാം അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നു.

2. എം.ടി.യുടെ മറ്റു നോവലുകളും രണ്ടാമൂഴവും തമ്മിലും, മൂലകൃതിയും രണ്ടാമൂഴവും തമ്മിലും പുലർത്തുന്ന സാമ്യവ്യത്യാസങ്ങൾ അപഗ്രഥനവിധേയമാക്കുകയാണ് രണ്ടാമദ്ധ്യായത്തിൽ.

3. പാണ്ഡവ–കൗരവകഥ പറയുന്ന തെരഞ്ഞെടുത്ത ചില മലയാള നോവലുകളിലെ കഥാസന്ദർഭങ്ങളും കഥാപാത്രങ്ങളും മൂലകൃതിയുമായി പുലർത്തുന്ന സാമ്യവ്യത്യാസങ്ങൾ മൂന്നാം അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നു.

4. നോവലിസ്റ്റുകൾ മഹാഭാരതത്തെ തങ്ങളുടെ രചനകൾക്ക് ആശ്രയിയ്ക്കുന്നതിന്റെ അടിസ്ഥാനമെന്തെന്നും, ഭാരതാഖ്യാനങ്ങളിലൂടെ അവർ പറയാൻ ശ്രമിയ്ക്കുന്നതെന്തെന്നും, ഇതിഹാസം പുനരാഖ്യാനം ചെയ്യപ്പെടുന്നതിന്റെ പൊരുളെന്തെന്നും മറ്റുമാണ് നാലാമദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

ഉപസംഹാരത്തിൽ നിരീക്ഷണങ്ങൾ അവതരിപ്പിയ്ക്കുന്നു.

# അദ്ധ്യായം 1

# മൂലകൃതിയിലെ കഥാസന്ദർഭങ്ങൾ

# കഥാപാത്ര വ്യക്തിത്വം

പാണ്ഡവ–കൗരവകഥ പറയുന്ന നോവലുകളാണ് ഇവിടെ പഠന വിധേയമാക്കുന്നത്. ഓരോ നോവലിസ്റ്റും തെരഞ്ഞെടുത്തിരിയ്ക്കുന്നത് പാണ്ഡവ–കൗരവ കഥാസംബന്ധിയായ കഥാസന്ദർഭങ്ങളും കഥാപാത്രങ്ങ ളുമാണ്. ഈ കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും മൂലകൃതിയിൽ എങ്ങനെ ചിത്രീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്ന മുന്നറിവ് പിന്നീടുള്ള താരതമ്യപഠന ത്തിന് സഹായകമാകും. അതുകൊണ്ട് ശ്രീ മഹാഭാരതത്തിലെ തെരഞ്ഞെ ടുത്ത കഥാസന്ദർങ്ങളേയും കഥാപാത്രങ്ങളേയും മാത്രം വെവ്വേറെയെടുത്ത് കാണിയ്ക്കുകയും സംക്ഷിപ്തമായി വിവരിക്കുകയുമാണിവിടെ.

## കഥാസന്ദർഭങ്ങൾ

താഴെ പറയുന്ന കഥാസന്ദർഭങ്ങളാണ് ഇവിടെ പഠനവിധയമാകുന്ന നോവലുകളിൽ പൊതുവേ പ്രധാനമായി സ്വീകരിച്ചു കാണുന്നത്.

(1) കുന്തിയുടെ കഥ (2) ഗാന്ധാരീവിവാഹം (3)പാണ്ഡവ – കൗരവജനനം (4) പ്രമാണകോടി (5) ഏകലവ്യന്റെ കഥ (6) അഭ്യാസക്കാഴ്ച (7) ദ്രുപദ പരാജയം (8) കണികോപദേശം (9) വാരണാവതം (10) ഹിഡിംബീ വിവാഹം (11) ഏകചക്ര (12) ദ്രൗപദീ സ്വയംവരം (13) ഇന്ദ്രപ്രസ്ഥം (14) രാജസൂയം (15) ദ്യൂതം (16) അനുദ്യൂതം (17 )വനവാസം (18) അജ്ഞാതവാസം (19) സന്ധിശ്രമം (20) കർണ്ണന്റെ കഥ (21) യുദ്ധാരംഭം (22) ഗീതോപദേശം (23) കുരുക്ഷേത്ര യുദ്ധം (24) യുദ്ധാനന്തരസംഭവങ്ങൾ (25) സഭാപ്രവേശം –ചാർവ്വാകവധം (26) ധൃതരാഷ്ട്രാദികളുടെ വാനപ്രസ്ഥം (27) യാദവനാശം (28) മഹാപ്രസ്ഥാനം

## 1. കുന്തിയുടെ കഥ

ശൂരസേനൻ മകൾ പൃഥയെ തന്റെ അച്ഛൻപെങ്ങളുടെ മകനും, അനപത്യനുമായ കുന്തീഭോജനു നൽകി. അങ്ങനെ പൃഥയുടെ പേര് കുന്തി എന്നായി. ബ്രാഹ്മണാതിഥികളെ പൂജിയ്ക്കാൻ രാജാവ് മകൾക്ക് നിർദ്ദേശം നൽകിയതനുസരിച്ച്, കൊട്ടാരത്തിൽ വന്ന ദുർവ്വാസാവിനെ അവൾ അതിഥിപൂജചെയ്ത് പ്രീതിപ്പെടുത്തി. ആപദ്ധർമ്മമോർത്ത് ആഭിചാര വിധി യ്ക്കൊത്ത മന്ത്രോപദേശമാണ് ദുർവ്വാസാവ് അവൾക്ക് കൊടുത്ത വരം. ഈ മന്ത്രം ചൊല്ലി ഏതു ദേവനെ ആവാഹിയ്ക്കുന്നുവോ ആ ദേവൻ പുത്രനെ നൽകും എന്നനുഗ്രഹിച്ചു. കൗതുകം കൊണ്ട് കുന്തി മന്ത്രപരീക്ഷണം നടത്തിയത് സൂര്യദേവനെ ആവാഹിച്ചു കൊണ്ടായിരുന്നു. സൂര്യനെ കണ്ട് ഭയപ്പെട്ട് കുന്തി തിരിച്ചുപോകാനർത്ഥിച്ചെങ്കിലും അങ്ങിനെ തിരിച്ചുപോകു ന്നത് ദോഷമാണെന്ന് പറഞ്ഞ് അദ്ദേഹം അവൾക്കൊരു പുത്രനെ നൽകി. കവചകുണ്ഡലങ്ങളോടെ ജനിച്ച ആ പുത്രനെ കുന്തി അപവാദഭയത്താൽ നദിയിലൊഴുക്കി. പിന്നീട് കുന്തി സ്വയംവരവിധിപ്രകാരം പാണ്ഡുവിനെ വരിച്ചു[1].

## 2. ഗാന്ധാരീ വിവാഹം

ഗാന്ധാരിയ്ക്കു നൂറു പുത്രന്മാരുണ്ടാകുമെന്ന് ശിവൻ വരം നൽകി യിട്ടുണ്ട്. ഇതറിഞ്ഞ ഭീഷ്മർ കുലാഭിവൃദ്ധി ലക്ഷ്യമാക്കി ഗാന്ധാരിയെ ധൃതരാഷ്ട്രർക്ക് വിവാഹം ചെയ്തുകൊടുക്കാൻ ഗാന്ധാരരാജാവിനോടാ വശ്യപ്പെട്ടു. അന്ധനാണ് ധൃതരാഷ്ട്രരെന്നതിനാൽ വൈമനസ്യമുണ്ടായെ ങ്കിലും വംശവും പ്രശസ്തിയും നാട്ടുനടപ്പുമെല്ലാം കണക്കിലെടുത്ത് അദ്ദേഹം മകളെ ധൃതരാഷ്ട്രവധുവായി നൽകി. ഇതറിഞ്ഞ ഗാന്ധാരി തന്റെ

1. *ശ്രീ മഹാഭാരതം* വാല്യം ഒന്ന്, 'സംഭവപർവ്വം', അദ്ധ്യായം 111–112, വിവ:കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1981), പു.411–414.

കണ്ണുകളടച്ചു കെട്ടി ആന്ധ്യം വരിച്ച് പതിവ്രതാധർമ്മമനുഷ്ഠിച്ചു. ഗാന്ധാര കുമാരനായ ശകുനി സഹോദരിയെ ഹസ്തിനപുരത്തേയ്ക്ക് കൊണ്ടുപോയി ധൃതരാഷ്ട്രരുമായുള്ള വിവാഹം നടത്തി[2]

### 3. പാണ്ഡവ – കൗരവ ജനനം

മദ്രരാജാവായ ശല്യരുടെ സഹോദരി മാദ്രിയെ ഭീഷ്മർ പാണ്ഡുവിന് ഭാര്യയായി നൽകണമെന്നർത്ഥിച്ചു. ശല്യരുടെ ആവശ്യപ്രകാരം ധാരാളം സമ്പത്തു നൽകി ഭീഷ്മർ മാദ്രിയെ പാണ്ഡുപത്നിയായി സ്വീകരിച്ചു. ദിഗ്വിജയം നടത്തി തിരിച്ചെത്തിയ പാണ്ഡു അശ്വമേധം നടത്തി. നായാട്ടിലുള്ള കൗതുകം കൊണ്ട് അദ്ദേഹം പത്നിമാരേയും കൂട്ടി കാട്ടിലെത്തി. മൈഥുനത്തിലേർപ്പെട്ടിരുന്ന മാനിണകളെ പാണ്ഡു അമ്പെയ്തു വീഴ്ത്തി. അത് യഥാർത്ഥത്തിൽ കിന്ദമമഹർഷിയും പത്നിയുമായിരുന്നു. മഹർഷി മരിയ്ക്കും മുമ്പേ, ഭാര്യാസംസർഗ്ഗവേളയിൽ പാണ്ഡുവിനും മരണം സംഭവിയ്ക്കുമെന്നും കൂടെയുള്ള ഭാര്യയും അനുഗമിയ്ക്കുമെന്നും ശപിച്ചു. നിരാശനായ പാണ്ഡു സന്ന്യാസം സ്വീകരിച്ചു. പത്നിമാരോടൊത്ത് ശതശൃംഗത്തിൽ താമസിച്ചു.

അപുത്രനായ തനിയ്ക്ക് മോക്ഷം ലഭിയ്ക്കില്ലെന്നതിനാൽ പാണ്ഡു കുന്തിയോട് തനിയ്ക്ക് സന്തതികളെ നൽകാൻ നിർബ്ബന്ധിച്ചു. കുന്തി വിസമ്മതിച്ചുവെങ്കിലും ഒട്ടേറെ വാക്തർക്കങ്ങൾക്കവസാനം നിവൃത്തിയില്ലാതെ ദുർവ്വാസാവിന്റെ വരത്തെക്കുറിച്ചു പറഞ്ഞു.ധാർമ്മികനായ ഒരു പുത്രനെ ധർമ്മദേവനിൽ നിന്നും, ബലവാനായ ഒരു പുത്രനെ വായുദേവനിൽ നിന്നും ലോക ശ്രേഷ്ഠനായ ഒരു പുത്രനെ ഇന്ദ്രനിൽ നിന്നും പാണ്ഡുവിന്റെ നിർദ്ദേശാനുസാരം കുന്തി മന്ത്രോപയോഗേന നേടി. അങ്ങനെ ധർമ്മപുത്രരും, ഭീമസേനനും, അർജ്ജുനനും ജനിച്ചു. വീണ്ടും പാണ്ഡുവിന് പുത്രമോഹം

2. അതേ പുസ്തകം, അദ്ധ്യായം 110, പു.409,410.

തോന്നിയെങ്കിലും അത് അവിഹിതമാണെന്ന് കുന്തി വിലക്കി. തനിയ്ക്ക് അമ്മയാകാനുള്ള മോഹം മാദ്രി അറിയിച്ചപ്പോൾ പാണ്ഡു കുന്തിയോട് പറയുകയും കുന്തി മാദ്രിയ്ക്ക് മന്ത്രോപദേശം നൽകുകയും ചെയ്തു. അശ്വിനീദേവകളെ സ്മരിച്ച മാദ്രിയ്ക്ക് നകുലസഹദേവന്മാരെ പുത്രരായി ലഭിച്ചു. മാദ്രിയ്ക്കു വേണ്ടി പാണ്ഡു വീണ്ടും കുന്തിയോടർത്ഥിച്ചെങ്കിലും രണ്ടു ദേവന്മാരെ ആവാഹിച്ചത് മോശമായ പ്രവൃത്തിയായി കണ്ട് കുന്തി വഴങ്ങിയില്ല[3]

കുന്തിയേക്കാൾ മുമ്പേ ഗർഭിണിയായ ഗാന്ധാരി രണ്ടുവർഷമായിട്ടും പ്രസവിച്ചില്ല. കുന്തിയ്ക്ക് പുത്രനുണ്ടായതു കേട്ട് ദുഃഖവും കോപവും സഹിയ്ക്കാനാവാതെ ഗാന്ധാരി തന്റെ വയറു പിളർന്നു. വ്യാസൻ ആ മാംസപിണ്ഡത്തെ നൂറ്റൊന്നായി മുറിച്ച് കുടങ്ങളിലടച്ചു. അങ്ങനെ ദുര്യോധനാദികളായ നൂറു പുത്രരും, ദുശ്ശളയെന്നൊരു മകളും ജനിച്ചു. ദുര്യോധനൻ ജനിച്ചപ്പോൾ കഴുതയുടെ ശബ്ദത്തിൽ കരഞ്ഞു. പല അപശബ്ദങ്ങളും, കൊടുങ്കാറ്റും ആ സമയത്തുണ്ടായി. ബ്രാഹ്മണരും വിദുരരും കുലനാശകനായ ദുര്യോധനനെ ഉപേക്ഷിയ്ക്കാൻ ഉപദേശിച്ചെങ്കിലും ധൃതരാഷ്ട്രരത് കേട്ടില്ല.

ഒരു വൈശ്യ സ്ത്രീയിൽ യുയുത്സു എന്നൊരു പുത്രനും ധൃതരാഷ്ട്രർക്ക് ജനിച്ചു[4].

### 4. പ്രമാണകോടി

പാണ്ഡുവിന്റേയും മാദ്രിയുടേയും മരണശേഷം കുന്തി പാണ്ഡവരേയും കൂട്ടി ഹസ്തിനപുരത്തേയ്ക്ക് തിരിച്ചെത്തി. ഭീമസേനൻ ബാലകേളികളെന്ന നിലയിൽ കൗരവരെ എപ്പോഴും ഉപദ്രവിച്ചു. ദ്രോഹബുദ്ധി കൊണ്ടായിരുന്നില്ല. പക്ഷേ ഇതു പൊറുക്കാൻ കഴിയാത്ത ദുര്യോധനാദികൾ ഭീമനെ

3. അതേ പുസ്തകം, അദ്ധ്യായം 118–124, പു.414–417,423–443.

4. അതേ പുസ്തകം, അദ്ധ്യായം 115,116, പു.418–422.

പ്രമാണകോടി എന്ന സ്ഥലത്തു ജലകേളിയ്ക്കെന്നമട്ടിൽ കൊണ്ടുപോയി കാളകൂടം കൊടുത്ത് നദിയിൽ തള്ളി. താഴ്ന്ന് താഴ്ന്ന് നാഗലോകത്തെത്തിയ ഭീമസേനന് നാഗങ്ങൾ ആയിരം ആനകളുടെ ശക്തി ലഭിയ്ക്കുന്ന രസം കൊടുത്തു. അങ്ങനെ എട്ടു കുടം രസം കുടിച്ച് നാഗങ്ങളുടെ ആതിഥ്യവും സ്വീകരിച്ച് വർദ്ധിതവീര്യനായ ഭീമസേനൻ എട്ടാം നാൾ തിരിച്ചെത്തി. വീണ്ടും ദുര്യോധനൻ വിഷം കൊടുത്തുവെങ്കിലും ഫലിച്ചില്ല[5].

## 5. ഏകലവ്യന്റെ കഥ

അർജ്ജുനന്റെ അസ്ത്രാഭ്യാസത്തിലുള്ള പ്രാവീണ്യവും ശുഷ്കാന്തിയും, പ്രയത്നശീലവും കണ്ട് പ്രീതനായ ദ്രോണാചാര്യർ അർജ്ജുനനെ അതുല്യനായ വില്ലാളിയാക്കാമെന്ന് പ്രതിജ്ഞ ചെയ്തു.

നിഷാദരാജാവായ ഹിരണ്യധനുസ്സിന്റെ മകൻ ഏകലവ്യൻ ദ്രോണരോട് ധനുർവിദ്യ അഭ്യസിപ്പിയ്ക്കണമെന്നർത്ഥിച്ചു. പക്ഷേ താഴ്ന്ന ജാതിയെന്ന പേരിൽ ദ്രോണരത് നിഷേധിച്ചു. ഏകലവ്യൻ കാട്ടിൽ ദ്രോണരുടെ രൂപം മണ്ണുകൊണ്ട് നിർമ്മിച്ച് ഗുരുവായി കരുതി സ്വയം അഭ്യസിച്ച് അസ്ത്രവൈദഗ്ദ്ധ്യം നേടി. ഒരിയ്ക്കൽ നായാട്ടിനായി കാട്ടിൽ പോയ പാണ്ഡവരുടെ കൂടെയുണ്ടായിരുന്ന ഒരു നായ ഏകലവ്യന്റെ അടുക്കലെത്തി. കുരച്ചുകൊണ്ടടുത്ത നായുടെ വായിൽ ഏകലവ്യൻ ഏഴമ്പുകളെയ്തു തറച്ചു. വിവരങ്ങളന്വേഷിച്ചറിഞ്ഞ അർജ്ജുനൻ ഗുരുവിനോട് തന്നോട് ചെയ്ത പ്രതിജ്ഞയോർമ്മിപ്പിച്ച് പരാതി പറഞ്ഞു.ഗുരു ഉടൻ തന്നെ അർജ്ജുനനുമൊത്ത് ഏകലവ്യന്റെ മുന്നിലെത്തി. താൻ ദ്രോണശിഷ്യനാണെന്ന് പറഞ്ഞ് വന്ദിച്ചു നിന്ന ഏകലവ്യനോട് ദ്രോണർ ഗുരുദക്ഷിണയാവശ്യപ്പെട്ടു – ഗുരുവിന് നൽകാൻ കഴിയാത്തതായി തനിയ്ക്കൊന്നുമില്ല എന്നു പറഞ്ഞ ഏകലവ്യനോട് വലംകൈയിന്റെ പെരുവിരലാണ് ദ്രോണരാവശ്യപ്പെട്ടത്.

5. അതേ പുസ്തകം, അദ്ധ്യായം 128,129, പു.450–457.

സന്തോഷത്തോടെതന്നെ ഏകലവ്യനതു നൽകി. പിന്നീടയാൾ മറ്റു വിരലുകളാൽ അമ്പെയ്ത്തു തുടർന്നെങ്കിലും മുമ്പുണ്ടായിരുന്ന വേഗം പ്രാപിയ്ക്കാനായില്ല[6].

ഏകലവ്യൻ യാദവരാജാവായ ദേവശ്രവസ്സിന്റെ മകൻ ശത്രുഘ്നനാണെന്നും കാട്ടിലുപേക്ഷിക്കപ്പെട്ട കുട്ടിയെ വേടരാജാവായ ഹിരണ്യധനുസ്സ് എടുത്തുവളർത്തിയതാണെന്നും പരാമർശമുണ്ട്[7].

## 6. അഭ്യാസക്കാഴ്ച

പാണ്ഡവ–കൗരവകുമാരന്മാർ ആയുധാഭ്യാസം പൂർത്തിയാക്കി വൈദഗ്ദ്ധ്യം നേടിയവിവരം ദ്രോണർ ധൃതരാഷ്ട്രരെ അറിയിച്ചു. സന്തുഷ്ടനായ ധൃതരാഷ്ട്രർ അഭ്യാസപ്രദർശനത്തിനനുമതി നൽകി.

ഭീമ–ദുര്യോധനന്മാരുടെ ഗദാഭ്യാസപ്രകടനം നടന്നു. പ്രകടനം ഘോരമാകുന്നതു കണ്ട് ദ്രോണർ അശ്വത്ഥാമാവിനെയയച്ച് ഇരുവരേയും പിന്തിരിപ്പിച്ചു. അർജ്ജുനൻ തന്റെ അസ്ത്രപ്രയോഗപ്രാവീണ്യം കൊണ്ട് സദസ്യരെ സ്തബ്ധരാക്കി. അപ്പോൾ ഈ വിദ്യകളെല്ലാം ഇതിലും മെച്ചമായി താൻ ചെയ്യുമെന്ന് വെല്ലുവിളിച്ചുകൊണ്ട് കർണ്ണൻ രംഗത്തെത്തി. കർണ്ണന്റെ പ്രകടനം കണ്ട് സന്തുഷ്ടനായ ദുര്യോധനൻ താനും ഹസ്തിനപുരവും കർണ്ണന് യഥേഷ്ടം ഉപയോഗ്യമാണെന്ന് വാക്കു കൊടുത്തു. തന്നെ അപമാനിച്ചെന്നുതോന്നിയ അർജ്ജുനൻ കർണ്ണനെ താൻ വധിയ്ക്കുമെന്നു പറഞ്ഞു. ഇരുവരും ദ്വന്ദ്വയുദ്ധത്തിനൊരുങ്ങി. കൃപാചാര്യർ കർണ്ണനോട് മാതാപിതാക്കളാരെന്നും കുലമേതെന്നും പറയാനാവശ്യപ്പെട്ടു. കർണ്ണൻ ലജ്ജിച്ചു നിൽക്കവേ ദുര്യോധനൻ കർണ്ണനെ അംഗരാജാവായി അഭിഷേചിച്ചു. പ്രത്യുപകാരമായെന്തുവേണമെന്ന് കർണ്ണൻ ചോദിച്ചപ്പോൾ സൗഹൃദമാണ് ദുര്യോധനനാവശ്യപ്പെട്ടത്. കർണ്ണനത് സമ്മതിയ്ക്കുകയും ചെയ്തു. അപ്പോഴാണ്

6. അതേ പുസ്തകം, അദ്ധ്യായം 132, പു.468–470.
7. അതേ പുസ്തകം, വാല്യം 7, 'ഹരിവംശപർവ്വം', അദ്ധ്യായം 34, പു.136.

അധിരഥൻ രംഗത്തെത്തിയത്. കർണ്ണൻ ആ പിതാവിനെ വന്ദിയ്ക്കുന്നത് കണ്ട ഭീമസേനൻ കുലത്തിനൊത്ത ചമ്മട്ടി കയ്യിലെടുക്കാൻ കർണ്ണനോട് വിളിച്ചു പറഞ്ഞു. വീരന്മാരുടെ ഉല്പത്തിയെക്കുറിച്ചന്വേഷിയ്ക്കേണ്ട കാര്യമില്ലെന്ന് ദുര്യോധനൻ പ്രതിവചിച്ചു. കർണ്ണനെ കണ്ടതോടെ അർജ്ജുനനെ കുറിച്ചോർത്തുള്ള ഭയം ദുര്യോധനനില്ലാതായി. കർണ്ണനു സമനായി മറ്റൊരു വില്ലാളിയില്ലെന്ന് യുധിഷ്ഠിരന് തോന്നി[8].

### 7. ദ്രുപദപരാജയം

സഹപാഠികളായിരുന്ന കാലത്ത് താൻ രാജാവാകുമ്പോൾ സഹായിയ്ക്കാമെന്ന് ദ്രുപദൻ ദ്രോണർക്ക് വാക്കുകൊടുത്തിരുന്നു. പക്ഷേ ദ്രുപദനാ വാക്കു പാലിച്ചില്ല. അദ്ദേഹത്തെ ബന്ധനസ്ഥനാക്കിക്കൊണ്ടു വരാൻ ദ്രോണർ ശിഷ്യരോടാവശ്യപ്പെട്ടു. കൗരവർ പരാജിതരായി. ഭീമസേനനും അർജ്ജുനനും കൂടി ദ്രുപദനെ തോല്പിച്ച് ദ്രോണരുടെ മുന്നിലെത്തിച്ചു. അങ്ങനെ ദ്രുപദന് അർദ്ധരാജ്യം ദ്രോണന് നൽകേണ്ടിവന്നു[9].

അപമാനിതനായ ദ്രുപദൻ യാജൻ എന്ന മഹർഷിയെ കൊണ്ട് യാഗം ചെയ്യിച്ചു. ധൃഷ്ടദ്യുമ്നനും കൃഷ്ണയും ആ യാഗാഗ്നിയിൽ നിന്നു ജനിച്ചു. പുത്രൻ ദ്രോണരെ വധിയ്ക്കുമെന്നും പുത്രി കൗരവർക്കു ഭീഷണിയാകുമെന്നും അശരീരിയുണ്ടായി[10].

### 8. കണികോപദേശം

ധൃതരാഷ്ട്രർ ധർമ്മപുത്രരെ യുവരാജാവായി അഭിഷേചിച്ചു. അർജ്ജുനൻ ദിഗ്വിജയം നടത്തി. പാണ്ഡവരുടെ ഉയർച്ചയും ശക്തിയും കണ്ട് ധൃതരാഷ്ട്രരുടെ ഉറക്കം കെട്ടു. അദ്ദേഹം കണികനെന്ന മന്ത്രിയെ വിളിച്ചു വരുത്തി ഉപദേശമാരാഞ്ഞു. ശത്രു ആരായാലും അവരെ ഏതു വിധേനയും

---

8. അതേ പുസ്തകം, സംഭവപർവ്വം, അദ്ധ്യായം 134–137, പു.473–481.
9. അതേ പുസ്തകം, അദ്ധ്യായം 138, പു.483–487.
10. അതേ പുസ്തകം, അദ്ധ്യായം 167, പു.548–551.

സംഹരിയ്ക്കണമെന്നായിരുന്നു കണികോപദേശം[11].

## 9. വാരണാവതം

ധർമ്മപുത്രരെ രാജാവായി വാഴിയ്ക്കണമെന്ന് ജനങ്ങൾ അഭിപ്രായപ്പെടുന്നതറിഞ്ഞ് ദുര്യോധനൻ ഉൽകണ്ഠാകുലനായി. ശകുനി, കർണ്ണൻ, ദുശ്ശാസനൻ എന്നിവരുമായാലോചിച്ച് ദുര്യോധനൻ ധൃതരാഷ്ട്രരുടെയടുക്കൽ ചെന്ന് പാണ്ഡവരെ തൽക്കാലം വാരണാവതത്തിലേയ്ക്ക് മാറ്റണമെന്നും തന്റെ രാജ്യാവകാശം ഉറച്ചുകഴിഞ്ഞാൽ തിരിയേ വിളിയ്ക്കാമെന്നും പറഞ്ഞു. പുത്രവാത്സല്യം നിമിത്തം ധൃതരാഷ്ട്രർ സമ്മതിച്ചു.

ധൃതരാഷ്ട്രരുടെ പ്രേരണയനുസരിച്ച് ചില മന്ത്രിമാർ വാരണാവതം കാണാൻ പാണ്ഡവർക്ക് താല്പര്യം തോന്നുംവിധം വർണ്ണിയ്ക്കുന്നു. പാണ്ഡവർക്കു താല്പര്യമുണ്ടെന്ന് അവർ തന്നെ പറഞ്ഞപ്പോൾ ധൃതരാഷ്ട്രർ അവർക്ക് വാരണാവതത്തിൽ പോയി കുറച്ചു ദിവസം സന്തോഷമായി കഴിഞ്ഞ് തിരിച്ചു വരാനനുവാദം നൽകി.

ദുര്യോധനൻ പുരോചനൻ എന്ന മന്ത്രിയെ വിളിച്ച് രഹസ്യമായി വാരണാവതത്തിൽ അരക്കില്ലം പണിത് പാണ്ഡവരെ വേണ്ടുന്നത്ര സുഖസൗകര്യങ്ങളോടെ താമസിപ്പിച്ച് ആർക്കും സംശയമുണ്ടാകാത്ത വിധത്തിൽ അഗ്നിയ്ക്കിരയാക്കാനാവശ്യപ്പെട്ടു.

യാത്രയ്ക്കൊരുങ്ങി നിൽക്കേ, ആപത്ത് മുമ്പേ അറിഞ്ഞിരുന്ന വിദുരർ വരാനിരിയ്ക്കുന്ന അപകടത്തെപ്പറ്റിയും രക്ഷാമാർഗ്ഗത്തെപ്പറ്റിയും വ്യംഗ്യഭാഷയിൽ യുധിഷ്ഠിരന് സൂചന നൽകി. തങ്ങൾക്ക് താമസിയ്ക്കാനേർപ്പെടുത്തിയിരുന്ന മന്ദിരം സൂക്ഷ്മമായി പരിശോധിച്ച യുധിഷ്ഠിരൻ തീവെച്ചു നശിപ്പിയ്ക്കാൻ എളുപ്പമായ രീതിയിലാണ് അതിന്റെ നിർമ്മാണമെന്ന്

---

11. അതേ പുസ്തകം, അദ്ധ്യായം 140, പു.489–495.

മനസ്സിലാക്കുന്നു. തിരിച്ചുപോയാൽ ദുര്യോധനൻ മറ്റ് വധമാർഗ്ഗങ്ങൾ സ്വീകരിയ്ക്കുമെന്നതിനാൽ അവർ ക്ഷമ പാലിച്ചു. വിദുരർ പറഞ്ഞ സമയത്ത്, അദ്ദേഹമയച്ച ഖനകൻ നിർമ്മിച്ച തുരങ്കത്തിലൂടെ കൊട്ടാരത്തിനു തീവെച്ച ശേഷം രക്ഷപ്പെട്ടു. ദാനമെന്ന വ്യാജേന കുന്തി ബ്രാഹ്മണഭോജനം നടത്തിയതിൽ സദ്യയിൽ പങ്കുകൊള്ളാൻ വന്നവരിൽ ഒരു നിഷാദസ്ത്രീയും അഞ്ചു മക്കളുമുണ്ടായിരുന്നു. ആ ആശയമുപദേശിച്ചത് യുധിഷ്ഠിരനായിരുന്നു. ഉദ്ദേശിച്ച പോലെതന്നെ നാട്ടുകാർ പുരോചനനും, കുന്തിയും, പാണ്ഡവരും അരക്കില്ലത്തിൽ ദഹിച്ചുപോയെന്ന് വിശ്വസിച്ചു[12].

## 10. ഹിഡിംബീവിവാഹം

കുന്തിയും പാണ്ഡവരും തളർന്നു കാട്ടിൽ വിശ്രമിയ്ക്കവേ മനുഷ്യഗന്ധമറിഞ്ഞ് ഹിഡിംബൻ എന്ന രാക്ഷസൻ തന്റെ സഹോദരിയായ ഹിഡിംബിയെ അവരെ കൊന്ന് കൊണ്ടുവരാൻ പറഞ്ഞയക്കുന്നു. ഹിഡിംബി ഭീമസേനനെ കണ്ട് കാമാതുരയായി തന്റെ അഭിലാഷവും താനാരെന്നതും പറയുന്നു. സമയം വൈകുന്നതു കണ്ട് ഹിഡിംബൻ തന്നെ രംഗത്തെത്തി. തുടർന്നുണ്ടായ യുദ്ധത്തിൽ ഭീമൻ ഹിഡിംബനെ വധിച്ചു.

ഭീമൻ ഹിഡിംബിയേയും കൊല്ലാനൊരുമ്പെട്ടു. സ്ത്രീവധമരുതെന്ന് പറഞ്ഞ് യുധിഷ്ഠിരൻ തടുത്തു. ഹിഡിംബി കുന്തിയോട് തനിയ്ക്ക് ഭീമനെ ഭർത്താവായി നൽകണമെന്നപേക്ഷിച്ചു. യുധിഷ്ഠിരാനുവാദത്തോടെ, പുത്രനുണ്ടാകുംവരെ അവളോടൊത്ത് രമിയ്ക്കാമെന്ന് ഭീമൻ സമ്മതിച്ചു. ഘടോൽക്കചൻ ജനിച്ചതോടെ ഹിഡിംബി വാക്കനുസരിച്ച് തിരിച്ച് പോയി. ജനിച്ചുവീണപ്പോൾത്തന്നെ ഭീമാകാരം പ്രാപിച്ച അതിമാനുഷനായ ഘടോൽക്കചനോട് കുന്തി പാണ്ഡവരഞ്ചുപേരുടേയും മൂത്തമകനായ അവൻ

12. അതേ പുസ്തകം, അദ്ധ്യായം 141–148, പു.496–510.

ആവശ്യമുള്ളപ്പോൾ സഹായത്തിനെത്തണമെന്ന് പറഞ്ഞു. ആ വാക്കു സ്വീകരിച്ച് ഘടോൽക്കചനും യാത്രയായി[13]

**11. ഏകചക്ര**

ഹിഡിംബവനത്തിൽ നിന്നും പുറപ്പെട്ട പാണ്ഡവർ ഏകചക്ര എന്ന ഗ്രാമത്തിലെത്തി ഒരു ബ്രാഹ്മണഗൃഹത്തിൽ ഭിക്ഷുക്കളെന്ന വ്യാജേന താമസിച്ചു. തങ്ങൾക്ക് അഭയം തന്ന ബ്രാഹ്മണകുടുംബം ബകന്റെ ഉപദ്രവം കാരണം ദുഃഖിയ്ക്കുന്നതുകണ്ട് കുന്തി ഭീമനോടവരെ സഹായിയ്ക്കാൻ ആവശ്യപ്പെട്ടു. രാക്ഷസനു ഭക്ഷണമാകേണ്ടതാരെന്നുള്ള തർക്കമൊണവിടെ നടക്കുന്നതെന്നറിഞ്ഞപ്പോൾ കുന്തി ആ ഉത്തരവാദിത്തം തന്റെ മകനേറ്റു കൊള്ളുമെന്നും അയാൾ ബകനെ കൊല്ലുമെന്നും പറഞ്ഞു. യുധിഷ്ഠിരനതു കേട്ട് ഭയക്കുകയും ദുഃഖിയ്ക്കുകയും ചെയ്തു. ഭീമന്റെ ബലത്തേയും കിട്ടാനിരിയ്ക്കുന്ന ബ്രാഹ്മണാനുഗ്രഹത്തേയും കുറിച്ച് പറഞ്ഞ് കുന്തി യുധിഷ്ഠിരനെ ആശ്വസിപ്പിച്ചു.

ബകനെന്ന രാക്ഷസനാണ് ആ നാട് പാലിച്ചിരുന്നത്. കപ്പമായി ദിവസവും ഇരുപതു പറ ചോറും, രണ്ടു പോത്തും കൊണ്ടു ചെല്ലണം, കൊണ്ടു ചെല്ലുന്ന ആളും തനിയ്ക്ക് ഭക്ഷണമാകും എന്ന് ബകൻ നിയമം വെച്ചിട്ടുണ്ട്. രാജാവായ വേത്രകീയൻ ഇതിനെതിരെ ഒന്നും ചെയ്യില്ല. ഭീമൻ ബകനെ കൊന്നു. ഊഴക്കാരനായ ബ്രാഹ്മണനോട് നാട്ടുകാർ വിവരമന്വേഷിച്ചപ്പോൾ അയാൾ പാണ്ഡവരെ രക്ഷിയ്ക്കാൻവേണ്ടി മന്ത്രസിദ്ധിയുള്ള ഒരു ബ്രാഹ്മണൻ തന്നെ രക്ഷിയ്ക്കാനായി ബകനെ വധിച്ചതാണെന്നു പറഞ്ഞു[14].

**12. ദ്രൗപദീ സ്വയംവരം**

ഏകചക്രയിലെ ബ്രാഹ്മണഗൃഹത്തിൽ അതിഥിയായെത്തിയ ഒരു ബ്രാഹ്മണൻ പാഞ്ചാലരാജ്യത്തെ സ്വയംവരത്തെപ്പറ്റി പറഞ്ഞു.പാണ്ഡവർ

---

13. അതേ പുസ്തകം, അദ്ധ്യായം 152–155, പു.517–528.
14. അതേ പുസ്തകം, അദ്ധ്യായം 157–164, പു.530–544.

ചോദിച്ചപ്പോൾ അയാൾ ദ്രോണ–ദ്രുപദന്മാരുടെ കഥയും, അവരുടെ ശത്രുതയും, ദ്രൗപദിയുടേയും ധൃഷ്ടദ്യുമ്നന്റേയും ഉത്ഭവവുമൊക്കെ വിസ്തരിച്ചു പറഞ്ഞു. ഇതു കേട്ട് മക്കൾ അസ്വസ്ഥരായതുകണ്ട് കുന്തി അവിടെ വിട്ട് മറ്റൊരിടത്തേയ്ക്ക് താമസം മാറ്റാമെന്ന് നിശ്ചയിച്ചു. പാഞ്ചാല രാജ്യത്തേയ്ക്കു പുറപ്പെട്ട അവരുടെ മുന്നിൽ വ്യാസമുനി പ്രത്യക്ഷപ്പെട്ടു. ഒരു മുനികന്യക പരമേശ്വരനെ തപസ്സു ചെയ്ത് പ്രീതിപ്പെടുത്തി തനിയ്ക്ക് ഗുണവാനായ ഭർത്താവിനെ വേണമെന്നു പ്രാർത്ഥിച്ചു. അഞ്ചു പ്രാവശ്യം ഭർത്താവിനെ വേണമെന്ന് പറഞ്ഞതിനാൽ അടുത്ത ജന്മം അഞ്ചുഭർത്താക്കന്മാരെ ലഭിയ്ക്കുമെന്ന് ഈശ്വരൻ അനുഗ്രഹിച്ചു ആ മുനികന്യകയുടെ പുനർജന്മമാണ് ദ്രൗപദി, അവളെ പാണ്ഡവർ വരിയ്ക്കണമെന്ന് വ്യാസമുനി ഉപദേശിച്ചു[15].

ദ്രൗപദീ സ്വയംവരത്തിനു നിർദ്ദേശിച്ച മത്സരം കുലയ്ക്കാൻ ദുഷ്കരമായ ഒരു വില്ലുപയോഗിച്ച് അഞ്ച് അസ്ത്രങ്ങൾ ആകാശത്തേയ്ക്കുയർന്നു നിൽക്കുന്ന ഒരു യന്ത്രത്തിന്റെ പഴുതിലൂടെ അയച്ച് അതിനുള്ളിൽ ഘടിപ്പിച്ചിരിയ്ക്കുന്ന ലാക്കിൽ തറയ്ക്കണമെന്നായിരുന്നു. പല വീരന്മാരായ രാജാക്കന്മാരും ശ്രമിച്ച് പരാജയപ്പെട്ടു. കർണ്ണൻ വില്ലുകുലച്ച് അസ്ത്രം തൊടുത്തുവെങ്കിലും താൻ സൂതനെ വരിയ്ക്കില്ല എന്നു ദ്രൗപദി പറഞ്ഞപ്പോൾ അമർഷത്തോടെ പിൻവാങ്ങി. അർജ്ജുനൻ മത്സരത്തിൽ ജയിച്ച് ദ്രൗപദിയെ വരിച്ചു.

ബ്രാഹ്മണവേഷത്തിലായിരുന്നു പാണ്ഡവർ. നിയമം ലംഘിച്ച് ബ്രാഹ്മണൻ മത്സരത്തിൽ പങ്കെടുത്തതിനും ദ്രൗപദിയെ വരിച്ചതിനും ക്ഷത്രിയർ പ്രതിഷേധിച്ചു. അവർ യുദ്ധത്തിനൊരുങ്ങുന്നതുകണ്ട് പേടിച്ച് ദ്രുപദൻ ബ്രാഹ്മണരെ ശരണം പ്രാപിച്ചു. ഭീമൻ ഒരു വൻമരം പുഴക്കിയെടുത്ത്

15. അതേ പുസ്തകം, അദ്ധ്യായം 165–169, പു.545–553.

അർജ്ജുനന്റെ അടുത്തുതന്നെ നിന്നു. അർജ്ജുനൻ വില്ലെടുത്ത് യുദ്ധത്തിനൊരുങ്ങി. ബ്രാഹ്മണരുടെ ശക്തി കണ്ട് അത്ഭുതപ്പെട്ട ക്ഷത്രിയർ അവരാരാണെന്നന്വേഷിയ്ക്കാൻ തുടങ്ങി. അത് പാണ്ഡവരാണെന്നൂഹിച്ച കൃഷ്ണൻ ധർമ്മാനുസാരം തന്നെയാണ് അവർ വധുവിനെ നേടിയതെന്ന് പറഞ്ഞ് ക്ഷത്രിയരെ തടുത്തു. ക്ഷത്രിയർ പിൻവാങ്ങി അത്ഭുതത്തോടെ തിരിച്ചുപോയി.

തങ്ങളുടെ വാസസ്ഥലമായ കുശവക്കുടിലിന്റെ വാതിൽക്കലെത്തിയപ്പോൾ ഭീമാർജ്ജുനന്മാർ ഇന്നു കിട്ടിയ ഭിക്ഷ ഇതാ എന്ന് അമ്മയോട് കളിയായി വിളിച്ചു പറഞ്ഞു. കാര്യമറിയാതെ കുന്തി എല്ലാവരും ചേർന്ന് ഭുജിച്ചുകൊള്ളൂ എന്നു പതിവുപോലെ പറഞ്ഞു. തന്റെ വാക്കു തെറ്റാതിരിയ്ക്കാൻ എന്തു ചെയ്യണമെന്ന് കുന്തി ചോദിച്ചപ്പോൾ യുധിഷ്ഠിരൻ അർജ്ജുനനോട് മത്സരം ജയിച്ച് നേടിയെടുത്ത വധുവിനെ അഗ്നിസാക്ഷിയായി വിവാഹം ചെയ്യാൻ നിർദ്ദേശിച്ചു. അർജ്ജുനന്റെ അഭിപ്രായം അഞ്ചുപേരും ചേർന്ന് ദ്രൗപദിയെ വരിയ്ക്കണമെന്നായിരുന്നു[16].

ധൃഷ്ടദ്യുമ്നൻ കുശവക്കുടിലിന്നടുക്കൽ ചെന്ന് രഹസ്യമായി അവരെ നിരീക്ഷിച്ച ശേഷം ദ്രുപദനോട് കാര്യങ്ങളെല്ലാം പറഞ്ഞു. അത് പാണ്ഡവരാണെന്ന തന്റെ ഊഹവും പറഞ്ഞു. സത്യസ്ഥിതി അറിയാൻ ദ്രുപദൻ പുരോഹിതനെ അയച്ചു. ബഹുമാനത്തോടെ സൽക്കരിച്ചുവെങ്കിലും പാണ്ഡവർ നിജസ്ഥിതി വെളിപ്പെടുത്തിയില്ല. ദ്രുപദൻ അവരെ കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തി സൽക്കരിച്ചു. ബ്രാഹ്മണർക്കും ക്ഷത്രിയർക്കും യോജിച്ച പലവസ്തുക്കളും അവിടെ ഒരുക്കിയിരുന്നു. യുദ്ധസാമഗ്രികൾ കാണാനുള്ള അവരുടെ താല്പര്യം കണ്ടപ്പോൾ അവർ ക്ഷത്രിയർ തന്നെയെന്ന് ദ്രുപദനുറപ്പിച്ചു. വീണ്ടും ചോദിച്ചപ്പോൾ യുധിഷ്ഠിരൻ സത്യം പറഞ്ഞു.

16. അതേ പുസ്തകം, അദ്ധ്യായം 185-191, പു.588-605.

ബഹുഭർത്തൃത്വത്തിന്റെ കാര്യം ദ്രുപദന് സമ്മതിയ്ക്കാൻ കഴിഞ്ഞില്ല. ആ സമയം വ്യാസമുനി അവിടെയെത്തി. അദ്ദേഹം അഭിപ്രായം ചോദിച്ചപ്പോൾ ദ്രുപദനം ധൃഷ്ടദ്യുമ്നനുമൊഴികെ എല്ലാവരും സമ്മതിച്ചു. യുധിഷ്ഠിരൻ ജടിലയും വാർക്ഷിയും ബഹുഭർത്തൃത്വം സ്വീകരിച്ച കഥ പറഞ്ഞു. ദ്രുപദന് മാത്രമായി വ്യാസമുനി ദ്രൗപദിയുടേയും പാണ്ഡവരുടേയും പൂർവ്വജന്മകഥ പറഞ്ഞുകൊടുത്തു. ദ്രുപദൻ പാണ്ഡവരും പാഞ്ചാലിയുമായുള്ള വിവാഹം നടത്തി. കൃഷ്ണൻ ഇവർക്കു വിലപിടിച്ച നിരവധി സമ്മാനങ്ങൾ നൽകി[17].

## 13. ഇന്ദ്രപ്രസ്ഥം

പാണ്ഡവർ മരിച്ചിട്ടില്ലെന്നും അർജ്ജുനനാണ് മത്സരത്തിൽ വിജയിച്ചതെന്നും അറിഞ്ഞ ദുര്യോധനൻ കർണ്ണൻ, ദുശ്ശാസനൻ, ശകുനി എന്നിവരോടാലോചിച്ച് പാഞ്ചാലത്തേയ്ക്ക് പടനയിച്ചു. യുദ്ധത്തിൽ പരാജയപ്പെട്ടു.

കൗരവപരാജയവും പാണ്ഡവരുടേ നേട്ടവും വിദുരരെ സന്തോഷിപ്പിച്ചു. അദ്ദേഹം വിവരം ധൃതരാഷ്ട്രരെ അറിയിച്ചു. ദുര്യോധനനും കർണ്ണനും ധൃതരാഷ്ട്രരുടെ അരികിലെത്തി. പാണ്ഡവരെ ഉപദ്രവിയ്ക്കാനുള്ള പല മാർഗ്ഗങ്ങളും ദുര്യോധനൻ പറഞ്ഞു. നേരിട്ടുള്ള യുദ്ധത്തിൽത്തന്നെ കീഴടക്കണമെന്നായിരുന്നു കർണ്ണന്റെ പക്ഷം. ഇതൊന്നും ശരിയായ മാർഗ്ഗമല്ലെന്നും പാണ്ഡവർക്കവകാശപ്പെട്ട രാജ്യം കൊടുത്ത് അവരുമായി രമ്യതയിൽ കഴിയണമെന്നും ഭീഷ്മർ പറഞ്ഞു. ദ്രോണരുടേയും വിദുരരുടേയും പക്ഷം അതുതന്നെയായിരുന്നു. ധൃതരാഷ്ട്രർ ആ ഉപദേശം സ്വീകരിച്ചു. സന്ദേശവുമായി വിദുരരെ പാഞ്ചാലത്തേയ്ക്കയച്ചു.

ദ്രുപദന്റെ അനുവാദത്തോടെ പാണ്ഡവരും കുന്തിയും ദ്രൗപദിയും കൃഷ്ണനും ഹസ്തിനപുരത്തേയ്ക്ക് പോയി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ധൃതരാഷ്ട്രർ അവരെ വിളിച്ച് ഖാണ്ഡവപ്രസ്ഥത്തേയ്ക്ക് താമസം മാററി

17. അതേ പുസ്തകം, അദ്ധ്യായം 193–201, പു.608–630.

അർദ്ധരാജ്യം പരിപാലിയ്ക്കാൻ നിർദ്ദേശിച്ചു. പാണ്ഡവർ അതനുസരിച്ച് ഖാണ്ഡവപ്രസ്ഥത്തേയ്ക്ക് പോയി. ആ കൊടുംകാടിനെ പരിഷ്ക്കരിച്ച് പട്ടണമാക്കി മാറ്റി. കൊട്ടാരം പണിതു. ഇന്ദ്രലോകത്തിനു തുല്യമായപ്പോൾ അത് ഇന്ദ്രപ്രസ്ഥമായി[18].

നാരദൻ ഒരു ദിവസം ഇന്ദ്രപ്രസ്ഥത്തിൽ വന്നു. സഹോദരന്മാർ തമ്മിൽ കലഹമില്ലാതിരിയ്ക്കാൻ ദ്രൗപദി ഓരോ വർഷവും ഓരോ പാണ്ഡവനോടൊത്ത് കഴിയുക എന്നൊരു വ്യവസ്ഥയുണ്ടാക്കാൻ അദ്ദേഹം പറഞ്ഞു. ഈ സമയത്ത് മറ്റൊരു  പാണ്ഡവൻ പാഞ്ചാലിയെ കാണുകയാണെങ്കിൽ ഒരു വർഷം വനവാസമനുഷ്ഠിയ്ക്കണമെന്നും നിയമം വെച്ചു. ഒരിയ്ക്കൽ ഒരു അർദ്ധരാത്രിയിൽ പശുക്കൾ മോഷ്ടിക്കപ്പെട്ടുവെന്ന പരാതിയുമായി വന്ന ബ്രാഹ്മണനെ സഹായിയ്ക്കാനൊരുങ്ങിയ അർജ്ജുനന് ഈ നിയമം ലംഘിയ്ക്കേണ്ടിവന്നു. വനവാസത്തിനൊരുങ്ങിയ അർജ്ജുനനെ യുധിഷ്ഠിരൻ തടുത്തുവെങ്കിലും സത്യവിരുദ്ധമായി പ്രവർത്തിയ്ക്കാൻ അർജ്ജുനൻ തയ്യാറായില്ല[19].

ഗംഗാതീരത്തുവെച്ചു കാണാനിടയായ ഉലൂപി എന്ന നാഗകന്യകയെ അർജ്ജുനൻ  വിവാഹം ചെയ്തു. ഇരാവാൻ എന്നൊരു പുത്രൻ ജനിച്ചു[20]. യാത്രാമദ്ധ്യേ മണലൂരപുരത്തെത്തി അവിടത്തെ രാജാവായ ചിത്രാംഗദന്റെ മകൾ ചിത്രാംഗദയെ കണ്ടു മോഹിച്ച് വിവാഹാഭ്യാർത്ഥന നടത്തി. രാജാവിന്റെ സമ്മതത്തോടെ വിവാഹം നടത്തി. ചിത്രാംഗദയിൽ ജനിച്ച മകനാണ് ബഭ്രുവാഹനൻ[21]. പ്രഭാസതീർത്ഥത്തിൽ വെച്ച് സുഭദ്രയുടെ സൗന്ദര്യവർണ്ണന കേട്ടപ്പോൾ അവളെ സ്വന്തമാക്കണമെന്ന മോഹത്തോടെ സന്ന്യാസിവേഷം

18. അതേ പുസ്തകം, അദ്ധ്യായം 202–211, പു.631–652.
19. അതേ പുസ്തകം, അദ്ധ്യായം 216–217, പു.663–666.
20. അതേ പുസ്തകം, അദ്ധ്യായം 218, പു.667,668.
21. അതേ പുസ്തകം,  അദ്ധ്യായം 219, പു.669,670,673.

സ്വീകരിച്ചു. സുഭദ്രയുടെ സഹോദരൻ കൃഷ്ണന്റെ അനുമതി ലഭിച്ചതോടെ ഇന്ദ്രപ്രസ്ഥത്തിലേയ്ക്ക് ദൂതരെ അയച്ച് ധർമ്മപുത്രാദികളുടെ അനുമതിയും നേടി. സന്ന്യാസിയെന്ന് ധരിച്ച് ബലരാമൻ അർജ്ജുനനെ കൊട്ടാരത്തിലേയ്ക്ക് ക്ഷണിച്ചു. അനുകൂലമായ സന്ദർഭത്തിൽ അർജ്ജുനൻ സുഭദ്രയുമായി സംസാരിച്ച് ഇന്ദ്രനെ സ്മരിച്ചു വരുത്തി. ഇന്ദ്രന്റേയും ഇന്ദ്രാണിയുടെയും ദേവർഷിമാരുടേയും സാന്നിദ്ധ്യത്തിൽ സുഭദ്രയെ വിവാഹം ചെയ്തു. എല്ലാമറിഞ്ഞ് രോഷാകുലരായ ബലരാമനേയും യാദവരേയും കൃഷ്ണൻ സമാധാനിപ്പിച്ചു. തീർത്ഥയാത്രയുടെ കാലം കഴിഞ്ഞതിനാൽ സുഭദ്രാർജ്ജുനന്മാർ ഇന്ദ്രപ്രസ്ഥത്തിലെത്തി[22].

## 14. രാജസൂയം

ഖാണ്ഡവവനം ദഹിപ്പിയ്ക്കാൻ അഗ്നിയെ കൃഷ്ണാർജ്ജുനന്മാർ സഹായിച്ചു. കാട്ടിൽ നിന്നും രക്ഷപ്പെട്ടോടുകയായിരുന്ന അസുരശില്പിയായ മയനെ കൃഷ്ണൻ കൊല്ലാനൊരുങ്ങി. മയൻ അർജ്ജുനനെ അഭയം പ്രാപിച്ചു. അപ്പോൾ കൃഷ്ണൻ ശാന്തനായി[23]. പ്രത്യുപകാരമായി മയൻ പാണ്ഡവർക്ക് ഒരു സഭ നിർമ്മിച്ചു കൊടുത്തു[24].

ഒരു ദിവസം നാരദൻ താൻ ഇന്ദ്രസഭയിൽ വെച്ച് പാണ്ഡുവിനെ കണ്ടെന്നും പാണ്ഡു യുധിഷ്ഠിരനോട് രാജസൂയം നടത്താൻ പറഞ്ഞേല്പിച്ചിട്ടുണ്ടെന്നും പറഞ്ഞു. രാജസൂയം തുടങ്ങും മുമ്പേ എല്ലാ രാജാക്കന്മാരേയും കീഴടക്കി കപ്പം വാങ്ങണമെന്നും ജരാസന്ധനാണ് വലിയ ഭീഷണിയെന്നും കൃഷ്ണൻ പറഞ്ഞു. ഭീമൻ ദ്വന്ദ്വയുദ്ധത്തിൽ ജരാസന്ധനെ വധിച്ചു. പാണ്ഡവർ യുധിഷ്ഠിരനൊഴികെ ഓരോരുത്തരും ഓരോ ദിക്കിലേയ്ക്ക് ദിഗ്ജയയാത്ര നടത്തി വിജയിച്ച് തിരിച്ചെത്തി.

22. അതേ പുസ്തകം, അദ്ധ്യായം 222–229, പു.674–698.
23. അതേ പുസ്തകം, അദ്ധ്യായം 240, പു.726.
24. അതേ പുസ്തകം, സഭാപർവ്വം, അദ്ധ്യായം 1, പു.742.

രാജസൂയത്തിന് ഭീഷ്മരുടെ ഉപദേശപ്രകാരം ധർമ്മപുത്രർ കൃഷ്ണനെ അഗ്ര്യപൂജയ്ക്ക് തെരഞ്ഞെടുത്തു. ശിശുപാലൻ അതെതിർത്തു. എതിർപ്പുള്ളവർക്ക് ഇഷ്ടാനുസാരം പ്രവർത്തിയ്ക്കാമെന്ന് ഭീഷ്മർ പറഞ്ഞു. വെല്ലുവിളിയുയർത്തിക്കൊണ്ടു തന്നെ സഹദേവൻ അഗ്ര്യപൂജ നടത്തി. ശിശുപാലൻ മറ്റു രാജാക്കന്മാരെ പ്രേരിപ്പിച്ച് പോരിനൊരുക്കി, ഭീഷ്മരെ അധിക്ഷേപിച്ചു. തയ്യാറുള്ളവർ കൃഷ്ണനോടെതിർക്കട്ടെ എന്ന് ഭീഷ്മർ വെല്ലു വിളിച്ചു. ശിശുപാലൻ അതിനും തയ്യാറായി. കൃഷ്ണൻ ശിശുപാലന്റെ ദുഷ്പ്ര വൃത്തികൾ വിളിച്ചു പറഞ്ഞു. ശിശുപാലന്റെ അമ്മ മകന്റെ നൂറുകുറ്റം പൊറു ക്കാൻ തന്നോടപേക്ഷിച്ചതിനാലാണ് താനിത്രയും ക്ഷമിച്ചതെന്നും ഇപ്പോൾ ആ പരിധി കടന്നതുകൊണ്ട് വധിയ്ക്കുക തന്നെയെന്നും പറഞ്ഞ് കൃഷ്ണൻ തന്റെ ചക്രം കൊണ്ട് ശിശുപാലന്റെ ശിരസ്സറുത്തു[25].

രാജസൂയത്തിന്റെ സമാപനത്തോടെ അതിഥികളെല്ലാവരും പിരിഞ്ഞു. ശകുനിയും ദുര്യോധനനും ഇന്ദ്രപ്രസ്ഥത്തിൽതന്നെ നിന്നു. ദുര്യോധനൻ പാണ്ഡവസഭ നടന്നുകണ്ടു. അത്ഭുതകരമായ നിർമ്മാണ രീതിയായതു കൊണ്ട് സ്ഫടികനിർമ്മിതമായ വാതിൽ നിമിത്തവും, സ്ഥലജലവിഭ്രാന്തി നിമിത്തവും പല അബദ്ധങ്ങളും പറ്റി. ഭീമാദി പാണ്ഡവരും ഭൃത്യരും അതു കണ്ട് ചിരിച്ചു. അസ്വസ്ഥമായ മനസ്സോടെയാണ് ദുര്യോധനൻ ഹസ്തിന പുരത്തേയ്ക്ക് തിരിച്ചത്.

പാണ്ഡവരുടെ ശ്രേയസ്സുകണ്ട് അസൂയാലുവായ ദുര്യോധനൻ ശകുനിയോട് സങ്കടം പറഞ്ഞു. യുധിഷ്ഠിരനെ ചൂതിനു വിളിച്ചാൽ ശിഷ്ടകാര്യങ്ങളെല്ലാം താൻ സാധിച്ചുതരാമെന്ന് ശകുനി ഏറ്റു. ദുര്യോധ നൻ തന്റെ പരാതികളും, ശകുനി ചൂതുകളിയുടെ കാര്യവും ധൃതരാഷ്ട്ര

25. അതേ പുസ്തകം, അദ്ധ്യായം 12–15, 24,25–32,37–45, പു.774–784,804,808–822,832–849.

രോട് പറഞ്ഞു. വിദുരരോടാലോചിച്ചാൽ അദ്ദേഹം അച്ഛനെ പിന്തിരിപ്പിയ്ക്കുമെന്നും എന്നാൽ താൻ മരിയ്ക്കുമെന്നും ദുര്യോധനൻ ഭീഷണി പ്രയോഗിച്ചപ്പോൾ പുത്രസ്നേഹം കൊണ്ട് ധൃതരാഷ്ട്രർ സമ്മതിച്ചു.

ചൂതുകളി അപകടമാണെന്ന് ധൃതരാഷ്ട്രർ പറഞ്ഞു നോക്കിയെങ്കിലും ഇന്ദ്രപ്രസ്ഥത്തിൽ വെച്ച് തനിയ്ക്കുണ്ടായ അപമാനവും, പാണ്ഡവരും കൃഷ്ണനും പാഞ്ചാലിയും തന്നെ പരിഹസിച്ചതും, പാണ്ഡവർക്ക് ലഭിച്ച വലുതായ ഐശ്വര്യവും  വിസ്തരിച്ച് ദുര്യോധനൻ ചൂതിന് നിർബന്ധം പിടിച്ചു. മറ്റൊരു യാഗം നടത്താമെന്നും, അപ്പോൾ ഉപഹാരമായി വളരെ ധനം ലഭിയ്ക്കുമെന്നും, അസൂയ വെച്ചു പുലർത്തരുതെന്നും ധൃതരാഷ്ട്രരുപദേശിച്ചപ്പോൾ അച്ഛൻ അന്യരുടെ വാക്കിന് വില കൊടുക്കുകയാണെങ്കിൽ താൻ ജീവിച്ചിരുന്നിട്ട് കാര്യമില്ലെന്നായി ദുര്യോധനൻ. അവസാനം നിവൃത്തിയില്ലാതെ ഭൃത്യർക്ക് ചൂതുകളിയ്ക്കുവേണ്ട ഒരുക്കങ്ങൾ നടത്താനും, വിദുരർക്ക് യുധിഷ്ഠിരനെ ക്ഷണിയ്ക്കാനുമുള്ള ചുമതല ധൃതരാഷ്ട്രർ ഏല്പിച്ചു.

വിദുരർ യുധിഷ്ഠിരനെ സന്ദേശമറിയിച്ചു. ചൂതുകളിയൊഴിവാക്കണമെന്നുപദേശിയ്ക്കുകയും ചെയ്തു. താനായിട്ട് ചൂതുകളിയ്ക്കൊരുങ്ങില്ലെന്നും ക്ഷണിച്ചാൽ നിരസിയ്ക്കില്ലെന്നുമായിരുന്നു യുധിഷ്ഠിരന്റെ മറുപടി[26].

## 15. ദ്യൂതം

യുധിഷ്ഠിരനും ശകുനിയും ചൂതുകളിയെക്കുറിച്ച് ചർച്ച ചെയ്തു. ധർമ്മപുത്രരതിന്റെ ദോഷങ്ങൾ ചൂണ്ടിക്കാണിയ്ക്കുകയും ശകുനി ഖണ്ഡിയ്ക്കുകയും ചെയ്തു. പേടിയുണ്ടെങ്കിൽ പിന്മാറാം എന്ന് ശകുനി പറഞ്ഞപ്പോൾ യുധിഷ്ഠിരൻ താൻ തന്റെ വാക്കു പിൻവലിയ്ക്കില്ലെന്നു പറഞ്ഞു

26. അതേ പുസ്തകം, അദ്ധ്യായം 47–58, പു.854–879.

കൊണ്ട് കളിയ്ക്കൊരുങ്ങി. ഒരാൾക്ക് വേണ്ടി മറ്റൊരാൾ  കളിയ്ക്കുന്നതു ശരിയല്ലെന്നു പറഞ്ഞുകൊണ്ടുതന്നെയാണ് യുധിഷ്ഠിരൻ ചൂതിന് സമ്മതിച്ചത്. അദ്ദേഹം  പണയം വെച്ച വിലമതിയ്ക്കാനാകാത്ത സമ്പത്തു മുഴുവൻ ശകുനി കള്ളച്ചൂതിലൂടെ കൈക്കലാക്കി. സഹോദരന്മാരോരുത്തരെയായി പണയം വെച്ച് അതിലും തോറ്റപ്പോൾ  യുധിഷ്ഠിരൻ സ്വയം പണയപ്പണ്ടമായി. വീണ്ടും തോറ്റപ്പോൾ ശകുനി പാഞ്ചാലിയുള്ളപ്പോൾ സ്വയം പണയപ്പണ്ടമായതു ശരിയായില്ല, പാഞ്ചാലിയെ  പണയം വെയ്ക്കണമെന്ന് പറഞ്ഞു. ധൃതരാഷ്ട്രരതു കണ്ട് സന്തോഷിച്ചു.  ആ കളിയും യുധിഷ്ഠിരൻ തോറ്റപ്പോൾ പാഞ്ചാലിയെ സഭയിലേയ്ക്ക് കൊണ്ടുവരാൻ ദുര്യോധനൻ വിദുരരോടാജ്ഞാപിച്ചു. വിദുരർ പറഞ്ഞ വാക്കുകളും, ഉപദേശിച്ച നീതിയുമൊന്നും ദുര്യോധനൻ ചെവിക്കൊണ്ടില്ല.

ദുര്യോധനൻ പാഞ്ചാലിയെ സഭയിലേക്ക് കൊണ്ടുവരാൻ പ്രാതികാമിയോട് പറഞ്ഞു. ആദ്യം തോറ്റത് താനോ യുധിഷ്ഠിരനോ എന്നൊരു ചോദ്യത്തിനുത്തരമറിഞ്ഞു വരാൻ പാഞ്ചാലി പ്രാതികാമിയെ അയച്ചു. ആ ചോദ്യത്തിന് മറുപടി പറയാൻ ആർക്കും കഴിഞ്ഞില്ല. പാഞ്ചാലി വരാഞ്ഞതും പ്രാതികാമിയുടെ ഭയവും കണ്ട് ദുര്യോധനൻ ദുശ്ശാസനനെ നിയോഗിച്ചു. ദുശ്ശാസനൻ മുടി പിടിച്ചിഴച്ച് സഭയിലെത്തിച്ചപ്പോൾ ദ്രൗപദി തന്റെ ചോദ്യം ആവർത്തിച്ചു. ആർക്കും ഉത്തരം പറയാൻ കഴിഞ്ഞില്ല. ഭീമൻ കോപമടക്കാനാകാതെ  യുധിഷ്ഠിരന്റെ കൈ പൊള്ളിയ്ക്കാൻ തീ കൊണ്ടു വരാൻ സഹദേവനോട് പറഞ്ഞു.  ശത്രുക്കളെ സന്തോഷിപ്പിയ്ക്കുന്ന വാക്കുകൾ പറയരുതെന്നോർമ്മിപ്പിച്ച് അർജ്ജുനൻ ഭീമനെ അടക്കി നിർത്തി.

പാഞ്ചാലിയുടേയും  പാണ്ഡവരുടേയും കഷ്ടസ്ഥിതികണ്ട് ദുര്യോധനാനുജനായ വികർണ്ണൻ പാഞ്ചാലിയ്ക്കുത്തരം കൊടുക്കാത്ത സഭയോട് പാഞ്ചാലി അടിമയല്ല എന്ന തന്റെ അഭിപ്രായം പറഞ്ഞു. ഈ ഇടപെടൽ

ഇഷ്ടപ്പെടാതെ കർണ്ണൻ  പാഞ്ചാലിയെപ്പറ്റി വളരെ നിന്ദ്യമായി സംസാരിയ്ക്കുകയും, പാണ്ഡവരുടേയും പാഞ്ചാലിയുടേയും വസ്ത്രങ്ങളഴിച്ചു വാങ്ങാൻ ദുശ്ശാസനനോട് പറയുകയും ചെയ്തു. ദുശ്ശാസനൻ പാഞ്ചാലിയെ വസ്ത്രാക്ഷേപം ചെയ്യാനൊരുങ്ങിയപ്പോൾ പാഞ്ചാലി കൃഷ്ണനെ വിളിച്ചു കരഞ്ഞു. കൃഷ്ണൻ മറഞ്ഞുനിന്ന് അനേകം വസ്ത്രങ്ങൾ നിരന്തരമായി നൽകി അവളെ രക്ഷിച്ചു.

ദുശ്ശാസനന്റെ മാറുപിളർന്ന് ചോര കുടിയ്ക്കുമെന്ന് ഭീമൻ ശപഥം ചെയ്തു. ദുര്യോധനൻ ഭീമാദികൾ യുധിഷ്ഠിരനെ തള്ളിപ്പറഞ്ഞാൽ ദ്രൗപദിയെ മോചിപ്പിയ്ക്കാമെന്നേറ്റു. ഭീമൻ തങ്ങളതിനു തയ്യാറല്ലെന്നും യുധിഷ്ഠിരൻ സമ്മതിച്ചാൽ ദുര്യോധനാദികളെ ഇപ്പോൾത്തന്നെ താൻ വധിയ്ക്കുമെന്നും പറഞ്ഞു. പാഞ്ചാലിയുടെ അവസ്ഥ കണ്ട് അയാൾ ഇതെല്ലാം വരുത്തിവെച്ചതിന് യുധിഷ്ഠിരനോട് പരാതിപ്പെട്ടു.  ദുര്യോധനൻ വസ്ത്രം നീക്കി തന്റെ ഇടതുതുട കാണിച്ച് പാഞ്ചാലിയുടെ നേരെ നോക്കി. താൻ ആ തുട തച്ചുടയ്ക്കുമെന്ന് ഭീമൻ ശപഥം ചെയ്തു.

ദുഃശകുനങ്ങൾ പലതും കണ്ട് ഭയന്ന് ഗാന്ധാരിയും, ഭീഷ്മരും, ദ്രോണരും, വിദുരരും ധൃതരാഷ്ട്രരോടത് ഉണർത്തിച്ചപ്പോൾ അദ്ദേഹം ദുര്യോധനനെ ശകാരിച്ചുകൊണ്ട് പാഞ്ചാലിയോട് തന്നിൽ നിന്നും വരം സ്വീകരിയ്ക്കാൻ ആവശ്യപ്പെട്ടു. ആദ്യവരം യുധിഷ്ഠിരനെ സ്വതന്ത്രനാക്കണം എന്നതായിരുന്നു, രണ്ടാമത്തെ വരം മറ്റു നാലു പാണ്ഡവരെ മുക്തരാക്കണമെന്നും. പെണ്ണിന്റെ സഹായംകൊണ്ട് രക്ഷപ്പെട്ടുവെന്ന് പാണ്ഡവരെ കർണ്ണനധിക്ഷേപിച്ചു. ഭീമൻ കൗരവരെ വധിയ്ക്കുമെന്ന് പറഞ്ഞ് യുദ്ധത്തിനൊരുങ്ങിയെങ്കിലും  യുധിഷ്ഠിരൻ തടഞ്ഞു[27].

27. അതേ പുസ്തകം, അദ്ധ്യായം 59–72, പു.880–917.

## 16. അനുദ്യൂതം

നേടിയതെല്ലാം തിരിച്ചുകൊടുത്തത് അപകടം വരുത്തുമെന്നു പറഞ്ഞ് വീണ്ടും ചൂതു നടത്താൻ ദുര്യോധനൻ, കർണ്ണൻ, ശകുനി എന്നിവർ ധൃതരാഷ്ട്രരോട് പറഞ്ഞു, തോൽക്കുന്നവർ പന്ത്രണ്ടുവർഷം വനവാസവും ഒരു വർഷം അജ്ഞാതവാസവും ചെയ്യണമെന്നും നിബന്ധന ആവശ്യപ്പെട്ടു. ധൃതരാഷ്ട്രരുടെ സമ്മതത്തോടെ യുധിഷ്ഠിരനെ വിവരമറിയിച്ചു. ഭീഷ്മദ്രോണവിദുരാദികളുടെ എതിർപ്പ് ദുര്യോധനൻ വകവെച്ചില്ല.

വിധിയിൽ നിന്നൊഴിയാനാവില്ലെന്നു പറഞ്ഞ് യുധിഷ്ഠിരൻ വീണ്ടും ക്ഷണം സ്വീകരിച്ചു. ചൂതുകളിയിൽ തോറ്റു. വനവാസത്തിനൊരുങ്ങി നിൽക്കുന്ന പാണ്ഡവരേയും ദ്രൗപദിയേയും ദുശ്ശാസനൻ പരിഹസിച്ചു. പാണ്ഡവർ തങ്ങൾ കൗരവരേയും പിന്തുണച്ചവരേയും നശിപ്പിയ്ക്കുമെന്ന് ശപഥം ചെയ്തു. വിദുരർ പാണ്ഡവർക്കാവശ്യമായ ഉപദേശങ്ങൾ നൽകി. വനവാസം കുന്തിയ്ക്ക് കഷ്ടപ്പാടുണ്ടാക്കുമെന്നതിനാൽ അവർ തന്റെ ഗൃഹത്തിൽ താമസിച്ചു കൊള്ളട്ടെയെന്നും വിദുരർ പറഞ്ഞു.

പതിനാലാം വർഷം കൗരവർ നശിയ്ക്കുമെന്ന് ഹസ്തിനപുരം സന്ദർശിച്ച നാരദൻ പ്രവചിച്ചു. ദുര്യോധനൻ, ശകുനി, ദുശ്ശാസനൻ, കർണ്ണൻ എന്നിവർ ദ്രോണരോട് ശരണമർത്ഥിച്ചു. ദ്രോണരത് സമ്മതിച്ചുവെങ്കിലും സർവ്വനാശമുറപ്പാണെന്നും തൽക്കാലത്തേയ്ക്ക് ലഭിച്ചിരിയ്ക്കുന്ന കാലമത്രയും സൽക്കർമ്മങ്ങൾ ചെയ്യണമെന്നും പറഞ്ഞു. ധൃതരാഷ്ട്രർ പാണ്ഡവരോടു ചെയ്ത അപരാധങ്ങളോർത്ത് പശ്ചാത്തപിച്ചു[28].

മൈത്രേയൻ എന്ന മഹർഷി ധൃതരാഷ്ട്രരെ സന്ദർശിച്ച് അദ്ദേഹത്തേയും ദുര്യോധനനേയും ഉപദേശിച്ചു. അപ്പോൾ അശ്രദ്ധയോടെയും അവജ്ഞയോടേയും നിന്ന ദുര്യോധനനെ, ഭീമസേനൻ ഗദകൊണ്ട്

28. അതേ പുസ്തകം, അദ്ധ്യായം 74,76–78,80, പു.919,920,922–929,931–934.

തുട തച്ചൊടിയ്ക്കും എന്ന് മഹർഷി ശപിച്ചു. ശമം വരിച്ചാൽ ശാപമൊഴിവാകുമെന്നും പറഞ്ഞു[29].

## 17. വനവാസം

***കാമ്യകവനത്തിൽ***

വനവാസത്തിനൊരുങ്ങിയ പാണ്ഡവർ കാമ്യകവനത്തിലെത്തി. അവിടെവെച്ച് അവർ ബകന്റെ അനുജനും, ഹിഡിംബന്റെ സുഹൃത്തുമായ കിർമ്മീരനെന്ന ഒരസുരനെ കണ്ടു. തന്നോടേൽക്കാൻ വന്ന കിർമ്മീരനെ ഭീമൻ വധിച്ചു. കൃഷ്ണൻ പാണ്ഡവാഭ്യുദയകാംക്ഷികളായ ചിലരും പാഞ്ചാലപുത്രരുമൊന്നിച്ച് പാണ്ഡവരെ കാണാനെത്തി. കൗരവനാശവും രാജ്യലാഭവുമുറപ്പു പറഞ്ഞ് പാണ്ഡവരേയും ദ്രൗപദിയേയും കൃഷ്ണൻ സമാധാനിപ്പിച്ചു. ശത്രുനാശംവരുത്തുമെന്നു പറഞ്ഞ് ധൃഷ്ടദ്യുമ്നനും കൃഷ്ണയെ സാന്ത്വനിപ്പിച്ചു[30].

ദ്രൗപദി യുധിഷ്ഠിരനെ യുദ്ധത്തിന് പ്രേരിപ്പിച്ചു. താൻ കാരണം ഭാരതകുലം മുടിയരുതെന്നായിരുന്നു യുധിഷ്ഠിരന്റെ പക്ഷം. ഭീമനും യുദ്ധം ഉടനെ വേണമെന്ന് നിർബന്ധിച്ചു. കൗരവപക്ഷം അശക്തമല്ലെന്ന് യുധിഷ്ഠിരൻ വ്യക്തമാക്കിക്കൊടുത്തപ്പോൾ ഭീമന്റെ മനസ്സ് പതറി. വ്യാസൻ പ്രത്യക്ഷപ്പെട്ട് ശത്രുഭയമകറ്റാൻ പ്രതിസ്മൃതി എന്ന മന്ത്രം യുധിഷ്ഠിരനുപദേശിച്ചു കൊടുത്തു.  അർജ്ജുനനും അതുപദേശിയ്ക്കണമെന്നും ദിവ്യാസ്ത്രങ്ങൾ നേടാൻ പ്രേരിപ്പിയ്ക്കണമെന്നും നിർദ്ദേശിച്ചു[31].

***പാണ്ഡവരുടെ തീർത്ഥയാത്ര***

അർജ്ജുനൻ ദിവ്യാസ്ത്രലാഭാർത്ഥം തീർത്ഥയാത്രയ്ക്കുപോയതോടെ പാണ്ഡവരും ദ്രൗപദിയും ദുഃഖിതരായി. നാരദമുനിയും ധൗമ്യമുനിയും

29. അതേ പുസ്തകം, അദ്ധ്യായം 10, പു.42–44.
30. അതേ പുസ്തകം, അദ്ധ്യായം 11,12,  പു.45–58.
31. അതേ പുസ്തകം, അദ്ധ്യായം 27–36, പു.86–116.

തീർത്ഥയാത്രയെക്കുറിച്ച് അവർക്കു പറഞ്ഞുകൊടുത്തു. ലോമേശനും ധൗമ്യനുമൊപ്പം അവരും തീർത്ഥയാത്രയ്ക്കിറങ്ങി. നൈമിശാരണ്യം, ബ്രഹ്മ ശിരസ്സ്, മഹേന്ദ്രപർവ്വതം, ഗന്ധമാദനം എന്നിങ്ങനെ പല പുണ്യസ്ഥലങ്ങളും തീർത്ഥങ്ങളും സന്ദർശിച്ചു.

നരനാരായണാശ്രമത്തിൽ താമസിയ്ക്കുന്ന കാലത്ത് പാണ്ഡവരോ ടൊപ്പം ആശ്രമത്തിൽ ബ്രാഹ്മണവേഷത്തിൽ കൂടെ താമസിച്ച ജടാസുരൻ ഭീമൻ കൂടെയില്ലാത്ത ഒരവസരത്തിൽ ധർമ്മപുത്രരേയും, നകുലസഹദേവ ന്മാരേയും, പാഞ്ചാലിയേയും അപഹരിച്ചു കൊണ്ടുപോയി. മാർഗ്ഗമദ്ധ്യേ ഭീമസേനൻ ജടാസുരനെ കണ്ട് ഘോരയുദ്ധത്തിലേർപ്പെടുകയും അസുരന്റെ തല തട്ടിയുടയ്ക്കുകയും ചെയ്തു.

ആർഷ്ടിഷേണാശ്രമത്തിൽ താമസിയ്ക്കവേ ഒരിയ്ക്കൽ ദ്രൗപദി തനിയ്ക്ക് പഞ്ചവർണ്ണപ്പൂക്കൾ നിറഞ്ഞു നിൽക്കുന്ന ശൈലാഞ്ചലം ഭീമനോ ടൊപ്പം ചെന്നു കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. ഭീമൻ തന്റെ ബാഹു ബലം കൊണ്ട് അവിടെയുള്ള അസുരന്മാരെയൊക്കെ ഭയപ്പെടുത്തി അകറ്റ ണമെന്നും ദ്രൗപദി ആവശ്യപ്പെട്ടു. അതനുസരിച്ച് ഭീമൻ കൊടുമുടിയിൽ കയറിനിന്ന് ശംഖനാദം മുഴക്കി. ശബ്ദം കേട്ട വന്നെത്തിയ യക്ഷരാക്ഷസ ഗന്ധർവ്വസംഘവും, ഭീമനും തമ്മിൽ ഉഗ്രമായ യുദ്ധം നടന്നു. പരാജയപ്പെട്ടു പിന്തിരിഞ്ഞോടി വരുന്നവരെ കണ്ട് മണിമാൻ എന്ന കുബേരസുഹൃത്തായ രാക്ഷസൻ ഭീമസേനനോടെതിരിട്ടു. ഗദ കൊണ്ട് തലയ്ക്കടിച്ച് ഭീമൻ മണി മാനെ കൊന്നു. അഗസ്ത്യശാപമേറ്റതിനാലാണ് മണിമാന് ഇങ്ങനെയൊ രന്ത്യമുണ്ടായത്.

അർജ്ജുനൻ ഗന്ധമാദനപർവ്വതത്തിലെത്തി സഹോദരങ്ങളോടൊത്തു ചേർന്നു. അർജ്ജുനൻ യാത്രാവിശേഷങ്ങൾ പറയുന്ന കൂട്ടത്തിൽ നിവാത കവചരേയും, കാലകേയരേയും താൻ വധിച്ച കാര്യവും പറയുന്നു. ഇന്ദ്രന്റെ

ക്ഷണപ്രകാരം ദേവലോകത്തുപോയ അർജ്ജുനന് പല ദിവ്യാസ്ത്രങ്ങളും ലഭിയ്ക്കുന്നു. ഗുരുദക്ഷിണയായി തന്റെ ശത്രുക്കളായ നിവാതകവചന്മാരെന്ന അസുരന്മാരെ വധിയ്ക്കാൻ ഇന്ദ്രൻ അർജ്ജുനനോടാവശ്യപ്പെട്ടു. അർജ്ജുനൻ പാതാളത്തിൽ ചെന്ന് നിവാതകവചന്മാരുമായി ഘോരയുദ്ധത്തിലേർപ്പെട്ടു. ദീർഘമായ യുദ്ധത്തിന്റെ അവസാനം അർജ്ജുനൻ അവരെ കൂട്ടത്തോടെ സംഹരിച്ച് തിരിച്ചു വരും വഴി പൗലോമരും, കാലകേയരും വസിയ്ക്കുന്ന ഹിരണ്യപുരം കണ്ടു. മനുഷ്യനാൽ വധിയ്ക്കപ്പെടുമെന്ന ബ്രഹ്മശാപമേറ്റ അവരെ കൊല്ലാൻ മാതലി അർജ്ജുനനോടു പറഞ്ഞു. ആ ദേവവൈരികളേയും അർജ്ജുനൻ വധിച്ചു.

വനവാസത്തിലെ പത്തുകൊല്ലവും തികഞ്ഞപ്പോൾ അജ്ഞാതവാസത്തിന്റെ മുന്നോടിയായി ദ്വൈതവനത്തിലേയ്ക്ക് പോകാൻ പാണ്ഡവർ തീർച്ചയാക്കി[32].

*ഘോഷയാത്ര*

ഹസ്തിനപുരത്തെത്തിയ ഒരു ബ്രാഹ്മണൻ ധൃതരാഷ്ട്രരോട് പാണ്ഡവരും പാഞ്ചാലിയും വനത്തിൽ അനുഭവിയ്ക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ച് പറഞ്ഞു. ഇതു കേട്ട ശകുനിയും കർണ്ണനും ദുര്യോധനനോട് കാട്ടിൽ ചെന്ന് പാണ്ഡവർക്കു മുന്നിൽ തങ്ങളുടെ പ്രൗഢി കാണിയ്ക്കണമെന്നു പറഞ്ഞു. മൂവരും പശുത്തൊഴുത്തുകൾ പരിശോധിയ്ക്കാൻ വേണ്ടിയെന്ന് കള്ളം പറഞ്ഞ്, പാണ്ഡവരുടെ അടുക്കൽ പോകില്ലെന്നുറപ്പു കൊടുത്ത് ധൃതരാഷ്ട്രരിൽ നിന്നും കാട്ടിൽ പോകാൻ സമ്മതം വാങ്ങി. ദ്വൈതവനത്തിനടുത്തുള്ള ഒരു പൊയ്കയുടെ കരയിലെത്തി ദുര്യോധനാദികൾ കേളികൾക്കുള്ള ഒരുക്കമായി. മുൻകൂട്ടി അവിടെയെത്തിച്ചേർന്ന ഗന്ധർവ്വന്മാരുമായി കലഹിച്ച് അവർ യുദ്ധത്തിലേർപ്പെട്ടു. ഗന്ധർവ്വന്മാർ ദുര്യോധനാദികളെ തോല്പിച്ച്

32. അതേ പുസ്തകം, അദ്ധ്യായം 80–175, പു.221–477.

ബന്ധനസ്ഥരാക്കി. കൗരവഭടന്മാരിൽ നിന്നും വിവരമറിഞ്ഞപ്പോൾ അഭയമ പേക്ഷിയ്ക്കുന്ന അവരോട് ഗന്ധർവ്വന്മാർ  ചെയ്തത് തങ്ങൾ ചെയ്യേണ്ട കാര്യമായിരുന്നുവെന്നാണ് ഭീമസേനൻ പറഞ്ഞത്.  പക്ഷേ അഭയം യാചിച്ചു വന്നവരെ രക്ഷിയ്ക്കേണ്ട ക്ഷത്രിയധർമ്മമോർമ്മിപ്പിച്ച് യുധിഷ്ഠിരൻ ഭീമനേയും അർജ്ജുനനേയും ഗന്ധർവ്വന്മാരുടെയടുത്തേയ്ക്കയച്ചു. ഇരു കൂട്ടരും തമ്മിൽ യുദ്ധമുണ്ടായെങ്കിലും ഒടുവിൽ രമ്യതയിലായി. ഇന്ദ്രനിർദ്ദേ ശമനുസരിച്ച് പാണ്ഡവരക്ഷയ്ക്ക് വന്നവരാണ് തങ്ങളെന്ന് ഗന്ധർവ്വരുടെ നേതാവായ ചിത്രസേനൻ പറഞ്ഞു. ബന്ധനത്തിൽ നിന്നും മുക്തി ലഭി ച്ചെങ്കിലും അപമാനം സഹിയ്ക്കവയ്യാതെ ദുര്യോധനൻ രാജ്യം ദുശ്ശാസ നനെ ഏല്പിച്ച് പ്രായോപവേശം ചെയ്യാനൊരുങ്ങി. പാണ്ഡവർക്ക് രാജ്യം തിരിച്ചുകൊടുത്ത് നന്ദി പ്രകടിപ്പിച്ച് സുഖമായി ജീവിയ്ക്കാൻ ശകുനി ഉപ ദേശിച്ചുവെങ്കിലും ദുര്യോധനൻ പിന്തിരിഞ്ഞില്ല. പാതാളവാസികളായ അസു രന്മാർ കൃത്യയെ സൃഷ്ടിച്ച് ദുര്യോധനനെ തങ്ങളുടെ മുന്നിലെത്തിച്ചു. പാണ്ഡ വർക്കെതിരെ സഹായിയ്ക്കാമെന്ന് പറഞ്ഞ് അവർ ധൈര്യവും പ്രോത്സാ ഹനവും നൽകിയപ്പോൾ ദുര്യോധനൻ പ്രായോപവേശശ്രമം വെടിഞ്ഞ് തന്റെ സേനയെ ഒന്നിച്ചു കൂട്ടി ശക്തമാക്കി ഹസ്തിനപുരത്തേയ്ക്ക് പോയി[33].

*ദുര്യോധനന്റെ യാഗം*

അപമാനിതനായ ദുര്യോധനനെ ഭീഷ്മർ കളിയാക്കി. പാണ്ഡവരേ ക്കാൾ ശക്തി തനിയ്ക്കുണ്ടെന്ന് തെളിയിക്കാൻ കർണ്ണൻ ദിഗ്ജയത്തിനൊരു ങ്ങിയിറങ്ങി. വിജയിയായി തിരിച്ചെത്തി. ദുര്യോധനൻ വൈഷ്ണവം എന്ന യാഗം നടത്തി. കൗരവർക്കാത്മവിശ്വാസം വർദ്ധിച്ചു[34].

---

33. അതേ പുസ്തകം, അദ്ധ്യായം 236–252, പു.645–677.
34. അതേ പുസ്തകം, അദ്ധ്യായം 253–256, പു.677–685.

## 18. അജ്ഞാതവാസം

അജ്ഞാതവാസത്തിന് വിരാടപുരിയാണ് പാണ്ഡവർ തെരഞ്ഞെടുത്തത്. വ്യാജവേഷവും പേരും സ്വീകരിച്ച് അവർ വിരാടരാജധാനിയിൽ തങ്ങൾക്കിണങ്ങുന്ന പ്രവൃത്തികൾ ചെയ്ത് ജീവിച്ചു. വിരാടപത്നിയുടെ സൈരന്ധ്രിയായ ദ്രൗപദിയെ രാജ്ഞിയുടെ സഹോദരൻ കീചകൻ കാമാഭ്യർത്ഥന നടത്തി ശല്യം ചെയ്തുകൊണ്ടിരുന്നു. ദ്രൗപദിയുടെ പരാതിയും വിലാപവും കേട്ട് ഭീമൻ കീചകനെ രാത്രി നൃത്താലയത്തിലേയ്ക്കെത്തിയ്ക്കാൻ ദ്രൗപദിയോട് പറഞ്ഞു. അങ്ങനെ നൃത്താലയത്തിൽ ദ്രൗപദിയെ കാത്തിരുന്ന കീചകനെ ഭീമൻ വധിച്ചു[35].

*ഗോഗ്രഹണവും യുദ്ധവും*

അജ്ഞാതവാസം കഴിഞ്ഞ് പാണ്ഡവർ തിരിച്ചുവരും, അപ്പോഴേയ്ക്ക് യുദ്ധത്തിന് വേണ്ട തയ്യാറെടുപ്പുകൾ നടത്തണമെന്ന് കൃപർ ദുര്യോധനാദികളോട് പറഞ്ഞു. കീചകന്റെ മരണവാർത്തയറിഞ്ഞ ധൈര്യത്തിൽ ത്രിഗർത്തൻ ദുര്യോധനനോട് വിരാടന്റെ പശുക്കളെ അപഹരിയ്ക്കാൻ പറഞ്ഞു. സൈന്യം ഇരുവിഭാഗങ്ങളായി ചെന്ന് വിരാടരാജ്യത്തെ ഇരുഭാഗങ്ങളിലൂടെ ആക്രമിച്ചുവെങ്കിലും പാണ്ഡവസഹായത്തോടെ വിരാടൻ വിജയിച്ചു. അത് പാണ്ഡവരാണെന്ന് കൗരവരൂഹിച്ചെങ്കിലും അജ്ഞാതവാസത്തിന്റെ സമയം കഴിഞ്ഞിരുന്നു. പാണ്ഡവരെ തിരിച്ചറിഞ്ഞ വിരാടൻ മകൾ ഉത്തരയെ അർജ്ജുനന് നൽകാനൊരുങ്ങി. താൻ ഗുരുസ്ഥാനീയനായതിനാലും ഉത്തരയ്ക്ക് ദുഷ്പേരുണ്ടാകാതിരിയ്ക്കാനും അർജ്ജുനൻ അവളെ പുത്രവധുവായി സ്വീകരിച്ചു[36].

---

35. അതേ പുസ്തകം, വിരാടപർവ്വം, അദ്ധ്യായം 1,7–12,14–22, പു.846,859–871,876–903.
36. അതേ പുസ്തകം, അദ്ധ്യായം 29–71, പു.915–1011.

## 19. സന്ധിശ്രമം.

യുദ്ധമൊഴിവാക്കി സമാധാനപരമായി ജീവിയ്ക്കാനായിരുന്നു പാണ്ഡവർക്ക് താല്പര്യം. സർവ്വനാശമൊഴിവാക്കാനായി, അർദ്ധരാജ്യം ആവശ്യപ്പെട്ടുകൊണ്ട് ഹസ്തിനപുരത്തേയ്ക്ക് ദൂതനെ അയയ്ക്കാമെന്ന് കൃഷ്ണൻ പറഞ്ഞു. ദുര്യോധനൻ അത് സമ്മതിക്കാൻ സാദ്ധ്യതയില്ലാത്ത തിനാൽ യുദ്ധത്തിനൊരുങ്ങണമെന്നും മറ്റു രാജാക്കന്മാരുടെ പിന്തുണ വേഗം നേടണമെന്നും ദ്രുപദൻ പറഞ്ഞു. പാണ്ഡവരുടെ ഒരുക്കത്തെക്കുറിച്ചറിഞ്ഞ ദുര്യോധനനും പടയൊരുക്കം തുടങ്ങി. കൃഷ്ണന്റെ അടുക്കലും സഹായംതേടി ഇരുകൂട്ടരും എത്തി. ഇരുവരേയും പിന്തുണയ്ക്കാമെന്ന് കൃഷ്ണനേറ്റപ്പോൾ അർജ്ജുനൻ കൃഷ്ണനേയും, ദുര്യോധനൻ യാദവ സൈന്യത്തേയും സ്വീകരിച്ചു. നകുലസഹദേവന്മാരുടെ അമ്മാവനായ ശല്യരെ ദുര്യോധനൻ വക്രമാർഗ്ഗത്തിലൂടെ വശപ്പെടുത്തി. പകരമായി യുധിഷ്ഠിരൻ കർണ്ണനെ തേജോവധം ചെയ്ത് അസ്തവീര്യനാക്കാമെന്ന് ശല്യരെക്കൊണ്ട് സമ്മതിപ്പിച്ചു[37].

ദ്രുപദൻ ദൂതനായി നിയോഗിച്ച പുരോഹിതൻ ഹസ്തിനപുരത്തു ചെന്ന് അർദ്ധരാജ്യം ആവശ്യപ്പെട്ടുകൊണ്ടുള്ള പാണ്ഡവസന്ദേശമറിയിച്ചു. ഭീഷ്മരുടെ അനുകൂലഭാവം കണ്ട് കർണ്ണൻ കയർത്തു. പുരോഹിതനെ യാത്രയാക്കിയശേഷം തന്റെ മക്കളെ കുറ്റപ്പെടുത്തിക്കൊണ്ടും, പാണ്ഡവരെ പുകഴ്ത്തിക്കൊണ്ടും, അവർ ശമം സ്വീകരിയ്ക്കണമെന്ന് സൂചിപ്പിച്ചുകൊണ്ടും ധൃതരാഷ്ട്രർ സഞ്ജയന്റെയടുക്കൽ മറുപടിയയച്ചു.

ശ്രീകൃഷ്ണൻ പാണ്ഡവർ യുദ്ധസന്നദ്ധരാണെന്ന് പറഞ്ഞുവെങ്കിലും, അഞ്ചുഗ്രാമങ്ങളെങ്കിലും നൽകി യുദ്ധമൊഴിവാക്കണമെന്ന് യുധിഷ്ഠിരൻ സഞ്ജയന്റെയടുക്കൽ പറഞ്ഞയച്ചു. ഭീഷ്മരും ദ്രോണരും ആ നിർദ്ദേശത്തെ

37. അതേ പുസ്തകം, വാല്യം മൂന്ന്, അദ്ധ്യായം 1–8, പു.18–33.

അനുകൂലിച്ചു. ധൃതരാഷ്ട്രരും ഭയം കൊണ്ട് ആ പക്ഷം സ്വീകരിച്ചു. കർണ്ണ നെതിർത്തു സംസാരിച്ചു. ദുര്യോധനൻ തന്റെ നിലപാടിൽ നിന്നും പിന്മാറി യില്ല. ശുഭപ്രതീക്ഷയോടെയല്ലെങ്കിലും യുധിഷ്ഠിരൻ തന്റെ ദൂതുമായി ഹസ്തി നപുരത്തേയ്ക്ക് പോകാൻ കൃഷ്ണനോടപേക്ഷിച്ചു. സഹദേവനൊഴികെയുള്ള പാണ്ഡവർ ശാന്തിയാഗ്രഹിയ്ക്കുന്നവരായിരുന്നു. ഇതുകണ്ട് ദുഃഖിതയായ ദ്രൗപദിയെ കൃഷ്ണൻ ശത്രുവധമുറപ്പാണെന്ന് പറഞ്ഞ് സമാധാനിപ്പിച്ചു[38].

വിദുരഗൃഹത്തിലെത്തിയ കൃഷ്ണനോട് കുന്തി തന്റെ മക്കൾക്ക് തുണയായി നിൽക്കണമെന്ന് അപേക്ഷിച്ചു. കൗരവപ്രമുഖരും കൃഷ്ണനും ഉപദേശിച്ചിട്ടും ദുര്യോധനൻ വഴിപ്പെട്ടില്ല. തന്നെ ബന്ധിയ്ക്കാൻ ദുര്യോധനൻ ശ്രമിയ്ക്കുന്നുണ്ടെന്നറിഞ്ഞ കൃഷ്ണൻ കൗരവസഭയിൽ തന്റെ വിശ്വരൂപം പ്രദർശിപ്പിച്ചു. കുന്തി പാഞ്ചാലിയ്ക്കേറ്റ അപമാനം ക്ഷമിയ്ക്കാൻ കഴിയുന്ന തല്ലെന്നും കർമ്മോദ്യുക്തനാകാനുള്ള കാലം വന്നുവെന്നും മക്കളോടു പറയാൻ കൃഷ്ണനെ ഏല്പിച്ചു[39].

## 20. കർണ്ണന്റെ കഥ

### *സൂര്യ-കർണ്ണസമാഗമം*

സൂര്യദേവനിൽ തനിയ്ക്കു പിറന്ന മകനെ കുന്തി അപവാദഭയത്താൽ നദിയിലുപേക്ഷിച്ചു. ജന്മനാ കവചകുണ്ഡലങ്ങളുള്ള ആ കുട്ടിയെ ധൃതരാഷ്ട്രരുടെ സുഹൃത്തും സൂതനുമായ അധിരഥൻ എടുത്തു വളർത്തി. വസുഷേണൻ എന്നു പേരിട്ടു. ദ്രോണർ, കൃപർ, പരശുരാമൻ എന്നിവരിൽ നിന്നും പലതരം ആയുധങ്ങൾ പ്രയോഗിയ്ക്കുന്നതിൽ നൈപുണ്യം നേടിയ കർണ്ണൻ ലോകപ്രശസ്തനായി. ദാനശീലനായ കർണ്ണൻ ബ്രാഹ്മണരെന്തു ചോദിച്ചാലും നിഷേധിയ്ക്കില്ലായിരുന്നു[40].

---

38. അതേ പുസ്തകം, അദ്ധ്യായം 20-31,47-82, പു.59-93,160-238.

39. അതേ പുസ്തകം, അദ്ധ്യായം 90-95, 124-131,137, പു.251-269,313-332,345,346.

40. അതേ പുസ്തകം, വാല്യം രണ്ട്, അദ്ധ്യായം 308,309, പുറം 815-818.

പാണ്ഡവരുടെ വനവാസമവസാനിയ്ക്കാറായ സമയത്ത് ഇന്ദ്രൻ കർണ്ണന്റെ കവചകുണ്ഡലങ്ങൾ കൈക്കലാക്കാൻ തീരുമാനിച്ചു. ഇതറിഞ്ഞ സൂര്യൻ കർണ്ണന് ഒരു ദിവസം സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് മുന്നറിയിപ്പ് നൽകി. പക്ഷേ സൂര്യനെത്ര ഉപദേശിച്ചിട്ടും നിർബ്ബന്ധിച്ചിട്ടും കർണ്ണൻ തന്റെ ദാനവ്രതത്തിൽ നിന്നും പിന്മാറാൻ തയ്യാറായില്ല. ഒടുവിൽ കവചകുണ്ഡലങ്ങൾ കൊടുക്കുകയാണെങ്കിൽ പകരം ശത്രുസംഹാരാർത്ഥം ഒരു വേൽ ഇന്ദ്രനിൽ നിന്നും വാങ്ങാൻ സൂര്യദേവനുപദേശിച്ചു.

ബ്രാഹ്മണവേഷത്തിൽ മുന്നിലെത്തി കവചകുണ്ഡലങ്ങൾ ആവശ്യപ്പെട്ട ഇന്ദ്രനോട് കർണ്ണൻ പകരം മറ്റ് പല അമൂല്യമായ സമ്മാനങ്ങളും വാഗ്ദാനം ചെയ്തു. ഇന്ദ്രൻ സമ്മതിയ്ക്കുന്നില്ലെന്ന് കണ്ടപ്പോൾ സൂര്യദേവൻ പറഞ്ഞപോലെ പകരമായി കർണ്ണൻ വേൽ ചോദിച്ചു. ഒരു ശത്രുവിന്റെ നേരെ മാത്രമേ പ്രയോഗിയ്ക്കാനാകൂ, അവനെക്കൊന്ന ശേഷം ആ വേൽ തന്റെ കയ്യിൽത്തന്നെ തിരിച്ചെത്തുമെന്ന് പറഞ്ഞ് ഇന്ദ്രൻ കർണ്ണനാവശ്യപ്പെട്ട വേൽ നൽകി. കർണ്ണൻ തന്റെ കവചകുണ്ഡലങ്ങൾ ദേഹത്ത് നിന്നും മുറിച്ചു വേർപെടുത്തി ഇന്ദ്രനു കൊടുത്തു. അതുകൊണ്ട് ശരീരത്തിനൊരു വൈരൂപ്യവും വരില്ലെന്നും ഇന്ദ്രൻ അനുഗ്രഹിച്ചു[41].

*കൃഷ്ണ-കർണ്ണസമാഗമം*

സന്ധിശ്രമവുമായി ചെന്ന കൃഷ്ണൻ കർണ്ണനെ തന്റെ കൂടെ കൂട്ടിക്കൊണ്ടുപോയി കർണ്ണൻ കുന്തീപുത്രനാണെന്ന സത്യം വെളിപ്പെടുത്തി അയാളെ പാണ്ഡവപക്ഷത്തേയ്ക്ക് ക്ഷണിച്ചു. കർണ്ണനെ പാണ്ഡവർ സേവിക്കുമെന്നും ദ്രൗപദി ആറാമൂഴത്തിൽ പത്നിയാകുമെന്നും പറഞ്ഞു. പക്ഷേ ആ രാജ്യാവകാശമൊന്നും കർണ്ണനെ പ്രലോഭിപ്പിയ്ക്കാനുതകിയില്ല. വളർത്തച്ഛനും അമ്മയുമായ അധിരഥനോടും രാധയോടും, തന്റെ അഭിമാനം രക്ഷിച്ച

41. അതേ പുസ്തകം, അദ്ധ്യായം 300–302, പു.800–805, 818–820.

ദുര്യോധനനോടും തനിയ്ക്കുള്ള കടപ്പാടിനേയും മറുപക്ഷം ചേർന്നാൽ തനിയ്ക്കുണ്ടാകുന്ന അകീർത്തിയേയും മുൻനിർത്തി കർണ്ണൻ കൃഷ്ണന്റെ വാക്കുകൾ നിരസിച്ചു. താൻ ജ്യേഷ്ഠനാണെന്നറിഞ്ഞാൽ യുധിഷ്ഠിരൻ വഴി മാറിത്തരുമെന്നതിനാൽ ആ രഹസ്യം വെളിപ്പെടുത്തരുതെന്നപേക്ഷിച്ചു. തനിയ്ക്കു രാജ്യം ലഭിച്ചാൽ താനത് ദുര്യോധനന് നൽകുമെന്നും ധർമ്മാനുസാരം യുധിഷ്ഠിരൻ തന്നെ രാജാവാകട്ടെയെന്നും കർണ്ണൻ പറഞ്ഞു[42].

***കുന്തീ-കർണ്ണ സമാഗമം***

സമാധാനശ്രമങ്ങൾ പരാജയപ്പെടുന്നതിൽ തനിയ്ക്കുള്ള ദുഃഖം വിദുരർ കുന്തിയോട് പറഞ്ഞു. കുന്തിയ്ക്ക് ശത്രുപക്ഷത്തെക്കുറിച്ചോർത്ത് ഭയവും കർണ്ണൻ ശത്രുപക്ഷത്താണെന്നതിൽ ദുഃഖവും തോന്നി. കർണ്ണനെ നേരിൽ കണ്ടു സംസാരിയ്ക്കാൻ കുന്തി തീർച്ചയാക്കി. കുന്തി കർണ്ണന്റെ ജനനരഹസ്യം കർണ്ണനോട് വെളിപ്പെടുത്തി, അനുജന്മാരൊടൊപ്പം നിൽക്കാൻ ആവശ്യപ്പെട്ടു. സൂര്യൻ കുന്തി പറഞ്ഞതു ശരിയാണെന്നും അമ്മയുടെ വാക്കുകൾ അനുസരിയ്ക്കണമെന്നും പറഞ്ഞു. കർണ്ണൻ തന്നെ ഉപേക്ഷിച്ചതിന് കുന്തിയെ കുറ്റപ്പെടുത്തി. സ്വന്തം ആവശ്യമായതുകൊണ്ട് മാത്രമാണിന്ന് തന്നെത്തേടി വന്നതെന്ന് ആരോപിച്ചു. ഭയംകൊണ്ട് മറുപക്ഷം ചേർന്നെന്ന് ദുഷ്കീർത്തിയ്ക്കിരയാകുമെന്നതിനാൽ താൻ പാണ്ഡവപക്ഷത്തേയ്ക്ക് വരില്ലെന്നും, യുദ്ധത്തിൽ അർജ്ജുനനെ കൊല്ലാൻ കഴിഞ്ഞാൽ താൻ അമ്മയോടൊപ്പം വരാമെന്നും പറഞ്ഞു. യുദ്ധത്തിൽ അർജ്ജുനനൊഴികെ നാൽവർക്കും അഭയം നൽകാമെന്ന് കർണ്ണൻ പറഞ്ഞപ്പോൾ കുന്തി ഗത്യന്തരമില്ലാതെ ദുഃഖിതയായി തിരിച്ചുപോന്നു[43].

---

42. അതേ പുസ്തകം, വാല്യം മൂന്ന്, അദ്ധ്യായം 140–143, പു.350–359.
43. അതേ പുസ്തകം, അദ്ധ്യായം 143–146, പു.360–364.

## 21. യുദ്ധാരംഭം

പാണ്ഡവർ പടയൊരുക്കം തുടങ്ങി. ഏഴ് അക്ഷൗഹിണികളുടെ നാഥന്മാരെ നിശ്ചയിച്ചു. കൃഷ്ണൻ സേനാപതിയായി ധൃഷ്ടദ്യുമ്നനെയാണ് നിർദ്ദേശിച്ചത്. ദുര്യോധനൻ പതിനൊന്ന് അക്ഷൗഹിണികളുടെ നായകന്മാരെ നിശ്ചയിച്ച്, സേനാപതിയാകാൻ ഭീഷ്മരോടാവശ്യപ്പെട്ടു. ആദ്യം കർണ്ണനോ താനോ ഒരാളേ പോരിനിറങ്ങൂ എന്ന വ്യവസ്ഥയിൽ ഭീഷ്മർ സമ്മതിച്ചു. ഭീഷ്മരും കർണ്ണനും തമ്മിൽ കലഹമുണ്ടായി. ഭീഷ്മരുടെ നിന്ദാവാക്കുകൾ കേട്ട് കുപിതനായ കർണ്ണൻ ഭീഷ്മരുടെ പതനത്തിനു ശേഷമേ താൻ യുദ്ധം ചെയ്യൂ എന്നുറപ്പിച്ചു പറഞ്ഞു[44].

## 22. ഗീതോപദേശം

ഇരുപക്ഷവും യുദ്ധത്തിനൊരുങ്ങി.യുദ്ധനിയമങ്ങൾ പറഞ്ഞുറപ്പിച്ചു. യുദ്ധവിവരങ്ങൾ ധൃതരാഷ്ട്രരെ പറഞ്ഞു കേൾപ്പിയ്ക്കാൻ വേദവ്യാസൻ സഞ്ജയന് ദിവ്യചക്ഷുസ്സ് നൽകി.

പിതാമഹനേയും ആചാര്യന്മാരേയും ബന്ധുമിത്രാദികളേയും എതിർപക്ഷത്തു കണ്ട അർജ്ജുനൻ അസ്വസ്ഥനായി ആയുധം വെച്ചു. ശ്രീകൃഷ്ണൻ ഗീതോപദേശം കൊണ്ട് അർജ്ജുനനെ കർമ്മോദ്യുക്തനാക്കി.

യുദ്ധം തുടങ്ങും മുമ്പേ യുധിഷ്ഠിരൻ കവചവും ആയുധങ്ങളും മാറ്റി വെച്ച് മറുപക്ഷത്തു ചെന്ന് ഭീഷ്മർ, ദ്രോണർ, കൃപർ, ശല്യർ എന്നിവരെ വന്ദിച്ച് അനുഗ്രഹം നേടി. കൃഷ്ണൻ ഭീഷ്മപതനം വരെ കർണ്ണനെ പാണ്ഡവപക്ഷത്തേയ്ക്ക് വിളിച്ചുവെങ്കിലും ദുര്യോധനന് അഹിതമായതു ചെയ്യാൻ കർണ്ണൻ തയ്യാറായില്ല. യുധിഷ്ഠിരൻ തന്റെ പക്ഷത്തേയ്ക്ക് എതിർപക്ഷത്തുനിന്ന് താല്പര്യമുള്ളവർക്ക് ചേരാം എന്നു പറഞ്ഞപ്പോൾ യുയുത്സു തയ്യാറായി[45].

44. അതേ പുസ്തകം, അദ്ധ്യായം 151–155,156,168, പു.374–376,383–386,417–419.
45. അതേ പുസ്തകം, ഭീഷ്മപർവ്വം, അദ്ധ്യായം 1–2,25–42,43, പു.481–484,535–580,581–587.

## 23. കുരുക്ഷേത്രയുദ്ധം

അഞ്ചു പർവ്വങ്ങളിലാണ് പതിനെട്ടു ദിവസത്തെ കുരുക്ഷേത്രയുദ്ധ കഥ വിവരിയ്ക്കുന്നത് –ഭീഷ്മപർവ്വം, ദ്രോണപർവ്വം, കർണ്ണപർവ്വം, ശല്യപർവ്വം, സൗപ്തികപർവ്വം.

### 1. *ഭീഷ്മപർവ്വം*

ഭീഷ്മവധപർവ്വത്തിൽ നിന്നാണ് കുരുക്ഷേത്രയുദ്ധകഥ ആരംഭിയ്ക്കുന്നത്.

ഭീഷ്മരും അഭിമന്യുവും തമ്മിൽ യുദ്ധം ചെയ്തപ്പോൾ അഭിമന്യുവിനെ സഹായിക്കാനെത്തിയ ഉത്തരനെ ശല്യർ വധിച്ചു[46].

പാണ്ഡവരുടെ മുന്നേറ്റം കണ്ട് ഭീഷ്മർ വേണ്ടവിധം ശ്രമിയ്ക്കുന്നില്ലെന്ന് ദുര്യോധനൻ പരാതി പറഞ്ഞു. പിതാമഹനെന്നോർത്ത് അർജ്ജുനൻ മാർദ്ദവം കാണിയ്ക്കുന്നതുകണ്ട് ക്രുദ്ധനായ കൃഷ്ണൻ ഭീഷ്മരെ കൊല്ലാൻ ചക്രമെടുത്തു. ഭീഷ്മർ കൃഷ്ണനെ സ്വാഗതം ചെയ്തു. അർജ്ജുനൻ കാൽക്കൽ വീണപേക്ഷിച്ചും, താൻ പ്രതിജ്ഞ നിറവേററിക്കൊള്ളാമെന്നേറ്റും കൃഷ്ണനെ അനുനയിപ്പിച്ചു[47].

ഘടോൽക്കചന്റെ മായായുദ്ധത്തിനുമുന്നിൽ നിൽക്കാനാകാതെ കൗരവപ്പട പിന്മാറി[48].

ശിഖണ്ഡി ഭീഷ്മവധത്തിനൊരുങ്ങിച്ചെന്നുവെങ്കിലും അയാളുടെ പൂർവ്വകഥയറിയുന്ന ഭീഷ്മർ അവഗണിച്ചു[49].

ദുര്യോധനപ്രേരണയാൽ ബകനോടു കൂറുണ്ടായിരുന്ന ഒരു രാക്ഷസൻ അർജ്ജുനപുത്രൻ ഇരാവാനെ വധിച്ചു[50].

---

46. അതേ പുസ്തകം, അദ്ധ്യായം 47, പു.600.
47. അതേ പുസ്തകം, അദ്ധ്യായം 58,59, പു.638,643–647.
48. അതേ പുസ്തകം, അദ്ധ്യായം 64, പു.665.
49. അതേ പുസ്തകം, അദ്ധ്യായം 86, പു.725.
50. അതേ പുസ്തകം, അദ്ധ്യായം 90, പു.739.

ഭീഷ്മരുടെ ഉഗ്രശരങ്ങളോട് അർജ്ജുനൻ സൗമ്യമായി പ്രതികരിയ്ക്കുന്നതുകണ്ട് കൃഷ്ണൻ വീണ്ടും ഭീഷ്മവധത്തിനൊരുങ്ങി. ആയുധമെടുക്കില്ലെന്ന ശപഥം ലംഘിയ്ക്കരുതെന്നപേക്ഷിച്ച് അർജ്ജുനൻ താൻ ഭീഷ്മരോടെതിർത്തുകൊള്ളാമെന്നു പറഞ്ഞ് കൃഷ്ണനെ സമാധാനിപ്പിച്ചു[51].

യുധിഷ്ഠിരന്റെ നിശ്ചയമനുസരിച്ച് കൃഷ്ണനും പാണ്ഡവരും കൂടി ചെന്ന് ഭീഷ്മരോട് അദ്ദേഹത്തെ ജയിയ്ക്കാനുള്ള മാർഗ്ഗമാരാഞ്ഞു. ശിഖണ്ഡിയെ മുൻനിർത്തി അർജ്ജുനൻ തന്നോടേൽക്കട്ടെ എന്നു ഭീഷ്മർ മാർഗ്ഗം പറഞ്ഞുകൊടുത്തു. അർജ്ജുനൻ അപ്രകാരം ചെയ്തു. ശിഖണ്ഡിയുടെ സ്ത്രീത്വത്തേയും, പാണ്ഡവർ ജയിയ്ക്കേണ്ട ആവശ്യകതയേയും കുറിച്ച് ചിന്തിച്ച് ഭീഷ്മർ മനഃപൂർവ്വം വഴങ്ങിക്കൊടുത്തു[52].

ശരശയ്യയിൽ കിടക്കുന്ന ഭീഷ്മർ തന്റെ തലയ്ക്കൊരു താങ്ങ് വേണമെന്ന് പറഞ്ഞു. അർജ്ജുനൻ മൂന്നമ്പുകൾ കൊണ്ട് ഭീഷ്മർക്കനുയോജ്യമായ ഉപധാനമൊരുക്കി. ദാഹിയ്ക്കുന്നുവെന്നു പറഞ്ഞപ്പോൾ പാർജ്ജന്യാസ്ത്രം കൊണ്ട് ഭൂമി പിളർന്ന് ജലം നൽകി. ഈ വിധം ദിവ്യാസ്ത്രങ്ങൾ കൈവശമുള്ള അർജ്ജുനനേയും പാണ്ഡവരേയും ജയിക്കാനാവില്ല, യുദ്ധത്തിൽ നിന്നു പിന്മാറണമെന്ന് ഭീഷ്മരുപദേശിച്ചെങ്കിലും ദുര്യോധനൻ വഴിപ്പെട്ടില്ല[53].

കർണ്ണൻ ഏകനായി ഭീഷ്മരെ കാണാനെത്തി. കർണ്ണൻ സൂര്യന്റേയും കുന്തിയുടേയും പുത്രനാണെന്നും, പാണ്ഡവരോടു ചേരണമെന്നും ഭീഷ്മർ സ്നേഹപൂർവം കർണ്ണനെ ഉപദേശിച്ചു. അധർമ്മപക്ഷത്തു നിൽക്കുന്നതു കണ്ട് തേജോവധം ചെയ്യാനാണ് താൻ നിന്ദിച്ചതെന്നും കർണ്ണന്റെ വീര്യം

---

51. അതേ പുസ്തകം, അദ്ധ്യായം 106, പു.785–786.
52. അതേ പുസ്തകം, അദ്ധ്യായം 107, പു.790–792.
53. അതേ പുസ്തകം, അദ്ധ്യായം 120, പു.836–842.

താൻ മനസ്സിലാക്കിയിട്ടുണ്ടെന്നും ഭീഷ്മർ പറഞ്ഞു. ഇനി പിന്മാറാൻ തനിയ്ക്കാവില്ലെന്ന് കർണ്ണൻ പറഞ്ഞപ്പോൾ ഭീഷ്മർ അയാളെ ആശംസിച്ചയച്ചു[54].

*2. ദ്രോണപർവ്വം*

കർണ്ണന്റെ നിർദ്ദേശമനുസരിച്ച് കൗരവർ ദ്രോണരെ സേനാപതിയാക്കി[55]. അർജ്ജുനനെ യുധിഷ്ഠിരനിൽ നിന്നകറ്റാൻ ത്രിഗർത്തപ്പട പോരിനു വിളിച്ചപ്പോൾ അർജ്ജുനൻ അവരോടെതിർക്കാൻ പോയി[56].

പാണ്ഡവപ്പടയെ നശിപ്പിയ്ക്കാൻ ശ്രമിച്ച ഭഗദത്തനേയും അയാളുടെ ഭയങ്കരനായ ആനയേയും അർജ്ജുനൻ വധിച്ചു[57].

അഭിമന്യുവിനെ കുടുക്കാൻ ദ്രോണർ ചക്രവ്യൂഹം നിർമ്മിച്ചു. ഭേദിച്ചു കയറാനല്ലാതെ തിരിച്ചിറങ്ങാനറിയാത്ത അഭിമന്യു നിവൃത്തിയില്ലാതെ ഒരു ങ്ങിയിറങ്ങി. പാണ്ഡവർക്ക് ഒരു തരത്തിലും സഹായിക്കാൻ കഴിയാത്തവിധം വ്യൂഹത്തിൽ കുടുക്കി ശത്രുക്കൾ അഭിമന്യുവിനെ വധിച്ചു[58].

അഭിമന്യുവധത്തിന് കാരണക്കാരായവരിൽ പ്രധാനിയായ ജയദ്രഥനെ അടുത്ത സൂര്യാസ്തമയത്തിന് മുമ്പേ താൻ കൊല്ലും, ഇല്ലെങ്കിൽ അഗ്നിപ്രവേശം ചെയ്യുമെന്ന് അർജ്ജുനൻ ശപഥം ചെയ്തു. ജയദ്രഥന് വേണ്ട സുരക്ഷ കൗരവർ വിദഗ്ദ്ധമായിത്തന്നെ നിർവ്വഹിച്ചതിനാൽ സൂര്യാസ്തമനമടുത്തിട്ടും വധിയ്ക്കാനായില്ല എന്നു കണ്ട് കൃഷ്ണൻ കൃത്രിമമായി ഇരുൾ സൃഷ്ടിച്ചു. സന്തോഷത്തോടെ പുറത്തുവന്ന ജയദ്രഥനെ അർജ്ജുനൻ വധിച്ചു[59].

കർണ്ണന്റെ പരാക്രമം ഘോരമായിക്കൊണ്ടിരിയ്ക്കേ ഒരു രാത്രി യുദ്ധത്തിൽ കൃഷ്ണൻ ഘടോൽക്കചനെ കർണ്ണന്റെ നേർക്കയച്ചു. കർണ്ണന്

54. അതേ പുസ്തകം, അദ്ധ്യായം 122, പു.842–844.
55. അതേ പുസ്തകം, വാല്യം 4, അദ്ധ്യായം 5, പു.29.
56. അതേ പുസ്തകം, അദ്ധ്യായം 18, പു.65.
57. അതേ പുസ്തകം, അദ്ധ്യായം 29, പു.100.
58. അതേ പുസ്തകം, അദ്ധ്യായം 35–50, പു.114–146.
59. അതേ പുസ്തകം, അദ്ധ്യായം 73,146, പു.186,414.

അർജ്ജുനനായി താൻ കരുതിവെച്ച വൈജയന്തിയെന്ന വേൽ ഘടോൽക്കചന്റെ നേർക്ക് പ്രയോഗിയ്ക്കേണ്ടിവന്നു[60].

ദ്രുപദനേയും വിരാടനേയും ദ്രോണർ വധിച്ചു. ധൃഷ്ടദ്യുമ്നൻ ദ്രോണരെ വധിയ്ക്കുമെന്ന് പ്രതിജ്ഞ ചെയ്തു. അശ്വത്ഥാമാവ് മരിച്ചുവെന്ന് പ്രഖ്യാപിയ്ക്കാൻ കൃഷ്ണൻ പറഞ്ഞപ്പോൾ അർജ്ജുനൊഴികെയുള്ള പാണ്ഡവർ സമ്മതിച്ചു. ദ്രോണർ ചോദിച്ചപ്പോൾ കൃഷ്ണന്റേയും ഭീമന്റേയും പ്രേരണയാൽ യുധിഷ്ഠിരൻ അശ്വത്ഥാമാവ് മരിച്ചു എന്നുറക്കേയും അസത്യഭയത്താൽ ആനയെന്ന് പതുക്കെയും പറഞ്ഞു. ദ്രോണർ വീണ്ടും യുദ്ധത്തിനൊരുങ്ങുന്നത് കണ്ട് ഭീമൻ നിന്ദിച്ച് പലതും പറഞ്ഞു. മനസ്സു മടുത്ത ദ്രോണർ ആയുധം വെടിഞ്ഞ് തേർത്തട്ടിലിരുന്ന് ധ്യാനത്തിൽ മുഴുകി ആത്മാവിനെ ഈശ്വരനിൽ ലയിപ്പിച്ചു. ആ സമയം ധൃഷ്ടദ്യുമ്നൻ ദ്രോണരുടെ തലയറുത്തു[61].

ക്രുദ്ധനായ അശ്വത്ഥാമാവ് പാണ്ഡവപക്ഷത്തിനെതിരെ നാരായണാസ്ത്രം പ്രയോഗിച്ചു. ഭീമസേനൻ നാരായണാസ്ത്രത്തെ വന്ദിയ്ക്കാൻ ശ്രീകൃഷ്ണൻ പറഞ്ഞത് അനുസരിച്ചില്ല. കൃഷ്ണനും അർജ്ജുനനും ഭീമനെ നിർബന്ധിച്ച് ആയുധം വെപ്പിച്ചു. അങ്ങനെ നാരായണാസ്ത്രം ശാന്തമായി[62].

### *3. കർണ്ണപർവ്വം*

അർജ്ജുനസംഹാരത്തിന് തനിയ്ക്ക് കൃഷ്ണനൊത്ത സാരഥി വേണമെന്ന് കർണ്ണൻ പറഞ്ഞു. ശല്യരെയാണ് കർണ്ണൻ നിർദ്ദേശിച്ചത്[63].

കർണ്ണനുമായുള്ള യുദ്ധത്തിൽ യുധിഷ്ഠിരൻ തോറ്റോടി പാളയത്തിൽ അഭയം തേടി. കർണ്ണനെ കൊല്ലാത്തതിന്റെ പേരിൽ യുധിഷ്ഠിരൻ

60. അതേ പുസ്തകം, അദ്ധ്യായം 174,180, പു.509, 532.
61. അതേ പുസ്തകം, അദ്ധ്യായം 187, 191–193, പു.555, 567–577.
62. അതേ പുസ്തകം, അദ്ധ്യായം 200–201, പു.597–601.
63. അതേ പുസ്തകം, കർണ്ണപർവ്വം, അദ്ധ്യായം 31, പു.712.

അർജ്ജുനനെ ശകാരിച്ചു. ഇരുവരും തമ്മിൽ കടുത്ത കലഹം തന്നെയുണ്ടായി[64]. ഭീമൻ ദുശ്ശാസനന്റെ മാറ് വാളുകൊണ്ട് പിളർന്ന് ചോര കുടിച്ചു[65].

അർജ്ജുനപരാക്രമം കണ്ട് അശ്വത്ഥാമാവ് ദുര്യോധനനോട് പാണ്ഡവരുമായി സന്ധിചെയ്യാൻ പറഞ്ഞത് അയാൾ അനുസരിച്ചില്ല[66].

കർണ്ണൻ അർജ്ജുനന്റെ ശിരസ്സിനെതിരെ നാഗാസ്ത്രം പ്രയോഗിച്ചപ്പോൾ കൃഷ്ണൻ തേർത്തട്ടമർത്തി കുതിരകളെ മുട്ടുകുത്തിച്ച് അർജ്ജുനനെ രക്ഷിച്ചു[67].

കർണ്ണന്റെ തേർച്ചക്രം ഭൂമിയിലാണ്ടു. തന്റെ അസ്ത്രമേറ്റ് അർജ്ജുനനുലയുന്നതുകണ്ട ഒരുനിമിഷം കർണ്ണൻ ചക്രമുയർത്താൻ ശ്രമിച്ചു. കൃഷ്ണന്റെ നിർദ്ദേശമനുസരിച്ച് അർജ്ജുനൻ ഒരസ്ത്രം കൊണ്ട് കർണ്ണന്റെ തലയറുത്തു[68].

കൃപാചാര്യർ ദുര്യോധനനോട് യുദ്ധത്തിൽനിന്നു പിൻവാങ്ങാൻ പറഞ്ഞു. ഇനി പാണ്ഡവദാസനായി കഴിയാനാകില്ലെന്നു പറഞ്ഞ് ദുര്യോധനനതു നിരസിച്ചു[69].

### *4. ശല്യപർവ്വം*

ശല്യരെ യുധിഷ്ഠിരൻ വധിച്ചു[70].

ശുഷ്ക്കമായിത്തീർന്ന ദുര്യോധനസൈന്യം പല തവണ യുദ്ധത്തിനൊരുങ്ങുകയും തോറ്റു പിന്മാറുകയും ചെയ്തു. സഹദേവൻ ശകുനിയെ വധിച്ചു[71].

---

64. അതേ പുസ്തകം, അദ്ധ്യായം 63,66–69, പു.830,837–848.
65. അതേ പുസ്തകം, അദ്ധ്യായം 83, പു.909–911.
66. അതേ പുസ്തകം, അദ്ധ്യായം 88, പു.931–932.
67. അതേ പുസ്തകം, അദ്ധ്യായം 90, പു.946.
68. അതേ പുസ്തകം, അദ്ധ്യായം 90,91, പു.955–960.
69. അതേ പുസ്തകം, ശല്യപർവ്വം, അദ്ധ്യായം 4,5, പു.995–1000.
70. അതേ പുസ്തകം, അദ്ധ്യായം 17, പു.1041.
71. അതേ പുസ്തകം, അദ്ധ്യായം 28, പു.1081.

നിസ്സഹായനായ ദുര്യോധനൻ ഒരു കയത്തിൽ ഒളിച്ചിരുന്നു. മായ കൊണ്ട് ജലം സ്തംഭിപ്പിച്ചു[72].

കൃപരും, അശ്വത്ഥാമാവും, കൃതവർമ്മാവും കയത്തിനടുത്ത് ഒളിച്ചെത്തി ദുര്യോധനനെ യുദ്ധത്തിനു പ്രോത്സാഹിപ്പിച്ചു. ഭീമന് മാംസം കൊണ്ടു കൊടുക്കുന്ന വേടന്മാർ ഇത് കേട്ട് പാണ്ഡവരെ വിവരമറിയിച്ചു[73].

പാണ്ഡവർ കയത്തിനടുത്തെത്തി.കൃഷ്ണന്റെ നിർദ്ദേശപ്രകാരം ദുര്യോധനനെ പ്രകോപിപ്പിയ്ക്കുന്ന വിധം യുധിഷ്ഠിരൻ വെല്ലുവിളിച്ചു[74].

തീർത്ഥാടനത്തിനുപോയ ബലരാമൻ ആ സമയത്താണ് തിരിച്ചെത്തിയത്[75].

ഗദായുദ്ധത്തിൽ ഭീമൻ തളരുന്നത് കണ്ട് കൃഷ്ണൻ പറഞ്ഞ പ്രകാരം അർജ്ജുനൻ ഇടത്തെ തുടയിൽ തട്ടി സൂചനനൽകി. ദുര്യോധനനെ ഭീമൻ തുടയ്ക്കടിച്ചു വീഴ്ത്തി, തങ്ങളോട് കൗരവർ ചെയ്ത അപരാധങ്ങളെടുത്ത് പറഞ്ഞ് ശിരസ്സിൽ ചവിട്ടി[76].

ക്രുദ്ധനായി യുദ്ധത്തിനൊരുങ്ങിയ ബലരാമനെ ശ്രീകൃഷ്ണൻ മൈത്രേയമഹർഷിയുടെ ശാപം സൂചിപ്പിച്ച് ശാന്തനാക്കി[77].

താൻ രാജ്യം നന്നായി പരിപാലിയ്ക്കുകയും സകല ഐശ്വര്യങ്ങളും അനുഭവിക്കുകയും ചെയ്തുവെന്നും, ഇനി സുഹൃത്തുക്കളോടും സഹോദരങ്ങളോടുമൊപ്പം സ്വർഗ്ഗം പൂകുമെന്നും, പാണ്ഡവർക്ക് ദുഃഖം മാത്രമേ ഉണ്ടാകൂ എന്നും ദുര്യോധനൻ പറഞ്ഞപ്പോൾ പുഷ്പവൃഷ്ടിയും വാദ്യഘോഷങ്ങളുമുണ്ടായി[78].

---

72. അതേ പുസ്തകം, അദ്ധ്യായം 29, പു.1086.
73. അതേ പുസ്തകം, അദ്ധ്യായം 30, പു.1089–1091.
74. അതേ പുസ്തകം, അദ്ധ്യായം 31, പു.1093–1097.
75. അതേ പുസ്തകം, അദ്ധ്യായം 34, പു.1107.
76. അതേ പുസ്തകം, അദ്ധ്യായം 58, പു.1187–1191.
77. അതേ പുസ്തകം, അദ്ധ്യായം 60, പു.1193–1194.
78. അതേ പുസ്തകം, അദ്ധ്യായം 61, പു.1199.

പാണ്ഡവപക്ഷം സന്തോഷത്തോടെ ശിബിരത്തിൽ കുറച്ചു സമയം കഴിച്ചുകൂട്ടി. ഇനി ശിബിരം വിട്ടു നിൽക്കുകയാണ് നല്ലതെന്ന് പറഞ്ഞ് കൃഷ്ണൻ പാണ്ഡവരേയും സാത്യകിയേയും കൂട്ടി ഓഘവതീ നദീതീരത്ത് താമസിച്ചു[79].

ദുര്യോധനൻ അശ്വത്ഥാമാവിനെ അടുത്ത സേനാപതിയായഭിഷേചിച്ചു[80]

*5. സൗപ്തികപർവ്വം*

രാത്രി തന്നെ പാണ്ഡവരെ നശിപ്പിയ്ക്കാൻ അശ്വത്ഥാമാവ് തീർച്ചയാക്കി. ശിവനെ ധ്യാനിച്ച് പ്രത്യക്ഷപ്പെടുത്തി. ശിവൻ ഒരു വാൾ അശ്വത്ഥാമാവിന് നൽകുകയും സ്വയം അശ്വത്ഥാമാവിൽ പ്രവേശിയ്ക്കുകയും ചെയ്തു. പാണ്ഡവപ്പാളയത്തിലുള്ളവരെ മുഴുവൻ ദ്രൗണി കൊലപ്പെടുത്തി. കൃപരും കൃതവർമ്മനും സഹായിച്ചു[81].

അശ്വത്ഥാമാവും കൃപരും കൃതവർമ്മാവും, പാണ്ഡവരേയും കൃഷ്ണനേയും സാത്യകിയേയുമൊഴികെ എല്ലാവരേയും തങ്ങൾ ഇല്ലായ്മ ചെയ്ത കാര്യം ദുര്യോധനനെ അറിയിച്ചു. ദുര്യോധനൻ സന്തോഷത്തോടെ പ്രാണൻ വെടിഞ്ഞു[82].

## 24. യുദ്ധാനന്തരസംഭവങ്ങൾ

അശ്വത്ഥാമാവിനോട് പകരം വീട്ടിയില്ലെങ്കിൽ താൻ പ്രായോപവേശം ചെയ്യുമെന്ന് ദ്രൗപദി പ്രതിജ്ഞ ചെയ്തു[83].

ഭീമനും അർജ്ജുനനും അശ്വത്ഥാമാവിനോടേറ്റുമുട്ടി. അശ്വത്ഥാമാവ് ബ്രഹ്മശിരോസ്ത്രം പ്രയോഗിച്ചു. അർജ്ജുനൻ തിരിച്ചും ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. വ്യാസനും നാരദനും ലോകരക്ഷയ്ക്കായി അസ്ത്രം സംഹരിയ്ക്കാൻ ആവശ്യപ്പെട്ടു. അർജ്ജുനനതനുസരിച്ചു. സംഹരിയ്ക്കാനറിയാത്ത

79. അതേ പുസ്തകം, അദ്ധ്യായം 62, പു.1202.
80. അതേ പുസ്തകം, അദ്ധ്യായം 65, പു.1213.
81. അതേ പുസ്തകം, വാല്യം അഞ്ച്, അദ്ധ്യായം 7,8, പു.33–45.
82. അതേ പുസ്തകം, അദ്ധ്യായം 9, പു.48,49.
83. അതേ പുസ്തകം, അദ്ധ്യായം 11, പു.53.

അശ്വത്ഥാമാവ് അത് ഉത്തരയുടെ ഗർഭത്തിലേയ്ക്കയച്ചു[84]. വ്യാസകല്പനയനുസരിച്ച് അശ്വത്ഥാമാവ് തന്റെ ശിരസ്സിലണിഞ്ഞിട്ടുള്ള ദിവ്യരത്നം പാണ്ഡവർക്കു നൽകി. ഉത്തരയുടെ ഗർഭത്തിലുള്ള ശിശുവിനെ താൻ ജീവിപ്പിയ്ക്കുമെന്ന് കൃഷ്ണൻ പറഞ്ഞു. ശ്രീകൃഷ്ണശാപമേറ്റ അശ്വത്ഥാമാവ് കാട്ടിലേയ്ക്കു പോയി[85].

പോരിനിറങ്ങിയ കുരുപാണ്ഡവരെ നാശത്തിൽ നിന്നു രക്ഷിയ്ക്കാത്തതിനാൽ യാദവവംശവും ഇതുപോലെ നശിയ്ക്കുമെന്നും, യാദവസ്ത്രീകൾ തങ്ങളെപ്പോലെ ദുഃഖിയ്ക്കുമെന്നും തന്റെ തപസ്സിനെ മുൻനിർത്തി ഗാന്ധാരി ശ്രീകൃഷ്ണനെ ശപിച്ചു[86]

പാണ്ഡവർ മരിച്ചവർക്കുള്ള ജലാഞ്ജലി അർപ്പിയ്ക്കുന്ന സമയം കുന്തീദേവി കർണ്ണൻ തന്റേയും സൂര്യദേവന്റേയും മകനാണെന്ന സത്യം വെളിപ്പെടുത്തുകയും കർണ്ണനുവേണ്ടിയും ജലാഞ്ജലി അർപ്പിയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു[87].

ജ്യേഷ്ഠനെ വധിച്ചതോർത്തു വിഷമിയ്ക്കുന്ന യുധിഷ്ഠിരനെ കുന്തി സമാധാനിപ്പിച്ചു. ഒരു രഹസ്യവും സൂക്ഷിയ്ക്കാൻ കഴിയാതെ പോകട്ടെയെന്ന് യുധിഷ്ഠിരൻ സ്ത്രീവർഗ്ഗത്തെ മുഴുവൻ ശപിച്ചു[88].

യുധിഷ്ഠിരൻ യുദ്ധം കൊണ്ടും നാശം കൊണ്ടും നേടിയ രാജ്യം തനിയ്ക്കുവേണ്ടെന്നും, വനവാസം സ്വീകരിയ്ക്കുകയാണെന്നും, രാജ്യഭാരമേൽക്കണമെന്നും അർജ്ജുനനെ വിളിച്ചു പറഞ്ഞു. അനുജൻമാരും, ദ്രൗപദിയും, ദേവസ്ഥാനമഹർഷിയും, വ്യാസനും, കൃഷ്ണനും യുധിഷ്ഠിരനെ ഉപദേശിച്ച് മനസ്സുമാറ്റി. പ്രായശ്ചിത്തമായി അശ്വമേധം നടത്താൻ ഉപദേശിയ്ക്കുകയും

---

84. അതേ പുസ്തകം, അദ്ധ്യായം 13–15, പു.57–62.
85. അതേ പുസ്തകം, അദ്ധ്യായം 16, പു.63.
86. അതേ പുസ്തകം, അദ്ധ്യായം 25, പു.118.
87. അതേ പുസ്തകം, അദ്ധ്യായം 27, പു.122.
88. അതേ പുസ്തകം, ശാന്തിപർവ്വം, അദ്ധ്യായം 6, പു.136.

നല്ല ഭരണത്തിന് വേണ്ടി രാജാക്കന്മാർ ചെയ്യേണ്ട കാര്യങ്ങൾ വിശദമായി പറഞ്ഞുകൊടുക്കുകയും ചെയ്തു[89].

### 25. സഭാപ്രവേശം – ചാർവ്വാകവധം

യുധിഷ്ഠിരൻ രാജ്യഭാരമേൽക്കാനൊരുങ്ങി ഹസ്തിനപുരത്തേയ്ക്ക് പ്രവേശിച്ചു. ബ്രാഹ്മണാശീർവ്വാദങ്ങളേറ്റുവാങ്ങിക്കൊണ്ടിരിയ്ക്കേ ദുര്യോധനന്റെ സുഹൃത്തായിരുന്ന ചാർവ്വാകൻ എന്ന രാക്ഷസൻ ബ്രാഹ്മണവേഷം ധരിച്ച് അവിടെയെത്തി ബന്ധുഘാതിയെന്ന് നിന്ദിച്ച് യുധിഷ്ഠിരനോട് മരണം വരിക്കാൻ പറഞ്ഞു. ബ്രാഹ്മണർ ജ്ഞാനദൃഷ്ടി കൊണ്ട് സത്യം തിരിച്ചറിഞ്ഞ് തങ്ങളുടെ തേജസ്സിലവനെ ദഹിപ്പിച്ചു. പണ്ട് ബ്രഹ്മാവിൽ നിന്നും ബ്രാഹ്മണാവമാനനം കൊണ്ടല്ലാതെ മറ്റൊന്നിൽ നിന്നും മരണമുണ്ടാകില്ലെന്നു വരം നേടിയ ദുഷ്ടനായ രാക്ഷസനായിരുന്നു ചാർവ്വാകനെന്ന് ശ്രീകൃഷ്ണൻ പറഞ്ഞു[90].

### 26. ധൃതരാഷ്ട്രാദികളുടെ വാനപ്രസ്ഥം

വിദുരർ, സഞ്ജയൻ, യുയുത്സു എന്നിവർ ധൃതരാഷ്ട്രരെ സേവിച്ചു. പാണ്ഡവർ ധൃതരാഷ്ട്രരുടെ ഉപദേശത്തോടെയും പതിനഞ്ചുവർഷം രാജ്യം ഭരിച്ചു. കുന്തിയും പാഞ്ചാലിയും, സുഭദ്രയും മറ്റ് പാണ്ഡവസ്ത്രീകളും, ഗാന്ധാരിയെ ആദരിച്ചു. ഭീമനുമാത്രം കഴിഞ്ഞതൊന്നും മറക്കാനായില്ല. ധാർത്തരാഷ്ട്രവധത്തെക്കുറിച്ച് ഭീമൻ വീരവാദം മുഴക്കുന്നതുകേട്ട് ധൃതരാഷ്ട്രർ ദുഃഖിതനായി[91].

---

89. അതേ പുസ്തകം, അദ്ധ്യായം 7–36, പു.137–211.
90. അതേ പുസ്തകം, അദ്ധ്യായം 38–39, പു.215–217.
91. അതേ പുസ്തകം, വാല്യം ആറ്, ആശ്രമവാസികപർവ്വം, അദ്ധ്യായം 2–11, പു.733–755.

താൻ തപസ്സാഗ്രഹിയ്ക്കുന്നുവെന്ന് ധൃതരാഷ്ട്രർ യുധിഷ്ഠിരനോട് പറഞ്ഞു. വ്യാസന്റെ ഉപദേശം കൂടിയായപ്പോൾ യുധിഷ്ഠിരന് സമ്മതിയ്ക്കേണ്ടിവന്നു. മക്കൾക്കും ബന്ധുമിത്രാദികൾക്കും ശ്രാദ്ധം കൊടുക്കണമെന്ന് ധൃതരാഷ്ട്രരാഗ്രഹിച്ചു. ദുര്യോധനാദികൾക്ക് ശ്രാദ്ധം കൊടുക്കരുതെന്ന ഭീമനെതിർത്തു[92].

കാട്ടിലേയ്ക്കു പുറപ്പെട്ട ധൃതരാഷ്ട്രരുടേയും ഗാന്ധാരിയുടേയും കൂടെ കുന്തിയും പോകുന്നു. യുധിഷ്ഠിരനും ഭീമനും പിന്നെന്തിന് തങ്ങളെ യുദ്ധത്തിനു പ്രേരിപ്പിച്ചുവെന്ന് ചോദിച്ച് അമ്മയെ തടയാൻ ശ്രമിച്ചു. അവരെ കർത്തവ്യോന്മുഖരാക്കുകയാണ് താൻ ചെയ്തതെന്ന് പറഞ്ഞ് കുന്തി യാത്രയായി. ധൃതരാഷ്ട്രരുടെ പ്രേരണകൊണ്ട് ഗാന്ധാരിയും കുന്തിയെ പിന്തിരിയാൻ നിർബ്ബന്ധിച്ചു.[93].

വാനപ്രസ്ഥമനുഷ്ഠിയ്ക്കുന്നവരെ കാണാൻ പാണ്ഡവർ കാട്ടിലേയ്ക്കു പോയി. ധൃതരാഷ്ട്രരേയും ഗാന്ധാരിയേയും കുന്തിയേയും ശതയൂപാശ്രമത്തിൽ വെച്ച് സന്ദർശിച്ച യുധിഷ്ഠിരൻ വിദുരരെ കാണാഞ്ഞന്വേഷിച്ചു[94].

കാട്ടിൽ ഒരു വൃക്ഷത്തിനരികിൽ നിന്ന വിദുരരെ യുധിഷ്ഠിരൻ സമീപിച്ചപ്പോൾ അദ്ദേഹം തന്റെ തേജസ്സ് യുധിഷ്ഠിരനിലേയ്ക്ക് പ്രവേശിപ്പിച്ചു. അവിടെയെത്തിച്ചേർന്ന് വ്യാസൻ വിദുരൻ ധർമ്മനാണ്, ധർമ്മൻ തന്നെയാണ് യുധിഷ്ഠിരൻ എന്നു പറഞ്ഞു[95].

ഗാന്ധാരിയുടേയും കുന്തിയുടേയും ആഗ്രഹാനുസാരം കുരുക്ഷേത്രയുദ്ധത്തിൽ മരിച്ച പുത്രബന്ധുമിത്രാദികളെ വ്യാസൻ ഗംഗാതീരത്തു

92. അതേ പുസ്തകം, അദ്ധ്യായം 3,4,11, പു.738,740,741,755,756.

93. അതേ പുസ്തകം, അദ്ധ്യായം 16,17,18, പു.761–765.

94. അതേ പുസ്തകം, അദ്ധ്യായം 23,26, പു.773,778.

95. അതേ പുസ്തകം, അദ്ധ്യായം 26, പു.779,783.

കൊണ്ടുപോയി എല്ലാവർക്കും കാണിച്ചുകൊടുത്തു[96].

പാണ്ഡവർ തിരികെ ഹസ്തിനപുരത്തെത്തി. രണ്ടു വർഷങ്ങൾക്കു ശേഷം നാരദൻ ഒരിയ്ക്കൽ കൊട്ടാരത്തിലെത്തി. ധൃതരാഷ്ട്രരും ഗാന്ധാരിയും കുന്തിയും കാട്ടുതീയിൽപെട്ട് മരിച്ച കാര്യം അറിയിച്ചു[97].

## 27. യാദവനാശം

മദ്യപാനികളായിത്തീർന്ന യാദവജനത തമ്മിലടിച്ചു നശിച്ചു. വിശ്വാമിത്രൻ, കണ്വൻ, നാരദൻ എന്നിവർ ദ്വാരക സന്ദർശിച്ചപ്പോൾ നേരം പോക്കിന് യാദവകുമാരന്മാർ പ്രവർത്തിച്ച അവിവേകം നിമിത്തം ലഭിച്ച ശാപം യാദവകുലത്തിന്റെ നാശത്തിന് കാരണമായി. കൃഷ്ണനും ബലരാമനും മരിച്ചു[98].

ശ്രീകൃഷ്ണൻ പറഞ്ഞേല്പിച്ചിരുന്നതനുസരിച്ച് അർജ്ജുനൻ ശേഷിച്ചവരെ ഹസ്തിനപുരത്തേയ്ക്ക് കൊണ്ടുപോയി. മാർഗ്ഗമദ്ധ്യേ ദസ്യുക്കൾ ആക്രമിച്ചപ്പോൾ അർജ്ജുനന് അസ്ത്രങ്ങളൊന്നും ഓർമ്മ വന്നില്ല. യാദവസ്ത്രീകളെ ദസ്യുക്കൾ അപഹരിച്ച് കൊണ്ടുപോയി[99].

## 28. മഹാപ്രസ്ഥാനം

പരീക്ഷിത്തിനെ ഹസ്തിനപുരത്തിന്റെ രാജാവായഭിഷേചിച്ച് യുയുത്സുവിനെ ഏല്പിച്ച് ഇന്ദ്രപ്രസ്ഥം യാദവരാജാവായ വജ്രന് കൊടുത്ത് പാണ്ഡവരും പാഞ്ചാലിയും മഹാപ്രസ്ഥാനത്തിനിറങ്ങി. ഒരു നായയും അവരെ പിന്തുടർന്നു[100].

ദ്രൗപദി, സഹദേവൻ, നകുലൻ, അർജ്ജുനൻ, ഭീമൻ എന്നിവരൊക്കെ മാർഗ്ഗമദ്ധ്യേ പലപ്പോഴായി നിലംപതിച്ചു. അഹങ്കാരമാണാ പതനങ്ങൾക്ക്

---

96. അതേ പുസ്തകം, അദ്ധ്യായം 32, പു.791.
97. അതേ പുസ്തകം, അദ്ധ്യായം 37, പു.800–802.
98. അതേ പുസ്തകം, അദ്ധ്യായം 1–4,6, പു.810–818, 821–823.
99. അതേ പുസ്തകം, അദ്ധ്യായം 7, പു.824,825.
100. അതേ പുസ്തകം, മഹാപ്രസ്ഥാനികപർവ്വം, അദ്ധ്യായം 1, പു.831,832.

കാരണമായി യുധിഷ്ഠിരൻ കണ്ടത്[101].

ഇന്ദ്രൻ യുധിഷ്ഠിരനെ സ്വർഗ്ഗത്തിലേയ്ക്ക് ക്ഷണിച്ചപ്പോൾ തന്നെ പിന്തുടർന്നു വന്ന നായയേയും കൂടെ കൂട്ടണമെന്ന് യുധിഷ്ഠിരൻ ശഠിച്ചു. ആ നായ യമധർമ്മനായിരുന്നു[102].

ദുര്യോധനാദികളെ സ്വർഗ്ഗത്തിലും സഹോദരങ്ങളേയും പാഞ്ചാലിയേയും നരകത്തിലും യുധിഷ്ഠിരൻ കണ്ടു. പാപികൾ ആദ്യം സ്വർഗ്ഗത്തിലും സുകൃതികൾ നരകത്തിലും എത്തുമെന്നും പിന്നീടത് മാറുമെന്നും ഇന്ദ്രൻ സമാധാനിപ്പിച്ചു. പാണ്ഡവപക്ഷക്കാരും, ആചാര്യന്മാരും ഏതു ദേവന്റെ അംശമാണ് എന്ന സൂചനയോടെ അവരെയൊക്കെ സ്വർഗ്ഗത്തിൽകാണിച്ചു കൊടുത്തു. കാട്ടാളന്മാർ യക്ഷരിലും ദുര്യോധനാദികൾ രാക്ഷസരിലും ചെന്നു ചേർന്നു[103].

## കഥാപാത്രങ്ങളുടെ വ്യക്തിത്വം

പഠനവിധേയമാകുന്ന നോവലുകളിലെ പ്രധാനകഥാപാത്രങ്ങൾക്ക് മൂലകൃതിയിൽ നിബന്ധിച്ചിരിയ്ക്കുന്ന വ്യക്തിത്വമെന്താണെന്ന് പൊതുവേ പരിശോധിയ്ക്കേണ്ടതുണ്ട്.

### 1. കുന്തി

രാജകുടുംബത്തിൽ ജനിച്ചിട്ടും രാജൈശ്വര്യങ്ങൾ സ്വസ്ഥമായി അനുഭവിയ്ക്കാൻ കഴിയാതെ പോയവളാണ് കുന്തി. സ്രഷ്ടാവിനെത്തന്നെ തളർത്തിക്കളഞ്ഞത്ര ദുരിതങ്ങൾ അനുഭവിച്ച കഥാപാത്രമാണ് കുന്തി എന്ന് പക്ഷമുണ്ട്[104]. ആദ്യം അച്ഛനമ്മമാരാൽ തിരസ്കൃതയായി. വളർത്തച്ഛനായ കുന്തീഭോജന്റെ കൊട്ടാരത്തിൽ പൃഥയെന്ന സ്വന്തം പേരുമാറ്റി കുന്തിയെന്ന

101. അതേ പുസ്തകം, അദ്ധ്യായം 2, പു.834–836.

102. അതേ പുസ്തകം, അദ്ധ്യായം 3, പു.836–838.

103. അതേ പുസ്തകം, സ്വർഗ്ഗാരോഹണികപർവ്വം, അദ്ധ്യായം 2–5, പു.845–854.

104. ലളിതാംബികാ അന്തർജ്ജനം, " 'കുന്തി' എന്ന വീരമാതാവ് ", *സീത മുതൽ സത്യവതി വരെ* (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1972), പു.108.

പേരിൽ ജീവിയ്ക്കേണ്ടിവന്നു. അച്ഛനിൽ നിന്നോ, ഭർത്താവിൽ നിന്നോ മക്കളിൽ നിന്നോ – രക്ഷകരായിരിക്കേണ്ട ആരിൽ നിന്നും സംരക്ഷണം ലഭിച്ചില്ല. കുട്ടിക്കാലം തൊട്ടേ തിരസ്ക്കാരങ്ങൾ അനുഭവിയ്ക്കേണ്ടിവന്നതി നാലാകണം കുന്തി വളരെ പക്വമതിയായിരുന്നു. ഒരു ചാപല്യം അവൾക്ക് പറ്റിപ്പോയത് ദുർവ്വാസാവ് നൽകിയ വരം പ്രയോഗിയ്ക്കാനുള്ള കൗതുക മായിരുന്നു. പക്ഷേ പിന്നീട് കുന്തി എല്ലാം ആലോചിച്ചും ആസൂത്രണം ചെയ്തുമാണ് പ്രവർത്തിയ്ക്കുന്നത്.

പ്രഥമസന്താനത്തെ ഉപേക്ഷിച്ചത് അപവാദഭയം കൊണ്ടാണ്. ആ കുഞ്ഞ് എത്തിച്ചേർന്നത് എവിടെയെന്ന് രഹസ്യമായി അന്വേഷിച്ചറിഞ്ഞിരു ന്നു. പക്ഷേ പാണ്ഡു തന്നെ അനപത്യതയിൽ നിന്നും രക്ഷിയ്ക്കാനപേക്ഷി ച്ചപ്പോൾ അവൾ കർണ്ണന്റെ കാര്യം പറഞ്ഞില്ല. അന്നത്തെ നിയമമനുസരിച്ച് കർണ്ണൻ പാണ്ഡുവിന്റെ മകൻ തന്നെ. പക്ഷേ അഭിമാനിയായ കുന്തി തന്നിൽവന്നു ചേരാവുന്ന കളങ്കത്തെക്കുറിച്ച് ചിന്തിച്ചിരിയ്ക്കാം. ഒരു പക്ഷേ പാണ്ഡു അംഗീകരിച്ചാൽ തന്നെ അത് ലോകരറിയും എന്ന ഭീതിയാകാം കുന്തിയെ അങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചത്.

ഹസ്തിനപുരത്തിന്റെ വധുവിന്റെ യശസ്സ് കാത്തുസൂക്ഷിയ്ക്കണമെന്ന ധർമ്മബോധവും കുന്തിയുടെ മനസ്സിലുണ്ടായിരിയ്ക്കാം. ഭർത്താവിന്റെ നിർബ്ബന്ധം കാരണമാണ് ദുർവ്വാസാവ് നൽകിയ വരത്തെക്കുറിച്ച് കുന്തി പറയുന്നതും മൂന്നു ദേവന്മാരിൽ നിന്നും മൂന്ന് പുത്രന്മാരെ നേടിയതും. വീണ്ടും പാണ്ഡു ആവശ്യപ്പെട്ടപ്പോൾ അത് ധർമ്മമനുവദിയ്ക്കുന്നില്ലെന്ന് പറഞ്ഞ് നിഷേധിച്ചു. മാദ്രിയുടെ അമ്മയാകാനുള്ള ആഗ്രഹം കണ്ട് പാണ്ഡു ആവശ്യപ്പെട്ടപ്പോൾ കുന്തി അവൾക്ക് ദേവാവാഹനമന്ത്രം ഉപദേശിച്ചു കൊടു ത്തു. അവൾ അശ്വനീദേവകളെ സ്വീകരിച്ച് ഇരട്ടക്കുട്ടികൾക്ക് ജന്മം

നൽകിയത് ഉചിതമായി തോന്നായ്കയാൽ വീണ്ടും മന്ത്രോപദേശം നൽകാൻ കുന്തി തയ്യാറായില്ല. മാദ്രി കാരണം പാണ്ഡു മരിച്ചപ്പോൾ മാദ്രിയെ കുറ്റക്കാരിയായാരോപിച്ച് കുന്തി ശകാരിച്ചു – ഈ സന്ദർഭങ്ങളെ മുൻനിർത്തി കുന്തി ക്രൂരയാണെന്നഭിപ്രായമുണ്ടായിട്ടുണ്ട്[105]. പക്ഷേ ധർമ്മത്തിനിത്രയും പ്രാധാന്യം നൽകുന്ന കുന്തി മാദ്രിയുടെ പ്രവൃത്തിയിൽ ധർമ്മലോപം കണ്ടതിലും അതിനെ പ്രോത്സാഹിപ്പിയ്ക്കാതിരുന്നതിലും ക്രൂരതയുണ്ടോ ? സപത്നിയോട് ദേഷ്യമുണ്ടെങ്കിൽ ഒരിയ്ക്കൽപോലും വരം നൽകാൻ കുന്തി തയ്യാറാകുമായിരുന്നില്ല. ഒരിയ്ക്കലും മാദ്രേയരോട് കുന്തി അകൽച്ച കാണിച്ചിട്ടുമില്ല, മറിച്ച് കൂടുതൽ വാത്സല്യം നൽകിയിട്ടുമുണ്ട്. ശാപഗ്രസ്തനായ ഭർത്താവിന്റെ ആയുസ്സിനുവേണ്ടി താൻ കഷ്ടപ്പെട്ടതെല്ലാം മാദ്രിയുടെ പ്രവൃത്തികൊണ്ട് വിഫലമായല്ലോ എന്ന ചിന്തയാണല്ലോ കുന്തിയെ പാണ്ഡുവിന്റെ മരണവാർത്തയറിഞ്ഞപ്പോൾ വ്യാകുലയാക്കിയിട്ടുണ്ടാവുക. ആ ശകാരത്തിലും പെട്ടെന്നുണ്ടായ വികാരാവേശമല്ലാതെ ക്രൂരത കാണാനാകില്ല. പിന്നീടുള്ള ജീവിതകാലം മുഴുവൻ മക്കളെ കൗന്തേയരെന്നും മാദ്രേയരെന്നും മാറ്റി നിർത്താതെ പാണ്ഡവരാക്കി വളർത്തി അവർക്കർഹതപ്പെട്ടതെല്ലാം നേടിക്കൊടുക്കാൻ ശ്രമിയ്ക്കുകയാണ് കുന്തി ചെയ്തത്.

ഒരിയ്ക്കലും കൗരവരെ ആക്രമിയ്ക്കാൻ മക്കളോട് കുന്തി പറഞ്ഞിട്ടില്ല. കഴിയുന്നത്ര അപകടങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കുകയാണവർ ചെയ്തത്. പക്ഷേ അവകാശം വിട്ടുകൊടുക്കാനും കുന്തി പറഞ്ഞില്ല. അതായത് മക്കൾക്കർഹതയുള്ള രാജ്യാവകാശം അവർക്കു ലഭിയ്ക്കണമെന്നു തന്നെയായിരുന്നു കുന്തിയുടെ ആഗ്രഹം. കൗരവർ തങ്ങളെ ഉപദ്രവിയ്ക്കുമ്പോഴെല്ലാം നിശ്ശബ്ദയായിരുന്ന കുന്തി മക്കൾ യുദ്ധത്തിനൊരുങ്ങാതെ സന്ധി

105. ഇരാവതികാർവെ, 'കുന്തി', *മഹാഭാരതപഠനങ്ങൾ*, വിവ: പി.ആർ.നായർ, (മൈത്രി ബുക്സ്, തിരുവനന്തപുരം, 2008), പു.42.

ആഗ്രഹിയ്ക്കുന്നതു കണ്ടപ്പോഴാണ് മക്കളിൽ യുദ്ധവീര്യമുണർത്താൻ ശ്രമിച്ചത്. ദ്രൗപദിയ്ക്കേറ്റ അപമാനത്തിന് പ്രതികാരം ചെയ്യണമെന്നെടുത്തു പറയുന്നുമുണ്ട്. പാണ്ഡവരുടെ വീരത്വത്തിനുപിന്നിൽ ശക്തയായ അമ്മ യുണ്ടെന്ന അഭിപ്രായം[106] ഈ ക്ഷാത്രവീര്യം തന്നെയാണ് സൂചിപ്പിക്കുന്നത്.

ദ്രൗപദിയാണ് ഭിക്ഷ എന്നറിയാതെയാണ് മക്കളോട് പങ്കിട്ടെടുത്തു കൊള്ളാൻ കുന്തി പറഞ്ഞത്. മാതൃവചനം തെറ്റാതിരിയ്ക്കാൻ എന്തു ചെയ്യ ണമെന്ന കുന്തിയുടെ ചോദ്യത്തിനുത്തരം കണ്ടത് വ്യാസനും, ദ്രുപദനുമൊ ക്കെചേർന്നാണ്. വാരണാവതത്തിൽ, അരക്കില്ലത്തിൽ കാട്ടാളത്തിയേയും മക്കളേയും സൽക്കരിച്ചതും അഗ്നിയ്ക്കിരയാക്കിയതും യുധിഷ്ഠിരനിർദ്ദേ ശമനുസരിച്ചായിരുന്നു. അന്നത്തെ സമ്പ്രദായം കാട്ടാളരെ കൊല്ലുന്നത് പാപ മായി കണക്കാക്കുന്നുമില്ല. അവിടേയും കുന്തി വക്രബുദ്ധി കാണിച്ചെന്നു പറയാനാവില്ല.

യുദ്ധം ആസന്നമായപ്പോൾ കുന്തി കർണ്ണനെ ഭയന്നാണ് പാണ്ഡവ പക്ഷത്തേയ്ക്ക് ചേർക്കാനെത്തിയത്. അർജ്ജുനനെയൊഴികെ മറ്റാരേയും കൊല്ലില്ലെന്ന് വാക്കുകൊടുത്ത് കർണ്ണൻ അമ്മയെ തിരിച്ചയച്ചു. പക്ഷേ ഇതി നൊരു മറുപുറമുണ്ട്. കൃഷ്ണൻ കൂടെ നിൽക്കുമ്പോൾ തന്റെ മക്കൾക്ക് തോൽവി പറ്റില്ലെന്നറിയാമായിരുന്ന കുന്തി ഭയക്കുക കർണ്ണനെയല്ല, കർണ്ണനു സംഭവിയ്ക്കാവുന്ന മരണത്തെയാണ്, വലിയ പ്രതീക്ഷയോടെയല്ല കർണ്ണനെ കാണാൻ പോയതെന്നതിനാൽ കർണ്ണന്റെ വാക്കുകൾ കേട്ട് കുന്തി തിരിച്ചു പോന്നു. പ്രലോഭിപ്പിച്ച് വശംവദനാക്കാമെന്ന ശുഭപ്രതീക്ഷയൊന്നുമില്ലെങ്കിലും ആ ശ്രമം നടത്തിയത് ധർമ്മത്തോടൊപ്പം കർണ്ണന്റെ ജീവൻ കൂടി രക്ഷിയ്ക്ക ണമെന്നുദ്ദേശിച്ചായിരിയ്ക്കുമല്ലോ. ഈ വാക്കുകൾ യുധിഷ്ഠിരനോടു പറ യാതിരുന്നത് മാതൃവചനത്തിനേറെ പ്രാധാന്യം കൊടുക്കുന്ന യുധിഷ്ഠിരൻ

106. Radice William, 'The slaying of Baka', *Myths & Legends of India* (Penguin books, India, 2000), p.291.

പിന്നെ കർണ്ണനെ എതിർക്കില്ല എന്നോർത്താകണം. യുധിഷ്ഠിരൻ കർണ്ണന് രാജ്യം വിട്ടുകൊടുക്കും, അങ്ങനെ വിജയം അധർമ്മപക്ഷത്തിനാകും എന്ന് കരുതിയിരിക്കാം. കർണ്ണൻ പാണ്ഡവപക്ഷത്തേയ്ക്ക് ചേരാൻ സന്നദ്ധനാ യെങ്കിൽ ആ രഹസ്യം എല്ലാവരും അറിയുമായിരുന്നു. അപ്പോൾ കുന്തി ആ സങ്കീർണ്ണമായ അവസരത്തിൽ തന്റെ യശസ്സിനേക്കാൾ ധർമ്മത്തിനും പുത്രസ്നേഹത്തിനും പ്രാധാന്യം കൊടുത്തുവെന്നർത്ഥം. കർണ്ണനോടുള്ള സ്നേഹത്തിനേക്കാൾ ധർമ്മത്തിനു തന്നെയാണ് പ്രാധാന്യം കൊടുത്തതെന്ന പക്ഷം[107] ചിലർക്കുണ്ട്. പക്ഷേ പുത്രസ്നേഹമില്ലെന്ന് തീർത്തു പറയാനാവില്ല. എങ്കിൽ കർണ്ണനെ രക്ഷിയ്ക്കാനുള്ള ശ്രമം നടത്തില്ലല്ലോ. മാതാവാകുമ്പോ ഴുള്ള ചിത്തവൃത്തികൾ കാരണം പാണ്ഡവരേയും കർണ്ണനേയും രണ്ടു തരത്തിൽ കണ്ടുവെന്നും പക്ഷമുണ്ട്[108]. എങ്കിൽ കർണ്ണനെ രക്ഷിയ്ക്കാൻ ശ്രമിയ്ക്കില്ലല്ലോ? മാതൃധർമ്മം നിറവേറ്റാൻ തന്നെയാണ് കുന്തി ശ്രമിച്ചത്. അധാർമ്മികമായ മാർഗ്ഗം സ്വീകരിച്ചില്ലെന്നു മാത്രം. കർണ്ണന്റെ കാര്യം യുദ്ധാ നന്തരം യുധിഷ്ഠിരനോട് കുന്തി പറയുന്നതും കർമ്മങ്ങൾ ചെയ്യാൻ നിർദ്ദേ ശിയ്ക്കുന്നതും അതു കൊണ്ടാണ്.

കുന്തിയുടെ ധർമ്മബോധത്തിന്റെ ഔന്നത്യം തികച്ചും പ്രകടമാകുന്നത് ധൃതരാഷ്ട്രരുടേയും ഗാന്ധാരിയുടേയും കൂടെ വാനപ്രസ്ഥം സ്വീകരിച്ച പ്പോഴാണ്. ജീവിതാന്ത്യത്തിലെങ്കിലും രാജൈശ്വര്യങ്ങളോടുകൂടെയിരിയ്ക്കാൻ എല്ലാവരും നിർബ്ബന്ധിച്ചിട്ടും കുന്തി തയ്യാറായില്ല. നിർബ്ബന്ധിയ്ക്കുന്ന മക്ക ളോട് കുന്തി പറയുന്ന മറുപടിയും ശ്രദ്ധേയമാണ്. മക്കൾക്ക് ക്ഷത്രിയധർമ്മം അനുഷ്ഠിക്കുവാനും അർഹതപ്പെട്ട രാജ്യം സ്വന്തമാക്കാനും ഉള്ള പ്രോത്സാ ഹനം ഒരു രാജമാതാവെന്ന നിലയ്ക്കും ക്ഷത്രിയയെന്ന നിലയ്ക്കും പാണ്ഡുവിന്റെ സ്ഥാനത്തുനിന്ന് ചെയ്യുകയായിരുന്നു കുന്തി. സ്വയം

107. ത്രിവിക്രമൻ നമ്പൂതിരിപ്പാട്.ടി.എം., 'കുന്തിയുടെ മാതൃത്വം', *വ്യാസപ്രസാദം* (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 2008), പു.77.

108. അതേ പുസ്തകം, പു.74.

രാജൈശ്വര്യങ്ങൾ ആഗ്രഹിയ്ക്കാത്തതിനാലാണ് വാനപ്രസ്ഥം സ്വീകരിയ്ക്കാനും, തന്റെ ഗുരുജനങ്ങളായ ധൃതരാഷ്ട്രരേയും പത്നിയേയും അനുഗമിച്ച് ധർമ്മമനുഷ്ഠിക്കാനും തയ്യാറായത്. മുൻകരുതലും, ദാനധർമ്മങ്ങളും, വിടവാങ്ങലും, തിരിഞ്ഞുനോക്കലുമില്ലാത്ത ആ യാത്ര ഗാഢമായ മമതാബന്ധത്തെ ശുദ്ധീകരിയ്ക്കാമെന്നതിന്റെ നിദർശനമായി ചൂണ്ടിക്കാണിയ്ക്കപ്പെടുന്നു[109]. അനുഷ്ഠാനത്തിലാണ് പ്രകടനത്തിലല്ല കുന്തിയ്ക്കു താല്പര്യം എന്നും ഇവിടെ വ്യക്തമാകുന്നു. ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ തന്റെ ജീവിതത്തിന് ഉചിതമായ പരിസമാപ്തി തെരഞ്ഞെടുക്കുകയാണ് കുന്തി ചെയ്തത്. അവസാനം ധൃതരാഷ്ട്ര–ഗാന്ധാരിമാരോടൊപ്പം കാട്ടുതീയിൽപെട്ട് മരിക്കുകയാണല്ലോ ചെയ്തത്. മഹാഭാരതയുദ്ധം തന്നെ ഒരു കാട്ടുതീയായിരുന്നുവെന്നും വീരമാതാവായ കുന്തി അതിന്റെ കെട്ടടങ്ങാത്ത ജ്വാലയായിരുന്നുവെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[110].

കുന്തിയുടെ മാതൃസ്നേഹം പോലും ധർമ്മബോധത്തോടെയായിരുന്നുവെന്നും[111] വ്യാസൻ ലോകത്തിലുള്ള അമ്മമാർക്ക് സന്ദേശം നല്കിയത് കുന്തിയിലൂടെയാണെന്നും[112] ഉള്ള അഭിപ്രായങ്ങൾ ആ മാതൃത്വത്തിന്റെ ഔന്നത്യം തന്നെയാണ് കാണിയ്ക്കുന്നത്.

**2. ദ്രൗപദി**

രാജൈശ്വര്യങ്ങൾ അനുഭവിച്ചു ജീവിച്ചുവെങ്കിലും നിർഭാഗ്യവതിയായ രാജ്ഞി[113] എന്ന വിശേഷണത്തിനർഹയാകുംവിധം ദുരിതം നിറഞ്ഞതായിരുന്നു ദ്രൗപദിയുടെ ജീവിതം. സ്ത്രീകളിൽ ശ്രേഷ്ഠ, ക്ഷത്രിയവിനാശം

109. കുട്ടികൃഷ്ണമാരാർ, 'ധൃതരാഷ്ട്രപ്രവ്രജ്യ', *ഭാരതപര്യടനം* (മാരാർ സാഹിത്യ പ്രകാശം, കോഴിക്കോട്, 1999), പു.188.
110. ലളിതാംബികാ അന്തർജ്ജനം, " 'കുന്തി' എന്ന വീരമാതാവ് ", *സീത മുതൽ സത്യവതി വരെ* (നാഷണൽ ബുക് സ്റ്റാൾ കോട്ടയം, 1972), പു.118.
111. 'കുന്തിയുടെ മാതൃത്വം', *വ്യാസപ്രസാദം*, പു.77.
112. 'ധൃതരാഷ്ട്ര പ്രവ്രജ്യ', *ഭാരതപര്യടനം*, പു.191
113. Rajagopalachari.C, 'Preface to Second Edition', *Mahabharata* (Bharathiya Vidya Bhavan, Bombay, 1999), Page. XII.

വരുത്തും, ദേവേച്ഛ നടപ്പിലാക്കും, കൗരവർക്ക് ഭീഷണിയാകും എന്നിങ്ങനെയായിരുന്നു ദ്രൗപദിയുടെ ജനനവേളയിൽ അശരീരിയുണ്ടായത്. ഈ പ്രത്യേകതകൾ കാരണമാകാം അന്നത്തെ മറ്റു സ്ത്രീകളിൽ നിന്ന് അവൾ വ്യത്യസ്തയായത്. കുന്തിയുടേയോ ഗാന്ധാരിയുടേയോ ക്ഷമ ദ്രൗപദിയ്ക്കില്ല. യാഗാഗ്നിയിലേയും അശരീരിയിലേയുമൊക്കെ അമാനുഷികതലം മാറ്റിക്കഴിഞ്ഞാൽ ദ്രുപദന്റെ മനസ്സിലെ പ്രതികാരാഗ്നിയിൽ നിന്ന് ജനിച്ചവളാണവളെന്നും അതിനാൽ അതിന്റെ തീക്ഷ്ണത അവളുടെ സ്വഭാവത്തിനുണ്ടാകാമെന്നും കരുതണം.

അഭിമാനബോധവും ധൈര്യവും വീര്യവുമെല്ലാമുണ്ടായിട്ടും അവൾക്കനുഭവിയ്ക്കേണ്ടിവന്നത് കടുത്ത അപമാനങ്ങളാണ്. പാണ്ഡവപത്നിയായപ്പോൾതൊട്ട് അവൾക്ക് ദുരിതങ്ങളുടെ കാലം തുടങ്ങി. ദ്യൂതസഭയിൽ വെച്ച് യുധിഷ്ഠിരൻ അവളെ പണയം വെച്ച് കൗരവദാസിയാക്കി, ദുര്യോധനനും കർണ്ണനും ദുർവ്വാക്കുകൾ കൊണ്ട് അപമാനിച്ചു, ദുശ്ശാസനനോട് അവളെ വസ്ത്രാക്ഷേപം ചെയ്യാൻ കല്പിച്ചു. ആരും അവരെ തടഞ്ഞില്ല. സംരക്ഷിയ്ക്കേണ്ടവരുടെ മുന്നിൽ വെച്ചാണ് ഒരു രാജ്ഞിയ്ക്കീവിധം അപമാനമേൽക്കേണ്ടിവന്നത്. വനവാസവേളയിൽ ദ്രൗപദി യുധിഷ്ഠിരനെ യുദ്ധത്തിനു നിർബ്ബന്ധിച്ചു. യുധിഷ്ഠിരനത് ചെവിക്കൊണ്ടില്ല. വനവാസവും അജ്ഞാതവാസവും കഴിഞ്ഞിട്ടും സഹദേവനൊഴികെ പാണ്ഡവർ സന്ധിയ്ക്കാണ് ശ്രമിച്ചത്. കൃഷ്ണനാണ് മേല്പറഞ്ഞ ഇരുസന്ദർഭങ്ങളിലും അവളുടെ പ്രശ്നങ്ങൾ കേൾക്കാനും സാന്ത്വനിപ്പിയ്ക്കാനും സന്നദ്ധനായത്. യുദ്ധമുണ്ടായെങ്കിലും ശത്രുപക്ഷത്തെ ഉന്മൂലനം ചെയ്യാൻ കഴിഞ്ഞെങ്കിലും യുദ്ധാന്ത്യത്തിൽ ദ്രൗപദിയ്ക്ക് സ്വപുത്രരേയും സഹോദരനേയും നഷ്ടപ്പെട്ടു. അവൾ ദുഃഖിച്ചുവെങ്കിലും തളർന്നില്ല. ഭർത്താക്കന്മാരെക്കൊണ്ട് പ്രതികാരം ചെയ്യിച്ചു.

തന്റെ നേർക്കുണ്ടായ ഓരോ അനീതിയോടും അത് ചെയ്തതാരാ

യാലും അവളെതിർത്തിട്ടുണ്ട്. ദ്യൂതസഭയിൽ വെച്ച് തന്നെ പണയവസ്തുവാക്കിയ യുധിഷ്ഠിരനെ അവൾ ചോദ്യം ചെയ്തു – പ്രമുഖന്മാർക്കു പോലും ഉത്തരം പറയാൻ  കഴിയാത്ത ചോദ്യം, വനവാസസമയത്ത് യുധിഷ്ഠിരന്റെ നിഷ്ക്രിയത്വത്തേയും അവൾ എതിർത്തു, തങ്ങൾക്കീവിധം ദുരിതങ്ങളൊരുക്കിത്തന്ന വിധിയെ നിന്ദിച്ചു. തന്നെ അപഹരിയ്ക്കാൻ ശ്രമിച്ച ജയദ്രഥനെ വധിയ്ക്കണമെന്നു വാദിച്ചു, തന്നെ അപമാനിയ്ക്കാനൊരുങ്ങിയ കീചകനെ ഭീമനെക്കൊണ്ട് കൊല്ലിച്ചു. ദ്രൗപദി മണ്ണിന്റെ സന്തതിയാണെന്നും[114] അവളുടെ ഭൗമവും ഉഗ്രവുമായ പ്രകൃതിയെ ആധാരമാക്കിയാണ് അവളുടെ പ്രവൃത്തികൾ[115] എന്നും നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്.

അഞ്ചുഭർത്താക്കന്മാരെ സ്വീകരിയ്ക്കേണ്ടിവന്നപ്പോഴത്തെ ദ്രൗപദിയുടെ ചിത്തവൃത്തിയെക്കുറിച്ച് കഥയിലൊന്നും പറയുന്നില്ല. അതവളുടെ വിധിയാണെന്നതിന് ഒരു മുജ്ജന്മകഥ നിബന്ധിച്ചിട്ടുണ്ട്. കഥയിലെവിടേയും എടുത്തു പറയുന്നില്ലെങ്കിലും അർജ്ജുനാനുരാഗിണിയായിരുന്നു ദ്രൗപദി എന്നൂഹിക്കാം. മറ്റു നാൽവരുടേയും വിശ്വസ്തപത്നിയായിരുന്നെങ്കിലും, അർജ്ജുനനോട് കൂടുതൽ പ്രിയം മനസ്സിൽ  സൂക്ഷിയ്ക്കാൻ സാധ്യതയുണ്ട്. മഹാപ്രസ്ഥാനവേളയിൽ ദ്രൗപദി തളർന്നുവീണപ്പോൾ യുധിഷ്ഠിരൻ ഭീമനോടത് പറയുന്നുമുണ്ട്. ബഹുഭർത്തൃത്വത്തിന്റെ കാര്യം പറഞ്ഞാണ് ദ്യൂതസഭയിൽ വെച്ച് കർണ്ണൻ  ദ്രൗപദിയെ നിന്ദിച്ചത്. ദ്രൗപദി സ്വയം അക്കാര്യം പറഞ്ഞ് ക്രുദ്ധയാവുകയോ വിലപിയ്ക്കുകയോ ചെയ്യുന്നില്ല.

ദ്രൗപദി സ്വയംവരവേളയിൽ കർണ്ണനെ നിഷേധിച്ചത് അതിരുകവിഞ്ഞ പ്രവൃത്തിയാണെന്ന് അഭിപ്രായമുണ്ട്[116]. തന്റെ അനിഷ്ടം അച്ഛനോടോ സഹോദരനോടോ പറയുകയാണ് തുറന്നു പ്രഖ്യാപിയ്ക്കുകയല്ല

114. 'ദ്രൗപദി', *മഹാഭാരതപഠനങ്ങൾ*, പു.75.
115. അതേ പുസ്തകം പു.78.
116. വിശ്വംഭരൻ തുറവൂർ, 'ദ്രൗപദീ സ്വഭാവത്തിന്റെ അഷ്ടാക്ഷരി', *ഭാരതദർശനം ഒരു പുനർവായന*, സമകാലിക മലയാളം (1178 കർക്കിടകം 9), പു.43.

വേണ്ടിയിരുന്നതെന്നാണ് ന്യായം. പക്ഷേ സ്വയംവരവേദിയിൽ കന്യകയ്ക്ക് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് വരനെ സ്വീകരിയ്ക്കാൻ സ്വാതന്ത്ര്യവും അവകാശവുമുണ്ടല്ലോ. സ്വയംവരം അപഹരണവും യുദ്ധവുമൊക്കെയായി മാറുക പതിവുണ്ടെങ്കിലും ദ്രൗപദി അങ്ങനെയൊരു പ്രതികരണത്തെ ഭയക്കുന്നവളല്ലാത്തതുകൊണ്ട് തന്റെ അഭിപ്രായം തുറന്നു പറഞ്ഞു എന്നു കരുതണം.

ദ്രൗപദി പതിവ്രതാധർമ്മം ശരിയ്ക്കാചരിച്ചിട്ടില്ലെന്ന്[117] വിമർശനമുണ്ട്. ശാരീരികമായി മാത്രമാണ് പതിവ്രതാധർമ്മം അനുഷ്ഠിച്ചതെന്നും, ദ്യൂതസഭയിൽ യുധിഷ്ഠിരനെ അനുസരിയ്ക്കുകയാണ് വേണ്ടിയിരുന്നതെന്നും യുധിഷ്ഠിരനെ ഒരിയ്ക്കലും എതിർക്കരുതായിരുന്നെന്നുമാണ് ഈ വിമർശനത്തിനാധാരമായ ന്യായം. പരപുരുഷനാൽ അപമാനിയ്ക്കപ്പെട്ടും, സ്പർശിയ്ക്കപ്പെട്ടും, സദസ്സിൽ നഗ്നയാക്കപ്പെട്ടുമാണോ ഭർത്താവിനെ അനുസരിയ്ക്കേണ്ടത് ? പണയം വെയ്ക്കാൻ ഒരു അചേതന വസ്തുവാണോ ദ്രൗപദി? അനുജന്മാരെ പണയപ്പണ്ടമാക്കും പോലെയാണോ ഭാര്യയെ അന്യാധീനപ്പെടുത്തുന്നത്? യുധിഷ്ഠിരാദികളുടെ വസ്ത്രം പിടിച്ചു വാങ്ങുംപോലെയാണോ ദ്രൗപദിയെ വസ്ത്രാക്ഷിപ്തയാക്കുന്നത് ? രക്ഷിയ്ക്കാൻ ബാധ്യതയുള്ള കരുത്തരായ ഭർത്താക്കന്മാർ പ്രതികരിയ്ക്കാതിരിയ്ക്കേ സ്വരക്ഷയ്ക്ക് സ്ത്രീയ്ക്ക് സ്വയം പ്രതികരിച്ചല്ലേ പറ്റൂ, ഇത്ര അപമാനിയ്ക്കപ്പെടുന്ന ഒരു മുഹൂർത്തത്തിൽ ഏതു വ്യക്തിയും വൈകാരികാവേശത്തിനടിമപ്പെട്ടുപോകില്ലേ ? മറ്റു ദാസിമാരോട് പെരുമാറും പോലെയാണോ കൗരവർ ദ്രൗപദിയോട് പെരുമാറിയത് ? മറ്റേതെങ്കിലുമൊരു രാജ്ഞിയ്ക്ക് ഇങ്ങനെയൊരപമാനം ഒരു നിറഞ്ഞ രാജസദസ്സിൽ അനുഭവിയ്ക്കേണ്ടിവന്നിട്ടുണ്ടോ ? എന്ന ചോദ്യങ്ങൾക്കുത്തരമുണ്ടെങ്കിൽ ദ്രൗപദിയുടെ പാതിവ്രത്യത്തെ

117. അതേ പുസ്തകം, 'പാതിവ്രത്യത്തിന്റെ മാനങ്ങൾ' (1178 മിഥുനം 26), പു.45.

നിന്ദിയ്ക്കുന്നതിലർത്ഥമില്ലല്ലോ.ആവർത്തിച്ചാവർത്തിച്ച് അപമാനങ്ങൾക്കിരയാക്കപ്പെട്ട ദ്രൗപദി തന്നെ അപഹരിയ്ക്കാനെത്തിയ ജയദ്രഥനെ കൊല്ലണമെന്നു വാദിച്ചു. ദുശ്ശളയെ ഓർത്ത് ദയ കാണിയ്ക്കുകയായിരുന്നു യുധിഷ്ഠിരൻ. ആ ദയ ദ്രൗപദിയ്ക്കും കാണിയ്ക്കാമായിരുന്നു എന്നതിനാലാണ് അവൾ രക്തബന്ധത്തിന് പ്രാധാന്യം നൽകാത്തവളാണെന്ന ആരോപണമുണ്ടായത്[118]. കീചകന്റെ ആക്രമണം ദ്യൂതസഭയിലെ അപമാനത്തിന്റെ ഒരു ചെറിയ ആവർത്തനം തന്നെയായിരുന്നു. കീചകനേയും വധിയ്ക്കണമെന്നു തന്നെയായിരുന്നു അവളുടെ ആവശ്യം. അത് ജയദ്രഥന്റെ അപഹരണശ്രമത്തേക്കാൾ നീചമായിരുന്നു, അവിടെ ബന്ധത്തിന്റെ പേരിലുള്ള ദൗർബ്ബല്യത്തിനും പഴുതില്ല. ഏതു സ്ത്രീയ്ക്കും സഹിയ്ക്കാൻ കഴിയാത്ത അപമാനങ്ങൾക്ക്, വിശേഷിച്ച് ദ്രൗപദിയെപ്പോലെ ക്ഷാത്രവീര്യമുള്ള ഒരു സ്ത്രീ സംഹാരം തന്നെയല്ലേ പ്രതിവിധിയായി കാണൂ.

മഹാഭാരതയുദ്ധത്തിന്റെ ആദികാരണം ദ്രൗപദി ദുര്യോധനനെ പരിഹസിച്ചു ചിരിച്ചതാണെന്ന് ഒരു പക്ഷമുണ്ട്[119]. ദ്രൗപദീ വസ്ത്രാക്ഷേപത്തിന്റെ പേരിലാണ് യുദ്ധമുണ്ടായതെന്നും അഭിപ്രായമുണ്ട്[120]. ഒരു മഹാരാജ്ഞിയ്ക്കൊത്ത ക്ഷമ, ഔദാര്യം, അനുകമ്പ തുടങ്ങിയവ പ്രകടിപ്പിച്ച് ദ്രൗപദി ഒരു മഹാനാശത്തിന് വഴിയൊരുക്കാതിരിയ്ക്കണമെന്നാണീ അഭിപ്രായത്തിന്റെ കാതൽ. ദ്രൗപദി ദുശ്ശാസനൻ അഴിച്ചുലച്ച മുടി കാണിച്ച്, ഭർത്താക്കന്മാരുടെ അനുരഞ്ജനത്തിനുള്ള താല്പര്യത്തെപ്പറ്റി പരാതി പറഞ്ഞ് ധാർത്തരാഷ്ട്ര നാശം കൃഷ്ണനോടാവശ്യപ്പെടുകയുണ്ടായി. കൗരവപാണ്ഡവർ തമ്മിലുള്ള ശത്രുത ബാല്യകാലം മുതൽക്കേയുണ്ട്. അന്നേ പല ഉപദ്രവങ്ങളും കൗരവർ പാണ്ഡവരോട് പ്രവർത്തിച്ചിട്ടുണ്ട്. സുന്ദരിയായ ദ്രൗപദിയേയും, ശക്തവും,

118. അതേ പുസ്തകം, 'അശരീരിയും ആഖ്യാനതന്ത്രവും', <u>സമകാലിക മലയാളം</u> (നവംബർ 2004), പു.67.

119. "യജ്ഞസംഭവയായ 'ദ്രൗപദി' ", <u>*സീത മുതൽ സത്യവതിവരെ*</u>. പു.121.

120. *ഭാരതദർശനം ഒരു പുനർവായന* 'അജ്ഞയുഗത്തിന്റെ മൃത്യുകാലം', <u>സമകാലിക മലയാളം</u>, (1180 തുലാം 13), പു.70.

സമ്പന്നവുമായ പാഞ്ചാലരാജ്യവും പാണ്ഡവർക്കു ലഭിച്ചതിൽ കൗരവർക്ക സൂയയുണ്ട്. സൂതനെ താൻ വരിയ്ക്കില്ല എന്ന ദ്രൗപദിയുടെ പ്രഖ്യാപന മാണ് കർണ്ണന്റെ ശത്രുതയ്ക്ക് നിദാനം. ഇന്ദ്രപ്രസ്ഥത്തിന്റെ ഐശ്വര്യം ദുര്യോ ധനനെ അസൂയാലുവാക്കി. അവിടെവെച്ച് തനിയ്ക്ക് സ്ഥലജലവിഭ്രമം ഉണ്ടാ യപ്പോൾ ദ്രൗപദിയും ഭീമനും ചിരിച്ചത് ദുര്യോധനനിൽ ഈർഷ്യയുളവാക്കി യിട്ടുണ്ട്. പക്ഷേ ഇതൊന്നുമല്ല, ദുശ്ശാസനൻ പിടിച്ചുലച്ച മുടിയുമല്ല ഭാരത യുദ്ധത്തിന് ഹേതുവെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാവും. ദ്രൗപ ദിയുടെ പ്രതിഷേധം സഹദേവനൊഴികെയുള്ള പാണ്ഡവർ കണക്കിലെടു ത്തിരുന്നില്ല. ദ്രൗപദിയുടെ ജനനവേളയിലെ അശരീരിയും അവളുടെ സ്വഭാ വത്തിന്റെ തീക്ഷ്ണതയുമാകാം അവളെ യുദ്ധഹേതുവാക്കിത്തീർത്തത്. പോരാത്തതിന് ദ്യൂതസഭയിൽ വെച്ച് ഭീമൻ ചെയ്ത ശപഥപ്രകാരമാണ് ധാർത്തരാഷ്ട്രാദികൾ മുഴുവൻ ഭീമഹസ്തങ്ങളാൽ കൊല്ലപ്പെട്ടത്. യുദ്ധമടുത്ത സമയത്ത് ഭീമനും സർവ്വനാശത്തോട് വിരക്തി തോന്നി അനു രഞ്ജനശ്രമം നടത്തുകയാണുണ്ടായത്. ദ്രൗപദിയെ സാന്ത്വനിപ്പിച്ചത് ശ്രീകൃ ഷ്ണനായിരുന്നു. യുദ്ധമുണ്ടായപ്പോൾ പ്രമാണകോടിയിൽ വെച്ചുണ്ടായ അനുഭവം മുതൽ എല്ലാ ഉപദ്രവങ്ങളുടേയും പക മനസ്സിൽ പേറി നടന്ന ഭീമൻ ധാർത്തരാഷ്ട്രാദികളെ കൊന്ന് പ്രതികാരം ചെയ്തുവെന്നു മാത്രം.

അശ്വത്ഥാമാവ് തന്റെ പുത്രരേയും സഹോദരരേയും വധിച്ച വാർത്ത യറിഞ്ഞ് ദ്രൗപദി അശ്വത്ഥാമാവിനെ വധിച്ചില്ലെങ്കിൽ താൻ പ്രായോപവേശം ചെയ്യുമെന്നു പറഞ്ഞു. വ്യാസനും ശ്രീകൃഷ്ണനുമിരിയ്ക്കേ ഇത്തരമൊരു തീരുമാനമെടുത്തത് ദ്രൗപദിയുടെ സ്വേച്ഛാചാരിത്വമാണെന്നൊരഭിപ്രായമു ണ്ട്. വധിച്ചുവെന്നതിന് തെളിവായി അശ്വത്ഥാമാവ് ശിരസ്സിലണിഞ്ഞിരി യ്ക്കുന്ന രത്നം കൊണ്ടുവരണമെന്ന് പറഞ്ഞത് ഭർത്താക്കന്മാരെ വിശ്വാസമില്ലാത്തതു കാരണമാണെന്നും നിരീക്ഷിയ്ക്കപ്പെട്ടിരിയ്ക്കുന്നു[121].

121. അതേ പുസ്തകം, 'അശരീരിയും ആഖ്യാനതന്ത്രവും', സമകാലിക മലയാളം (നവംബർ 2004), പു.൬൮.

യുദ്ധം അവസാനിച്ചു, എല്ലാം ശാന്തമായി എന്നു കരുതിയിരിയ്ക്കുന്ന മുഹൂർത്തത്തിൽ തന്റെ സഹോദരന്മാരും തനിയ്ക്ക് മതിയാവോളം കാണാനും ലാളിയ്ക്കാനും കഴിയാത്ത മക്കളും ചതിയിൽ കൊല്ലപ്പെട്ടുവെന്ന വാർത്ത ഏതു മനസ്സിനേയും മഥിയ്ക്കുന്നതാണ്. വ്യാസനും കൃഷ്ണനുമിരിയ്ക്കേ തീരുമാനമെടുത്തുവെന്നതിന് ദ്രൗപദിയുടെ വ്യക്തിത്വത്തിന്റെ പ്രത്യേകത തന്നെയാണ് ഹേതു. പക്ഷേ അതിന് പ്രേരകമായത് ഈ ദാരുണ സന്ദർഭമാണ്. ദ്രൗണിയെ വധിച്ചാലത് എങ്ങനെയറിയും എന്ന് യുധിഷ്ഠിരൻ ചോദിച്ചപ്പോഴാണ് ദ്രൗപദി രത്നത്തിന്റെ കാര്യം പറഞ്ഞത്. യുധിഷ്ഠിരൻ ആ ചോദ്യം ചോദിച്ചത് ദ്രൗപദിയുടെ വിശ്വാസമില്ലായ്മ ഉദ്ദേശിച്ചു കൊണ്ടു തന്നെയാണത്രേ[122]. ആ രത്നത്തിന്റെ സവിശേഷതകൾ ദ്രൗണി തന്നെ പറയുന്നുണ്ട്. ആയുധം, രോഗം, വിശപ്പ്, വാനവർ, ദാനവർ, നാഗങ്ങൾ, യക്ഷന്മാർ, കള്ളന്മാർ ഇങ്ങനെയുള്ള എല്ലാ ഭീതികളിൽ നിന്നും രക്ഷ നൽകുന്ന, പാണ്ഡവരുടെ രത്നങ്ങളേക്കാളും കൗരവരുടെ സമ്പത്തിനേക്കാളും അമൂല്യമാണ് ആ രത്നം. ആ രത്നം ലഭിച്ചപ്പോൾ ദ്രൗപദി അത് ധർമ്മപുത്രരുടെ ശിരസ്സിലണിയുകയാണ് ചെയ്തത്. തെളിവു മാത്രമാണുദ്ദേശ്യമെങ്കിൽ മറ്റെന്തെങ്കിലും ചോദിച്ചാൽ മതിയായിരുന്നല്ലോ. അപ്പോൾ അത് ദ്രൗപദിയെ തീർത്തും താഴ്ത്തിക്കെട്ടാൻ പോന്ന കാരണമല്ല.

മറ്റു ക്ഷത്രിയസ്ത്രീകളെപ്പോലെയല്ല ദ്രൗപദി എന്നത് അവളുടെ ജനനം തന്നെ സൂചിപ്പിയ്ക്കുന്ന ഒന്നാണ്. അവളുടെ അനുഭവങ്ങളും വ്യത്യസ്തമാണ്. ദേവകാര്യം സാധിപ്പിയ്ക്കുന്നവൾ, ക്ഷത്രിയ വിനാശം വരുത്തുന്നവൾ, കൗരവർക്ക് ഭീഷണിയാകുന്നവൾ എന്ന സൂചനകൾ തന്നെ അവളുടെ വ്യക്തിത്വത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അതോടൊപ്പം തന്നെ ശ്രേഷ്ഠയാണവൾ എന്നൊരു സൂചന കൂടി അശരീരി നൽകുന്നുണ്ട്. പാണ്ഡവരെ

122. അതേ പുസ്തകം.

ഐവരേയും ഒരുമിച്ചു നിർത്തുകയും രമിപ്പിയ്ക്കുകയും ചെയ്തവളാണ വൾ. സ്വന്തം സൗന്ദര്യത്തിലും മഹാരാജ്ഞിപദത്തിലും അവൾക്ക് അഭിമാ നവും ആഗ്രഹവും ഉണ്ടായിരുന്നു. പാണ്ഡവർക്കെപ്പോഴും ഐശ്വര്യദായി നിയായി നിന്നത് ദ്രൗപദിയായിരുന്നു. രാജ്യത്തിൽ നിന്നകന്ന് വേഷപ്രച്ഛന്ന രായി കഴിയുന്ന കാലത്താണ് പാണ്ഡവർ അവളെ ഭാര്യയാക്കുന്നത്. അപ്പോ ഴാണ് ധൃതരാഷ്ട്രർ അവരെ തിരിച്ചുവിളിച്ച് അർദ്ധരാജ്യം നൽകിയത്. ദ്യൂതസഭയിൽ വെച്ച് അടിമത്തത്തിൽ നിന്ന് സ്വതന്ത്രരായത് ദ്രൗപദി മൂലം തന്നെ. എന്തിന്, സർവ്വൈശ്വര്യങ്ങളും നൽകുന്ന ദ്രൗണിയുടെ രത്നം യുധി ഷ്ഠിരന് ലഭിച്ചതും ദ്രൗപദി കാരണമാണ്. അഗ്നിയിൽ നിന്നു ജനിച്ചവൾ എന്ന പ്രയോഗം തന്നെ അവളുടെ സ്വഭാവത്തിന്റെ തീക്ഷ്ണതയും, വികാ രാവേശവും, പ്രതികാരബോധവുമെല്ലാം സൂചിപ്പിയ്ക്കുന്നു. തന്നെ ഉപദ്ര വിച്ചവരോടോ അപമാനിച്ചവരോടോ അവളൊരിയ്ക്കലും ക്ഷമിയ്ക്കുന്നില്ല. അഭിപ്രായങ്ങൾ തുറന്ന് പറയാനും തുറന്നെതിർക്കാനുമുള്ള ധൈര്യവും വീര്യവും അവൾക്കുണ്ട്. തന്റെ പ്രവൃത്തികൾക്ക് ധാർമ്മികമായ ന്യായങ്ങളും അവൾക്ക് പറയാനുണ്ട്. ആ ധർമ്മമാർഗ്ഗത്തിൽ നിന്നവൾ വ്യതിചലിയ്ക്കു ന്നില്ല. ധൃതരാഷ്ട്രർ ദ്യൂതസഭയിൽ വെച്ച്മൂന്നാമതും വരം ചോദിയ്ക്കാൻ ആവശ്യപ്പെട്ടപ്പോൾ അത് ധർമ്മവിരുദ്ധമാണെന്ന് പറഞ്ഞ് അവൾ തന്നെയാ ണത് നിഷേധിയ്ക്കുന്നത്. ലോകത്തുള്ള സമസ്ത സ്ത്രീഭാവനകളുടേയും സങ്കലനം ദ്രൗപദിയിൽ അടങ്ങിയിരിക്കുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[123].

### 3. ഗാന്ധാരി

നൂറുപുത്രർക്കമ്മെയാകുമെന്ന ശിവാനുഗ്രഹമാണ് ഗാന്ധാരിയെ ഹസ്തിനപുരത്തിന്റെ വധൂസ്ഥാനത്തേയ്ക്ക് നയിച്ചത്. അച്ഛൻ പൂർണ്ണമായ തൃപ്തിയോടെയല്ലെങ്കിലും തന്നെ അന്ധനായ ധൃതരാഷ്ട്രർക്ക് കൊടുക്കാൻ

123. ''യജ്ഞസംഭവയായ 'ദ്രൗപദി', *സീത മുതൽ സത്യവതി വരെ*'', പു.123.

തീർച്ചപ്പെടുത്തിയെന്നറിഞ്ഞപ്പോൾ ഗാന്ധാരി തന്റെ കണ്ണു മൂടിക്കെട്ടി. അത് പാതിവ്രത്യനിർവ്വഹണമാണെന്ന് കഥയിൽ പറയുന്നുണ്ടെങ്കിലും സൂക്ഷ്മമായി നോക്കുമ്പോൾ അതിൽ പ്രതിഷേധത്തിന്റെ അംശം കാണാവുന്നതാണ്. തനിയ്ക്കു കിട്ടിയ വരംപോലും ശാപം പോലെയായിത്തീർന്നപ്പോഴും തന്റെ ആഗ്രഹങ്ങളെല്ലാം നിഷ്ഫലമായിത്തീർന്നപ്പോഴും ഗാന്ധാരിയ്ക്ക് പ്രതിഷേധവും നിരാശയും തോന്നുന്നുണ്ട്. പക്ഷേ ആ പ്രതിഷേധം പ്രകടമാകുന്നില്ല. ഗാന്ധാരി അത് കടിച്ചമർത്തുകയാണ് ചെയ്യുന്നത്. ചില സന്ദർഭങ്ങളിൽ മാത്രം അതിങ്ങനെ പൊട്ടിത്തെറിയ്ക്കുന്നുവെന്നു മാത്രം.

കുന്തി അമ്മയായതറിഞ്ഞപ്പോൾ ദേഷ്യവും നിരാശയും സഹിയ്ക്കാനാകാതെ വയറ്റത്താഞ്ഞടിച്ചതാണ് മറ്റൊരു സന്ദർഭം. തന്റെ മകന് രാജ്യാവകാശം ലഭിയ്ക്കണമെന്ന ആഗ്രഹത്തിന്റെ തകർച്ചയാണിവിടെ പ്രകടമായത്. ആ തകർച്ച പൂർണ്ണമാകുന്നത് മക്കൾ അധർമ്മികളായി വളരുന്നത് കണ്ടപ്പോഴാണ്. അതു പറഞ്ഞുതിരുത്താൻ ഗാന്ധാരിയ്ക്കായതുമില്ല. ഗാന്ധാരിയുടെ ധർമ്മബോധം ഉപരിപ്ലവമായ ഒരു ബാഹ്യാവരണം മാത്രമായിരുന്നുവെന്ന് പക്ഷമുണ്ട്[124]. പക്ഷേ ധാർമ്മികബോധമുള്ളതു കൊണ്ടാണല്ലോ മക്കൾ അധർമ്മചാരികളായപ്പോൾ ദുഃഖം തോന്നിയത്. മനഃസാക്ഷിയ്ക്കു വിരുദ്ധമായി പെരുമാറാൻ കഴിയാഞ്ഞതു കൊണ്ടല്ലേ ധർമ്മം എവിടെയാണോ അവിടെ ജയമുണ്ടാകും എന്നു പറഞ്ഞ് മക്കളെ യുദ്ധത്തിനയച്ചത്.

ഇനിയൊരു സന്ദർഭം ശ്രീകൃഷ്ണനെ ശപിച്ചതാണ്. ശ്രീകൃഷ്ണൻ ശ്രമിച്ചിരുന്നെങ്കിൽ ഈ യുദ്ധം ഒഴിവാക്കാമെന്നായിരുന്നു ഗാന്ധാരിയുടെ അഭിപ്രായം. ഇവിടെ ഒരമ്മയുടെ സ്വാർത്ഥതയാണ് തെളിഞ്ഞു കാണുന്നതെന്ന് പക്ഷമുണ്ട്[125]. കാരണം ശ്രീകൃഷ്ണൻ യുദ്ധം തടയാൻ ആകുന്നത്ര ശ്രമിച്ചിട്ടുണ്ട്.

124. അതേ പുസ്തകം, 'പുഞ്ചിരിയിൽ വീണുകെട്ടു പോയ ശാപം', സമകാലിക മലയാളം (ജൂൺ 2005), പു.72.

125. 'കളപറിയ്ക്കൽ', *വ്യാസപ്രസാദം,* പു.118.

കൗരവരുടെയടുക്കൽ സന്ധിസംഭാഷണത്തിനു വന്ന ശ്രീകൃഷ്ണന്റെ വാക്കുകൾ ദുര്യോധനൻ അവഗണിയ്ക്കുകയാണ് ചെയ്തത്. അപ്പോൾ ശ്രീകൃഷ്ണൻ ശ്രമിച്ചില്ലെന്ന് ഗാന്ധാരി ആരോപിയ്ക്കുമ്പോൾ ഉദ്ദേശിയ്ക്കുന്നത് പാണ്ഡവരെ തടഞ്ഞില്ല എന്നാകുമല്ലോ. അത് ധർമ്മവിരുദ്ധമാണ്. പക്ഷേ മക്കളെയെല്ലാം നഷ്ടപ്പെട്ട് അമ്മയുടെ മാനസികാവസ്ഥ, ആ അരക്ഷിതത്വ മാണ് ഗാന്ധാരിയെക്കൊണ്ടിത് പറയിച്ചത് എന്ന് ന്യായവുമുണ്ട്[126].

മക്കൾ അധർമ്മചാരികളാണെന്നറിയാമെങ്കിലും അവരെല്ലാവരും നഷ്ടപ്പെട്ടപ്പോൾ സ്വാഭാവികമായും ധർമ്മബോധനത്തിനും മേലെയായി മാതൃദുഃഖം ആ മനസ്സിനെ ഭരിയ്ക്കുന്നതു കാണാം. കുറ്റം കുറഞ്ഞ ഒരു മകനെയെങ്കിലും ശേഷിപ്പിയ്ക്കാമായിരുന്നില്ലേ എന്ന് ഭീമനോട് ചോദിയ്ക്കുന്നുണ്ട്. സകലകുറ്റങ്ങളും ശിരസാവഹിച്ച് മുന്നിൽ നിൽക്കുന്ന യുധിഷ്ഠിരന്റെ കാൽവിരലുകളിൽ ആ നോട്ടം അല്പമൊന്നേറ്റപ്പോൾ ആ വിരലുകൾ കറുത്തുപോയി എന്നു പറയുന്നിടത്തും ഗാന്ധാരിയുടെ രോഷം പ്രകടമാകുന്നു.

ഗാന്ധാരിയുടെ രോഷം തന്റെ വിധിയോടു തന്നെയായിരുന്നു. മനസ്സിലുള്ള ആ രോഷവും പുത്രോൽക്കർഷേച്ഛയും പ്രകടമാക്കാൻ ഗാന്ധാരിയ്ക്കൊരിക്കലും കഴിഞ്ഞില്ല. കാരണം അത് ധർമ്മവിരുദ്ധമായിരുന്നു. ഈ വൈരുദ്ധ്യം അവരെ എന്നും ദുഃഖിപ്പിച്ചു.

### 4. കർണ്ണൻ

ദുർവ്വാസാവ് നൽകിയ ദേവാവാഹനമന്ത്രം വെറും കൗതുകം കൊണ്ട് സൂര്യദേവനിൽ പ്രയോഗിച്ച കുന്തിയ്ക്ക് സൂര്യൻ നൽകിയനുഗ്രഹിച്ച പുത്രനാണ് കർണ്ണൻ. അപവാദഭയമോർത്ത് കുന്തി നദിയിലുപേക്ഷിച്ച കർണ്ണനെ ഹസ്തിനപുരത്തെ സൂതനായ അധിരഥനും രാധയുമാണെടുത്തു വളർത്തിയത്.

126. അതേ പുസ്തകം, പു.118.

സൂതപുത്രനായി വളർന്ന കർണ്ണന് സൂതസഹജമായ ആഗ്രഹങ്ങളല്ല ഉണ്ടായിരുന്നത്. മികച്ച ഗുരുക്കന്മാരിൽ നിന്ന് ആയുധാഭ്യാസം കൂടി ലഭിച്ചു കഴിഞ്ഞപ്പോൾ മനസ്സ് തികച്ചും ക്ഷത്രിയന്റേതായി മാറി. അതു കൊണ്ടാണല്ലോ ക്ഷണിയ്ക്കാതെതന്നെ അഭ്യാസക്കാഴ്ചയ്ക്ക് വേദിയിലെത്തി പ്രകടനം നടത്തിയതും അർജ്ജുനനെ യുദ്ധത്തിന് വെല്ലുവിളിച്ചതും. അത് യുദ്ധത്തിനുള്ള വേദിയല്ലെന്ന് ചിന്തിയ്ക്കണമായിരുന്നു. തനിയ്ക്ക് സ്ഥാനമില്ലാത്തിടത്ത് അനുവാദമില്ലാതെ ചെന്നു കയറിയതും പ്രകടനം നടത്തിയതും അനുമതി നൽകേണ്ട ഗുരുക്കന്മാരെ നിന്ദിയ്ക്കുന്ന പ്രവൃത്തിയായിരുന്നുവെന്ന് പക്ഷമുണ്ട്[127]. കർണ്ണൻ സ്വയം അർജ്ജുനനോളം പോന്ന വില്ലാളിയായും രാജകുമാരന്മാരുടെ വേദിയിൽ പ്രകടനം നടത്താൻ അർഹനെന്നും അംഗീകരിച്ചു. പക്ഷേ ആ അംഗീകാരം സമൂഹം നൽകില്ലെന്ന് ചിന്തിയ്ക്കാൻ കർണ്ണനായില്ല. അതുകൊണ്ട് സമൂഹത്തിൽ നിന്നു അവഗണനയും പരിഹാസവും പലപ്പോഴും നേരിടേണ്ടി വന്നു. ദുര്യോധനൻ കർണ്ണന്റെ പ്രകടനം കണ്ട ശേഷമാണ് കർണ്ണനെ അംഗരാജാവാക്കിയതും സുഹൃത്താക്കിയതും. ആ രാജസ്ഥാനം കർണ്ണൻ സ്വീകരിച്ചത് ആസക്തി കൊണ്ടാണെന്നും, അവരുടെ സൗഹൃദം അധർമ്മമാണെങ്കിലും അത് തകരാതിരുന്നത് പാണ്ഡവരുടെ ധാർമ്മികജീവിതത്തിന്റെ അപരാജിതമായ അജയ്യതയെ ഭയന്നതിനാലാവണം കർണ്ണന്റെ പ്രേരണയില്ലെങ്കിൽ ദുര്യോധനൻ ധർമ്മത്തെ പൂർണ്ണമായും നിരാകരിയ്ക്കില്ലായിരുന്നുവെന്നും നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്[128]. മറുപക്ഷത്തു നിൽക്കുന്ന അർജ്ജുനനോടെതിരിടാൻ തക്ക ഒരു യോദ്ധാവിനെ കണ്ട സന്തോഷമായിരുന്നു ദുര്യോധനന്റെ പ്രവൃത്തിയുടെ പിന്നിൽ. പക്ഷേ രാജ്യം നിരസിയ്ക്കാനോ, രാജാവായതു കൊണ്ട് ക്ഷത്രിയനായി

---

127. 'വിഫലതയിലെ ഫലപ്രാപ്തി', *ഭാരതദർശനം ഒരു പുനർവായന*, സമകാലിക മലയാളം (മാർച്ച് 2005), പു.66.

128. അതേ പുസ്തകം, 'വന്ധ്യമായൊരു പ്രലോഭനം', സമകാലികമലയാളം (മാർച്ച് 2005),പു.66.

ല്ലെന്നു ചിന്തിയ്ക്കാനോ  കർണ്ണനായില്ല. അതുകൊണ്ടാണല്ലോ ദ്രൗപദീ സ്വയം വരത്തിൽ  പങ്കെടുത്തത്. അവിടേയും അപമാനിയ്ക്കപ്പെട്ടു. ദുര്യോധനസുഹൃത്തും ഒരുമികച്ച യോദ്ധാവുമായിട്ടല്ലാതെ ഒരു രാജാവെന്ന നിലയ്ക്ക് കർണ്ണൻ അംഗീകരിയ്ക്കപ്പെട്ടിട്ടില്ല.  കർണ്ണന്റെ ഭാര്യയും മക്കളുടെ ഭാര്യമാരുമൊക്കെ സൂതവംശജർ തന്നെയായിരുന്നു. ഭൗതികമായി സൂതനും മാനസികമായി ക്ഷത്രിയനുമായി ജീവിച്ചതിന്റെ  ഫലമാണ് കർണ്ണൻ അനുഭവിച്ചത്. കർണ്ണന്റെ ആത്മസംഘർഷത്തിന്റെ അടിസ്ഥാനമിതാണ്.

കർണ്ണൻ പാണ്ഡവവൈരിയായിരുന്നു. പക്ഷേ അത് ദുര്യോധനനുണ്ടാക്കിയതല്ല. കുട്ടിക്കാലം തൊട്ടേ അർജ്ജുനവൈരിയായിരുന്നു കർണ്ണൻ. അതിന്  അസൂയയല്ലാതെ മറ്റൊരു കാരണവും കാണുന്നില്ല. കർണ്ണൻ അർജ്ജുനനെ വെല്ലുവിളിയ്ക്കുകയും അപമാനിയ്ക്കുകയും ചെയ്തു. അർജ്ജുനനോളം കഴിവുണ്ടെന്ന ആത്മവിശ്വാസവും, എന്നിട്ടും താനംഗീകരിയ്ക്കപ്പെടുന്നില്ല എന്ന നിരാശയും കർണ്ണനെ രോഷം കൊള്ളിച്ചിട്ടുണ്ടാകും. തന്നെ തിരസ്ക്കരിച്ച ദ്രൗപദി പാണ്ഡവപത്നിയായതും കർണ്ണനിൽ ദേഷ്യവും അസൂയയും ഉണർത്തിയിട്ടുണ്ടാകും. ഇങ്ങനെ മനസ്സിലുണ്ടായ വെറുപ്പാണ് കുന്തി പാണ്ഡവപക്ഷത്തേയ്ക്ക് ക്ഷണിച്ചപ്പോൾ കർണ്ണന്റെ ഉള്ളിൽ നിന്നും പുറപ്പെട്ടത്. അർജ്ജുനൻ സ്വന്തം അനുജനാണെന്നറിഞ്ഞപ്പോഴും   ആ മാത്സര്യബോധത്തിനും വെറുപ്പിനും കുറവുണ്ടായില്ല. കുന്തിയോട് കർണ്ണന് സ്നേഹമോ അനുകമ്പയോ ഉണ്ടായിട്ടില്ലെന്നും മറ്റ് അനുജൻമാരെ കൊല്ലില്ലെന്ന് പറഞ്ഞതും വെറുപ്പുകൊണ്ടും അവർ തനിയ്ക്ക് തുല്യരല്ലെന്ന തോന്നൽ കൊണ്ടുമാണെന്നും അഭിപ്രായമുണ്ട്[129]. ദുര്യോധനസഖ്യത്തിനാണ് പ്രാധാന്യമുള്ളതെങ്കിൽ താൻ പ്രബലരായ ആ ശത്രുക്കളെ കൊല്ലുമെന്ന് തന്നെ പറയണമായിരുന്നു. അപ്പോൾ ദുര്യോധന

129. 'കർണ്ണൻ', _മഹാഭാരതപഠനങ്ങൾ_, പു.113.

സഖ്യത്തേക്കാൾ പഴക്കവും ഉറപ്പുമുണ്ട് കർണ്ണന്റെ പാണ്ഡവ വൈരത്തിന്.

ഭീഷ്മർ സൂചിപ്പിച്ച പോലെ പലപ്പോഴും അബദ്ധങ്ങളിൽ ചെന്നു ചാടുന്നുണ്ട് കർണ്ണൻ. അതിലൊന്ന് തന്റെ കവചകുണ്ഡലങ്ങൾ നഷ്ടപ്പെടുത്തിയതാണ്. കീർത്തിയിലുള്ള അത്യാഗ്രഹമാണ് കർണ്ണനെ ആ അബദ്ധത്തിൽ ചാടിച്ചത്. സൂര്യൻ മുന്നറിയിപ്പ് നൽകിയിട്ടും ദാനാർത്ഥന നിരസിച്ചാൽ തനിയ്ക്ക് ദുര്യശസ്സുണ്ടാകുമെന്നതിനാൽ താനതിനൊരുക്കമല്ലെന്ന് കർണ്ണൻ തീർത്തുപറഞ്ഞു. പക്ഷേ ഇന്ദ്രൻ വന്നു ചോദിച്ചപ്പോൾ കർണ്ണൻ മറ്റ് പല വില പിടിച്ച സമ്മാനങ്ങളും വാഗ്ദാനം ചെയ്ത് ഒഴിഞ്ഞുമാറാൻ നോക്കുകയാണ് ചെയ്തത്. ഇത് കർണ്ണന്റെ ത്യാഗത്തിന് മങ്ങലേല്പിച്ചുവെന്ന് നിരീക്ഷിയ്ക്കപ്പെട്ടിരിയ്ക്കുന്നു[130]. പോരാത്തതിന് കവചകുണ്ഡലങ്ങൾ കൊടുത്തപ്പോൾപകരം ഇന്ദ്രന്റെ വേലും, തനിയ്ക്ക് കവചകുണ്ഡലങ്ങൾ ശരീരത്തിൽ നിന്നടർത്തി മാറ്റുമ്പോൾ വൈരൂപ്യമരുതെന്ന് വരവും വാങ്ങി. ഇവിടെ തെളിഞ്ഞ മനസ്സോടെയുള്ള ദാനമല്ല കാണുന്നത്. വേറൊരബദ്ധം അന്ത്യമടുത്ത സമയത്തെ പ്രവൃത്തിയാണ്. തേർച്ചക്രം മണ്ണിൽ കുടുങ്ങിയപ്പോൾ മറ്റൊരു രഥം സ്വീകരിയ്ക്കേണ്ടതിനു പകരം തേർച്ചക്രമുയർത്താൻ സമയം ചോദിച്ചു. അതും തങ്ങളേറ്റവും അധർമ്മം ചെയ്തവരോട് ധർമ്മത്തിന്റെ പേരിൽ! ഔദാര്യം ചോദിച്ചത് രണാങ്കണത്തിൽ പരസ്പരം കൊല്ലാനൊരുങ്ങി നില്ക്കുന്ന ആജന്മശത്രുവായ അർജ്ജുനനോടും! ഇതും കർണ്ണന്റെ പാളിച്ചയായി നിരീക്ഷിയ്ക്കപ്പെടുന്നു[131].

മറ്റൊരബദ്ധം ഏകപുരുഷഘാതിനി ഘടോൽക്കചന്റെ നേർക്കു പ്രയോഗിച്ചതാണ്. അത് അർജ്ജുനനെ കരുതി ഇന്ദ്രന്റെ പക്കൽ നിന്ന് തന്റെ ആജന്മവിഭൂഷകൾക്ക് പകരം വാങ്ങിയതാണ്. ഇത് കർണ്ണന്റെ മഹത്തായ ത്യാഗമാണെന്നും അർജ്ജുനവൈരത്തേക്കാൾ ദുര്യോധനസഖ്യത്തിന് പ്രാധാന്യം

---

130. 'ഒരു ദാനത്തിന്റെ കഥ', _വ്യാസപ്രസാദം_, പു.17.
131. 'കർണ്ണൻ', _മഹാഭാരതപഠനങ്ങൾ_, പു.117.

കൊടുത്തതാണെന്നും പക്ഷമുണ്ട്[132]. പക്ഷേ ഘടോൽക്കചനേക്കാൾ അധൃഷ്യ നായ ശത്രു അർജ്ജുനൻ തന്നെയായിരുന്നു. കൗരവസൈന്യം തീർത്തും നശിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ അചഞ്ചലമായ തീരുമാനമെടുക്കാൻ – മറ്റു വഴിയ്ക്ക് ഘടോൽക്കചനെ വീഴ്ത്താൻ ശ്രമിയ്ക്കേണ്ടതിനു പകരം, ഈ നീക്കം ശത്രുപക്ഷത്തിന്റെ തന്ത്രമാണെന്ന് കണ്ടറിയാതെ ആ വരായുധം പാഴാക്കി, തന്റെ പതനത്തിന് സ്വയം വഴിയൊരുക്കി.

അപമാനങ്ങൾ മാത്രമല്ല, പരശുരാമനിൽ നിന്നും ബ്രാഹ്മണനിൽ നിന്നും ലഭിച്ച ശാപങ്ങളും കർണ്ണന്റെ മാനസികമായ ദൗർബ്ബല്യത്തിന്റെ പിന്നി ലുണ്ട്. കർണ്ണന് ആത്മവിശ്വാസം കുറവായിരുന്നു എന്നൊരഭിപ്രായം കാണുന്നു[133]. യുദ്ധക്കളത്തിൽ വെച്ച് ഒരു തവണ ഭീമനെ തോല്പിച്ചപ്പോൾ കണക്കറ്റ് പരിഹസിച്ചു. അതിനുമുമ്പും പിമ്പും ഭീമനോട് കർണ്ണൻ തോറ്റി ട്ടുണ്ട്. ചെറിയ ചെറിയ വിജയങ്ങൾ പോലും അയാളെ കണക്കറ്റ് സന്തോ ഷിപ്പിയ്ക്കുന്നു എന്നാണല്ലോ ഇവിടെ പ്രകടമാകുന്നത്. അർജ്ജുനനെ തേടി രണഭൂമിയിലൂടെയുള്ള യാത്രയ്ക്കിടയിൽ ശല്യരോടുള്ള സംഭാഷണത്തിൽ വീരവാദം കലരുന്നുണ്ട്. ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കാനുള്ള ശ്രമമാ ണത്. ഫലമോ ശല്യരിൽ നിന്നു പരിഹാസം കേൾക്കേണ്ടി വന്നു. ശല്യരത് ചെയ്തത് യുധിഷ്ഠിരന്റെ അപേക്ഷയനുസരിച്ചാണ്. പക്ഷേ അതിനുള്ള സാഹചര്യം കർണ്ണനൊരുക്കിക്കൊടുക്കുന്നുണ്ട്.

അപകർഷതാബോധം, ആത്മവിശ്വാസക്കുറവ്, അധർമ്മവുമായുള്ള അടുപ്പം, കീർത്തിയിലുള്ള അത്യാഗ്രഹം – ഈ പ്രത്യേകതകളെല്ലാമാണ് എല്ലാ വീര്യശൗര്യാദികളുമുണ്ടായിട്ടും കർണ്ണന് അർഹിയ്ക്കുന്ന പ്രാധാന്യം കിട്ടാതെ പോകാൻ കാരണം. ആ പ്രാധാന്യം ലഭിയ്ക്കാൻ വേണ്ടി നിരന്തരം ചെയ്ത

---

132. കുട്ടികൃഷ്ണമാരാർ, 'കർണ്ണന്റെ അരങ്ങേറ്റം', *ഭാരതപര്യടനം* (മാരാർ സാഹിത്യ പ്രകാശം കോഴിക്കോട്, 1999) പു.38.

133. 'നാത്മാനമവസാദയേൽ', *വ്യാസപ്രസാദം*, പു. 80.

ശ്രമങ്ങളെല്ലാം കർണ്ണനെ കൂടുതൽ ക്രൂരമായ അവഗണനയിലേയ്ക്ക് നയിയ്ക്കുകയും ചെയ്തു.

കർണ്ണൻ അധാർമ്മികനാണെന്നും മൂഢനാണെന്നും നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്[134]. യഥാർത്ഥ സ്വഭാവം മറച്ചു വെയ്ക്കാൻ വേണ്ടി ത്യാഗത്തേയും ദാനത്തേയുമൊക്കെ തന്റെ ഔന്നത്യങ്ങളായി പ്രകടിപ്പിച്ചത്, കളവു പറഞ്ഞ് വിദ്യ നേടിയത്, വ്യാജദ്യൂതത്തിൽ തോറ്റ പാണ്ഡവരേയും ദ്രൗപദിയേയും ഉപദ്രവിച്ചത്, ഘോഷയാത്രയോടനുബന്ധിച്ചുണ്ടായ യുദ്ധത്തിൽ ഗന്ധർവ്വരിൽ നിന്നും ദുര്യോധനനെ രക്ഷിയ്ക്കാഞ്ഞത് തുടങ്ങിയുള്ള പ്രവൃത്തികളാണ് കർണ്ണന്റെ അധർമ്മത്തിന്റെ തെളിവുകളായി ചൂണ്ടിക്കാണിയ്ക്കപ്പെടുന്നത്.ദുര്യോധനനോട് ശകുനിപോലും പിന്മാറാൻ പറഞ്ഞ അവസരമുണ്ടായിട്ടുണ്ട്. അപ്പോഴും ദുര്യോധനനിൽ യുദ്ധവീര്യം പകർന്നുകൊണ്ടിരുന്നതും,ശുഭാപ്തി വിശ്വാസം ഉണ്ടാക്കിക്കൊടുത്തതും കർണ്ണനാണ്. യുദ്ധത്തിനുമുമ്പായി കർണ്ണനും കൃഷ്ണനും തമ്മിൽ കൂടിക്കാഴ്ചയുണ്ടായി. കൃഷ്ണൻ കർണ്ണനോട് അയാൾ മൂത്ത പാണ്ഡവനാണെന്നറിയിച്ച് സ്വപക്ഷത്തേയ്ക്ക് ക്ഷണിയ്ക്കുകയും രാജസ്ഥാനവും ദ്രൗപദിയുടെ ഭർത്തൃസ്ഥാനവും പറഞ്ഞ് പ്രലോഭിപ്പിയ്ക്കുകയും ചെയ്തു. കർണ്ണൻ അത് നിരാകരിച്ചപ്പോൾ കൃഷ്ണൻ ദുര്യോധനസഖ്യത്തിന് ധർമ്മത്തിനേക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്ന മൂഢത്വമോർത്ത് ചിരിച്ചു. മോഹിച്ച മണ്ണും പെണ്ണും വേണ്ടെന്ന് വെച്ച് ഏതോ മഹാകൃത്യം നിർവ്വഹിച്ച മട്ടിലുള്ള കർണ്ണന്റെ ഗൗരവം കണ്ട് പുഞ്ചിരിച്ചു. കർണ്ണന്റെ മൂഢത്വത്തെക്കുറിച്ച് മേല്പറഞ്ഞ ഉദാഹരണമാണ് ലേഖകൻ തന്റെ അഭിപ്രായത്തിന് നിദാനമായി കൊടുത്തിട്ടുള്ളത്. ഈ പ്രലോഭനങ്ങളും പാണ്ഡവപക്ഷം വിജയിയ്ക്കുമെന്ന ഭീഷണിയും കൃഷ്ണൻ പ്രയോഗിച്ചത് കർണ്ണനെ പാണ്ഡവപക്ഷത്തേയ്ക്ക് കൊണ്ടുവരാനല്ല, മറിച്ച്

134. 'വിഫലതയിലെ ഒരു ഫലപ്രാപ്തി', *ഭാരതദർശനം ഒരു പുനർവായന*, സമകാലിക മലയാളം (മാർച്ച് 2005), പു.66–68.

കുന്തി കർണ്ണനെക്കണ്ട് സംസാരിയ്ക്കുമ്പോൾ കർണ്ണൻ കുന്തിയ്ക്ക് നാല് പാണ്ഡവരുടെ ജീവൻ വാഗ്ദാനം ചെയ്യാനുള്ള അനുകൂല പരിതഃസ്ഥിതിയുണ്ടാക്കാനാണെന്നും ലേഖകൻ കണ്ടെത്തുന്നു. പക്ഷേ കുന്തി കർണ്ണനെ കാണാൻ പോകുന്ന കാര്യം കൃഷ്ണനോട് മുൻകൂട്ടി സംസാരിച്ചിട്ടില്ലല്ലോ. ഭഗവാൻ ത്രികാലജ്ഞാനിയായതിനാൽ വരാനിരിയ്ക്കുന്ന ആ സമാഗമം മുൻകൂട്ടി കണ്ട് പ്രവർത്തിച്ചതായിരിയ്ക്കും. കർണ്ണൻ മഹത്വമുണ്ടെന്ന് തോന്നിയ്ക്കുന്ന, എന്നാൽ യഥാർത്ഥത്തിൽ മഹത്ത്വമില്ലാത്ത വ്യക്തികളുടെ സാമൂഹ്യഛായയിൽ വ്യാസൻ വാർത്തുവിട്ടിരിയ്ക്കുന്ന വ്യക്തിയാണ് എന്നും ലേഖകൻ പറയുന്നു[135].

മേല്പറഞ്ഞ പാളിച്ചകളെല്ലാം കർണ്ണന്റെ വ്യക്തിത്വത്തിനുണ്ടെന്നത് ശരി തന്നെ. ഇതെല്ലാം ഭീഷ്മരെടുത്തു പറയുന്നുമുണ്ട്. കർണ്ണന്റെ ജന്മരഹസ്യം അറിഞ്ഞുകൊണ്ടുതന്നെയാണ് ഭീഷ്മരതെല്ലാം പറഞ്ഞത്. ശരശയ്യാവലംബിയായ ഭീഷ്മരെ കാണാൻ ചെന്ന കർണ്ണനോട് ഭീഷ്മർ കർണ്ണന്റെ വീര്യം, ശൗര്യം, ദാനനിഷ്ഠ, ശ്രേഷ്ഠത തുടങ്ങിയ ഗുണങ്ങളെല്ലാം എടുത്തെടുത്തു പറഞ്ഞ് താൻ അധർമ്മപക്ഷത്തു നിൽക്കുന്നതു കണ്ട് തേജോവധം ചെയ്യാനാണെന്നും ശകാരിച്ചിരുന്നതെന്നും പറഞ്ഞു. കർണ്ണന്റെ വീര്യശൗര്യാദികളെപ്പറ്റി കവി മറ്റു പലയിടങ്ങളിലും വിവരിയ്ക്കുന്നുണ്ട്. അപ്പോൾ തീർത്തും അധർമ്മിയായി കർണ്ണനെ ചിത്രീകരിയ്ക്കാനല്ല കവി ഉദ്ദേശിച്ചതെന്നു വേണം കരുതാൻ. കർണ്ണന്റെ വ്യക്തിത്വത്തിന്റെ ഒരു പങ്ക് ധർമ്മവും മറുപങ്ക് അധർമ്മവുമാണ്. ഇവ തമ്മിലുള്ള കലഹം തന്നെയാണ് കർണ്ണന്റെ നാശത്തിനിടയാക്കിയത്. കർണ്ണന്റെ മനസ്സിൽ പതിയിരുന്ന കടുത്ത അപകർഷതാബോധമാണ് അയാളെ ദുർബ്ബലനാക്കിയത്. അതുകൊണ്ടാണല്ലോ ഭീഷ്മർക്ക് അയാളെ തേജോവധം ചെയ്യാനും തന്റെ പതനം വരെയെങ്കിലും യുദ്ധരംഗത്തു നിന്നകറ്റി നിർത്താനും കഴിഞ്ഞത്. അപകർഷതാബോധം, അസൂയ,

135. അതേ പുസ്തകം, പു.66.

ആത്മവിശ്വാസമില്ലായ്മ, അംഗീകാരത്തിലുള്ള അത്യാഗ്രഹം എന്നീ ന്യൂനതകളും വീര്യം, ശൗര്യം, ദയ, സ്വന്തം തെറ്റിനെക്കുറിച്ചുള്ള അറിവ് എന്നീ മികവുകളും പരസ്പരം ചെയ്ത കലാപമാണ് കർണ്ണനെ സങ്കീർണ്ണമായ വ്യക്തിത്വത്തിനുടമയാക്കിയതും ദുരന്തത്തിൽ കൊണ്ടു ചെന്നെത്തിച്ചതും. വിധിയെ പൗരുഷം കൊണ്ട് മറികടക്കാനാകില്ലെന്ന ഭീഷ്മരുടെ ഉപദേശവും കർണ്ണന്റെ ജീവിതത്തിലുടനീളം വിധി ചമച്ച വൈരുദ്ധ്യങ്ങളിലേയ്ക്കാണല്ലോ വിരൽ ചൂണ്ടുന്നത്. ആ വിധി തന്നെയാണ് വീരനെങ്കിലും വ്യർത്ഥൻ എന്ന വിശേഷണത്തിന്[136] കർണ്ണനെ വിധേയനാക്കിയത്.

### 5. ധൃതരാഷ്ട്രർ

അന്ധനായതുകൊണ്ടാണ് ധൃതരാഷ്ട്രർക്ക് രാജ്യാവകാശം നിഷേധിയ്ക്കപ്പെട്ടത്. ധർമ്മാധർമ്മങ്ങളറിയാത്ത വ്യക്തിയായിരുന്നില്ല ഇദ്ദേഹം. അധർമ്മം പ്രവർത്തിയ്ക്കാൻ പലപ്പോഴും മടിയും പേടിയുമുണ്ടായിരുന്നു. പാണ്ഡവർക്കനുകൂലമായി ചെയ്ത കാര്യങ്ങൾ ഈ പേടി കാരണമായിരുന്നു. ആദ്യം യുധിഷ്ഠിരനെ രാജ്യാവകാശിയാക്കിയപ്പോഴേ ധൃതരാഷ്ട്രർക്ക് അസ്വസ്ഥതയുണ്ടായിരുന്നു. പാണ്ഡവർക്ക് ലഭിയ്ക്കുന്ന പ്രജാപിന്തുണ കണ്ട് സഹിയ്ക്കാനാകാതെയാണ് കണികനെ വിളിച്ച് ഉപദേശമാരാഞ്ഞത്. വാരണാവതത്തിലേയ്ക്ക് പാണ്ഡവരെ അയച്ചതിന്റെ പിന്നിലും പ്രവർത്തിച്ചത് ഈ ദുഷ്ടത തന്നെയാണ്. ദ്രൗപദി ഹസ്തിനപുരത്തിന്റെ വധുവായതറിഞ്ഞ് വിവാഹം ചെയ്തത് ദുര്യോധനനാണെന്ന് കരുതി സന്തോഷിച്ചു. പാണ്ഡവർക്ക് അർദ്ധരാജ്യം മാത്രം നൽകിയപ്പോൾ, ദ്യൂതത്തിന്റെ സമയത്ത് അവരുടെ പരാജയം കണ്ട് സന്തോഷിച്ചപ്പോൾ – ഒക്കെ ഈ മനഃസ്ഥിതി പ്രകടമാകുന്നു.

---

136. Rajagopalachari.C, 'Preface to second edition', *Mahabharata* (Bharatheeya Vidyabhavan, Bombay,1999),p.xii.

ദ്യൂതസഭയിൽ വെച്ച് പാണ്ഡവരെ സ്വതന്ത്രരാക്കാനുള്ള തീരുമാനം ധൃതരാഷ്ട്രർ സ്വീകരിച്ചത് ദുര്യോധനനെ മറികടന്നാണ്. ദുഃശകുനങ്ങൾ കണ്ടുണ്ടായ ഭീതിയോടെയാണെങ്കിലും, അതുപോലെ മറ്റു സന്ദർഭങ്ങളിലും പ്രവർത്തിയ്ക്കാമായിരുന്നു. അതു ചെയ്യാതിരുന്നത് പുത്രസ്നേഹം കൊണ്ടുമാത്രമല്ലെന്ന് പക്ഷമുണ്ട്[137]. സ്വാർത്ഥബുദ്ധിയായിരുന്നു അതിനു പിന്നിൽ. രാജ്യലോഭം തന്നെ. തനിയ്ക്കു നഷ്ടപ്പെട്ട രാജ്യം തന്റെ പുത്രന്മാരിലൂടെയെങ്കിലും തന്റെ ഭാഗത്തേയ്ക്കു തന്നെ വരണമെന്ന ചിന്ത കൂടിയാണ് ധൃതരാഷ്ട്രരെ അധർമ്മങ്ങൾക്ക് കൂട്ടു നിൽക്കാൻ പ്രേരിപ്പിച്ചത്. ദുര്യോധനൻ ജനിച്ചപ്പോൾ കുലനാശകനാകുമെന്ന് പ്രവചിയ്ക്കപ്പെട്ടപ്പോൾ എല്ലാവരും നിർബ്ബന്ധിച്ചിട്ടും ഉപേക്ഷിയ്ക്കാതിരുന്നത് ഈ വിചാരം കൊണ്ടു തന്നെയാകണം.

യുദ്ധസന്ദർഭങ്ങളിൽ പാണ്ഡവരുടെ വിജയം അറിയുമ്പോഴുള്ള ധൃതരാഷ്ട്രരുടെ നിരാശ അവരോടുള്ള അദ്ദേഹത്തിന്റെ ദ്വേഷം പ്രകടമാക്കുന്നു. പാണ്ഡവരോട് പ്രത്യേകിച്ച് ഭീമനോടുള്ള വൈരാഗ്യം ഒരിയ്ക്കലും മാറിയിരുന്നില്ല എന്നതിനുള്ള തെളിവാണ് ഭീമപ്രതിമ തകർത്തത്. കൊട്ടാരത്തിലെ വാസം മടുത്തു വനവാസം സ്വീകരിയ്ക്കാമെന്നു വെച്ചത് ഭീമന്റെ വാക്കുകൾ കേട്ടിട്ടുള്ള ദുഃഖം, കുറ്റബോധം, വിരക്തി എന്നതിനേക്കാൾ പാണ്ഡവസാന്നിദ്ധ്യത്തിൽ ജീവിയ്ക്കാനുള്ള വൈമനസ്യമാകണമല്ലോ.

ധർമ്മാധർമ്മങ്ങൾ വേർതിരിച്ചറിഞ്ഞശേഷം താൻ പോലുമറിയാതെ അധർമ്മത്തിലേക്ക് വഴുതി വീഴുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതം എന്ന് നിരീക്ഷിക്കപ്പെട്ടിരിക്കുന്നു[138].

---

137. " 'സ്നേഹമാണഖിലസാരം', പക്ഷേ", *വ്യാസപ്രസാദം*, പു.61.

138. 'കറുത്ത ജാലകളുടെ തണുത്ത ഉഷ്ണം', *ഭാരതദർശനം ഒരു പുനർവായന*, സമകാലിക മലയാളം (1178 മകരം 24), പു.71.

## 6. യുധിഷ്ഠിരൻ

ധർമ്മിഷ്ഠനായ പുത്രനെ വേണമെന്ന പാണ്ഡുവിന്റെ ആഗ്രഹപ്രകാരം കുന്തി യമധർമ്മനെ മന്ത്രാഹ്വാനം ചെയ്ത് പ്രസാദിപ്പിച്ച് നേടിയ പുത്രനാണ് യുധിഷ്ഠിരൻ. ധർമ്മത്തിനെന്നും അതിപ്രാധാന്യം നൽകിയ വ്യക്തിയാണ് അദ്ദേഹം. അതുകൊണ്ട് തന്നെ ധർമ്മമാർഗ്ഗത്തിൽ നിന്നും വ്യതിചലിയ്ക്കാൻ അദ്ദേഹം എപ്പോഴും വൈമനസ്യം പ്രകടിപ്പിച്ചു. എന്നിട്ടും ചിലപ്പോഴൊക്കെ അങ്ങനെ ചെയ്യേണ്ടിവന്നിട്ടുണ്ട്. അതദ്ദേഹത്തെ വല്ലാതെ ദുഃഖിപ്പിയ്ക്കുകയും ചെയ്തു. അതുകൊണ്ടായിരിയ്ക്കാം ഒരിയ്ക്കലും സന്തോഷിയ്ക്കാൻ കഴിയാതെ പോയതും.

വാരണാവതത്തിൽ അരക്കില്ലത്തിൽ നിന്നും രക്ഷപ്പെടുമ്പോൾ തങ്ങൾ മരിച്ചുവെന്ന് ദുര്യോധനാദികൾ കരുതാൻ ആറു മൃതദേഹങ്ങൾക്കുവേണ്ടി ഒരു കാട്ടാളത്തിയേയും അഞ്ചു മക്കളേയും ചതിച്ചു. തങ്ങളെ ചതിയ്ക്കാനൊരുങ്ങുന്നവനെ നേരിട്ടെതിർക്കുന്നതിനുപകരം തങ്ങൾക്കു ബലമില്ലെന്ന തോന്നലും, ഇനിയും ശത്രുക്കൾ ചതിയ്ക്കുമെന്ന തോന്നലും ഉണ്ടാക്കിയ ഭീരുത്വം കാരണം ഇങ്ങനെയൊരു തെറ്റു ചെയ്തത് ധർമ്മവിലോപം തന്നെയാണ്. അതിൽ യുധിഷ്ഠിരന് കുറ്റബോധമൊന്നും കാണുന്നുമില്ല.

ചൂതുകളിയിൽ രാജ്യവും ധനവും സഹോദരന്മാരേയും ഭാര്യയേയും പണയപ്പണ്ടമാക്കിയത് ഒരു രാജാവെന്ന നിലയിൽ അധർമ്മം തന്നെയാണ്. ദ്രൗപദിയോട് രാജസഭയിൽ ശ്വശുരന്റെ മുന്നിൽ കരഞ്ഞു കൊണ്ട് വന്നു നിൽക്കണം എന്നാവശ്യപ്പെട്ടു. എല്ലാവരും ദുര്യോധനനെ നിന്ദിയ്ക്കണമെന്നായിരുന്നു ഉദ്ദേശ്യം. അതിനുവേണ്ടി അശുദ്ധയും ഏകവസ്ത്രയുമായിരിയ്ക്കുന്ന പത്നി പരപുരുഷന്മാർക്കു മുന്നിൽ പ്രത്യക്ഷപ്പെടണം എന്നു പറയുന്നതിലെ അധർമ്മം യുധിഷ്ഠിരൻ പരിഗണിയ്ക്കുന്നില്ല. താനാണോ യുധിഷ്ഠിരനാണോ ആദ്യം അടിമയായത്, യുധിഷ്ഠിരനാണെങ്കിൽ പിന്നെ

തന്നെ പണയം വെയ്ക്കാനെന്തവകാശം എന്ന ദ്രൗപദിയുടെ ചോദ്യത്തിനുത്തരം പറയേണ്ടത് യുധിഷ്ഠിരൻ തന്നെയാണെന്ന് ഭീഷ്മർ പറഞ്ഞപ്പോൾ അദ്ദേഹത്തിനൊന്നും പറയാൻ കഴിഞ്ഞില്ല. ദ്രൗപദിയുടെ മേൽ അവകാശമുണ്ടെന്ന് പറഞ്ഞാൽ ദുര്യോധനൻ തെറ്റുകാരനാകില്ല. തനിയ്ക്കവകാശമില്ലെന്നു പറഞ്ഞാൽ പണയം വെച്ച താനാകും കുറ്റക്കാരൻ. തന്റെ ധർമ്മിഷ്ഠൻ എന്ന കീർത്തിയ്ക്ക് അത് മങ്ങലേല്പിക്കും. യുധിഷ്ഠിരൻ തന്റെ തെറ്റ് സമ്മതിച്ചിരുന്നെങ്കിൽ ഒരു സർവ്വനാശം ഒഴിവാക്കാമായിരുന്നു. പക്ഷേ ധർമ്മിഷ്ഠനെന്ന പേരിനോടുള്ള മമത അദ്ദേഹത്തെ വിലക്കി.ഇതാണ് ലോകാഭിപ്രായത്തോടുള്ള കവിഞ്ഞ ആദരവാണ് യുധിഷ്ഠിരന്റെ അധർമ്മത്തിന്റെ ബീജം എന്ന പക്ഷത്തിന് നിദാനം[139]. ധർമ്മമനുഷ്ഠിക്കുന്നതിനേക്കാൾ ധർമ്മിഷ്ഠൻ എന്ന പേരും കേൾക്കുന്നതിലാണ് അദ്ദേഹത്തിന് താല്പര്യമെന്ന് കരുതേണ്ടിയിരിയ്ക്കുന്നു.

വനവാസസമയത്ത് യുദ്ധം ചെയ്യാൻ അനുജന്മാരും ദ്രൗപദിയും പ്രേരിപ്പിച്ചപ്പോൾ കരാർലംഘനത്തിലെ അധർമ്മമാണ് ആദ്യം കാരണമായി പറഞ്ഞത്. പക്ഷേ വീണ്ടും വിശദീകരിയ്ക്കേണ്ടിവന്നപ്പോൾ കൗരവരുടെ ബലത്തെക്കുറിച്ചുള്ള ഭീതി പ്രകടമായി. അത് ഭീമസേനനെ കൂടി ഭയപ്പെടുത്തും വിധം പറയുകയും ചെയ്തു. കരാർലംഘനം അധർമ്മമാണെന്ന ചിന്ത ശക്തമാണെങ്കിൽ കരുത്തുണ്ടോ എന്ന സംശയം തന്നെ ഉദിയ്ക്കില്ലായിരുന്നു എന്നതിനാൽ ഇത് യുധിഷ്ഠിരന്റെ അധർമ്മമാണെന്ന് അഭിപ്രായമുണ്ടായിട്ടുണ്ട്[140].

യുദ്ധം തുടങ്ങുംമുമ്പേ ആചാര്യന്മാരെ വന്ദിച്ചത് ആദരസൂചകമായിട്ടാണെങ്കിലും ആചാര്യന്മാരെ എങ്ങനെ കീഴടക്കണമെന്ന ചോദ്യത്തിന്റെ മുന്നോടിയായതിനാൽ സ്വാർത്ഥസ്പർശമുണ്ടെന്ന് നിരീക്ഷിയ്ക്കപ്പെട്ടിരിയ്ക്കുന്നു[141].

139. 'ലോകാഭിപ്രായം', _വ്യാസപ്രസാദം_, പു.91.
140. അതേ പുസ്തകം, 'മാർക്കണ്ഡേയ ഗീത', പു.180.
141. 'രണ്ട് അഭിവാദനങ്ങൾ', _ഭാരതപര്യടനം_, പു.136.

ഭീഷ്മരേയും ദ്രോണരേയും എങ്ങനെ വധിയ്ക്കണമെന്ന് ചോദിച്ചതിലും കർണ്ണനെ തേജോവധം ചെയ്യാൻ ശല്യരോടഭ്യർത്ഥിച്ചതിലും അധർമ്മം പ്രകടം തന്നെയാണ്. അശ്വത്ഥാമാവ് മരിച്ചു എന്ന പ്രഖ്യാപനത്തിലും അധർമ്മം കാണുന്നു. അവിടെ കാണിച്ച കാപട്യം സത്യസന്ധൻ എന്ന തന്റെ പേര് കളങ്കപ്പെടാതിരിയ്ക്കാനാണ്.

രാജ്യലോഭമുണ്ടായിരുന്നു യുധിഷ്ഠിരന്. അജ്ഞാതവാസത്തിനു ശേഷവും അവകാശപ്പെട്ട രാജ്യം തിരിച്ചുതരാൻ ദുര്യോധനൻ സമ്മതിയ്ക്കുന്നില്ലെന്ന് കണ്ടപ്പോൾ, സർവ്വനാശമൊഴിവാക്കാനായി സന്ധിശ്രമങ്ങൾ നടത്തിയെങ്കിലും രാജ്യം ഉപേക്ഷിയ്ക്കാൻ തയ്യാറായില്ല. അതേ സമയം യുദ്ധഭീരുത്വമുണ്ടായിരുന്നുതാനും. കൗരവപക്ഷത്തെക്കുറിച്ചോർത്ത് പ്രത്യേകിച്ച് കർണ്ണനെക്കുറിച്ചോർത്ത് ഭയക്കുന്നുണ്ട്. ആചാര്യന്മാരുടെ കാര്യത്തിലും ഈ ഭയമുള്ളതുകൊണ്ടു കൂടിയാണല്ലോ കീഴടക്കാനുള്ള മാർഗ്ഗം ആരാഞ്ഞത്. അവസാനം ജ്ഞാതിവധമോർത്ത് യുധിഷ്ഠിരൻ ദുഃഖിയ്ക്കുമ്പോൾ കാമത്തെ ധർമ്മമാക്കണമെന്ന് കൃഷ്ണൻ ഉപദേശിച്ചു. കൃഷ്ണൻ ഉദ്ദേശിച്ച കാമം രാജ്യത്തോടുള്ള കാമമാണെന്ന് അഭിപ്രായമുണ്ട്[142].

മനസ്സുറപ്പു കുറവായിരുന്നു യുധിഷ്ഠിരന്. ചൂതെന്ന പ്രലോഭനത്തെ മറികടക്കാനായില്ല, വനവാസവേളയിൽ എല്ലാം തന്റെ തെറ്റായിരുന്നുവെന്ന് വിലപിച്ചു, കർണ്ണനോട് ഭയം കലർന്ന ദേഷ്യമുണ്ടായിരുന്നു. കർണ്ണനെ കൊല്ലാത്തതിന്റെ പേരിൽ അർജ്ജുനനോട് കലഹിച്ചു. കർണ്ണവധമറിഞ്ഞപ്പോൾ അതിരറ്റ് സന്തോഷിച്ചു. ദുര്യോധനനെ വെല്ലുവിളിച്ചു. തങ്ങളിലാരെ വേണമെങ്കിലും എതിരാളിയായി സ്വീകരിയ്ക്കാം യുദ്ധം ചെയ്ത് ജയിച്ചാൽ രാജ്യം തിരികെ തരാമെന്ന് പറഞ്ഞു, കർണ്ണൻ ജ്യേഷ്ഠനാണെന്നറിഞ്ഞപ്പോൾ കഠിനമായി ദുഃഖിച്ചു. സത്യം മറച്ചുവെച്ച അമ്മയെ ശപിച്ചു. ജ്ഞാതിവധമോർത്ത് വിലപിച്ചു, രാജ്യാവകാശം ഉപേക്ഷിയ്ക്കാനൊരുങ്ങി. ഉടലോടെ സ്വർഗ്ഗത്തെ

142. 'കാമഗീത', *വ്യാസപ്രസാദം*, പു.266.

ത്തിയപ്പോഴും തന്റെ ഉറ്റവർ നരകത്തിലാണെന്നു കണ്ട് ദുഃഖിച്ചു. സ്വർഗ്ഗത്തിൽ ദുര്യോധനനെ കണ്ട് നീരസം തോന്നി, ദ്രൗപദി അർജ്ജുനനെ കൂടുതൽ സ്നേഹിച്ചുവെന്ന് പരാതിയുണ്ടായിരുന്നു.

ധർമ്മത്തോടുള്ള മമത കാരണമാകാം ക്ഷത്രിയസഹജമായ തന്റേടം കാണിയ്ക്കാൻ പലപ്പോഴും യുധിഷ്ഠിരന് കഴിയാതെ പോയത്. അർജ്ജുനനും ഭീമനുമാണ് യുദ്ധങ്ങൾ ജയിയ്ക്കുന്നതും നേട്ടങ്ങൾ കൈവരിയ്ക്കുന്നതും. യുദ്ധം ചെയ്യണമെന്ന ചിന്തയുണർത്താൻ തന്നെ കുന്തി വിദുളയുടെ കഥ പറഞ്ഞ് പ്രേരിപ്പിയ്ക്കേണ്ടിവന്നു.

ഇതിനെല്ലാം വിപരീതമായി യുധിഷ്ഠിരൻ അങ്ങേയറ്റം ധർമ്മിഷ്ഠനായിരുന്നുവെന്നും അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികൾക്കും ധാർമ്മികമായ ന്യായങ്ങളുണ്ടെന്നും നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്. അതിന് ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ താഴെ പറയുന്നവയാണ്.

ഒരു രാജാവ് മറ്റൊരു രാജാവിനെ ചൂതിന് വിളിയ്ക്കുന്നത് ഒരു തരത്തിൽ പോർവിളി തന്നെയാണ്. അത് സ്വീകരിച്ചതിൽ ദുര്യോധനന്റെ യുദ്ധഭീഷണി സ്വീകരിയ്ക്കാനുള്ള സന്നദ്ധത തന്നെയാണ് കാണുന്നത്[143]. ചൂതുകളിയിൽ തങ്ങളുടെ ആയുധങ്ങൾ പണയം വെക്കാതിരുന്നതും, ദ്രൗപദിയെ പണയം വെച്ചതും സഭയിലേയ്ക്ക് വരുത്തിയതും യുധിഷ്ഠിരന്റെ നയചാതുര്യമാണ് വ്യക്തമാക്കുന്നത്. ദ്രൗപദിയെ ഉപദ്രവിയ്ക്കുന്നതു തടയാൻ എന്തായാലും കഴിയില്ല. അപ്പോൾ ആ സന്ദർഭത്തെ ആകുന്നത്ര അനുകൂലമായി ഉപയോഗിച്ചു. അത് സഫലമാകുകയും ചെയ്തു[144]. ദുര്യോധനൻ നിന്ദിയ്ക്കപ്പെട്ടു. സഭയുടെ മാനസിക പിന്തുണ തങ്ങൾക്ക് ലഭിച്ചു എന്നല്ല കൗരവപക്ഷത്തെ ഒരാളിൽ നിന്നും – വികർണ്ണൻ – ദ്രൗപദി

---

143. 'ചൂതും നുണയും ധർമ്മാദർശത്തിന്റെ വെളിച്ചത്തിൽ', *ഭാരതദർശനം ഒരു പുനർവായന,* സമകാലിക മലയാളം (1178 ധനു 19), പുറം.70.

144. അതേ പുസ്തകം, 'ധർമ്മപുത്രരുടെ നയതന്ത്രം', (1178 കർക്കിടകം 23), പു.47.

പണയപ്പെട്ടിട്ടില്ലെന്ന് അഭിപ്രായം ജനിപ്പിയ്ക്കാൻ കഴിഞ്ഞു[145]. ദ്രൗപദിയുടെ ചോദ്യത്തിനുത്തരം പറയാതിരുന്നത് ഹിംസാത്മകമാകുമായിരുന്ന ഒരന്തരീക്ഷത്തെ ശാന്തമാക്കാനുള്ള അഹിംസാചരണമായിരുന്നു[146]. വനവാസവേളയിൽ താൻ ദ്രൗപദിയെ ഉപദ്രവിയ്ക്കുന്നതു കണ്ട് പൊറുത്തുവല്ലോ എന്ന യുധിഷ്ഠിരൻ വിലപിച്ചതിന്റെ അർത്ഥം ആ പ്രവൃത്തിയിൽ അദ്ദേഹത്തിന് ദുഃഖമുണ്ടായിരുന്നുവെന്നാണ്[147]. എന്നിട്ടും ദ്രൗപദിയോട് സ്നേഹമുണ്ടായിരുന്നിട്ടും കരാർ ലംഘിച്ചില്ലെന്നത് ആ വ്യക്തിത്വത്തിന്റെ ഔന്നത്യമാണ് കാണിയ്ക്കുന്നത്[148].

തങ്ങളെ പ്രകോപിപ്പിക്കാൻ ഘോഷയാത്രയ്ക്കെന്ന വ്യാജേന കാട്ടിൽ വന്ന് ഗന്ധർവ്വന്മാരുടെ പിടിയിലകപ്പെട്ട ദുര്യോധനാദികളെ രക്ഷിക്കാൻ ഭീമാർജ്ജുനന്മാരോടാവശ്യപ്പെട്ടതിൽ മനുഷ്യത്വത്തിന്റെ ഔന്നത്യമാണ് കാണുന്നത്[149].

ദൂതിനൊരുങ്ങി നിൽക്കുന്ന കൃഷ്ണനോട് ദുര്യോധനൻ നയരഹിതമായി പ്രവർത്തിച്ചാൽ താൻ സർവ്വക്ഷത്രിയനാശം വരുത്തുമെന്ന് യുധിഷ്ഠിരൻ പറയുന്നിടത്ത് ധീരതയും, പൗരുഷവും, ദൃഢനിശ്ചയവുമൊക്കെ തെളിയുന്നു. താൻ  ചെയ്യുന്നത് ധർമ്മമാണെന്ന ഉറപ്പാണ് അദ്ദേഹത്തിന് വേണ്ടിയിരുന്നത്. ശത്രുബലത്തെ മുടിയ്ക്കാനുള്ള തന്റെ ബലം നിത്യമായ ധർമ്മമാണെന്നദ്ദേഹം പറയുന്നു[150].

---

145. അതേ പുസ്തകം, 'അഹിംസയുടെ മഹാഭാഷ്യമായി ഒരു മൗനം', സമകാലിക മലയാളം (1179 ചിങ്ങം 6), പു.43.
146. അതേ പുസ്തകം, 'കൃഷ്ണനും ധർമ്മപുത്രരും:സത്യത്തിന്റെ രണ്ടു പ്രതീകങ്ങൾ', സമകാലിക മലയാളം (1179 ചിങ്ങം 13), പു.46.
147. അതേ പുസ്ത്കം, 'ത്യാഗം സർവ്വപ്രധാനം' സമകാലിക മലയാളം (1180 കന്നി 1), പു.69.
148. അതേ പുസ്തകം, പു.70.
149. അതേ പുസ്തകം, 'അഹിംസയുടെ ഉത്പത്തിനിദാനം', സമകാലിക മലയാളം (1180 കന്നി 15), പു.67.
150. അതേ പുസ്തകം, 'ത്യാഗത്തിന്റെ ധർമ്മഗീത' സമകാലിക മലയാളം (1180 കന്നി 29), പു.72.

ആചാര്യന്മാരെ വന്ദിച്ച് വധോപായം തേടിയത് സ്വാർത്ഥത തന്നെ യെങ്കിലും അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ യുദ്ധത്തിന്റെ ഗതി തന്നെ മാറിപ്പോകുമായിരുന്നു. കൃഷ്ണൻ ചക്രായുധം കൊണ്ട് ആചാര്യന്മാരുടെ കഴുത്തറുക്കേണ്ടിവരും. അതൊഴിവാക്കാനാണ് ഇങ്ങനെ ചെയ്തത്[151].

അശ്വത്ഥാമാവ് മരിച്ചു എന്നു നുണപറഞ്ഞത് അജയ്യശക്തിയുള്ള ദ്രോണരുടെ ജീവിതത്തേക്കാൾ മഹത്താണ്. ലോകധർമ്മത്തിന്റെ പരിപാല നമെന്നതിനാലാണ്[152].

പ്രജാപരിപാലനം ക്ഷത്രിയധർമ്മമാകയാൽ യുധിഷ്ഠിരൻ രാജ്യം ത്യജിച്ചില്ല. രാജ്യം രാജാവിനെ സംബന്ധിച്ചിടത്തോളം ഭോഗസാധനമല്ല, ധർമ്മസാധനമാണ്[153].

ഈ ന്യായങ്ങളെല്ലാം ഉന്നയിച്ചു കൊണ്ട് ലോകഗതിയ്ക്കു വിപരീത മായി അധർമ്മമാർഗ്ഗത്തിൽ നിന്നു ധർമ്മമാർഗ്ഗത്തിലൂടെ സഞ്ചരിച്ചതാണ് ധർമ്മപുത്രരുടെ ജീവിതത്തിലെ യാതനകൾക്കെല്ലാം കാരണം എന്നു ലേഖകൻ അഭിപ്രായപ്പെടുന്നു[154].

ഈ അഭിപ്രായവും ന്യായങ്ങളും സവിസ്തരം പ്രതിപാദിച്ചത് ഏറെ ആശ്ചര്യക്ഷേപ്പമുണ്ടാക്കുന്ന വ്യക്തിത്വമാണ് യുധിഷ്ഠിരന്റേതെന്ന് തെളിയിക്കാനാണ്.

പലരോടും യുധിഷ്ഠിരന് ശത്രുത തോന്നിയിരുന്നെങ്കിലും അതില്ലാതാ ക്കാൻ മാത്രം സ്നേഹവുമുണ്ടായിരുന്നുവെന്ന് നിരീക്ഷണങ്ങളുണ്ടായിട്ടുണ്ട്[155]. പ്രധാനമായും കർണ്ണനെ ഉദ്ദേശിച്ചാണീ അഭിപ്രായം രൂപപ്പെട്ടിരിയ്ക്കുന്നത്.

---

151. അതേ പുസ്തകം, 'ഒരു നാടകത്തിന്റെ അരങ്ങേറ്റം', സമകാലിക മലയാളം (ഏപ്രിൽ 2005), പു.72.
152. അതേ പുസ്തകം, 'യുധിഷ്ഠിരസ്വഭാവത്തിന്റെ ആണവഘടന', സമകാലിക മലയാളം (1180 കന്നി 8), പു.68.
153. അതേ പുസ്തകം, 'സത്യാഗ്രഹിയും സ്ഥിതപ്രജ്ഞനും', സമകാലിക മലയാളം (ഓണപ്പ തിപ്പ് 2003), പു.183.
154. അതേ പുസ്തകം, 'വന്ധ്യമായൊരു പ്രലോഭനം', സമകാലിക മലയാളം (മാർച്ച് 2005), പു.66.
155. 'അജാതശത്രു', *വ്യാസപ്രസാദം*, പു.55.
'ധർമ്മപരീക്ഷകൾ', *ഭാരതപര്യടനം* പു.198.

കർണ്ണനോട് ഭയവും ദേഷ്യവുമുണ്ടായിരുന്നെങ്കിലും കർണ്ണന്റെ കാലടികൾ കാണുമ്പോൾ അവയ്ക്ക് അമ്മയുടെ കാലടികളുമായുള്ള സാമ്യം കാരണം ആ ദേഷ്യം ശമിയ്ക്കുമായിരുന്നു. കർണ്ണവധത്തിലുള്ള ദുഃഖമാണ് യുധിഷ്ഠിരനെ പ്രധാനമായും വേദനിപ്പിച്ചതും, വിരക്തനാക്കിയതും, സ്വന്തം അമ്മയെ ശപിയ്ക്കാൻ പ്രേരിപ്പിച്ചതും, രാജ്യമുപേക്ഷിയ്ക്കാൻ തോന്നിച്ചതും. ശത്രുക്കൾ പോലും യുധിഷ്ഠിരന്റെ ധർമ്മബോധത്തെ അംഗീകരിച്ചിരുന്നു. കർണ്ണൻ താൻ ജ്യേഷ്ഠപാണ്ഡവനാണെന്ന സത്യം യുധിഷ്ഠിരനറിയരുതെന്ന് പറഞ്ഞതും, ദുര്യോധനനും ശകുനിയും ധൈര്യപൂർവ്വം പാണ്ഡവരെ പരമാവധി ചൂഷണം ചെയ്തതും, ധൃതരാഷ്ട്രർ യുദ്ധത്തിനൊരുങ്ങരുത് ശമം വരിയ്ക്കണമെന്നു പറഞ്ഞതും ഒക്കെ ആ വിശ്വാസം കൊണ്ടാണ്.

ഇത്രയും പറഞ്ഞതിൽ നിന്നും യുധിഷ്ഠിരന്റെ പ്രവൃത്തികളിലെ ധർമ്മാധർമ്മവിവേചനം സുസാദ്ധ്യമല്ലെന്ന നിഗമനത്തിലാണെത്തിച്ചേരാനാകുന്നത്. എന്തായാലും ധർമ്മപുത്രരായുള്ള ജനനവും, യക്ഷപ്രശ്നവും, ഉടലോടെ സ്വർഗ്ഗം പൂകിയതും, തന്നെ അനുഗമിച്ച നായയെക്കൂടി സ്വർഗ്ഗത്തിലേയ്ക്ക് പ്രവേശിപ്പിയ്ക്കണമെന്നു വാദിച്ചതുമെല്ലാം വ്യാസൻ നിബന്ധിച്ചത് യുധിഷ്ഠിരനെ ധർമ്മിഷ്ഠനായി അവതരിപ്പിയ്ക്കാൻ വേണ്ടിയാണെന്നത് അദ്ദേഹത്തിന്റെ പ്രവൃത്തികൾ ഭൂരിഭാഗവും ധർമ്മത്തിലധിഷ്ഠിതമാണെന്നതിന് തെളിവാണ്.

### 7. ഭീമസേനൻ

കരുത്തനായ പുത്രനെ ആഗ്രഹിച്ച കുന്തിയ്ക്ക് വായുദേവൻ അനുഗ്രഹിച്ചു നൽകിയതാണ് ഭീമസേനനെ, ജന്മനാ ശക്തനായ ഭീമനെ നാഗരസപാനം കൂടുതൽ ശക്തനാക്കി. കുട്ടിക്കാലത്ത് ഭീമൻ കൗരവരെ ഉപദ്രവിച്ചിരുന്നത് പകകൊണ്ടല്ല. അത് ബാല്യസഹജമായ വികൃതികളായിരുന്നു. ദുര്യോധനാദികളാണതിൽ പക കൊണ്ടത്. കൗരവരുടെ ദ്രോഹങ്ങ

ളോരോന്നും ഭീമനിൽ പക വളർത്തി. ആ ദേഷ്യം മറച്ചുവെയ്ക്കുന്നവനായിരുന്നില്ല ഭീമൻ. പലപ്പോഴും അദ്ദേഹത്തെ സഹോദരന്മാർ അടക്കിനിർത്തുകയാണ് ചെയ്തത്. ഭീമനെ ധർമ്മിഷ്ഠനായോ, ശാന്തനായോ അല്ല കവി അവതരിപ്പിയ്ക്കുന്നത്. യുധിഷ്ഠിരന്റെ ധർമ്മാനുസാരമുള്ള നടപടികൾക്കനുസരിച്ചുള്ള ക്ഷമ ഭീമനില്ല. ദ്യൂതസഭയിൽ യുധിഷ്ഠിരൻ തടുത്ത് അടക്കിനിർത്തി വനവാസവേളയിലും യുധിഷ്ഠിരൻ ഉടൻ യുദ്ധം വേണമെന്ന് പറഞ്ഞ് ധൃതി കൂട്ടിയ ഭീമനെ കൗരവരുടെ കരബലത്തെക്കുറിച്ച് പറഞ്ഞ് ഭയപ്പെടുത്തി ശാന്തനാക്കി.

ഭീമനെ പ്രാകൃതനായ ചിന്താഗതിക്കാരനായാണ് കവി ചിത്രീകരിയ്ക്കുന്നത്. ഏറ്റുമുട്ടലിലും വധത്തിലും ഭീമൻ  അവലംബിയ്ക്കുന്ന യുദ്ധമുറകൾ പലപ്പോഴും പ്രാകൃതമാണ്. ശത്രുക്കൾ  അസുരന്മാരാണ് മിക്കവാറും. ദ്യൂതസഭയിൽ വെച്ച് യുധിഷ്ഠിരനെ എതിർത്തത് പാണ്ഡവരിൽ ഭീമൻ മാത്രമായിരുന്നു. മറ്റ് സഹോദരന്മാർക്ക് യുധിഷ്ഠിരന്റെ പ്രകൃതവുമായി യോജിച്ചുപോകാൻ  കഴിഞ്ഞിരുന്നുവെന്നും ഭീമന് ധർമ്മപുത്രരുമായി പൂർണ്ണമായി ഭാവലയം പ്രാപിയ്ക്കാൻ സാധിയ്ക്കാത്ത വ്യക്തിത്വമാണുണ്ടായിരുന്നത് എന്നതാണിതിന് കാരണമെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[156].

ഗാന്ധാരി തന്റെ മക്കളെ വധിച്ചതിനെക്കുറിച്ച് ചോദിച്ചപ്പോൾ കളവ് പറയാനോ തന്ത്രപൂർവ്വം സംസാരിയ്ക്കാനോ ഭീമൻ തയ്യാറാകുന്നില്ല. അധർമ്മികളായ അവരോട് അധാർമ്മികമായി തന്നെ തനിയ്ക്ക് പെരുമാറേണ്ടി വന്നുവെന്ന് പറഞ്ഞു. ജ്ഞാതിവധമോർത്ത് ദുഃഖിച്ച് തനിയ്ക്ക് രാജ്യം വേണ്ടെന്ന് പറഞ്ഞ് വിലപിയ്ക്കുന്ന യുധിഷ്ഠിരനെ സമാധാനിപ്പിച്ച് രാജ്യഭാരമേറ്റെടുക്കാൻ പ്രേരിപ്പിയ്ക്കുന്നുണ്ട് ഭീമൻ. ഇവിടെ പ്രായോഗികമതിയായ ഭീമനെയാണ് കാണാനാകുന്നത്. എതിർവാദം ചെയ്യുന്ന ആളിനെ

156. 'അഹങ്കാരത്തിന്റ കാമകലാശില്പം', *ഭാരതദർശനം ഒരു പുനർവായന*, സമകാലിക മലയാളം (1178 കർക്കിടകം 2), പു.78.

യുക്തിപൂർവ്വം സംസാരിച്ച് കീഴടക്കാൻ കഴിവുള്ളവനാണ് ഭീമൻ എന്നു നിരീക്ഷിയ്ക്കപ്പെട്ടു കാണുന്നു[157]. പക്ഷേ പലപ്പോഴും യുധിഷ്ഠിരനോട് സംസാരിയ്ക്കുന്നതല്ലാതെ കീഴടക്കുന്നതായി പറയുന്നില്ല.

ക്ഷമാശീലവും ആത്മനിയന്ത്രണവും ഭീമന് കുറവായിരുന്നു. ദ്യൂതസഭയിൽ വെച്ചുണ്ടായ രണ്ടു ശപഥങ്ങൾ – ദുര്യോധനനേയും ദുശ്ശാസനനേയും കൊല്ലുമെന്ന് പറഞ്ഞതും, കൊല്ലുന്നത് എങ്ങനെയെന്ന് കൂടി പറഞ്ഞതും– അതാണ് വ്യക്തമാക്കുന്നത്. ധാർത്തരാഷ്ട്രരെയെല്ലാം കൊല്ലുമെന്നും പ്രതിജ്ഞ ചെയ്തു. അതിൽ പാണ്ഡവപക്ഷം പിടിച്ചു സംസാരിച്ച വികർണ്ണനും പെടും. സന്ധിശ്രമവുമായി പോകുന്ന കൃഷ്ണനോട് യുദ്ധത്തിന് പ്രതികൂലമായി സംസാരിയ്ക്കുന്നുണ്ടെങ്കിലും അതത്ര ഋജുവായ അർത്ഥത്തിലെടുക്കാൻ കഴിയില്ല. ധാർത്തരാഷ്ട്രരെയെല്ലാം വധിച്ചതിൽ ഭീമൻ സന്തോഷിയ്ക്കുകയാണ്. വികർണ്ണനെ വധിയ്ക്കേണ്ടിവന്നപ്പോൾ ദുഃഖം തോന്നിയെങ്കിലും അത് തന്റെ പ്രതിജ്ഞാപാലനത്തിന്റെ ഒരു ഭാഗമായി കരുതുകയാണ് ചെയ്തത്. യുദ്ധാനന്തരം സഹോദരന്മാരെല്ലാവരും ധൃതരാഷ്ട്രരോട് പൊറുത്തിട്ടും ഭീമനതിന് കഴിഞ്ഞില്ല. ധൃതരാഷ്ട്രർക്ക് ഭീമനോടായിരുന്നു കൂടുതൽ ദേഷ്യമെന്ന് ഭീമന്റെ പ്രതിമ തകർത്തതിലൂടെ വ്യക്തമാകുന്നു. അതും ഭീമന്റെ അസഹ്യതയ്ക്ക് കാരണമായിട്ടുണ്ടാകും. ധൃതരാഷ്ട്രരെ കുത്തുവാക്കുകൾ കൊണ്ട് വേദനിപ്പിച്ചും ധാർത്തരാഷ്ട്രർക്ക് ശ്രാദ്ധത്തിന് ചെലവ് വഹിയ്ക്കരുതെന്ന് യുധിഷ്ഠിരനോട് പറഞ്ഞ് കലഹിച്ചും ഭീമൻ തന്റെ പ്രതിഷേധം പ്രകടമാക്കിക്കൊണ്ടിരുന്നു.

ഭീമൻ അമ്മയേയും സഹോദരന്മാരേയും സ്നേഹിയ്ക്കാതിരുന്നിട്ടില്ല. എന്നും അവർക്കൊരു രക്ഷാകവചമായി നിന്നത് അദ്ദേഹമായിരുന്നു.യുധിഷ്ഠിരനോട് പലപ്പോഴും എതിർത്ത് സംസാരിച്ചിട്ടുണ്ടെങ്കിലും

157. അതേ പുസ്തകം, 'ആയുധങ്ങൾ പരാജയപ്പെടുന്ന ശാന്തിസ്ഥലിയിൽ' (1179, വൃശ്ചികം 12), പു.65.

പ്രവർത്തിച്ചിട്ടില്ല. ദ്രൗപദിയോടുള്ള സമീപനത്തിൽ സഹോദരന്മാരിൽ നിന്നും വ്യത്യസ്തത പുലർത്തുന്നുണ്ട് ഭീമൻ. അവർ ധർമ്മത്തിനു പ്രാധാന്യം കൊടുക്കുമ്പോൾ ഭീമൻ ദ്രൗപദിയുടെ താല്പര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത്. കല്യാണസൗഗന്ധികം, ശൈലാഞ്ചലം, കീചകവധം, ജടവധം, അശ്വത്ഥാമാവിനെ കീഴടക്കിയത് – തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം ദ്രൗപദിയോട് അർപ്പണബോധം പുലർത്തുന്ന ഒരു ഭർത്താവിനെയാണ് കാണുന്നത്. ദ്രൗപദിയുടെ സങ്കടങ്ങൾ പിടിച്ചുലയ്ക്കുന്നത് ഭീമനെയാണ്. ദ്രൗപദി കാമിച്ചത് അർജ്ജുനനെയാകാം. പക്ഷേ ദ്രൗപദിയേയും, അവളുടെ താല്പര്യങ്ങളേയും എപ്പോഴും സംരക്ഷിയ്ക്കാൻ സന്നദ്ധനായതു ഭീമനാണ്. അവർ തമ്മിലായിരുന്നു മനപ്പൊരുത്തം. അഭിരുചികളിലും, അഭിപ്രായങ്ങളിലും, പ്രതികാരമനോഭാവത്തിലും – ഇരുവരുടേയും ചിത്തവൃത്തികൾ ഒരുപോലെയാണ്. ഇരുവരും മണ്ണിന്റെ സന്തതികളാണെന്ന് നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്[158]. ദ്രൗപദിയുടെ ആഗ്രഹങ്ങൾക്കുമുന്നിൽ ദുർബ്ബലനാവുകയായിരുന്നു ഭീമൻ. ദ്രൗപദിയുടെ മാറി മാറി വരുന്ന അഭിലാഷങ്ങൾക്ക് കേറി സഞ്ചരിയ്ക്കാനുള്ള കുതിരയായിരുന്നു ഭീമനെന്നും ശരീരത്തിന്റെ ബലത്തിനു മേൽ ധർമ്മത്തിന്റെ കടിഞ്ഞാണിടാൻ ദ്രൗപദിയുടെ മുന്നിൽ അദ്ദേഹത്തിനു സാധിയ്ക്കുമായിരുന്നില്ല എന്നുമുള്ള അഭിപ്രായം സ്ഥാപിയ്ക്കുന്നതതാണ്[159].

സഹോദരന്മാരെപ്പോലെ ദേവപുത്രനാണെങ്കിലും തികച്ചും മാനുഷികമായ ചിത്തവൃത്തികളാണ് ഭീമനുണ്ടായിരുന്നതെന്നിവിടെ വ്യക്തമാകുന്നു. ദിവ്യായുധങ്ങളേക്കാൾ കരബലത്തിലായിരുന്നു വിശ്വാസവും – നാരായണാസ്ത്രത്തെ, ആയുധം താഴെവെച്ച് വന്ദിയ്ക്കാൻ വൈമുഖ്യം കാണിച്ചത് അതുകൊണ്ടാണ്. സ്നേഹവും ദയയും, പകയും വാത്സല്യവും വെറുപ്പുമെല്ലാം ഈ വ്യക്തിയിൽ ഒത്തിണങ്ങിക്കാണുന്നു.

158. 'ദ്രൗപദി', *മഹാഭാരതപഠനങ്ങൾ*, പു.80.

159. 'ഒരു ശപഥത്തിലെ സൗന്ദര്യദാസ്യം', *ഭാരതദർശനം ഒരു പുനർവായന*, സമകാലിക മലയാളം (നവംബർ 2004), പു.66.

## 8. ശ്രീകൃഷ്ണൻ

കുന്തിയുടെ സഹോദരപുത്രനാണ് കൃഷ്ണൻ. ശ്രീകൃഷ്ണനെ അവതാരപുരുഷനായാണ് കവി അവതരിപ്പിച്ചിരിയ്ക്കുന്നത്. ധർമ്മസംസ്ഥാപനാർത്ഥം ജനിച്ച ശ്രീകൃഷ്ണൻ ധർമ്മികളായ പാണ്ഡവരുടെ പക്ഷത്തു നിലകൊണ്ടു. മഹാഭാരതത്തിലെ ശ്രീകൃഷ്ണൻ ബുദ്ധിമാനും, സമാധാന പാലകനും, ദുർഗ്രാഹ്യനും, ദൈവികമെന്നതിനേക്കാൾ മാനുഷികകഥാപാത്രവുമാണ് എന്നഭിപ്രായമുണ്ട്[160]. ദ്രൗപദീസ്വയംവരം തൊട്ടാണ് പാണ്ഡവരോടൊപ്പം ശ്രീകൃഷ്ണനെ  കാണാനാകുന്നത്. അപ്പോൾ തൊട്ട് പാണ്ഡവാഭ്യുദയത്തിനായി യത്നിയ്ക്കുകയാണ് കൃഷ്ണൻ. വിവാഹത്തിന് അദ്ദേഹം അവർക്ക് അനവധി ധനവും  വിലപിടിച്ച സമ്മാനങ്ങളും നൽകി അവരെ സാമ്പത്തികമായി പ്രബലരാക്കി. രാജ്യഭ്രഷ്ടരും ദരിദ്രരുമായി ജീവിയ്ക്കുന്ന അവർക്ക് അതൊരാവശ്യമാണെന്നുകൂടി കണ്ടിട്ടാണല്ലോ അങ്ങനെ ചെയ്തത്. തന്റെ  ക്ഷണപ്രകാരം ഹസ്തിനപുരത്തേയ്ക്ക് തിരിച്ചുചെന്ന പാണ്ഡവർക്ക്  ധൃതരാഷ്ട്രർ അർദ്ധരാജ്യം നൽകി. ഖാണ്ഡവവനത്തിൽ നിന്നു രക്ഷിച്ചതിന് പ്രത്യുപകാരം സ്വീകരിയ്ക്കണമെന്ന് അസുരശില്പിയായ മയൻ അർജ്ജുനനോട് അപേക്ഷിച്ചപ്പോൾ കൃഷ്ണൻ  ഒരു നല്ല സഭ പാണ്ഡവർക്ക് നിർമ്മിച്ചുകൊടുക്കാൻ നിർദ്ദേശിച്ചു. രാജസൂയം നടത്താനാവശ്യമായ ഉപദേശങ്ങൾ നൽകുകയും എല്ലാ രാജാക്കന്മാരേയും കീഴടക്കി വിജയം സ്ഥാപിയ്ക്കണമെന്നും എതിർക്കാൻ സാധ്യതയുള്ള ശക്തനായ ജരാസന്ധനെ വധിയ്ക്കണമെന്ന് നിർദ്ദേശിയ്ക്കുകയും ചെയ്തു. രാജസൂയത്തിന് അഗ്ര്യപൂജയ്ക്ക് കൃഷ്ണനെ തെരഞ്ഞെടുത്തപ്പോൾ കൃഷ്ണനേയും കുരുവംശത്തേയും അവഹേളിച്ചുകൊണ്ട്  സംസാരിച്ച ശിശുപാലനെ വധിച്ചു.

160. Radice William, 'Draupadi's swayamvara', *Myths & Legends of India* (Penguin books, India, 2002), p.334.

ദ്യൂതസഭയിൽ വെച്ച് ദുശ്ശാസനൻ വസ്ത്രാക്ഷേപം ചെയ്യുമ്പോൾ ദ്രൗപദി കൃഷ്ണനെ വിളിച്ചു കരഞ്ഞു. കൃഷ്ണൻ മറഞ്ഞു നിന്ന് വസ്ത്രാവ രണം നൽകി അവളെ അപമാനത്തിൽ നിന്നും രക്ഷിച്ചു. ചൂതിൽത്തോറ്റ് വനവാസമനുഷ്ഠിക്കുന്ന പാണ്ഡവരെ കാണാനെത്തിയ കൃഷ്ണൻ ചൂതു കളി നടക്കുന്ന സമയത്ത് താനവിടെ ഉണ്ടായിരുന്നെങ്കിൽ സമ്മതിയ്ക്കില്ലാ യിരുന്നു എന്നു പറഞ്ഞു. തനിയ്ക്കേറ്റ അപമാനമോർത്ത് കരയുന്ന ദ്രൗപ ദിയോട് പകരം വീട്ടാനുള്ള കാലമെത്തുമെന്നും, കൗരവരുടെ നാശമുറപ്പാ ണെന്നും പറഞ്ഞ് സമാധാനിപ്പിച്ചു. കരാർപ്രകാരമുള്ള കാലം കഴിഞ്ഞിട്ടും ദുര്യോധനൻ രാജ്യം തിരിച്ചുകൊടുക്കാൻ തയ്യാറല്ലെന്നു കണ്ടപ്പോൾ സന്ധി സംഭാഷണത്തിനായി പാണ്ഡവദൂതനായിപ്പോകാനും കൃഷ്ണൻ തയ്യാറാ യി. ദുര്യോധനൻ തന്നെ അവഗണിയ്ക്കുകയും അപമാനിയ്ക്കുകയും ചെയ്തപ്പോൾ ദുര്യോധനനെ ശകാരിയ്ക്കുകയും വിശ്വരൂപം പ്രദർശിപ്പി യ്ക്കുകയും ചെയ്തു. വിദുരഗൃഹത്തിലായിരുന്ന കുന്തിദേവിയെ ചെന്ന് കണ്ട് സമാധാനിപ്പിച്ചു. കർണ്ണനെ കൂടെ കൊണ്ടുപോയി ജന്മരഹസ്യം പറ ഞ്ഞുകൊടുക്കുകയും പാണ്ഡവപക്ഷത്തേയ്ക്കു ക്ഷണിയ്ക്കുകയും ചെയ്തു. ഭർത്താക്കന്മാർ സന്ധി ആഗ്രഹിയ്ക്കുന്നതു കണ്ട് ദുഃഖിയ്ക്കുന്ന ദ്രൗപദിയെ കൗരവനാശമുറപ്പാണെന്ന് പറഞ്ഞ് സമാധാനിപ്പിച്ചു.

പാണ്ഡവരുടേയും കൗരവരുടേയും ബന്ധുവാണ് കൃഷ്ണൻ. പാണ്ഡവപക്ഷത്തു നിൽക്കാൻ കാരണം ധർമ്മം അവിടെയാണ് എന്നതുത ന്നെ. പക്ഷേ അതും സ്വേച്ഛാപ്രകാരമല്ല. സഹായമഭ്യർത്ഥിച്ച് വന്ന ദുര്യോധ നനോടും അർജ്ജുനനോടും ഒരു പക്ഷത്തെ തന്റെ സേന മുഴുവനും മറു പക്ഷത്തെ ആയുധമേന്താത്ത താനും പിന്തുണയ്ക്കുമെന്ന് പറഞ്ഞു. ദുര്യോ ധനൻ യാദവസൈന്യത്തേയും അർജ്ജുനൻ കൃഷ്ണനേയും സ്വീകരിച്ചു.

യുദ്ധാരംഭത്തിൽ തേർത്തട്ടിൽ ആയുധം വെച്ച് തളർന്നിരുന്ന അർജ്ജുനനെ ഉപദേശം കൊണ്ടുത്തേജിപ്പിച്ച് വീര്യവാനാക്കിത്തീർത്തത് കൃഷ്ണനാണ്. അർജ്ജുനൻ ഭീഷ്മരോട് മൃദുയുദ്ധം ചെയ്യുന്നതു കണ്ട് കുപിതനായ കൃഷ്ണൻ രണ്ടു തവണ ഭീഷ്മവധത്തിനൊരുനൊരുമ്പെടുകയുണ്ടായി. അഭിമന്യുവധമറിഞ്ഞ് കോപതാപാദികൾ സഹിയ്ക്കാതെ ജയദ്രഥനെ സൂര്യാസ്തമയത്തിനുമുമ്പ് വധിച്ചില്ലെങ്കിൽ താൻ ആത്മഹത്യ ചെയ്യുമെന്ന് ശപഥം ചെയ്ത അർജ്ജുനനെ ജയദ്രഥവധത്തിനു സഹായിച്ച് രക്ഷിച്ചു. ദ്രോണവധത്തിനായി അശ്വത്ഥാമാവ് മരിച്ചുവെന്ന് കള്ളം പറയാൻ യുധിഷ്ഠിരനെ നിർബ്ബന്ധിച്ചു. കർണ്ണന്റെ കൈവശമുള്ള ഇന്ദ്രായുധമായ ഏകപുരുഷഘാതിനിയിൽ നിന്ന് അർജ്ജുനനെ രക്ഷിയ്ക്കാൻ ഘടോൽക്കചനെ കർണ്ണന്റെ മുന്നിലേയ്ക്കയച്ചു. യുധിഷ്ഠിരാർജ്ജുനന്മാർ തമ്മിൽ കലഹിച്ചപ്പോൾ മദ്ധ്യസ്ഥനായി നിന്ന് കലഹം തീർത്ത് ഇരുവരേയും സമാധാനിപ്പിച്ചു. കർണ്ണൻ തേർച്ചക്രമുയർത്താൻ ധർമ്മമുറയനുസരിച്ച് അവസരം ചോദിച്ചപ്പോൾ അർജ്ജുനനെ യുദ്ധമര്യാദയോർത്ത് അതനുവദിയ്ക്കാൻ സമ്മതിയ്ക്കാതെ എത്രയും വേഗം കർണ്ണന്റെ ശിരസ്സു ഛേദിയ്ക്കാൻ നിർദ്ദേശിച്ചു. ദുര്യോധനനെ വീഴ്ത്താൻ ശ്രമിയ്ക്കുന്ന ഭീമന് അർജ്ജുനനിലൂടെ വധോപായം നിർദ്ദേശിച്ചു. അശ്വത്ഥാമാവ് പകരം വീട്ടാനെത്തുന്ന രാത്രി പാണ്ഡവരെ ശിബിരത്തിൽ നിന്നകറ്റി രക്ഷിച്ചു. അശ്വത്ഥാമാവ് പ്രയോഗിച്ച നാരായണാസ്ത്രത്തിൽ നിന്നും പാണ്ഡവരെ രക്ഷിച്ചു. ആ അസ്ത്രമേറ്റ് മൃതനായ ഉത്തരയുടെ ശിശുവിനെ പുനരുജ്ജീവിപ്പിച്ചു. യുധിഷ്ഠിരനെ രാജാവായഭിഷേചിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി.

ഇങ്ങനെ യുദ്ധത്തിലുടനീളം പാണ്ഡവവിജയത്തിന് സാരഥിയായത് ശ്രീകൃഷ്ണനാണ്. ഭഗവദ്ഗീതയുടെ അവസാനഭാഗത്ത് കൃഷ്ണനെ യോഗേശ്വരൻ എന്നു വിശേഷിപ്പിക്കുന്നത് കൃഷ്ണൻ പാണ്ഡവർക്ക്

യഥാസമയങ്ങളിൽ ഉപദേശിച്ചുകൊടുത്ത 'യോഗ'ങ്ങളെ (ഉപായങ്ങളെ) മുൻനിർത്തിയാണെന്ന് അഭിപ്രായമുണ്ട്[161]. ഭീമന്റെ ഗദാഹതിയേറ്റ് വീണു കിടക്കുന്ന ദുര്യോധനൻ തന്റെ നേട്ടങ്ങളെടുത്തുപറഞ്ഞ് പാണ്ഡവർ തങ്ങളെ അധർമ്മത്തിലൂടെയാണ് ജയിച്ചതെന്നാരോപിച്ചപ്പോൾ പുഷ്പവൃഷ്ടിയുണ്ടായി. അതു കണ്ട് ദുഃഖിതരായ പാണ്ഡവരെ കൃഷ്ണൻ തങ്ങൾ അധർമ്മം പലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അത് ധർമ്മം സ്ഥാപിയ്ക്കാൻ വേണ്ടിയാണ്, അത് മുമ്പ് ദേവന്മാരും സജ്ജനങ്ങളും ചെയ്തതാണ്, ഗത്യന്തരമില്ലാതെയാണ് അത് ചെയ്യേണ്ടിവന്നത്, അതിൽ ദുഃഖിയ്ക്കാനില്ല എന്നു പറഞ്ഞ് സമാധാനിപ്പിച്ചു. ആസന്നമൃത്യുവായ ഭീഷ്മരിൽ നിന്നും ഉപദേശങ്ങൾ സ്വീകരിക്കാൻ യുധിഷ്ഠിരനോട് പറഞ്ഞു.

കൃഷ്ണൻ ഭൂമിയിൽ ധർമ്മം സ്ഥാപിയ്ക്കാൻ വേണ്ടി അവതരിച്ചതാണ്. അധർമ്മികളായ അസുരാവതാരങ്ങളെ സംഹരിയ്ക്കാൻ ദേവാംശസംഭവരായി പാണ്ഡവരും പാണ്ഡവപക്ഷക്കാരുമുണ്ടായി. യുദ്ധം അനിവാര്യമാണെന്നും, അത് സംഭവിയ്ക്കുക തന്നെ ചെയ്യുമെന്നും അറിയാതെയല്ല കൃഷ്ണൻ സന്ധി അർത്ഥിച്ച് ദൂതനായി ഹസ്തിനപുരത്തെത്തിയത്, കർണ്ണൻ പാണ്ഡവപക്ഷത്തു ചേരുമെന്ന പ്രതീക്ഷയോടെയല്ല ക്ഷണിച്ചത് – സർവ്വനാശം ഒഴിവാക്കിക്കൊണ്ട് ധർമ്മം പുലർത്താമെങ്കിലോ എന്നൊരു ശ്രമം മാത്രം. മുമ്പേ തന്നെ ദ്രൗപദിയോട് യുദ്ധമുണ്ടാകുമെന്നും കൗരവർക്ക് ഉന്മൂലനാശം സംഭവിയ്ക്കുമെന്നും കൃഷ്ണനുറപ്പിച്ചു പറയുന്നുണ്ട്.സംഭവിയ്ക്കാൻ പോകുന്നതെന്തെന്നറിയാമായിരുന്നതിനാൽ ദ്യൂതമോ, അഭിമന്യുവധമോ, പാണ്ഡവപുത്രവധമോ തടയാൻ ശ്രീകൃഷ്ണൻ ശ്രമിച്ചില്ല. പാണ്ഡവരുടെ ജീവൻ മാത്രമാണ് അദ്ദേഹം രക്ഷിയ്ക്കുന്നത്. അവരെ സഹായിച്ചുവെന്നല്ലാതെ

161. Mehendale. M.A, 'What does Yogeswara Krsna mean in the Gita', _Reflections on the Mahabarata war_ (Indian Institute of Advanced Study, Rashtrapathi Nivas, Shimla,1995).

ഒരു കഷ്ടപ്പാടുമില്ലാതെ എല്ലാ സൗഭാഗ്യങ്ങളും നേടിക്കൊടുക്കാൻ അദ്ദേഹം ശ്രമിക്കുന്നില്ല.

അധർമ്മികളെ ഇല്ലായ്മ ചെയ്യാനാണ് അദ്ദേഹം ശ്രമിച്ചത്. അതിനായി അധർമ്മത്തിന്റേതായ ചില മാർഗ്ഗങ്ങൾ സ്വീകരിയ്ക്കേണ്ടി വന്നിട്ടുണ്ട്. അതായിരിയ്ക്കാം കൃഷ്ണൻ യുദ്ധത്തിന്റെ സൂത്രധാരനാണെന്നും നയതന്ത്രവിദഗ്ദ്ധനാണെന്നുമൊക്കെയുള്ള തോന്നലുണ്ടാക്കുന്നത്. ഗാന്ധാരി അതു പറഞ്ഞാണ് കൃഷ്ണനെ ശപിയ്ക്കുന്നതും. അവതാരപുരുഷനായ കൃഷ്ണന്റെ ചില പ്രവൃത്തികൾ മാനുഷികവും ചിലവ അമാനുഷികവുമാണ്. മാനുഷികഭാവങ്ങൾക്കിടയിലൂടെ ദൈവികതയുടെ മിന്നൽ ചിതറുകയാണെന്ന് നിരീക്ഷിക്കപ്പെട്ടിരിക്കുന്നു[162]. വസ്ത്രാക്ഷേപത്തിന്റെ സമയത്തും, അജ്ഞാത വാസക്കാലത്ത് ദുർവ്വാസാവ് ഭക്ഷണമർത്ഥിച്ചുവന്ന സമയത്തും ദ്രൗപദി കരഞ്ഞു വിളിച്ചപ്പോൾ, ജയദ്രഥനെ വധിയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ അർജ്ജുനൻ ആത്മഹത്യ ചെയ്യേണ്ടിവരും എന്ന മുഹൂർത്തത്തിൽ ചക്രായുധം കൊണ്ട് സൂര്യബിംബം മറച്ച് വധത്തിന് സാഹചര്യമൊരുക്കിക്കൊടുത്തപ്പോൾ, വിശ്വരൂപം പ്രദർശിപ്പിച്ചപ്പോൾ, ഉത്തരയുടെ കുഞ്ഞിനെ ജീവിപ്പിച്ചപ്പോൾ – ഇങ്ങനെ ചില സന്ദർഭങ്ങളിൽ മാത്രമാണ് ശ്രീകൃഷ്ണൻ തന്റെ അമാനുഷിക ശക്തി പ്രയോഗിയ്ക്കുന്നത്. നിർണ്ണായകമായ മുഹൂർത്തങ്ങളിലേ അത് പ്രയോഗിയ്ക്കാൻ പാടൂ എന്ന് കരുതിയാവാം. ദ്രൗപദിയ്ക്ക് വസ്ത്രാവരണം നൽകി എന്നും, താനവിടെ ഉണ്ടായിരുന്നെങ്കിൽ ചൂതിനു സമ്മതിയ്ക്കില്ല എന്നു കൃഷ്ണൻ പറഞ്ഞുവെന്നുമുള്ള വസ്തുതകളിൽ പരസ്പരവൈരുദ്ധ്യം കാണുന്നുണ്ട്. അതിന്റെയർത്ഥം ചൂതുകളി വിധിവിഹിതമാണെന്നാണ്. ശിശുപാലനെ കൊന്ന കൃഷ്ണന് ആ ചക്രായുധം കൊണ്ടു തന്നെ ജരാസന്ധനേയും കൊല്ലാമായിരുന്നു, എന്നല്ല

162. Rajagopalachari.C, 'Preface to second edition', *Mahabharata* (Bharatheeya Vidyabhavan, Bombay,1999),p.xii.

കൗരവപ്പടയെ മുഴുവൻ നശിപ്പിയ്ക്കാമായിരുന്നു. തന്റെ ദിവ്യശക്തി ഉപയോഗിച്ച് പാണ്ഡവരെ മാത്രമല്ല പാണ്ഡവപക്ഷക്കാരെ മുഴുവൻ രക്ഷിയ്ക്കാമായിരുന്നു. അങ്ങനെ അവരെ നിത്യദുഃഖത്തിൽ നിന്നു കരകയറ്റാമായിരുന്നു. വിധവകളുടേയും അനാഥരുടേയും രാജ്യം ഭരിയ്ക്കേണ്ടിവരുമായിരുന്നില്ല യുധിഷ്ഠിരന്. യാദവരുടെ കാര്യത്തിലും ശാപഹേതുകമായ നാശമാണ് സംഭവിച്ചത്. തന്റെ അമാനുഷികശക്തി ഉപയോഗിച്ച് അതു തടയാമായിരുന്നു. ബലരാമന്റേയും തന്റേയും മരണമെങ്കിലും തടുക്കാമായിരുന്നു. അതൊന്നും കൃഷ്ണൻ ചെയ്തില്ല എന്നതിന്റെ അർത്ഥം വിധിയെ മറികടക്കാൻ അദ്ദേഹം ശ്രമിച്ചില്ല എന്നാണ്. അത്യന്തികമായ വിധി എന്തെന്നറിയാമായിരുന്ന ശ്രീകൃഷ്ണൻ അതിനനുസരിച്ചാണ് പ്രവർത്തിച്ചത്.

കൃഷ്ണൻ പലപ്പോഴും തന്ത്രപൂർവ്വം പെരുമാറിയിട്ടുണ്ട്. ഒരു സന്ദർഭം യുദ്ധത്തിൽ പാണ്ഡവപക്ഷത്തു നിലയുറപ്പിച്ചതാണ്. സഹായമഭ്യർത്ഥിച്ച് അർജ്ജുനനും ദുര്യോധനനും വന്നപ്പോൾ യാതൊരു പക്ഷഭേദവും കാണിയ്ക്കാതെ ഇരുബന്ധുക്കൾക്കും തൃപ്തിയേകുന്ന രീതിയിൽ ആയുധമില്ലാത്ത താനൊരു പക്ഷത്തും യാദവസൈന്യം മറുപക്ഷത്തും നിൽക്കാമെന്നേറ്റു. ഇരുവരുടേയും സ്വഭാവമറിയാവുന്ന കൃഷ്ണന് അവരേതാണ് തെരഞ്ഞെടുക്കുക എന്നും അറിയാമായിരുന്നു. പാണ്ഡവപക്ഷത്തിനു ബലമല്ല ആവശ്യം. അധർമ്മഭീരുക്കളായ അവർക്ക് ആത്മവിശ്വാസവും ധൈര്യവും നൽകി വേണ്ടിവന്നാൽ അധർമ്മം പ്രവർത്തിയ്ക്കാൻ ഉൾക്കരുത്തുണ്ടാക്കാൻ പോന്ന ഒരാളുടെ സാമീപ്യവും സാരഥ്യവുമായിരുന്നു, അതുകൊണ്ടാണ് കൃഷ്ണൻ അങ്ങനെ ചെയ്തത് എന്ന് അഭിപ്രായങ്ങളുണ്ടായിട്ടുണ്ട്[163]. കൃഷ്ണനെ ദുര്യോധനൻ സ്വീകരിയ്ക്കാൻ സാധ്യതയില്ലെങ്കിലും ഇനി അങ്ങനെ ചെയ്തെങ്കിലോ എന്നു കരുതിയാണ് ആദ്യ അവസരം ഇളയവനായ

163. 'കൃഷ്ണവാസുദേവൻ', *മഹാഭാരതപഠനങ്ങൾ*, പു.126.
'പാർത്ഥസാരഥി', *ഭാരതപര്യടനം*, പു.103.

അർജ്ജുനന് നൽകിയത് എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[164]. അഭിമന്യു വധത്തിന് കാരണക്കാരനായ ജയദ്രഥനെ സൂര്യാസ്തമയത്തിനുമുമ്പ് വധിച്ചില്ലെങ്കിൽ താനാത്മഹത്യ ചെയ്യുമെന്നത് അർജ്ജുനന്റെ വൈകാരികാവേശം കൊണ്ടുണ്ടായ പ്രതിജ്ഞയായിരുന്നു. പിന്നീടിങ്ങനെയൊരാവേശം അർജ്ജുനനുണ്ടാകാതെയിരിയ്ക്കാൻ കൃഷ്ണൻ പ്രത്യേകം ശ്രദ്ധിച്ചു എന്നൊരു അഭിപ്രായം കാണുന്നു[165]. അതിനുദാഹരണമായി തത്കർത്താവ് ചൂണ്ടിക്കാണിയ്ക്കുന്ന സന്ദർഭം കർണ്ണവധമാണ്. മണ്ണിലാഴ്ന്ന തേർച്ചക്രമുയർത്താൻ കർണ്ണൻ ധർമ്മത്തിന്റെ പേരിൽ അവസരം ചോദിച്ചപ്പോൾ ആ ചോദ്യത്തിൽ അർജ്ജുനന്റെ മനസ്സ് കീഴ്പെടാതിരിയ്ക്കാൻ ചിന്തിയ്ക്കാനവസരം കൊടുക്കാതെ വേഗം കർണ്ണന്റെ ശിരസ്സറുക്കാൻ കൃഷ്ണൻ തിരക്കുകൂട്ടി.

ഇങ്ങനെ ചില അധർമ്മങ്ങൾ ധർമ്മപാലനത്തിനുവേണ്ടി ശ്രീകൃഷ്ണൻ ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിന് അചഞ്ചലമായ ധർമ്മനിഷ്ഠയുണ്ടെന്ന് അഭിപ്രായമുണ്ടായിട്ടുണ്ട്[166]. ശ്രീകൃഷ്ണൻ ഭീമനോടും അർജ്ജുനനോടുമൊക്കെ ഇങ്ങനെ അധർമ്മം പ്രവർത്തിയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അവരത് അനുസരിയ്ക്കുകയും ചെയ്തു. പക്ഷേ ദ്രോണവധത്തിനുവേണ്ടി അശ്വത്ഥാമാവ് മരിച്ചു എന്ന് പറയാൻ ആവശ്യപ്പെട്ടപ്പോൾ ധർമ്മനിഷ്ഠയുള്ള യുധിഷ്ഠിരനത് ചെയ്യാൻ തീരെ സമ്മതമുണ്ടായിരുന്നില്ല. ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ കുറ്റബോധത്തോടെ പ്രവർത്തിച്ചുവെന്നു മാത്രം. അതുകണ്ട് ഭഗവാന് മനോവേദനയുണ്ടായി എന്നു കവി പറയുന്നുണ്ട്. തന്റെ വാക്കുകാരണം ആർക്കും അല്പം പോലും ധർമ്മവാസന ക്ഷയിക്കാൻ ഇടവരരുത് എന്ന നിർബ്ബന്ധമാണ് ഭഗവാന് മനോവേദനയുണ്ടാക്കിയത് എന്ന് ആ ധർമ്മനിഷ്ഠയ്ക്കാധാരമായി ലേഖകൻ ഉദാഹരിയ്ക്കുന്നു[167]. ഗീതോപദേശത്തിലൂടെ

164. അതേ പുസ്തകം, പു.104.
165. 'കൃഷ്ണവാസുദേവൻ', *മഹാഭാരതപഠനങ്ങൾ*, പു.128.
166. 'ഭഗവാൻ ശ്രീകൃഷ്ണൻ', *വ്യാസപ്രസാദം*, പു.201.
167. 'ഭഗവാന്റെ മനോവേദന', *വ്യാസപ്രസാദം*, പു.245,247.

ഭാരതഭൂമിയുടെ ധർമ്മബോധത്തിന് കവി വെളിച്ചമേകിയതും ഈ കഥാപാത്രത്തിലൂടെയാണ്.

മനുഷ്യനായി അംശാവതാരമെടുത്ത് അമാനുഷികവും മാനുഷികവുമായ കൃത്യങ്ങളിലൂടെ, ധാർമ്മികവും അധാർമ്മികവുമായ പ്രവൃത്തികളിലൂടെ ധർമ്മസംസ്ഥാപനത്തിനുവേണ്ടി യത്നിച്ച വ്യക്തിയാണ് ശ്രീകൃഷ്ണൻ. അദ്ദേഹത്തിന്റെ പ്രത്യേക ലക്ഷ്യമാണ് ഇതിഹാസത്തിൽ മുഴുവൻ വ്യാപിച്ചുനിൽക്കുന്നതെന്ന് അഭിപ്രായമുണ്ടായത്[168] അതുകൊണ്ടാണ്.

ഇങ്ങനെ മഹാഭാരതത്തിലെ ചില സന്ദർഭങ്ങളും, ചില കഥാപാത്രങ്ങളുടെ വ്യക്തിത്വവും മാത്രമെടുത്തു പരിശോധിച്ചാൽത്തന്നെ അവ പല തരത്തിൽ വ്യാഖ്യാനത്തിനു വഴങ്ങുന്നതും, അതിനെല്ലാമുപരി അവ്യാഖേയവുമാണെന്ന് മനസ്സിലാക്കാം. അനവധി കഥാപാത്രങ്ങളും കഥകളും ഉപകഥകളുമായി ആഴവും പരപ്പുമേറിയ ആ കൃതിയ്ക്ക് പല സങ്കീർണ്ണമായ ജീവിത സമസ്യകളെക്കുറിച്ചും ചർച്ച ചെയ്യാനുണ്ട്, ഉപദേശിയ്ക്കാനുണ്ട്, ഒന്നിനൊന്ന് വ്യത്യസ്തരായ പലതരം മനുഷ്യരെ മാതൃകകളാക്കി അവതരിപ്പിയ്ക്കാനുണ്ട്. അവരുടെ പ്രവൃത്തികളുടേയും ചിത്തവൃത്തികളുടേയും ധർമ്മാധർമ്മങ്ങളാണെങ്കിൽ ആപേക്ഷികവുമാണ്. രചയിതാവ് എന്തുദ്ദേശിച്ചുവെന്ന് പരിശോധിച്ചറിയാനൊരുമ്പെട്ടാൽത്തന്നെ കർത്താവാര്, കൃതിയിൽ എന്തെല്ലാം പ്രക്ഷിപ്തങ്ങളുണ്ട്, എന്തെല്ലാം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുപറയാൻ കഴിയില്ല. നിഗമനങ്ങളല്ലാതെ കൃത്യമായ ഒരറിവില്ലാത്ത അവസ്ഥയിൽ, ഒരു കൃതിതന്നെ പല തരത്തിൽ പ്രചരിയ്ക്കപ്പെട്ടിരിയ്ക്കേ വ്യാഖ്യാനങ്ങളും ഒന്നിനൊന്ന് വ്യത്യാസപ്പെട്ടിരിയ്ക്കും. ഇത് വ്യത്യസ്തതകൾക്കുള്ള ഒരു കാരണം മാത്രം. പ്രധാനഹേതു അതിന്റെ സൃഷ്ടികൗശലം തന്നെ. എല്ലാം ആശയക്കുഴപ്പമുണ്ടാക്കുന്ന വിധം അവ്യാഖ്യേയമാണെന്നും സർവ്വോപരി ശക്തമായി

168. Rajagopalachari.C, 'Preface to second edition', *Mahabharata*(Bharatheeya Vidyabhavan, Bombay,1999),p.xii.

വർത്തിയ്ക്കുന്നത് അലംഘ്യമായ വിധിതന്നെയാണ് എന്നുമായിരിയ്ക്കാം കവി ഉദ്ദേശിയ്ക്കുന്നത്. ഹസ്തിനപുരത്തെ അവകാശത്തർക്കം അവിടത്തെ രാജകുമാരന്മാർ തന്നെ യുദ്ധം ചെയ്തു തീരുമാനിച്ചാൽ മതിയായിരുന്നു. അപ്പോൾ ഭാരതമാകെ യുദ്ധത്തിൽ പങ്കെടുക്കുകയും നശിയ്ക്കുകയും ചെയ്തുവെന്ന് പറയുമ്പോൾ അലംഘനീയമായ വിധി തന്നെയാണ് അവിടെ പ്രവർത്തിച്ചത്.

മൂലകൃതിയിലെ മേല്പറഞ്ഞ കഥാസന്ദർഭങ്ങളേയും കഥാപാത്രങ്ങളേയും ആധാരമാക്കി രചിയ്ക്കപ്പെട്ട ചില മലയാള നോവലുകളാണിവിടെ പഠനത്തിന് സ്വീകരിച്ചിട്ടുള്ളത്. ഇവിടേയും വ്യാഖ്യാനത്തിന്റെ വ്യത്യസ്തതകൾ പ്രത്യേകം നിരീക്ഷിയ്ക്കപ്പെടേണ്ടതുണ്ട്. മൂലകൃതിയുമായി ബന്ധപ്പെടുത്തിയുള്ള താരതമ്യപഠനമാണ് ഉദ്ദേശിയ്ക്കുന്നത്.

എം.ടി.യുടെ രണ്ടാമൂഴം അദ്ദേഹത്തിന്റെ തന്നെ മറ്റു നോവലുകളുമായി പുലർത്തുന്ന ആശയപരവും, കഥാപാത്രസംബന്ധവും ഭാഷാപരവുമായ സാമ്യങ്ങളുടെ താരതമ്യപഠനം രണ്ടാമൂഴത്തെക്കുറിച്ച് അറിയാൻ സഹായകമാകും. ഈ നോവൽ മൂലകൃതിയുമായി പുലർത്തുന്ന വ്യത്യാസങ്ങളും, അതിനുള്ള കാരണങ്ങളും കൂടി പരിശോധിക്കേണ്ടതുണ്ട്.

# അദ്ധ്യായം 2

# താരതമ്യപഠനം

# രണ്ടാമൂഴവും എം.ടി.യുടെ മറ്റു നോവലുകളും, രണ്ടാമൂഴവും ശ്രീമഹാഭാരതവും

മഹാഭാരതകഥയെ ആധാരമാക്കി എം.ടി.എഴുതിയ നോവലാണ് രണ്ടാമൂഴം. അദ്ദേഹത്തിന്റെ മറ്റു നോവലുകളുമായി താരതമ്യം ചെയ്യുമ്പോൾ രണ്ടാമൂഴത്തിൽ സ്വീകരിച്ച സമീപനമെന്തെന്നും, തന്റെ ഇതര നോവലുകളുടെ രചനാസമ്പ്രദായങ്ങൾക്കനുസരിച്ച് പുരാണകഥയിൽ നോവലിസ്റ്റ് മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അവ എത്രത്തോളം അടിസ്ഥാനപരമാണ് എന്നുമാണ് ഇവിടെ പരിശോധിക്കുന്നത്.

സ്വന്തം ജീവിതത്തിൽ നിന്നും സ്വാംശീകരിച്ചെടുത്ത അനുഭവങ്ങളുടെ ഫലമായി എഴുത്തുകാരനിൽ രൂപം കൊള്ളുന്ന സ്വത്വമാണല്ലോ അദ്ദേഹത്തിന്റെ കൃതികളിൽ സ്വാഭാവികമായും കാണുക. അപ്പോൾ ഏതു സാഹിത്യകാരന്റേയും വിവിധ കൃതികളിലെ കഥാപാത്രങ്ങൾക്ക് തമ്മിൽ സാമ്യമുണ്ടാകാം. നോവലിസ്റ്റിന്റെ പ്രത്യേകമായ ജീവിത വീക്ഷണം, ന്യായാന്യായങ്ങളെക്കുറിച്ചുള്ള യുക്തി, സാമൂഹ്യബോധം, അനുഭവങ്ങൾ തുടങ്ങിയവയെല്ലാം ഈ കഥാപാത്രങ്ങളിൽ പ്രതിഫലിയ്ക്കുവാൻ സാധ്യതയുണ്ട്.

തന്റെ മുൻഗാമികളിൽ ചിലരായ തകഴി, കേശവദേവ്, ബഷീർ, ഉറൂബ് എന്നിവരെപ്പോലെ ഒരു ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടുള്ള രചനയല്ല എം.ടി.യുടേത്. അവർ ഒരു പൊതുപ്രശ്നത്തെ മുൻനിർത്തി വ്യക്തി സമൂഹത്തിന്റെ ഭാഗമായി, സംഘടിച്ച് സമൂഹം തന്നെയായി നിൽക്കുന്ന കഥകളാണ് പറഞ്ഞത്. അവരുടെ സോദ്ദേശ്യത എം.ടി.യുടെ കൃതികളിൽ

കാണുന്നുണ്ട്. ഉറൂബും, ചെറുകാടും എം.ടി.യെ സ്വാധീനിച്ചിരിക്കാൻ സാധ്യതയുണ്ട്. വ്യക്തിയേയും സമൂഹത്തേയും തുല്യ പ്രാധാന്യത്തോടെ കണ്ട സാഹിത്യകാരനായിരുന്നു ഉറൂബ്. അദ്ദേഹത്തിന്റെ കൃതികളിൽ കാലത്തിന്റെ മാറ്റവും അതിനനുസൃതമായി സമൂഹത്തിനും, വ്യക്തിക്കും, അവന്റെ മാനസിക സംഘർഷങ്ങൾക്കും സംഭവിക്കുന്ന മാറ്റങ്ങളും കാണുന്നു. മരുമക്കത്തായം പിന്തുടരുന്ന തറവാടുകളിലെ ശിഥിലമായിത്തീരുന്ന കുടുംബബന്ധങ്ങൾ വള്ളുവനാടിന്റെ പശ്ചാത്തലത്തിൽ രചിച്ച സാഹിത്യകാരനായിരുന്നു ചെറുകാട്. സമൂഹത്തിനും രാഷ്ട്രീയത്തിനും ഏറെ പ്രാധാന്യം കൊടുക്കുന്നവയെങ്കിലും തകരുന്ന മരുമക്കത്തായത്തറവാടുകളുടെ ചിത്രം അവയിൽ വ്യക്തമാകുന്നു. ഇവരുടെ കൃതികളിലെ വ്യക്തിയുടെ അന്തഃസംഘർഷങ്ങളും, മരുമക്കത്തായ തറവാടുകളിലെ ദുരിതങ്ങളും എം.ടി.യുടെ കൃതികളിൽ കാണുന്നുണ്ട്. കാലത്തിലും സമൂഹത്തിലുമുണ്ടായ മാറ്റം വ്യക്തിയെ സമൂഹത്തിൽ നിന്നകറ്റി. വ്യക്തി അവനവനിലേക്ക് തന്നെ ശ്രദ്ധ തിരിച്ചതോടെ വൈയക്തികമായ പ്രശ്നങ്ങൾ കൂടുതൽ തീവ്രതയാർജ്ജിച്ചു[1]. ഈ പ്രശ്നങ്ങളാണ് എം.ടി.യുടെ കൃതികളിൽ ഇടം പിടിച്ചത്. വ്യക്തിദുഃഖങ്ങൾക്ക് ആഴം കൂട്ടുന്ന ഒരു ഘടകമായാണ് എം.ടി.കൃതികളിൽ സമൂഹം കാണപ്പെടുന്നത്.

വ്യക്തിമനസ്സിന്റെ ആഴങ്ങളിലേക്കാണ് എം.ടി.യുടെ ദൃഷ്ടി പതിഞ്ഞത്. സ്വന്തം നാട്ടിലെ ഗ്രാമവൃക്ഷങ്ങളിലെ കൂടുകളിലേയ്ക്കും, അവയിൽ ചിറകടിക്കുന്ന മനുഷ്യാസ്തിത്വങ്ങളുടെ ഉള്ളറകളിലേയ്ക്കും ആഴ്ന്നിറങ്ങുന്ന ഈ നോട്ടം നഭോവീഥികളിലെ സഞ്ചാരത്തേക്കാൾ കൊച്ചു കൊച്ചു നീഡങ്ങളിലേയ്ക്ക് നീട്ടുന്ന നോട്ടം പോലെയാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[2].

1. തരകൻ.കെ.എം., *മലയാളനോവൽസാഹിത്യചരിത്രം* ഭാഗം മൂന്ന് (പ്രസാ: കേരളസാഹിത്യ അക്കാദമി, തൃശൂർ, 1990), പു.168,169,170.
2. ലീലാവതി.എം,'ആമുഖം', *അസുരവിത്ത് – ഒരു പഠനം* (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2003), പു.15,16.

മരുമക്കത്തായം പിന്തുടരുന്ന തറവാടുകളിൽ നിലനിന്ന പല പ്രശ്നങ്ങൾ, കുടുംബാംഗങ്ങളുടെ മാനസിക സംഘർഷങ്ങൾ, മരുമക്കത്തായത്തിന്റെ തകർച്ച, ഹിന്ദു–മുസ്ലീം ബന്ധം – ഇതൊക്കെ എം.ടി.യുടെ നോവലുകളിൽ ആവർത്തിച്ചുകാണാം.

കെട്ടുറപ്പില്ലാതായിത്തീരുന്ന മനുഷ്യബന്ധങ്ങൾ, അർഹതയുണ്ടായിട്ടും നിഷേധിയ്ക്കപ്പെടുന്ന അംഗീകാരം, മോഹഭംഗങ്ങൾ, ആരോടെന്നില്ലാതെ പക തീർക്കുന്ന നിരർത്ഥകമായ സ്വന്തം പ്രവൃത്തികളിൽ തോന്നുന്ന കുറ്റബോധം, ആദർശങ്ങളുടെ തകർച്ച, സ്നേഹരാഹിത്യം, നഷ്ടബോധം – ഇങ്ങനെ വ്യക്തിമനസ്സിനേൽക്കുന്ന മുറിവുകൾ എം.ടി.യുടെ മിക്ക കേന്ദ്ര കഥാപാത്രങ്ങളിലും കാണുന്ന ഘടകങ്ങളാണ്.

## എം.ടി.യുടെ നോവലുകളിലെ നായകന്മാർ

എം.ടി.യുടെ നോവലുകളിലെ നായകകഥാപാത്രങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ അവർ ചില പൊതുവായ സമാനതകൾ പുലർത്തുന്നുണ്ടെന്ന് കാണാം, ഇതിന്റെയൊക്കെ ആവർത്തനം രണ്ടാമൂഴത്തിലെ ഭീമസേനനിലും കാണുന്നു.

### 1. ദാരിദ്ര്യത്തിന്റെ വേദന

i) അമ്മ ഇല്ലത്തു പണിയ്ക്കു പോകുന്നതും അവരുടെ ഉച്ഛിഷ്ടം ഭക്ഷിക്കുന്നതും തന്നെ പഠിപ്പിയ്ക്കാൻ വേണ്ടി വല്ലാതെ കഷ്ടപ്പെടുന്നതും കണ്ടുകൊണ്ടാണ് അപ്പുണ്ണി വളരുന്നത്[3]

ചെറിയ ക്ലാസ്സിൽ പഠിയ്ക്കുമ്പോൾ ഉച്ചയ്ക്ക് കഴിയ്ക്കാൻ കൊണ്ടുപോയിരുന്ന കഞ്ഞി ആരും കാണാതെ കുടിച്ചിരുന്നതും, പെങ്ങളുടെ വീട്ടിൽ പിറന്നാളുണ്ണാൻ പോയപ്പോൾ മരുമകൻ അപമാനിച്ചതും ഗോവിന്ദൻകുട്ടി മറക്കുന്നില്ല[4].

3. വാസുദേവൻ നായർ.എം.ടി., *നാലുകെട്ട്* (കറന്റ് ബുക്സ്, തൃശ്ശൂർ, 1990), പു.27.
4. വാസുദേവൻ നായർ.എം.ടി., *അസുരവിത്ത്* (ഡി.സി.ബുക്ക്സ്റ്റാൾ, കോട്ടയം, 1990), പു.35,38.

സേതുവിൽ ദാരിദ്ര്യം കൊണ്ടുള്ള അസ്വാസ്ഥ്യം കൂടുതൽ തീവ്രമാണ്. വീട്ടിലെ ബുദ്ധിമുട്ടും വൃത്തിഹീനതയും സുഹൃത്തിനു മുന്നിൽ വെളിപ്പെട്ട ഒരു സന്ദർഭത്തിൽ അയാളത്രമാത്രം അസ്വസ്ഥനാകുന്നുണ്ട്[5].

ii) ഭീമസേനന് കാട്ടിൽ കഴിച്ചു കൂട്ടിയ ബാല്യം ദരിദ്രമായിരുന്നില്ലെങ്കിലും കൊട്ടാരത്തിലെ സമൃദ്ധി അപരിചിതമായിരുന്നു. കൊട്ടാരത്തിലെത്തിയ ആദ്യദിവസം ആഭരണങ്ങളണിഞ്ഞു നിൽക്കുന്ന ദുര്യോധനനെ കാണുമ്പോൾ തോന്നുന്ന അസൂയയിലും വിഭവസമൃദ്ധമായ അത്താഴവേളയിൽ കാണിയ്ക്കുന്ന ആഗ്രഹത്തിലും അത് പ്രകടമാകുന്നു[6].

## 2. രൂപപരമായ അപകർഷത

കൗമാരത്തിൽ ഇവരെ അലട്ടുന്ന ഒരു പ്രശ്നം രൂപപരമായ അപകർഷതയാണ്. തങ്ങൾ ആഗ്രഹിയ്ക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്യുന്ന പെൺകുട്ടികളുടെ മുമ്പിലെത്തുമ്പോഴെല്ലാം ഈ ബോധം അവരിൽ നിരാശയുണർത്തുന്നു.

i) പുത്തൻകളത്തിലെ രാജമ്മുവിന്റെ മുന്നിൽ യോഗ്യനായി നടക്കാൻ തോന്നുന്നത് വിഡ്ഢിത്തമാണെന്നറിയാമെങ്കിലും, ഗോവിന്ദൻകുട്ടിയ്ക്ക് തന്റെ വൈരൂപ്യത്തിൽ ജാള്യത തോന്നുന്നു[7].

സുമിത്രയുടെ അടുത്തു നിൽക്കുമ്പോഴാണ് സേതു തന്റെ പലകപ്പല്ലുകളേയും കോലൻമുടിയേയും കുറിച്ച് ബോധവാനാകുന്നത്[8].

ii) അഭ്യാസക്കാഴ്ചയുടെ സമയത്ത് സഹോദരന്മാർ ഒരുങ്ങുന്നതിനെപ്പറ്റി ചിന്തിയ്ക്കുമ്പോൾ വലിയ ശരീരവും ഇടുങ്ങിയ കഴുത്തും,

---

5. വാസുദേവൻ നായർ.എം.ടി., *കാലം* (നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1990), പു.15–19.
6. വാസുദേവൻ നായർ.എം.ടി.,*രണ്ടാമൂഴം* (കറന്റ് ബുക്സ്, തൃശ്ശൂർ, 1996), പു.27, 28.
7. അസുരവിത്ത്, പു.39.
8. കാലം, പു.38.

ശ്മശ്രുക്കൾ കുറഞ്ഞ മുഖവുമുള്ള തന്നെ അലങ്കാരങ്ങൾ സുന്ദരനാക്കില്ലെന്ന് ഭീമസേനൻ ചിന്തിയ്ക്കുന്നു[9].

3. അവഗണന

അർഹതയുണ്ടായിട്ടും തങ്ങൾക്ക് ലഭിയ്ക്കാതെ പോകുന്ന പരിഗണന ഇവരെ വേദനിപ്പിച്ചു. ആ പരിഗണന അർഹതയില്ലാത്തവർക്ക് കിട്ടുമ്പോൾ, പലപ്പോഴും മൂത്തസഹോദരന്മാർക്ക് അമ്മ നൽകുമ്പോൾ ഇവരിൽ അമർഷമുണ്ടാകുന്നു.

i) പഠനത്തിലും സാഹിത്യപ്രവർത്തനങ്ങളിലും മിടുക്കനായിരുന്ന അപ്പുണ്ണിയെ പ്രോത്സാഹിപ്പിയ്ക്കാനും അഭിനന്ദിയ്ക്കാനും ആരുമുണ്ടായിരുന്നില്ല[10].

ഏഴാം ക്ലാസ്സ് ജയിച്ചിട്ടും പഠനം നിർത്തി തറവാടിന്റെ ഭാരം ഏറ്റെടുക്കേണ്ടി വന്ന ഗോവിന്ദൻകുട്ടിയായിരുന്നു തറവാടിന്റെ ദാരിദ്ര്യത്തിനു കാരണക്കാരനായി ആരോപിയ്ക്കപ്പെട്ടത്. ഭാര്യവീട്ടിൽ കേമനാകാൻ ജ്യേഷ്ഠൻ തറവാട്ടിലുള്ളതെല്ലാം പണയം വെയ്ക്കുകയും വിൽക്കുകയും ചെയ്തപ്പോഴും അമ്മ ജ്യേഷ്ഠന്റെ പക്ഷത്തായിരുന്നു[11].

സേതു പബ്ലിക് പരീക്ഷയെഴുതി ജയിച്ചപ്പോൾ ആർക്കും ഒന്നും പറയാനില്ല. ഇന്റർമീഡിയറ്റ് മൂന്നു തവണയെഴുതി തോറ്റ ജ്യേഷ്ഠനെ അമ്മ ന്യായീകരിയ്ക്കുന്നു[12].

ii) യുധിഷ്ഠിരൻ യുവരാജാവ്, അർജ്ജുനൻ ഏറ്റവും പ്രിയപ്പെട്ടവൻ, മാദ്രീപുത്രരെ സ്വന്തം മക്കളെക്കാളധികം സ്നേഹിയ്ക്കണമെന്ന് നിർബ്ബന്ധം –കുന്തിയുടെ സ്നേഹത്തിൽ നിന്നും പലപ്പോഴും പുറന്തള്ളപ്പെട്ടത് ഭീമനായിരുന്നു.

9. രണ്ടാമൂഴം, പു.57.
10. നാലുകെട്ട്.
11. അസുരവിത്ത്, പു.10,11.
12. കാലം, പു.37.

## 4. പ്രതിഷേധത്തിന്റെ ബഹിർഗമനം – സ്ത്രീകളോട്

ബാല്യത്തിലനുഭവിയ്ക്കേണ്ടിവന്ന അവഗണനയും, അപമാനവും, നിരാശയുമെല്ലാം ഇവരിലുണ്ടാക്കിയത് എന്തിനോടും, ഏതിനോടുമുള്ള അമർഷവും ദേഷ്യവുമാണ്. ഇത് മിക്കപ്പോഴും അവർ പ്രകടിപ്പിച്ചത് തങ്ങളെ പ്രണയിച്ച സ്ത്രീകളോടാണ്. ക്രൂരമായ രത്യാവേശത്തിലൂടെയാണീ പ്രതിഷേധം പലപ്പോഴും ബഹിർഗമിയ്ക്കുന്നത്. പക്ഷേ തങ്ങൾ സ്നേഹിയ്ക്കുകയോ, ആരാധിയ്ക്കുകയോ ചെയ്ത പെൺകുട്ടികളോട് പലപ്പോഴും മനസ്സിൽ പകയോ, ദേഷ്യമോ തോന്നുന്നുണ്ടെങ്കിലും അവരുടെ മുന്നിൽ ദുർബ്ബലരാവുകയാണ് ചെയ്യുന്നത്.

i) അപ്പുണ്ണിയോട് പ്രണയഭാവേന അടുക്കുന്നത് സൗന്ദര്യവും സുഗന്ധവുമുള്ള അമ്മിണിയേടത്തിയാണ്. തന്നെ ഏറ്റവുമധികം ഉപദ്രവിച്ച വലിയമ്മാവന്റെ മകളായിട്ടും അവളോട് ദേഷ്യം കാണിയ്ക്കാൻ അപ്പുണ്ണിയ്ക്കായില്ല. തന്നോടെന്നും സ്നേഹത്തോടെ പെരുമാറിയിരുന്ന സൗന്ദര്യമില്ലാത്ത, സമ്പത്തില്ലാത്ത മാളുവിനെ അയാൾ സ്നേഹിച്ചില്ല. ഉദ്യോഗസ്ഥനായ ശേഷം നാട്ടിൽ തിരിച്ചെത്തിയ അപ്പുണ്ണി മാളുവിനെ സ്വീകരിയ്ക്കുമെന്ന പ്രതീക്ഷയോടെ വന്ന കുട്ടമ്മാമനെ നിരാശനാക്കിയത് കുട്ടമ്മാമനോടുള്ള ദേഷ്യം കൊണ്ട് മാത്രമായിരുന്നില്ല. അയാളുടെ മനസ്സിലപ്പോൾ സെയ്താലിക്കുട്ടിയുടെ മകൾ നെബീസുവിന്റെ മുഖം തെളിയുന്നുമുണ്ട്[13].

രാജമ്മു ഗോവിന്ദൻകുട്ടിയുടെ ദാരിദ്ര്യത്തെ പരിഹസിച്ചില്ല, ദയയോടെ പെരുമാറി. സുന്ദരിയായ രാജമ്മുവിനോട് അയാൾക്ക് ആരാധനയായിരുന്നു. തന്നോട് മോശമായി പെരുമാറാറുള്ള മരുമകന്റെ വീട്ടിൽ വെച്ച് കണ്ടപ്പോഴാണ് ഗോവിന്ദൻകുട്ടിയ്ക്ക് ആദ്യമായി രാജമ്മുവിനോട് വെറുപ്പു

---

13. നാലുകെട്ട്, പു.179,180,177,274,275.

തോന്നുന്നത്. അവരുടെ വിവാഹവാർത്തയും അയാളെ അസ്വസ്ഥനാക്കി. തന്നെ ചതിച്ച മരുമകനോടുള്ള ദേഷ്യം ആ മനസ്സിലുയരുന്നത് അവരുടെ സഹശയനത്തോടുള്ള വെറുപ്പോടെയാണ്[14]. ഇസ്ലാംമതം സ്വീകരിച്ച ഗോവിന്ദൻകുട്ടിയുടെ മനസ്സിൽ കുഞ്ഞരയ്ക്കാരുടെ മകൾ നബീസുവുണ്ട്. പക്ഷേ അതൊരാകർഷണമെന്നതിൽ കവിഞ്ഞ് ഒരാവേശമാകുന്നില്ല.

അമ്മിണിയേടത്തി എല്ലാംകൊണ്ടും തനിയ്ക്ക് അപ്രാപ്യമായ ഉയരത്തിലാണെന്നറിയാമായിരുന്ന അപ്പുണ്ണി അവളെ വെറുക്കുകയോ മറക്കുകയോ  ചെയ്യുന്നില്ല. ആ ബന്ധം ഒരു സുഖവും വേദനയുമായി അയാളുടെ മനസ്സിലുണ്ടായിരുന്നു. ഒരു പെണ്ണിനും അയാൾ പ്രതീക്ഷ കൊടുക്കുന്നില്ല. നെബീസുവിന്റെ മുഖം അയാളുടെ മനസ്സിലുണ്ടെന്നല്ലാതെ അവർ തമ്മിൽ പ്രണയബന്ധമൊന്നുമില്ല. ഒരിയ്ക്കലും തനിയ്ക്ക് ലഭിക്കില്ലെന്ന ഉറച്ച ബോധം കൊണ്ടാണ് ഗോവിന്ദൻകുട്ടിക്ക് രാജമ്മുവിനോട് ഉണ്ടായിരുന്ന  ആരാധന അനുരാഗമാകാഞ്ഞത്. മീനാക്ഷിയെ അയാൾ ആദ്യം ശ്രദ്ധിച്ചിരുന്നില്ലെങ്കിലും തന്റെ ഭാര്യയായതോടെ ഗാഢമായി സ്നേഹിക്കുന്നുണ്ട്. ഗോവിന്ദൻകുട്ടിയും നബീസുവും തങ്ങളുടെ സ്നേഹം പരസ്പരം പറയുന്നില്ലെന്നേയുള്ളൂ.ഗോവിന്ദൻകുട്ടിയും മറ്റൊരു പെൺകുട്ടിയെ പ്രണയിക്കുകയോ, വഞ്ചിക്കുകയോ ചെയ്യുന്നില്ല. എന്നാൽ സേതുവിന്റെ കാര്യം വ്യത്യസ്തമാണ്.

സേതുവിലാണ് ഈ അമർഷം തീക്ഷ്ണമായ രതിഭാവത്തിലൂടെ നിർഗ്ഗമിയ്ക്കുന്നത് കൂടുതൽ പ്രകടമാകുന്നത്.

♦ ആദ്യം സേതു ശ്രദ്ധിച്ച പെൺകുട്ടി സഹപാഠിയും സുന്ദരിയുമായ പാറുക്കുട്ടിയായിരുന്നു. ടൈഫോയിഡ് വന്ന് മുടി ക്രോപ്പ് ചെയ്ത രൂപത്തിലവളെ കണ്ടപ്പോൾ അയാൾ മുഖം തിരിച്ചു[15].

---

14. അസുരവിത്ത്, പു. 36,114,110,163.

15. കാലം, പു.21.

♦ പത്താംക്ലാസ്സ് പാസായ തന്നെ ആരും അഭിനന്ദിയ്ക്കാത്തതിന്റെ പ്രതിഷേധം സേതു തീർത്തത് സുമിത്രയുമായി പ്രണയം തുടങ്ങിക്കൊണ്ടാണ്. പിന്നീട് കൂടുതൽ സുന്ദരിമാരെ കണ്ടപ്പോൾ ആ തീരുമാനം തെറ്റെന്ന് തോന്നി. സേതു, സുമിത്രയെ മനസ്സിലാക്കുന്നില്ല. പക്ഷേ ക്രൂരമായി പ്രാപിയ്ക്കുന്നുണ്ട്[16]

♦ കൂടുതൽ സുന്ദരിയും സമ്പന്നയുമായ തങ്കമണിയെ കണ്ടപ്പോൾ അവളോട് ആരാധന തോന്നി. അവസരം കിട്ടിയപ്പോഴും അവളെ കളങ്കപ്പെ ടുത്തിയില്ല. പിന്നീട് മുതലാളിയുടെ ഭാര്യ ലളിതയെ പരിചയപ്പെട്ടപ്പോൾ തങ്കമണിയെ മറക്കാൻ പ്രയാസമുണ്ടായില്ല[17].

♦ സ്വയം സ്ത്രീകളോട് ക്രൂരമായി പെരുമാറുന്നുവെങ്കിലും സേതുവിന് മുതലാളിയുടെ കൂടെ വന്ന വ്യഭിചാരിണിയായ പെൺകുട്ടിയോട് സഹതാപം തോന്നുന്നു, മുതലാളിയോട് ദേഷ്യവും. തന്നെ മറയാക്കി ദുർവൃത്തിയിലേർപ്പെടുന്ന മുതലാളിയോട് പ്രതികാരം ചെയ്തത് അയാളുടെ സ്വത്തും ഭാര്യയേയും കൈക്കലാക്കിയാണ്. പക്ഷേ എന്നിട്ടും സേതുവിന് സ്വസ്ഥത കിട്ടിയില്ല. ലളിതയെ സ്നേഹിയ്ക്കാനായില്ല. അവൾക്ക് മറ്റു പുരുഷന്മാരോടുള്ള ബന്ധവും അയാളെ അസ്വസ്ഥനാക്കി[18].

♦ വീണ്ടും സുമിത്രയെ തേടിച്ചെന്നുവെങ്കിലും ആകെ മാറിപ്പോയ സുമിത്ര അയാളുടെ സ്വാർത്ഥതയേയും, നഷ്ടങ്ങളേയും കുറിച്ച് ബോധ്യപ്പെടുത്തിക്കൊടുക്കുകമാത്രമാണ് ചെയ്തത്[19].

ഉണ്ണിമാധവൻ കൊച്ചുകുട്ടിയെ ഏറെ സ്നേഹിച്ചു.കളങ്കപ്പെടുത്തിയില്ല, എതിർപ്പുകളെ അവഗണിച്ച് അവളെ ഇറക്കിക്കൊണ്ടുപോരുന്ന ആദർശ

---

16. അതേ പുസ്തകം, പു.41,42,50,115.
17. കാലം, പു.108,153,270.
18. അതേ പുസ്തകം, പു.253,291,300.
19. അതേ പുസ്തകം, പു.306.

കാമുകനാകണമെന്നാഗ്രഹിച്ചു. പക്ഷേ ധൈര്യമുണ്ടായില്ല. കാലം മനസ്സിൽ മാറ്റങ്ങളുണ്ടാക്കി. പല സ്ത്രീകളുമായും ബന്ധം പുലർത്താൻ മടിയുണ്ടായില്ല. പ്രേമത്തിന്റെ വിശുദ്ധിയും വേദനയുമൊക്കെ അറപ്പുളവാക്കുന്ന വാക്കുകളായാണ് പിൽക്കാലത്ത് തോന്നിയത്[20].

ii) ഭീമസേനൻ ജ്യേഷ്ഠന്റേയും അമ്മയുടേയും പക്ഷഭേദപരമായ അനുഭവം കൊണ്ട് അപകർഷതയനുഭവിയ്ക്കുന്നവനാണ്. ഭീമനെ പല സന്ദർഭങ്ങളിലും ബലവാനാക്കിയത് വലിയ ശരീരം മാത്രമല്ല മനസ്സിലൊതുക്കിപ്പിടിച്ച അമർഷം കൂടിയായിരുന്നു.

♦ അഭ്യാസക്കാഴ്ചയുടെ സമയത്ത്, തന്നെ മുമ്പ് പ്രമാണകോടിയിൽ വെച്ച് ചതിച്ചുകൊല്ലാൻ ശ്രമിച്ച ദുര്യോധനനോട് പകരം വീട്ടാൻ തുനിഞ്ഞ ഭീമനതിന് അവസരം ലഭിച്ചില്ല. ജയാപജയങ്ങളില്ലാതെ കഴിഞ്ഞ ആ ദിവസം രാത്രി തന്നെ തേടിവന്ന ആദ്യത്തെ സ്ത്രീയെ തൃപ്തയാക്കാൻ ഭീമന് കഴിഞ്ഞില്ല[21].

♦ ഹിഡിംബിയുടെ കാര്യത്തിൽ ഭീമനങ്ങനെയൊരു പ്രശ്നമുണ്ടാകുന്നില്ല. ഹിഡിംബനെ കൈക്കരുത്തുകൊണ്ട് തൃപ്തിയാകുംവിധത്തിൽ കൊല്ലാൻ കഴിഞ്ഞപ്പോൾ ആ ആത്മവിശ്വാസം കൂടി. ഏകചക്രയിലേക്ക് താമസം മാറ്റിയപ്പോൾ നിനക്ക് ഞാനുണ്ട് എന്ന് പറഞ്ഞാശ്വസിപ്പിച്ച, ഗർഭിണിയായ ഹിഡിംബിയെ കാട്ടിലുപേക്ഷിച്ചു. പിന്നീടവളെ സന്ദർഭം കിട്ടിയപ്പോൾ പോലും ഒന്നന്വേഷിച്ചില്ല[22].

♦ വിയർപ്പിന് താമരപ്പൂഗന്ധമുള്ള പാഞ്ചാലിയെപ്പറ്റി കേട്ടപ്പോൾ ആദ്യം ഭീമന് യാതൊരു താല്പര്യവുമുണ്ടാകുന്നില്ല. പക്ഷേ അന്നു രാത്രി ഉറക്കത്തിൽ ഹിഡിംബിയെ സ്വപ്നം കണ്ടില്ല[23].

20. വാസുദേവൻ നായർ.എം.ടി., *വിലാപയാത്ര* (കറന്റ് ബുക്സ്, തൃശൂർ, 2003), പു.61.
21. രണ്ടാമൂഴം, പു.68.
22. അതേ പുസ്തകം, പു.88,168.
23. അതേ പുസ്തകം, പു.98.

♦ ബഹുഭർത്തൃത്വത്തെ അനുകൂലിച്ചു സംസാരിച്ച യുധിഷ്ഠിരനോട് കയർത്ത ഭീമൻ, ദ്രൗപദിയെ മോഹിച്ചില്ലേ എന്ന കുന്തിയുടെ ചോദ്യത്തിന് മുന്നിൽ പതറി[24].

♦ ഭീമന്റെ പൗരുഷത്തെ ഉണർത്തിയ ബലന്ധരയ്ക്ക് ഹിഡിംബിയോട് രൂപസാമ്യമുണ്ടായിരുന്നു. ശയ്യപങ്കിടാനുള്ളവളെന്നതിലധികം പ്രാധാന്യം ബലന്ധരയ്ക്കും ഭീമൻ നിൽകിയില്ല. യുദ്ധ സന്നദ്ധനായി തങ്ങളുടെ മകൻ സർവ്വദൻ വന്നപ്പോൾ താൻ മനസ്സുകൊണ്ടൊന്ന് തിരിഞ്ഞു നോക്കാത്തവളാണ് ബലന്ധരയെന്ന് ചിന്തിയ്ക്കുന്നുണ്ട് [25].

♦ ദ്രൗപദിയോട് ഭീമന് ആരാധന കലർന്ന് സ്നേഹമാണുണ്ടായിരുന്നത്. അവളിൽ നിന്ന് പല തവണ അവഗണകളേറ്റു വാങ്ങിയപ്പോഴും അവളുടെ ആവശ്യങ്ങളൊന്നും തള്ളിക്കളയാൻ ഭീമനായില്ല. ഭീമന് ദ്രൗപദി കനിഞ്ഞു നൽകിയത് രണ്ടു രാത്രികളാണ് – ജരാസന്ധവധത്തിനുശേഷം വന്ന ഊഴത്തിലും, കീചകനെ വധിച്ച രാത്രിയിലും. ജരാസന്ധവധത്തിനുപഹാരമായി തന്റെ ഊഴത്തിലെ രാത്രികൾ കാത്തുനിൽക്കുന്നു എന്ന് ദ്രൗപദി വാഗ്ദാനം ചെയ്ത ദിവസം രാത്രി ഭീമൻ ഒരു കാട്ടാളന്റെ കരുത്തോടെ അവളെ അനുഭവിയ്ക്കുന്നതാണ് അമർഷത്തോടെ ചിന്തിച്ചത്. പക്ഷേ ശയ്യാഗൃഹത്തിൽ അവൾക്കു മുന്നിൽ സൗമ്യനാകുന്നു[26].

♦ പ്രിയപ്പെട്ട അനുജൻ തീർത്ഥാടനത്തിനു പോകുന്നുവെന്നറിഞ്ഞപ്പോൾ വിഷമം തോന്നിയെങ്കിലും ദ്രൗപദി തന്നെ കൂടുതൽ ശ്രദ്ധിക്കുമല്ലോ എന്ന് സന്തോഷിയ്ക്കുന്നു[27].

♦ ദ്രൗപദിയുടെ മൃതദേഹത്തിനരികിലിരിയ്ക്കുമ്പോഴും, മദ്ധ്യവയസ്സിലും അവൾ സുന്ദരിയാണെന്ന് തോന്നിയ, സ്ത്രീയെ പങ്കിടുന്നതിൽ

24. അതേ പുസ്തകം, പു.112.
25. അതേ പുസ്തകം, പു.125,228.
26. അതേ പുസ്തകം, പു. 132.
27. അതേ പുസ്തകം, പു. 160.

സ്വാർത്ഥതയുടെ രോഷം കൊണ്ടിരുന്ന കാട്ടാളനായിരുന്നു താനെന്ന് ഭീമൻ സ്വയം വിലയിരുത്തുന്നു[28].

## 5. വൈഫല്യത്തിന്റെ ശൂന്യത

i) മേൽപറഞ്ഞ കഥാപാത്രങ്ങളൊന്നും ആദർശശാലികളാകുന്നില്ല. ഉള്ള സൗഭാഗ്യങ്ങളിൽ സംതൃപ്തരാകാനോ പൊരുത്തപ്പെടാനോ പലർക്കും കഴിയുന്നില്ല. അതേ സമയം അവനവനത്യാവശ്യമെന്നു കണ്ടാൽ പൊരുത്തപ്പെടാൻ മടി കാണിയ്ക്കുന്നുമില്ല.

ഒരിയ്ക്കൽ ആട്ടിയിറക്കിയ തറവാട്ടിലേയ്ക്ക് അപ്പുണ്ണി കയറിച്ചെല്ലുകയും,അവിടെ ജീവിയ്ക്കാൻ തയ്യാറാവുകയും ചെയ്തു. താമസിയ്ക്കാനൊരു സ്ഥലം ആവശ്യമായി വന്നതുകൊണ്ടാണത്.

മതം മാറി വന്നപ്പോഴുണ്ടായ അപ്രതീക്ഷിതമായ അനുഭവങ്ങൾ ഇനി നഷ്ടപ്പെടാനൊന്നുമില്ല എന്ന ധൈര്യം മനസ്സിലുണ്ടാക്കിയപ്പോഴാണ് എങ്ങനേയും ജീവിയ്ക്കാൻ ഗോവിന്ദൻകുട്ടി തയ്യാറായത്.

ധൈര്യമോ, അചഞ്ചലതയോ, ആന്തരഗൗരവമോ വെച്ചുപുലർത്താൻ ഈ കഥാപാത്രങ്ങളിൽ പലർക്കും കഴിയുന്നില്ല. തങ്ങൾക്കു ദുരനുഭവങ്ങളുണ്ടാകുമ്പോൾ അവർ സമൂഹത്തേയും വിശ്വാസത്തേയുമൊക്കെ പഴിയ്ക്കുന്നുണ്ടെങ്കിലും അതിനെതിരെ ഉറച്ചു നിന്നു പ്രതികരിയ്ക്കുന്നില്ല.

തറവാട്ടിൽ കഴിയുന്ന അപ്പുണ്ണി തന്റെ അവകാശം പിടിച്ചെടുക്കാൻ ശ്രമിയ്ക്കുന്നില്ല.

ദാരിദ്ര്യം കഠിനമാകുമ്പോഴും എന്തു ജോലിയും ചെയ്യാൻ ഗോവിന്ദൻകുട്ടി തയ്യാറാകുന്നില്ല.

വീട്ടിലെ പ്രശ്നങ്ങൾ രൂക്ഷമാകുന്നതു കാണുമ്പോൾ പ്രതികരിയ്ക്കാൻ

28. അതേ പുസ്തകം, പു. 286.

വിമലയ്ക്ക് കഴിയുന്നില്ല, തന്റെ കാമുകൻ തന്നെ വഞ്ചിച്ചതാണോ എന്നന്വേഷിച്ചറിയാൻ ശ്രമിയ്ക്കുന്നില്ല[29].

കിട്ടാത്തതിൽ ദുഃഖിയ്ക്കുക, കിട്ടാൻ യത്നിയ്ക്കുക, കിട്ടിക്കഴിയുമ്പോൾ സംതൃപ്തി ലഭിയ്ക്കാതെ വരിക – ഇതാണിവരിൽ പലർക്കും സംഭവിയ്ക്കുന്നത്. പക മനസ്സിൽ സൂക്ഷിച്ച് കൊണ്ടു നടക്കുന്ന ഇവരുടെ പ്രതികാരം സാഫല്യത്തിലെത്തുന്നില്ല എന്നു കാണാം.

പ്രതാപവും വീര്യവും ക്ഷയിച്ച് തന്നെത്തേടി അപേക്ഷയോടെയെത്തിയ വലിയമ്മാവനോടും കുട്ടമ്മാവനോടും അപ്പുണ്ണി എന്തു പകരം വീട്ടാനാണ്?

മതം മാറ്റത്തിലൂടെ ഗോവിന്ദൻകുട്ടി ഒറ്റപ്പെട്ടുപോവുകയാണുണ്ടായത്. പ്രതികാരം വിഫലമായി.

സേതുവിന്റെ പ്രതികാരം പലപ്പോഴും അനാവശ്യമായിരുന്നു. തന്നെ സ്നേഹിച്ചവരോട് ചെയ്ത പ്രതികാരം പലതും നഷ്ടപ്പെടുത്തി. തന്നെ ദ്രോഹിച്ചവരോട് ചെയ്ത പ്രതികാരം കൊണ്ട് ഒന്നും നേടാനുമായില്ല.

ii) ഭീമസേനൻ പലപ്പോഴും ക്ഷത്രിയനീതിയുടെ പേരിൽ നിഷ്ക്രിയനാകുന്നുണ്ട്. ചെയ്യേണ്ടതോ, ചെയ്യണമെന്നു തോന്നുന്നതോ ചെയ്യാനദ്ദേഹത്തിന് സാധിച്ചിരുന്നില്ല. പക്ഷേ താനൊരു നിഷാദനാണെന്ന അറിവ് ജീവിതത്തോട് പൊരുത്തപ്പെടാനും തന്റെ താല്പര്യങ്ങൾക്കനുസരിച്ച ജീവിതത്തിലേക്ക് കടന്നുചെല്ലാനും ഭീമനെ പ്രേരിപ്പിച്ചു. ശപഥം നിറവേറ്റി കാര്യങ്ങൾ ഉദ്ദേശിച്ച പോലെ ശരിയായി വന്നപ്പോഴും ഭീമസേനന് തോന്നുന്നത് ആത്യന്തികമായി ഒന്നും നേടിയിട്ടില്ലെന്നു തന്നെയാണ്.

## 6. മനുഷ്യത്വം

ചില സന്ദർഭങ്ങളിൽ ഈ കഥാപാത്രങ്ങൾ വളരെ വ്യത്യസ്തമായി പ്രതികരിയ്ക്കുന്നതുകാണാം. താൻ വെറുത്തവരോടും, പകവെച്ചു പുലർത്തി

29. വാസുദേവൻ നായർ.എം.ടി, *മഞ്ഞ്* (കറന്റ് ബുക്സ്, തൃശൂർ, 1998).

യവരോടും, തന്നെ അവഗണിച്ചവരോടും, ദ്രോഹിച്ചവരോടും, വേദനിപ്പിച്ച വരോടുമൊക്കെ ക്ഷമിയ്ക്കാനുള്ള പ്രവണത മനസ്സുകൊണ്ടോ പ്രവൃത്തി കൊണ്ടോ അവർ പ്രകടിപ്പിയ്ക്കുന്നതു കാണാം.

i) അമ്മയേയും തന്നെയും ഉപേക്ഷിച്ച, വേദനിപ്പിച്ച, അപമാനിച്ച അച്ഛനെ ജീവിതത്തിലാദ്യമായി കണ്ടപ്പോൾ മൊയ്തീന് ക്ഷമിയ്ക്കാനായില്ല. പക്ഷേ പിന്നീട് അമ്മയുടെ സങ്കടം കണ്ടപ്പോൾ തന്റെ പെരുമാറ്റത്തിൽ കുറ്റ ബോധം തോന്നി അയാൾ തന്നെ അച്ഛനെ അന്വേഷിച്ചിറങ്ങുന്നുണ്ട്[30].

അമ്മയ്ക്ക് മറ്റൊരവകാശിയുണ്ടെന്ന തോന്നലാണ് തന്നെ ജീവനു തുല്യം സ്നേഹിച്ചിരുന്ന അമ്മയെ വിട്ടുപിരിയാൻ അപ്പുണ്ണിയെ പ്രേരിപ്പിച്ചത്. തറവാട്ടിൽ മിക്കവരും അപ്പുണ്ണിയെ വേദനിപ്പിയ്ക്കുന്ന വിധത്തിലാണ് പെരുമാറിയിരുന്നത്. ജോലികിട്ടി വളരെക്കാലം കഴിഞ്ഞാണ് അപ്പുണ്ണി നാട്ടിൽ വന്നത്. നാലുകെട്ടിന്റെ അധഃപതനം അയാൾ നേരിൽ ക്കണ്ടു, മനുഷ്യരുടേയും.

തന്നെ വേദനിപ്പിച്ചവരോട് പകരം വീട്ടുംപോലെത്തന്നെയാണ് അപ്പുണ്ണി പെരുമാറിയത്. പക്ഷേ അപ്പോഴൊക്കെ അയാൾക്ക് ആത്മനിന്ദ തോന്നുന്നുണ്ട്.

താനുപേക്ഷിച്ച അമ്മയെമാത്രമല്ല, അമ്മയ്ക്ക് തുണയായിനിന്ന ശങ്കരൻ നായരെയും കൂടിയാണ് അപ്പുണ്ണി തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയത്[31].

ഒരു കാലത്ത് താനേറെ വെറുത്ത, തന്റെ അച്ഛന്റെ കൊലപാതകി യോട് – കുട്ടിക്കാലം തൊട്ടേ തന്നോട് നന്നായി പെരുമാറിയ, തനിയ്ക്ക് ശരിയായ വഴി കാണിച്ചുതന്ന, ചെയ്ത തെറ്റിൽ പശ്ചാത്തപിയ്ക്കുന്ന

30. വാസുദേവൻ നായർ.എം.ടി., *പാതിരാവും പകൽവെളിച്ചവും* (കറന്റ് ബുക്സ്, കോട്ടയം,2000), പു.116.

31. നാലുകെട്ട്, പു.141,272,274,278,282,283.

സെയ്താലിക്കുട്ടിയോട് ക്ഷമിയ്ക്കാൻ അപ്പുണ്ണിയ്ക്ക് കഴിയുന്നുണ്ട്[32]. അപ്പുണ്ണിയിൽ മനുഷ്യത്വമുണ്ടെന്ന് നമുക്ക് കാണാം.

ഗോവിന്ദൻകുട്ടിയിലെ മനുഷ്യത്വം ക്ഷമിച്ചത് തന്നെ തള്ളിപ്പറഞ്ഞ അവഹേളിച്ച ഒരു സമൂഹത്തോട് തന്നെയാണ്.

വീട്ടിലെ ദാരിദ്ര്യവും കുറ്റപ്പെടുത്തലുകളും അനുഭവിച്ച് മടുത്ത ഗോവിന്ദൻകുട്ടിയ്ക്ക് തന്റെ മരുമകൻ തനിയ്ക്കേല്പിച്ച അപമാനം ക്ഷമിയ്ക്കാനായില്ല. അതാണയാളെ സമൂഹത്തിന്റെ ശത്രുവാക്കിയത്. അളിയനോടു പകരം വീട്ടാൻ അയാളുടെ ശത്രുവായ മുതലാളിയുടെ പ്രേരണയനുസരിച്ച് ഇസ്ലാം മതം സ്വീകരിച്ചു[33]. ഇരുപക്ഷത്തും സ്ഥാനമില്ലാതെയായി. നാട്ടുകാർ അയാളെ മോഷ്ടാവെന്നാരോപിച്ച് അധിക്ഷേപിയ്ക്കുകയും ഉപദ്രവിയ്ക്കുകയും ചെയ്തു[34].

നാട്ടിൽ കോളറ പിടിച്ച് ആളുകൾ മരിച്ചു കൊണ്ടിരിയ്ക്കേ അവരെ സഹായിയ്ക്കാനെത്തിയത് ഗോവിന്ദൻകുട്ടിയാണ്[35]. തനിയ്ക്കപമാനമുണ്ടാക്കിയവന്റെ കുഞ്ഞിനെക്കൂടി സുരക്ഷിതമായ സ്ഥലത്തേല്പിച്ച്[36] അയാളിൽ നമുക്കൊരു മനുഷ്യസ്നേഹിയെ കാണാം.

കുട്ടിക്കാലത്തനുഭവിയ്ക്കേണ്ടിവന്ന ദാരിദ്ര്യത്തിന്റേയും അവഗണനയുടേയും പേരിൽ സേതു പകരം വീട്ടിയത് തന്നെ സ്നേഹിച്ചവരോടൊക്കെയായിരുന്നു. ഒരു ബന്ധത്തോടും ആത്മാർത്ഥത പുലർത്താൻ അയാൾക്ക് കഴിഞ്ഞില്ല. പലപ്പോഴും ആത്മനിന്ദ തോന്നുന്നുണ്ടെങ്കിലും അയാൾക്ക് തെറ്റുകൾ തിരുത്താനോ മനുഷ്യത്വത്തോടെ പെരുമാറാനോ കഴിയുന്നില്ല.

---

32. അതേ പുസ്തകം, പു.261.
33. അസുരവിത്ത്, പു.156.
34. അതേ പുസ്തകം, പു.222,232.
35. അതേ പുസ്തകം, പു.237.
36. അതേ പുസ്തകം, പു.245.

ii) ഉറ്റവരുടെ അവഗണനയിൽ വേദനിച്ചവനായിരുന്നു ഭീമസേനൻ. അമ്മ, ജ്യേഷ്ഠൻ, ആചാര്യൻ, ദ്രൗപദി തുടങ്ങിയവരൊക്കെ അവഗണിച്ചപ്പോഴും ഉള്ളിൽ ദേഷ്യം തോന്നിയെന്നല്ലാതെ അവരെ ഒരു തരത്തിലും ഉപദ്രവിയ്ക്കുന്നില്ല, വിധേയത്വം പുലർത്തുന്നുണ്ട്.

കർണ്ണനോട് എതിരാളിയായതുകൊണ്ടുമാത്രം പല തവണ മോശമായി പെരുമാറേണ്ടി വന്നിട്ടുണ്ട്-ഉള്ളിൽ ആദരവും ആരാധനയും പലപ്പോഴും തോന്നിയിട്ടുണ്ടെങ്കിലും അപ്പോഴൊക്കെ ആത്മനിന്ദ തോന്നിയിട്ടുമുണ്ട്.

ക്ഷത്രിയന് ദൗർബ്ബല്യമരുതെന്ന് സ്വയം ശാസിച്ചടക്കിനിർത്താൻ ശ്രമിയ്ക്കുന്നുണ്ടെങ്കിലും ഹിഡിംബി, ബലന്ധര, സർവ്വദൻ, സുതസോമൻ, അഭിമന്യു, ഘടോൽക്കചൻ, കർണ്ണൻ – ഇവരെയൊക്കെപ്പറ്റിയോർക്കുമ്പോൾ ഭീമൻ ദുർബ്ബലനാകുന്നുണ്ട്.

തന്റെ കഥാനായകന്മാർ തന്റെ ആത്മാംശം ഉൾക്കൊള്ളുന്നവരാണെന്ന് നോവലിസ്റ്റ് തന്നെ പറഞ്ഞിട്ടുണ്ട്. കർത്താവും കഥാപാത്രവും മാനസികമായി വിലയം പ്രാപിയ്ക്കുന്ന ഒരു കാഴ്ചയാണീ സാഹിത്യലോകത്ത് കാണുന്നത്. അതാണദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ തമ്മിൽ സാദൃശ്യം പുലർത്താൻ കാരണവും. അവഗണനയെന്തെന്ന് തനിയ്ക്ക് നന്നായറിയാമെന്ന് നോവലിസ്റ്റ് പറയുന്നു. അംഗീകരിയ്ക്കേണ്ട കടമയുള്ളവരെങ്കിലും അംഗീകരിയ്ക്കാതെ വരുമ്പോൾ സ്വാഭാവികമായും ഉൽക്കർഷേച്ഛയുള്ള ഒരു വ്യക്തി സ്വയം അംഗീകരിയ്ക്കാനും ആത്മവിശ്വാസം വളർത്തിയെടുക്കാനും ശ്രമിയ്ക്കുകയാണല്ലോ ചെയ്യുക. അതാണവരെ അന്തർമുഖരാക്കുന്നതും, അപകർഷതയും അഹങ്കാരവും അവജ്ഞയും മനസ്സിൽ നിറയ്ക്കുന്നതും, ചിലപ്പോൾ സ്വയം പ്രശംസിയ്ക്കാനും മറ്റു ചിലപ്പോൾ സ്വയം നിന്ദിയ്ക്കാനും പ്രേരിപ്പിയ്ക്കുന്നതും. ഈ വൈരുദ്ധ്യങ്ങളുടെ കലാപമാണ് അവരുടെ മനസ്സിൽ പ്രതിഷേധം ആർത്തിരമ്പാൻ കാരണം. ഈ സ്വഭാവസവിശേഷതകൾ

ഏറ്റക്കുറച്ചിലുകളോടെ ഓരോ കഥാപാത്രത്തിലും പ്രകടമാകുന്നു. വ്യക്തികളോട് മാത്രമല്ല തറവാട്, കൂട്ടുകുടുംബവ്യവസ്ഥ, നാലുകെട്ട് തുടങ്ങി മനുഷ്യനെ മാനസികമായും ഭൗതികമായും ബന്ധനസ്ഥനാക്കുന്ന വ്യവസ്ഥിതികളോടൊക്കെ ഈ കഥാപാത്രങ്ങൾക്ക് പ്രതിഷേധമുണ്ട്. ഭീമന്റെ പ്രതിഷേധം കൊട്ടാരത്തിനോടും രാജനീതികളോടും, ക്ഷത്രിയത്വത്തോടും കൂടിയാണ്. ഹസ്തിനപുരത്തെയെന്നല്ല ഭാരതത്തെതന്നെ വിമർശിയ്ക്കുന്നുണ്ട് ഭീമൻ. എം.ടി.യുടെ മറ്റ് കഥാനായകന്മാരുടെയൊക്കെ വ്യക്തിത്വത്തിന്റെ സാകല്യമാണ്, വികസിതരൂപമാണ് ഭീമസേനനിൽ കാണുന്നത്.

അന്തർമുഖരുടെ ഹൃദയവികാരങ്ങൾക്ക് ബഹിർഗ്ഗമനമാർഗ്ഗമുണ്ടാകുന്നില്ല. അതവരുടെ മനസ്സിൽ ആർത്തിരമ്പുകയാണ് ചെയ്യുന്നത്. നിയന്ത്രണാതീതമായ ചില സന്ദർഭങ്ങളിൽ മാത്രമാണ് അവർ പ്രതികരിയ്ക്കുന്നത്. അതുകൊണ്ടു തന്നെ ആ പ്രതികരണം സൂക്ഷ്മവും ഉഗ്രവുമാകും. അന്തർമുഖത്വം മനസ്സിന്റെ സങ്കീർണ്ണതയ്ക്കു ഹേതുവാണ്. അതിനാൽ ഈ പ്രത്യേകതകളുള്ള എം.ടി.യുടെ കഥാപാത്രങ്ങൾ മനഃശാസ്ത്രപരമായ ഒരു പഠനം അർഹിയ്ക്കുന്നവരാണ്. മദ്ധ്യമപുത്രൻ അവഗണിയ്ക്കപ്പെടും എന്ന ഒരു പൊതുവായ കാഴ്ചപ്പാടും ഭീമസേനനിങ്ങനെയൊരു വ്യക്തിത്വം കരുപ്പിടിപ്പിച്ചതിനു പിന്നിൽ പ്രവർത്തിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടതുണ്ട്. ഒരു വിശദപഠനം തന്നെ അർഹിയ്ക്കുന്ന മേഖലയാണിത്.

## ഭാഷാപരമായ പ്രത്യേകതകൾ

എം.ടി.യുടെ ഭാഷ കവിതയാണെന്നഭിപ്രായമുണ്ട്[37]. എം.ടി.യുടെ കൃതികൾ പരിശോധിയ്ക്കുമ്പോൾ ഭാഷ ഗദ്യപദ്യങ്ങളുടെ അതിർവരമ്പുകൾ ലംഘിച്ച് ഒന്നാകുന്നത് നമുക്ക് കാണാം. നിശ്ശബ്ദതയിലും സംഗീതമുണ്ടെന്നു

37. കൃഷ്ണൻ നമ്പൂതിരി.എം, 'നോവലിൽ കവിതയെഴുതുമ്പോൾ', സാംസ്ക്കാരിക വികാരം സാഹിത്യമാസിക, 1,1 (ഡിസംബർ 2001), പു.67.

പറയുന്ന നോവലിസ്റ്റ്[38] ആ കാവ്യാത്മകമായ സംഗീതം തന്നെയാണ് തന്റെ കൃതികളിൽ പ്രയോഗിച്ചിരിക്കുന്നത്. പ്രകൃതിയുടേയും ഗ്രാമീണതയുടേയും നാഗരികതയുടേയും സവിശേഷമായ അംശങ്ങളെ ബിംബങ്ങളായി സ്വീകരിയ്ക്കുമ്പോൾ ഭാഷ ഭാവസാന്ദ്രമാകുന്നു, അർത്ഥസംവാഹകമാകുന്നു, നിശിതമാകുന്നു. ഋജുവായ വാക്പ്രയോഗങ്ങളേക്കാൾ കൂടുതൽ ഭാവം സ്ഫുരിപ്പിയ്ക്കാൻ ഈ പ്രയോഗങ്ങൾക്ക് കഴിയുന്നു.

മഹാഭാരതകഥ പുനരാഖ്യാനം ചെയ്തപ്പോൾ അതിനനുസരിച്ച് ഭാഷയിലും വ്യത്യസ്തത പുലർത്താൻ നോവലിസ്റ്റ് ശ്രമിച്ചിട്ടുണ്ട്. പുരാണപശ്ചാത്തലമായതുകൊണ്ടുതന്നെ വാമൊഴിയ്ക്കല്ലാ വരമൊഴിയ്ക്കാണ് പ്രാധാന്യം നൽകിയിരിയ്ക്കുന്നത്. സംഭാഷണത്തിലും സാഹിത്യഭാഷതന്നെ കാണുന്നു. സാധാരണ വിഷയങ്ങൾ സ്വീകരിയ്ക്കുമ്പോൾ സാഹിത്യഭാഷ ഇഷ്ടപ്പെടാത്ത എം.ടി.[39] വിഷയത്തിന്റെ വ്യത്യസ്തത കൊണ്ടുതന്നെയാണ് താൻ ഇങ്ങനെയൊരു മാറ്റത്തിന് തയ്യാറായതെന്നു പറയുന്നു[40]. അതേസമയം മറ്റു നോവലുകളിലെ ഭാഷയുടെ പല പ്രത്യേകതകളും രണ്ടാമൂഴത്തിലും കാണുന്നുണ്ട്. അതെന്തൊക്കെയാണെന്ന് പരിശോധിക്കേണ്ടതുണ്ട്.

## 1. പ്രകൃതിവർണ്ണന

എം.ടി.യുടെ പ്രകൃതിവർണ്ണനകളിൽ കാല്പനികതയുടെ ഭംഗി നിറഞ്ഞുനിൽക്കുന്നു.

1. അതിരാളൻകുന്നും, പുഴയും, നരിവാളൻകുന്നും, പാലമരവും, കേലൂർക്കാവിലെ താലപ്പൊലിയും, കണ്ണങ്കാവിലെ വേലയും, ഈഴവരുടെ കലങ്കരിയുമൊക്കെ യായി ഗ്രാമീണ പശ്ചാത്തലം അദ്ദേഹം തന്റെ നോവലുകളിൽ

38. മഞ്ഞ്, പു.21.
39. വാസുദേവൻ നായർ.എം.ടി., 'കഥാകാരനിലൂടെ കഥയിലേയ്ക്ക്', *കാഥികന്റെ പണിപ്പുര.* (കറന്റ് ബുക്സ്, കോട്ടയം, 2008), പു.20.
40. വാസുദേവൻ നായർഎം.ടി, 'എംടി-വാക്കുകളിലെ വിസ്മയം സാഹിത്യത്തിലേയും', ലത്തീഫ് പറമ്പിൽ, സമകാലിക മലയാളം (1177 വൃശ്ചികം 29),പു.14.

ആവിഷ്ക്കരിയ്ക്കുന്നു. കണ്ണാന്തളിപ്പൂക്കളുടെ ഗന്ധവും, ഞാവൽപ്പഴങ്ങളുടെ നിറവും, പോക്കുവെയിലിന്റെ തിളക്കവും, മഴയുടെ താളവും, പുതുമണ്ണിന്റെ മണവും ഇവിടെ നമുക്ക് ആവർത്തിച്ചു കാണാം.

♦ സ്വപ്നത്തിലെ മന്ദഹാസവും[41], പേടിപ്പെടുത്തുന്ന സൗന്ദര്യവും[42], മുറ്റം മുങ്ങിക്കുളിയ്ക്കാൻ പാകത്തിനൊരു പൊയ്കയാക്കിയ ഭംഗിയും[43], അടിച്ചുകയറുന്ന തിരയുമൊക്കെയാണ് നിലാവ്.

♦ മഴയുടെ ശബ്ദം സംഗീതമാണ്[44].

♦ അന്തിമാനം പൂത്ത അലരിമരം പോലെ[45]

♦ കൊടുങ്കാറ്റിലാടുന്ന കവുങ്ങുകൾ മുടിയഴിച്ചിട്ടാടുകയാണ്[46]

♦ കാമുകിയുടെ മുഖം വെളുത്ത മേഘപാളിയുടെ താഴെ പ്രഭാതത്തിൽ വിളറി നിൽക്കുന്ന അമ്പിളിക്കലപോലെ[47].

ii) ഒരു വലിയ കാലം മുഴുവൻ വനവാസത്തെക്കുറിച്ച് പറയേണ്ടതിനാൽ കാടിന്റെ ഭംഗിയാണ് രണ്ടാമൂഴത്തിലെ പ്രകൃതിവർണ്ണനയിലധികവും. വേനൽക്കാലത്ത് പൂക്കുന്ന മരങ്ങൾ, മധുരനീരുള്ള തണ്ടോടുകൂടിയ ചെടികൾ, നീർച്ചോല, ഇന്ദീവരങ്ങൾമാത്രം വിടരുന്ന പൊയ്ക, സ്വർണ്ണനിഷ്കങ്ങൾ ചൊരിയുന്ന കൊന്നമരങ്ങൾ, മഞ്ഞുമൂടിയ ഹിരണ്യശിഖരം – ഇതൊക്കെയാണ് നോവലിസ്റ്റ് ഇവിടെ സ്വീകരിച്ചിരിയ്ക്കുന്നത്[48].

കഥാപാത്രങ്ങളുടെ മാനസികാവസ്ഥ വ്യക്തമാക്കാൻ, അതിനാഴം കൂട്ടാൻ പലപ്പോഴും നോവലിസ്റ്റ് പ്രകൃതിയെ കൂട്ടുപിടിയ്ക്കുന്നുണ്ട്.

41. കാലം, പു.303.
42. അതേ പുസ്തകം, പു. 303.
43. അസുരവിത്ത്, പു.91.
44. അതേ പുസ്തകം, പു.92.
45. കാലം, പു.35.
46. അസുരവിത്ത്, പു.51.
47. പാതിരാവും പകൽവെളിച്ചവും, പു.12.
48. രണ്ടാമൂഴം, പു.167.

ചതിയുടേയും വേദനയുടേയും അപമാനത്തിന്റേയുമൊക്കെ ചിഹ്നമായി പലയിടങ്ങളിലും ഇരുട്ട് കടന്നുവരുന്നുണ്ട്[49]. ഭ്രാന്തമായ മനസ്സിന്റെ ഉടമയെ കഥാപാത്രമാക്കിയപ്പോൾ കഥയ്ക്ക് നൽകിയ ശീർഷകത്തിലും ഇരുട്ടുണ്ടല്ലോ[50].

♦ ബലമായിട്ടാണെങ്കിലും ഒരാൾ തന്നെ സ്പർശിച്ചതോർത്ത് ചിരിയ്ക്കണോ കരയണോ എന്നറിയാതെ നിൽക്കുന്ന പെൺകുട്ടി കാണുന്നത് മുറ്റത്ത് നിഴലും നിലാവും തമ്മിൽ കലരുന്നതാണ്[51].

♦ നാടാകെ പരക്കുന്ന മരണം വട്ടമിട്ടു പറക്കുന്ന അദൃശ്യനായ പരുന്താണ്[52].

♦ അമർഷത്തോടെ, പകയോടെ നടത്തുന്ന മൈഥുനം ശക്തമായി വീശിയടിക്കുന്ന കാറ്റാണ്[53].

♦ മടുപ്പും, കുറ്റബോധവും, നിരാശയും നിറഞ്ഞ മനസ്സ് ചേതനയറ്റ പുഴയാണ്[54].

♦ പ്രളയത്തിരകളിരമ്പുന്ന ശബ്ദം യദുവംശം ഉന്മൂലനാശനം ചെയ്ത അഹങ്കാരത്തിന്റെ ശബ്ദമാണ്[55].

♦ തനിയ്ക്ക് മഹാറാണിപദം നിഷേധിയ്ക്കപ്പെടുന്ന പരിഭവം നിറഞ്ഞ ദ്രൗപദിയുടെ മുഖം അസ്തമയം കണ്ട നീലത്താമര[56].

♦ ഘടോൽക്കചന്റെ മരണവാർത്തയറിഞ്ഞ ഭീമന്റെ മനസ്സ് ഹിഡിംബിയിലേയ്ക്കും കാമ്യകത്തിലേയ്ക്കും പോകുന്നത് ഇരുട്ട്, കൊടുംകാട്, വരവധൂസ്മിതം, മദയാനക്കൂട്ടം, ഹരവൃഷഭം എന്നീ വാക്കുകളിലൂടെ സൂചിപ്പിയ്ക്കുന്നു[57].

---

49. അസുരവിത്ത്, പു.161,185,189.
50. വാസുദേവൻനായർ.എം.ടി., 'ഇരുട്ടിന്റെ ആത്മാവ്', *എം.ടിയുടെ തെരഞ്ഞെടുത്ത കഥകൾ* (കറന്റ് ബുക്സ്, തൃശൂർ, 1991), പു.171.
51. അസുരവിത്ത്, പു.99.
52. അതേ പുസ്തകം, പു.208.
53. കാലം, പു.115.
54 അതേ പുസ്തകം, പു.307.
55. രണ്ടാമൂഴം,പു.12.
56. അതേ പുസ്തകം, പു.275.
57. അതേ പുസ്തകം, പു.252.

♦ ദ്രൗപദിയ്ക്കുവേണ്ടി രാജ്യാവകാശം നിരസിയ്ക്കേണ്ടിവന്ന ഭീമന്റെ മനസ്സ്, നിഴലുകൾക്കിടയിൽ കാണുന്ന വെളിച്ചം സന്ധ്യ പെറുക്കിയെടുത്തു വെന്ന പ്രയോഗത്തിലൂടെ വ്യക്തമാക്കുന്നു[58].

♦ സ്വന്തം പിതൃത്വമെന്തെന്നറിഞ്ഞപ്പോൾ ഭീമന്റെ മനസ്സിലുണ്ടായ ശൂന്യതയും, ദുഃഖവും സൂചിപ്പിയ്ക്കുന്നത് ഇരുട്ട് താഴെയിറങ്ങി കാടിന്റെ ശൂന്യതയിൽ മേയാൻ തുടങ്ങി എന്ന്[59].

## 2. രചനയിലെ വ്യംഗ്യമര്യാദകൾ

വാചാലതയിലേക്ക് വഴുതിപ്പോകാത്ത മൗനത്തിന്റെ ഗുഹാമുഖം നോക്കി ഇഴയുന്ന ധ്വന്യാത്മകമായ ഭാഷാശൈലിയാണ് എം.ടി.യുടേത് എന്ന് പക്ഷമുണ്ട്[60]. കഥാപാത്രത്തിന്റെ മനോവ്യാപാരം ആവിഷ്ക്കരിയ്ക്കാൻ തീവ്രമായ വ്യംഗ്യം തന്നെ അദ്ദേഹം പ്രയോഗിയ്ക്കുന്നു.

♦ ദാരിദ്ര്യവും അവഗണനയും ഉത്തരവാദിത്തവുമെല്ലാം ചേർന്ന് മടുപ്പിച്ച മനസ്സിനെപ്പറ്റി പറയുമ്പോൾ തൂണിൽ ഇപ്പോഴും അവശേഷിയ്ക്കു ന്ന, കുട്ടിക്കാലത്ത് കട്ടാരയെറിഞ്ഞുണ്ടാക്കിയ മുറിവുകളെ സൂചിപ്പിയ്ക്കുന്നു[61].

♦ ജീവിതം വഴിയടഞ്ഞ് വീടിനകത്ത് ഒതുങ്ങി ജീവിയ്ക്കുന്ന സ്ത്രീ ഓർമ്മിപ്പിയ്ക്കുന്നത് കരിപുരണ്ട അടുക്കളച്ചുവരിനെയാണ്[62].

♦ താൻ രഹസ്യമായി മനസ്സിലാരാധിച്ച, ആഗ്രഹിച്ച പെൺകുട്ടി തനിയ്ക്ക് ദേഷ്യവും അസൂയയുമുള്ള മരുമകന്റെ ഭാര്യയാവുകയാണെന്നറിഞ്ഞ പ്പോൾ അസ്വസ്ഥമായ മനസ്സ് കാറ്റിലുലഞ്ഞ്, അലങ്കോലമായ വാഴത്തോട്ടം പോലെ[63]

58. അതേ പുസ്തകം, പു.276.
59. അതേ പുസ്തകം, പു.284.
60. ജയപ്രകാശ്, 'ഭാഷയുടെ സ്വർഗ്ഗവാതിലുകൾ' <u>സാംസ്ക്കാരിക വികാരം</u> സാഹിത്യമാസിക, 1,1 (ഡിസംബർ 2001), പു.106.
61. അസുരവിത്ത്, പു.7.
62 അതേ പുസ്തകം, പു.19.
63. അതേ പുസ്തകം, പു.115.

♦ തറവാട്ടിൽ തന്നോട് അപ്രിയം മാത്രം കാണിയ്ക്കുന്നവരുടെയിടയിൽ അയിത്തവും ശുദ്ധവും നോക്കി കണിശമായ നിയമങ്ങൾക്കനുസരിച്ച് ജീവിയ്ക്കേണ്ടിവന്നതിന്റെ വെറുപ്പ് ഒരന്യമതക്കാരന്റെ ഭക്ഷണം കഴിച്ചപ്പോൾ പലതും നിഷേധിയ്ക്കുന്നതിന്റെ രസമായി മാറി[64].

ഇങ്ങനെയുള്ള വ്യംഗ്യപ്രയോഗങ്ങൾ രണ്ടാമൂഴത്തിൽ കാണുന്നത് ഭീമൻ നിഷാദപുത്രനാണെന്ന തന്റെ കണ്ടെത്തലിന് ചേർന്ന സൂചനകൾ നോവലിസ്റ്റ് കഥാരംഭം മുതൽക്കേ നൽകുന്ന സന്ദർഭങ്ങളിലാണ് – കാവ്യാത്മക മായ വ്യംഗ്യപ്രയോഗങ്ങളല്ലെങ്കിലും.

♦ കുട്ടിക്കാലത്ത് കൗരവരുമായി വഴക്കു കൂടുമ്പോൾ ഭീമൻ ഉപയോഗിയ്ക്കുന്നത് കാട്ടിൽ നിന്നു പഠിച്ച തന്ത്രങ്ങളാണ്[65].

♦ പ്രമാണകോടിയിൽ നിന്ന് രക്ഷിച്ച നാഗന്മാരേയും അവർ പഠിപ്പിച്ചുകൊടുത്ത യുദ്ധതന്ത്രങ്ങളേയും ഭീമൻ ഒരിയ്ക്കലും മറക്കുന്നില്ല[66].

♦ നിഷാദനായ ഏകലവ്യന്റെ അസ്ത്രപാടവം ഭീമൻ മനസാ അംഗീകരിയ്ക്കുന്നുണ്ട്[67].

♦ കർണ്ണനോട് തോന്നിയ സഹതാപം മറച്ചുവെച്ച് താനേതു മ്ലേച്ഛനോടും യുദ്ധത്തിന് തയ്യാറാണെന്ന് പറഞ്ഞു[68].

♦ വാരണാവതത്തിൽ അതിഥികളായി സ്വീകരിച്ച കാട്ടാളർ അഗ്നിയ്ക്കിരയാകുമ്പോൾ ഭീമൻ അസ്വസ്ഥനാവുന്നു[69].

♦ കാട്ടിൽവെച്ച് ഹിഡിംബി കാട്ടുകനികളും തേനുമായി കുന്തിയുടെ മുന്നിലെത്തിയപ്പോൾ കുന്തി ആദ്യം ഭീമന്റെ നേർക്കാണ് നോക്കുന്നത്[70].

---

64. നാലുകെട്ട്, പു.249.
65. രണ്ടാമൂഴം, പു.34
66. അതേ പുസ്തകം, പു.50,51,64,116
67. അതേ പുസ്തകം, പു.55.
68. അതേ പുസ്തകം, പു.64,65.
69. അതേ പുസ്തകം, പു.79.
70. അതേ പുസ്തകം, പു.83.

♦ ഭീമൻ ഹിഡിംബിയെ സ്വീകരിച്ച് മുന്നിലെത്തിയപ്പോൾ അമ്മയുടെ കണ്ണിൽ  തെളിഞ്ഞ നടുക്കം അയാൾ മാത്രം കാണുന്നു[71].

♦ ദ്രൗപദി തന്റെ പത്നിയായി വരുന്ന ഊഴം കാത്ത് ഉദ്യാനമൊരുക്കി ഒരു തൂക്കുമഞ്ചവുമുണ്ടാക്കിയപ്പോഴാണ് ആ അവസരം തനിയ്ക്ക് നഷ്ടമായിരിയ്ക്കുന്നുവെന്ന് ഭീമനറിഞ്ഞത്. തൂക്കുമഞ്ചത്തെ കഴുവേറ്റിയ കാട്ടാളന്റെ ജഡം പോലെയാണ് ഭീമൻ കാണുന്നത്[72].

♦ ജരാസന്ധനുമായുള്ള ഏറ്റുമുട്ടൽ താനേറ്റെടുക്കണമെന്നും അതിനുപഹാരമാണ് വരാനിരിയ്ക്കുന്ന ഊഴമെന്നും ദ്രൗപദി സൂചിപ്പിച്ചപ്പോൾ ഭീമൻ അമർഷത്തോടെ വിചാരിയ്ക്കുന്നത് ഒരു കാട്ടാളന്റെ  കരുത്തോടെ അവളെ പ്രാപിയ്ക്കുന്ന കാര്യമാണ്[73].

♦ ജടനുമായി പ്രാകൃതമായ യുദ്ധം തന്നെ ചെയ്തു. കാഴ്ചക്കാർക്കു വേണ്ടി കൊല്ലാനുള്ള ക്ഷത്രിയോചിതമായ പ്രേരണ ഭീമനുണ്ടായില്ല[74].

### 3. സംഭാഷണത്തിലെ ഭാഷാവിശേഷം

സംഭാഷണഭാഷ മറ്റൊരു ശ്രദ്ധേയമായ ഘടകമാണ്. വള്ളുവനാടൻ ഭാഷതന്നെ ജാതീയമായും സാംസ്ക്കാരികമായും വിദ്യാഭ്യാസപരമായും ഉള്ള പ്രത്യേകതകളെ  പരിഗണിച്ചുകൊണ്ട് സംഭാഷണരംഗങ്ങളിൽ നോവലിസ്റ്റ് പ്രയോഗിച്ചിരിയ്ക്കുന്നു.

കഥാപാത്രത്തിന്റെ നിഷ്ക്കളങ്കതയും സ്നേഹവും, ദേഷ്യവും, സ്വാർത്ഥതയും, പകയും, വെറുപ്പുമെല്ലാം വ്യക്തമായി പ്രതിപാദിയ്ക്കാൻ ഇങ്ങനെ കഴിയുന്നു.

ഹിന്ദു-മുസ്ലീംബന്ധം ശത്രുതയായാലും സൗഹൃദമായാലും എം.ടി. യുടെ മിക്ക കൃതികളിലും കാണുന്നുണ്ട്. മുസ്ലീംഭാഷയുടെ വാമൊഴിവഴക്കം ഇവിടെ കാണാം.

71. അതേ പുസ്തകം, പു.88.
72. അതേ പുസ്തകം, പു.122.
73. അതേ പുസ്തകം, പു.132.
74. അതേ പുസ്തകം, പു.174.

നിളാതടത്തിലെ വള്ളുവനാടൻ പ്രകൃതിയുടെ പശ്ചാത്തലത്തിൽ ആ ഭാഷയിൽ കഥാപാത്രങ്ങൾ സംസാരിയ്ക്കുമ്പോൾ പ്രത്യേകമായൊരു വശ്യതയുണ്ട്. അന്യമായ പശ്ചാത്തലം സ്വീകരിയ്ക്കുമ്പോഴും ഈ വശ്യതയ്ക്ക് കുറവു വരുന്നില്ല. ഒരുപാടു പറയാതെ കുറച്ചു വാക്കുകളിലോ വാക്യങ്ങളിലോ കൂടുതൽ കാര്യങ്ങൾ ധ്വനിപ്പിയ്ക്കുന്നതാണിതിനു കാരണം. നോവു തിന്നുന്ന മനുഷ്യാത്മാക്കൾക്ക് പരസ്പരം സംസാരിക്കാൻ വാക്കുകളുടെ ആവശ്യമില്ലെന്ന് കരുതുന്ന[75] നോവലിസ്റ്റ് തന്റെ കഥാപാത്രങ്ങളെക്കൊണ്ട് ഏറെ സംസാരിപ്പിക്കാറില്ല. ധ്വനനശേഷിയുള്ള സംഭാഷണം കഥാപാത്രത്തിന്റേയും കൃതിയുടേയും ആന്തരഗൗരവവും വ്യക്തിത്വവും ഹൃദയസ്പർശിത്വവും വ്യക്തമാക്കുന്നു. കൂടുതൽ സംസാരിക്കാതെ മിതവും സാരഗർഭവുമായ വാക്കുകളിലൂടെ മനസ്സിലാഞ്ഞുകുത്തി മുറിവുണ്ടാക്കുന്ന സംസാരരീതി എം.ടി.യുടെ കഥാപാത്രങ്ങൾക്കുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടിരിക്കുന്നു[76].

♦ തന്നെചതിച്ച് തന്റെ ജീവിതം നശിപ്പിച്ച സേതുവിനോട് സുമിത്ര പറയുന്ന "സേതൂന് എന്നും ഒരാളോടേ ഇഷ്ടംണ്ടായിരുന്നുള്ളൂ,സേതൂനോട് മാത്രം"[77] എന്ന വാക്കുകൾ ജീവിതത്തിലുടനീളം അയാൾ വെച്ചുപുലർത്തിയ സ്വഭാവത്തിന്റെ സാകല്യമാണ് ഉള്ളൊതുക്കുന്നത്. അയാളെ ശരിയ്ക്കു മനസ്സിലാക്കിയ സുഹൃത്തും തമാശയെന്നപോലെ "സ്വാർത്ഥമേ നിന്റെ പേരോ സേതു"[78] എന്നു പറഞ്ഞു.

♦ ദാരിദ്ര്യവും കലഹവും കുറ്റപ്പെടുത്തലുകളും മാത്രമുള്ള തന്റെ വീടിനെ സേതു "സ്വീറ്റ്ഹോം"[79] എന്നു വിശേഷിപ്പിയ്ക്കുന്നതിൽ അയാളുടെ നിരാശയും പ്രതിഷേധവും അമർഷവുമെല്ലാം പ്രകടമാകുന്നു.

75. പാതിരാവും പകൽവെളിച്ചവും, പു.40.
76. കൃഷ്ണൻ നമ്പൂതിരി.എം, 'നോവലിൽ കവിതയെഴുതുമ്പോൾ', സാംസ്ക്കാരിക വികാരം സാഹിത്യമാസിക, 1,1 (ഡിസംബർ 2001), പു.74.
77. കാലം, പു.306.
78. അതേ പുസ്തകം, പു.170.
79. കാലം, പു.175.

♦ സ്നേഹസമ്പന്നനായ ഗോവിന്ദൻകുട്ടിയോട്  താൻ കളങ്കിതയാണെന്ന് പറയാനാവാതെ അയാളുടെ കാൽക്കൽ വീണ് "എന്നെ കൊന്നോളൂ"[80] എന്നു പറഞ്ഞ് കരയുകയാണ് ഭാര്യ. ഏറെപ്പറയാതെത്തന്നെ അയാൾക്ക് കാര്യങ്ങൾ മനസ്സിലാവുകയും ചെയ്തു.

♦ കുട്ടിക്കാലത്ത് അച്ഛന്റെ കൊലപാതകിയെ കൊല്ലണമെന്ന് ആഗ്രഹിച്ചു നടന്നിരുന്ന അപ്പുണ്ണി പിന്നീട് പലപ്പോഴും രക്ഷകനായി കടന്നുവന്ന ആ വ്യക്തി കാലങ്ങൾക്കുശേഷം മരണാസന്നനായി കിടക്കുമ്പോൾ കുറ്റമേറ്റു പറയാൻ ഭാവിച്ചപ്പോൾ താനത് മറന്നിരിയ്ക്കുന്നു എന്നു പറയുന്നിടത്ത് മറക്കലിന്റേയും പൊറുക്കലിന്റേയും വിശാലമായ ഭാവവും അതിനു പ്രേരിപ്പിച്ച മനസ്ഥിതിയും നിറഞ്ഞുനിൽക്കുന്നു[81].

♦ അച്ഛൻ മരിച്ച വിഷമത്തോടെയിരിക്കുന്ന വിമലയോട് മരണം രംഗബോധമില്ലാതെ കടന്നുവരുന്ന കോമാളിയാണെന്നു പറയുന്ന സർദാർജി, മരണത്തെ കാത്തിരിയ്ക്കുന്നവനാണ് എന്നറിയുമ്പോഴാണ് ആ പ്രയോഗത്തിന്റെ ആഴം കൂടുതലറിയാനാകുന്നത്[82].

♦ സർദാർജി തനിയ്ക്ക് കാണാൻ കഴിയാത്ത ഒരു രക്ഷിതാവും ചങ്ങാതിയുമുണ്ടെന്ന് പറയുമ്പോൾ, ഇടയ്ക്ക് ചിരിയ്ക്കണം ഇല്ലെങ്കിൽ ആ കഴിവ് മറന്നുപോകും എന്നോർമ്മിപ്പിയ്ക്കുന്നു[83]. ഇവിടെ വരാനിരിയ്ക്കുന്ന മരണത്തെ അയാൾ എത്ര അനായാസമായാണ് സ്വീകരിയ്ക്കാനിരിയ്ക്കുന്നതെന്നും  ജീവിതത്തെ അയാൾ എങ്ങനെ കാണുന്നുവെന്നും അറിയാം.

♦ കലഹിയ്ക്കുന്ന മക്കളേയും പാണ്ഡവരേയും വിളിച്ചുപദേശിയ്ക്കുന്ന ഗാന്ധാരി വിളിച്ചുപദേശിക്കുന്നു –

---

80. അസുരവിത്ത്, പു. 126.
81. നാലുകെട്ട്, പു.261.
82. മഞ്ഞ്, പു.66.
83. അതേ പുസ്തകം, പു.77.

"കുരുവംശത്തിലെ പുരുഷന്മാർ മുഴുവൻ സ്ത്രീകളുടെ കണ്ണീരു കണ്ട് രസിച്ചവരാണ്. എനിക്കറിയാം..... അന്ധന്മാർക്കും ഷണ്ഡന്മാർക്കുംവേണ്ടി ആഹുതി ചെയ്ത രാജാംഗനകളുടെ നെടുവീർപ്പുകൾ എന്നും ഈ കൊട്ടാരക്കെട്ടുകളിൽ തേങ്ങിനടക്കുന്നു"[84].

ഇത് കുരുവംശത്തിനൊട്ടാകെ ബാധകമാകുന്ന കാര്യങ്ങളാണ് – നിരവധി വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന കാര്യങ്ങൾ.

♦ ജരാസന്ധവധം ഭീമനേറ്റെടുക്കണമെന്ന ആവശ്യവുമായി വന്ന ദ്രൗപദി പറയുന്ന കാര്യങ്ങൾ പരോക്ഷമായി സൂചിപ്പിയ്ക്കുന്നത് മഹാറാണിയാകാനും, അർജ്ജുനനെ ആപത്തിൽ നിന്നൊഴിവാക്കാനുമുള്ള താല്പര്യമാണ്[85].

♦ രാജസൂയവേളയിൽ ശിശുപാലൻ കുരുവംശത്തെ നിന്ദിച്ചുകൊണ്ടുപറയുന്ന കാര്യങ്ങൾ തലമുറകൾക്ക് ബാധകമാകുന്നവയാണ്[86].

♦ "കുരുവംശത്തിൽ സ്ത്രീകൾക്കു കഴിയണമെങ്കിൽ അന്ധകളാകണം. അല്ലെങ്കിൽ ഊമകളാകണം"[87] എന്നു ദ്രൗപദി പറയുമ്പോൾ ഉദ്ദേശിക്കുന്നത് സ്വയം ഒരു മുഖാവരണം സ്വീകരിച്ച ഗാന്ധാരിയേയും, കൗരവരുടെ ഉപദ്രവങ്ങൾ നിശ്ശബ്ദം സഹിച്ച കുന്തിയേയുമാണ്.

♦ കുരുക്ഷേത്രയുദ്ധവേളയിൽ മനസ്സുതളർന്ന് ആയുധമുപേക്ഷിച്ചുനിന്ന അർജ്ജുനനെ സാന്ത്വനിപ്പിയ്ക്കാനും യുദ്ധവീര്യമുണർത്താനും കൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ യുധാമന്യുവിന്റെ വാക്കുകളിലൂടെയാണ് അവതരിപ്പിയ്ക്കുന്നത്. ഭഗവദ്ഗീതയുടെ സാരാംശമാണ് ഈ ചുരുക്കം വാക്കുകളിലൊതുക്കിയിരിയ്ക്കുന്നത്[88].

84. രണ്ടാമൂഴം, പു.41,42.
85. അതേ പുസ്തകം, പു.131.
86. അതേ പുസ്തകം, പു.139.
87. അതേ പുസ്തകം, പു.218.
88. അതേ പുസ്തകം, പു. 233.

♦ രാജ്യഭാരമേറ്റെടുക്കരുതെന്ന് പറഞ്ഞ കുന്തിയുടേയും വിദുരരുടേയും മുന്നിൽ ഭീമൻ ജ്യേഷ്ഠന്റെ നിർദ്ദേശം താൻ പരിഗണിച്ചിട്ടില്ലെന്ന് പറഞ്ഞു.

"ഞാൻ രാജാവോ? വൃകോദരൻ ഹസ്തിനപുരത്തിലെ രാജാവോ ? വിഡ്ഢിത്തം!"

"ജ്യേഷ്ഠൻ എന്നും ഫലിതം പറഞ്ഞിരുന്നത് എന്നോടാണ്. മന്ദൻ രാജാവ്"[89]

വൃകോദരൻ എന്നും മന്ദൻ എന്നും സ്വയം വിശേഷിപ്പിച്ചുകൊണ്ട് ഭീമൻ പറഞ്ഞ ഈ വാക്കുകളിൽ പിന്നിട്ട കാലം മുഴുവൻ തനിയ്ക്കനുഭവിയ്ക്കേണ്ടിവന്ന അപമാനവും അവഗണനയും വേദനയും നിറഞ്ഞു നിൽക്കുന്നു.

♦ ദുശ്ശാസനന്റെ ചോരകുടിച്ചതിനെക്കുറിച്ച് ധൃതരാഷ്ട്രർ ചോദിച്ചപ്പോൾ ഭീമനത് നിഷേധിച്ചു.

"ചുണ്ടു നനഞ്ഞപ്പോൾ ദുശ്ശാസനന്റെ ചോരയുടെ രുചി ഇഷ്ടമായില്ല...അതുകൊണ്ട് കുടിച്ചില്ല വലിയച്ഛാ"[90] എന്ന് അതിന് കാരണമായി പറഞ്ഞത് ദുശ്ശാസനനോടുള്ള ഭീമന്റെ തീരാത്ത പകയും വെറുപ്പും സൂചിപ്പിയ്ക്കുന്നു.

♦ "പത്നിമാർ ബീജം ഏറ്റുവാങ്ങേണ്ട വെറും ഗർഭപാത്രങ്ങളാണല്ലോ ക്ഷത്രിയർക്ക്"

തന്റെ പിതൃത്വത്തെക്കുറിച്ച് ഭീമനന്വേഷിച്ചപ്പോൾ ക്ഷത്രിയരെ വിമർശിച്ചുകൊണ്ട് കുന്തി പറയുന്ന വാക്കുകളിൽ ക്ഷത്രിയനീതിയുടെ പേരിൽ മനസ്സാക്ഷിയ്ക്കു വിരുദ്ധമായി പ്രവർത്തിയ്ക്കേണ്ടി വന്നതിലുള്ള അമർഷം തെളിയുന്നു[91].

---

89. അതേ പുസ്തകം, പു.276,277.
90. അതേ പുസ്തകം, പു.279.
91. അതേ പുസ്തകം, പു.284.

## 4. ആത്മഗതങ്ങളുടേയും ചിന്തകളുടേയും പ്രസക്തി

എം.ടി.യുടെ കഥാപാത്രങ്ങളധികവും അന്തർമുഖരാണെന്നതിനാലാകാം ആത്മഗതങ്ങൾക്കേറെ സ്ഥാനം കൃതികളിൽ ലഭിയ്ക്കുന്നുണ്ട്. വാക്കുകളേക്കാൾ ധ്വന്യാത്മകമാണ് അദ്ദേഹം ചിത്രപ്പെടുത്തുന്ന മൂകതകൾ എന്ന നിരീക്ഷണം ഇവിടെ സാർത്ഥകമാകുന്നു[92]. കഥാപാത്രങ്ങൾ സ്വയം അംഗീകരിയ്ക്കുന്നു, അഭിനന്ദിയ്ക്കുന്നു, കുറ്റവിചാരണ ചെയ്യുന്നു, ശാസിയ്ക്കുന്നു, അടക്കിപ്പിടിച്ച രോഷവും, ആത്മനിന്ദയും കുറ്റബോധവുമെല്ലാം ഇവിടെ കാണുന്നു. കഥാപാത്രങ്ങളുടെ സ്വഗതം പോലെയാണ് കഥാവതരണത്തിന്റെ ഭൂരിഭാഗവും.

സേതുവിന്റെ മനസ്സൊന്നപഗ്രഥിച്ചു നോക്കുമ്പോൾ ഒരുപാടുകാര്യങ്ങൾ അവിടെ അടിഞ്ഞുകൂടിക്കിടക്കുന്നതുകാണാം.

♦ പബ്ലിക് പരീക്ഷ പാസ്സായതിന്റെ അംഗീകാരം കിട്ടാത്ത അമർഷം[93]

♦ താൻകളങ്കിതയാക്കിയ പെണ്ണിനെ എല്ലാവരുടേയും മുന്നിലൂടെ വിളിച്ചിറക്കി കൊണ്ടുപോരാനുള്ള ധീരത[94].

♦ മറ്റൊരുവളെ ഇഷ്ടപ്പെട്ടു തുടങ്ങിയപ്പോൾ ആദ്യകാമുകിയുമായുള്ള ബന്ധം തുടർന്നുപോകുന്നതിലുള്ള കുറ്റബോധം[95]

♦ കൂടുതൽ സാമ്പത്തികഭദ്രതയും സൗന്ദര്യവുമുള്ള പെണ്ണിനെ കാമുകിയായി ലഭിച്ചപ്പോൾ അവളെ കളങ്കപ്പെടുത്താതെ ഒരു ആരാധകനായി നിൽക്കാൻ തനിയ്ക്കുതന്നെ നൽകുന്ന ശാസന[96]

♦ തനിയ്ക്ക് താമസിക്കാൻ വീട് തന്നതാണെന്ന വ്യാജേന അനാശാസ്യപ്രവർത്തനങ്ങൾക്കിടം തേടിയ മുതലാളിയോടുള്ള പക[97]

---

92. ലീലാവതി.എം, 'അസുരവിത്തിലെ കഥാപാത്രങ്ങൾ', *അസുരവിത്ത് – ഒരു പഠനം.* (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2003), പു.78.
93. കാലം, പു.37.
94. അതേ പുസ്തകം, പു.51.
95. അതേ പുസ്തകം, പു.116.
96. അതേ പുസ്തകം, പു.153.
97. അതേ പുസ്തകം, പു.250.

♦ മുതലാളിയുടെ ഭാര്യയെ വശീകരിച്ച് സ്വന്തമാക്കി സമ്പന്നനാകാൻ തോന്നിച്ച വക്രബുദ്ധി[98].

♦ ഒടുവിൽ ചെയ്തതെല്ലാം നിരർത്ഥകമാണെന്നു കണ്ടപ്പോൾ തോന്നിയ നഷ്ടബോധവും ശൂന്യതയും[99].

ഗോവിന്ദൻകുട്ടിയ്ക്കുമുണ്ട് ഒരുപാട് പരാതികൾ–

♦ ഏകദേശം സമപ്രായക്കാരനായ മരുമകൻ ദാരിദ്ര്യത്തിന്റെ പേരിൽ തന്നെ അവഹേളിച്ചതോർത്തുള്ള ദേഷ്യം[100].

♦ താനാരാധിച്ച രാജമ്മു അവന്റെ ഭാര്യയാവുകയാണെന്നറിഞ്ഞപ്പോഴുണ്ടായ അസൂയ[101].

♦ മരുമകൻ ഗർഭിണിയാക്കിയ പെണ്ണിനെ തനിയ്ക്ക് ഭാര്യയായിത്തന്ന് ചതിച്ചപ്പോൾ അവന്റെ ഭാര്യയായ രാജമ്മുവിനോട് തോന്നിയ പക[102].

♦ തന്നെ ചതിച്ച ബന്ധുക്കളോട് പക വീട്ടാൻ അവരുടെ ശത്രുവിന്റെ സഹായത്തോടെ മതം മാറാൻ തോന്നിച്ച പ്രതികാരബുദ്ധി[103]

♦ മതംമാറ്റം മറ്റൊരബദ്ധമായിരുന്നുവെന്ന് മനസ്സിലായപ്പോൾ തോന്നിയ ആത്മനിന്ദ[104].

♦ എല്ലാവരാലും അവഗണിയ്ക്കപ്പെട്ട തന്നെ കോളറ ബാധിച്ച് മരിച്ച ശവങ്ങൾക്കാണാവശ്യം എന്ന സമൂഹവിമർശനബോധം[105].

അസംതൃപ്തമായ കുടുംബബന്ധങ്ങൾ കാരണം ജീവിതത്തിനോട് മുഴുവൻ തോന്നിപ്പോകുന്ന വിരക്തിയാണ് വിമലയുടെ മനസ്സിൽ. വരാത്ത

98. അതേ പുസ്തകം, പു.290, 291.
99. അതേ പുസ്തകം, പു.301.
100. അസുരവിത്ത് , പു.36,39.
101. അതേ പുസ്തകം,പു.115.
102. അതേ പുസ്തകം, പു.161,163.
103. അതേ പുസ്തകം, പു.179.
104. അതേ പുസ്തകം, പു.188.
105. അതു പുസ്തകം, പു.242.

കാമുകനെ വർഷങ്ങളായി കാത്തിരിയ്ക്കുന്ന അവളുടെ മടുപ്പു നിറഞ്ഞ മനസ്സിന് അച്ഛന്റെ മരണവാർത്തയറിഞ്ഞപ്പോൾ ദുഖിയ്ക്കാനോ കരയാനോ കഴിയുന്നില്ല[106].

വലുതായാൽ അച്ഛന്റെ കൊലപാതകിയെ കൊല്ലണമെന്ന് മനസ്സിൽ പറഞ്ഞുറപ്പിയ്ക്കുകയും, ധീരനും ശക്തനുമായ അച്ഛനെക്കുറിച്ചോർത്ത് അഭിമാനിയ്ക്കുകയും ചെയ്യുന്നവനാണ് അപ്പുണ്ണി[107].

മറ്റു കഥാപാത്രങ്ങളിലുമുണ്ട് ആത്മഗതത്തിന് സ്ഥാനം. തന്റെ ഗതികേടിനെക്കുറിച്ച് സങ്കടം പറഞ്ഞുകൊണ്ടിരിയ്ക്കുന്ന ചെറിയമ്മ[108], ഏറ്റവുമധികം വെറുപ്പുള്ള സ്ത്രീയെ വിവാഹം കഴിയ്ക്കേണ്ടിവന്ന അമ്മാമൻ[109], പ്രിയപ്പെട്ട അനുജന്റെ അധഃപതനത്തിൽ വേദനിയ്ക്കുന്ന കുഞ്ഞോപ്പോൾ[110], ലാളിച്ചു വളർത്തിയ അനുജനിൽ നിന്ന് ശകാരം കേൾക്കേണ്ടി വന്ന ഓപ്പോൾ[111], മകനോടുള്ള സ്നേഹവും, വലിയൊരു തറവാട്ടിൽ ജനിച്ച് വീട്ടു വേലക്കാരിയായി കഴിയേണ്ടിവന്ന മാനക്കേടും, ഭർത്താവിന്റെ മരണത്തിലുള്ള ദുഃഖവും അനാഥത്വവും പേറി ജീവിയ്ക്കുന്ന സ്ത്രീ[112], മരണം കാത്തിരിയ്ക്കുന്ന സർദാർജി[113] – എല്ലാവർക്കുമുണ്ട് അവനവനോട് തന്നെ സംസാരിയ്ക്കാൻ കാര്യങ്ങൾ.

കുട്ടിക്കാലത്തേ, കുന്തീദേവി മക്കൾക്കു നൽകിയ ഉപദേശം യുധിഷ്ഠിരന് പിന്നിലാണ് അവർക്കു സ്ഥാനം എന്നാണ്[114]. അതുകൊണ്ട് തന്നെ ഭീമൻ പലപ്പോഴും ജ്യേഷ്ഠനോടുള്ള എതിർപ്പ് മനസ്സിലൊതുക്കുകയാണ്. സ്വാഭാവികമായും ആത്മഗതത്തിന് പ്രസക്തിയേറുന്നു.

106. മഞ്ഞ്, പു.59.
107. നാലുകെട്ട്, പു.5,16,17,28,79.
108. കാലം.
109. അതേ പുസ്തകം.
110. അസുരവിത്ത്.
111. നാലുകെട്ട്.
112. അതേ പുസ്തകം.
113. മഞ്ഞ്.
114. രണ്ടാമൂഴം, പു.44.

♦ കുട്ടിയായിരിയ്ക്കുമ്പോൾ അമ്മ ലാളനയോടെ വിളിച്ച വൃകോദരൻ എന്ന പേര് മറ്റുള്ളവർ പരിഹാസപ്പേരാക്കിയപ്പോൾ ദേഷ്യം തോന്നുമായിരുന്നു[115].

♦ ഏതു യുദ്ധമുറയാണിഷ്ടമെന്ന് അമ്മ ചോദിച്ചപ്പോൾ ഗദായുദ്ധമായിരുന്നിട്ടും, ബാഹുയുദ്ധമെന്നാണ് പറയാൻ തോന്നിയത്. അമ്മയുടെ നീരസം കണ്ടപ്പോൾ വേണ്ടിയിരുന്നില്ലെന്ന് തോന്നി[116].

♦ വായുദേവനാണ് തന്റെ പിതാവെന്നതിൽ അഭിമാനിച്ചു, തന്നെ ബലവാനാക്കാൻ പ്രാർത്ഥിച്ചു[117].

♦ കാട്ടിൽവെച്ച് തന്നെ ആക്രമിയ്ക്കാനെത്തിയ പന്നിയെ ഒറ്റയ്ക്ക് കൊന്നത് യുധിഷ്ഠിരൻ വിഡ്ഢിത്തമായി കണ്ടതിൽ പരിഭവം തോന്നി. പക്ഷേ താൻ ബലവാനായി വളരുന്നു എന്നോർത്ത് അകമേ ആഹ്ലാദിച്ചു. തന്നെ അഭിനന്ദിച്ച ദുര്യോധനനോട് സ്നേഹം തോന്നി[118].

♦ അഭ്യാസക്കാഴ്ചയുടെ സമയത്ത് തന്റെ അസ്ത്രപാടവം പ്രകടിപ്പിയ്ക്കാനൊരുങ്ങിയപ്പോൾ അത് പൂർണ്ണമാക്കാൻ ആചാര്യനനുവദിച്ചില്ല. അപ്പോൾ ആരോടെന്നില്ലാതെ അരിശമുണ്ടായി[119].

♦ അഭ്യാസക്കാഴ്ച മത്സരമായിട്ടല്ല, പ്രമാണകോടിയിലെ സംഭവത്തിന് ചെയ്യുന്ന പ്രതികാരമായാണ് കണക്കാക്കിയത്[120].

♦ കർണ്ണനെ ദുര്യോധനൻ അംഗരാജാവായി അഭിഷേചിച്ച സമയത്ത് അധിരഥനെത്തിയപ്പോൾ അമ്പരന്നു നിന്ന കർണ്ണനോട് സഹതാപം തോന്നി. അല്പത്തമാണെന്നറിഞ്ഞു കൊണ്ടുതന്നെ കർണ്ണനെ ആക്ഷേപിച്ചു. മറിച്ച് പെരുമാറാൻ താൻ ദേവനല്ല എന്നും കരുതി[121].

115. അതേ പുസ്തകം, പു.33.
116. അതേ പുസ്തകം, പു.32.
117. അതേ പുസ്തകം, പു.36.
118. അതേ പുസ്തകം, പു.40,46.
119. അതേ പുസ്തകം, പു.59.
120. അതേ പുസ്തകം, പു.60.
121. അതേ പുസ്തകം, പു.64.

♦ ഹിഡിംബവധം കഴിഞ്ഞപ്പോൾ താൻ ബലവാനാണെന്ന ആത്മവിശ്വാസം ഉണ്ടായി[122].

♦ ബകനെ വധിയ്ക്കാൻ താൻ പോകണമെന്ന് അമ്മ പറഞ്ഞപ്പോൾ യുധിഷ്ഠിരൻ എതിർത്തുകൊണ്ട് ഭീമനാണ് തങ്ങളുടെ ബലമെന്നും പിന്നീട് സമ്മതഭാവത്തിൽ ബ്രാഹ്മണാനുഗ്രഹം ലഭിയ്ക്കുമെന്നും പറഞ്ഞപ്പോൾ തന്നെ അംഗീകരിച്ചതിൽ സന്തോഷവും തന്റെ ജീവനേക്കാൾ ബ്രാഹ്മണാനുഗ്രഹത്തിനാണ് പ്രാധാന്യം കല്പിയ്ക്കുന്നതെന്ന് പരിഭവവും തോന്നി[123].

♦ ശത്രുവായി കണക്കാക്കുന്നുവെങ്കിലും കർണ്ണന്റെ ധീരതയിൽ ബഹുമാനവും, വരണാർത്ഥിയായ കർണ്ണനെ ധൃഷ്ടദ്യുമ്നൻ നിരസിച്ചപ്പോൾ സഹതാപവും തോന്നി[124].

♦ ദ്രൗപദിയോടുള്ള യുധിഷ്ഠിരന്റെ താല്പര്യം കണ്ടപ്പോൾ അവജ്ഞയാണ് തോന്നിയത്[125].

♦ വിധവയായി ഒതുങ്ങിജീവിയ്ക്കുന്ന അമ്മയുടെ രാജ്യതന്ത്രജ്ഞതയിൽ അത്ഭുതം തോന്നി[126].

♦ ഖാണ്ഡവപ്രസ്ഥത്തിൽ താമസമാക്കിയ ശേഷം അലക്ഷ്യമായെന്നവണ്ണം ഒരു യാത്രയ്ക്കൊരുങ്ങി. കാട്ടിൽ ഹിഡിംബിയെ തേടുകയായിരുന്നുവെന്ന് വിശോകനറിയുന്നത് ക്ഷത്രിയനായ തനിയ്ക്ക് ചേർന്നതല്ല എന്നു കരുതുന്നു[127].

♦ ചൂതുകളിയ്ക്ക് കൗരവർ ക്ഷണിച്ചപ്പോൾ യുധിഷ്ഠിരന്റെ താല്പര്യം കണ്ട് പലതും നഷ്ടപ്പെടുത്തി നിരാശയോടെയുള്ള ഒരു തിരിച്ചുവരവ്

122. അതേ പുസ്തകം, പു.87.
123. അതേ പുസ്തകം, പു.92.
124. അതേ പുസ്തകം, പു.102.
125. അതേ പുസ്തകം, പു.108.
126. അതേ പുസ്തകം, പു.112.
127. അതേ പുസ്തകം, പു.123.

മനസ്സിൽ കാണുന്നു. തങ്ങൾ അടിമകളായി കഴിഞ്ഞുവെന്നറിഞ്ഞപ്പോഴും എതിർക്കാനായില്ല. താൻ രണ്ടാമനല്ലേ എന്ന് പ്രതിഷേധത്തോടെ ഓർക്കുന്നു[128].

♦ അർജ്ജുനൻ യാത്രയ്ക്കൊരുങ്ങിയപ്പോൾ വിഷമം തോന്നിയെങ്കിലും ദ്രൗപദി തന്നോട് കൂടുതലടുക്കുമല്ലോ എന്ന് സന്തോഷിച്ചു[129].

♦ ദുര്യോധനനോടും ദുശ്ശാസനനോടുമുള്ള യുദ്ധം, അതിലുപയോഗിയ്ക്കേണ്ട തന്ത്രങ്ങൾ – രാത്രി കിടക്കുമ്പോൾ ഇതാലോചിച്ചു കിടക്കുക ആദ്യമൊരു വിനോദമായിരുന്നു, പിന്നീട് സ്വഭാവവും[130].

♦ ചിത്രസേനന്റെ തടവിൽപെട്ട ദുര്യോധനാദികളെ തങ്ങൾ രക്ഷിച്ചാൽ അവിടെ തങ്ങൾ ശക്തരാവുകയാണ് ചെയ്യുക എന്ന് യുധിഷ്ഠിരൻ രാജതന്ത്രമുപദേശിച്ചപ്പോൾ ആദരവ് തോന്നി[131].

♦ യുദ്ധമൊഴിവാക്കാൻ ശ്രമിച്ച യുധിഷ്ഠിരനോടുണ്ടായ കലഹം കാരണം പരിഭവിച്ച് താൻ കൗരവരുടെ ദാസനാകാനും തയ്യാറെന്ന് ഭീമൻ പറഞ്ഞത് പലരേയും ചൊടിപ്പിച്ചു. അതിന്റെ ദേഷ്യം ഭീമൻ തീർത്തത് ഒരു മദയാനയോടായിരുന്നു. സത്യമറിയുന്ന ദ്രൗപദിയുടെ വാക്കും മന്ദഹാസവും അദ്ദേഹത്തെ  ശാന്തനാക്കുകയും ചെയ്തു[132].

♦ ദുര്യോധനനെ വീഴ്ത്തിയ തന്നെ മറ്റുള്ളവർ കുറ്റപ്പെടുത്തിയപ്പോൾ അസ്വസ്ഥനാകുന്നുണ്ടെങ്കിലും പ്രതിജ്ഞ നിറവേറ്റിയതിൽ അഭിമാനം തോന്നി[133].

---

128. അതേ പുസ്തകം, പു.141,146.
129. അതേ പുസ്തകം, പു.160.
130. അതേ പുസ്തകം, പു.161.
131. അതേ പുസ്തകം, പു.185.
132. അതേ പുസ്തകം, പു.219.
133. അതേ പുസ്തകം, പു.266.

♦ കർണ്ണൻ ജ്യേഷ്ഠനാണെന്നറിഞ്ഞപ്പോൾ താൻ അദ്ദേഹത്തെ അധിക്ഷേപിച്ചല്ലോ എന്ന് ദുഃഖിച്ചു. അമ്മയുടെ മനസ്സിൽ ഇനിയുമെത്ര രഹസ്യമുണ്ടാകുമെന്ന് ചിന്തിച്ചു[134].

♦ കർണ്ണനാരെന്ന സത്യമറിഞ്ഞ് സഹോദരർക്ക് അമ്മയോട് എതിർപ്പും വെറുപ്പും തോന്നിയപ്പോൾ അമ്മയുടെ കുട്ടിക്കാലം മുതൽക്കുള്ള ദുരനുഭവങ്ങളോർത്ത് മറക്കാനും പൊറുക്കാനുമാകാത്ത ഒരു മാനസികാവസ്ഥയിലെത്തുകയാണുണ്ടായത്[135].

♦ രാജ്യാവകാശം തനിയ്ക്ക് ലഭിയ്ക്കുമെന്ന് വന്നപ്പോൾ സന്തോഷിച്ചു. ദ്രൗപദിയും അമ്മയും വിദുരരും വന്നെതിർത്തു പറഞ്ഞപ്പോൾ പുറമേയ്ക്ക് പ്രതിഷേധിയ്ക്കാതെ ആ മോഹം ഉപേക്ഷിച്ചു. കരയരുതെന്ന് മനസ്സിനെ ശാസിച്ചു[136].

♦ അശ്വത്ഥാമാവിനെ ശിക്ഷിക്കാതെ വിട്ടയക്കാൻ പറഞ്ഞ വ്യാസനോട് എതിർപ്പ് തോന്നി[137].

♦ തന്റെ പിതൃത്വത്തിന്റെ സത്യമറിഞ്ഞപ്പോൾ മഹാപ്രസ്ഥാനവേളയിൽ സഹോദരങ്ങളിൽ നിന്നകന്ന് കാട്ടിലേയ്ക്ക് യാത്രയായി. തന്റെ പെണ്ണും ശത്രുവും കാത്തിരിയ്ക്കുന്ന കാട് ശക്തിയാണ് മനസ്സിനു പകർന്നത്. സ്വർഗ്ഗത്തിലെ രണ്ടാംപീഠമല്ല തനിയ്ക്കർഹതപ്പെട്ടത് കാടാണ് എന്നു ചിന്തിച്ചു[138].

### 5. സ്വപ്നവർണ്ണനയുടെ മനോഹരമായ ഭാഷാതലം

ഇവിടെ ഭാഷയുടെ മനോഹരമായ മറ്റൊരവസ്ഥ കാണാനാകുന്നത് സ്വപ്നവർണ്ണനകളിലാണ്. മയക്കത്തിലോ നിദ്രാവസ്ഥയിലോ ജാഗരാവസ്ഥയിലോ ഉള്ള സങ്കല്പങ്ങളുടെ വർണ്ണനകൾ ഭാഷ സുന്ദരമായി ഡിസൈൻചെയ്ത് അവതരിപ്പിയ്ക്കുകയാണ്.

134. അതേ പുസ്തകം, പു.248.
135. അതേ പുസ്തകം, പു.273.
136. അതേ പുസ്തകം, പു.275,276.
137. അതേ പുസ്തകം, പു.283.
138. അതേ പുസ്തകം, പു.27.

♦ ധീരനെന്നും, കരുത്തനെന്നും, സമർത്ഥനായ പകിടകളിക്കാരനെന്നും പ്രശസ്തൻ –താനൊരിക്കലും കണ്ടിട്ടില്ലാത്ത അച്ഛനെപ്പറ്റി അഭിമാനത്തോടെ മനസ്സിൽ സൂക്ഷിച്ച ഈ ധാരണകൾ അപ്പുണ്ണിക്ക് ഉറക്കത്തിലും ഒരു സാന്നിദ്ധ്യമായി മാറുകയാണ്.

"ഉറക്കം വരാതെ കിടക്കുമ്പോൾ, ഇരുട്ടിൽ പകിടക്കുരു തിരിയുന്നു.... മുലയ്ക്കു വെള്ളത്തിലൂടെ തടിച്ചുകൂറ്റനായ ഒരാൾ തോളത്തൊരു പെൺകിടാവിനേയുമിട്ട് നടന്നുപോകുന്നു....പകിട തിരിയുന്ന ശബ്ദം....അങ്ങിനെ അവന്റെ കണ്ണുകൾ....പതുക്കെ അടയുന്നു.

മണ്ണിൽ കുത്തനെ നിന്ന പകിടക്കുരു തിരിയുകയാണ്, തിരിയുകയാണ്....

മുറുക്കിച്ചുവപ്പിച്ച ചുണ്ടുകൾ....

മരിച്ചവർ രാത്രികാലങ്ങളിൽ ഇറങ്ങിവരാറുണ്ടോ?

സ്വർഗ്ഗത്തിൽ നിന്ന്...."[139]

– പദവിന്യാസത്തിലൂടെയും, താളത്തിലൂടെയും, അവധാനതയിലൂടെയും ഒരു സുപ്തബോധത്തിനനുസൃതമായ അന്തരീക്ഷം സൃഷ്ടിയ്ക്കുകയാണ് നോവലിസ്റ്റ്.

♦ കനത്ത മഴയത്ത് വെള്ളം കയറി വീട് മുങ്ങിപ്പോകുമെന്ന അവസ്ഥയിൽ ഒറ്റപ്പെട്ടുപോയ സ്ത്രീ മരണത്തിനു കീഴടങ്ങാൻ തയ്യാറായിരിയ്ക്കേ മനസ്സിൽ തെളിയുന്ന ഭൂതകാലം പൂർണ്ണവാക്യങ്ങളിലൂടെയല്ല അവതരിപ്പിയ്ക്കുന്നത്. വരകൾ കോറിയിട്ട ഒരു സ്കെച്ച് പോലെയാണത്.

– "നാടു മുഴുവൻ വെള്ളത്തിൽ മുങ്ങി. ഒഴുകിപ്പോകുന്ന ഒരു മരത്തടിയുടെ മുകളിൽ പറ്റിപ്പിടിച്ചുകൊണ്ട് അവളിരിക്കുകയാണ്. കൈ വിട്ടാൽ കഴിഞ്ഞു....കൈവിരലുകൾ മരവിച്ചുതുടങ്ങിയിരിക്കുന്നു. ഒരു ചുഴിയിൽപ്പെട്ട് മരത്തടിയൊന്ന് തിരിഞ്ഞപ്പോൾ കൈവിട്ടുപോയി. അഗാധതയിലേയ്ക്ക്

139. നാലുകെട്ട്, പു.28.

താഴുകയാണ്. അയ്യോ....''[140]

വെള്ളത്തിൽ താങ്ങായി നിന്ന തടി നഷ്ടപ്പെട്ട് ആഴത്തിലേയ്ക്ക് താഴ്ന്നു പോകുന്ന സ്വപ്നം – നഷ്ടപ്പെട്ടത് ജീവിതത്തിൽ കൂടെ താങ്ങായി നിന്നവനാണ്.

♦ കൊട്ടാരത്തിലെത്തിയ ആദ്യദിവസം രാത്രി ഭീമസേനൻ പതിനായിരം മദയാനകളെ ഒതുക്കാൻ മാത്രം ശക്തനായ വലിയച്ഛന്റെ ആക്രമണവും വെണ്മഴുവേന്തി നിൽക്കുന്ന ദുര്യോധനൻ രക്ഷാമാർഗ്ഗമടച്ചതും സ്വപ്നം കണ്ടു[141]. ധൃതരാഷ്ട്രരുടെ പക്ഷപാതം കൊണ്ട് വരാനിരിക്കുന്ന വിപത്തുകളും, കുലനാശകനായി പിറന്നിരിക്കുന്ന ദുര്യോധനൻ ക്ഷത്രിയവംശത്തെ നശിപ്പിയ്ക്കുമെന്ന ഭാവിസത്യവുമായിരിയ്ക്കാം ഇവിടത്തെ സൂചന.

♦ ദ്രൗപദി തന്റെ ഭാര്യയായി വരുന്നതു കാത്തിരുന്ന ഭീമന് ആ ഊഴം നിഷേധിയ്ക്കപ്പെട്ടു. മദ്യപാനത്തിന്റെ ലഹരിയും, ഈ മൗഢ്യവും കലർന്ന മനസ്സോടെ തൂക്കുമഞ്ചത്തിലിരുന്ന ഭീമനുണ്ടായ അനുഭവം ആ മനസ്സിന്റെ കാലുഷ്യത്തെ വെളിപ്പെടുത്തുന്നു.

"കാടിന്റെ ഇരുട്ട് ഉദ്യാനത്തിലേക്ക് ഇറങ്ങിവന്നിരിക്കുന്നു.

തൂക്കുമഞ്ചം കഴുവേറ്റിയ കാട്ടാളന്റെ ജഡം പോലെ ഇരുട്ടിൽ തൂങ്ങിക്കിടന്നു.

അതിലെ മൃദുവായ ദർഭപ്പുൽമെത്തയിൽ ഇരുന്ന് ഞാനാടിക്കൊണ്ട് മരക്കൂട്ടങ്ങൾക്കു മുകളിൽ കണ്ട അശ്വമുഖനക്ഷത്രങ്ങളെ തിരഞ്ഞു. പൊടുന്നനെ, കാട് ആകാശത്തിലേക്കുയരുന്നു. ആകാശം ഭൂമിയിലേക്ക് ഇറങ്ങിവരുന്നു. നക്ഷത്രങ്ങൾ പൊട്ടിച്ചിതറിയത് എന്റെ ശിരസ്സിനകത്ത് എവിടെയോ ആയിരുന്നു.''[142]

140. അതേ പുസ്തകം, പു.168.
141. രണ്ടാമൂഴം, പു.29.
142. അതേ പുസ്തകം, പു.122.

♦ ദ്രൗപദി കീചകന്റെ ശല്യത്തെക്കുറിച്ച് പറഞ്ഞ പരാതി കേട്ട അസ്വസ്ഥതയിലിരിയ്ക്കുമ്പോഴാണ് ഭീമൻ വിരാടരാജാവും യുധിഷ്ഠിരനും പകിടകളിയ്ക്കുന്ന ശബ്ദം കേട്ടത്. കരുക്കളുരുളുന്ന ശബ്ദം ഹസ്തിനപുരത്തെ ദ്യൂതസഭയിലെ സംഭവങ്ങൾ ഓർമ്മയിൽ കൊണ്ടുവന്നു.

" പേടകത്തിൽ തിരിയുന്ന അക്ഷങ്ങളുടെ ശബ്ദം....മാഞ്ഞുകിടക്കുന്ന ഒരു ദുഃസ്വപ്നം. വീണ്ടും തെളിഞ്ഞുവരുന്നു. ഹസ്തിനപുരത്തിലെ ദ്യൂതസഭ. സദസ്സിന്റെ മർമ്മരം....കിലുങ്ങുന്ന അക്ഷങ്ങളുടെ ശബ്ദം....മുടിപിടിച്ച് ദ്രൗപദിയെ വലിച്ചിഴക്കുന്ന ദുശ്ശാസനൻ. വെൺകുളിർക്കല്ല് പാകിയ നിലത്ത് ചോരത്തുള്ളികൾ വീഴുന്നു....ചിരിക്കുന്ന കണ്ണുകൾ, ശവം തിന്നുന്ന കാലൻകഴുക്കളുടെ ചോരക്കൊക്കുകളായി മാറുന്നു".[143]

– ആ സമയത്തു തന്നെയാണ് കീചകൻ ദ്രൗപദിയെ ആക്രമിയ്ക്കുന്നത്. ഭീമന്റെ കലങ്ങിയ മനസ്സും, പകയുണർത്തുന്ന ഓർമ്മകളും, ഉള്ളിലുണർന്ന പ്രതികാരാവേശവും അപൂർണ്ണമായ വാക്യങ്ങളിലൂടെ, പദങ്ങളുടെ താളവിന്യാസത്തിലൂടെ ഒരു ശിഥില സ്വപ്നവർണ്ണനയാകുന്നു.

എം.ടി.കൃതികളിലെ പ്രേമം മാംസനിബദ്ധമാണെന്നഭിപ്രായമുണ്ട്[144].. കഥാപാത്രങ്ങളുടെ രതിഭാവങ്ങളും സ്വപ്നസമാനമായ രീതിയിൽ അവതരിപ്പിയ്ക്കപ്പെടുന്നതു കാണാം.

♦ പ്രായത്തിൽ മുതിർന്ന മുറപ്പെണ്ണുമായാണ് അപ്പുണ്ണിയുടെ ആദ്യ പ്രണയം. കളമെഴുത്ത് പാട്ടിനാണ് ആദ്യമായി അവൻ കളത്തിലിരുന്ന് ആടുന്ന അർദ്ധനഗ്നയായ ആ പെൺകിടാവിനെ കാണുന്നത്. പാട്ടിന്റേയും വാദ്യത്തിന്റേയും താളത്തിൽ മയങ്ങിക്കൊണ്ടിരുന്ന ബാലനായ അപ്പുണ്ണി അവളെ സർപ്പകന്യകയായും, പിന്നീട് സർപ്പത്തെ നിയന്ത്രിച്ച് യാത്ര ചെയ്യുന്ന

143. അതേ പുസ്തകം, പു.200.
144. പ്രകാശ്.കെ.എസ്. 'രതിവിരതിയുടെ കഥനരേഖകൾ', <u>*എം.ടിയുടെ സർഗ്ഗപ്രപഞ്ചം*</u> (കേരള ഭാഷാ, ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997), പു.127.

പെൺകിടാവായും തന്നെ രാജകുമാരനായും സ്വപ്നം കണ്ടു.

"ഉയരത്തിൽ മാനം മുട്ടി നിൽക്കുന്ന ഒരു വൃക്ഷത്തിന്റെ കവുളിയിൽ രാജകുമാരനിരിക്കുന്നു. തലയിൽ കസവിന്റെ തലപ്പാവ്, തിളങ്ങുന്ന പട്ടുകുപ്പായം, അതിലവിടവിടെ തുന്നിപ്പിടിപ്പിച്ച രത്നക്കല്ലുകൾ പ്രകാശിക്കുന്നു. തന്റെ രാജ്യം കാണാൻ സമ്മതം വാങ്ങിയിറങ്ങിയതാണ് രാജകുമാരൻ".

"സർപ്പത്തിന്റെ ഫണത്തിനു പിറകിൽ സവാരി ചെയ്തുകൊണ്ട് ഒരു പെൺകിടാവുണ്ട്. അവളുടെ കഴുത്തിൽ വൈരക്കല്ലുകൾ പതിച്ച പതക്കം തിളങ്ങുന്നു....നേർത്ത കസവുകൊണ്ട് ഞൊറിഞ്ഞുടുത്തിരിക്കുന്നു, പിന്നിൽ കുത്തിയൊഴുകുന്ന കാട്ടുചോലപോലെ മുടിക്കെട്ട് ചിതറിക്കിടക്കുന്നു...പാതിയടഞ്ഞ കണ്ണുകൾ...."

"വളഞ്ഞു പുളയുന്ന ആ പെൺകിടാവിനെ നോക്കിയിരിക്കേ അവൾ മാറുന്നുണ്ട്. അവന് തോന്നി. ഉടൽ സർപ്പത്തിന്റേയും മുഖം മനുഷ്യസ്ത്രീയുടേയുമായ ഒരു ജീവിയാണ് കളത്തിൽ തലയിട്ടുലയ്ക്കുന്നത്".[145]

പാമ്പിനെ രതിചിഹ്നമായാണ് നോവലിസ്റ്റ് അവതരിപ്പിയ്ക്കുന്നതെന്നും പക്ഷമുണ്ട്[146].

♦ വിമലയ്ക്ക് കാമുകസംഗമത്തെക്കുറിച്ചുള്ള ഓർമ്മ അവ്യക്തമാണ്.

"അടഞ്ഞ ജാലകത്തിലൂടെ അകത്ത് ഒളിച്ചുകടക്കുന്ന വെളിച്ചത്തിൽ കണ്ണടച്ച് കിടന്നപ്പോൾ, വിദഗ്ദ്ധമായ വിരലുകൾ ശരീരത്തിൽ സഞ്ചരിച്ചപ്പോൾ, വട്ടംവീശി വിടരുന്ന ഓളങ്ങളുടെ മദ്ധ്യത്തിൽ താണുപോയ കല്ലിന്റെ അവ്യക്തസ്ഥാനം പോലെ ഒരോർമ്മ മാത്രമുണ്ട്".[147]

♦ ജരാസന്ധവധത്തെക്കുറിച്ചുള്ള വിവരണം കേട്ട് ആവേശത്തോടെ ദ്രൗപദി തന്നെ പ്രാപിച്ചപ്പോൾ ആ രത്യാനുഭൂതി ഭീമന് പാതിമയക്കത്തിലുണ്ടായ

145. നാലുകെട്ട്, പു.71–73.

146. 'രതി വിരതിയുടെ കഥനരേഖകൾ', _എം.ടി.യുടെ സർഗ്ഗ പ്രപഞ്ചം_ പു.129.

147. മഞ്ഞ്, പു.49.

സ്വപ്നസമാനമായ അനുഭവമായാണ് വിവരിയ്ക്കുന്നത്.

"എന്നെ ഒരു ചുഴലിക്കാറ്റുപോലെ അവളുടെ ശരീരം ചുറ്റുന്നു. പല്ലുകളും നഖങ്ങളും എവിടെയൊക്കെയോ എന്നെ വേദനിപ്പിച്ചു. വേദനയല്ല, മോഹം; മോഹമല്ല, മോഹാലസ്യം. അതിന്റെ ശിഖരത്തിനുമുകളിലൂടെ മന്ഥരപർവ്വതം കൊത്തിയെടുത്ത ഗരുഡന്റെ നഖങ്ങളിലെന്നോണം അവശേഷിച്ച രാത്രി ഞാൻ പാറിപ്പറന്നു."[148]

## 6. കാവ്യഭംഗി

ആത്മാവിൽ നിന്നുയർന്നു വരുമ്പോൾ കഥകൾ കവിതകളാകുന്നു എന്ന് എം.ടി.യുടെ ഒരു കഥാപാത്രം പറയുന്നുണ്ട്[149]. കഥാപാത്രങ്ങളുടെ വികാരവിചാരങ്ങൾ ആലങ്കാരികമായ ഭാഷയിലൂടെ അവതരിപ്പിയ്ക്കുമ്പോൾ അത് ഹൃദയസ്പർശിയും വ്യാഖ്യാനത്തിന് അനന്തസാദ്ധ്യതകളൊരുക്കുന്നതും അതേ സമയം അവ്യാഖ്യേയവുമായി മാറുന്നു.

- നിശ്ശബ്ദത സംഗീതം പോലെ[150]
- മുനിഞ്ഞു കത്തുന്ന വിളക്ക് കരയുന്ന നക്ഷത്രം പോലെ[151]
- ചപലമായ മനസ്സ് മരഞ്ചാടിയെപ്പോലെ[152]
- തളർന്നുകിടക്കുന്ന മനുഷ്യൻ കാലിപ്പിള്ളേർ ചുഴറ്റിയെറിഞ്ഞ ചേരയെപ്പോലെ[153]
- മരണം രംഗബോധമില്ലാത്ത കോമാളി[154]
- വെള്ളത്തിലേയ്ക്കു വലിച്ചെറിയുന്ന വളപ്പൊട്ടുകൾ പോകുന്നത്

ഓണത്തുമ്പികൾ പറക്കുംപോലെ[155]

148. രണ്ടാമൂഴം, പു.137.
149. മഞ്ഞ്, പു.73.
150. അതേ പുസ്തകം, പു.21.
151. അതേ പുസ്തകം, പു.34.
152. അതേ പുസ്തകം, പു.35.
153. അതേ പുസ്തകം, പു.42.
154. അതേ പുസ്തകം, പു.66.
155. നാലുകെട്ട്,പു.190.

♦ ആരും കാണാതെ ഓമനിയ്ക്കാനായി മനസ്സിൽ സൂക്ഷിച്ച ആനന്ദം വർണ്ണക്കല്ലു പോലെ[156]

♦ ക്ഷീണിച്ചു തളർന്നിരിയ്ക്കുന്ന പെൺകുട്ടി നനയെത്താതെ വാടിയ മേടത്തിലെ കവുങ്ങിൻപൂക്കുലപോലെ[157]

♦ ക്ഷോഭിച്ച കടലിന്റെ ഇരമ്പവും തിരയടിയും കൊട്ടാരവും നഗരവും വിഴുങ്ങിയിട്ടും വിശപ്പടങ്ങാത്തപോലെ[158]

♦ ദസ്യുക്കൾ ദ്വാരകയിലെ സ്ത്രീകളെ ബലാൽക്കാരം ചെയ്തത് നഗരശരീരത്തിൽ പ്രളയത്തിരകളുടെ ആക്രമണം പോലെ[159]

♦ തിരയടിയൊച്ച യദുവംശത്തിന്റെ അഹങ്കാരം നശിപ്പിച്ച ചിരി[160]

♦ തന്റെ താല്പര്യങ്ങൾ നിറവേറ്റാനായി ദ്രോണാചാര്യർ അർജ്ജുനനോട് കാണിച്ചസ്നേഹം മേയാൻ വിടുന്ന യാഗാശ്വത്തോട് രാജാവിന് തോന്നുന്ന സ്നേഹം[161].

♦ തിരിഞ്ഞുനോക്കാതെ വിശ്രമിയ്ക്കാതെ തുടർന്ന മഹാപ്രസ്ഥാനത്തിന്റെ ദിവസങ്ങൾ പകലുകളുടെ പാഠഭേദമില്ലാത്ത രാത്രികൾ[162]

♦ അഭ്യാസക്കാഴ്ച ഭീമദുര്യോധനന്മാരുടെ യുദ്ധമായി മാറുന്നതു കാണാൻ നിന്ന ജനങ്ങളുടെ ശബ്ദമടങ്ങുന്നത് കാറ്റടങ്ങിയപ്പോൾ ഉലഞ്ഞു നിവരുന്ന ഓടക്കാടുകളുടെ മർമ്മരം പോലെ[163].

♦ സ്വയംവരമണ്ഡപത്തിൽ വധുവായി നിൽക്കുന്ന ദ്രൗപദി ഉദയകിരണം തൊട്ടുണർത്തിയ ഇന്ദീവരം പോലെ[164]

156. അതേ പുസ്തകം, പു.191.
157. അസുരവിത്ത്, പു.123.
158. രണ്ടാമൂഴം, പു.12.
159. അതേ പുസ്തകം,പു.12.
160. അതേ പുസ്തകം, പു.12.
161. അതേ പുസ്തകം, പു.13.
162. അതേ പുസ്തകം, പു.14.
163. അതേ പുസ്തകം, പു.61.
164. അതേ പുസ്തകം, പു.100.

♦ കുരുവംശത്തിലെ സ്ത്രീകൾ ബീജം ഏറ്റുവാങ്ങുന്ന ഗർഭപാത്ര ങ്ങളും വിത്തുവിതയ്ക്കാൻ മാത്രമായ വയലുകളുമാണ്[165].

♦ ചൂതിൽതോറ്റ് കൗരവർക്കടിമയായ പാഞ്ചാലിയെ ദുശ്ശാസനൻ സഭയിലേയ്ക്ക് കൊണ്ടുവന്നത് യൂപത്തിലേയ്ക്ക് യജ്ഞപശുവെ എന്നപോലെ[166].

♦ ഭീമൻ ബലന്ധരയെക്കുറിച്ച് ആത്മനിന്ദയോടെ ഓർക്കുന്നത് വഴി യമ്പലത്തിൽ നിന്നെടുത്ത പാഥേയത്തിന്റെ ഉച്ഛിഷ്ടം പോലെ[167]

♦ ഗർഭിണിയായ, വിധവയായ ഉത്തര രാവറുതികഴിഞ്ഞുനിൽക്കുന്ന ചന്ദ്രക്കലപോലെ[168].

♦ മഹാരാജ്ഞിപദം ലഭിയ്ക്കില്ലെന്നു തോന്നിയ ദ്രൗപദിയുടെ മുഖത്തെ പരിഭ്രമം അസ്തമയം കണ്ട നീലത്താമരയുടെ നിശ്ശബ്ദത[169].

***കാവ്യഭംഗി തികഞ്ഞ വർണ്ണനകൾ***

ഇങ്ങനെയുള്ള അഭേദകല്പനകൾക്കും സാദൃശ്യകല്പനകൾക്കും പുറമേ കാവ്യഭംഗിയുറ്റ ചെറിയ വർണ്ണനകളും ധാരാളം.

♦ കാമുകനുമായുള്ള ആദ്യസംഗമത്തിന്റെ അനുഭൂതിവർണ്ണന.

“മനസ്സു മഞ്ഞിറങ്ങുന്ന മറ്റൊരു താഴ്വരയാണ്. എന്റേതുമാത്രം. എന്നിൽ പൂർണ്ണമായും അലിഞ്ഞു ചേരുന്ന ഈ നിമിഷത്തിൽ കരയരുത്.

വിറക്കുന്ന ചുണ്ടുകളിൽ ശബ്ദം മരവിച്ചു നിന്നു.

ശരീരത്തിന് കനമില്ലാതായിരിക്കുന്നു. പാറി നടക്കുകയാണ്. ആകാ ശച്ചെരുവിലെ മേഘക്കീറുപോലെ, താഴ്വരയിൽ ആരോ പറത്തിയ വെള്ള ത്തൂവാലപോലെ”.[170]

165. അതേ പുസ്തകം, പു.112.
166. അതേ പുസ്തകം പു.148.
167. അതേ പുസ്തകം, പു.228.
168. അതേ പുസ്തകം, പു.271.
169. അതേ പുസ്തകം, പു.275.
170. മഞ്ഞ്, പു.49.

♦ അച്ഛന്റെ മരണവാർത്തയറിഞ്ഞ് കരയാൻ പോലും കഴിയാത്ത മനസ്സിന്റെ അസ്വസ്ഥത.

"തന്റെ കാലടിവെപ്പുകൾ പതറുന്നില്ലെന്ന് അവളോർമ്മിച്ചു.

ദുഃഖത്തിന്റെ നീർപ്പാടകൾ മനസ്സിലേക്കിറങ്ങിവരുന്നില്ല.

മരണത്തിന്റെ വാർത്തയുടെ മുന്നിൽ, നീർച്ചുഴിയിൽപ്പെട്ട ഒരു പുൽക്കൊടി പോലെ, ആടിയുലഞ്ഞ് നിസ്സഹായയാവുന്നത് മനസ്സിൽ കണ്ടിരുന്നു.

കരയരുത്, കരയരുത്. കണ്ണുകളുടെ പശ്ചാത്തലത്തിലെവിടേയോ വേരുകളിളകുന്നതുപോലെ ഒരു കടച്ചിൽതോന്നി.

മുറിക്കകത്തെത്താൻവേണ്ട നിമിഷങ്ങൾക്ക് എന്തൊരു ദൂരമാണ്!"[171]

♦ ജീവിതത്തിന്റെ ഭൂതവും, ഭാവിയും നഷ്ടപ്പെട്ട് വർത്തമാനത്തിന്റെ നിമിഷങ്ങൾ സഹിച്ചുതീർക്കുന്ന സ്ത്രീ തന്റെ ഒറ്റപ്പെട്ട ലോകത്തെ കുറിച്ച് ചിന്തിയ്ക്കുന്നത്.

" തന്റേതായ ലോകം. മലകളും മഞ്ഞും തണുപ്പും തടാകവും തേടി വരണ്ട ഭൂമികളിൽ നിന്ന് വന്നെത്തുന്ന സഞ്ചാരികളുടെ കാലൊച്ച കേൾക്കാം; തന്റെ ശവകുടീരത്തിനുചുറ്റും."[172]

♦ തനിയ്ക്ക് അവശേഷിയ്ക്കുന്ന ജീവിതത്തിലെ നിമിഷങ്ങൾ ആസ്വദിയ്ക്കുന്ന വ്യക്തി എന്തിലും സംഗീതം കാണുന്നത്.

"കാടിന് സംഗീതമുണ്ട്. മഴയ്ക്കും കാറ്റിനും ഭാഷയും സംഗീതവുമുണ്ട്".[173]

♦ എന്നും തനിയ്ക്കധീനമാക്കി വെയ്ക്കാനാഗ്രഹിച്ച കാമുകി അന്യന്റേതാകുമോ എന്നു സംശയം തോന്നിയപ്പോൾ അവളെ ക്രൂരമായി കീഴടക്കുന്നത്.

171. അതേ പുസ്തകം, പു.59.
172. അതേ പുസ്തകം, പു.63.
173. അതേ പുസ്തകം, പു.66.

"ചുറ്റും കാറ്റ് തുടൽ പൊട്ടിച്ചു പേയിളകി പാഞ്ഞു നടന്നു. കവുങ്ങിൻതോട്ടം മന്ത്രവാദക്കളത്തിനു മുന്നിലിരിക്കുന്ന ഒഴിയാബാധകളേറ്റ സ്ത്രീകളെപ്പോലെ മുടിയഴിച്ചിട്ടാടിത്തകർക്കുന്നു. ഒരു രോദനം പോലെ ആരംഭിച്ച കാറ്റിന്റെ മൂളക്കം പെരുകിപ്പെരുകി ഇരമ്പമായി മാറി. ചൂരക്കോലുകൾപോലെ മഴ തെരുതെരെ വന്നു വീണു. ചുറ്റും ചിതറിക്കിടന്നു. നനഞ്ഞ മണ്ണിന്റെ ഗന്ധം"[174].

♦ തന്നെ ചൂഷണം ചെയ്യുന്ന മുതലാളിയോട് തോന്നുന്ന പ്രതികാരത്തിന്റെ ഭാഗമായി മുതലാളിയുടെ ഭാര്യയെ സ്വന്തമാക്കാൻ നടത്തിയ ശ്രമത്തിന്റെ തുടക്കം വിജയിച്ചതിന്റെ സന്തോഷം.

"....ആ സുഗന്ധത്തിന്റെ ഓർമ്മയിലൂടെ രാത്രി ഒരു പൂപോലെ ചുറ്റും വിടർന്നുപൊങ്ങി. കറുത്ത താമര പോലെ ലോകം മുഴുവൻ അത് നിറഞ്ഞു നിന്നു. ഓളങ്ങളുടെ സംഗീതം കേട്ടുകൊണ്ട്, അതിന്റെ അല്ലിത്താളിനു മുകളിൽ അന്ന് തലചായ്ച്ചുറങ്ങി"[175].

♦ കാലങ്ങൾക്കുശേഷം തന്റെ നേട്ടങ്ങളെല്ലാം നിരർത്ഥകമായെന്ന വിചാരത്തോടെ, വരണ്ട മനസ്സോടെ സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചെത്തുന്നത്.

"പുഴ വരണ്ടു പോയിരിക്കുന്നു. മാറിയ മുഖച്ഛായകളും നൃത്തം ചെയ്യുന്ന രൂപമില്ലാത്ത കാനൽച്ചോലകളും പിന്നീട് നനവിന്റെ ഓർമ്മകൾ സ്വപ്നം കണ്ടു കിടക്കുന്ന മണൽപ്പരപ്പിന്റെ തീരത്തിൽ നിൽക്കുമ്പോൾ ഒരു നിമിഷം അയാളോർക്കുന്നു: വർഷങ്ങൾക്കുശേഷം ഞാൻ തിരിച്ചെത്തിയിരിക്കുന്നു; കാലത്തിന്റെ പ്രവാഹത്തിന്റെ തീരത്തിൽ വർഷങ്ങൾക്കുശേഷം ഞാൻ തിരിച്ചെത്തിയിരിക്കുന്നു"[176].

---

174. കാലം, പു.115.
175. അതേ പുസ്തകം, പു.270.
175. അതേ പുസ്തകം, പു.231.

♦ സ്വന്തം നാട്ടിലും തനിയ്ക്ക് ആശ്വാസമോ സാന്ത്വനമോ നൽകാൻ ഒന്നും അവശേഷിച്ചിട്ടില്ലെന്നറിഞ്ഞപ്പോൾ ശൂന്യമനസ്കനായുള്ള തിരിച്ചുപോക്ക്.

"മലവെള്ളം സ്വപ്നം കണ്ടുണങ്ങിയ പുഴ, എന്റെ പുഴ, പിന്നിൽ ചോര വാർന്നുവീണ ശരീരം പോലെ ചലനമറ്റു കിടക്കുന്നു"[177].

♦ കാടിന്റെ സൗന്ദര്യം[178]

♦ ദ്രൗപദിയുടെ സൗന്ദര്യം-"അഞ്ജനശലാകകൾ, നീലത്താമരയിതളുകൾ, എള്ളിൻപൂക്കൾ, മന്ദാരമൊട്ടുകൾ, മദകുംഭങ്ങൾ."[179]

♦ ഊഴം നിഷേധിയ്ക്കപ്പെടുന്ന ഭീമന്റെ അന്തഃക്ഷോഭങ്ങൾ[180]

♦ ദ്രൗപദീസംഗമം[181]

♦ പലസന്ദർഭങ്ങളിലുള്ള സ്വപ്നവർണ്ണനകൾ[182]

♦ നിലാവ് പരന്ന രാത്രിയുടെ സൗന്ദര്യം[183]

"അപ്പോൾ ഇരുട്ടുമൂടിയ കുരുക്ഷേത്രത്തിലേക്ക് ചന്ദ്രകിരണങ്ങൾ ഇറങ്ങി വന്നു. രാത്രിയുടെ കൊടുങ്കാട്ടിൽ നിന്ന് ഇരുട്ടിന്റെ മദയാനക്കൂട്ടങ്ങൾ ഓടിയകന്നു. വരവധൂസ്മിതം പോലുള്ള നിലാവ്. ഹരവൃഷഭം പോലെ മേഞ്ഞുനടക്കുന്ന നിലാവ്".

ഭാഷയേക്കാളേറെ മനോവികാരങ്ങൾക്കു സംവേദനശക്തിയുണ്ടെന്നഭിപ്രായമുള്ള സാഹിത്യകാരനാണ് എം.ടി.എന്നറിയുമ്പോൾ[184] ഭാഷയുടെ വശ്യതയ്ക്ക് അത്രമാത്രം അദ്ദേഹം പ്രാധാന്യം നൽകിയിരിയ്ക്കുന്നു എന്നുകൂടി നാം മനസ്സിലാക്കണം. നോവലിൽ ഡോക്യുമെന്റേഷനുവേണ്ടി കാവ്യഭംഗിയില്ലാത്ത ഭാഗങ്ങൾ ചേർക്കേണ്ടിവരുന്നത് ദുഃഖകരമാണെന്ന്

177. അതേ പുസ്തകം, പു.306–307.
178. മുൻ.ഇതേ അദ്ധ്യായം, പു.109.
179. അതേ പുസ്തകം, പു.112.
180. മുൻ.ഇതേ അദ്ധ്യായം, പു.126.
181. മുൻ.ഇതേ അദ്ധ്യായം, പു.129.
182. മുൻ.ഇതേ അദ്ധ്യായം, പു.126,127,129.
183. അതേ പുസ്തകം, പു.252.
184. വാസുദേവൻ നായർ.എം.ടി., 'നിന്റെ ഓർമ്മയ്ക്ക് ', *എം.ടിയുടെ തെരഞ്ഞെടുത്ത കഥകൾ* (കറന്റ് ബുക്സ്, തൃശൂർ, 1991), പു.108.

കരുതുന്ന എഴുത്തുകാരനാണദ്ദേഹം[185]. നോവലിന്റെ ഭാഷയെ ശുദ്ധഗണിതം മുതൽ സ്വപ്നം വരെ ചെന്നെത്തുന്ന അനുസ്യൂതിയായി നിരൂപകർ കാണുമ്പോൾ[186] അതിന്റെ അനന്തസാദ്ധ്യതകളെ തന്നെയായിരിക്കണമല്ലോ അവരുദ്ദേശിച്ചത്. ആ സാധ്യതകളുടെ കൃത്യമായ സഫലീകരണം എം.ടി.തന്റെ കൃതികളിൽ സാധിച്ചിട്ടുണ്ട്. കാല്പനിക ബിംബങ്ങൾ കൊണ്ട് ജ്ഞാന സ്നാനം ചെയ്ത ഭാഷയാണ് എം.ടി.യുടെ നോവലിൽ കാണുന്നതെന്ന് പക്ഷമുണ്ട്[187]. ഒരു പുരാണകഥ വിഷയമായി സ്വീകരിച്ചപ്പോഴും, വരമൊഴിയ്ക്ക് പ്രാധാന്യം നൽകിയപ്പോഴും മറ്റു കൃതികളിൽ പ്രയോഗിച്ച ഭാഷയുടെ ഭംഗിയും വശ്യതയും നിലനിർത്താൻ നോവലിസ്റ്റിനു കഴിഞ്ഞിരിയ്ക്കുന്നു എന്ന് മേല്പറഞ്ഞ വസ്തുതകളിലൂടെ നമുക്ക് അനുമാനിയ്ക്കാം.

## രചനാരീതി

നോവലിസ്റ്റ് നേരിട്ടുകഥ പറഞ്ഞുതരികയാണ് നാലുകെട്ട്, അസുരവിത്ത്, പാതിരാവും പകൽവെളിച്ചവും എന്നീ നോവലുകളിൽ. കഥ ക്രമാനുഗതം മുന്നോട്ടുപോവുകയാണവിടെ. മഞ്ഞിലും നോവലിസ്റ്റ് കഥ പറഞ്ഞുതരികയാണ്. വിലാപയാത്രയിൽ അച്ഛന്റെ മരണത്തോടനുബന്ധിച്ച് വീട്ടിൽ ഒത്തുചേരുന്ന നാലു മക്കളുടെ വിചാരധാരയിലൂടെ വീക്ഷണകോണിലൂടെ കഥ പറയുന്നു. അതിൽത്തന്നെ രണ്ടുമക്കൾ സ്വന്തം കഥ പറയുന്ന രീതിയിലാണ് നിബന്ധിച്ചിരിയ്ക്കുന്നത്. വാരാണസിയിലും[188] നോവലിസ്റ്റ് തന്നെയാണ് കഥ പറയുന്നത്.

പുരാണകഥ പശ്ചാത്തലമായി സ്വീകരിച്ചപ്പോൾ ആഖ്യാനരീതിയിൽ വ്യത്യസ്തതകൾ പാലിയ്ക്കാൻ നോവലിസ്റ്റ് ശ്രമിച്ചിട്ടുണ്ട്. സൂതരേയും

185. 'നന്ദി', അതേ പുസ്തകം
186. ഗുപ്തൻനായർ.എസ്, 'നാലുകെട്ടിലെ നിഴലും വെളിച്ചവും', *എം.ടി.കഥയും പൊരുളും* എഡി:എം.എം.ബഷീർ (കറന്റ് ബുക്സ്, തൃശൂർ, 1996), പു.226.
187. രാജശേഖരൻ.പി.കെ.,'കാലം വിശ്രമിക്കുന്ന കളിക്കളം, എം.ടി.യുടെ സ്ഥലദർശനം' *എം.ടി.യുടെ ലോകങ്ങൾ,* എഡി: എ.വി.പവിത്രൻ (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1998)
188. വാസുദേവൻ നായർ.എം.ടി.വാരാണസി (കറന്റ് ബുക്സ്, തൃശൂർ, 2007)

മാഗധരേയും സംബോധന ചെയ്തുകൊണ്ടാണ് രണ്ടാമൂഴത്തിന്റെ ആരംഭം ഒന്നാമദ്ധ്യായത്തിൽ മഹാപ്രസ്ഥാനത്തിനിറങ്ങുന്ന പഞ്ചപാണ്ഡവർ ഓരോരുത്തരുടേയും മനോവ്യാപാരങ്ങളാണ് ഉള്ളടക്കം. രണ്ടാമദ്ധ്യായം തൊട്ട് ഭീമന്റെ ഓർമ്മകളിലൂടെയാണ് നോവലിസ്റ്റ് കഥ പറയുന്നത്. അദ്ധ്യായങ്ങൾക്ക് നൽകിയിരിയ്ക്കുന്ന ശീർഷകങ്ങൾ[189] (പാതിരാവും പകൽവെളിച്ചവുമൊഴികെ മറ്റു നോവലുകളിൽ അദ്ധ്യായങ്ങൾക്ക് ശീർഷകങ്ങളുപയോഗിച്ചിട്ടില്ല), ഫലശ്രുതി എന്നൊരനുബന്ധം, കഥാസന്ദർഭങ്ങൾക്കനുസരിച്ച് നിബന്ധിച്ചിരിയ്ക്കുന്ന ചിത്രങ്ങൾ – എന്നിങ്ങനെ ശ്രദ്ധേയമായ ചില വ്യത്യസ്തതകൾ രണ്ടാമൂഴം പുലർത്തുന്നു.

## രണ്ടാമൂഴത്തിലെ കഥനരീതി

ഭീമന്റെ വീക്ഷണകോണിലൂടെയാണ് എല്ലാ കഥാപാത്രങ്ങളും നോവലിൽ പ്രവേശിയ്ക്കുന്നത്. ഭീമനെ കേന്ദ്രസ്ഥാനത്തു നിർത്തി ഭാരതകഥയിലേയ്ക്ക് കടന്നുചെന്ന് മറ്റു കഥാപാത്രങ്ങളെക്കൂടി മാനുഷികവൽക്കരിയ്ക്കുകയാണ് നോവലിസ്റ്റ്. ഇതും മറ്റു നോവലുകളിലെ പ്രമേയം അദ്ദേഹം കൈകാര്യം ചെയ്തപോലെത്തന്നെ. ആ സാമ്യം നോവലിസ്റ്റ് തന്നെ സൂചിപ്പിയ്ക്കുന്നുണ്ട്[190].

ഭീമന്റെ വ്യക്തിത്വത്തെ സംബന്ധിച്ച് മാത്രമല്ല, സങ്കല്പങ്ങളിൽ മാറ്റം വന്നത്. മറ്റ് കഥാപാത്രസങ്കല്പങ്ങളിലും ഏറിയോ കുറഞ്ഞോ മാറ്റങ്ങൾ സംഭവിച്ചിരിയ്ക്കുന്നു. അത് മാറ്റങ്ങളല്ലെന്നും, വ്യാസമുനി വിട്ടുവെച്ച ചില സന്ദർഭങ്ങളെ ആധാരമാക്കി താൻ സ്വതന്ത്രവ്യാഖ്യാനം നടത്തിയതാണെന്നും നോവലിസ്റ്റ് പറയുന്നു[191].

189. ''യാത്ര, കൊടുങ്കാറ്റിന്റെ മർമ്മരം, വനവീഥികൾ, അക്ഷഹൃദയം, പഞ്ചവർണ്ണപ്പൂക്കൾ, വിരാടം, ജീർണ്ണവസ്ത്രങ്ങൾ, പൈതൃകം''.
190. രണ്ടാമൂഴം ഫലശ്രുതി പു.300.
191. അതേ പുസ്തകം, ഫലശ്രുതി, പു.224.

അങ്ങനെ സ്വതന്ത്രവ്യാഖ്യാനം നടത്തി ഭീമനെ തന്റെ നായകനാക്കിയപ്പോൾ മറ്റു നോവലുകളിലെ നായകകഥാപാത്രങ്ങൾക്കുണ്ടാകുന്നതുപോലെ മനോവേദനയും മാനസിക സംഘർഷവുമുണ്ടാക്കുന്ന സന്ദർഭങ്ങൾ മൂലകൃതിയെ ആധാരമാക്കിയും അല്ലാതെയും നോവലിസ്റ്റ് ഇണക്കിചേർത്തിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ മാറ്റം വരുത്തിയിട്ടുമുണ്ട്.

ദേവാംശസംഭവരുടെ കഥയല്ല സാധാരണ മനുഷ്യരുടെ കഥയാണ് രണ്ടാമൂഴത്തിൽ  പറഞ്ഞിരിയ്ക്കുന്നത്. ഭീമനെ നായകനായി സ്വീകരിച്ച് ആ വീക്ഷണകോണിലൂടെ കഥ പറഞ്ഞപ്പോൾ സ്വാഭാവികമായും പല മാറ്റങ്ങളും  സ്വീകരിയ്ക്കേണ്ടി വന്നു. അതെന്തിനായിരിക്കുമെന്നൊരു പരിശോധന നോവലിസ്റ്റിന്റെ രചനാലക്ഷ്യത്തെക്കുറിച്ചറിയുന്നതിന്റെ മുന്നോടിയായി ആവശ്യമാണ്.

മൂലകൃതിയുമായുള്ള താരതമ്യപഠനത്തിന് ഈ മാറ്റങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തേണ്ടതുണ്ട്.

## കഥാസന്ദർഭങ്ങൾ

(1) പ്രമാണകോടി[192] (2) അഭ്യാസക്കാഴ്ച[193] (3) വാരണാവതം[194] (4) ഹിഡിംബീവിവാഹം[195] (5) ഏകചക്ര[196] (6) ദ്രൗപദീസ്വയംവരം[197] (7) ഇന്ദ്രപ്രസ്ഥം[198] (8) ദ്യൂതം[199] (9) വനവാസം[200] (10) അജ്ഞാതവാസം[201] (11) സന്ധിശ്രമം[202] (12) യുദ്ധം[203] (13) യുദ്ധാനന്തരമുണ്ടായ സംഘർഷങ്ങൾ[204] (14)യാദവനാശം[205] (15) മഹാപ്രസ്ഥാനം[206]

എന്നീ ഇതിഹാസസന്ദർഭങ്ങൾ പ്രാധാന്യത്തോടെ നോവലിൽ വിശദമാക്കുന്നുണ്ട്.

---

192–206. രണ്ടാമൂഴം, പു. 47,48,71,88,91,100,115,143,155,195,211,225,271,11,12.

# മാറ്റങ്ങൾ വരുത്തിയിരിക്കുന്ന കഥാസന്ദർഭങ്ങൾ

# വ്യത്യാസങ്ങൾ–കാരണങ്ങൾ

## 1. ഭീമന്റെ ബാല്യം

i) കുട്ടിക്കാലത്ത് ദുര്യോധനാദികൾ ഉപദ്രവിയ്ക്കുമ്പോൾ മാത്രം എതിർക്കുകയാണ് ഭീമസേനൻ ചെയ്യുന്നത്. ആനപ്പന്തിയിൽ വെച്ച് ദുര്യോധനനും ദുശ്ശാസനനും കർണ്ണനും കൂടി ഏകനായ ഭീമനെ ആക്രമിച്ചപ്പോൾ ഭീമന് ഉള്ളിൽ പേടിയുണ്ടായിരുന്നെങ്കിലും അവരെ എതിർത്തു തോല്പിക്കാൻ കഴിഞ്ഞു[207]. ദുര്യോധനാദികൾ ഭീമനെയാണ് ആക്രമിച്ചിരുന്നതെന്നും ഭീമന് ആദ്യം ശത്രുതയുണ്ടായിരുന്നില്ലെന്നും അവരെ ഭയമായിരുന്നുവെന്നും പക്ഷേ അതിനൊക്കെയും മേലെയായിരുന്നു ശാരീരികബലമെന്നും സൂചിപ്പിയ്ക്കാനായിരിക്കാം  ഈ സംഭവം നിബന്ധിച്ചത്.

ii) പ്രമാണകോടിയിൽ വെച്ച് ദുര്യോധനൻ സൗഹാർദ്ദത്തോടെ പെരുമാറുകയും സൽക്കരിയ്ക്കുകയും പ്രശംസിയ്ക്കുകയും ചെയ്തപ്പോൾ ഭീമന് അയാളോട് വളരെയധികം സ്നേഹം തോന്നി. മദ്യലഹരിയിൽ ദുര്യോധനനും ദുശ്ശാസനനും  കർണ്ണനും കൂടി സംസാരിയ്ക്കുന്നതു കേട്ടപ്പോഴാണ് അത് ചതിയായിരുന്നുവെന്ന് മനസ്സിലായത്[208]. ഭീമന്റെ മനസ്സിൽ ചാഞ്ചല്യവും ദൗർബ്ബല്യവുമാണീ സന്ദർഭത്തിൽ വ്യക്തമാകുന്നത്. പ്രമാണകോടിയിൽ നദിയിൽ നിന്നും ഒരുവിധം രക്ഷപ്പെട്ട് കരയ്ക്കടിഞ്ഞ ഭീമന് അഭയം നൽകിയത്. കാനനവാസികളായ നാഗന്മാരാണ് അവർ വേട്ടയും ചില യുദ്ധമുറകളും ഭീമന്  പഠിപ്പിച്ചുകൊടുത്തു – ശത്രുവിനോട് ദയകാണിയ്ക്കരുതെന്നൊരുപദേശവും[209]. ഈ മാറ്റം കഥയിലെ അമാനുഷികാംശം ഒഴിവാക്കാനായിരിക്കണം ഈ വിവരം ഭീഷ്മരോട് പറയണമെന്ന്  യുധിഷ്ഠിരനും

207. അതേ പുസ്തകം,  പു.34.

208. അതേ പുസ്തകം, പു.47.

209. അതേ പുസ്തകം,  പു.51.

ഗാന്ധാരിയോട് പറയണമെന്ന് അർജ്ജുനനും വാദിച്ചു. വിലക്കിയത് കുന്തിയാണ്[210].

iii) വസുദേവരുടെ കൊട്ടാരത്തിൽ പോയി താമസിയ്ക്കാമെന്ന് യുധിഷ്ഠിരൻ പറഞ്ഞപ്പോൾ സഹോദരർക്കുത്സാഹമായി. പക്ഷേ അവകാശികൾ ഒഴിഞ്ഞു പോവുകയല്ല വേണ്ടത് എന്ന് കുന്തിയുപദേശിച്ചു[211] പ്രതിഷേധിയ്ക്കാതെയും പ്രതികരിയ്ക്കാതെയും ജീവിച്ച് മക്കൾക്ക് അവകാശപ്പെട്ട രാജ്യം നേടിക്കൊടുക്കാൻ യത്നിയ്ക്കുന്ന കുന്തിയുടെ രാജ്യതന്ത്രജ്ഞത വ്യക്തമാക്കാൻ നോവലിസ്റ്റ് ഈ സന്ദർഭങ്ങൾ ഉപയോഗിയ്ക്കുകയാണ്. പ്രമാണകോടിയിലെ സംഭവം യുധിഷ്ഠിരൻ വിദുരരോട് പറഞ്ഞപ്പോൾ കുന്തി എതിർത്തില്ല[212]. യുധിഷ്ഠിരന്റെ പിതൃത്വത്തിലേയ്ക്കുള്ള ഒരു സൂചനയാണല്ലോ ഇത്.

## 2. ആയുധാഭ്യാസം

i) ഏകലവ്യനെ ഇരുട്ടത്ത് ആരോ ആക്രമിച്ച് വലംകൈയിന്റെ വിരലുകൾ വെട്ടിയെടുത്തു. ഏകലവ്യന്റെ തള്ളവിരൽ എരുക്കിലയിൽ പൊതിഞ്ഞ് ഗുരുദക്ഷിണയെന്നു പറഞ്ഞ് ഒരു കാട്ടാളൻ ദ്രോണർക്ക് കൊണ്ടുപോയിക്കൊടുത്തു[213]. അർജ്ജുനന്റെ അറിവോടെയല്ല ഇതു സംഭവിച്ചതെന്നും നോവലിൽ പറഞ്ഞിരിയ്ക്കുന്നു. തന്നെക്കാൾ വിദഗ്ദ്ധനായ ഒരു വില്ലാളിയെക്കുറിച്ച് കേട്ടാൽ അസ്വസ്ഥനാകാൻ മാത്രം അസൂയയുള്ളവനാണെന്നല്ലാതെ അർജ്ജുനനെ ഒരു ദുഷ്ടനായി നോവലിസ്റ്റ് കാണുന്നില്ല. ദ്രോണരേയും അർജ്ജുനനോട് വാത്സല്യമുള്ളവനും ധനമോഹിയുമായി മാത്രമേ ചിത്രീകരിച്ചിട്ടുള്ളൂ. ഏകലവ്യനോട് ഈ അത്യാചാരം പ്രവർത്തിയ്ക്കാൻ ഈ ന്യൂനതകൾ പോര എന്നതു കൊണ്ടാകാം ഇതിനു പിന്നിലാര് പ്രവർത്തി

211. അതേ പുസ്തകം, പു.51.
212. അതേ പുസ്തകം, പു.52.
213. അതേ പുസ്തകം, പു.52.

ച്ചുവെന്നത് വ്യക്തമാക്കാതിരുന്നത്. ഏകലവ്യനെക്കുറിച്ച് അർജ്ജുനന്റെ അസൂയ വെളിപ്പെടുത്താൻ യോജിച്ച ഒരു സന്ദർഭമായി മാത്രമേ പറയുന്നുള്ളൂ. ഗുരുദക്ഷിണ കണ്ടപ്പോൾ ദ്രോണരുടെ മുഖം വിളറി[214] എന്നു പറയുന്നതിൽ നിന്നും അദ്ദേഹവും ഇത്ര പ്രതീക്ഷിച്ചിരുന്നില്ലെന്ന് വേണം മനസ്സിലാക്കാൻ.

ii) രഥപാഠങ്ങളിലും അസ്ത്രവിദ്യയിലും കൂടി ഭീമൻ പ്രാവീണ്യം നേടി. രാത്രിയിൽ രഹസ്യമായി പരിശീലിച്ചു. അഭ്യാസക്കാഴ്ചയുടെ സമയത്ത് ഈ കഴിവുകളെല്ലാം പ്രകടിപ്പിച്ച് കാണികളെ വിസ്മയിപ്പിച്ചു. ഭീമന്റെ വൈദഗ്ധ്യം പൊലിപ്പിച്ചു കാണിയ്ക്കാനാകാം ഈ കൂട്ടിച്ചേർക്കൽ. ആയുധാഭ്യാസത്തിന്റെ സമയത്തും, പ്രകടനത്തിന്റെ  സമയത്തും മറ്റ് ആയുധങ്ങൾ പ്രയോഗിയ്ക്കുന്ന ഭീമനെ തടുത്ത് ഗദാപ്രയോഗം നടത്താൻ ദ്രോണർ നിർബ്ബന്ധിയ്ക്കുന്നു[215].  അർഹിയ്ക്കുന്ന അംഗീകാരം നിഷേധിയ്ക്കപ്പെടുന്ന ഭീമന്റെ മനോവേദനയും പ്രതിഷേധവും  വ്യക്തമാക്കാനാണീ സന്ദർഭങ്ങൾ പ്രയോജനപ്പെടുന്നത്.

### 3. വാരണാവതം

വാരണാവതത്തിലെത്തിയ പാണ്ഡവർ അവിടെ കാര്യമായൊന്നും കാണാനില്ലെന്നറിഞ്ഞ് പോകാനൊരുങ്ങുമ്പോഴാണ് കുന്തി തങ്ങൾ നാടുകടത്തപ്പെട്ടിരിയ്ക്കുകയാണെന്ന് മക്കളോട് പറഞ്ഞത്. യാത്രാവേളയിൽ വിദുരരുപദേശിച്ചതിന്റെ പൊരുൾ കണ്ടെത്തുന്നതും, ആ വീട് അരക്കില്ലമാണെന്ന് മനസ്സിലാക്കുന്നതും, കൗരവർ തിരയാൻ വരുമ്പോൾ കാണാൻ ആറു മൃതദേഹങ്ങളുണ്ടാകണമെന്നു കരുതി അഞ്ചുമക്കളുമായി വന്ന കാട്ടാളത്തിയെ ക്ഷണിച്ച് വീട്ടിൽ പാർപ്പിച്ചതും കുന്തിയാണ്[216]. കുന്തിയുടെ രാജ്യതന്ത്രജ്ഞതയും

214. അതേ പുസ്തകം, പു.55.

215. അതേ പുസ്തകം,  പു.36,56,57,59.

216. അതേ പുസ്തകം,  പു.72,74,79.

ആഴത്തിൽ ചിന്തിയ്ക്കാനുള്ള കഴിവും വ്യക്തമാക്കാനാണീ മാറ്റം.

### 4. ഹിഡിംബവനത്തിലും ഏകചക്രയിലും

i) ഹിഡിംബനും ഹിഡിംബിയും ഇവിടെ കാട്ടാളന്മാരാണ്. ഹിഡിംബി മായയുപയോഗിച്ച് സുന്ദരിയാകുകയോ ഭീമനെ വശീകരിയ്ക്കാൻ ശ്രമിയ്ക്കുകയോ ചെയ്യുന്നില്ല. യുധിഷ്ഠിരൻ ഹിഡിംബിയെ സ്വീകരിയ്ക്കാൻ ഭീമനോടാവശ്യപ്പെടുന്നുമില്ല. തങ്ങൾക്കു വേണ്ട സഹായങ്ങൾ ചെയ്തു തന്ന, താൻ മൂലം അനാഥയായിത്തീർന്ന ഹിഡിംബിയെ ഭീമൻ സ്വമനസ്സാലെ സ്വീകരിയ്ക്കുകയാണ്[217]. അമാനുഷികാംശങ്ങളുപേക്ഷിയ്ക്കാനും ഭീമന്റെ മനസ്സിന്റെ മാർദ്ദവവും ധൈര്യവും കാണിയ്ക്കാനാണീ സന്ദർഭം ഉപയോഗിച്ചിരിയ്ക്കുന്നത്. കുന്തി ഒരു നടുക്കത്തോടെയാണെങ്കിലും ഭീമനോടൊപ്പം വന്ന ഹിഡിംബിയെ എതിർപ്പില്ലാതെ സ്വീകരിയ്ക്കുന്നു[218]. ഭീമൻ നിഷാദപുത്രനാണെന്ന വസ്തുതയിലേയ്ക്കുള്ള ഒരു സൂചന കൂടിയാണത്.

ii) ഏകചക്രയിലേയ്ക്ക് താമസം മാറ്റേണ്ടിവന്നപ്പോൾ ഗർഭിണിയായ ഹിഡിംബിയെ ഭീമൻ മനസ്സില്ലാമനസ്സോടെ ഉപേക്ഷിച്ചു. യുക്തിപൂർവ്വം ഭീമനെ പറഞ്ഞു മനസ്സിലാക്കി അതിന് പ്രേരിപ്പിക്കുന്ന കുന്തിയുടെ വാക്കുകളിൽ രാജ്യതന്ത്രജ്ഞത വ്യക്തമാകുന്നു.

iii) ഹിഡിംബിയ്ക്കുണ്ടാകുന്ന മകനെ, തന്റെ അഞ്ചു മക്കൾക്കും മൂത്ത മകനായ അവനെ വലുതാകുമ്പോൾ തന്റെ അരികിലേയ്ക്കയക്കണമെന്നേ കുന്തി പറയുന്നുള്ളൂ[219]. അവൻ രാജ്യാവകാശിയാണെന്ന് പറയുന്നില്ല. രാജ്യതന്ത്രമറിയുന്ന കുന്തി അങ്ങനെ പറയരുതല്ലോ.

---

217. അതേ പുസ്തകം, പു.88.
218. അതേ പുസ്തകം, പു.88.
219. അതേ പുസ്തകം, പു.89.

iv) വേത്രകീയനെന്ന ഏകചക്രയിലെ രാജാവ് പുരുഷമേധം നടത്തിയിരുന്നു. അതിന് ബലിപുരുഷന്മാരെ എത്തിച്ചു കൊടുക്കാമെന്നേറ്റ കാട്ടാളനായിരുന്നു ബകൻ[220]. കഥാപാത്രങ്ങളെ മാനുഷികവൽക്കരിയ്ക്കാനായിരിയ്ക്കണം ഈ മാറ്റം.

## 5. ദ്രൗപദീ സ്വയംവരം

i) ധൃഷ്ടദ്യുമ്നനോട് സംസാരിച്ചാണ് ദ്രൗപദി കർണ്ണനെ നിരസിയ്ക്കുന്നത്. ആ നിരാസം ഉറക്കെ പ്രഖ്യാപിയ്ക്കുന്നതും ധൃഷ്ദ്യുമ്നൻ തന്നെ[221]. ദ്രൗപദിയ്ക്കും കർണ്ണനും തമ്മിൽ നേരിട്ട് വിദ്വേഷമുണ്ടാകത്തക്ക രീതിയിൽ ഉള്ള സംഭവങ്ങളൊന്നും നോവലിൽ പറയുന്നില്ല. വസ്ത്രാക്ഷേപത്തിന്റെ സമയത്താണ് കർണ്ണൻ  പണയപ്പെട്ടു കഴിഞ്ഞ ദ്രൗപദിയെക്കുറിച്ച് നിന്ദ്യമായി സംസാരിയ്ക്കുന്നത്[222]. അവിടേയും പാണ്ഡവവിദ്വേഷമാണ് മുന്നിട്ടു നിൽക്കുന്നത്. കർണ്ണാവമാനനം ഉദ്ദേശിച്ചിട്ടില്ലെന്നു വരുത്താനാകണം ഈ മാറ്റം.

ii) ബ്രാഹ്മണവേഷധാരിയായ അർജ്ജുനനെ ദ്രൗപദി വരിച്ചപ്പോൾ ക്ഷത്രിയർ ധൃഷ്ടദ്യുമ്നനോടും ദ്രുപദനോടും അർജ്ജുനോടും കലഹത്തിനൊരുങ്ങി. അസ്വസ്ഥനായ ദ്രുപദനെ ഭീമൻ സമാധാനിപ്പിച്ചു[223].

വലിയൊരു യുദ്ധമൊന്നും നടന്നതായി ഈ സന്ദർഭത്തിൽ പറയുന്നില്ല. പാണ്ഡവരെ കൗരവർ തിരിച്ചറിയുന്നില്ല, ദ്രുപദനോട് നേരിട്ട് ശത്രുതയുമില്ല, പാണ്ഡവർ തങ്ങളാരെന്ന് വെളിപ്പെടുത്തുന്നില്ല. സുന്ദരിയായ ദ്രൗപദിയെ ലഭിയ്ക്കാത്തതിലുള്ള പ്രതിഷേധം മറ്റു രാജാക്കന്മാരോടൊപ്പം കൗരവരും പ്രകടിപ്പിച്ചുവെന്നു മാത്രം. ഇവിടെ വലിയൊരു യുദ്ധം ആവശ്യമല്ലെന്നു തോന്നിയതിനാലാകാം നോവലിസ്റ്റ്  ഇങ്ങനെയൊരു മാറ്റം വരുത്തിയത്.

220. അതേ പുസ്തകം,  പു.91.

221. അതേ പുസ്തകം,  പു.102.

222. അതേ പുസ്തകം, പു.149.

223. അതേ പുസ്തകം,  പു.104,105.

iii) മാതൃശാസനവും, ജടിലയുടേയും വാർക്ഷിയുടേയും, ബഹുഭർത്തൃത്വവും മുൻനിർത്തി യുധിഷ്ഠിരൻ ദ്രൗപദിയെ ഐവരും വിവാഹം ചെയ്യണമെന്ന് വാദിയ്ക്കുന്നതിൽ ദ്രൗപദിയോടുള്ള മോഹമാണ് മുന്നിട്ടുനിൽക്കുന്നത്[224]. നോവലിലെ യുധിഷ്ഠിരൻ ധർമ്മത്തിന്റെ മറവിൽ തന്റെ ഭീരുത്വവും ചാപല്യവുമെല്ലാം സൂക്ഷിയ്ക്കുന്നവനാണ്. പലപ്പോഴും ഭീരുത്വം അയാളെ നിഷ്ക്രിയനാക്കുന്നുമുണ്ട്. ദ്രുപദനുമായുള്ള ബ്ന്ധുത്വംകൊണ്ട് തങ്ങൾ ശക്തരാകുന്നതിനെക്കുറിച്ച് ചിന്തിച്ച് ധർമ്മപുത്രർ തന്നെയാണ് ദ്രൗപദീസ്വയംവരത്തെക്കുറിച്ച് പറയുന്നതും മത്സരത്തിൽ പങ്കെടുക്കാൻ അനുജന്മാരെ പ്രേരിപ്പിയ്ക്കുന്നതും[225]. എന്നാൽ ആ പരീക്ഷണമൊന്നേറ്റെടുക്കാൻ ധൈര്യം കാണിയ്ക്കുന്നതുപോലുമില്ല. യുധിഷ്ഠിരന്റെ ചാപല്യം എടുത്തുകാണിയ്ക്കാനുള്ള ഒരു സന്ദർഭമായാണ് നോവലിസ്റ്റ് ഈ അവസരം ഉപയോഗിച്ചിരിയ്ക്കുന്നത്.

iv) കുന്തി പാണ്ഡവരൊരിയ്ക്കലും കലഹിച്ച് പിരിയാതിരിയ്ക്കാനാണ് ദ്രൗപദിയെ ഐവരും ചേർന്ന് വിവാഹം ചെയ്യണമെന്ന് താൻ പറഞ്ഞതെന്നും അതബദ്ധമായിരുന്നില്ലെന്നും എതിർത്തുനിൽക്കുന്ന ഭീമനോട് പറഞ്ഞു[226]. തന്റെ അഞ്ചുമക്കൾക്കും ദ്രൗപദിയോട് തോന്നിയ കാമം കുന്തി മനസ്സിലാക്കിയിരുന്നു. അധികം സംസാരിയ്ക്കാതെ, അന്തഃപുരത്തിൽ കഴിഞ്ഞുകൂടുവന്നവളെങ്കിലും ഓരോ കാര്യവും സസൂക്ഷ്മം കണ്ടറിയുകയും, ചിന്തിയ്ക്കുകയും, തന്റെ മക്കൾക്കർഹമായ രാജ്യാവകാശം നേടിക്കൊടുക്കാൻ യത്നിയ്ക്കുന്നവളുമാണ് നോവലിലെ കുന്തി. തന്റെ മക്കളുടെ മനസ്സിന്റെ ഓരോ ചലനവും കണ്ടറിയാൻ കഴിവുള്ള ആ ബുദ്ധി പ്രകടമാക്കാനാകണം ഈ കൂട്ടിച്ചേർക്കൽ.

---

224. അതേ പുസ്തകം, പു.108.
225. അതേ പുസ്തകം, പു.97.
226. അതേ പുസ്തകം, പു.112.

v) ബഹുഭർത്തൃത്വം അനുചിതമാണെന്നു പറഞ്ഞ ദ്രുപദനോട് ധൃഷ്ടദ്യുമ്നൻ വാദിച്ചു ജയിച്ചുവെന്നും അർജ്ജുനനേക്കാൾ അഭികാമ്യൻ ഭീമനാണെന്ന് പറഞ്ഞുവെന്നും സൂചിപ്പിയ്ക്കുന്നു[227]. ശക്തനും തന്നോടൊപ്പം നിൽക്കുന്ന യോദ്ധാവുമായി ഭീമൻ പലപ്പോഴും ധൃഷ്ടദ്യുമ്നനെ കാണുന്നു ണ്ട്. ഈ അംഗീകാരം പരസ്പരം വെച്ചു പുലർത്തുന്നുണ്ട് ഇവർ. അതാണ് ധൃഷ്ടദ്യുമ്നനെ ഈയഭിപ്രായത്തിന് പ്രേരിപ്പിച്ചത്. ഭീമന്റെ മഹിമ എടുത്തു കാണിയ്ക്കാനുതകുന്നു ഈ കൂട്ടിച്ചേർക്കൽ.

### 6. ഇന്ദ്രപ്രസ്ഥം

i) ധൃതരാഷ്ട്രർ അർദ്ധരാജ്യമായി ഖാണ്ഡവപ്രസ്ഥം യുധിഷ്ഠിരനെ ഏല്പിച്ചു അർജ്ജുനനും കൃഷ്ണനും കൂടി കാടുപിടിച്ചു കിടന്ന ആ സ്ഥലം വെട്ടിത്തെളിച്ചു. കാട്ടിൽ താമസിച്ചിരുന്ന നാഗന്മാർ എതിർത്തെങ്കിലും വീടിനു തീ വെച്ചപ്പോൾ ഓടിയൊളിച്ചു. ആ സമയത്ത് ഭീമൻ സ്ഥലത്തുണ്ടായിരുന്നി ല്ല[228]. മൂലകൃതിയിലെ തക്ഷകന്റെ കഥയാണീ മാറ്റങ്ങളോടെ അവതരിപ്പിച്ചിരി യ്ക്കുന്നത്. ഇവിടത്തെ നാഗന്മാർ ഭീമനെ പ്രമാണകോടിയിൽ നിന്നു രക്ഷിച്ചവരാണ്. കഥയിലെ അമാനുഷികാംശം മാറ്റുന്നതോടൊപ്പം തന്നെ വിവരമറിഞ്ഞപ്പോൾ ഭീമന്റെ മനസ്സിലുണ്ടായ അസ്വസ്ഥതയെക്കുറിച്ച് പറയു ന്നതിലൂടെ ക്ഷത്രിയത്വത്തിന്റേയും അധികാരത്തിന്റേയും പേരിൽ കൃതഘ്നത കാണിയ്ക്കേണ്ടിവരുമ്പോൾ ദുഃഖിയ്ക്കുന്ന ആ മനസ്സിന്റെ ദൗർബ്ബല്യം കൂടി എടുത്തുകാണിയ്ക്കാനീ സന്ദർഭം നോവലിസ്റ്റ് ഉപയോഗിച്ചിരിയ്ക്കുന്നു.

ii) അസുരശില്പിയായ മയൻ. ഇവിടെ ദക്ഷിണദേശത്തുനിന്നും വന്ന ശില്പിയാണ്. പല തരം നിർമ്മാണരീതികളറിയുന്ന മയൻ വളരെ വിശിഷ്ട മായ ഒരു സഭ പാണ്ഡവർക്ക് നിർമ്മിച്ചുകൊടുത്തു. ഭീമന് ഒരു ഗദയും[229].

227. അതേ പുസ്തകം, പു.218.
228. അതേ പുസ്തകം, പു.116,128.
229. അതേ പുസ്തകം, പു.129,130.

ഇവിടേയും അമാനുഷികാംശം മാറ്റുക എന്നതു തന്നെയാണല്ലോ നോവലിസ്റ്റിന്റെ ലക്ഷ്യം.

## 7. അർജ്ജുനന്റെ തീർത്ഥയാത്ര

ദ്രൗപദി ഒരു വർഷം ഒരാളുടെ കൂടെ എന്ന നിയമം യുധിഷ്ഠിരനാണ് അമ്മയുടെ അഭിപ്രായമെന്ന് നിലയ്ക്ക് പറയുന്നത്[230]. യുധിഷ്ഠിരൻ ദ്രൗപദിയെ സ്വന്തമാക്കാൻ താല്പര്യമുള്ള, ദ്രൗപദിയ്ക്ക് അർജ്ജുനനോടുള്ള ഇഷ്ടത്തെക്കുറിച്ചറിയുന്നവനാണിവിടെ. ആ ചാപല്യം വ്യക്തമാക്കുക എന്ന ഉദ്ദേശ്യമായിരിയ്ക്കണം ഈ മാറ്റത്തിനു കാരണം. ഇതു കൂടുതൽ പ്രകടമാക്കുകയാണ് അർജ്ജുനൻ ആയുധങ്ങളെടുക്കാൻ യുധിഷ്ഠിരന്റെ കൊട്ടാരത്തിൽ കയറുകയും ദ്രൗപദിയെ കാണുകയും ചെയ്ത് നിയമലംഘനം നടത്തിയെന്ന കാര്യം യുധിഷ്ഠിരൻ കുന്തിയെ അറിയിച്ചതിലൂടെ[231]. അർജ്ജുനൻ തീർത്ഥയാത്ര പോകേണ്ടതില്ലെന്ന് യുധിഷ്ഠിരൻ പറയുന്നുണ്ടെങ്കിലും പോകണമെന്ന താല്പര്യം ആ വാക്കുകളിൽ പ്രകടമാകുന്നുണ്ട്[232]. ഉലൂപിയുടേയും ചിത്രാംഗദയുടേയും വിവാഹക്കാര്യം കേട്ടപ്പോൾ യുധിഷ്ഠിറിന് നീരസം തോന്നുന്നുണ്ട്[233]. സുഭദ്രയെ വിവാഹം ചെയ്യാൻ അർജ്ജുനൻ അനുമതി ചോദിച്ചതും സുഭദ്ര അർജ്ജുനന്റെ കൂടെ ഒളിച്ചോടാൻ തയ്യാറായതും ദ്രൗപദി കേൾക്കാൻ വേണ്ടിയെന്നോണം ഉറക്കെ പറയുകയാണ് യുധിഷ്ഠിരൻ[234]. ഈ സന്ദർഭങ്ങളെല്ലാം യുധിഷ്ഠിരന്റെ സ്വാർത്ഥത, അസൂയ, ദ്രൗപദിയോടുള്ള കാമം തുടങ്ങിയ ചാപല്യങ്ങൾ വ്യക്തമാക്കാനാണ് ഉപയോഗിച്ചിട്ടുള്ളത്.

---

230. അതേ പുസ്തകം, പു.116.
231. അതേ പുസ്തകം, പു.117.
232. അതേ പുസ്തകം, പു.117.
233. അതേ പുസ്തകം, പു.117.
234. അതേ പുസ്തകം, പു.118.

## 8. ജരാസന്ധവധം – ദ്രൗപദിയുടെ പ്രലോഭനം

ജരാസന്ധവധം ഭീമനേറ്റെടുക്കണമെന്ന് ദ്രൗപദി ആവശ്യപ്പെട്ടു. കുരുക്കൾക്കും പാഞ്ചാലർക്കും ജരാസന്ധനോട് പകയില്ല. യാദവരുടെ കുടിപ്പകതീർക്കാൻ കൃഷ്ണന്റെ വാക്കുകൾ കേട്ട് അർജ്ജുനൻ പുറപ്പെടരുത്. ആ സാഹസമേറ്റെടുക്കുന്നതിന് ദ്രൗപദി ഭീമന് തന്റെ ഊഴമാണ് വാഗ്ദാനം ചെയ്യുന്നത്[235]. നോവലിലെ ദ്രൗപദി ക്ഷാത്രവീര്യം തികഞ്ഞവളാണ്, അർജ്ജുനനെ മാത്രം കാമിച്ചവളാണ്, ഭീമൻ തന്നെ ആഗ്രഹിയ്ക്കുന്നുണ്ടെന്നറിയാമായിരുന്നിട്ടും ഭീമനെ തന്റെ ആവശ്യങ്ങൾ നിറവേറ്റിത്തരാനുള്ളവൻ എന്ന നിലയിൽക്കവിഞ്ഞൊരു പ്രാധാന്യം കൊടുക്കാതെ അവഗണിയ്ക്കുന്നവളാണ്. ദ്രൗപദിയുടെ ഈ പ്രത്യേകതകൾ വ്യക്തമാക്കാനാണിങ്ങനെയൊരു സന്ദർഭം നോവലിസ്റ്റിവിടെ കൂട്ടിച്ചേർത്തിരിയ്ക്കുന്നത്. ഒപ്പം തിരസ്കൃതനാകുന്ന ഭീമന്റെ വേദനയും അമർഷവും വ്യക്തമാക്കാനും.

## 9. ദ്യൂതം

i) ചൂതുകളിയ്ക്ക് ക്ഷണം ലഭിച്ചപ്പോൾ യുധിഷ്ഠിരൻ രഹസ്യമായി ആഹ്ലാദിയ്ക്കുന്നു, ആഗ്രഹിയ്ക്കുന്നു[236]. നോവലിൽ യുധിഷ്ഠിരന് ചൂത് ഒരു ലഹരിതന്നെയാണ്. യുധിഷ്ഠിരന്റെ ദൗർബ്ബല്യം എടുത്തുകാണിയ്ക്കാനാണിങ്ങിനെ അവതരിപ്പിച്ചിരിയ്ക്കുന്നത്. കുന്തിയ്ക്കും ഭീമനും ആപദ്ഭീതിയുണ്ട്. വിലപിടിച്ചതൊക്കെ നഷ്ടപ്പെടുത്തി തത്വജ്ഞാനവും പറഞ്ഞുകൊണ്ടുള്ള യുധിഷ്ഠിരന്റെ മടക്കയാത്ര ഭീമസേനൻ മനസ്സിൽ കണ്ടു. മയസഭയിൽ വെച്ചുണ്ടായ അപമാനത്തിനും ദ്രൗപദിയുടെ ചിരിയ്ക്കും ദുര്യോധനൻ പകരം വീട്ടുമോ എന്ന തോന്നൽ ഭീമന്റെ മനസ്സിലുണ്ട്[237]. ഭീമനും

---

235. അതേ പുസ്തകം, പു.131.
236. അതേ പുസ്തകം,പു.141.
237. അതേ പുസ്തകം, പു.141

കുന്തിയും യുധിഷ്ഠിരനെ എത്രത്തോളം മനസ്സിലാക്കിയിട്ടുണ്ടെന്നും, ഭീമൻ എത്ര ആഴത്തിൽ ചിന്തിയ്ക്കുന്നുണ്ടെന്നും  വ്യക്തമാക്കാനാണീ പരാമർശങ്ങൾ ഉപയോഗിച്ചിട്ടുള്ളത്.

സഹദേവനും അടിമയായിക്കഴിഞ്ഞാണ് കരുക്കളിൽ ചതിയുണ്ടെന്ന് യുധിഷ്ഠിരൻ സംശയം പ്രകടിപ്പിച്ചത്. തോറ്റെന്ന് സമ്മതിച്ചാൽ കളി നിർത്താമെന്ന്  ദുര്യോധനൻ പറഞ്ഞത് യുധിഷ്ഠിരൻ ചെവിക്കൊണ്ടില്ല[238]. ചൂതിനോടുള്ള താല്പര്യവും, ചിന്താശേഷിയുടെ കുറവും, വീണ്ടുവിചാരമില്ലായ്മയുമാണീ സന്ദർഭത്തിൽ വ്യക്തമാകുന്നത്.

യുധിഷ്ഠിരന്റെ ധർമ്മനിഷ്ഠയെ ചോദ്യം ചെയ്തുകൊണ്ട് ഭീമസേനൻ സഹദേവനോട് തീ കൊണ്ടുവരാൻ പറഞ്ഞത് തന്റെ കൈ പൊള്ളിയ്ക്കാനാണ്[239]. മൂലകൃതിയിലെ പരാമർശം ഭീമന്റെ വ്യക്തിത്വത്തിന് കളങ്കമേല്പിയ്ക്കുമെന്നതിനാലാകാം ഈ മാറ്റം.

ദ്രൗപദി ധൃതരാഷ്ട്രരോട് എന്തോ സംസാരിച്ചുവെന്നേ നോവലിൽ പറയുന്നുള്ളൂ.  അതൊരാവശ്യപ്പെടലായിരുന്നുവോ, അഭ്യർത്ഥനയായിരുന്നുവോ എന്നു  പറയുന്നില്ല. ധൃതരാഷ്ട്രർ ആദ്യവരമായി ദ്രൗപദിയേയും അടുത്ത വരമായി പാണ്ഡവരേയും സ്വതന്ത്രരാക്കി[240]. ധീരയും, ആവശ്യമായ സന്ദർഭങ്ങളിൽ യുധിഷ്ഠിരനെ ചോദ്യം ചെയ്യാൻ മടിയ്ക്കാത്തവളുമാണ് നോവലിലെ ദ്രൗപദി. അതുകൊണ്ടായിരിയ്ക്കണം ഇത്രയേറെ അപമാനിയ്ക്കപ്പെട്ടു നിൽക്കുന്ന ഒരു സന്ദർഭത്തിൽ, ഭർത്താക്കന്മാരിൽ നിന്നും സുരക്ഷിതത്വം പ്രതീക്ഷിയ്ക്കാനില്ലാത്ത അവസ്ഥയിൽ ദ്രൗപദി സ്വരക്ഷയ്ക്ക് പ്രാധാന്യം  നൽകി തന്റെ സ്വാതന്ത്ര്യത്തിന് മുൻഗണന കൊടുത്തത്.

---

238. അതേ പുസ്തകം, പു.145.
239. അതേ പുസ്തകം,  പു.148.
240. അതേ പുസ്തകം,  പു.150.

ii) ഇന്ദ്രപ്രസ്ഥത്തിലേയ്ക്ക് പോകാനൊരുങ്ങവേ ധൃതരാഷ്ട്രരുടെ ദൂതൻ വന്ന് വീണ്ടും ദ്യൂതത്തിന് ക്ഷണിയ്ക്കുന്നുവെന്നറിയിച്ചപ്പോൾ എല്ലാം തിരിച്ചുനേടാം എന്ന ചൂതാട്ടക്കാരന്റെ പ്രത്യാശയായിരുന്നു യുധിഷ്ഠിരന്. കുന്തിയുടെ ദീർഘനിശ്വാസം യുധിഷ്ഠിരനെ ഉപദേശിച്ച് പിന്തിരിപ്പിയ്ക്കാൻ കഴിയാത്തത്ര ചൂതിനോടുള്ള ആസക്തി അയാൾക്കുണ്ടെന്ന് വ്യക്തമാക്കുന്നു[241]. ഭീമൻ ദ്യൂതത്തിന് സാക്ഷിയായി നിന്നില്ല. അതിഥിമന്ദിരത്തിലിരുന്ന് മദ്യപിച്ചു വിവരങ്ങൾ നകുലസഹദേവന്മാരറിയിച്ചുകൊണ്ടിരുന്നു. എല്ലാം നഷ്ടപ്പെട്ട് വീണ്ടും കാടുകയറണമെന്ന് കേട്ടപ്പോഴും ഭീമൻ തികഞ്ഞ ശാന്തത യാണ് പ്രകടിപ്പിയ്ക്കുന്നത്[242]. യുധിഷ്ഠിരന്റെ ചാപല്യത്തിന്റെ ആഴം ശരിയ്ക്കറിയാമായിരുന്ന ഭീമൻ പ്രതികരിച്ചിട്ട് കാര്യമില്ലെന്നതുകൊണ്ട് ശാന്തതയവലംബിച്ചു.

## 10.കാമ്യകവനത്തിൽ

i) കാമ്യകവനത്തിൽ വെച്ച് പാണ്ഡവർ താമസിയ്ക്കാൻ തെരഞ്ഞെ ടുത്ത സ്ഥലം തന്റെ വേട്ടസ്ഥലമാണെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയ കാട്ടാളത്തലവനായിരുന്നു കിർമ്മീരൻ. ബകസഹോദരനായ കിർമ്മീരന് ഭീമൻ തന്റെ ജ്യേഷ്ഠനെ വധിച്ചത് നേർവഴിയ്ക്കായതിനാൽ പകയില്ലായിരുന്നു. ഹിഡിംബന്റെ സുഹൃത്തായിരുന്ന കിർമ്മീരൻ ഹിഡിംബിയെ വിവാഹം കഴിയ്ക്കാനാഗ്രഹിച്ചിരുന്നു. ഭീമൻ അവളെ ഉപേക്ഷിച്ചതിലായിരുന്നു അയാൾക്ക് ദേഷ്യം. മായാവിദ്യകൊണ്ട് ഭീമൻ ഹിഡിംബിയെ മയക്കിയെടു ത്തതാണെന്ന് അയാൾ വിശ്വസിച്ചു. തെറ്റിദ്ധാരണ നീങ്ങി ഇരുവരും സൗഹൃദം സ്ഥാപിയ്ക്കുകയാണ് ചെയ്തത്[243]. ഭീമൻ നിഷാദപുത്രനാണെന്ന വസ്തുത യിലേയ്ക്കുള്ള ആ സൂചനയാകുന്നുണ്ട് ഈ നിബന്ധനം. അതു

241. അതേ പുസ്തകം, പു.151.
242. അതേ പുസ്തകം, പു.152.
243. അതേ പുസ്തകം, പു.156,157.

കൊണ്ടാണല്ലോ കിർമ്മീരനെ മനസ്സിലാക്കാനും സുഹൃത്താക്കാനും സാധിച്ചത്. ഭീമന്റെ മനസ്സിന്റെ മാർദ്ദവം പ്രകടമാക്കാനും ഈ സന്ദർഭം പ്രയോജനപ്പെടുന്നു. കിർമ്മീരനിൽ നിന്നാണ് ഘടോൽക്കചനെക്കുറിച്ച് ഭീമനറിയുന്നത്. ഹിഡിംബിയെക്കുറിച്ചോർക്കുന്ന ഒരു ഭർത്താവും അച്ഛനുമായ ഭീമന്റെ സ്വകാര്യദുഃഖവും ഇവിടെ പ്രകടമാകുന്നു.

ii) ദുര്യോധനാദികളുടെ ശക്തിയെക്കുറിച്ച് കേട്ട് ഭയക്കുന്നവനായല്ല നോവലിൽ ഭീമനെ ചിത്രീകരിച്ചിരിയ്ക്കുന്നത്. കരുത്തനായ ഭീമന്റെ വ്യക്തിത്വത്തിനത് കളങ്കമേല്പിയ്ക്കുമെന്നതിനാലാകാം ദുര്യോധനനും ദുശ്ശാസനനുമൊത്തുള്ള മല്ലയുദ്ധത്തേയും യുദ്ധമുറകളേയും പറ്റി ചിന്തിച്ചാണ് ഭീമസേനൻ ഒഴിവുവേളകൾ കഴിച്ചു കൂട്ടിയിരുന്നതെന്ന് പറയുന്നു[244].

iii) ദിവ്യാസ്ത്രങ്ങൾ തേടിയുള്ള യാത്രയെ മാനുഷികവൽക്കരിയ്ക്കാനാകാം, അർജ്ജുനൻ പുതിയ ആയുധങ്ങളെപ്പറ്റി അറിവു നേടാനായാണ് യാത്രയ്ക്കൊരുങ്ങിയത് എന്ന് പറഞ്ഞിരിയ്ക്കുന്നു. തങ്ങൾക്കു വന്നു ചേർന്നിരിയ്ക്കുന്ന ദുർവ്വിധിയിലും യുധിഷ്ഠിരന്റെ നിഷ്ക്രിയത്വത്തിലുമെല്ലാം അർജ്ജുനന് അസംതൃപ്തിയുമുണ്ടായിരുന്നു[245]. അർജ്ജുനൻഒരു മാറ്റമാഗ്രഹിയ്ക്കാൻ കാരണം സൂചിപ്പിയ്ക്കുന്നതിലൂടെ യുധിഷ്ഠിരനോട് സഹോദരർക്ക് മനസ്സിലുണ്ടായിരുന്ന പ്രതിഷേധം വ്യക്തമാക്കാനും ഈ സന്ദർഭം നോവലിസ്റ്റ് ഉപയോഗിയ്ക്കുന്നു.

## 11. പാണ്ഡവരുടെ തീർത്ഥയാത്ര

i) ഗന്ധമാദനം കയറാൻ ദ്രൗപദി വിഷമിച്ചപ്പോൾ ഘടോൽക്കചനും കൂട്ടരുമാണ് സഹായിച്ചത്. കഥയിലെ അമാനുഷികാംശം ഒഴിവാക്കാനായി ഭീമൻ സ്മരിച്ചപ്പോൾ സഹായത്തിനെത്തിയതായല്ല, കാട്ടിൽ വെച്ച്

244. അതേ പുസ്തകം, പു.161.
245. അതേ പുസ്തകം, പു.150,160.

യാദൃച്ഛികമായി ഘടോൽക്കചനെ കണ്ടുമുട്ടുന്നതായാണ് പറഞ്ഞിരിയ്ക്കുന്നത്. താൻ കാട്ടിലുപേക്ഷിച്ചുപോന്ന, പിന്നീടൊരിക്കലും അന്വേഷിയ്ക്കാത്ത ഹിഡിംബിയിൽ തനിയ്ക്കു പിറന്ന മകനെ കാലങ്ങൾക്കുശേഷം അവിചാരിതമായി കണ്ടപ്പോൾ ഭീമനുണ്ടായ അത്ഭുതവും, കുറ്റബോധവും, ക്ഷത്രിയത്വത്തിന്റെ പേരിൽ മകനോട് തന്റെ വാത്സല്യം പ്രകടിപ്പിയ്ക്കാൻ കഴിയാതെ പോകുന്നതിന്റെ ദുഃഖവും കലർന്ന് വൈകാരിക സംഘർഷം[246] പ്രകടമാക്കാനും നോവലിസ്റ്റ് ഈ സന്ദർഭം പ്രയോജനപ്പെടുത്തിയിരിക്കുന്നു.

ii) കല്യാണസൗഗന്ധികകഥ ഇവിടെ വെറുമൊരു പുഷ്പാന്വേഷണമാണ്. ഹനുമാനുമായുള്ള കൂടിക്കാഴ്ചയും കുബേരഭടന്മാരോടൊത്തുള്ള പോരാട്ടവും സൂതന്മാർ പറഞ്ഞുണ്ടാക്കിയ രസകരമായ കഥകളാണെന്ന് പരാമർശിച്ചത് അമാനുഷികാംശം നീക്കം ചെയ്യാനായിരിയ്ക്കണം. ദ്രൗപദി മോഹം പറഞ്ഞപ്പോൾ സൗഗന്ധികപുഷ്പം തേടിച്ചെന്ന ഭീമൻ കുബേരനെ നേരിൽ കാണാനുള്ള ആഗ്രഹം കൊണ്ട് കുബേരഭൃത്യന്മാരുടെ തടവിൽ ഒരു രാത്രി കഴിച്ചുകൂട്ടി. ഭീമന്റെ സത്യാവസ്ഥ അറിയാൻ കുബേരഭൃത്യർ സഹോദരന്മാരെ തേടിപ്പിടിച്ച് വിവരമറിയിച്ചു. എല്ലാവരും ഭീമനെ അന്വേഷിച്ചെത്തി. കൂടെ ഘടോൽക്കചനുമുണ്ടായിരുന്നു. ഭീമൻ ദ്രൗപദിയ്ക്കു സമ്മാനിച്ച സൗഗന്ധികപുഷ്പങ്ങൾ ദ്രൗപദി വളരെ അശ്രദ്ധമായി യുധിഷ്ഠിരന് നൽകി[247]. വഴിയരികിലൊരിടത്ത് ആ പുഷ്പങ്ങൾ ഉപേക്ഷിയ്ക്കപ്പെട്ടതും ഭീമൻ കണ്ടു. ദ്രൗപദിയും യുധിഷ്ഠിരനും ഭീമനോട് കാണിയ്ക്കുന്ന അവഗണന വ്യക്തമാക്കാനാണീ സന്ദർഭം പ്രയോജനപ്പെടുത്തുന്നത്. ഇങ്ങനെ ഭീമൻ അവഗണിയ്ക്കപ്പെടുന്നതും അപമാനിയ്ക്കപ്പെടുന്നതും അയാൾ അവഗണിച്ച ഹിഡിംബിയുടെ മകന്റെ മുന്നിൽ വെച്ചും. ഭീമന് കടുത്ത ആത്മനിന്ദയുളവാക്കുന്ന ഒരു സന്ദർഭം കൂടിയാണിത്.

246. അതേ പുസ്തകം, പു.166–168.

247. അതേ പുസ്തകം, പു.169–172.

iii) അസുരഗോത്രത്തിൽപെട്ട ജടൻ ദ്രൗപദിയെ അപഹരിയ്ക്കാൻ ശ്രമിച്ചു. ഭീമൻ ജടനെ യുദ്ധത്തിൽ പരാജയപ്പെടുത്തിയെങ്കിലും കൊന്നില്ല. കാഴ്ചക്കാർക്കുവേണ്ടി ഒരു വധം നടത്താൻ ഭീമന് മനസ്സു വന്നില്ല. ഭീമന്റെ മനസ്സിന്റെ മാർദ്ദവം കാണിയ്ക്കാനാകാം ഈ മാറ്റം. കാട്ടാളന്മാരുടെ ഉപദ്ര വത്തെപ്പറ്റി പരാമർശങ്ങൾ നടന്നത് ഘടോൽക്കചന്റെ സാന്നിദ്ധ്യത്തിലാണ്. ജടൻ നിഷാദഗോത്രമല്ല, അസുരഗോത്രമാണെന്നു പറയുന്നതും ഘടോൽക്ക ചൻ തന്നെ. കാഴ്ചദ്രവ്യം പോലെ ഘടോൽക്കചനും കൂട്ടരും യുധിഷ്ഠി രന്റെ കാൽക്കൽ സമർപ്പിച്ചത് ജടന്റെ അറുത്തെടുത്ത തലയായിരുന്നു[248]. കാട്ടാളന്റെ അഭിമാനം സൂചിപ്പിയ്ക്കാൻ കൂടിയായിരിയ്ക്കാം നോവലിസ്റ്റ് മൂലകൃതിയിൽ നിന്ന് ഇങ്ങനെ വ്യതിചലിച്ചത്.

iv) ആർഷ്ടിഷേണന്റെ ആശ്രമത്തിൽ താമസിയ്ക്കുന്ന കാലത്ത് പാഞ്ചാ ലിയുടെ ആഗ്രഹപ്രകാരം ശൈലാഞ്ചലത്തിൽ താമസിയ്ക്കാൻ പറ്റിയസ്ഥല ങ്ങളുണ്ടോ എന്നു നോക്കാൻ ചെന്ന ഭീമനെ കുബേരന്റെ ആശ്രിതനായ മണിമാൻ എന്ന വേടത്തലവനും കൂട്ടരുമെതിർത്തു. ഭീമൻ അവരെ ഭീഷണി പ്പെടുത്തി അവിടെനിന്നു മാറ്റുകയും വിശ്രമിയ്ക്കാനുള്ള സ്ഥലമൊരുക്കാനും വഴി സുഗമമാക്കാനും അവരുടെ സഹായം ഉപയോഗിയ്ക്കുകയുമാണ് ചെയ്തത്[249]. മൂലകൃതിയിൽ നിന്നും വ്യത്യസ്തമായി നോവലിലെ ഭീമൻ യുദ്ധവും വധവും രക്തച്ചൊരിച്ചിലുമൊക്കെ ആവുന്നത്ര ഒഴിവാക്കാനാഗ്ര ഹിയ്ക്കുന്നവനാണ്. കാട്ടാളന്മാരുമായി സൗഹൃദം സ്ഥാപിയ്ക്കുന്ന ഭീമന്റെ രീതിയും നിഷാദപുത്രനെന്ന സത്യത്തിലേയ്ക്കെത്തിക്കാൻ തുടക്കം മുതൽക്കേ നോവലിസ്റ്റ് നിബന്ധിയ്ക്കുന്നുണ്ട്. മൂലകൃതിയിലെ മണിമദ്വധം ഇത്തരത്തിൽ മാറ്റിയത് ഇക്കാരണങ്ങളാലാകണം.

248. അതേ പുസ്തകം, പു.173–175.

249. അതേ പുസ്തകം, പു.176.

v) കാലകേയവധവും ഇവിടെ വ്യത്യസ്തമാണ്. കഥ മാനുഷികവൽക്കരിയ്ക്കാനാകണം കാലകേയൻ ഇവിടെ ഒരു ഗോത്രത്തലവനാണ്. അർജ്ജുനന് കാലകേയനുമായി യുദ്ധം ചെയ്യേണ്ടി വന്നു[250], അയാളെ വധിച്ചു എന്നു മാത്രമേ പറയുന്നുള്ളൂ.

## 12. ഘോഷയാത്ര

ഘോഷയാത്രയ്ക്കിടയിൽ കൗരവരെ ബന്ധനസ്ഥരാക്കിയ ചിത്രവാഹനന്റെ ഭടന്മാരോട് പാണ്ഡവർ സന്ധിപറഞ്ഞ് ദുര്യോധനാദികളെ വിമുക്തരാക്കി. ആദ്യം സഹകരിയ്ക്കില്ലെന്നു പറഞ്ഞ് എതിർത്തുനിന്ന അനുജന്മാരെ രാജതന്ത്രമതാണെന്ന് വ്യക്തമാക്കി അനുസരിപ്പിയ്ക്കുകയാണ് യുധിഷ്ഠിരൻ ചെയ്തത്[251]. യുധിഷ്ഠിരന്റെ നയതന്ത്രത്തിൽ ഭീമന് മമതയുണ്ടാകുന്ന ഒരു സന്ദർഭമായി നോവലിസ്റ്റ് ഈ അവസരം പ്രയോജനപ്പെടുത്തിയിരിയ്ക്കുന്നു.

## 13. ദുര്യോധനന്റെ യാഗം

ദുര്യോധനൻ വലിയൊരു യാഗം നടത്തി. ആവശ്യമെങ്കിൽ സൈന്യവും സഹായവും നൽകണമെന്നർത്ഥിയ്ക്കാൻ പല രാജ്യങ്ങളിലും സഞ്ചരിയ്ക്കുന്ന കർണ്ണനെ ദിഗ്വിജയത്തിനെത്തിയ പോലെ പലരും എതിരേറ്റു[252]. ഇവിടെ കർണ്ണന്റെ ദിഗ്വിജയത്തിൽ ഇങ്ങനെയൊരു മാറ്റം നോവലിസ്റ്റ് കർണ്ണനെ അജയ്യനായി ചിത്രീകരിയ്ക്കാനുദ്ദേശിയ്ക്കാത്തതിനാലാകാം രാജസൂയം നടത്താതിരുന്നതിലുള്ള കാരണത്തിലും മാറ്റമുണ്ട്. പാണ്ഡവരെ ജയിയ്ക്കാൻ കഴിയാതെ നടത്തുന്ന രാജസൂയം ആരും അംഗീകരിയ്ക്കില്ലെന്നതുകൊണ്ടാണ് കൗരവരതിന് ധൈര്യപ്പെടാത്തതെന്ന്

250. അതേ പുസ്തകം, പു.178.
251. അതേ പുസ്തകം, പു.185, 186.
252. അതേ പുസ്തകം, പു.187.

സഹദേവൻ പറയുന്നു[253]. വനവാസക്കാലത്ത് പാണ്ഡവരുടെ മനസ്സിലടക്കിപ്പിടിച്ച അമർഷത്തിന്റെ ബഹിർഗമനവും, കൗരവരേക്കാൾ ശക്തരാണ് തങ്ങളെന്നുള്ള ആത്മവിശ്വാസവും ഇവിടെ പ്രകടമാകുന്നു.

**14. അജ്ഞാതവാസം**

അജ്ഞാതവാസത്തിന് വിരാടപുരി നിർദ്ദേശിയ്ക്കുന്നതും, വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതും, അജ്ഞാതവാസത്തിന്റെ കാലപരിധി കഴിഞ്ഞപ്പോൾ അത് പാണ്ഡവരാണെന്ന് വെളിപ്പെടുത്തുന്നതും, ഉത്തരയും അഭിമന്യുവുമായുള്ള വിവാഹക്കാര്യം നിർദ്ദേശിയ്ക്കുന്നതും കൃഷ്ണനാണ്[254]. കൃഷ്ണന്റെ സൂത്രധാരത്വം തീവ്രമായിത്തുടങ്ങുന്നത് ഇവിടെയാണ്. അതിനാകാം ഇങ്ങനെ ചില മാറ്റങ്ങൾ വരുത്തിയത്. ഉത്തരയുടെ വിവാഹക്കാര്യം വന്നപ്പോൾ താൻ തന്നെയാണ് വരൻ എന്ന് അർജ്ജുനൻ വിചാരിച്ചു എന്നൊരു നിബന്ധനമുണ്ട്[255]. ഇവിടെ അർജ്ജുനനെ സുന്ദരനും സ്ത്രീകളെ ആകർഷിയ്ക്കാൻ കഴിവുള്ളവനുമായാണ് അവതരിപ്പിച്ചിരിയ്ക്കുന്നത്. അതുകൊണ്ടായിരിയ്ക്കാം മൂലകഥയിൽ നിന്നും വ്യത്യസ്തമായി ഈ മാറ്റം വരുത്തിയത്.

**15. സന്ധിശ്രമം.**

i) പാതിരാജ്യം തന്നാൽ സന്ധിയാകാമെന്നു പറഞ്ഞ് ഒരു ദൂതനെ ഹസ്തിപുരത്തേയ്ക്കയയ്ക്കാമെന്നു ഇവിടെ തീരുമാനിയ്ക്കുന്നതു ദ്രുപദനാണ്. നോവലിൽ ദ്രുപദൻ കൂടുതൽ ധീരനും പക്വമതിയും യുദ്ധകാര്യത്തിൽ താല്പര്യവും പങ്കും ഏറ്റെടുത്തവനുമാണ്. ദ്രുപദന്റെ തന്ത്രപരമായ പക്വത ദ്രോണനിർദ്ദേശമനുസരിച്ച് തന്നോടെതിർക്കാൻ വന്ന അർജ്ജുനനേയും ഭീമനേയും സ്വീകരിച്ച സന്ദർഭത്തിൽ[256] നിന്നു തന്നെ

253. അതേ പുസ്തകം, പു.181.
254. അതേ പുസ്തകം, പു.190,191,209,210.
255. അതേ പുസ്തകം, പു.210.
256. അതേ പുസ്തകം, പു.96.

വ്യക്തമാകുന്നുണ്ട്.

ii) അർദ്ധരാജ്യം പോലും നിരസിച്ചുകൊണ്ട് ധൃതരാഷ്ട്രരയച്ച ദൂതനോട് പാണ്ഡവർ യുദ്ധസന്നദ്ധരാണെന്ന തീരുമാനം താനല്ല പറയേണ്ടതെന്നോർക്കാതെ യുധിഷ്ഠിരനെ മറികടന്ന് ഭീമൻ പറഞ്ഞു[257] ധൃതരാഷ്ട്രരുടെ അപനയത്തോട് ഭീമനുള്ള ക്രോധവും യുദ്ധാവേശവും ഇവിടെ വ്യക്തമാകുന്നു. യുധിഷ്ഠിരൻ തന്റെ മറുപടി സഞ്ജയനോട് രഹസ്യമായാണ് പറയുന്നത്. പിന്നീട് ഭീമനെ വിളിച്ച് യുദ്ധമൊഴിവാക്കാൻ അർദ്ധരാജ്യമോ അഞ്ചുഗ്രാമങ്ങളോ മതിയെന്ന് താൻ നിശ്ചയിയ്ക്കുന്നു വെന്ന് പറഞ്ഞു. ഇരുവരും തമ്മിൽ  കലഹമുണ്ടായി. യുധിഷ്ഠിരൻ വെല്ലുവിളിയുടെ മട്ടിലാണ് ഭീമനോട് സംസാരിച്ചത്[258]. ഇവിടെ മൂലകൃതി യിൽ നിന്നും വ്യത്യസ്തമായി സമാധാനകാംക്ഷിയായ യുധിഷ്ഠിരനെയല്ല, സഹോദരന്മാരോടുപോലും ആലോചിയ്ക്കാതെ തീരുമാനങ്ങളെടുക്കാൻ തനിയ്ക്കധികാരമുണ്ടെന്ന് കരുതുന്നവനും, നിഷ്ക്രിയനും, ഭീരുവുമൊക്കെ യായ യുധിഷ്ഠിരനെയാണ്  കാണുന്നത്.

iii) യുധിഷ്ഠിരനുമായുണ്ടായ കലഹത്തിന്റെ നീരസം കൊണ്ടാണ് എല്ലാ വരും യുദ്ധത്തെക്കുറിച്ച് ചർച്ച നടത്തിയപ്പോൾ ഭരതവംശത്തെ രക്ഷിയ്ക്കാൻ താൻ ദുര്യോധനന്റെ ദാസനാകാനും തയ്യാറാണെന്ന് ഭീമൻ പറഞ്ഞത്. കൃഷ്ണനോടും മറുത്തു സംസാരിയ്ക്കേണ്ടിവന്നു. പുറമേയ്ക്ക് അക്ഷോഭ്യ നായിത്തന്നെയാണ് സംസാരിച്ചതെങ്കിലും ആ വാക്കുകളിൽ കടുത്ത അമർഷം പ്രകടമാകുന്നുണ്ട്. എല്ലാവർക്കും തന്നോടുണ്ടായ ദേഷ്യം കണ്ടുണ്ടായ ക്ഷോഭം ഭീമൻ പ്രകടിപ്പിച്ചത് ഒരു മദയാനയോടാണ്. പക്ഷേ ധൃഷ്ടദ്യുമ്നനും ദ്രൗപദിയും തന്നെ തെറ്റിദ്ധരിച്ചിട്ടില്ല എന്നു കണ്ടപ്പോൾ ശാന്തനാവുകയും

257. അതേ പുസ്തകം, പു.214

258. അതേ പുസ്തകം, പു.215.

ചെയ്തു[259]. ഭീമനും ധൃഷ്ടദ്യുമ്നനും പരസ്പരം അംഗീകരിയ്ക്കുന്നവരാണ്. ദ്രൗപദിയോട് ഭീമന് ആരാധനയുമുണ്ട്. ഏറ്റവുമധികം ഉപദ്രവിച്ചവരെ എതിർക്കേണ്ടതിനുപകരം ശമമാഗ്രഹിയ്ക്കുന്നതുകണ്ടപ്പോൾ, ശത്രുക്കളെ എതിരിടേണ്ട രീതികളെക്കുറിച്ച് സദാ ചിന്തിച്ചു കൊണ്ടിരുന്ന ഭീമനത് ഷണ്ഡത്വമായാണ് തോന്നിയത്. ആ പ്രതിഷേധമാണ്  ഭീമനെ വ്യത്യസ്തമായി പ്രതികരിയ്ക്കാൻ നിർബ്ബന്ധിച്ചത്. ആ കലഹത്തെപ്പറ്റി ഭീമൻ ആരോടും പറയുന്നുമില്ല. ഭീമന്റെ വാക്കുകൾ മാത്രം കേട്ടവർക്ക് ഭീമനോട് ദേഷ്യം തോന്നി. അതിലയാൾക്ക് ക്ഷോഭവുമുണ്ട്. ഭീമന് ഇവിടെ നൽകിയിരിയ്ക്കുന്ന വ്യക്തിത്വത്തിന്റെ പ്രത്യേകതകളായ അന്തർമുഖത്വം, യുധിഷ്ഠിരന്റെ ചാപല്യങ്ങളോടുള്ള അമർഷം, അതുകൊണ്ട് അനുഭവിയ്ക്കേണ്ടി വരുന്ന ദുരിതങ്ങളിലുള്ള പ്രതിഷേധം, തന്നെ മറ്റുള്ളവർ പരിഗണിയ്ക്കുകയും  മനസ്സിലാക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന  സന്തോഷവും സമാധാനവും – ഒക്കെ ഈ സന്ദർഭത്തിൽ പ്രകടമാകുന്നു. അതിലുപരി മൂലകൃതിയിലെ ഭീമന്റെ സമാധാനചിന്ത അയാളെ ഷണ്ഡനാക്കുന്നു എന്നു തോന്നലായിരിയ്ക്കണം ഇങ്ങനെയൊരു സംഭവം കൂട്ടിച്ചേർക്കാൻ നോവലിസ്റ്റിനെ പ്രേരിപ്പിച്ചത്.

iv) യുധിഷ്ഠിരന്റെ ദൂതനായി സന്ധിശ്രമത്തോടെ ഹസ്തിനപുരിയിലേക്ക് പോയ കൃഷ്ണൻ തിരിച്ചുവന്ന് ദുര്യോധനന്റെ വിസമ്മതവും, യുദ്ധത്തിനൊരുങ്ങണമെന്ന കുന്തിയുടെ സന്ദേശവും പറഞ്ഞു. യുധിഷ്ഠിരനോട് മറുപടി ആരാഞ്ഞു നിൽക്കുന്നവരോട് അഭിമന്യുവിന്റെ വിവാഹക്കാര്യം പറഞ്ഞ് ഒഴിഞ്ഞുമാറാനുള്ള ശ്രമം നടത്തുംപോലെയാണ് അദ്ദേഹം പെരുമാറിയത്.കൃഷ്ണൻ ക്ഷമ നശിച്ച് എന്തു ചെയ്യണമെന്ന് തുറന്നു ചോദിച്ചപ്പോഴാണ് യുധിഷ്ഠിരൻ ശാന്തനായിത്തന്നെ യുദ്ധമാവാമെന്ന് പറഞ്ഞത്[260]. ഗത്യന്തരമില്ലാത്ത ഘട്ടത്തിൽ ഉറച്ച തീരുമാനം ശാന്തമായിത്തന്നെ സ്വീകരി

259. അതേ പുസ്തകം, പു.219.

260. അതേ പുസ്തകം,പു.221

യ്ക്കാനുള്ള യുധിഷ്ഠിരന്റെ കഴിവാണിവിടെ കണ്ടത്. പെട്ടെന്ന് മനസ്സിലാക്കാൻ കഴിയാത്ത വിധം വ്യത്യസ്തത പുലർത്തുന്ന യുധിഷ്ഠിരന്റെ പെരുമാറ്റ രീതിയെക്കുറിച്ച് നോവലിൽ പരാമർശവുമുണ്ട്[261].

## 16. യുദ്ധാരംഭം

i) പാണ്ഡവപക്ഷത്തെ സേനാനായകൻ ആരാകണമെന്ന ചർച്ചയിൽ ഭീമൻ ശിഖണ്ഡിയുടെ പേരു പറഞ്ഞത് അയാൾക്ക് കൊലയൊരു വിനോദമാണെന്ന് കണ്ടാണ്. അന്യനാകയാൽ മറുപക്ഷത്ത് ആചാര്യന്മാരും പിതാമഹനും നിൽക്കുമ്പോൾ അസ്വസ്ഥത തോന്നാനിടയില്ലെന്ന ഒരു യുദ്ധതന്ത്രവും ഭീമനുദ്ദേശിച്ചു[262]. അംബയുടെ പുനർജന്മമാണ് ശിഖണ്ഡി യെന്ന കഥ ഇവിടെ നോവലിസ്റ്റ് സ്വീകരിച്ചിട്ടില്ല. മൂലകഥയിലെ പോലെ പ്രതികാരദാഹിയായി ചിത്രീകരിച്ചിട്ടില്ലെങ്കിലും ഭീതിദമായ ഒരു മുഖഭാവം ശിഖണ്ഡിയ്ക്കുള്ളതായി പറയുന്നു.

ii) കൗരവപക്ഷത്ത് സേനാനായകനെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ കലഹമുണ്ടായി, കർണ്ണൻ പിണങ്ങി, ജയദ്രഥനും ഭഗദത്തനും സ്ഥാനത്തിനു വേണ്ടി മത്സരിച്ചു, അവസാനം ദുര്യോധനൻ തന്നെ ഭീഷ്മരെ നിശ്ചയിച്ചു എന്നെല്ലാം കൂട്ടിച്ചേർത്തിരിയ്ക്കുന്നു[263]. കൗരവപക്ഷത്തെ അനൈക്യം സൂചിപ്പിയ്ക്കാനാകാം ഈ മാറ്റം.

iii) കൃഷ്ണൻ സന്ധിയ്ക്കു ശ്രമിച്ചവനാകയാൽ യുദ്ധം ചെയ്യുന്നത് ശരിയല്ല എന്ന് ആചാര്യന്മാരുടെ പ്രേരണ കാരണം ദുര്യോധനനും ധൃതരാഷ്ട്രരും പറഞ്ഞു, കൃഷ്ണൻ ആയുധമെടുക്കില്ലെന്ന് ശപഥം ചെയ്തു എന്നൊരു മാറ്റം നോവലിൽ കാണുന്നു[264]. നോവലിലെ കൃഷ്ണൻ

261. അതേ പുസ്തകം, പു.187.
262. അതേ പുസ്തകം, പു.225.
263. അതേ പുസ്തകം, പു.231.
264. അതേ പുസ്തകം, പു.227.

അവതാരപുരുഷനല്ല, പാണ്ഡവപക്ഷപാതിയാണ്. അങ്ങനെയൊരാൾ സ്വമേധയാ ആയുധമെടുക്കില്ലെന്ന് തീരുമാനിയ്ക്കുന്നതിലുള്ള പൊരുത്തക്കേടാകാം ഈ മാറ്റത്തിന് നോവലിസ്റ്റിനെ പ്രേരിപ്പിച്ചത് അപ്പോൾ തന്റെ സൈന്യം വിട്ടുകൊടുത്തു എന്ന വസ്തുതയ്ക്ക് സാംഗത്യമില്ലല്ലോ. അതുകൊണ്ടാകാം ബലരാമൻ നേരത്തെ വാക്കുകൊടുത്തതിനാൽ യാദവസൈന്യം വിട്ടുകൊടുത്തു[265] എന്ന് മാറ്റിയത്.

iv) ഭീഷ്മവധം ചെയ്യാമെന്ന് ശിഖണ്ഡി സ്വയം ഏൽക്കുന്നു. അയാളുടെ വാക്കുകളും സ്വരവും രൂപവുമെല്ലാം ഒരു ഘാതകനു ചേർന്ന ഭീകരതയോടെ അവതരിപ്പിച്ചിരിയ്ക്കുന്നു[266]. അർജ്ജുനൻ ഭീഷ്മാചാര്യരെ വീഴ്ത്തിയതിലും ഒരു പുതിയ തന്ത്രം ഇവിടെ ചേർത്തിട്ടുണ്ട്[267]. അംബയുടെ പുനർജന്മമെന്ന കഥയിൽ നിന്ന് ശിഖണ്ഡിയെ മുക്തനാക്കാനാകണം ഈ വ്യതിയാനം.

### 17. യുദ്ധം

i) ഭീഷ്മപരാക്രമവും, അർജ്ജുനനെതിർക്കാനുള്ള മടിയും കണ്ട് കുപിതനായ കൃഷ്ണൻ ചമ്മട്ടിയെടുത്ത് ഭീഷ്മരെ ആക്രമിയ്ക്കാനൊരുങ്ങി. അർജ്ജുനൻ തടഞ്ഞപ്പോൾ ആയുധമെടുക്കില്ലെന്നാണ് തന്റെ ശപഥം,ചമ്മട്ടി ഒരായുധമല്ല എന്നായിരുന്നു കൃഷ്ണന്റെ മറുപടി[268]. ശപഥത്തിലും പഴുത് കണ്ടെത്താൻ കഴിവുള്ള കൃഷ്ണന്റെ തന്ത്രം സൂചിപ്പിയ്ക്കാനുള്ള ഒരു സന്ദർഭമായാകാം നോവലിസ്റ്റ് ഈ അവസരം കണ്ടത്.

ഭീഷ്മർ സ്വച്ഛന്ദമൃത്യുവാണെന്നും ഉത്തരായനം കാത്തുകിടക്കുകയാണെന്നുമുള്ള കഥ ഇവിടെ സ്വീകരിച്ചിട്ടില്ല. മരിച്ചിട്ടില്ല, മരണാസന്നനാണ് എന്നുമാത്രം പറഞ്ഞിരിയ്ക്കുന്നു. ദ്രോണർ ആയുധം വെടിഞ്ഞ് തേർത്തട്ടിലിരുന്ന്

265. അതേ പുസ്തകം, പു.227.
266. അതേ പുസ്തകം, പു.230.
267. അതേ പുസ്തകം, പു.239.
268. അതേ പുസ്തകം,പു.238.

ധ്യാനിച്ച് ആത്മാവിനെ ഈശ്വരനിൽ ലയിപ്പിച്ച മൂലകഥയും സ്വീകരിച്ചിട്ടില്ല. അമാനുഷികാംശങ്ങൾ ഒഴിവാക്കാനായി വരുത്തിയിരിയ്ക്കുന്ന മാറ്റങ്ങളാണിത്. യുദ്ധഭൂമിയിൽ വെച്ച് കർണ്ണൻ തന്റെ ജ്യേഷ്ഠനാണെന്ന് ഭീമനറിയുന്നതും കൂട്ടിച്ചേർക്കലാണ്. അതിനദ്ദേഹത്തിന് ന്യായീകരണവുമുണ്ട്[269]. മാനസികമായ പരാജയം മാത്രമേ നോവലിസ്റ്റ് ഭീമന് നൽകുന്നുള്ളൂ. കർണ്ണന്റെ മുന്നിൽ ഭീമൻ തോറ്റു പിൻവാങ്ങുന്നതും കർണ്ണന്റെ അധിക്ഷേപം കേൾക്കേണ്ടി വരുന്നതും നായകവ്യക്തിത്വത്തിന് കളങ്കമേല്പിയ്ക്കാതിരിയ്ക്കാൻ കൂടിയാണീ കൂട്ടിച്ചേർക്കൽ.

iii) അർജ്ജുനന് ലഭിച്ച ആയുധങ്ങൾ ഇന്ദ്രൻ കൊടുത്തതാണെന്ന് പാണ്ഡവർ പ്രചരിപ്പിച്ചു. ഇന്ദ്രപുത്രനാണെന്നതിനാൽ മറ്റുള്ളവരത് വിശ്വസിയ്ക്കുമെന്നുറപ്പുള്ളതിനാൽ. കർണ്ണന്റെ വേൽ ഇന്ദ്രൻ സമ്മാനിച്ചതാണെന്നും അംഗരാജ്യത്തെ ഒരു ശില്പി നിർമ്മിച്ചതാണെന്നും പക്ഷമുണ്ടെന്നും നോവലിൽ ചേർത്തിരിയ്ക്കുന്നു[270]. ഈ കാര്യങ്ങളുടേയും പിറകിലുള്ള കഥയിലെ അമാനുഷികാംശം ഒഴിവാക്കാനാകാം ഈ മാറ്റം.

iv) ദുശ്ശാസനനെ ഭീമസേനൻ വെറും കൈകൊണ്ടാണ് മാറുപിളർക്കുന്നതും വധിയ്ക്കുന്നതും[271]. പതിനാലു വർഷങ്ങളായി ഭീമൻ മനസ്സിലടക്കിപ്പിടിച്ച വെറുപ്പും, ക്രോധവും, അക്കാലങ്ങളിലുടനീളം മനസ്സിൽ തയ്യാറാക്കിയ യുദ്ധരീതികളുമൊക്കെ സാഫല്യത്തിലെത്തുന്ന ഒരു സന്ദർഭമായതിനാലാകാം ആ രംഗം കുറച്ചുകൂടി ഭീകരത കലർത്തി നോവലിസ്റ്റ് അവതരിപ്പിച്ചത്.

v) കഥ മാനുഷികവൽക്കരിയ്ക്കാനാകാം ദുര്യോധനൻ ഒളിച്ചിരുന്നത് നദീമുഖത്തുള്ള ഒരു ഗുഹയിലായിരുന്നു എന്ന് മാറ്റിയത്[272]. ഭീമൻ ദുര്യോധനനെ പരാജയപ്പെടുത്തി. ശപഥമോ, മൈത്രേയമുനിയുടെ ശാപമോ

269. അതേ പുസ്തകം,'ഫലശ്രുതി', പു.295.
270. അതേ പുസ്തകം,പു.245.
271. അതേ പുസ്തകം, പു.259.
272. അതേ പുസ്തകം, പു.262.

കൃഷ്ണനിർദ്ദേശമനുസരിച്ച് അർജ്ജുനൻ നൽകിയ സൂചനയോ ഒന്നും ഇവിടെ പരാമർശിയ്ക്കുന്നില്ല. അമാനുഷികാംശങ്ങളും, ഭീമന്റെ വീര്യത്തെ കുറച്ചു കാണിയ്ക്കുന്ന കഥാംശങ്ങളുമൊക്കെ ഇവിടെ മാറ്റിയിരിയ്ക്കുന്നു. വാരിയെല്ലിനേറ്റ ഗദാഘാതം കൊണ്ടാണ് ദുര്യോധനൻ വീണത്. വീണശേഷം തുടയ്ക്കടിച്ചു. തന്റെ കൂടെയുള്ളവർ തന്നെ കുറ്റപ്പെടുത്തിയപ്പോഴുള്ള ക്ഷോഭം കൊണ്ടാണ് താൻ ദുര്യോധനനെ തലയ്ക്കടിച്ചു കൊല്ലുമെന്ന് പറഞ്ഞത്. അങ്ങനെ ചെയ്യുന്നില്ല. ദുര്യോധനൻ വീണതോടെ തന്റെ ശക്തിമുഴുവൻ നഷ്ടപ്പെട്ടപോലെ ഭീമന് തോന്നുന്നുണ്ട്[273]. എല്ലാ പകയും വെറുപ്പും ക്രോധവും അവിടെ അവസാനിച്ചെന്ന് സാരം. ഇനിയും രക്തച്ചൊരിച്ചിലുണ്ടാക്കാനുള്ള ഭീമന്റെ വൈമുഖ്യം, ആ ദൗർബ്ബല്യം തന്നെയാണ് ഇവിടെയും നിബന്ധിച്ചിരിയ്ക്കുന്നത്.

## 18. കർണ്ണൻ ജ്യേഷ്ഠനാണെന്നറിഞ്ഞപ്പോൾ

കർണ്ണൻ ജ്യേഷ്ഠനാണെന്നറിഞ്ഞ യുധിഷ്ഠിരൻ എല്ലാ നാശങ്ങൾക്കും കാരണം അമ്മയാണെന്നു പറഞ്ഞു. അമ്മ എന്നല്ല 'സ്ത്രീ' എന്ന പദമാണു പയോഗിച്ചത്. സഹോദരന്മാർ അമ്മയെ ശപിച്ചപ്പോഴും ഭീമനതിന് കഴിഞ്ഞില്ല. കുട്ടിക്കാലം തൊട്ടേ നിർഭാഗ്യങ്ങൾ മാത്രമനുഭവിയ്ക്കേണ്ടിവന്ന അമ്മയെ ശപിയ്ക്കാനോ, അമ്മയോട് പൊറുക്കാനോ ഭീമനായില്ല[274]. മറ്റുള്ളവരെ മനസ്സിലാക്കാനും സ്നേഹിക്കാനും കഴിവുള്ള ഭീമന്റെ മനസ്സ് പ്രകടമാക്കുകയാണ് ഈ പരാമർശനത്തിലൂടെ.

## 19. നിഷേധിയ്ക്കപ്പെട്ട കിരീടം

യുധിഷ്ഠിരൻ തനിയ്ക്കു രാജാവാകാൻ വയ്യെന്നും ഭീമൻ രാജ്യമേറ്റെടുക്കട്ടെയെന്നും പറഞ്ഞു. അനുജന്മാരും അതനുകൂലിച്ചു. ഭീമന്

273. അതേ പുസ്തകം, പു. 265,266.
274. അതേ പുസ്തകം, പു.272,273.

മനസ്സിൽ സന്തോഷമായിരുന്നു. പക്ഷേ മഹാരാജ്ഞിപദം നഷ്ടപ്പെടുന്നതിന്റെ സങ്കടവുമായി ദ്രൗപദിയും, പിറകെ രാജസ്ഥാനത്തിന് ഭീമനനർഹനാണെന്ന് പറഞ്ഞുകൊണ്ട് കുന്തിയും വിദുരരുമെത്തി – ഭീമൻ തന്റെ ദുഃഖം മറച്ചുവെച്ചു കൊണ്ട് താൻ രാജാവാകില്ലെന്ന് വാക്കു കൊടുത്തു[275]. മൂലകൃതിയിൽ ഇല്ലാത്ത ഈ ഏച്ചുകൂട്ടൽ നോവലിസ്റ്റ് തന്റെ നായകന് നൽകുന്ന അംഗീകാരമാണ്, കാരണം ബാഹുബലം കൊണ്ട് രാജ്യം നേടുന്ന ക്ഷത്രിയ നവകാശപ്പെട്ടതാണ് രാജ്യമെങ്കിൽ യുദ്ധത്തിൽ അർജ്ജുനനേക്കാളേറെ ശത്രുപക്ഷത്തെ ഇല്ലായ്മ ചെയ്തത് ഭീമനാണ്.

യുധിഷ്ഠിരന്റെ കഴിവുകേടുകൾ പലപ്പോഴും മനസ്സിലാക്കുന്ന ഭീമന് തന്റെ കഴിവിൽ ആത്മവിശ്വാസവുമുണ്ടായിരുന്നു. അതാണല്ലോ രാജ്യം തനിയ്ക്കാണെന്നു പറഞ്ഞപ്പോൾ ഭീമനാഹ്ലാദിച്ചത്. ഉറ്റവർ തന്നെയാണ് ഭീമനെ പലപ്പോഴും അവഗണിയ്ക്കുന്നതും നിരാശപ്പെടുന്നതും. അതിനു പറ്റിയ ഒരു സന്ദർഭമാക്കിയിരിയ്ക്കുകയാണ് ദ്രൗപദിയുടേയും, കുന്തിയുടേയും, വിദുരരുടേയും വരവ്. അവരെ ഭീമനെതിർത്തില്ല. പക്ഷേ ഭീമന്റെ വാക്കുകളിൽ ആ പ്രതിഷേധം മുഴുവൻ പ്രകടമാണ്– ആ അവസരത്തിന്റെ മാത്രമല്ല, ജീവിതത്തിലുടനീളം താനനുഭവിച്ച എല്ലാ അവഗണനയോടും അപമാനത്തോടുമുള്ള പ്രതിഷേധം. ഭീമൻ സ്ഥാനം ലഭിച്ചപ്പോൾ അത് തനിയ്ക്ക് അവകാശപ്പെട്ടതാണെന്ന് കരുതുന്നുണ്ട്, ആഹ്ലാദിയ്ക്കുന്നുണ്ട്, വിട്ടുകൊടുക്കേണ്ടിവന്നതിൽ ദുഃഖിയ്ക്കുന്നുണ്ട് – ഒരു സാധാരണമനുഷ്യന്റെ മനസ്സു തന്നെയാണ് ഇവിടെ കാണുന്നത്.

## 20. ധൃതരാഷ്ട്രരോട് ഭീമനുള്ള എതിർപ്പ്

i) ധൃതരാഷ്ട്രർ മരിച്ചവരുടെ സദ്ഗതിയ്ക്കായി ശ്രാദ്ധം നടത്തണമെന്നാഗ്രഹിച്ചപ്പോൾ ഇവിടെ ഭീമന് മാത്രമല്ല പ്രതിഷേധം, എല്ലാവർക്കുമുണ്ട്. ഭീമൻ മാത്രമാണ് അത് പ്രകടിപ്പിച്ചതെന്നേയുള്ളൂ. കാരണം, രാജ്യം വളരെ

275. അതേ പുസ്തകം, പു.274–276

ദരിദ്രമായിരിയ്ക്കുന്നുവെന്നതാണ്[276]. ഭീമന്റെ യശസ്സിന് കളങ്കമേല്പിയ്ക്കുന്ന വസ്തുതകൾ നീക്കം ചെയ്യാനാകാം ഈ മാറ്റം വരുത്തിയത്.

ii) ഭീമന്റെ ഇരുമ്പു പ്രതിമ ധൃതരാഷ്ട്രർ ആലിംഗനം ചെയ്തു തകർക്കുന്ന മൂലകഥാസന്ദർഭം ദുര്യോധനൻ മരിച്ച ദിവസം ധൃതരാഷ്ട്രർ ആ പ്രതിമയോട് യുദ്ധം ചെയ്തു എന്നാക്കി മാറ്റിയിരിയ്ക്കുന്നു[277]. ഭീമനുണ്ടാക്കിയ കൗരവനാശം, ധൃതരാഷ്ട്രരുടെ പക, വിശ്വാസ്യയോഗ്യത എന്നീ കാര്യങ്ങളെ മുൻനിർത്തിയാകണം ഈ മാറ്റം.

iii) ധൃതരാഷ്ട്രരുടെ സാന്നിദ്ധ്യം ആരും ഇഷ്ടപ്പെട്ടിരുന്നില്ല. ഇവിടെ ദേഷ്യവും പകയും വെറുപ്പുമെല്ലാമുള്ള സാധാരണക്കാരെയാണ് നോവലിസ്റ്റ് കഥാപാത്രങ്ങളാക്കിയിരിയ്ക്കുന്നതെന്നതിനാൽ മനസാ പ്രതിഷേധമുണ്ടെങ്കിലും ധർമ്മമോർത്ത് മറ്റ് പാണ്ഡവരത് പുറമേയ്ക്ക് പ്രകടിപ്പിയ്ക്കുന്നില്ല. ക്ഷത്രിയോചിതമായ, രാജോചിതമായ ആ നിലപാട് സ്വീകരിയ്ക്കാൻ ഭീമനായില്ല. ധൃതരാഷ്ട്രർ വനവാസത്തിനാഗ്രഹിയ്ക്കുന്നു, കൊട്ടാരത്തിൽ ആരോ അദ്ദേഹത്തെ പരിഹസിയ്ക്കുന്നുവെന്ന് യുധിഷ്ഠിരൻ പറഞ്ഞപ്പോൾ എല്ലാവരും ഭീമന്റെ നേർക്ക് നോക്കി. ഇവിടെ ആ പരാമർശം ദുശ്ശാസനവധത്തെക്കുറിച്ചുള്ള സംഭാഷണമാണ്[278]. ധാർത്തരാഷ്ട്രരുടെ വധവിവരണം നടത്തി ആ അച്ഛനെ വേദനിപ്പിയ്ക്കാൻ മാത്രം മനുഷ്യത്വമില്ലായ്മ നോവലിലെ ഭീമനില്ല. ധൃതരാഷ്ട്രർ കൊട്ടാരത്തിലുള്ളിടത്തോളം യുദ്ധക്കെടുതികളെക്കുറിച്ച് തങ്ങളോർത്തുകൊണ്ടിരിയ്ക്കുമെന്നതിനാലാണിവിടെ വനയാത്രയ്ക്ക് ഭീമൻ അനുകൂലഭാവം കാണിയ്ക്കുന്നത്[279].

iv) ദുശ്ശാസനവധത്തെപ്പറ്റി ഭീമനോട് ഗാന്ധാരി ചോദിച്ച ചോദ്യം നോവലിൽ ധൃതരാഷ്ട്രരാണ് ചോദിയ്ക്കുന്നത്[280]. ഇവിടെ ഗാന്ധാരിയുടെ പെരു

276. അതേ പുസ്തകം, പു.279.
277. അതേ പുസ്തകം, പു.273.
278. അതേ പുസ്തകം, പു.279.
279. അതേ പുസ്തകം, പു.280.
280. അതേ പുസ്തകം, പു.279.

മാറ്റം നീതിയുക്തമാണ്. മക്കളുടെ ദുഷ്കൃത്യങ്ങൾക്കു കൂട്ടുനിന്ന് തങ്ങളെ ഉപദ്രവിച്ചവനായും, സർവ്വനാശത്തിന് കാരണക്കാരനായും ഭീമൻ കാണുന്നത് ധൃതരാഷ്ട്രരെയാണ്. അതുകൊണ്ടായിരിയ്ക്കാം ഇങ്ങനെയൊരു മാറ്റുണ്ടാക്കിയത്. ആ ചോദ്യത്തിന് ഭീമൻ നൽകുന്ന തനിയ്ക്ക് ദുശ്ശാസനന്റെ ചോരയുടെ രുചി ഇഷ്ടമായില്ലെന്ന മറുപടി[281] ഭീമന്റെ മനസ്സിലെ പകയും വെറുപ്പും വ്യക്തമാക്കുന്നു.

v) ഭീമനോട് ഗാന്ധാരി ദുര്യോധനവധത്തെക്കുറിച്ച് ചോദിച്ചപ്പോൾ തങ്ങളോട് അധർമ്മം ചെയ്തതോർത്ത് താൻ ദുര്യോധനനെ അധർമ്മമാർഗ്ഗത്തിൽ കൊന്നതാണെന്ന് പറഞ്ഞ് ഭീമൻ ക്ഷമ ചോദിച്ചത് നോവലിലില്ല. ഇവിടെ ഭീമൻ മുൻകോപിയല്ല, അമർഷിയാണ്. കുറ്റം കുറഞ്ഞ ഒരു മകനെയെങ്കിലും വിട്ടുതരാമായിരുന്നില്ലേ എന്ന ഗാന്ധാരിയുടെ ചോദ്യത്തിന് മൂലകൃതിയിൽ ഭീമസേനൻ മറുപടി കൊടുക്കുന്നില്ല. ഭീമന്റെ മൃദുവും ആർദ്രവുമായ മനസ്സ് വ്യക്തമാക്കാൻ കഴിയുന്ന ഒരു സന്ദർഭമായിട്ടും നോവലിസ്റ്റ് അതൊഴിവാക്കിയിരിയ്ക്കുന്നു.

## 21. പിതൃത്വം

വിദുരരായിരുന്നു തന്റെ പിതാവെന്ന് യുധിഷ്ഠിരൻ ഭീമനോട് പറയുകയാണിവിടെ[282]. മൂലകൃതിയിലെ വരികൾക്ക് നോവലിസ്റ്റ് അങ്ങനെയാണ് വ്യാഖ്യാനം കണ്ടെത്തുന്നത്. കർണ്ണന്റേയും തന്റേയും പിതൃത്വത്തിന്റെ സത്യം കൂടി ഭീമൻ കുന്തിയോട് ചോദിച്ചു. കുന്തീഭോജന്റെ സൂതന്റെ പുത്രനായിരുന്നു കർണ്ണനെന്നും, ഭീമന്റെ പിതാവ് പേരറിയാത്ത ഒരു കാട്ടാളനായിരുന്നുവെന്നും കുന്തി പറഞ്ഞു[283]. ഇവിടെയാണ് നോവലിസ്റ്റ് മൂലകൃതിയിൽ നിന്നും വളരെയധികം വ്യതിചലിയ്ക്കുന്നത്. അമാനുഷികാംശം മാറ്റുക

281. അതേ പുസ്തകം, പു.279.
282. അതേ പുസ്തകം, പു.282.
283. അതേ പുസ്തകം, പു.284.

എന്നൊരു ലക്ഷ്യം മാത്രമല്ല, താനവതരിപ്പിച്ച ഭീമന് യോജിച്ച ഒരു പാരമ്പര്യം നൽകുക കൂടിയാണിവിടെ അദ്ദേഹം ചെയ്യുന്നത്. രാജനീതിയുടെ കാർക്കശ്യങ്ങൾ നിലനിർത്താൻ എങ്ങനേയും പഴുതുകൾ കണ്ടെത്തുന്ന ക്ഷത്രിയനീതിയും, അതിനിടയിൽ പ്രതികരിയ്ക്കാൻ കഴിയാതെ വശംവദരാകേണ്ടി വരുന്ന മാനുഷിക ദൗർബ്ബല്ല്യങ്ങളുമൊക്കെ ഈ കണ്ടെത്തലിന് പിന്തുണയേകുന്നു. കർണ്ണനും, യുധിഷ്ഠിരനും, ഭീമനും ഈ പിതൃത്വത്തിന് യോജിച്ച വ്യക്തിത്വമാണ് നോവലിസ്റ്റ് നൽകുന്നതും.

## 22. യാദവനാശം – മഹാപ്രസ്ഥാനം

i) ദ്വാരക പ്രളയത്തിൽ നശിച്ചുവെന്നും രക്ഷകനായെത്തിയ അർജ്ജുനന് ദസ്യുക്കൾ യാദവസ്ത്രീകളെ കണ്മുന്നിൽ വെച്ച് പിടിച്ചുകൊണ്ടുപോയപ്പോൾ ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നും മാത്രമേ പറയുന്നുള്ളൂ[284]. അമാനുഷികാംശങ്ങളൊഴിവാക്കാനാകണം ശാപവൃത്താന്തങ്ങൾ പറയാതിരുന്നത്.

ii) മഹാപ്രസ്ഥാനവേളയിൽ ദ്രൗപദിയുടെ പതനം മാത്രമാണ് പറയുന്നത്. മറ്റ് പാണ്ഡവർ ഒന്നും ചെയ്യാതെ കടന്നുപോയപ്പോൾ ഭീമൻ മാത്രമാണവളെ ശുശ്രൂഷിയ്ക്കാനൊരുങ്ങിയത്[285]. യുധിഷ്ഠിരൻ പറഞ്ഞതുപോലെ ദ്രൗപദിയ്ക്കുണ്ടായിരുന്ന അർജ്ജുനപ്രിയം, അത്രയ്ക്കക്ഷന്തവ്യമായി ഭീമന് മാത്രം തോന്നിയില്ല. ഭീമന്റെ മടിയിൽ കിടന്നാണവൾ മരിച്ചത്. ദ്രൗപദിയുടെ കാര്യത്തിൽ എന്നും സ്വാർത്ഥത തോന്നിയ, മരണാസന്നയായിരിയ്ക്കുമ്പോഴും അവൾ സുന്ദരിയാണെന്ന് തോന്നിയ താൻ ജിതേന്ദ്രിയനല്ല സ്വർഗ്ഗം തനിയ്ക്കർഹമല്ല എന്നു ഭീമന് തോന്നി. തന്റെ ശത്രു – അശ്വത്ഥാത്മാവ് കാട്ടിൽ അലയുന്നുണ്ട്. തന്നെ കാത്ത് ഹിഡിംബിയും. മഹാപ്രസ്ഥാനമുപേ

284. അതേ പുസ്തകം, പു.11.
285. അതേ പുസ്തകം, പു.15,16,17.

ക്ഷിച്ച് ഭീമൻ കാടിന്റെ നേർക്കു നടന്നു[286]. ഇവിടേയും നോവലിസ്റ്റ് മൂലകൃതിയിൽ നിന്ന് വളരെ വ്യത്യസ്തമായൊരു നിലപാട് സ്വീകരിയ്ക്കുന്നു.

ഭീമനെന്നും ദ്രൗപദിയോട് ആരാധനയായിരുന്നു. പല തവണ അവഗണനകളനുഭവിച്ചിട്ടും, ആ ആരാധനയ്ക്കൊരു കുറവും വരുത്താൻ ഭീമന് കഴിഞ്ഞിരുന്നില്ല. താൻ വായുപുത്രനാണ്, ക്ഷത്രിയനാണ് എന്ന ധാരണയോടെയാണ് എല്ലായ്പ്പോഴും, മനസ്സനുവദിയ്ക്കുന്നില്ലെങ്കിൽപോലും ഭീമൻ രാജോചിതമായി പെരുമാറിയത്. ആ ധാരണ തെറ്റാണെന്നറിഞ്ഞപ്പോഴേ മാറിത്തുടങ്ങിയ ആ മനസ്സ് ദ്രൗപദി മരിച്ചതോടെ പൂർണ്ണമായും മാറി. നിഷാദനു യോജിച്ച കാടു തന്നെ ഭീമൻ തെരഞ്ഞെടുത്തു. സൂതഗാഥകളിൽ നിന്ന് പുറത്തുകടന്ന് യാത്രാമംഗളമോതുകയാണ് ഭീമൻ. തന്റെ രചനാലക്ഷ്യത്തിനു യോജിച്ച രീതിയിൽ ഈ സന്ദർഭം മാറ്റുകയാണ് നോവലിസ്റ്റ് ഇവിടെ ചെയ്തിരിയ്ക്കുന്നത്.

## കഥാപാത്രങ്ങളുടെ വ്യക്തിത്വം.

### ഭീമസേനൻ

ഭീമസേനനെ കേന്ദ്രസ്ഥാനത്തുനിർത്തിക്കൊണ്ട് മറ്റു കഥാപാത്രങ്ങളേയും കഥാസന്ദർഭങ്ങളേയും നോക്കിക്കാണുകയാണ് നോവലിസ്റ്റ്. അർഹിയ്ക്കുന്ന അംഗീകാരം കിട്ടാത്തതിൽ ദുഃഖിയ്ക്കുന്ന, ഉറ്റവരാൽ അവഗണിയ്ക്കപ്പെടുന്ന, ശത്രുക്കളോട് ക്ഷമിയ്ക്കാൻ കഴിയാത്ത, ഉപാധികളോടെ മാത്രം മനുഷ്യരെ സ്നേഹിയ്ക്കുകയും പരിഗണിയ്ക്കുകയും ചെയ്യുന്ന ക്ഷത്രിയനീതി അംഗീകരിയ്ക്കാനാകാത്ത, വികാരങ്ങൾക്കുമുന്നിൽ വിധേയനാകുന്ന, ചെയ്ത തെറ്റുകളിൽ ആത്മനിന്ദ തോന്നുന്ന ദുർബ്ബലമായ മനസ്സാണ് ഇവിടെ ഭീമനുള്ളത്.

286. അതേ പുസ്തകം, പു.287.

മൂത്തമകനും രാജ്യാവകാശിയും ആയതിനാൽ കുന്തി യുധിഷ്ഠിരന് പ്രത്യേകപരിഗണന നൽകി. അർജ്ജുനനോടായിരുന്നു കുന്തിയ്ക്കു കൂടുതൽ പ്രിയം. മാദ്രേയരെ കൂടുതൽ സ്നേഹിയ്ക്കണമെന്ന് കുന്തിയ്ക്ക് നിർബ്ബന്ധമുണ്ടായിരുന്നു. പിൻതള്ളപ്പെട്ടുപോയത് ഭീമനാണ്. മഹാറാണിയാകാൻ മോഹിച്ച ദ്രൗപദിയ്ക്ക് അതിന് യുധിഷ്ഠിരന്റെ പ്രിയപത്നിയാകേണ്ടിയിരുന്നു, മനസ്സുകൊണ്ട് എപ്പോഴും പ്രിയം വെച്ചു പുലർത്തിയത് അർജ്ജുനനോടും, അവിടേയും ഭീമൻ അവഗണിയ്ക്കപ്പെടുന്നു. യുധിഷ്ഠിരൻ എപ്പോഴും ഭീമനെ അധിക്ഷേപിയ്ക്കുകയും താഴ്ത്തിക്കെട്ടുകയും ചെയ്യുന്നുണ്ട്. വീരോചിതമായി പ്രവർത്തിയ്ക്കുമ്പോഴും അർജ്ജുനന് ലഭിയ്ക്കുന്ന പ്രശംസയും അംഗീകാരവും തനിയ്ക്കു കിട്ടുന്നില്ലെന്ന് കാണുമ്പോൾ ഭീമന് ദുഃഖം തോന്നുന്നുണ്ട്. ആ പ്രശംസ ദുര്യോധനനിൽ നിന്നും ലഭിച്ചപ്പോൾ അതിലെ കാപട്യം തിരിച്ചറിയാനാകാതെ സന്തോഷിയ്ക്കുകയും ചെയ്തു. ആചാര്യന്മാരും ഭീമനോട് ഈ അവഗണന പുലർത്തുന്നുണ്ട്. ദ്രൗപദിയോട് ഭീമനെന്നും ആരാധനയായിരുന്നു. ദ്രൗപദി തന്നെ ഒഴിവാക്കാൻ ശ്രമിയ്ക്കുകയാണെന്നറിയുമ്പോഴൊക്കെ ദേഷ്യം തോന്നുന്നുണ്ടെങ്കിലും അത് പ്രകടിപ്പിയ്ക്കാൻ ഭീമന് കഴിഞ്ഞില്ല. സേവകനല്ല യജമാനനാണ് ഭർത്താവെന്ന് സ്വയം ശാസിക്കുമ്പോഴും ദ്രൗപദിയുടെ മുന്നിൽ അങ്ങനെ പെരുമാറാൻ ഭീമന് കഴിയുന്നില്ല. ലഭിയ്ക്കേണ്ട ആദ്യ ഊഴം തൊട്ട് ഭീമന് കിരീടാവകാശം കിട്ടുമെന്ന സാഹചര്യമെത്തിയപ്പോൾവരെ അവൾ പരാതികൾ കൊണ്ടും, പരിഭവങ്ങൾ കൊണ്ടും, മറ്റ് കാരണങ്ങൾ കണ്ടെത്തിയും ഭീമനെ അകറ്റി നിർത്തുന്നുണ്ട്. തന്റെ നിബന്ധനകൾ സഫലമാക്കിത്തരുന്നതിന്റെ പാരിതോഷികമായാണ് ദ്രൗപദി ഭീമനവകാശപ്പെട്ട സ്നേഹവും, സാമീപ്യവും നൽകുന്നത്.

തനിയ്ക്ക് സ്നേഹം നൽകാൻ തയ്യാറായവർക്ക് അതിന്റെ പേരിൽ തിരിച്ച് സ്നേഹമോ നന്ദിയോ നൽകാൻ താൻ കടപ്പെട്ടവനാണെന്നറിയാമെങ്കിലും അങ്ങനെ പ്രവർത്തിയ്ക്കാൻ കഴിയാതെ വരുന്നതിൽ ഭീമന് പലപ്പോഴും ആത്മനിന്ദ തോന്നുന്നുണ്ട്. സ്വയം വിലയിരുത്താനുള്ള സന്നദ്ധത അദ്ദേഹത്തിന്റെ മനസ്സിനുണ്ട്. പ്രമാണകോടിയിൽ വെച്ച് തന്നെ രക്ഷിച്ച നാഗന്മാരെ ഖാണ്ഡവപ്രസ്ഥം വെട്ടിത്തെളിയ്ക്കാൻ വേണ്ടി ഭീഷണിപ്പെടുത്തി സ്ഥലമൊഴിപ്പിച്ചുവെന്നു കേട്ടപ്പോൾ, ഗർഭിണിയായ ഹിഡിംബിയെ കാട്ടിലുപേക്ഷിച്ചപ്പോൾ, വർഷങ്ങൾക്കുശേഷം അവിചാരിതമായി താൻ ഇതുവരെ കാണാത്ത തന്റെ മകൻ ഘടോൽക്കചനെ കണ്ടുമുട്ടിയപ്പോൾ, അവനോട് സ്നേഹപൂർവ്വം പെരുമാറാൻ കഴിയാഞ്ഞതിൽ, ഹിഡിംബിയെപ്പറ്റി ഒന്നന്വേഷിയ്ക്കാൻ പോലും തോന്നാഞ്ഞതിൽ, യുദ്ധത്തിൽ പങ്കെടുക്കാൻ തയ്യാറായെത്തിയ സർവ്വദനെ തിരിച്ചറിയാൻ കഴിയാഞ്ഞപ്പോൾ, ബലന്ധരയെ മറന്നുവല്ലോ എന്നോർത്തപ്പോഴൊക്കെ ഭീമന് കുറ്റബോധം തോന്നുന്നുണ്ട്. കർണ്ണൻ ശത്രുപക്ഷത്താണെന്നുള്ളതുകൊണ്ടുമാത്രം അദ്ദേഹത്തെ അനാവശ്യമായി നിന്ദിയ്ക്കേണ്ടി വരുമ്പോൾ കുറ്റബോധം തോന്നുന്നുണ്ട്. പുറമേയ്ക്ക് പ്രകടമാക്കുന്നില്ലെങ്കിലും പലപ്പോഴും അദ്ദേഹത്തോട് ആദരവ് തോന്നുന്നുണ്ട്. കർണ്ണവധത്തിനൊരുമ്പെട്ടുനിൽക്കുമ്പോൾ അത് ജ്യേഷ്ഠനാണെന്നറിഞ്ഞപ്പോൾ കൊല്ലാൻ തോന്നിയില്ല, കർണ്ണന്റെ പരിഹാസം കേട്ടപ്പോഴും ദേഷ്യം തോന്നിയില്ല. ഓർത്തത് അമ്മയെക്കുറിച്ചായിരുന്നു. അക്കാര്യം സഹോദരന്മാരോട് പറഞ്ഞ് അവരെ തളർത്താനോ, അമ്മയെ അപമാനിയ്ക്കാനോ ഒരുങ്ങിയതുമില്ല. കാര്യങ്ങളറിഞ്ഞശേഷം യുധിഷ്ഠിരനും അനുജന്മാരും അമ്മയെ കുറ്റപ്പെടുത്തിയപ്പോഴും പൊറുക്കാൻ കഴിഞ്ഞില്ലെങ്കിലും അമ്മയുടെ ജീവിതത്തിലുടനീളമുള്ള കഷ്ടപ്പാടുകളോർത്ത് കുറ്റപ്പെടുത്താ

നാകാതെ മൗനം പാലിയ്ക്കുകയാണ് ചെയ്തത്. താൻ വിഷയാത്മാവാണ് ജിതേന്ദ്രിയനല്ലെന്നും ഭീമൻ സ്വയം തിരിച്ചറിയുന്നുണ്ട്. തനിക്കർഹതയില്ലാത്ത കരുത്തും മഹത്വവും സൂതഗാഥകളിൽ കേൾക്കുമ്പോൾ അദ്ദേഹത്തിന് ലജ്ജയാണ് തോന്നുന്നത്.

ഘടോൽക്കചന് മൂലകൃതിയിലില്ലാത്ത പ്രാധാന്യം നോവലിസ്റ്റ് നൽകിയിരിയ്ക്കുന്നു. ഗന്ധമാദനത്തിൽ വെച്ച് ആദ്യമായി കാണുമ്പോൾ[287], യുദ്ധത്തിൽ പങ്കെടുക്കാനെത്തിയപ്പോൾ[288], യുദ്ധഭൂമിയിൽ അസാമാന്യ പരാക്രമം കാഴ്ച വെച്ചപ്പോൾ[289], ഒടുവിൽ ബന്ധുജനങ്ങൾ പോലും അയാൾ മരിച്ചത് നന്നായെന്ന് കരുതുമ്പോൾ[290] – ഈ സന്ദർഭങ്ങളിലെല്ലാം ഭീമന്റെ മനസ്സിന്റെ വിക്ഷുബ്ധതകൾ കൂടുതൽ വ്യക്തമാക്കാനാണ് നോവലിസ്റ്റ് ഈ കഥാപാത്രത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരിയ്ക്കുന്നത്. ഘടോൽക്കചൻ തന്നെ ഏറ്റവും ആകർഷിച്ച കഥാപാത്രമാണെന്ന് നോവലിസ്റ്റ് പറഞ്ഞിട്ടുണ്ട്[291]

ഒറ്റപ്പന്നിയെ സാഹസികമായി വധിച്ചപ്പോൾ മറ്റുള്ളവർ നൽകാത്ത പ്രശംസ ദുര്യോധനൻ നൽകിയപ്പോൾ, ഭീമസേനന്റെ കരബലമാണ് തങ്ങൾക്കാശ്രയമെന്ന് യുധിഷ്ഠിരൻ ഒരിയ്ക്കൽ തുറന്നു പറഞ്ഞപ്പോൾ, ദ്രൗപദി തന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് തോന്നുമ്പോൾ, അഭിമന്യു പ്രശംസിക്കുമ്പോൾ, കിരീടാവകാശം തനിയ്ക്ക് ലഭിയ്ക്കുമെന്നറിഞ്ഞപ്പോഴൊക്കെ ഭീമൻ സന്തോഷിയ്ക്കുന്നുണ്ട്. അവഗണിയ്ക്കപ്പെടുന്നവന് ചെറിയ അംഗീകാരങ്ങളിൽപോലും തോന്നുന്ന ആഹ്ലാദമാണത്. ആ മനസ്സിന്റെ ചാഞ്ചല്യവും ഈ സന്ദർഭങ്ങളിൽ പ്രകടമാകുന്നു.

---

287. അതേ പുസ്തകം, പു.167.
288. അതേ പുസ്തകം, പു.235.
289. അതേ പുസ്തകം, പു.237,238.
290. അതേ പുസ്തകം, പു.252.
291. വാസുദേവൻനായർ.എം.ടി, 'കാണാനുള്ള കണ്ണും പതിയാനുള്ള മനസ്സും', *മഹാരഥന്മാരുമായി മുഖാമുഖം* (ശിഖാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1987), പു.138.

സംസാരം കുറവും, ചിന്ത കൂടുതലുമുള്ള അന്തർമുഖനാണിവിടെ ഭീമൻ. അതുകൊണ്ടുതന്നെ ദുരനുഭവങ്ങളോടുള്ള പ്രതിഷേധം മുഴുവൻ ഉള്ളിലൊതുങ്ങുകയാണ്. അത് മറ്റുള്ളവരറിയുന്നുമില്ല.

ഉള്ളിൽ കാട്ടാളനും പുറമേ ക്ഷത്രിയനുമായി ജീവിയ്ക്കേണ്ടിവന്ന, അറിയാതെയെങ്കിലും, ഈ സ്വഭാവദ്വന്ദ്വം പേറേണ്ടി വന്നവനാണ് ഭീമൻ. ക്ഷത്രിയ പദവിയിലിരിയ്ക്കുന്ന തന്റെ ബന്ധുക്കളോട് മാത്രമാണ് ഭീമന് തന്റെ സ്നേഹം തുറന്നു പ്രകടിപ്പിയ്ക്കാൻ കഴിയുന്നത്. അവരിൽ പോരായ്മയോ വീഴ്ചയോ കാണുമ്പോൾ മനസ്സിൽ വിമർശനം നടക്കുന്നുണ്ടെങ്കിലും പുറമേയ്ക്ക് മാർദ്ദവം പുലർത്തുന്നു. ഇഷ്ടമില്ലെങ്കിലും സഹകരിക്കുന്നു. എന്നാൽ നാഗന്മാർ, ഹിഡിംബി, ഘടോൽക്കചൻ, വിശോകൻ തുടങ്ങി പുറമേയ്ക്ക് താൻ അവഗണന കാണിച്ചവരോടൊക്കെ ഉള്ളിൽ സ്നേഹം സമൃദ്ധമായുണ്ട്. താൻ ക്ഷത്രിയനാണെന്നു കരുതി സ്വയം ശാസിച്ചടക്കുകയാണ് പലപ്പോഴും. ഹിഡിംബിയോടും ബലന്ധരയോടും സ്വയം അവഗണന കാണിച്ച ഭീമന് തന്റെ വംശവും ക്ഷത്രിയനീതിയും സ്ത്രീകളോട് അന്യായം പ്രവർത്തിക്കുന്നുവെന്ന അഭിപ്രായവും, അമർഷവുമുണ്ട്.

കാര്യങ്ങൾ യുക്തിപൂർവ്വം ചിന്തിയ്ക്കാനുള്ള ബുദ്ധിയും മറ്റുള്ളവരെ മനസ്സിലാക്കാനുള്ള കഴിവും ഭീമനുണ്ട്. യുധിഷ്ഠിരന്റെ പെരുമാറ്റമാണ് പലപ്പോഴും ഭീമനിൽ അപകർഷതയുണ്ടാക്കുന്നത്. ശത്രുക്കളോട് വിട്ടുവീഴ്ച കാണിയ്ക്കാൻ ഭീമനൊരിയ്ക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ജീമൂതനോടോ, ജടനോടോ കാണിച്ച സൗജന്യം ജയദ്രഥനോടും ദുര്യോധനനോടും ദുശ്ശാസനനോടും കാണിയ്ക്കാൻ ഭീമനൊരുക്കമായിരുന്നില്ല. എന്നാൽ ശത്രുക്കളിലെ നല്ല അംശങ്ങൾ മനസാ അംഗീകരിക്കാൻ ഒരിക്കലും മടി കാണിക്കുന്നില്ല. കർണ്ണനോടും ജരാസന്ധനോടും ബഹുമാനം തോന്നുന്നുണ്ട്.

ശിശുപാലൻ ഭീഷ്മരെ അംബയുടെ കാര്യം പറഞ്ഞ് നിന്ദിച്ചപ്പോൾ അത് വാസ്തവമാണെന്ന് വിചാരിക്കുന്നു, തെറ്റു ചെയ്യുന്നത് സ്വന്തം പക്ഷത്തുള്ളവരാണെങ്കിൽ അവരേയും മനസാ വിമർശിക്കുന്നുണ്ട്. അമ്മയേയും, സഹോദരങ്ങളേയും, ദ്രൗപദിയേയും, കൃഷ്ണനേയും, മഹർഷിമാരേയും, വ്യാസനേയും, ക്ഷത്രിയനീതിയേയും, ഹസ്തിനപുരത്തേയുമൊക്കെ പറ്റി വിമർശനമനോഭാവത്തോടെ ചിന്തിക്കുന്നു.

താൻ വായുപുത്രനാണെന്ന ധാരണയാണ് ഭീമനെ കരുത്തനാക്കിയത്. മറ്റുള്ളവർ ചവിട്ടിമെതിച്ചു കളഞ്ഞ തന്റെ ആത്മവിശ്വാസം ഒരിളം കാറ്റിന്റെ മർമ്മരത്തിൽ നിന്നും ഭീമനാവാഹിച്ചു. ക്ഷത്രിയോചിതമായി ജീവിച്ചു. പക്ഷേ തന്റെ പിതൃത്വത്തിന്റെ യാഥാർത്ഥ്യമറിഞ്ഞപ്പോൾ ഭീമന്റെ മനസ്സു മാറി. പിന്നെ ഭീമനെ ക്ഷത്രിയത്വത്തോടടുപ്പിച്ചു നിർത്തിയത് ദ്രൗപദിയായിരുന്നു. ദ്രൗപദിയെ അവഗണിയ്ക്കുന്ന ക്ഷത്രിയനീതിയോട് പൊരുത്തപ്പെടാൻ ഭീമന് കഴിഞ്ഞില്ല. അവളുടെ അന്ത്യത്തോടെ ഭീമൻ ആ വ്യക്തിത്വത്തിന്റെ ബന്ധനത്തിൽ നിന്നും തീർത്തും മുക്തനായി. തന്റെ പെണ്ണും, ശത്രുവും കാത്തിരിയ്ക്കുന്ന തന്റെ പിതൃഭൂമിയിലേക്ക് ഭീമൻ തന്റെ ലക്ഷ്യം മാറ്റി. ദുര്യോധനവധത്തോടെ തന്നിൽ നിന്നും ഒഴുകിപ്പോയ ശക്തി വീണ്ടും ഭീമന് തിരിച്ചുകിട്ടുന്നത് അപ്പോഴാണ്. കർമ്മങ്ങളിനിയും ശേഷിയ്ക്കേ മോക്ഷമല്ല ലക്ഷ്യം എന്ന് ഭീമൻ മനസ്സിലാക്കി.

**2. കുന്തി**

അധികമാരോടും സംസാരിയ്ക്കാതെ അന്തഃപുരത്തിൽ കഴിയുന്നവളെങ്കിലും ഇവിടെ കുന്തി ദുർബ്ബലയല്ല. രാജ്യതന്ത്രജ്ഞതയും മാതൃത്വവും തികഞ്ഞ ഒരു ക്ഷത്രിയ സ്ത്രീയാണ് നോവലിലെ പാണ്ഡവമാതാവ്. ശതശൃംഗത്തിൽ നിന്നു മക്കളേയും കൂട്ടി ഹസ്തിനപുരിയിലേയ്ക്ക്

തിരിച്ചു വന്ന കുന്തി കോട്ടവാതിലിനു പുറത്ത് കുറേനേരം കാത്തു നിൽക്കേണ്ടി വന്നപ്പോൾ അരിശപ്പെട്ടു. ഇനിയുള്ള കാലം അനുഭവിയ്ക്കാനിരിയ്ക്കുന്ന അവഗണനയുടെ മുന്നോടിയാണതെന്ന് തോന്നിക്കാണണം.

മക്കളുടെ ആയുധാഭ്യാസത്തിന്റെ പുരോഗതി കുന്തി ശ്രദ്ധിച്ചിരുന്നു. അവരുടെ പരാതികളേയോ, ആരോപണങ്ങളേയോ ഒരിയ്ക്കലും പ്രോത്സാഹിപ്പിച്ചില്ല, മൗനം പാലിയ്ക്കാനും ശ്രദ്ധിക്കാനും മാത്രം ഉപദേശിച്ചു, പക്ഷേ ഗാന്ധാരിയെപ്പോലെ ഇരുപക്ഷത്തേയും ഒന്നിച്ചുനിർത്താൻ ശ്രമിയ്ക്കുന്നില്ല. ഹസ്തിനപുരത്തേയ്ക്ക് ചൂതിനുള്ള ക്ഷണം സ്വീകരിയ്ക്കുമ്പോൾ ഇനി തിരിച്ചുവന്നില്ലെങ്കിലോ എന്ന വിചാരത്തോടെയാണ് കുന്തി ഒരുങ്ങുന്നത്. രണ്ടാമതു ചൂതിനു ക്ഷണം വന്നപ്പോഴും കുന്തി ദീർഘമായി നിശ്വസിച്ച് കണ്ണടച്ചിരുന്നു എന്നേ പറയുന്നുള്ളൂ. യുധിഷ്ഠിരനെ വിലക്കാൻ ശ്രമിയ്ക്കുന്നില്ല. മകന്റെ സ്വഭാവം അമ്മ ശരിയ്ക്കു മനസ്സിലാക്കിയിരുന്നുവെന്നർത്ഥം. ദ്രൗപദിയെ ഐവരും ആഗ്രഹിയ്ക്കുന്നുണ്ട് എന്ന് പറയുമ്പോഴും തന്റെ മക്കളെ മനസ്സിലാക്കാൻ കുന്തിയ്ക്കെത്ര കഴിവുണ്ടെന്നറിയാം. യുധിഷ്ഠിരൻ രാജ്യമേറ്റെടുക്കാൻ മടിച്ചപ്പോൾ കുന്തി ഭീമസേനനെ ചെന്നു കണ്ട് യുധിഷ്ഠിരൻ തന്നെ രാജാവാകണമെന്നു പറയുന്നു. ഭീമൻ രാജപദവി ആഗ്രഹിച്ചേയ്ക്കാമെന്ന് ആ അമ്മയ്ക്കറിയാൻ പ്രയാസമില്ലല്ലോ. താൻ രാജാവാകണമെന്നത് ജ്യേഷ്ഠന്റെ ഫലിതമാണെന്ന് പറഞ്ഞ് ഭീമൻ ചിരിച്ചപ്പോൾ വിദുരരേ ആശ്വസിയ്ക്കുന്നുള്ളൂ. കർണ്ണന്റെയടുക്കൽ താൻ അമ്മയാണെന്നും, ജനാപവാദം ഭയന്നാണ് കർണ്ണനെ ഉപേക്ഷിച്ചതെന്നും, പാണ്ഡവരോടൊപ്പം നിൽക്കണമെന്നും പറയുന്നു. അപേക്ഷിയ്ക്കുകയോ നിർബ്ബന്ധിയ്ക്കുകയോ ചെയ്യുന്നില്ല. അർജ്ജുനന്റെ ജീവനു വേണ്ടിയും അർത്ഥിയ്ക്കുന്നില്ല. അഭ്യാസക്കാഴ്ചയുടെ സമയത്ത് മോഹാലസ്യപ്പെട്ടു

വീണ കുന്തിയുടെ മാതൃത്വത്തെപ്പറ്റി സംശയിയ്ക്കേണ്ടതില്ല. ആരുടേയും പ്രേരണകൊണ്ടല്ല ഇവിടെ കുന്തി കർണ്ണനെ ചെന്നു കാണുന്നത്.

ഹസ്തിനപുരത്തിൽ വിദുരരുമായാണ് കുന്തി ഏറ്റവും അടുപ്പം പുലർത്തുന്നത്. ദുര്യോധനാദികൾ ഭീമനെ പ്രമാണകോടിയിൽ വെച്ച് ചതിച്ചത് യുധിഷ്ഠിരൻ വിദുരരോട് പറഞ്ഞപ്പോൾ കുന്തി വിലക്കുന്നില്ല. ചൂതിനുള്ള ക്ഷണമറിയിയ്ക്കാൻ വന്ന വിദുരരുമായി കുന്തി കുറേ നേരം സംസാരിച്ചിരുന്നുവെന്ന് പറയുന്നുണ്ട്. പാണ്ഡവർ വനവാസം സ്വീകരിച്ച പ്പോൾ കുന്തി വിദുരഗൃഹത്തിൽ താമസിയ്ക്കാൻ തീരുമാനിച്ചു. ഭീമൻ കിരീടാവകാശമേറ്റെടുക്കരുതെന്ന് പറയുമ്പോഴും കുന്തിയുടെ കൂടെ വിദുരരുണ്ട്. യുധിഷ്ഠിരന്റെ അച്ഛൻ വിദുരരാണെന്നതിലേയ്ക്കുള്ള സൂചനകളായി ഈ വസ്തുതകളെ കാണണം.

പല സന്ദർഭങ്ങളിലും കുന്തി മഹാരാജ്ഞിയ്ക്കൊത്ത രാജ്യതന്ത്ര ജ്ഞത പ്രകടമാക്കുന്നുണ്ട്. കൗരവരുടെ ചതിപ്രയോഗങ്ങൾ കണ്ടു മടുത്ത യുധിഷ്ഠിരൻ ദ്വാരകയിലേയ്ക്ക് പോകാമെന്നു പറഞ്ഞപ്പോൾ കുന്തി മകന്റെ രാജ്യതന്ത്രത്തിലുള്ള അവിവേകിതയെ വിമർശിച്ചു. വാരണാവതത്തിലേ യ്ക്കുള്ള യാത്ര ഒരു നാടുകടത്തലായിരുന്നുവെന്നും, വിദുരോപദേശത്തിന്റെ വ്യംഗ്യമെന്തെന്നും, കൊട്ടാരം അരക്കില്ലമാണെന്നും തിരിച്ചറിയുന്നത് കുന്തി യാണ്. കൗരവർക്ക് മൃതദേഹങ്ങൾ കാണാൻ കാട്ടാളത്തിയേയും അഞ്ചു മക്കളേയും ക്ഷണിച്ച് അരക്കില്ലത്തിൽ താമസിപ്പിച്ചു. ദ്രൗപദിയെ പങ്കിട്ടെടു ക്കാൻ കുന്തി പറഞ്ഞത് അബദ്ധമെന്ന പോലെ മനഃപൂർവ്വമായിരുന്നു. ഭാവി യെക്കുറിച്ചു കൂടി ചിന്തിച്ചു പ്രവർത്തിച്ച ആ ബുദ്ധി തികഞ്ഞ രാജ്യതന്ത്ര ജ്ഞത തന്നെയാണ് വ്യക്തമാക്കുന്നത്. സന്ധിശ്രമം നടത്തുന്ന മക്കൾക്ക് യുദ്ധവീര്യമുണർത്തുന്ന സന്ദേശമയയ്ക്കുമ്പോൾ ദ്രൗപദിയ്ക്കേറ്റ അപമാനം

താൻ മറക്കില്ലെന്നു പറയുന്ന, അനുജന്മാരുടെ കടമയെക്കുറിച്ചും രാജാവിന്റെ കടമയെക്കുറിച്ചും പറയുന്ന കുന്തിയിൽ ഒരു സ്ത്രീയേയും അമ്മയേയും, രാജ്ഞിയേയും ഒരേ സമയം കാണാം.

എല്ലാം ശ്രദ്ധിയ്ക്കുകയും അറിയുകയും ചെയ്യുന്നുണ്ടെങ്കിലും അതിരുവിട്ട വൈകാരികപ്രകടനങ്ങൾ ഒരിയ്ക്കലും ആ വ്യക്തിത്വത്തിൽ കാണുന്നില്ല. കർണ്ണനാരെന്ന സത്യം യുധിഷ്ഠിരനോട് പറയുമ്പോഴും നിർവ്വികാരതയായിരുന്നുഭാവം. തന്റെ അച്ഛനാരെന്ന് മകൻ മുന്നിൽ നിന്നു ചോദിച്ചപ്പോൾ മാത്രമാണ് ഒരു ഭാവഭേദം കാണുന്നത് – തളർച്ചയും അവജ്ഞയും നടുക്കവും രോഷവുമെല്ലാം അപ്പോഴാ മനസ്സിലും മുഖത്തും പ്രകടമാകുന്നു. എങ്കിലും ഭീമന്റെ മുഖത്ത് തീക്ഷ്ണമായി നോക്കിക്കൊണ്ട് ആ സത്യം തുറന്നു പറയാൻ കുന്തിയ്ക്ക് കഴിഞ്ഞു. അഭ്യാസക്കാഴ്ചയുടെ സമയത്ത് കർണ്ണാർജ്ജുനന്മാർ ഏറ്റുമുട്ടിയപ്പോൾ ബോധരഹിതയാവുമ്പോഴും, ക്ഷത്രിയർക്ക് പത്നിമാർ ബീജം ഏറ്റുവാങ്ങേണ്ട വെറും ഗർഭപാത്രങ്ങളാണെന്ന് വിമർശനം നടത്തുമ്പോഴുമാണ് കുന്തിയിലെ മാതൃത്വവും സ്ത്രൈണതയുമെല്ലാം പുറത്തുവരുന്നത്.

കുന്തിയെ അസാമാന്യമായ മനക്കരുത്തുള്ള ഒരു സ്ത്രീയായാണ് നോവലിസ്റ്റ് ചിത്രീകരിച്ചിരിക്കുന്നത്. നിരാസങ്ങളുടെ വേദനയനുഭവിച്ച കുന്തിയ്ക്ക് കാലം അങ്ങനെയൊരു മനസ്സാണല്ലോ കൊടുക്കുക.

### 3. ദ്രൗപദി

യുദ്ധം കണ്ട് രസിയ്ക്കുന്ന, യുദ്ധമുറകളും, വധവർണ്ണനകളും കേട്ടാസ്വദിയ്ക്കുന്ന, മഹാരാജ്ഞീപദം ആഗ്രഹിയ്ക്കുന്ന, മാതൃത്വത്തിനും പത്നീത്വത്തിനും മേലെയായി ക്ഷാത്രവീര്യം പുലർത്തുന്നവളാണ് നോവലിലെ ദ്രൗപദി.

സ്വയംവരമണ്ഡപത്തിൽ യുദ്ധം ചെയ്യാൻ തയ്യാറായി നിന്ന രാജാക്കന്മാരുടെ നടുവിൽ ചിരിച്ചുകൊണ്ടു നിന്ന ദ്രൗപദി സ്വയംവരം കഴിഞ്ഞ് കുശവ ഗ്രാമത്തിലേക്കാണ് തന്നെ കൊണ്ടുപോകുന്നത് എന്നറിയുമ്പോഴും പതറുന്നില്ല. തന്റെ കൂടെയുള്ളവർ പാണ്ഡവരാണെന്ന് ശരിയായിത്തന്നെ ഊഹിക്കാൻ അവൾക്ക് കഴിഞ്ഞിരുന്നു. ബഹുഭർത്തൃത്വം ദ്രൗപദി ആഗ്രഹിച്ചിരുന്നില്ല. അതേക്കുറിച്ച് കൂടുതൽ പരാമർശങ്ങളില്ലെങ്കിലും യുധിഷ്ഠിരന്റെ പത്നീപദം കൊണ്ട് ഹസ്തിനപുരത്തിന്റെ മഹാരാജ്ഞീപദം അവൾ നേട്ടമായി കണ്ടിരുന്നിരിയ്ക്കാം എന്നൂഹിയ്ക്കാവുന്നതാണ്. അർജ്ജുനനോടുള്ള പ്രിയം പലയിടത്തും പ്രകടമാകുന്നുണ്ട്. അർജ്ജുനൻ സുഭദ്രയെ വിവാഹം ചെയ്തതിൽ ദ്രൗപദിയ്ക്ക് പരിഭവമുണ്ട്, അതിന്റെ പ്രതികാരമെന്ന പോലെയാണ് അവൾ ഭീമനോടപ്പോൾ അനുഭാവത്തോടെ പെരുമാറുന്നത്. ഭീമനെ തന്റെ ആഗ്രഹനിവൃത്തിയ്ക്കുപയോഗിയ്ക്കുകയാണ് ദ്രൗപദി മിക്കപ്പോഴും ചെയ്യുന്നത്. ജരാസന്ധവധത്തിന്,കല്യാണസൗഗന്ധികത്തിന്, കീചകവധത്തിന്– തുടങ്ങി തന്റെ ആവശ്യങ്ങൾക്ക് ഊഴങ്ങൾ പറഞ്ഞ് ഭീമൻ പ്രലോഭിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്.  കരുത്തനായ ഭീമന്റെ ദുർബ്ബലമായ മനസ്സ് ദ്രൗപദി ശരിയ്ക്കുമറിഞ്ഞിരുന്നു. യുധിഷ്ഠിരന് നൽകുന്ന പരിഗണനയോ, ബഹുമാനമോ, അർജ്ജുനന് നൽകുന്ന സ്നേഹമോ, നകുലസഹദേവന്മാർക്ക് കൊടുക്കുന്ന വാത്സല്യമോ ഭീമന് കൊടുക്കാനവൾക്ക് കഴിഞ്ഞില്ല. തന്റെ വിധേയനാക്കി നിർത്തുകയാണ് ചെയ്തത്. അതിൽ കുറ്റബോധം തോന്നിയിട്ടാകാം വാഗ്ദാനവും സാന്ത്വനവും സഹതാപവുമൊക്കെ ഭീമന് കൊടുത്തത്. ദ്രൗപദിയുടെ  അന്ത്യനിമിഷത്തിലും ഭീമനതേ അവളിൽ നിന്നു പ്രതീക്ഷിയ്ക്കുന്നുള്ളൂ.

ഒരു രാജ്ഞിയുടെ ഗാംഭീര്യവും ഗൗരവവും എപ്പോഴും ദ്രൗപദി പാലി

ച്ചിരുന്നു. ബലന്ധരയേയും, സുഭദ്രയേയുമൊന്നും തനിയ്ക്കൊപ്പം കാണാൻ അവൾ തയ്യാറായിരുന്നില്ല. ഗാന്ധാരിയേയോ കുന്തിയേയോ പോലെ അട ങ്ങിയിരിയ്ക്കുന്ന ക്ഷത്രിയ സ്ത്രീയല്ല ദ്രൗപദി. ദ്രുപദരാജധാനിയിൽ അവൾ വളർന്നത് അങ്ങിനെയായിരുന്നില്ല എന്ന സൂചന തന്നെ വായിച്ചെടുക്കാം. തന്റെ അപമാനം കണ്ട് നിഷ്ക്രിയരായിരുന്ന ഭർത്താക്കന്മാരെ അവൾ വിമർശിയ്ക്കുകയും, പരിഹസിക്കുകയും, തള്ളിപ്പറയുകയും ചെയ്യുന്നുണ്ട്. ദേവകളെത്തന്നെ നിന്ദിയ്ക്കാനുള്ള ധൈര്യം കാണിയ്ക്കുന്നുണ്ട്. അത്രയ്ക്കാ മനസ്സിൽ പ്രതികാരാഗ്നി ജ്വലിച്ചിരുന്നു. ഒരിയ്ക്കൽ ഭീമന് ദ്രൗപദി മൃത്യുദേ വതയാണെന്ന് തോന്നുന്നുണ്ട്. യുദ്ധം ഒഴിവാക്കാൻ ഭർത്താക്കന്മാർ ശ്രമി യ്ക്കുന്നു എന്നു കണ്ട് അവരെ ശ്രദ്ധിക്കാതെ ദ്രൗപദി കൃഷ്ണനോട് സംസാ രിക്കുന്നു. തന്റെ അഴിഞ്ഞ മുടിയും, ഉള്ളിൽ കത്തുന്ന തീ താൻ അണ യാതെ കാത്തുസൂക്ഷിച്ചതും മുൻനിർത്തി പരാതിപ്പെടുന്നു. കുരുവംശത്തിലെ സ്ത്രീകൾക്ക് ജീവിക്കാൻ അന്ധകളാവണം, അല്ലെങ്കിൽ ഊമകളാകണം എന്ന് യുധിഷ്ഠിരനെ തുറന്നെതിർക്കുകയും ചെയ്യുന്നു.

സ്വാർത്ഥത ദ്രൗപദിയുടെ വ്യക്തിത്വത്തിന്റെ മറ്റൊരു വശമായി കാണുന്നു. കൃഷ്ണനോട് മാനസികമായി ഏറ്റവും അടുപ്പമുണ്ടായിരുന്നിട്ടും അർജ്ജുനരക്ഷയിലുള്ള ഉൽകണ്ഠകൊണ്ട് യാദവരുടെ കുടിപ്പകതീർക്കാൻ അർജ്ജുനനിറങ്ങിത്തിരിയ്ക്കരുതെന്ന് പറയുകയുണ്ടായി. ധൃതരാഷ്ട്രരിൽ നിന്നും ആദ്യവരമായി തന്റെ മുക്തിയാണവൾ നേടുന്നത്. ഭീമന്റെ അഭിഷേ കവാർത്തയറിഞ്ഞ് മഹാറാണിപട്ടം ബലന്ധരയ്ക്കാകുമല്ലോ എന്ന് നിരാശ പ്പെടുകയാണ് ദ്രൗപദി. തനിയ്ക്ക് വാനപ്രസ്ഥത്തിന് സമയവും മനസ്സുമായി ട്ടില്ല, എന്നും ദാസ്യമായിരിക്കും വിധി എന്നൊക്കെ കരഞ്ഞു പറഞ്ഞ് അവൾ ഭീമനെ പിന്മാറാൻ പ്രേരിപ്പിച്ചു. മഹാരാജ്ഞിപദത്തിലിരിയ്ക്കുമ്പോൾ മക്ക

ളുടെ മരണത്തിന്റെ അസ്വാസ്ഥ്യം പോലും ദ്രൗപദി മറന്നു.

എം.ടി.യുടെ സ്ത്രീകഥാപാത്രങ്ങൾ നിശ്ചേതനവസ്തുക്കളാണെന്നും ജീവിയ്ക്കുന്നുണ്ടോ എന്ന് നെഞ്ചിൽ കൈവെച്ചുനോക്കണമെന്നും അഭിപ്രായമുണ്ടായിട്ടുണ്ട്.[292] അവർ പ്രതിഷേധിയ്ക്കുന്നില്ലെന്നതാണീ അഭിപ്രായത്തിന് നിദാനം. അധികം പരിഭവിയ്ക്കാതെ മുഖഭാവം കൊണ്ടോ, ഒരു നോട്ടം കൊണ്ടോ, നിശിതമായ ഒരു വാക്കുകൊണ്ടോ മാത്രം പ്രതികരിയ്ക്കുന്നവരാണവർ. ഇതിൽ നിന്നും വ്യത്യസ്തയാണിവിടെ ദ്രൗപദി. സമാനമായ മറ്റൊരു കഥാപാത്രം ഒരു വടക്കൻവീരഗാഥ എന്ന തിരക്കഥയിലെ ഉണ്ണിയാർച്ചയാണ്. പ്രണയം കൊണ്ടും, പ്രലോഭനം കൊണ്ടും, കണ്ണീരുകൊണ്ടും ചന്തുവിനെ വരുതിയിൽ നിർത്തുന്ന ഉണ്ണിയാർച്ച ഇതേ മട്ടിൽ ഭീമസേനനെ വശംവദയാക്കുന്ന ദ്രൗപദിയ്ക്ക് സദൃശയാണ്.

## 4. യുധിഷ്ഠിരൻ

ഭീരുവും, നിഷ്ക്രിയനും, ചപലനും, സ്വാർത്ഥനുമാണിവിടെ യുധിഷ്ഠിരൻ. ഭീമനാണ് തങ്ങളുടെ ബലം എന്നറിയാമായിരുന്നിട്ടും പലപ്പോഴും ഭീമനെ അവഗണിയ്ക്കാനും താഴ്ത്തിക്കെട്ടാനും ശ്രമിയ്ക്കുന്നു. ദ്രൗപദിയുടെ കാര്യം വരുമ്പോൾ അർജ്ജുനനോടുമുണ്ട് അസൂയ. ചൂതുകളി ഒരു ലഹരിയാണ്. ആ ലഹരി ജ്യേഷ്ഠനെ എത്ര അധഃപതിപ്പിയ്ക്കുന്നുവെന്ന് ഒരിയ്ക്കൽ അർജ്ജുനൻ വളരെ നിശിതമായ ഭാഷയിൽത്തന്നെ പറയുന്നുണ്ട്. യുദ്ധത്തിന്റെ കാര്യത്തിൽ അഭ്യാസകാലം തൊട്ടേ മികവു കാണിയ്ക്കാൻ യുധിഷ്ഠിരന് കഴിഞ്ഞിട്ടില്ല. ഒരു പക്ഷേ ഈ അസൂയയാകാം ഭീമനോടുള്ള പ്രതിഷേധമായി മാറിയത്. യുദ്ധരംഗത്തു തന്നെ മിക്കപ്പോഴും അനുജന്മാരുടെ സഹായത്തോടെയാണ് എന്തെങ്കിലും

292. സുലോചനാ നായർ, 'ബന്ധനം', *എം.ടി.കഥയും പൊരുളും* എഡി:എം.എം.ബഷീർ (കറന്റ് ബുക്സ്, തൃശ്ശൂർ, 1996), പു.347.

ചെയ്യാൻ യുധിഷ്ഠിരന് കഴിയുന്നത്. പലപ്പോഴും മൂത്തമകനാണെന്നും രാജ്യാവകാശിയാണെന്നുമുള്ള അധികാരമുപയോഗിച്ച് തീരുമാനങ്ങളെടുക്കുകയും അനന്തരഫലമായുണ്ടാവുന്ന ആപത്തുകളെ തടയാൻ നിവൃത്തിയില്ലാതെ ആശയക്കുഴപ്പത്തിലാവുകയും ചെയ്യുന്നത് യുധിഷ്ഠിരന്റെ പതിവായിരുന്നു. എന്നാൽ ഏതു പ്രതിസന്ധിയിലും സഹായത്തിനെത്തുന്ന അനുജന്മാരെ, പ്രത്യേകിച്ചും ഭീമനെ അംഗീകരിക്കാൻ സമ്മതവുമുണ്ടായിരുന്നില്ല. ഗത്യന്തരമില്ലാത്ത സന്ദർഭത്തിൽ ഭീമന്റെ കൈക്കരുത്തിനെ തുറന്നംഗീകരിക്കുന്നുമുണ്ട്.

ദ്രൗപദീസ്വയംവരത്തിലൂടെ ദ്രുപദനുമായുള്ള ബന്ധംകൊണ്ട് ദുര്യോധനാദികളെ എതിർക്കാനുള്ള ശക്തി ലഭിയ്ക്കുമെന്ന് കണക്കുകൂട്ടുന്നതും ആ കൃത്യം അനുജന്മാരോടേറ്റെടുക്കാൻ പറയുന്നതും യുധിഷ്ഠിരനാണ്. ആ മത്സരപരീക്ഷണമേറ്റെടുക്കാനുള്ള ധൈര്യം യുധിഷ്ഠിരനില്ല. മാതൃശാസനമെന്ന വാക്ക് മുറുകെപ്പിടിച്ച് ദ്രൗപദിയെ വിവാഹം ചെയ്യാൻ ആഗ്രഹിയ്ക്കുന്നിടത്ത് തീർത്തും നിന്ദ്യനും ചപലനുമായിപ്പോകുന്നു. തന്നെ സ്നേഹിക്കുന്നവരോടോ, സഹായിക്കുന്നവരോടോ സ്നേഹമോ, നന്ദിയോ കാണിയ്ക്കാൻ യുധിഷ്ഠിരന് കഴിയുന്നില്ല. അനാഥരായി ഹസ്തിനപുരത്തേയ്ക്കു വന്ന കുട്ടികളായ പാണ്ഡവരുടെ കാര്യത്തിൽ ശ്രദ്ധ കാണിക്കുന്നത് വിദുരരാണ്. പക്ഷേ വിദുരരുടെ മക്കൾ ശൂദ്രരാണ് എന്നതുകൊണ്ട് അവരോട് അകൽച്ച കാണിക്കുകയാണ് ബാലനായ യുധിഷ്ഠിരൻ. ഗന്ധമാദനത്തിലെ യാത്രക്കിടയിൽ വേണ്ട സഹായങ്ങളൊക്കെ ചെയ്തുകൊടുത്ത ഘടോൽക്കചനെ ഭീമപുത്രനാണെന്നറിഞ്ഞിട്ടും കാട്ടാളരെ കുറ്റം പറയുന്ന കൂട്ടത്തിൽ നിന്ദിയ്ക്കാൻ മടി കാണിക്കുന്നില്ല. തന്നെ രാജാവാക്കാൻ ജീവിതകാലം മുഴുവൻ യത്നിച്ച അമ്മയെ കർണ്ണന്റെ ജന്മരഹസ്യം മറച്ചുവെച്ച

തിന്റെ പേരിൽ വെറുത്തു. മരണാസന്നയായ ദ്രൗപദിയെ അർജ്ജുനാനുരാഗിണിയായിരുന്നതിനാൽ അവഗണിച്ചു.

രാജാവാണ് താൻ എന്ന വിചാരത്തോടെയാണ് യുധിഷ്ഠിരൻ എപ്പോഴും എല്ലാവരോടും പെരുമാറുന്നത്. ധർമ്മനീതികൾ പലയിടത്തും തന്റെ ഭീരുത്വത്തിനും ചാപല്യങ്ങൾക്കും മറയായിട്ടാണുപയോഗിയ്ക്കുന്നത്. സഹോദരന്മാർ പലപ്പോഴും യുധിഷ്ഠിരനെ ആദരിക്കുന്നതും അനുസരിക്കുന്നതും മനസ്സുണ്ടായിട്ടല്ല, ജ്യേഷ്ഠനും രാജാവുമാണല്ലോ എന്നോർത്താണ്. വനവാസകാലത്ത് സഹോദരന്മാരും, ദ്രൗപദിയും യുധിഷ്ഠിരന്റെ നിഷ്ക്രിയത്വത്തെ തുറന്നെതിർക്കുന്നുണ്ട്. കർണ്ണനെ വധിച്ചില്ലെന്ന് പറഞ്ഞ് അർജ്ജുനനെ നിന്ദിച്ചപ്പോൾ അർജ്ജുനൻ നിയന്ത്രണം വിട്ട് യുധിഷ്ഠിരനെ ശകാരിച്ചു. യുദ്ധമൊഴിവാക്കാൻ ശ്രമിക്കുന്നതു കണ്ടപ്പോൾ ഭീമനും പരുക്കനായി പെരുമാറുന്നു.

ശാന്തനും, സൗമ്യനും, സമചിത്തനുമായിരിക്കാൻ എപ്പോഴും ശ്രദ്ധിക്കുന്നവനാണെങ്കിലും, പലപ്പോഴും പല പിഴവുകൾ പറ്റിയിട്ടുണ്ടെങ്കിലും ചില സന്ദർഭങ്ങളിൽ തന്ത്രപരമായി പെരുമാറാനും യുധിഷ്ഠിരന് കഴിയുന്നു. ഘോഷയാത്രാവേളയിൽ ബന്ധനസ്ഥരായ ദുര്യോധനാദികളെ മോചിപ്പിക്കണമെന്നും യുധിഷ്ഠിരൻ പറഞ്ഞത് കൗരവരുടെ ഉപദ്രവമേറ്റ തങ്ങൾ തന്നെ ആപത് സന്ധിയിൽ അവരെ സഹായിച്ചു എന്നു പറയുമ്പോൾ തങ്ങൾ കൂടുതൽ ശക്തരാകുമല്ലോ എന്ന രാജതന്ത്രമോർത്താണ്. ബന്ധനസ്ഥനായ ദുര്യോധനനെ കണ്ടപ്പോൾ ചിരി അടക്കിപ്പിടിക്കാൻ ശ്രമിക്കുയയാണദ്ദേഹം. അജ്ഞാതവാസകാലത്ത് ദ്രൗപദിയെ അപമാനിയ്ക്കാൻ ശ്രമിച്ച കീചകനോടെതിർക്കാൻ ചെന്ന ഭീമനെ കുറ്റബോധത്തോടെയെങ്കിലും യുധിഷ്ഠിരൻ തടഞ്ഞത് തങ്ങളുടെ രഹസ്യം പുറത്തറിയരുത് എന്നു കരുതിയാണ്. അവിടെ

സമചിത്തത പാലിക്കാൻ യുധിഷ്ഠിരന് കഴിഞ്ഞു. വനവാസത്തിനിടയിലും വിദുരരുടെ ചാരന്മാരിൽ നിന്നും കൗരവരുടെ കാര്യങ്ങളറിയാൻ ശ്രമിക്കുന്ന യുധിഷ്ഠിരൻ ഭീമനെ അത്ഭുതപ്പെടുത്തുന്നു. യുദ്ധം എങ്ങിനേയും ഒഴിവാക്കണമെന്ന് കരുതിയ യുധിഷ്ഠിരനോട് ഭീമനെതിർക്കുമ്പോൾ വെല്ലുവിളിയുടെ ഭാഷയിലാണ് അദ്ദേഹം മറുപടി പറയുന്നത്. അഭിമന്യുവിന്റെ വിവാഹക്കാര്യം പറഞ്ഞ് യുദ്ധവിഷയം മാറ്റാൻ ശ്രമിച്ചുവെങ്കിലും നിവൃത്തിയില്ലാതെ വന്നപ്പോൾ യുദ്ധമാർഗ്ഗം തന്നെ സ്വീകരിക്കാമെന്ന് തികഞ്ഞ ശാന്തതയോടെ സമ്മതിച്ചു.

കർണ്ണനെക്കുറിച്ചോർത്തുള്ള കുറ്റബോധവും, അമ്മയോട് അപ്രിയം പറഞ്ഞതിന്റെ വിഷമവും, ഘടോൽക്കചവധത്തിലുള്ള ദുഃഖവും, സർവ്വനാശം കണ്ട് അസ്വസ്ഥമായ മനസ്സോടെ രാജപദം ഏറ്റെടുക്കാൻ വയ്യെന്ന സങ്കടവും യുധിഷ്ഠിരന്റെ മനസ്സിന്റെ ആർദ്രതയും ദൗർബ്ബല്യവും വ്യക്തമാക്കുന്നു. മനസ്സിലാക്കാൻ പ്രയാസമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് യുധിഷ്ഠിരനെന്ന സൂചന നോവലിലുണ്ട്.

### 5. വിശോകൻ

നോവലിസ്റ്റ് വിശോകനെ ഒരു ഉപകഥാപാത്രമായി വളർത്തിയിരിയ്ക്കുന്നു. ഒരു തേരാളിയായല്ല, ഭീമന്റെ ആവശ്യങ്ങളും അപകർഷതകളുമറിഞ്ഞ് പെരുമാറുന്ന ഒരു വ്യക്തിയായാണ് വിശോകനെ അവതരിപ്പിച്ചിരിക്കുന്നത്. ആത്മാർത്ഥതയും, സ്നേഹവും, ഉത്തരവാദിത്തവുമെല്ലാമുള്ള ഈ തേരാളി ഭീമന്റെ ശക്തിയായി കൂടെ നിൽക്കുന്നു. ഭീമന്റെ സ്വഭാവവും പെരുമാറ്റവും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ മാറ്റു കൂട്ടുകയാണ് വിശോകൻ. ഒരു തേരാളിയുടെ വിനയവും, അകൽച്ചയും പുലർത്തിക്കൊണ്ടു തന്നെ ഭീമനെ മറ്റാ

രേക്കാളുമധികം മനസ്സിലാക്കുകയും പലതും പറഞ്ഞുകൊടുക്കുകയും, പലപ്പോഴും ഉപദേശമെന്നു തോന്നാത്ത വിധത്തിൽ ഗുണദോഷങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും വിജയിപ്പിയ്ക്കുകയും ചെയ്യുന്നുണ്ടിയാൾ. ക്ഷത്രിയോചിതമായിത്തന്നെ ചിലപ്പോഴൊക്കെ പെരുമാറുകയും ചെയ്യുന്നു. കർണ്ണൻ ജ്യേഷ്ഠനാണെന്നറിയിച്ച് ഭീമനെ വധോദ്യമത്തിൽ നിന്ന് പിന്തിരിപ്പിയ്ക്കുന്ന ഇദ്ദേഹം ഘടോൽക്കചവധത്തിലൂടെ അർജ്ജുനൻ രക്ഷപ്പെട്ടപ്പോൾ ആഹ്ലാദിയ്ക്കുന്നു.

ഭീമന് കർണ്ണനിൽ നിന്നും തോൽവിയുണ്ടാകാൻ കാരണം അത് ജ്യേഷ്ഠനാണെന്നുള്ള തിരിച്ചറിവാണെന്ന് നോവലിസ്റ്റ് അവതരിപ്പിയ്ക്കുന്ന പുതുമയ്ക്ക് വിശ്വാസ്യതയേകാൻ ഈ കഥാപാത്രം സഹായിയ്ക്കുന്നു.

### 6. കർണ്ണൻ

കർണ്ണനെ നോവലിസ്റ്റ് നല്ലൊരു യോദ്ധാവായിത്തന്നെയാണ് അവതരിപ്പിയ്ക്കുന്നത്. പക്ഷേ അജയ്യനായോ ദാനശീലനായോ ചിത്രീകരിച്ചിട്ടില്ല. മൂലകൃതിയിലെ കൃഷ്ണനും കർണ്ണനും തമ്മിലുള്ള സംഭാഷണവും, ഭീഷ്മരും കർണ്ണനും തമ്മിലുള്ള സംഭാഷണവും കർണ്ണന്റെ വ്യക്തിത്വത്തിന് മാറ്റു കൂട്ടുന്നവയാണ്. അതുകൊണ്ടാകാം അവ ഒഴിവാക്കിയത്. കുന്തീ-കർണ്ണസമാഗമത്തിൽ കർണ്ണൻ അർജ്ജുനനൊഴികെ ആരേയും കൊല്ലില്ല എന്നു വാക്കു നൽകുന്നിടത്തും അമ്മയോട് പെരുമാറുന്നിടത്തുമൊക്കെ കുറ്റപ്പെടുത്തലിന്റെ സ്വരം തന്നെയാണ് മുന്നിട്ടു നിൽക്കുന്നത്.

സൂര്യപുത്രൻ-സൂതപുത്രൻ എന്ന വിരുദ്ധദ്വന്ദ്വം പേറേണ്ടിവന്ന ദുഃഖമൊന്നും കർണ്ണന് നോവലിസ്റ്റ് കല്പിച്ചിട്ടില്ല. അതിരഥപുത്രനായി വളർന്ന കർണ്ണൻ യഥാർത്ഥത്തിൽ കുന്തീഭോജന്റെ തേരാളിയുടെ മകനായി

രുന്നുവെന്നാണ് നോവലിൽ പറയുന്നത്. ഈ സത്യത്തിലേയ്ക്ക് കൊണ്ടു ചെന്നെത്തിയ്ക്കുകയാണ് ഈ നിഷ്കാസിതന്റെ കഥ. അവഗണിയ്ക്കപ്പെടു ന്നവന്റെ അപകർഷതയുടെ കയ്പ് ആ കഥാപാത്രത്തിന്റെ മുഖഭാവത്തിൽ, വാക്കുകളിൽ, പ്രവൃത്തികളിൽ – ഒക്കെ നോവലിസ്റ്റ് അവതരിപ്പിച്ചിട്ടുണ്ട്. സൂതന് ചേർന്ന് വ്യക്തിത്വം തന്നെയാണിതിലെ കർണ്ണനുള്ളത്. യോദ്ധാവാ കാനും രാജാവാകാനും ശ്രമിച്ചാൽ ഒരു സൂതനനുഭവിയ്ക്കേണ്ടിവരുന്ന പ്രശ്നങ്ങൾ തന്നെയാണിതിലെ കർണ്ണന്റെ അനുഭവങ്ങൾ.

## 7. കൃഷ്ണൻ

കൃഷ്ണനെ ഒരു അവതാരപുരുഷനായല്ല ഇവിടെ അവതരിപ്പിയ്ക്കു ന്നത്, ഒരു യഥാർത്ഥ സൂത്രധാരൻ തന്നെ. ദ്രൗപദീസ്വയംവരവേളയിലാണ് കൃഷ്ണനെ ഇവിടെ ആദ്യമായി കാണുന്നത്. സുഭദ്രാസ്വയംവരം കൂടി കഴിഞ്ഞാണ് കൃഷ്ണൻ പാണ്ഡവരുടെ കാര്യത്തിൽ സജീവമായിടപെട്ടു തുടങ്ങുന്നത്.

യുദ്ധത്തിൽ അസത്യം പറയാനും അധർമ്മം പ്രവർത്തിയ്ക്കാനും പല പ്പോഴും പാണ്ഡവരെ കൃഷ്ണൻ പ്രേരിപ്പിയ്ക്കുന്നുണ്ട്. യുധിഷ്ഠിരന്റെ നിർബ്ബന്ധപ്രകാരം സന്ധിദൗത്യമേറ്റെടുത്ത കൃഷ്ണന് യുദ്ധം വേണമെന്ന് തന്നെയായിരുന്നു അഭിപ്രായം. യുദ്ധം ചെയ്യാനാകാതെ തളർന്നു നിന്ന അർജ്ജുനനെ ആത്മാവിന്റെ അനശ്വരതയെപ്പറ്റി പറഞ്ഞ് ഉത്തേജിപ്പിച്ച കൃഷ്ണന് അഭിമന്യുവിന്റെ മരണം അങ്ങനെ കണക്കാക്കാൻ കഴിഞ്ഞില്ല.

തന്ത്രശാലിയും, വാക്ചതുരനും, യുദ്ധതന്ത്രങ്ങളറിയുന്നവനും ആയു ധപ്രയോഗങ്ങളിൽ വിദഗ്ദ്ധനുമായ ഒരു യോദ്ധാവാണ് നോവലിലെ കൃഷ്ണൻ.

## നോവലിലെ മറ്റു ചില മഹാഭാരതസന്ദർഭങ്ങൾ

(1) പരാശരന്റേയും സത്യവതിയുടേയും കഥ[293] (2) ധൃതരാഷ്ട്രരുടേയും പാണ്ഡുവിന്റേയും വിദുരരുടേയും ജനനം[294] (3) ധൃതരാഷ്ട്രരുടേയും ഗാന്ധാരിയുടേയും വിവാഹം[295] (4) കുന്തിയുടെ പൂർവ്വകഥ[296] (5) ഏകലവ്യന്റെ കഥ[297] (6) ദ്രോണദ്രുപദന്മാരുടെ കഥ[298] (7) സുഭദ്രാഹരണം[299] (8) ഖാണ്ഡവദഹനം[300] (9) ജരാസന്ധവധം[301] (10) അംബയുടെ കഥ[302] (11) ശിശുപാലവധം[303] (12) വ്യാസന് ഘൃതാചിയിൽ പുത്രൻ പിറന്നത്[304] (13) ഋശ്യശൃംഗന്റെ കഥ[305] (14) കാലകേയവധം[306] (15) മുൽഗലന്റെ കഥ[307] (16) വിദുളയുടെ കഥ[308] (17) ഗീതോപദേശം[309] (18) അശ്വത്ഥാമാവ് പാണ്ഡവരിൽ നിന്ന് മരണം വരിയ്ക്കാതെ രക്ഷപ്പെട്ടത്[310]

ഇങ്ങനെ പല മഹാഭാരതസന്ദർഭങ്ങളും ചുരുക്കിയോ സൂചിപ്പിച്ചോ നോവലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സന്ദർഭങ്ങൾ നോവലിസ്റ്റ് നിബന്ധിച്ചിരിയ്ക്കുന്നത് പ്രത്യേക ഉദ്ദേശ്യത്തോടെത്തന്നെയാണ്. ഭീമന്റെ ആഴത്തിൽ ചിന്തിയ്ക്കാനും നിരീക്ഷിയ്ക്കാനുമുള്ള കഴിവ്, മറ്റുള്ളവരുടെ പിഴവുകളിൽ തോന്നുന്ന നീരസം, അവഗണിയ്ക്കപ്പെടുന്നതിലുള്ള അമർഷവും വേദനയും, യുധിഷ്ഠിരന്റെ ദ്രൗപദിയോടുള്ള താല്പര്യം, അതുകൊണ്ടു തന്നെ അർജ്ജുനനോടുള്ള അസൂയ, രാജ്യതന്ത്രജ്ഞത, ശ്രീകൃഷ്ണൻ, ദ്രോണർ, ദ്രുപദൻ തുടങ്ങിയവർക്ക് നൽകുന്ന വ്യക്തിത്വം – ഇവ വ്യക്തമാക്കാനാണ് മിക്ക ഉപകഥകളും ഉപയോഗിച്ചിരിക്കുന്നത്. ഇതിഹാസത്തിന്റെ സമഗ്രത നോവലിന്റെ ബാഹ്യരൂപത്തിൽ നിലനിർത്താനും ഈ ഉപാഖ്യാന നിബന്ധനം സഹായകമാകുന്നുണ്ട്.

പരാശരനെപ്പറ്റി ഭീമനോർക്കുന്നത് എതിർക്കുന്ന മുക്കുവപ്പെണ്ണിനെ കയ്യൂക്കുകൊണ്ട് കീഴടക്കിയ ബ്രാഹ്മണനായാണ്. പിതൃക്രിയ നടത്തുമ്പോൾ

293–310. രണ്ടാമൂഴം പു.164,31,42,273,55,96,118,128,134,139,140,162,163,178,183,220,233,309.

ഭീമന് സംശയം തോന്നി – ക്രിയ ചെയ്യേണ്ടത് ബീജബന്ധമില്ലാത്ത പാണ്ഡുവിനും പൂർവ്വികർക്കുമാണോ ? പരാശരന്റെ ആത്മാവും തിലോദനം അർഹിയ്ക്കുന്നുണ്ട് എന്നും ഭീമൻ ചിന്തിയ്ക്കുന്നു. സ്ത്രീയോട് അതിക്രമം കാണിച്ചതിൽ ഭീമനുള്ള രോഷം, അദ്ദേഹത്തിന്റെ ചിന്താശേഷി, ഭീമനെ മന്ദനെന്ന് താഴ്ത്തിക്കെട്ടാനുള്ള യുധിഷ്ഠിരന്റെ താല്പര്യം, ചിന്താശേഷിയില്ലായ്മ തുടങ്ങിയവയൊക്കെ സൂചിപ്പിയ്ക്കാനാണ് നോവലിസ്റ്റ് ഈ സന്ദർഭം ഉപയോഗിച്ചിരിയ്ക്കുന്നത്.

കുട്ടിക്കാലത്ത് കലഹിയ്ക്കുന്ന ദുര്യോധനനേയും, ഭീമനേയും ഗാന്ധാരി ഉപദേശിയ്ക്കുമ്പോഴാണ് ഭീമൻ ഗാന്ധാരിയെപ്പറ്റി ഓർക്കുന്നത്. ഗാന്ധാരി വധുവായി ഹസ്തിനപുരത്തെത്തിയപ്പോഴാണ് ധൃതരാഷ്ട്രർ അന്ധനാണെന്നറിഞ്ഞത്. സ്ത്രീകളോട് ഹസ്തിനപുരം അത്യാചാരം പ്രവർത്തിയ്ക്കുന്നുവെന്ന ഭീമന്റെ വിലയിരുത്തലിന് പിൻബലമേകാനാകണം ഇങ്ങനെ ചേർത്തിരിയ്ക്കുന്നത്. ശകുനി എതിർത്തുവെന്നുകൂടി നിബന്ധിച്ചത് പിന്നീട് ശകുനി തന്റെ സഹോദരീപുത്രരുടെ ഭാഗം ചേർന്ന് ചെയ്ത അക്രമങ്ങൾക്ക് കാരണമായിട്ടാകണം. ഗാന്ധാരി കൊട്ടാരം വിട്ട് പുറത്തിറങ്ങിയില്ല. മുഖം മൂടിയിട്ടാണ് അകത്തും നടക്കുന്നതെന്നാണ്, ഗാന്ധാരി കണ്ണടച്ചുകെട്ടി എന്നല്ല പറയുന്നത്. യുക്തിയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതിനാൽ ഇങ്ങനെ മാറ്റം വരുത്തി. തന്റെ ദുരനുഭവങ്ങളോട് പ്രതിഷേധമുള്ളവളാണ് ഗാന്ധാരിയെന്നിവിടെ സംഭാഷണത്തിൽ തെളിയുന്നുണ്ട്.

ശൂരസേനൻ മകളെ കുന്തിഭോജന് കൊടുത്തത്, കുന്തീഭോജൻ അവളെ മഹർഷിമാരുടെ ദാസ്യപ്പണിയ്ക്ക് അയച്ചത്, പിന്നീട് കുന്തിയ്ക്കനുഭവിയ്ക്കേണ്ടിവന്ന സപത്നീത്വം, ഭർത്താവിന്റെ ഷണ്ഡത്വം, കാനനവാസം, വൈധവ്യം, വിദുരഗൃഹവാസം – അമ്മയ്ക്കനുഭവിയ്ക്കേണ്ടി വന്ന ഈ

ദുരിതങ്ങളെക്കുറിച്ച് ഭീമസേനനോർക്കുന്നത് കർണ്ണന്റെ ജന്മരഹസ്യമറിഞ്ഞ് സഹോദരന്മാർ അമ്മയെ കുറ്റപ്പെടുത്തുകയും ശപിയ്ക്കുകയും ചെയ്യുമ്പോഴാണ്. ഭീമന് ശപിയ്ക്കാനും പൊറുക്കാനും കഴിഞ്ഞില്ല. കർണ്ണന്റെ കാര്യം അമ്മയുടെ തെറ്റായിത്തന്നെ കാണുന്നുണ്ട്. പക്ഷേ കഷ്ടപ്പാടുകൾ മാത്രം സഹിച്ച അമ്മയെ ശപിയ്ക്കാനും കഴിഞ്ഞില്ല. മറ്റുള്ളവരുടെ ദുഃഖങ്ങൾ മനസ്സിലാക്കാനും, അവരോട് സഹതപിയ്ക്കാനുമുള്ള ഭീമന്റെ മനസ്സാണിവിടെ കാണുന്നത്.

ഏകലവ്യന്റെ കഥ, മറ്റൊരു വീരനായ വില്ലാളിയോട് അർജ്ജുനനു തോന്നുന്ന ക്രൂരമല്ലാത്ത അസൂയ ഭീമസേനൻ മനസ്സിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാനാണ് സഹായിയ്ക്കുന്നത്.

ദ്രുപദന് പ്രൗഢമായ ഒരു വ്യക്തിത്വമാണ് നോവലിസ്റ്റ് നൽകിയിരിയ്ക്കുന്നത്. ദ്രോണർ ധനേച്ഛുവായ, നേട്ടങ്ങൾക്ക് മാത്രം പ്രാധാന്യം കൊടുക്കുന്ന വ്യക്തിയാണ്. ബ്രാഹ്മണർ ക്ഷാത്രവിദ്യ പഠിച്ചാൽ ക്ഷത്രിയനേക്കാൾ ക്രൂരനാകുമെന്ന സൂചനയും നോവലിലുണ്ട്. ആ ക്ഷത്രിയസ്വഭാവം തന്നെയാണ് ദ്രുപദന്റെ സ്വത്തിൽ ദ്രോണന് ആഗ്രഹം ജനിയ്ക്കാൻ കാരണം. അത് ഭീമന് വ്യക്തമാക്കിക്കൊടുക്കുന്നത് വിശോകനാണ്. ഭീമനും വിശോകനും തമ്മിലുള്ള ബന്ധത്തിന്റെ ദാർഢ്യം വ്യക്തമാക്കാനും ഈ സന്ദർഭം സഹായകമാകുന്നുണ്ട്.

സുഭദ്രാർജ്ജുന വിവാഹകഥ യുധിഷ്ഠിരസ്വഭാവം വ്യക്തമാക്കാനാണുപയോഗിയ്ക്കുന്നത്. സുഭദ്ര അർജ്ജുനന്റെ കൂടെ ഒളിച്ചോടാൻ തയ്യാറായെന്ന് യുധിഷ്ഠിരൻ ദ്രൗപദി കേൾക്കാൻ വേണ്ടി മനഃപൂർവ്വം ഉറക്കെ പറയുകയാണ്. ദ്രൗപദിയോടുള്ള യുധിഷ്ഠിരന്റെ താല്പര്യവും, അർജ്ജുനനോടുള്ള അസൂയയും ഇവിടെ വ്യക്തമാകുന്നു. കൃഷ്ണന്റേയും

യാദവരുടേയും ബലം തങ്ങളുടെ ശക്തി വർദ്ധിപ്പിയ്ക്കുമെന്നതിനാൽ ആ ബന്ധത്തിനനുമതി നൽകാം എന്നു പറയുന്നിടത്ത് യുധിഷ്ഠിരന്റെ രാജ്യ തന്ത്രജ്ഞതയും പ്രകടമാകുന്നു.

ഖാണ്ഡവദഹനം ഭീമസേനന്റെ അഭാവത്തിലാണ് നടന്നത്. ഇത് ഒരിയ്ക്കൽ ഭീമനെ സഹായിച്ച നാഗന്മാരെ കാട്ടിൽ നിന്ന് ഭീഷണിപ്പെടുത്തി അകറ്റിയതിൽ അദ്ദേഹത്തിന് പങ്കില്ലെന്ന് കാണിയ്ക്കാൻ പറ്റിയ ഒരു സന്ദർഭമാക്കിയിരിയ്ക്കുന്നു. കാട് നശിച്ചു കണ്ടപ്പോൾ ഭീമൻ നാഗന്മാരുടെ കാര്യം പ്രത്യേകമെടുത്തു ചോദിച്ചതിൽ ഭീമന്റെ നന്ദിയും സ്നേഹവുമാണ് കാണുന്നത്.

ശത്രുവിനോടും ബഹുമാനം തോന്നുന്ന ഭീമന്റെ മനസ്സ് കാണിയ്ക്കുന്ന ഒരു സന്ദർഭമാണ് ജരാസന്ധവധം. ദ്രൗപദിയുടെ വീരസ്വഭാവം കാണിയ്ക്കാനാണ് നോവലിസ്റ്റ് ഈ സന്ദർഭം പ്രധാനമായും ഉപയോഗിയ്ക്കുന്നത്. വധ വാർത്തകളിൽ നിന്ന് രത്യാവേശമുൾക്കൊള്ളുന്ന ഒരു വ്യക്തിത്വം ദ്രൗപദിയ്ക്കു നൽകുന്ന പ്രധാനരംഗങ്ങളിലൊന്നാണത്.

രാജസൂയത്തിൽ അഗ്ര്യപൂജയ്ക്കു കൃഷ്ണനെ തെരഞ്ഞെടുത്ത ഭീഷ്മരെ നിന്ദിച്ചുകൊണ്ട് ശിശുപാലൻ പറയുന്ന കാര്യങ്ങളിലാണ് അംബയുടെ കഥ ഉൾക്കൊള്ളിച്ചിരിയ്ക്കുന്നത്. ഈ സന്ദർഭം ഉപയോഗിയ്ക്കുന്നത്, പറയുന്നത് ശത്രുവാണെങ്കിലും അത് സത്യമാണെങ്കിൽ മനസാ അംഗീകരിയ്ക്കാനുള്ള ഭീമന്റെ പ്രവണതയാണ്. ശിശുപാലന്റെ വാക്കുകൾ ശരിയാണെന്നും, പക്ഷേ അത് സദസ്സിൽ പറയേണ്ടിയിരുന്നില്ലെന്നും ഭീമൻ വിചാരിയ്ക്കുന്നു.

ദ്രൗപദി ഊഴത്തിന്റെ നിയമം പറഞ്ഞപ്പോൾ അമർഷം തോന്നിയ ഭീമൻ ഭരദ്വാജനും, വ്യാസനും ഘൃതാചിയെ കണ്ടു മോഹിച്ച കഥകളോർക്കുന്നു. നിയമങ്ങൾ സൃഷ്ടിച്ച മഹർഷിമാർ തന്നെയാണ് അത് ലംഘിയ്ക്കുന്നതെന്ന്

ഭീമൻ മനസാ പ്രതിഷേധിയ്ക്കുന്നു. തെറ്റ് ആരുടെ പക്ഷത്തായാലും അത് തെറ്റായിത്തന്നെ കാണുന്നവനാണ് അദ്ദേഹമെന്ന് ഇവിടെ തെളിയുന്നു. ദ്രൗപദി നിഷേധിയ്ക്കുന്നതിന്റെ വേദനയും രോഷവും കൂടി ഇവിടെ പ്രകടമാകുന്നു.

ശിശുപാലവധം കൃഷ്ണന്റെ വീര്യശൗര്യാദികൾ കാണിയ്ക്കാനുള്ള ഒരു സന്ദർഭമായുപയോഗിച്ചിരിയ്ക്കുന്നു. ശിശുപാലനോട് എതിർക്കാൻ സഹദേവനും, ഭീമനും തയ്യാറായപ്പോൾ, ശിശുപാലന്റെ ദുർവ്വാക്കുകൾ നിസ്സാരമായി കണക്കാക്കി അലസഭാവത്തിലിരുന്ന കൃഷ്ണൻ പെട്ടെന്ന് ചക്രായുധം പ്രയോഗിച്ച് അയാളുടെ ശിരസ്സറുത്തു. ഇനിയും എതിർക്കാനാളുണ്ടെങ്കിൽ ആവാമെന്ന കൃഷ്ണന്റെ ധീരത ഇവിടെ പ്രകടമാകുന്നു. വിദഗ്ദ്ധയോദ്ധാവും, നയചതുരനും, തീരുമുനങ്ങളെടുക്കുന്നതിൽ ഔചിത്യം പുലർത്തുന്നവനുമായ ശ്രീകൃഷ്ണനെയാണിവിടെ കാണുന്നത്.

കാലകേയവധം ഇവിടെ ദ്രൗപദിയുടെ തിരസ്കാരമേൽക്കുന്ന ഭീമന്റെ അമർഷം വ്യക്തമാക്കുന്ന ഒരു സന്ദർഭമാക്കിയിരിയ്ക്കുകയാണ്. ഒരു വർഷത്തെ വേർപാടിനുശേഷം അർജ്ജുനനെ കണ്ട സന്തോഷത്തിലായിരുന്നു ദ്രൗപദി. കാലകേയൻ എന്ന ഗോത്രത്തലവനെ താൻ കൊന്നു എന്ന് അർജ്ജുനൻ നിസ്സാരമായി പറയുമ്പോഴും അത് വിശദീകരിയ്ക്കാനാവശ്യപ്പെടുന്ന ദ്രൗപദിയിൽ അർജ്ജുനനോടുള്ള ആസക്തിയാണ് കാണുന്നത്. നാലുവർഷത്തിനുശേഷം ലഭിച്ച ഊഴം ദ്രൗപദി തനിയ്ക്ക് നിഷേധിയ്ക്കുന്നതിന്റെ രോഷമായിരുന്നു ഭീമന്.

മുൽഗലൻ എന്ന മഹർഷി സ്വർഗ്ഗം നിഷേധിച്ചുവെന്നല്ലാതെ അതിനു കാരണം ഇവിടെ പറയുന്നില്ല. മൂലകൃതിയിൽ മുൽഗലൻ സ്വർഗ്ഗം നിഷേധിയ്ക്കുന്നത് പുണ്യഫലം തീരുമ്പോൾ ഭൂമിയിൽ തിരിച്ചെത്തണമെന്നതിനാ

ലാണ്. ഇവിടെ കഥാന്ത്യത്തിൽ ഭീമൻ സ്വർഗ്ഗം ഉപേക്ഷിയ്ക്കുകയാണ്. ഭൂമിയിൽ തന്റെ കർത്തവ്യങ്ങൾ കഴിഞ്ഞിട്ടില്ലെന്നതിനാലാണ് അദ്ദേഹമങ്ങനെ ചെയ്തത്. താൻ വിഷയാത്മാവാകയാൽ സ്വർഗ്ഗം കിട്ടില്ലെന്നും ഭീമൻ കരുതുന്നു. മുൽഗലന്റെ സ്വർഗ്ഗനിഷേധത്തിനുള്ള കാരണം താല്പര്യത്തോടെ അന്വേഷിയ്ക്കുന്നതും ഭീമനാണ്. കഥാന്ത്യം ഇങ്ങനെയായതിനാലാകാം ഈ ഉപാഖ്യാനം നിബന്ധിച്ചത്.

അശ്വത്ഥാമാവിനെ കൊല്ലാതെ വിട്ടയയ്ക്കാൻ പറഞ്ഞ വ്യാസനോട് ഭീമനെതിർപ്പുണ്ട്. അദ്ദേഹത്തെ നേരിൽ കാണാൻ പോലും ഭീമനിഷ്ടപ്പെടുന്നില്ല. മക്കളെ കൊന്നവനോട് ദയ കാണിയ്ക്കാൻ പറഞ്ഞ ആ നീതിബോധം അംഗീകരിയ്ക്കാൻ ഭീമന് കഴിയുന്നില്ല. സഹോദരന്മാരിൽ നിന്നും വ്യത്യസ്തമായി ചിന്തിയ്ക്കാനും വിമർശിയ്ക്കാനും കഴിവുള്ള ഭീമന്റെ മനസ്സാണിവിടേയും പ്രകടമാകുന്നത്.

## സൂതഗാഥകൾ

നേരംപോക്കിനായി സൂതർ വന്ന് കഥകൾ പാടി രസിപ്പിയ്ക്കുന്നതായി പലയിടങ്ങളിലും പറയുന്നുണ്ട്. അങ്ങനെ അവർ കെട്ടിയുണ്ടാക്കുന്ന പാട്ടുകളിൽ പലപ്പോഴും അതിശയോക്തി ധാരാളമായി കടന്നുകൂടിയിട്ടുണ്ടെന്നും സൂചിപ്പിയ്ക്കുന്നുണ്ട്.

(1) ധൃതരാഷ്ട്രരുടെ ശക്തി[311] (2) ജനിച്ച ഉടനെ ഭീമൻ പാറയിലേയ്ക്ക് വീണതും പാറ തകർന്നതും[312] (3) ഭീഷ്മർ കാശിരാജപുത്രിമാരെ അപഹരിച്ചു കൊണ്ടു പോരുമ്പോഴുണ്ടായ യുദ്ധം[313] (4) ദുര്യോധനൻ കുലാന്തകനാണെന്ന് വ്യാസൻ പറഞ്ഞത്[314] (5) ബകവധം[315] (6) കൃഷ്ണദ്വൈപായനന് ഘൃതാചിയുമായുള്ള ബന്ധം[316] (7) കല്യാണസൗഗന്ധികം തേടിയുള്ള യാത്ര[317]

311–317. രണ്ടാമൂഴം, പു.26,28,31,32,91,162,168.

– ഈ സന്ദർഭങ്ങളെല്ലാം സൂതന്മാരുടെ പാട്ടുകളിലുള്ളതാണെന്നു പറയുന്ന നോവലിസ്റ്റ് അമാനുഷികാംശങ്ങൾ നീക്കാൻ വേണ്ടിയാണ് ഈ കഥാപാത്രങ്ങളെ ഉപയോഗിച്ചിരിയ്ക്കുന്നത്. സൂതന്മാരുടെ പ്രാധാന്യത്തെ നോവലിസ്റ്റ് പ്രത്യേകം എടുത്തുകാണിച്ചിട്ടുമുണ്ട്[318]. സ്വയംവരവേദിയിലും, രാജ്യാഭിഷേകവേളയിലും, യുദ്ധഭൂമിയിലുമുണ്ട് സൂതനു സ്ഥാനം. മഹാഭാരതത്തിന്റെ അവതരണം തന്നെ സൂതന്റെ വാക്കുകളിലൂടെയാണല്ലോ. അതോർമ്മിപ്പിയ്ക്കും വിധമാണ് നോവലിന്റെ തുടക്കവും അവസാനവും.

## എന്തുകൊണ്ട് ഭീമസേനൻ?

മറ്റു കഥകളെ പുനരാഖ്യാനം ചെയ്യുമ്പോൾ നോവലിസ്റ്റ് പ്രതിനായക പക്ഷത്തുനിൽക്കുന്ന കഥാപാത്രത്തെ നായകനാക്കി തന്റേതായ ഒരു പ്രത്യേക വീക്ഷണകോണിലൂടെ കഥ അവതരിപ്പിയ്ക്കുന്നതു കാണാം. അക്കൽദാമയിൽ പൂക്കൾ വിടരുമ്പോൾ എന്ന കഥ. വൈശാലി, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ എന്നീ തിരക്കഥകൾ എന്നിവ ഉദാഹരണങ്ങളാണ്. അങ്ങനെയൊരു സ്വാതന്ത്ര്യമെടുക്കുന്നതിന് തനിയ്ക്കുള്ള താല്പര്യത്തെപ്പറ്റി നോവലിസ്റ്റ് തന്നെ പറഞ്ഞിട്ടുമുണ്ട്[319].

മനുഷ്യൻ എന്ന അത്ഭുതം ജനിപ്പിയ്ക്കുന്ന അസ്വസ്ഥതയെപ്പറ്റിയും ഇദ്ദേഹം പറഞ്ഞിട്ടുണ്ട്[320]. ഈ അസ്വസ്ഥതയാണ് ഇദ്ദേഹത്തിന്റെ എല്ലാ കഥാപാത്രസൃഷ്ടികളുടേയും പിറകിൽ പ്രവർത്തിയ്ക്കുന്നത്.

അഗവണനയനുഭവിയ്ക്കുന്ന നായകൻ എന്ന തന്റെ പതിവു സമ്പ്രദായത്തിന് നോവലിസ്റ്റ് ഭീമനെ തെരഞ്ഞെടുത്തതാണെന്ന് പറയാനാകുമോ? അർഹിയ്ക്കുന്ന അംഗീകാരം കിട്ടാതെപോയ, അവഗണനയനുഭവിയ്ക്കുന്ന ദുരന്തനായകനായി കർണ്ണനെയാണ് മുൻഗാമികളിൽ പലരും

318. അതേ പുസ്തകം, പു. 291.
319. വാസുദേവൻ നായർ.എം.ടി., 'ഞാൻ തന്നെ പ്രജയും പ്രജാപതിയും', കലാകൗമുദി ല.1298, പു.18.
320. വാസുദേവൻ നായർ.എം.ടി., 'ജ്ഞാനപീഠപുരസ്കാരം സ്വീകാരഭാഷണം', *എം.ടി.കഥയും, പൊരുളും*, എഡി:എം.എം.ബഷീർ (കറന്റ് ബുക്സ്, തൃശൂർ 1996), പു.511.

എടുത്തുകാണിച്ചത്[321]. പിന്നെന്തു കൊണ്ട് ഇവിടെ ഭീമനെ നായകനായി സ്വീകരിച്ചു?

എം.ടി.തന്റെ മൂലമാതൃകയായി ഭീമനെ കാണുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[322]. മൂത്തപുത്രന്മാർക്ക് അമ്മമാർ കൂടുതൽ പരിഗണന നൽകുന്നതായി മറ്റു ചില നോവലുകളിൽ കാണുന്നത് മുമ്പേ സൂചിപ്പിച്ചു. ഇവിടെ യുധിഷ്ഠിരൻ മൂത്തമകൻ മാത്രമല്ല, രാജ്യാവകാശി കൂടിയാണ്. അർജ്ജുനൻ പ്രിയപുത്രനും. മഹാഭാരതകഥയിൽ ഭീമനെ യുധിഷ്ഠിരനെപ്പോലെ ധർമ്മിഷ്ഠനായോ, അർജ്ജുനനെപ്പോലെ അജയ്യനും, സുന്ദരനുമായോ ചിത്രീകരിയ്ക്കുന്നില്ല. പക്ഷേ യുദ്ധത്തിൽ ശത്രുപക്ഷത്തിന് ഏറ്റവും കൂടുതൽ നാശമുണ്ടാക്കിയതും, അമ്മയേയും സഹോദരന്മാരേയും ദ്രൗപദിയേയും സംരക്ഷിയ്ക്കുന്നതും ഭീമനാണ്. സാഹസികമായ യുദ്ധവും, വധവുമെല്ലാം ഏറ്റെടുക്കുന്നതും ഭീമൻ തന്നെ. എന്നിട്ടും യുധിഷ്ഠിരനോ അർജ്ജുനനോ കിട്ടിയ പ്രാധാന്യം ഭീമന് ആരും നൽകുന്നില്ല, രചയിതാവ് പോലും. കർണ്ണന് കിട്ടിയ പ്രാധാന്യവും ഭീമന് ലഭിച്ചില്ല.

ബലിഷ്ഠനും വലിയ ശരീരമുള്ളവനും, അമാനുഷികമായ യുദ്ധങ്ങൾ ചെയ്തവനുമാണ് ഭീമൻ – അതാണ് മൂലകൃതിയിൽ നിന്നു കിട്ടുന്ന ഭീമസങ്കല്പമെന്നു മുമ്പേ സൂചിപ്പിച്ചിട്ടുണ്ട്. ഇതൊക്കെയാവാം ഭീമനെ നായകനായി നോവലിസ്റ്റ് സ്വീകരിയ്ക്കാൻ കാരണം. ശാരീരികമായ കരുത്തിനോട് ഇദ്ദേഹത്തിനുള്ള പ്രിയം പലരും പറഞ്ഞിട്ടുള്ളതാണ്[323]. അതും ഇദ്ദേഹത്തെ

321. ഉള്ളൂർ, _കർണ്ണഭൂഷണം_ (ഉള്ളൂർ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2008).
ബാലകൃഷ്ണൻ.പി.കെ, _ഇനി ഞാൻ ഉറങ്ങട്ടെ_, (നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1982).
നന്ദകുമാർ.വി.ടി, _എന്റെ കർണ്ണൻ_ (നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1982).

322. ഡോ.ടി.പി.സുകുമാരൻ, 'എം.ടി.യിലെ വ്യഷ്ടി –സമഷ്ടി സംഘർഷം', _എം.ടി.യുടെ ലോകങ്ങൾ_, എഡി: എ.വി.പവിത്രൻ (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1998), പു.64.

323. അബ്ദുള്ള.വി, 'എം.ടി', പു.17.
നാരായണൻ.എം.ജി.എസ്, 'എം.ടി ഒരു കോഴിക്കോട്ടുകാരന്റെ ഓർമ്മയിൽ' പു.104, _എം.ടി. കഥയും പൊരുളും_, എഡി:എം.എം.ബഷീർ (കറന്റ് ബുക്സ്, തൃശൂർ, 1996).

തിരസ്കൃതൻ എന്ന മുഖമുദ്രയോടൊപ്പം തന്നെ ആകർഷിച്ചിട്ടുണ്ടാകാം. നാലുകെട്ടിലെ കേന്ദ്രകഥാപാത്രം തന്റെ പിതൃഘാതകനെ ഭീമൻ ദുശ്ശാസനനെ എന്ന വണ്ണം കൊല്ലുന്നത് സ്വപ്നം കാണുന്നുണ്ട്[324]. ഭീമന്റെ നായകസ്ഥാന ത്തിനുള്ള ആദ്യസ്ഫുരണം അവിടെത്തന്നെ കാണാം. വായുപുത്രനായ ഭീമനെ എം.ടി. കിരാതപുത്രനാക്കി. കിരാതൻ എന്ന വാക്ക് എം.ടി. പ്രയോ ഗിക്കുന്നത് മറകളില്ലാത്ത വ്യക്തിത്വം, പ്രതികരണശേഷി ഉള്ളവൻ എന്ന അർത്ഥങ്ങളിലാണെന്ന് മറ്റു സന്ദർഭങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്[325].ഭീമൻ ഏറ്റവും മാനുഷിക കഥാപാത്രം (Earthyman) ആണെന്നും, തന്നെ ആദ്യം ആകർഷിച്ചത് ഘടോൽക്കചനായിരുന്നുവെന്നും, ഘടോൽക്കചനിലൂടെയാണ് താൻ ഭീമനിലെത്തിയതെന്നും നോവലിസ്റ്റ് തന്നെ പറയുന്നുണ്ട്[326]. കരുത്തിന്റെ കാര്യത്തിലായാലും അവഗണനയുടെ കാര്യത്തിലായാലും ഘടോൽക്കചന്റെ മുൻഗാമി ഭീമൻ തന്നെയാണെന്നതും അദ്ദേഹത്തിന് പ്രേരണയായിട്ടുണ്ടാകണം. ഭീമസേനൻ രാജകൊട്ടാരത്തിലും കാട്ടിലും ജീവിച്ചിട്ടുണ്ട്. ഉറ്റവരിൽ നിന്നും ശത്രുക്കളിൽ നിന്നും പല ദുരനുഭവങ്ങളും സഹിച്ചിട്ടുണ്ട്. ഇതെല്ലാം ഉണ്ടാ ക്കിത്തീർത്ത മാനസിക കലാപങ്ങൾ ഭീമസേനനെ നോവലിസ്റ്റിന്റെ സാധാരണ സങ്കല്പമനുസരിച്ചുള്ള കഥാപാത്രത്തിന് [327] കൂടുതൽ അനുയോജ്യ നാക്കിത്തീർത്തു. അങ്ങനെ ശക്തി ശാപവും ഭാരവുമായ ഭീമൻ[328] തന്നെയാണ് നായകസ്ഥാനത്തിനുയോജ്യൻ എന്ന് നോവലിസ്റ്റ് കണക്കാക്കുന്നു[329].

---

324. നാലുകെട്ട്, പു.13.
325. വാസുദേവൻനായർ.എം.ടി, 'ദയ എന്ന വികാരം' പു.26, 'നമ്മൾ വെറും മനുഷ്യർ' പു.174, *കിളിവാതിലിലൂടെ* (കറന്റ് ബുക്സ്, കോട്ടയം, 2007).
326. വാസുദേവൻനായർ.എം.ടി, 'കാണാനുള്ള കണ്ണും പതിയാനുള്ള മനസ്സും' *മഹാരഥന്മാരു മായി മുഖാമുഖം.* (ശിഖാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1987) പു.138,139.
327. മുൻ. ഇതേ അദ്ധ്യായം, പു.106.
328. രണ്ടാമൂഴം, 'ഫലശ്രുതി', പു.298.
329. അനുബന്ധം 1, പു.354.

നോവലിസ്റ്റ് ചില പ്രത്യേക കാരണങ്ങൾ കൊണ്ടു തന്നെ ഭീമനെ നായകനാക്കി സ്വീകരിച്ചു, കഥാ സന്ദർഭങ്ങളിലും കഥാപാത്രങ്ങളിലും മാറ്റം വരുത്തുകയും ചെയ്തു. ഇങ്ങനെയൊരു മഹാഭാരതപുനരാഖ്യാനം കൊണ്ട് അദ്ദേഹമുദ്ദേശിച്ചതെന്ത്, അദ്ദേഹമവതരിപ്പിച്ച നൂതനാശയങ്ങൾ സ്വീകാര്യമാണോ എന്നുള്ള കാര്യങ്ങളെക്കുറിച്ച് പറയുംമുമ്പേ മഹാഭാരതത്തെ ആധാരമാക്കി രചിയ്ക്കപ്പെട്ട മറ്റു ചില മലയാള നോവലുകൾ കൂടി പരിശോധിയ്ക്കാം.

# അദ്ധ്യായം 3
# മഹാഭാരതകഥ ആസ്പദമാക്കുന്ന മററു ചില മലയാള നോവലുകൾ

മഹാഭാരതകഥ ആസ്പദമാക്കിയെഴുതിയ മലയാള നോവലുകൾ അനേകമുണ്ട് – ഭാരതകഥാനുവർത്തികളായും അല്ലാതെയും. തങ്ങളുടെ അഭിപ്രായങ്ങൾക്കും അഭിരുചികൾക്കുമനുസരിച്ച് കഥാപാത്രങ്ങളേയും കഥാസന്ദർഭങ്ങളേയും നോവലിസ്റ്റ് തെരഞ്ഞെടുത്ത് അവതരിപ്പിയ്ക്കുമ്പോൾ എല്ലാം ഒന്നിനൊന്ന് വ്യത്യസ്തമാകുന്നുവെന്നു പറയേണ്ടിവരും. ഭാരത കഥയെ ആധാരമാക്കി രചിയ്ക്കപ്പെട്ട ചില മലയാള നോവലുകളെ മുൻനിർത്തി അവയിലെ കഥാസന്ദർഭങ്ങളേയും കഥാപാത്രങ്ങളുടെ വ്യക്തിത്വത്തേയും മൂലകൃതിയുമായി താരതമ്യം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ.

ഏതെങ്കിലുമൊരു പ്രത്യേക വ്യക്തിയെ കേന്ദ്രസ്ഥാനത്തു നിർത്തിക്കൊണ്ട് രചന നടത്തുന്നത് രചയിതാവിന്റെ പക്ഷപാതത്തെയാണ് കാണിയ്ക്കുന്നത്[1]. ഈ പക്ഷപാതത്തിന്റെ നിയന്ത്രണം ഇതിവൃത്തത്തിലും സമീപനത്തിലുമെല്ലാം വരാവുന്നതാണ്. തന്നെ വളരെ ആകർഷിച്ചതോ, തനിയ്ക്കേറെ സ്നേഹബഹുമാനങ്ങളുള്ളതോ, തനിയ്ക്ക് വലുതെന്നു തോന്നുന്ന ആദർശങ്ങൾ വെച്ചു പുലർത്തുന്നവരോ ആയിരിക്കാം രചയിതാവിന്റെ പ്രത്യേക ശ്രദ്ധയ്ക്ക് വിധേയരാകുക. നോവലിസ്റ്റിന്റെ ജീവിതദർശനം ബോധപൂർവ്വമോ, അബോധപൂർവ്വമോ രചനയുടെ ഇതിവൃത്തം, കഥാപാത്രങ്ങൾ എന്നിവയെ സ്വാധീനിയ്ക്കുമെന്ന അഭിപ്രായം ഇതു തന്നെയാണ് അർത്ഥമാക്കുന്നത്[2]. ഇങ്ങനെ നോവലിസ്റ്റിന്റെ ശ്രദ്ധയും, സഹതാപവും ആദരവു

1. തരകൻ.കെ.എം., 'വീക്ഷണവും, ദർശനവും', *ആധുനിക നോവൽ ദർശനം* (നാഷണൽ ബുക്സ്റ്റാൾ കോട്ടയം, 1982), പു.47.
2. William Henry Hudson, 'The study of Prose Fixtion', *An Introduction to the Study of Literature*, (Kalyani Publishers, New Delhi, 1979), p.164.

മൊക്കെ നേടിയ ചില കഥാപാത്രങ്ങൾ കേന്ദ്രസ്ഥാനത്തു വർത്തിയ്ക്കുന്ന ചില നോവലുകളാണിവിടെ തെരഞ്ഞെടുത്തിരിയ്ക്കുന്നത്.

## 1. ഇനി ഞാൻ ഉറങ്ങട്ടെ (1973)

കർണ്ണനെ കേന്ദ്രസ്ഥാനത്തു നിർത്തിക്കൊണ്ട് പി.കെ.ബാലകൃഷ്ണൻ രചിച്ച നോവലാണ് 'ഇനി ഞാൻ ഉറങ്ങട്ടെ'. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരതവിവർത്തനത്തിൽ നിന്നും, കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ടാണ് നോവലിസ്റ്റ് ഈ കൃതി രചിച്ചിരിയ്ക്കുന്നത്. പുനഃസൃഷ്ടിയിൽ നോവലിസ്റ്റ് സ്വാതന്ത്ര്യമെടുത്തിട്ടുണ്ട്. കർണ്ണനേയും ദ്രൗപദിയേയും മുൻനിർത്തി വ്യത്യസ്തമായ വീക്ഷണകോണിലൂടെ പാണ്ഡവകൗരവകഥയെ നോക്കിക്കാണുന്നുവെന്നതും, ഇതിഹാസപുനരാഖ്യാനത്തിന് യോജിച്ച പ്രൗഢവും, താത്ത്വികവും, ഗഹനവുമായ ഭാഷ സ്വീകരിച്ചിരിയ്ക്കുന്നുവെന്നതുമാണ് നോവലിന്റെ പ്രധാനപ്പെട്ട ആകർഷകത്വം.

ഈ നോവലിൽ നോവലിസ്റ്റ് സ്വീകരിച്ചിരിയ്ക്കുന്ന പ്രധാന കഥാപാത്രങ്ങൾ കർണ്ണനും ദ്രൗപദിയുമാണ്. കർണ്ണന്റെ കഥ മൂലകൃതിയിൽ നിന്നു തന്നെ സ്വീകരിച്ചതാണെന്നും ദ്രൗപദിയുടെ കഥ സങ്കല്പസൃഷ്ടമാണെന്നും നോവലിസ്റ്റ് തന്നെ പറയുന്നുണ്ട്[3]. സംഭവബഹുലമല്ല ഈ നോവൽ. യുദ്ധാനന്തരം സഞ്ജയനും നാരദനും പറഞ്ഞുകൊടുക്കുന്ന കാര്യങ്ങളിലൂടെ കർണ്ണനെക്കുറിച്ച് കൂടുതലറിയുന്ന ദ്രൗപദിയും, യുധിഷ്ഠിരനും, കുന്തിയും കർണ്ണനെക്കുറിച്ച് ഓർക്കുകയും പറയുകയും ചെയ്യുന്ന രീതിയിലാണ് നോവൽ അവതരിപ്പിച്ചിരിയ്ക്കുന്നത്. യുദ്ധാനന്തരമുള്ള കുറച്ചു കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. കഥാപാത്രങ്ങളും അധികമില്ല.

---

3. ബാലകൃഷ്ണൻ.പി.കെ., 'പ്രസ്താവന', *ഇനി ഞാൻ ഉറങ്ങട്ടെ* (സാഹിത്യ പ്രവർത്തകസഹകരണ സംഘം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1994), പുറം.8.

## കഥാസന്ദർഭങ്ങൾ

(1) അഭ്യാസക്കാഴ്ച[4] (2) കർണ്ണന്റെ കഥ[5] (3)വസ്ത്രാക്ഷേപം[6] (4)കവച കുണ്ഡലദാനം[7] (5) കൃഷ്ണ–കർണ്ണ സമാഗമം[8] (6)കുന്തീ–കർണ്ണ സമാഗമം[9] (7) ഭീഷ്മ–യുധിഷ്ഠിര സമാഗമം[10] (8) ഭീഷ്മ–കർണ്ണകലഹം[11] (9)ഭീഷ്മ–കർണ്ണ സമാഗമം[12] (10) യുധിഷ്ഠിരാർജ്ജുനകലഹം[13] (11)യുധിഷ്ഠിരൻ ശല്യരോട് കർണ്ണനെ തേജോവധം ചെയ്യാനപേക്ഷിച്ചത്[14] (12) ശിബിരദഹനം[15] (13) സുയോധനമരണം[16] (14) ജലാഞ്ജലി[17] (15) യുധിഷ്ഠിര നിർവ്വേദം[18] (16) ദുശ്ശാസനവധം[19] (17) കർണ്ണവധം[20]

ഇത്രയുമാണ് നോവലിൽ ചേർത്തിരിയ്ക്കുന്ന മഹാഭാരതകഥാ സന്ദർഭങ്ങൾ.

## മാറ്റം വരുത്തിയിരിയ്ക്കുന്ന കഥാസന്ദർഭങ്ങൾ – വ്യത്യാസങ്ങൾ – കാരണങ്ങൾ.

1. അഭ്യാസക്കാഴ്ചയുടെ സമയത്ത് രംഗവേദിയിലേയ്ക്ക് കടന്നുവന്ന കർണ്ണൻ അർജ്ജുനന്റെ തലയറുക്കുമെന്ന് മൂലകൃതിയിൽ പറയുന്നുണ്ട്.[21] അർജ്ജുനൻ അങ്ങോട്ടു ചെന്നെതിർക്കാത്ത സാഹചര്യത്തിൽ കർണ്ണന്റെ ന്യായീകരിയ്ക്കാൻ കഴിയാത്ത അർജ്ജുനവൈരം അവിടെ കൂടുതൽ പ്രകടമാകുന്നു. ഇത് കർണ്ണന്റെ വ്യക്തിത്വത്തിന് കോട്ടം തട്ടിയ്ക്കുമെന്നതു കൊണ്ടാകണം നോവലിസ്റ്റ് സ്വീകരിച്ചിട്ടില്ല.

തന്നെ ദുര്യോധനൻ അംഗരാജാവായി അഭിഷേചിച്ചപ്പോൾ കർണ്ണൻ താനിതിന് ചെയ്യേണ്ട പ്രത്യുപകാരമെന്തെന്ന് ചോദിയ്ക്കുന്നിടത്ത് ജീവനുൾപ്പെടെ എന്തും നൽകാമെന്ന് കൂട്ടിച്ചേർത്തിരിയ്ക്കുന്നു[22]. യുദ്ധ

4–20. ഇനി ഞാൻ ഉറങ്ങട്ടെ. പു.41,60,86,80,112,127,156,165,180,218,238,250,252,15,21,26,28.

21. *ശ്രീ മഹാഭാരതം – വാല്യം ഒന്ന്,* ആദിപർവ്വം, വിവ:കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (പ്രസാ.സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1981), പു.479.

22. ഇനി ഞാൻ ഉറങ്ങട്ടെ. പുറം.49.

സമയത്ത് താൻ അധർമ്മപക്ഷത്താണെന്നറിഞ്ഞുകൊണ്ടും പിന്തിരിയാൻ കഴിയാതെ പോയ കർണ്ണന്റെ അവസ്ഥയ്ക്കൊരൂന്നൽ കൊടുക്കാനാകാം ഈ കൂട്ടിച്ചേർക്കൽ.

(ii) ജലാഞ്ജലി കൊടുക്കുന്ന സമയത്ത് കുന്തി വളരെ ദീനയായി അപേക്ഷിയ്ക്കുകയാണ് യുധിഷ്ഠിരനോട് കർണ്ണനു വേണ്ടി ക്രിയകൾ ചെയ്യാൻ.

"ദയവിന്റെ മൂർത്തിയായ മകനേ ! നിന്റെ അമ്മയോട് നീ ദയവു കാണിയ്ക്കൂ. മനസ്സിൽ രഹസ്യത്തിന്റെ തീക്കുണ്ഡവും പേറി എന്നും നീറി ജീവിച്ച നിന്റെ അമ്മയോടു നീ ദയവു കാണിയ്ക്കൂ".

"എന്റെ മകനാണ് കർണ്ണൻ! ഈ വയറ്റിൽ ഞാൻ ചുമന്ന ദേവപുത്രനാണ് കർണ്ണൻ! സുവർണ്ണശോഭയുള്ള ആ സിംഹകായൻ എന്റെ മകനാണ്. ഭയം എന്തെന്നറിയാത്ത ആ വിശ്വൈകധനുർദ്ധരൻ എന്റെ മകനും നിന്റെ ജ്യേഷ്ഠനുമാണ് ! ഗുരുജനങ്ങളിൽ മുഖ്യനായ അവനു വേണ്ടി നീ ആദ്യം ശ്രാദ്ധകർമ്മങ്ങൾ ചെയ്യൂ മകനേ !"[23]

മൂലകൃതിയിൽ കുന്തി കരഞ്ഞുകൊണ്ടാണിക്കാര്യം പറയുന്നതെങ്കിലും ഇത്രത്തോളം യുധിഷ്ഠിരന്റെ ദയവിനുവേണ്ടി യാചിയ്ക്കുന്നില്ല[24]. നോവലിൽ കുന്തിയ്ക്ക് രാജമാതാവെന്നതിലേറെ ഒരു ദുഃഖിതയായ അമ്മയെന്ന നിലയ്ക്കാണ് പ്രാധാന്യം. അതു കൊണ്ടായിരിയ്ക്കണം നോവലിസ്റ്റ് ഈ മാറ്റം വരുത്തിയത്.

(iii) കർണ്ണന്റെ ജനനകഥ ദ്രൗപദിയ്ക്ക് കുന്തി പറഞ്ഞു കൊടുക്കുകയാണ്[25]. കർണ്ണനു കവചകുണ്ഡലങ്ങളുണ്ടായിരിയ്ക്കണമെന്ന് കുന്തി സൂര്യനോടപേക്ഷിയ്ക്കുകയാണ്. ഇവിടെ പറ്റിപ്പോയ തെറ്റിൽ ദുഃഖിയ്ക്കുന്ന, പേടിയ്ക്കുന്ന ഒരു കന്യകയെയല്ല കാണുന്നത്. കുഞ്ഞിനെ അശ്വനദിയിലൊഴുക്കുന്നതും കുന്തി തന്നെയാണ്. താനുപേക്ഷിയ്ക്കാൻ പോകുന്ന തന്റെ

23. അതേ പുസ്തകം, പു.26.
24. *ശ്രീ മഹാഭാരതം* വാല്യം അഞ്ച്, സ്ത്രീപർവ്വം, പു.122.
25. ഇനി ഞാൻ ഉറങ്ങട്ടെ, പു.55.

കുഞ്ഞിനുവേണ്ടിയുള്ള രക്ഷ മുൻകൂട്ടി സൂര്യനോടർത്ഥിച്ചു വാങ്ങിയ കുന്തി ഒരു ദൃഢചിത്തയായ അമ്മയാകുകയാണിവിടെ. കർണ്ണനെ വേണ്ട പോലെ സ്നേഹിയ്ക്കാത്തവൾ എന്നൊരാശയം നോവലിൽ വരുന്നുണ്ട്[26]. അതിനു പശ്ചാത്തലമൊരുക്കാനാകണം ഈ കൂട്ടിച്ചേർക്കൽ.

(iv) ദ്രോണരുടെ മുന്നിൽ വിദ്യാർത്ഥിയായി ചെന്ന കർണ്ണൻ തന്നെ അർജ്ജുനതുല്യനായി യുദ്ധം ചെയ്യാൻ പ്രാപ്തനാക്കണമെന്നേ അപേക്ഷിക്കുന്നുള്ളൂ[27].മൂലകൃതിയിൽ അർജ്ജുനനോട് പൊരുതാൻ പ്രാപ്തനാക്കണമെന്നാണ് അർത്ഥന. ആ ദുരുദ്ദേശ്യമറിഞ്ഞ ദ്രോണാചാര്യരത് നിരസിച്ചു[28]. തന്റെ നായകനെ കളങ്കമറ്റവനാക്കാനായിരിയ്ക്കണം നോവലിസ്റ്റ് ഈ മാറ്റം വരുത്തിയത്. ക്ഷത്രിയധർമ്മം ക്ഷത്രിയനേക്കാൾ വൈഭവത്തോടെ വശത്താക്കാൻ പോന്ന ബ്രാഹ്മണകുമാരൻ എന്ന പരശുരാമന്റെ അത്ഭുതവും കർണ്ണന്റെ മഹിമാതിശയങ്ങൾക്ക് ആഴം കൂട്ടാൻ ഉപയോഗിച്ച കൂട്ടിച്ചേർക്കലാണ്[29].

(v) കവചകുണ്ഡലങ്ങൾ ഇന്ദ്രന് കൊടുക്കുമ്പോൾ പകരം വേൽ ചോദിയ്ക്കണമെന്ന് സൂര്യൻ പറയുന്നുമില്ല, കർണ്ണൻ ഇന്ദ്രനോടത് ചോദിയ്ക്കുന്നുമില്ല[30]. പകരമെന്തെങ്കിലും ആവശ്യപ്പെട്ടത് ദാനത്തിന്റെ മാഹാത്മ്യം കുറയ്ക്കുമെന്നതിനാലാകാം ഈ മാറ്റം.

(vi) കർണ്ണനെ പാണ്ഡവപക്ഷത്തേയ്ക്ക് ക്ഷണിയ്ക്കുമ്പോൾ കൃഷ്ണൻ ദ്രൗപദി കർണ്ണന്റെ പട്ടമഹിഷീസ്ഥാനത്തുണ്ടാകും എന്നേ പറയുന്നുള്ളൂ[31]. കർണ്ണനെ കൂടുതൽ സുചരിതനാക്കാനാകും നോവലിസ്റ്റ് ആറാമൂഴക്കാര്യം പറയാതിരുന്നത്. ദ്രൗപദിയോട് വസ്ത്രാക്ഷേപവേളയിൽ പറഞ്ഞ വാക്കുകൾ കർണ്ണന്റെ യശസ്സിനു കളങ്കമുണ്ടാക്കുന്നതാണ്. അതുകൊണ്ടായിരിയ്ക്കണം

26. അതേ പുസ്തകം, പു. 225.
27. അതേ പുസ്തകം, പു.69.
28. *ശ്രീ മഹാഭാരതം* വാല്യം അഞ്ച്, ശാന്തിപർവ്വം. പു.130.
29. ഇനി ഞാൻ ഉറങ്ങട്ടെ. പു. 70.
30. അതേ പുസ്തകം, പു.75,80.
31. അതേ പുസ്തകം, പു.112.

അത് താൻ ഭീമാർജ്ജുനന്മാരോടും ഭീഷ്മരോടും ചെയ്ത പ്രതികാരമായി രുന്നുവെന്നും അതിൽ തനിയ്ക്കാത്മനിന്ദയുണ്ടെന്നും കർണ്ണൻ പറയുന്ന തായി കൂട്ടിച്ചേർത്തത്[32]. തന്റെ ജനനരഹസ്യമറിയുമ്പോൾ കർണ്ണനുണ്ടാകുന്ന ഞെട്ടലും മനോവേദനയും പിന്നിട്ട കാലങ്ങളിൽ താനനുഭവിച്ചുപോന്ന അപ മാനത്തിനേയും അവഗണനയേയും നഷ്ടങ്ങളേയും പറ്റി പറയുന്നതും കർണ്ണന്റെ മുറിവേറ്റ മനസ്സിനെ ഒന്നുകൂടി വ്യക്തമാക്കാനുപയോഗിയ്ക്കുക യാണ്[33] സുയോധനനോടുള്ള കൂറ് വ്യക്തമാക്കുന്നതിലൂടെ കർണ്ണന്റെ ആത്മാ ഭിമാനബോധവും, കൃതജ്ഞതയും, നിശ്ചയദാർഢ്യവും വെളിപ്പെടുത്തുന്നു[34]. ആയുഷ്ക്കാലമാകെ അർജ്ജുനനുമായി താരതമ്യം ചെയ്ത് ഗുരുജനങ്ങൾ നിന്ദിച്ചത് കൊണ്ടാണ് അർജ്ജുനവധം തനിയ്ക്കിത്ര കടുത്ത വ്രത മായിത്തീർന്നതെന്ന കർണ്ണന്റെ വാക്കുകളിലൂടെ കർണ്ണന്റെ അർജ്ജുനവൈ രത്തിനൊരു സാധൂകരണം കണ്ടെത്തുകയാണ് നോവലിസ്റ്റ്[35].

(vii) താൻ കരഞ്ഞർത്ഥിച്ചാൽ കർണ്ണനനുസരിയ്ക്കും എന്ന പ്രതീക്ഷ കൊണ്ടാണ് കുന്തി കർണ്ണനെ നേരിട്ടു ചെന്ന് കണ്ടത് എന്ന നിബന്ധന കുന്തിയ്ക്ക് പാണ്ഡുപുത്രരുടെ രക്ഷയായിരുന്നു ആവശ്യം എന്ന വസ്തു തയ്ക്ക് അടിവരയിടുന്നു[36]. കുന്തിയുടേയും കർണ്ണന്റേയും സമാഗമം കൂടു തൽ ഹൃദയസ്പർശിയായ ഒരു രംഗമാക്കി മാറ്റിയിരിയ്ക്കുന്നു. തന്റെ നാലുമക്ക ളുടേയും പ്രാണരക്ഷ കുന്തി കർണ്ണനോട് യാചിച്ചു വാങ്ങുകയാണ്[37]. മറ്റു മക്കളുടെ ശ്രേയസ്സിനുവേണ്ടി കുന്തി കർണ്ണനെ അവഗണിച്ചു എന്ന് പിന്നീട് പറ യുന്ന പക്ഷത്തിന്[38] ഒരു തെളിവായി നോവലിസ്റ്റ് നിബന്ധിച്ചതാകാം ഈ ആശയം.

32. അതേ പുസ്തകം, പു.117,118.
33. അതേ പുസ്തകം, പു.110,113.
34. അതേ പുസ്തകം, പു.115.
35. അതേ പുസ്തകം, പു.117.
36. അതേ പുസ്തകം, പു.128.
37. അതേ പുസ്തകം, പു.142.
38. അതേ പുസ്തകം, പു. 225.

(viii) ഭീഷ്മരുടേയും കർണ്ണന്റേയും കലഹത്തിന്റെ വിവരണത്തിൽ ഇരുവരുടേയും സംഭാഷണത്തിൽ മാറ്റം വരുത്തിയിരിയ്ക്കുന്നു. മൂലകൃതിയിൽ മൂന്നു സന്ദർഭങ്ങളിലായി ഇവർ തമ്മിലുള്ള കലഹം[39] ഒന്നിച്ചുചേർത്ത് കൊടുത്തിരിയ്ക്കുകയാണ് നോവലിൽ. ഭീഷ്മരുടെ ശകാരം കുറേക്കൂടി തീക്ഷ്ണമായി ഇവിടെ ചേർത്തിരിയ്ക്കുന്നു[40]. സൂതപുത്രൻ, നീചൻ, ജളൻ, നീചകുലജാതൻ എന്നിങ്ങനെ സംബോധന ചെയ്തുകൊണ്ട്,

"വീട്ടിലിരുന്നു പട്ടി കുരയ്ക്കുംപോലെ നീ എത്രകാലമായി 'ഞാൻ അർജ്ജുനനെ വധിയ്ക്കും അർജ്ജുനനെ വധിയ്ക്കും' എന്നു ജല്പിയ്ക്കുന്നു! പക്ഷേ അവനെ കണ്ടപ്പോഴെല്ലാം നീ കുറുക്കനെപ്പോലെ പായുന്നതാണ് ഞങ്ങൾ കണ്ടത്" എന്ന് ഭർത്സിയ്ക്കുകയാണ്. അർഹിയ്ക്കാത്ത ദുർവാക്കുകൾ കേൾക്കേണ്ടിവരുന്ന കർണ്ണന്റെ ദുർവ്വിധി കൂടുതൽ പ്രകടമാക്കാനാകുമീ കൂട്ടിച്ചേർക്കൽ. അതേ സമയം കർണ്ണന്റെ മറുപടിയിലും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്[39].ആത്മവിശ്വാസം, അഭിമാനം, വീര്യം തുടങ്ങിയ ഗുണങ്ങളെല്ലാം കൂടുതൽ പ്രകടമാക്കുന്നതാണിവിടെ കർണ്ണന്റെ സംഭാഷണം.

(ix) ഭീഷ്മരുടെ പതനത്തിനുശേഷം അദ്ദേഹത്തെ കർണ്ണൻ ചെന്നു കാണുന്ന രംഗത്തിലും മാറ്റങ്ങളുണ്ട്. ഇവിടെ ഭീഷ്മർ താൻ കർണ്ണനെ തേജോവധം ചെയ്തതിൽ പശ്ചാത്തപിയ്ക്കുകയും അത് വിധികൃതമായിരുന്നെന്ന് പറയുകയും ചെയ്യുന്നു[42]. മഹാത്മാവായ കർണ്ണനെ താനധിക്ഷേപിച്ചതിൽ ഭീഷ്മർക്കുള്ള കുറ്റബോധത്തിലൂടെ കർണ്ണന്റെ മാഹാത്മ്യം വീണ്ടുമുയർത്താനാണ് നോവലിസ്റ്റ് ശ്രമിച്ചിരിയ്ക്കുന്നത്.

---

39. *ശ്രീ മഹാഭാരതം* വാല്യം മൂന്ന്, ഉദ്യോഗപർവ്വം, പു.175,204,418–419.
40. ഇനി ഞാൻ ഉറങ്ങട്ടെ, പു.166–171.
41. അതേ പുസ്തകം, പു.167, 169, 170.
42. അതേ പുസ്തകം, പു.181–190.

# കഥാപാത്രങ്ങളുടെ വ്യക്തിത്വം

## കർണ്ണൻ

### *മഹാഭാരതത്തിലെ കർണ്ണൻ*

സ്ഥലകാലങ്ങൾ ഭാരതത്തിലേതുതന്നെയാണെങ്കിലും കർണ്ണനെന്ന കഥാപാത്രനിബന്ധനത്തിൽ താൻ സ്വാതന്ത്ര്യമെടുത്തിട്ടുണ്ടെന്ന് നോവലിസ്റ്റ് പറയുന്നുണ്ട്[43].

മൂലകൃതിയിൽ ബാല്യകാലത്തെ കർണ്ണനെപ്പറ്റി പരാമർശമുണ്ട്. അപ്പോഴേ അർജ്ജുനവൈരിയായ കർണ്ണനെയാണ് കാണാനാകുന്നത്. അർജ്ജുനനോട് പൊരുതാൻ ബ്രഹ്മാസ്ത്രമുപദേശിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് കർണ്ണൻ ദ്രോണരെ സമീപിയ്ക്കുന്നത്. അർജ്ജുനനോടുള്ള അസൂയയും വൈരവും മാൽസര്യവും അത്ര തീവ്രമായതുകൊണ്ടാകണമല്ലോ അനുജനാണെന്നറിഞ്ഞിട്ടും അർജ്ജുനവധമെന്ന ലക്ഷ്യത്തിൽ നിന്നും കർണ്ണൻ പിന്മാറാതിരുന്നത്.

ദ്രൗപദിയോടും കർണ്ണന് വെറുപ്പുണ്ട്. സ്വയംവരവേളയിൽ തന്നെ നിഷേധിച്ച, തന്റെ ശത്രുവിന്റെ പത്നിയായ ദ്രൗപദിയെ കർണ്ണൻ വസ്ത്രാക്ഷേപവേളയിൽ വളരെയധികം നിന്ദിയ്ക്കുന്നുണ്ട്. പിന്നീടും ദ്രൗപദിയോട് ദുര്യോധനന്റെ ദാസിയായിരിയ്ക്കാൻ പറയുന്നുണ്ട്[44]. കാമ്യകത്തേയ്ക്ക് ഘോഷയാത്ര പോകണമെന്ന് ദുര്യോധനനെ പ്രേരിപ്പിയ്ക്കുമ്പോഴും ദ്രൗപദിയോടുള്ള വിരോധം തെളിയുന്നു[45]. ചൂതുകളിയെത്തുടർന്ന് ധൃതരാഷ്ട്രർ ദ്രൗപദിയ്ക്ക് വരം നൽകി പാണ്ഡവരെ ദാസ്യത്തിൽ നിന്നൊഴിവാക്കിയപ്പോഴും കർണ്ണൻ ദ്രൗപദിയെ ആക്ഷേപിയ്ക്കുന്നുണ്ട്[46].

---

43. അതേ പുസ്തകം, പ്രസ്താവന, പു. 9.
44. *ശ്രീ മഹാഭാരതം* വാല്യം ഒന്ന്, സഭാപർവ്വം, പു.904, 912.
45. അതേ പുസ്തകം, വാല്യം2, വനപർവ്വം 650.
46. അതേ പുസ്തകം, സഭാപർവ്വം, പു. 916.

പലപ്പോഴും ദുര്യോധനനെ പാണ്ഡവർക്കെതിരെ പ്രവർത്തിയ്ക്കാൻ പ്രേരിപ്പിയ്ക്കുന്നതും, മാർഗ്ഗം പറഞ്ഞു കൊടുക്കുകയും ചെയ്യുന്നത് കർണ്ണനാണ്. ചൂതുകളിയിൽ, അനുദ്യൂതത്തിനനുമതി ചോദിയ്ക്കാൻ പോകുന്നതിൽ[47], ഘോഷയാത്രയ്ക്ക് പ്രേരിപ്പിയ്ക്കുന്നതിൽ[48], അതിന് ധൃതരാഷ്ട്രരിൽ നിന്ന് അനുമതി വാങ്ങുന്നതിൽ[49], ഗന്ധർവ്വരുമായുള്ള യുദ്ധത്തിൽ പാണ്ഡവസഹായം കൊണ്ടാണല്ലോ രക്ഷപ്പെട്ടതെന്നോർത്ത് വിഷമിയ്ക്കുന്ന ദുര്യോധനനെ ഉപദേശിച്ച് സമാധാനിപ്പിയ്ക്കുന്നതിൽ[50], സന്ധിയ്ക്കു വഴങ്ങാതെ യുദ്ധം ചെയ്യാൻ പ്രേരിപ്പിയ്ക്കുന്നതിൽ[51] – ഒക്കെ കർണ്ണന്റെ സാന്നിദ്ധ്യം കാണാം.

കർണ്ണൻ അജയ്യനല്ല. ഗന്ധർവ്വന്മാരുമായുള്ള യുദ്ധത്തിൽ[52], വിരാടരാജ്യവുമായുള്ള യുദ്ധത്തിൽ[53], ഭീമനോടും, അർജ്ജുനനോടും അഭിമന്യുവിനോടുമുള്ള യുദ്ധത്തിൽ[54] – ഇങ്ങനെ പലപ്പോഴും കർണ്ണൻ പരാജിതനാകുന്നുണ്ട്. ഇങ്ങനെ മൂലകൃതിയിലെ കർണ്ണൻ ത്യാഗിയും, ദാനശീലനുമൊക്കെയാണെങ്കിലും നീചകുലജാതനാണെന്ന അപകർഷതാബോധവും, അപമാനങ്ങളും, നിർഭാഗ്യങ്ങളും അനുഭവിയ്ക്കേണ്ടി വന്നതുകൊണ്ടുള്ള പ്രതിഷേധവും, പാണ്ഡവരോടും ദ്രൗപദിയോടുമുള്ള വൈരം കൊണ്ടുണ്ടായ അമർഷവുമൊക്കെയുള്ള കഥാപാത്രമായാണ് കാണപ്പെടുന്നത്.

*നോവലിലെ കർണ്ണൻ*

നോവലിസ്റ്റിന് കർണ്ണനെ തന്റെ കേന്ദ്രകഥാപാത്രമാക്കാൻ പ്രേരകമായി വർത്തിച്ച അത്ഭുതാദരങ്ങളാകാം[55] കർണ്ണമാഹാത്മ്യത്തെ ദുർബ്ബലമാക്കുന്ന

47. അതേ പുസ്തകം പു.919.
48. അതേ പുസ്തകം, വാല്യം 2, വനപർവ്വം, പു.649.
49. അതേ പുസ്തകം, പു. 651.
50. അതേ പുസ്തകം, പു. 671.
51. അതേ പുസ്തകം, വാല്യം 3,ഉദ്യോഗപർവ്വം പു.175,419,473.
52. അതേ പുസ്തകം, വനപർവ്വം, പു.657.
53. അതേ പുസ്തകം, വിരാടപർവ്വം പു. 967.
54. അതേ പുസ്തകം, ദ്രോണപർവ്വം, പു.128, 353, 360, 363, 384.
55. ബാലകൃഷ്ണൻപികെ. 'വ്യാസന്റെ കർണ്ണൻ', *എഴുത്തച്ഛന്റെ കല, ചില വ്യാസഭാരതപഠനങ്ങളും* (കറന്റ് ബുക്സ്, തൃശൂർ, 2002) പു. 61.

സന്ദർഭങ്ങൾ വിട്ടുകളയാൻ കാരണമായത്. ചില സന്ദർഭങ്ങൾ സ്വീകരിച്ചപ്പോൾത്തന്നെ അവയെ സാധൂകരിയ്ക്കാനെന്നവണ്ണം ചില ന്യായീകരണങ്ങളും ചേർത്തിട്ടുണ്ട്.

(i) വസ്ത്രാക്ഷേപവേളയിൽ താൻ ദ്രൗപദിയോട് ദുർവാക്കുകൾ പറഞ്ഞത് പാണ്ഡവരുടെ നിസ്സഹായമായ പൗരുഷത്തെ പരിഹസിയ്ക്കാനാണെന്ന ആത്മനിന്ദയോടെയുള്ള കുറ്റസമ്മതത്തിന്റെ കൂട്ടിച്ചേർക്കലിലൂടെ ഈ സന്ദർഭം കർണ്ണമാഹാത്മ്യം തെളിയിയ്ക്കാൻ ഉപയോഗിച്ചിരിയ്ക്കുകയാണ്.[56]

(ii) അർജ്ജുനനൊഴികെയുള്ള പാണ്ഡവരെ താൻ വധിയ്ക്കില്ലെന്നു പറഞ്ഞത് കുന്തിയുടെ ദീനമായ അപേക്ഷപ്രകാരമാണെന്ന കൂട്ടിച്ചേർക്കൽ[57].

(iii) 'ഭാരതപര്യടനം' തനിയ്ക്ക് പ്രചോദനമേകിയിട്ടുണ്ടെന്ന് നോവലിസ്റ്റ് പറഞ്ഞിട്ടുണ്ട്[58]. കവചകുണ്ഡലങ്ങൾക്ക് പകരമായി അർജ്ജുനവധമുദ്ദേശിച്ച് താൻ ഇന്ദ്രനിൽ നിന്നുവാങ്ങിയ വേൽ കൗരവപ്പടയുടെ രക്ഷയ്ക്ക് ഘടോൽക്കചനിൽ പ്രയോഗിയ്ക്കാൻ തയ്യാറായതാണ് കർണ്ണന്റെ ഏറ്റവും വലിയ ത്യാഗമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[59]. കർണ്ണൻ പകരമായൊരുപഹാരം സ്വീകരിച്ചത് ദാനമാഹാത്മ്യത്തിന് കോട്ടം തട്ടിയ്ക്കുമെന്ന വിചാരത്താലാകാം നോവലിസ്റ്റ് ഈ സന്ദർഭം സ്വീകരിച്ചില്ല.

### ദ്രൗപദി

നോവലിലെ ദ്രൗപദി സാങ്കല്പികകഥാപാത്രമാണെന്ന് നോവലിസ്റ്റ് പറയുന്നുണ്ട്[60].

തന്നിൽ നിന്നു തന്നെ ഒറ്റപ്പെട്ടുപോയവളാണിവിടെ ദ്രൗപദി[61]. ജീവിതകാലം മുഴുവൻ മക്കളെപ്പോലും മറന്ന് പതിധർമ്മമാചരിച്ചവൾ. എന്നിട്ടും

56. ഇനി ഞാൻ ഉറങ്ങട്ടെ, പു.117.
57. അതേ പുസ്തകം പു. 142.
58. അതേ പുസ്തകം പു.10.
59. കുട്ടികൃഷ്ണമാരാർ, *ഭാരതപര്യടനം* (മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, 1999) പുറം.38
60. ഇനി ഞാൻ ഉറങ്ങട്ടെ. പു. 8.
61. അതേ പുസ്തകം. പു. 83.

യഥാർത്ഥ ഭർതൃസ്നേഹം അനുഭവിയ്ക്കാനായില്ല. തന്റെ അഭിമാനത്തെ അവരൊരിയ്ക്കലും വിലവെച്ചില്ല[62]. മനസ്സിൽ പ്രതികാരാഗ്നി കാത്തുസൂക്ഷിച്ചു. അതിന്റെ പേരിലല്ലെങ്കിലും ഭർത്താക്കന്മാർ ശത്രുനാശം വരുത്തിയിട്ടും തനിയ്ക്കോ അവർക്കോ സമാധാനം നേടാനായില്ല.

പാണ്ഡവ ദുർവ്വിധിയുടെ പര്യായമായാണ് ദ്രൗപദി കർണ്ണനെ കാണുന്നത്. സ്വയംവരമണ്ഡപത്തിൽ നിന്ന് തുടങ്ങി അവൾ കാണുകയും അനുഭവിയ്ക്കുകയും ചെയ്തതാണ് കർണ്ണന്റെ ദുർന്നയങ്ങൾ[63]. യുധിഷ്ഠിരൻ ദുഃഖിയ്ക്കുന്നതും രാജ്യം വേണ്ടെന്നു വെയ്ക്കുന്നതും തന്റെ മരിച്ചുപോയ പുത്രരേയോ പുത്രസമാനനേയോ ഓർത്തല്ല, ആ കർണ്ണനെ ഓർത്താണെന്നത്[64] ദ്രൗപദിയെ ഏറെ തളർത്തുന്നു.

കണ്ണ് മൂടിക്കെട്ടിയതിനാൽ മക്കളെ ഒരിയ്ക്കലും കാണാൻ കഴിയാഞ്ഞ, ഒരിയ്ക്കൽ ആ കെട്ടഴിച്ച് മക്കളുടെ മൃതശരീരങ്ങൾ കണ്ട ഗാന്ധാരിയും[65], നാലു ഭർത്താക്കന്മാരിൽ നിന്ന് നാലു മക്കൾക്ക് ജന്മം നൽകേണ്ടി വന്ന, അവസാനം പുത്രന്മാർ മഹായുദ്ധം ജയിച്ചിട്ടും മൂത്തമകന്റെ മരണത്തിൽ ദുഃഖിയ്ക്കേണ്ടി വന്ന കുന്തിയും[66], അഞ്ചു ഭർത്താക്കന്മാരുടെ ഭാര്യയായിരുന്ന്, യഥാർത്ഥ ഭർത്ത്യസുഖം അനുഭവിയ്ക്കാൻ കഴിയാത്ത, മക്കളെ കൺനിറച്ചൊന്ന് കാണാൻ കഴിയാത്ത, അവരുടെ മൃതദേഹങ്ങൾ കാണേണ്ടി വന്ന താനും സമാനരാണെന്ന് ദ്രൗപദി ചിന്തിയ്ക്കുന്നു.

കർണ്ണൻ മകനാണെന്ന് ഒരിയ്ക്കലെങ്കിലും പറഞ്ഞ് ഈ സർവ്വനാശം ഒഴിവാക്കാമായിരുന്നില്ലേ എന്ന് ദ്രൗപദി കുന്തിയോട് ചോദിച്ചു[67].

62. അതേ പുസ്തകം, പു. 227–229.
63. അതേ പുസ്തകം, പു. 36,37.
64. അതേ പുസ്തകം, പു. 98.
65. അതേ പുസ്തകം, പു. 150.
66. അതേ പുസ്തകം, പു. 224.
67. അതേ പുസ്തകം, പു. 127.

കൃഷ്ണനും, ഭീഷ്മരും, കുന്തിയും കർണ്ണനെ പാണ്ഡവപക്ഷത്തേയ്ക്ക് വിളിച്ചപ്പോൾ ദ്രൗപദി കർണ്ണന്റെ ഭാര്യയായിരിയ്ക്കുമെന്ന് പറഞ്ഞു. ദ്രൗപദിയ്ക്കതുൾക്കൊള്ളാനായില്ല[68]. പക്ഷേ തന്റെ നാല് ഭർത്താക്കന്മാരുടേയും ജീവൻ നഷ്ടപ്പെടാതിരുന്നത് കർണ്ണന്റെ ദയവു കൊണ്ടാണെന്നറിഞ്ഞതോടെ ദ്രൗപദിയുടെ മനസ്സു മാറുന്നു[69].

ദ്രൗപദിയ്ക്ക് പല ചോദ്യങ്ങളും ചോദിയ്ക്കാനുണ്ട് –

♦ താനെന്നെങ്കിലും സ്നേഹിയ്ക്കപ്പെട്ടിട്ടുണ്ടോ?[70]

♦ യുധിഷ്ഠിരന്റെ സഹാനുഭൂതി സ്നേഹമാണോ?[71]

♦ താൻ പതിവ്രതയാണോ?[72]

♦ യുധിഷ്ഠിരൻ വനത്തിലേയ്ക്കു പോയാൽ തന്റെ സ്ഥാനമെവിടെ? താനും അനുഗമിച്ചാൽ തന്റെ പാതിവ്രത്യത്തിന്റെ തുലനബിന്ദു എവിടെ ?[73]

♦ യുദ്ധവേളയിൽ പലപ്പോഴും അധർമ്മം പ്രവർത്തിച്ച ഭർത്താക്കന്മാർ താൻ വസ്ത്രാക്ഷിപ്തയായപ്പോൾ ധർമ്മത്തിന്റെ പേരിൽ മൗനം പാലിച്ചതെന്തുകൊണ്ട് ?[74]

♦ കൃഷ്ണൻ തനിയ്ക്കാര് ?[75]

♦ കർണ്ണനെപ്പോലൊരു പുത്രനെ പ്രസവിയ്ക്കാൻ ഗാന്ധാരിയേക്കാൾ തികഞ്ഞ പാത്രമേത്?[76]

– ദ്രൗപദിയ്ക്കുത്തരം കണ്ടെത്താൻ കഴിയാത്ത ചോദ്യങ്ങൾ.

താൻ എന്തിലും മേലെയായി കണ്ട് സഹധർമ്മമാചരിച്ച തന്റെ

68. അതേ പുസ്തകം, പു. 233.
69. അതേ പുസ്തകം, പു. 219.
70. അതേ പുസ്തകം, പു. 99.
71. അതേ പുസ്തകം, പു. 83.
72. അതേ പുസ്തകം, പു. 221.
73. അതേ പുസ്തകം, പു.231.
74. അതേ പുസ്തകം, പു.227.
75. അതേ പുസ്തകം, പു.100.
76. അതേ പുസ്തകം, പു. 153.

ഭർത്താക്കന്മാർ തന്റെ പത്നീത്വത്തെ നിരന്തരമായി അവഗണിയ്ക്കുകയാണ് ചെയ്തതെന്നും, തന്നിലെ മാതൃത്വത്തെ താൻ തന്നെ അവഗണിച്ചുവെന്നും ദ്രൗപദി വേദനയോടെ ഓർക്കുന്നു[77].

"സർവ്വഭീകരമായ യുദ്ധത്തിനുകാരണം യുധിഷ്ഠിരന് ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ക്ഷത്രിയനായ തനിയ്ക്കവകാശപ്പെട്ട രാജ്യം ക്ഷത്രിയോചിതമായ രീതിയിൽ തന്റേതാക്കുക. മനുഷ്യന് ഒരിയ്ക്കലും പൊറുക്കരുതാത്ത ഹീനമായ പാതകങ്ങൾ – തന്റെ നേരെ നടന്ന പാതകങ്ങൾ – യുധിഷ്ഠിരനെ യുദ്ധമാർഗ്ഗത്തിലേയ്ക്ക് തിരിയ്ക്കാൻ അവയ്ക്കു കഴിഞ്ഞില്ല. യുദ്ധസമാധാനങ്ങൾ തീർച്ച ചെയ്ത അവന്റെ മനസ്സിൽ, ഭീമാർജ്ജുന നകുലന്മാരുടെ മനസ്സിൽ ദ്രൗപദിയ്ക്ക് സ്ഥാനമുണ്ടായിരുന്നില്ല. ഇന്നിപ്പോൾ യുദ്ധം നിലച്ചു – പതിമാർക്കുവേണ്ടി പടപൊരുതിയ സ്വജനങ്ങളെ മുഴുവൻ സംഹരിച്ചുകൊണ്ട്, തന്റെ അഞ്ചു മക്കളേയും സംഹരിച്ചു കൊണ്ട്, ഇന്നും ദ്രൗപദിയുടെ ദുഃഖം അവളുടെ മാത്രം ദുഃഖമാണ്. ഭ്രാതാവായ കർണ്ണന്റെ മരണത്തിലാണ് – യുധിഷ്ഠിരന് ദുഃഖം!

ദ്രൗപദീ, നിന്നെക്കാൾ ശപ്തയായ സ്ത്രീ വേറെയാരുണ്ട് ?"

യുധിഷ്ഠിരൻ സന്ധിയ്ക്ക് ശ്രമിച്ചത് രാജ്യത്തിനുവേണ്ടിയാണ്, യുദ്ധം ചെയ്തതും. അദ്ദേഹത്തിന്റേയോ അനുജന്മാരുടേയോ മനസ്സിൽ താനോ താനനുഭവിച്ച പീഡനങ്ങളോ ഉണ്ടായിരുന്നില്ല[78]. നിറഞ്ഞ സദസ്സിൽ താൻ വസ്ത്രാക്ഷിപ്തയായത് അവർക്കൊരു പ്രശ്നമല്ല[79]. തന്നെ അപഹരിയ്ക്കാനൊരുങ്ങിയ ജയദ്രഥനെ അവർ വധിച്ചില്ല[80] – എന്നൊക്കെ ദ്രൗപദി അനാഥത്വത്തോടെ ഓർക്കുന്നു. തനിയ്ക്കെന്നും അഭയസ്ഥാനമായി കാണാൻ കഴിഞ്ഞത് കൃഷ്ണനെയാണ്. ഭക്തി–സ്നേഹപാരവശ്യങ്ങളോടെ കൃഷ്ണനെ

77. അതേ പുസ്തകം, പു.229.
78. അതേ പുസ്തകം, പു.85.
79. അതേ പുസ്തകം, പു.99.
80. അതേ പുസ്തകം, പു.99.

ധ്യാനിയ്ക്കുമ്പോൾ മനസ്സിലൊരു കോണിൽ വ്രീളയുടെ ലാഞ്ഛന പുരളുന്നതെന്തേ എന്നും അവൾ ചിന്തിയ്ക്കുന്നു[81]. (ഇതേപ്പറ്റി കൂടുതലായൊന്നും നോവലിൽ പറയുന്നില്ല. കൃഷ്ണന്റേയും കൃഷ്ണയുടേയും ബന്ധത്തെപ്പറ്റി ഇങ്ങനെയൊരു സങ്കല്പം മറ്റൊരു കൃതിയിലും കാണുന്നുണ്ട്[82].) കർണ്ണനെക്കുറിച്ചറിഞ്ഞപ്പോൾ, ആ മാഹാത്മ്യത്തിന്റെ വിശദാംശങ്ങൾ കൂടുതലറിഞ്ഞപ്പോൾ, ആ മൂത്ത കൗന്തേയന്റെ നേർക്ക് ദ്രൗപദിയുടെ മനസ്സ് ചലിച്ചു തുടങ്ങി. വിധിയുടെ നീതി പലപ്പോഴും ന്യായീകരിയ്ക്കാൻ കഴിയാത്തത്ര വിചിത്രമാണെന്ന് ഓർക്കുന്ന വിചിത്രമായ നിർഭാഗ്യങ്ങൾ എന്നും തനിയ്ക്കേർപ്പെട്ടിട്ടുണ്ടെന്ന് കരുതുന്ന ദ്രൗപദി മൂത്ത കൗന്തേയനാണ് കർണ്ണനെന്നിരിയ്ക്കേ തന്റെ ഭർത്തൃസ്ഥാനം സ്വാഭാവികമായും കർണ്ണനുകൂടി അവകാശപ്പെട്ടതാണെന്നും അങ്ങനെ നോക്കുമ്പോൾ തനിയ്ക്കൊരു വൈധവ്യം കൂടി വന്നു  ചേർന്നിരിയ്ക്കുന്നുവെന്നും അത്ഭുതത്തോടെ ഓർക്കുന്നു[83]. കർണ്ണൻ തന്റെ ഭർതൃപദവിയിലിരിക്കേണ്ടവനായിരുന്നു എന്ന സത്യത്തെ ദ്രൗപദി അംഗീകരിച്ചുവെന്നാണിവിടെ വ്യക്തമാകുന്നത്. ആ കർണ്ണോന്മുഖമായ മനസ്സ് ഒരു സ്വപ്നവർണ്ണനയിലൂടെയാണ് നോവലിസ്റ്റ് പ്രകടമാക്കുന്നത്.

"അർജ്ജുനശരങ്ങൾക്ക് ലക്ഷ്യമായി നിൽക്കുന്ന ഉദ്ധതമായ കർണ്ണവിഗ്രഹത്തിന്റെ വിസ്തൃതമായ സ്കന്ധങ്ങളിൽ സ്വൈരമായിരിയ്ക്കുന്ന സ്വന്തം ഉണ്ണികളുടെ രൂപം ഉൽകണ്ഠയോടെ, ഭയത്തോടെ താൻ കണ്ടു!.... അർജ്ജുനവിശിഖങ്ങൾ  സീൽക്കാരം ചെയ്തു പായുന്നു. ആറുശിരസ്സുള്ള കർണ്ണന്റെ വക്ഷസ്സിനെ ലക്ഷ്യമാക്കി, ആ ചുമലുകൾക്കു മേലുള്ള എല്ലാ ശിരസ്സുകളേയും ലക്ഷ്യമാക്കി, ഗാണ്ഡീവിയുടെ ശരങ്ങൾ ഘോരസർപ്പങ്ങളെപ്പോലെ പാഞ്ഞു ചെല്ലുന്നു."[84]

---

81. അതേ പുസ്തകം, പു.100.
82. പ്രതിഭാറായ്, *ദ്രൗപദി*, വിവ:പി.മാധവൻപിള്ള (ഡി.സി.ബുക്സ്, കോട്ടയം, 2008).
83. ഇനി ഞാൻ ഉറങ്ങട്ടെ,  പു.234.
84. അതേ പുസ്തകം, പു. 266.

ഇവിടെ സർവ്വവിനാശകാരിയായ യുദ്ധത്തിൽ പുത്രന്മാരെ രക്ഷപ്പെടുത്താൻ കഴിയാത്ത പാണ്ഡവരെയല്ല, എല്ലാവരേയും രക്ഷിയ്ക്കാൻ ശ്രമിയ്ക്കുന്ന കർണ്ണനെയാണ് ദ്രൗപദി രക്ഷകനായി കാണുന്നത്.

മറ്റൊരു സ്വപ്നം കൂടിയുണ്ട്.

"സകല ജീവശക്തിയും സമാഹരിച്ചുകൊണ്ട് ഉപധാനമായിരുന്ന വേരുകളിലൂടെ മേലേയ്ക്കിഴഞ്ഞ്, ആ തണൽവൃക്ഷത്തിന്റെ തടിയിൽ ഉടലും തലയും ചാരി അവൾ ആർത്തയായി ഇരുന്നു. വേരുകളുടെ ചുറ്റുകൾ പെരുമ്പാമ്പുകളെപ്പോലെ പിടയുകയും പുളയുകയും ചെയ്യുന്നതായി അവൾക്കു തോന്നി. വൃക്ഷത്തെ സന്ധാനം ചെയ്തു നിർത്തേണ്ട വേരുകൾ അതിന്റെ മർമ്മസന്ധികളിൽ ക്രൂരമായി കടിച്ചുതൂങ്ങി ഭൂമിയിലേക്ക് അതിനെ വലിച്ചു താഴ്ത്താൻ പാടുപെടുന്നു! നിരങ്കുശമായ ആ ക്രൗര്യം സഹിയാതെ വൃക്ഷം പ്രാണഭയത്താൽ  പിടയുന്നതായി അവൾക്കു തോന്നി, ഈശ്വരാ ! വൃക്ഷം പിടയുന്നതോടൊപ്പം എന്റെ ശരീരവും പിടയുന്നതെന്താണ്?

.....വേരുകളാകുന്ന പെരുമ്പാമ്പുകളുടെ ചുറ്റിൽപ്പെട്ടു ഭയന്നു വിറച്ച് ആകാശോന്മുഖമായി വിലാപമുതിർക്കുന്ന വൃക്ഷത്തിന്മേൽ ഉടലും ശിരസ്സും അമർത്തിച്ചേർത്തുകൊണ്ട് ദ്രൗപദി വീണ്ടും കണ്ണുകൾ ഇറുക്കിയടച്ചു." [85] താൻ അഭയമായി തെരഞ്ഞെടുത്ത ഒരു കൂറ്റൻ വൃക്ഷം.  വേരുകൾ വലിച്ചു താഴ്ത്താൻ ശ്രമിയ്ക്കുന്ന ആ വൃക്ഷത്തിന്റെ തടിയാണ് തനിയ്ക്ക് താങ്ങ് നൽകുന്നത് –  താങ്ങായി നിൽക്കേണ്ട സഹോദരരാണ് കർണ്ണനെ പതനത്തിലേയ്ക്ക് താഴ്ത്താനൊരുങ്ങിയത്. ആ കർണ്ണനിൽ ദ്രൗപദി ആശ്രയം കണ്ടെത്തുന്നുവെന്നതാണല്ലോ ഇവിടെ വ്യക്തമാകുന്നത്. ഏറെക്കാലമായി സുഖകരമായ ഒരുറക്കം നിഷേധിയ്ക്കപ്പെട്ട ദ്രൗപദി ഉറങ്ങാനൊരുങ്ങുകയാണ് – ആ ആശ്വാസത്തോടെ.

85. അതേ പുസ്തകം, പു. 267.

ക്ഷാത്രവീര്യം തികഞ്ഞവളാണ് ദ്രൗപദി. മഹാരാജ്ഞിപദം ആഗ്രഹിച്ചവൾ, പ്രതികാരമനോഭാവമുള്ളവൾ.പക്ഷേ നോവലിസ്റ്റ് ദ്രൗപദിയുടെ മനസ്സിന്റെ മറ്റൊരു വശമാണ് വിശകലനം ചെയ്തത് – സ്ത്രീ, അമ്മ, ഭാര്യ എന്നീ നിലകളിൽ, അപമാനങ്ങളും, നഷ്ടങ്ങളും, നിർഭാഗ്യങ്ങളും, അസ്വസ്ഥതകളുമേന്തിക്കൊണ്ടുള്ള ദീർഘകാലജീവിതം ഒരു സ്ത്രീയുടെ മനസ്സിനെ എങ്ങനെ ബാധിയ്ക്കും എന്ന സങ്കല്പത്തിലാണ് നോവലിസ്റ്റ് ഈ കഥാപാത്രത്തെ സൃഷ്ടിച്ചിരിയ്ക്കുന്നത്.

## മറ്റു കഥാപാത്രങ്ങൾ

കുന്തീദേവി, ധർമ്മപുത്രർ, ഭീമസേനൻ, ഭീഷ്മർ തുടങ്ങി ഏതാനും കഥാപാത്രങ്ങൾകൂടി ഈ നോവലിലുണ്ട്. ഇവരിലും നോവലിസ്റ്റ് ചില മാറ്റങ്ങൾ വരുത്തിയിരിക്കുന്നതായിക്കാണുന്നു.

***കുന്തി***

മഹാഭാരതത്തിലെ കുന്തീദേവി കർണ്ണനോട് പാണ്ഡവപക്ഷത്തു ചേരാൻ പറയുകയല്ലാതെ അർജ്ജുനനൊഴികെയുള്ള നാലു മക്കളുടെ ജീവൻ അർത്ഥിക്കുന്നില്ല; അത് കർണ്ണൻ സ്വയമേൽക്കുകയാണ്. നോവലിൽ കുന്തീദേവി തന്റെ നാല് പുത്രന്മാരുടെ ജീവൻ യാചിക്കുകയാണ്. സ്നേഹവും ദയയും യാചിച്ചു നിൽക്കുന്ന പശ്ചാത്താപവിവശയും ദീനമാനസയുമായാണ് ഇവിടെ കുന്തിയെ കാണാനാകുന്നത്. ദീർഘമായി നിബന്ധിച്ചിരിക്കുന്ന കുന്തീകർണ്ണ സമാഗമം കൂടുതൽ ഹൃദയസ്പർശിയാക്കാൻ നോവലിസ്റ്റ് ശ്രമിച്ചിരിക്കുന്നതായിതോന്നാം. പക്ഷേ ദുഃഖിതയെങ്കിലും ദുര്യോധനപക്ഷത്തു നിൽക്കുന്നത് ശരിയല്ലെന്നും ധർമ്മമനുഷ്ഠിക്കണമെന്നും ഉപദേശിക്കുന്ന ഭാരതത്തിലെ അമ്മയുടെ ഗാംഭീര്യം ഇവിടെ കുന്തീദേവിക്ക് നഷ്ടപ്പെടുന്നതായി തോന്നുന്നു. ദ്രൗപദിയുടെ ചിന്തകളിൽ വരുന്ന കുന്തീദേവി അവളോട് ബഹുഭർതൃത്വം

ഏൽക്കാൻ ആജ്ഞാപിച്ചവളും, കർണ്ണനെ അവളുടെ പത്നീസ്ഥാനം കാണിച്ച് വിളിച്ചവളുമാണ് ! എന്നാൽ അത് കുന്തിയും കർണ്ണനും തമ്മിലുള്ള സംഭാഷണത്തിൽ നോവലിസ്റ്റ് നിബന്ധിക്കുന്നുമില്ല. കർണ്ണനോട് കുന്തിക്ക് ആത്മാർത്ഥമായ സ്നേഹം കുറവായിരുന്നുവെന്നും, സുയോധന പക്ഷം വെടിയണമെന്നുപദേശിക്കാൻ വേണ്ടി മാത്രമാണ് കുന്തി കർണ്ണന്റെ അമ്മ യായതെന്നും ദ്രൗപദി ഓർക്കുന്നുണ്ട്. കർണ്ണനിൽ നിന്നും പാണ്ഡവർക്കു രക്ഷയുറപ്പു വരുത്താൻ ശ്രമിക്കുന്ന അമ്മയായാണ് കുന്തീദേവിയെ ഇവിടെ ചിത്രീകരിച്ചു കാണുന്നത്. യുധിഷ്ഠിരനോട് യുദ്ധം ചെയ്യാനുപദേശിക്കു ന്നതായി പരാമർശിക്കുന്നുണ്ടെങ്കിലും വിദുളയുടെ കഥ പറഞ്ഞ് യുദ്ധാവേശ മുണർത്തുന്ന വീരമാതാവിനെ ഇവിടെ കാണുന്നില്ല.

***ഭീമൻ***

"മൃഗസമാനമായ ശക്തിയും വീര്യവും പ്രതികാരബുദ്ധിയും ക്രൂരത യും, ചില ഗുണങ്ങളുമുള്ള വ്യാസന്റെ ഭീമനെ ഒരു വളർത്തു ഹിംസ്രമൃഗ"മാ യാണ് പി.കെ.ബാലകൃഷ്ണൻ കാണുന്നത്.[86] കർണ്ണവധത്തെക്കുറിച്ചോർത്ത് കുറ്റബോധത്തിൽ മുഴുകിയിരിക്കുന്ന യുധിഷ്ഠിരനോട് ഭീമസേനൻ ധർമ്മോ ദ്ബോധനം നടത്തുന്ന രംഗം ഭാരതത്തിലുണ്ട്. നോവലിലെ ഭീമൻ തന്നെ തേജോവധം ചെയ്ത നീചനായ അഹങ്കാരി ജ്യേഷ്ഠനല്ല. പിതാവായാൽത്ത ന്നെയും താൻ കൊല്ലുമായിരുന്നുവെന്ന് മുറുമുറുക്കുന്നവനാണ്.[87] കർണ്ണനെ വധിക്കാനവസരം ലഭിച്ചപ്പോൾ അർജ്ജുനശപഥമോർത്ത് അത് ചെയ്യാതി രുന്ന ഭീമസേനനെപ്പറ്റി മൂലത്തിൽ പരാമർശമുണ്ട്.[88] നോവലിൽ അത് കാണുന്നില്ല. ദുശ്ശാസനവധം ഭയങ്കരമായിത്തന്നെ ചിത്രീകരിച്ചിട്ടുണ്ട്.

---

86. 'വ്യാസഭാരതപ്രപഞ്ചത്തിലേക്ക്', *എഴുത്തച്ഛന്റെ കല –ചില വ്യാസഭാരതപഠനങ്ങളും*, പു. 38.
87. ഇനി ഞാൻ ഉറങ്ങട്ടെ, പു.31.
88. *ശ്രീ മഹാഭാരതം* നാലാം വാല്യം, ദ്രോണപർവ്വം, പു.382.

### *ഭീഷ്മർ*

നോവലിൽ കർണ്ണനോട് എപ്പോഴും കൂടുതൽ ക്രൂരമായി പെരുമാറുന്ന ഭീഷ്മരെയാണ് കാണുന്നത്. ശരശയ്യാവലംബിയായ ഭീഷ്മരെ കർണ്ണൻ ചെന്നു കാണുമ്പോൾ ഭീഷ്മർ പശ്ചാത്താപത്തോടെ സംസാരിക്കുന്നു.ദീർഘമായ സംഭാഷണം ഇവിടെ ചേർത്തിട്ടുണ്ട്. കർണ്ണന്റെ വീര്യത്തെ പുകഴ്ത്തി പറയുന്ന ഭീഷ്മർ കർണ്ണനെ അവഹേളിച്ചതിൽ ആത്മനിന്ദയോടെ സംസാരിക്കുന്നു.

### *യുധിഷ്ഠിരൻ*

'ദുർബലനായ മഹാസാത്വിക'നായാണ് നോവലിസ്റ്റ് യുധിഷ്ഠിരനെ കാണുന്നത്.[89] കർണ്ണനെക്കുറിച്ചോർത്തുള്ള ഭയത്താൽ ഉറക്കമില്ലാതെ പതിമൂന്നു വർഷം കഴിച്ചുകൂട്ടിയ, കർണ്ണവധത്തിൽ മതിമറന്നാഹ്ലാദിച്ച, കർണ്ണൻ ജ്യേഷ്ഠനാണെന്നറിഞ്ഞപ്പോൾ വിലപിക്കുന്ന യുധിഷ്ഠിരനാണ് നോവലിൽ. യുധിഷ്ഠിരന്റെ ജീവിതത്തിലെ ഈ മുഹൂർത്തങ്ങളാണ് നോവലിൽ ചേർത്തിരിയ്ക്കുന്നത്. മൂലകൃതിയിൽ നിന്ന് ഏറെ മാറ്റം ഈ കഥാപാത്രത്തിന് കല്പിച്ചതായി തോന്നുന്നില്ല.

### *ദുര്യോധനൻ*

ധൈര്യവും ഗാംഭീര്യവും പൗരുഷവുമുള്ളവനായാണ് ദുര്യോധനനെ നോവലിസ്റ്റ് കാണുന്നത്.[90] പക്ഷേ കർണ്ണനെ കേന്ദ്രീകരിച്ചുള്ള നോവലിൽ കർണ്ണന്റെ സുഹൃത്ത് എന്ന നിലക്ക് ദുര്യോധനന് വലുതായ സ്ഥാനം നൽകുന്നില്ല. ചുരുക്കം ചില രംഗങ്ങളിലേ ദുര്യോധനനെ കാണുന്നുള്ളൂ. അശ്വത്ഥാമാവ് ശേഷിച്ച പാണ്ഡവസേനയെ താൻ വധിച്ച കാര്യം പറയുമ്പോൾ മൂലകൃതിയിലെ ദുര്യോധനൻ ധൃഷ്ടദ്യുമ്നനും ശിഖണ്ഡിയും വധിക്കപ്പെട്ടതി

89. 'വ്യാസഭാരതപ്രപഞ്ചത്തിലേക്ക്', *എഴുത്തച്ഛന്റെ കല –ചില വ്യാസഭാരതപഠനങ്ങളും,* പു. 38.
90. അതേ പുസ്തകം.

ലുള്ള സന്തോഷം എടുത്തു പറയുന്നുണ്ട്.[91] നോവലിൽ അത് കാണുന്നില്ല. താൻ ജീവിതായോധനത്തിൽ തോൽക്കാതെ സ്വർഗ്ഗം പ്രാപിച്ചുവെന്ന് അച്ഛ നോട് പറയാനേൽപ്പിക്കുന്നതായി കൂട്ടിച്ചേർത്തിരിക്കുന്നു.[92] കഥാപാത്രത്തിന്റെ ദുഷ്ടതയുടെ അംശം നീക്കം ചെയ്യുകയും, പൗരുഷത്തിന് ഊന്നൽ കൊടു ക്കുകയുമാവാം നോവലിസ്റ്റിന്റെ ഉദ്ദേശ്യം.

*വിധി*

ഒരു കഥാപാത്രത്തിന് ലഭിയ്ക്കുന്നത്ര പ്രാധാന്യവും സ്ഥാനവും ലഭി ച്ചിരിയ്ക്കുന്നതിനാൽ ഒരു അദൃശ്യകഥാപാത്രമെന്ന് തന്നെ പറയാവുന്ന ഒന്നു കൂടി നാം നോവലിൽ കാണുന്നു – സാമാന്യത്തിന്റെ നിയമങ്ങൾ കൊണ്ട് മറികടക്കാൻ കഴിയാത്ത വിധി. സ്വന്തം മക്കളുടെ മുഖം ഒരിയ്ക്കൽ പോലും കാണാൻ കഴിയാതെ അവരുടെ ജഡങ്ങൾ കാണാൻ മാത്രം കണ്ണു തുറ ക്കേണ്ടി വന്ന ഗാന്ധാരി[93], സ്വന്തം പുത്രനെ മരണത്തിലേയ്ക്കെത്തിച്ച കുറ്റ ബോധത്താൽ നീറുന്ന അമ്മയുടെ മുന്നിലിരുന്ന് ആ മകൻ മരിച്ച രംഗം വിവരിയ്ക്കാൻ നിയോഗിയ്ക്കപ്പെട്ട സഞ്ജയൻ[94], സദ്ഗുണങ്ങളും, ധർമ്മ ബോധവുമുണ്ടായിട്ടും ജീവിതത്തിലുടനീളം നിർഭാഗ്യമനുഭവിയ്ക്കേണ്ടി വന്ന കർണ്ണൻ, യുദ്ധം ജയിച്ചിട്ടും തോൽവിയുടെ ശൂന്യതയറിയേണ്ടിവന്ന യുധി ഷ്ഠിരൻ, എന്നും വിചിത്രമായ ദുഃഖാനുഭവങ്ങൾക്കിരയാകേണ്ടി വന്ന ദ്രൗപ ദി – തുടങ്ങി വിധിയുടെ കളിപ്പാട്ടങ്ങളായാണ് ഇതിലെ കഥാപാത്രങ്ങളെ യെല്ലാം നോവലിസ്റ്റ് നിബന്ധിച്ചിരിയ്ക്കുന്നതെന്നു കാണാം. ആത്യന്തിക മായി എല്ലാവരും പരാജയത്തിൽ ചെന്നെത്തുന്ന കേവല നിരർത്ഥകതയുടെ ഭാവചിത്രമായാണ്, നോവലിസ്റ്റ് വ്യാസഭാരതത്തെ കാണുന്നത്[95].

91. *ശ്രീ മഹാഭാരതം* അഞ്ചാം വാല്യം സൗപ്തികപർവ്വം, പു.48.
92. ഇനി ഞാനുറങ്ങട്ടെ,പു. 21.
93. അതേ പുസ്തകം, പു.150.
94. അതേ പുസ്തകം, പു. 235.
95. 'കേവലനിരർത്ഥകതയുടെ ഭാവചിത്രം', *എഴുത്തച്ഛന്റെ കല – ചില വ്യാസഭാരതപഠനങ്ങളും*,പു.43.

ആ ദർശനമാണല്ലോ വിധിയെക്കുറിച്ച് ചിന്തിയ്ക്കാൻ അദ്ദേഹത്തിന് പ്രേരക മായിട്ടുണ്ടാകുക.

ഈ കഥാപാത്രങ്ങളെല്ലാം കർണ്ണന്റെ മഹത്വവും അദ്ദേഹത്തിന് സഹി യ്ക്കേണ്ടി വന്ന അനർഹമായ ദുരനുഭവങ്ങളും വ്യക്തമാക്കിക്കാണിക്കാൻ പാകത്തിന് രൂപകൽപ്പന ചെയ്യപ്പെട്ടിരിക്കുന്നു.

## ആഖ്യാനരീതി

ഭാരതത്തിലെ രംഗങ്ങൾ യുക്തമായ സ്വാതന്ത്ര്യമെടുത്ത് പുസ്തക ത്തിന്റെ ഘടനക്കു യോജിച്ച രീതിയിൽ പുനഃസൃഷ്ടിക്കുകയാണ് ചെയ്തിരി ക്കുന്നതെന്നും, ദ്രൗപദീകഥ സങ്കൽപ്പിച്ചെടുത്തതാണെന്നും നോവലിസ്റ്റ് പറ യുന്നു[96]. കർണ്ണനെപ്പറ്റി യുധിഷ്ഠിരൻ ഓർക്കുന്നത്, നാരദനും സഞ്ജയനും പറയുന്നത്, തന്റെ അനുഭവങ്ങളെപ്പറ്റിയും, കർണ്ണനെപ്പറ്റിയും ദ്രൗപദി ഓർക്കു ന്നത് – പ്രധാനമായും ഈ രീതിയിലാണ് നോവലിൽ കഥ ചുരുളഴിയുന്നത്. ഭാരതകഥ മുഴുവനായും ഇതിൽ വരുന്നില്ല. ദ്രൗപദീ വസ്ത്രാക്ഷേപം, ആയു ധവിദ്യാപ്രദർശനം, കുന്തീകർണ്ണസമാഗമം, ഭീഷ്മകർണ്ണസമാഗമം, യുദ്ധം – എന്നീ രംഗങ്ങൾ കഥാപാത്രങ്ങളുടെ ഓർമ്മകളിലൂടെയും വാക്കുകളിലൂടെയും ചിത്രീകരിച്ചിരിക്കുകയാണ്. യുദ്ധാനന്തരം കർണ്ണൻ തന്റെ ജ്യേഷ്ഠനായിരു ന്നുവെന്നറിഞ്ഞ് വിലപിക്കുന്ന യുധിഷ്ഠിരനെ നാരദൻ സമാധാനിപ്പിക്കുന്ന തിലൂടെ ധർമ്മാധർമ്മങ്ങളുടെ വിവേചനം അസാദ്ധ്യമാണെന്ന അറിവും, ജീവി തത്തിന്റെ നിരർത്ഥകതയും വിവരിക്കുന്നു. സംഭവങ്ങളേക്കാൾ ചിത്തവൃത്തി യ്ക്കാണിവിടെ പ്രാധാന്യം. അതുകൊണ്ടു തന്നെ ശിഥിലമായ ഒരു ആഖ്യാന രീതിയാണ് കാണുന്നത്. അങ്ങനെയൊരു രീതിയാണ് താൻ അവലംബി യ്ക്കുന്നതെന്ന് നോവലിസ്റ്റ് തന്നെ പറയുന്നുമുണ്ട് – “ഒരു സാങ്കല്പിക

96. ‘പ്രസ്താവന’ , *ഇനി ഞാൻ ഉറങ്ങട്ടെ*, പു.9.

കഥധാരയും വ്യാസഭാരതത്തിലെ കഥയും ഇടയ്ക്കിടെ തമ്മിൽ ചുറ്റിപ്പിണഞ്ഞും, ഇടയ്ക്കിടെ ഇഴപിരിഞ്ഞും ഇതിൽ പ്രവഹിയ്ക്കുന്നു."[97]

വലിയ പ്രശ്നങ്ങൾക്കെല്ലാം ഉറപ്പുള്ള ഉത്തരം നൽകാതെ ചോദ്യങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കുന്ന കാവ്യമാണ് മഹാഭാരതമെന്നും ആ ചോദ്യ ങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രയാസപ്പെട്ടതുമാണ് കർണ്ണൻ എന്നും നോവലിസ്റ്റ് പറഞ്ഞിട്ടുണ്ട്[98]. അതു തന്നെയായിരിക്കാം ഉത്തരമറിയാത്ത പ്രഹേളികയായി കർണ്ണന്റെ ജീവിതത്തെ ചിത്രീകരിക്കാൻ നോവലിസ്റ്റിന് പ്രേരകമായത്. കർണ്ണനോട് തനിയ്ക്കുള്ള അത്ഭുതാദരങ്ങളെപ്പറ്റി നോവലിസ്റ്റ് തന്നെ വളരെ വിസ്തരിച്ച് പറഞ്ഞിട്ടുണ്ട്. ഒരു സമ്പൂർണ്ണ ട്രാജിക് കഥാപാത്രം, ഒരു തീർച്ചയായ ഉത്തരം പറയാൻ കഴിയാത്ത ഏറ്റവും വലിയ ചോദ്യം, സ്വന്തം സ്രഷ്ടാവിനെത്തന്നെ ആശ്ചര്യപ്പെടുത്തുന്ന കഥാപാത്രം – എന്നൊക്കെ അദ്ദേഹം കർണ്ണനെ കുറിച്ച് പറയുന്നതിൽ നിന്നുതന്നെ[99] ആ കഥാപാത്രത്തിന് നൽകുന്ന പ്രാധാന്യം വ്യക്തമാകുന്നു. വ്യാസനെ മറികടന്നുകൊണ്ട് കർണ്ണനെ ആദരിയ്ക്കാൻ നോവലിസ്റ്റിനെ പ്രേരിപ്പിച്ച ഘടകം ഇതുതന്നെയായിരിയ്ക്കണം. മൂലകൃതിയിൽ കർണ്ണനു സംഭവിയ്ക്കുന്ന തെറ്റുകളും തോൽവികളുമെല്ലാം മാറ്റി നിർത്തി അവികല മായ ഒരു വ്യക്തിത്വത്തിനുടമയായി അവതരിപ്പിയ്ക്കുകയാണ് നോവലിസ്റ്റ്.

അഗ്നിയിൽ നിന്നു ജനിച്ച ദ്രൗപദി ക്ഷത്രിയത്വം തികഞ്ഞവളായതി നാൽ ധീരയും രാജ്ഞീപദം ആഗ്രഹിയ്ക്കുന്നവളും, പ്രതികാരബോധമുള്ള വളുമൊക്കെയാണ്. പക്ഷേ അവളൊരു സ്ത്രീയാണ്, ഭാര്യയാണ്, അമ്മ യാണ് – ഈ പദവികളിൽ അവൾക്കനുഭവിയ്ക്കേണ്ടിവന്ന ദുഃഖങ്ങളും ദുരിതങ്ങളും കുറച്ചൊന്നുമല്ല. ഒരിയ്ക്കലും മറക്കാൻ കഴിയാത്ത അപമാനത്തിനും

97. അതേ പുസ്തകം, പു.8.
98. 'വ്യാസന്റെ കർണ്ണൻ', _എഴുത്തച്ഛന്റെ കല – ചില വ്യാസഭാരതപഠനങ്ങളും_,പു.72.
99. അതേ പുസ്തകം, പു.61,72.

അവൾ പലതവണ ഇരയായി. തന്റെ ദുരനുഭവങ്ങളോട് ദ്രൗപദിയുടെ മനസ്സ് എങ്ങനെ പ്രതികരിച്ചിരിയ്ക്കാം എന്ന അന്വേഷണമാണ് നോവലിസ്റ്റ് സ്വതന്ത്ര ഭാവനയുപയോഗിച്ച് ഈ ദ്രൗപദിയെ സൃഷ്ടിച്ചതിൽ കാണുന്നത്. പാണ്ഡവപത്നിയായതിനുശേഷം അവൾ അധികം സ്വസ്ഥയായിരുന്നിട്ടില്ല. ഒടുവിൽ ഒരു യുദ്ധത്തിന്റെ അവസാനത്തിൽ തന്റെ പ്രതികാരം സഫലമായപ്പോൾ, ഭർത്താക്കന്മാർക്ക് അവരർഹിയ്ക്കുന്ന രാജ്യം സ്വന്തമായ സന്തോഷം ലഭിച്ചപ്പോൾ അതും ക്ഷണികമായി. കഷ്ടപ്പെട്ട് വീണ്ടെടുത്ത രാജ്യം പാണ്ഡവരെ  സന്തോഷിപ്പിയ്ക്കുകല്ല, കൂടുതൽ ദുഃഖത്തിലാഴ്ത്തുകയാണ് ചെയ്തത്.  ഈയൊരു സന്ദർഭവും, ദ്രൗപദി ആറാമൂഴത്തിൽ കർണ്ണനോടു ചേരും എന്ന മൂലകൃതിയിലെ കൃഷ്ണന്റെ വാക്കുമാണ് നോവലിലെ ദ്രൗപദി എന്ന കഥാപാത്രത്തിന്റെ സൃഷ്ടിയ്ക്ക് പ്രേരകമായി കാണുന്നത്.

ദ്രൗപദിയെന്ന കഥാപാത്രസൃഷ്ടിയിലൂടെ നോവലിസ്റ്റ് ആ കഥാപാത്രത്തെ മാത്രമല്ല, കുന്തിയേയും ഗാന്ധാരിയേയും കുറിച്ചുകൂടി വിചിന്തനം ചെയ്യുന്നുണ്ട്. അവരിൽ സാമ്യവും കണ്ടെത്തുന്നു. ദ്രൗപദിയും കുന്തിയും സമാനരാണ് – പല ഭർത്താക്കന്മാർക്കുവേണ്ടി തങ്ങളെ പങ്കിട്ടുകൊടുക്കേണ്ടി വന്ന കാര്യത്തിൽ. ദ്രൗപദിയും ഗാന്ധാരിയും സമാനരാണ് – മക്കളെ കൺനിറച്ചൊന്നു കാണാൻ കഴിയാതെ ഒടുവിൽ അവരുടെ മൃതശരീരങ്ങൾ കാണേണ്ടി വന്നതിൽ. മക്കൾ മരിച്ച ദ്രൗപദിയും, ഗാന്ധാരിയും, കർണ്ണനെ നഷ്ടപ്പെട്ട കുന്തിയും സമാനരാണ്. ഈ സമാനതകൾ, ദ്രൗപദിയ്ക്കുണ്ടായ വിചിത്രമായ വൈധവ്യം, അതിനു ഹേതുവാകുന്നത് നാലു ഭർത്താക്കന്മാർ മരിച്ച വൈധവ്യത്തിൽ നിന്നും അവളെ രക്ഷിച്ച കർണ്ണനാണെന്ന വസ്തുത, അതു കൊണ്ടു തന്നെ ദ്രൗപദിയ്ക്ക്  ഭർത്തൃമതിയാകാനും വിധവയാകാനും കഴിയില്ലെന്ന വൈരുദ്ധ്യം – ഇങ്ങനെയുള്ള പ്രത്യേകമായ വീക്ഷണങ്ങളാണ്

നോവലിസ്റ്റ് അവതരിപ്പിച്ചിരിയ്ക്കുന്ന വിധിയുടെ അനിർവ്വചനീയത വ്യക്ത മാക്കുന്ന അത്ഭുതങ്ങൾ.

നോവലിലുടനീളം നിറഞ്ഞു നിൽക്കുന്നത് ദുരന്തങ്ങൾ കൊണ്ട് വിങ്ങുന്ന മനസ്സോടെ ജീവിയ്ക്കുന്ന കഥാപാത്രങ്ങളുടെ വികാരവിചാരങ്ങ ളാണ്. നീറുന്ന ദുഃഖമാണിതിൽ ആദ്യന്തം കാണുന്ന ഭാവം. മാനസിക സംഘർഷങ്ങൾ എന്തെന്നും ഏതെന്നും അറിയാൻ കഴിയാത്ത, ശരി തെറ്റു കൾ വേർതിരിച്ചു കാണിയ്ക്കാനാകാത്ത, ധർമ്മാധർമ്മങ്ങൾ വിവേചിച്ചറി യാൻ സാധിയ്ക്കാത്ത ഒരവസ്ഥയിലേയ്ക്ക് എത്തിയ്ക്കുന്നു. പകച്ചു നിൽക്കു കയാണ് ഓരോ കഥാപാത്രവും. ദ്രൗപദിയാണ് ഈ മരവിപ്പിൽ നിന്ന് ഒട്ടൊന്ന് മുക്തയാവുന്നത്. കർണ്ണൻ തന്റെ രക്ഷകനായിരുന്നു എന്ന അറിവാണിവിടെ അവളെ കുറച്ചൊന്നു സ്വസ്ഥയാക്കുന്നത്. ആ സ്വസ്ഥതയുടെ സുഖത്തിലാ ണ്, ഏറെക്കാലമായി നിദ്രാസുഖമറിയാത്ത ദ്രൗപദി 'ഇനി ഞാൻ ഉറങ്ങട്ടെ' എന്നു പറഞ്ഞത്. നോവലിന്റെ ശീർഷകം മുതൽ ആദ്യന്തം ഈ വലിഞ്ഞു മുറുകിയ അന്തരീക്ഷത്തിനു ചേർന്ന ഭാഷയാണ് നോവലിസ്റ്റ് സ്വീകരിച്ചിരി യ്ക്കുന്നത്.

കർണ്ണന്റേയും ദ്രൗപദിയുടേയും കഥ ഒരു പുതിയ വീക്ഷണത്തിൽ ഹൃദയസ്പർശിയായും ചിന്തോദ്ദീപകമായും അവതരിപ്പിക്കുക എന്നതിൽക്ക വിഞ്ഞ് മറ്റൊരു ലക്ഷ്യം നോവലിസ്റ്റ് ഉദ്ദേശിച്ചതായി തോന്നുന്നില്ല. ഏതൊരു ശക്തിയേയും അതിജീവിച്ചുനിൽക്കുന്ന വിധിയുടെ അലംഘനീയതയുടേയും അനിർവ്വചനീയതയുടേയും പശ്ചാത്തലത്തിൽ ഈ കഥ അനുയോജ്യമായ ഭാഷയിൽ നിബന്ധിച്ചിരിക്കുന്നു. അതിൽക്കൂടുതൽ എന്തെങ്കിലും പറയാനോ സൂചിപ്പിക്കാനോ നോവലിസ്റ്റ് ശ്രമിച്ചിട്ടില്ല. ഇതിഹാസത്തിന്റെ സമഗ്രതയും നോവലിൽ കൊണ്ടുവന്നിട്ടില്ല. വരുത്തിയ മാറ്റങ്ങൾകൊണ്ട് കർണ്ണപ്ര

ശംസയിൽകവിഞ്ഞ് മറ്റൊന്നും സംഭവിക്കുന്നില്ല.കഥാപാത്രങ്ങളിൽ മാനുഷി കഭാവം ആരോപിക്കുന്നുവെങ്കിലും അവരെ ദൈവികതയിൽ നിന്ന് ഇറക്കി നിർത്തിയിട്ടില്ല. കഥാസന്ദർഭങ്ങളിലെ അമാനുഷികതയിലും മാറ്റം വരുത്തി യിട്ടില്ല.

## 2. അമ്മേ ഗാന്ധാരി (1989)

ഗാന്ധാരിയെ കേന്ദ്രകഥാപാത്രമാക്കിക്കൊണ്ട് ശ്രീദേവി (തങ്കമണിയമ്മ) രചിച്ച നോവലാണ് അമ്മേ ഗാന്ധാരി. അന്ധന്റെ ഭാര്യയാകേണ്ടി വന്ന നിസ്സ ഹായത, ഭർത്താവിന്റെ അവഗണന, ധർമ്മനിഷ്ഠയോട് അദ്ദേഹത്തിനുള്ള വൈമുഖ്യം, ദാസിമാരോടുള്ള അഭിനിവേശം, പുത്രന്മാരുടെ ദുർവൃത്തിക ളോടുള്ള അനുകൂലഭാവം – ഇങ്ങനെ സ്വാഭാവികമായും ഒരു ഭാര്യയെന്ന നിലയ്ക്കും, അമ്മയെന്ന നിലയ്ക്കും അനുഭവിയ്ക്കേണ്ടി വന്ന ദുഃഖങ്ങളെ മുൻനിർത്തി ഗാന്ധാരിയെന്ന സ്ത്രീയെ അപഗ്രഥിയ്ക്കുകയാണീ നോവ ലിൽ. വിലക്കപ്പെടുന്ന, അവഗണിയ്ക്കപ്പെടുന്ന, അപമാനിയ്ക്കപ്പെടുന്ന, പരാ ജിതമാകുന്ന സ്ത്രീത്വത്തിന്റെ ഖിന്നതകൾ ഗാന്ധാരിയിലൂടെ പറയുകയാണ് നോവലിസ്റ്റ്. ധൃതരാഷ്ട്രർ, മാലിനി, യുയുത്സു, കണികൻ, കുന്തി, ദ്രൗപദി, ഭീഷ്മർ, വിദുരർ, പാണ്ഡു തുടങ്ങിയ ഇതിഹാസകഥാപാത്രങ്ങൾക്കുപുറമെ കാന്തിമതി, തിലകൻ, മാധുരി തുടങ്ങിയ ചില കഥാപാത്രങ്ങൾ കൂടി കൂട്ടി ച്ചേർക്കപ്പെട്ടിട്ടുണ്ട്.

മൂലകൃതിയിലെ ധർമ്മവ്രതയായ ഗാന്ധാരിയെത്തന്നെയാണ് ഇവിടെ കാണുന്നത്. ഗാന്ധാരിയുടെ ചിത്തവൃത്തികൾക്കാണീ നോവലിൽ പ്രാധാ ന്യം. അതുകൊണ്ടു തന്നെ നോവൽ ഏറെ സംഭവ ബഹുലമല്ല.

1.ഗാന്ധാരീ വിവാഹം[100], 2.കൗരവജനനം[101], 3.പാണ്ഡു–കുന്തി–പാണ്ഡവകഥ[102], 4.കണികോപദേശം[103], 5.കുരുക്ഷേത്രയുദ്ധം[104] – ഇവയാണ് ഇതിഹാസസന്ദർഭങ്ങളായി ഈ കൃതിയിൽ കാണുന്നത്.

## മാറ്റം വരുത്തിയിരിയ്ക്കുന്ന കഥാസന്ദർഭങ്ങൾ

## വ്യത്യാസങ്ങൾ – കാരണങ്ങൾ

1) ഭീഷ്മർ ധൃതരാഷ്ട്രർക്ക് വധുവായി ഗാന്ധാരിയെ ആവശ്യപ്പെട്ടപ്പോൾ ഗാന്ധാരിയുടെ അച്ഛനമ്മമാർ അവളെ നിർബ്ബന്ധിയ്ക്കുന്നില്ല. ഭീഷ്മരുടെ കോപം അച്ഛനും രാജ്യത്തിനും നാശമുണ്ടാക്കുമെന്ന് ഭയന്ന് ഗാന്ധാരി സ്വയം സമ്മതിയ്ക്കുന്നതാണ്[105]. പക്ഷേ ആ സമ്മതത്തിലുള്ള പ്രതിഷേധമാണ് ഗാന്ധാരി സ്വയം വരിച്ച അന്ധതയിൽ കാണുന്നത്. അത് പതിവ്രതാധർമ്മത്തിന്റെ പേരിലാണെന്ന് പറയുന്നുണ്ടെങ്കിലും ഗാന്ധാരിയുടെ പ്രതിഷേധം പല തവണ പ്രകടമാകുന്നുണ്ട്. ഇവിടെ ഗാന്ധാരി സ്ത്രീകൾ അനുഭവിയ്ക്കേണ്ടിവരുന്ന അസ്വാതന്ത്ര്യങ്ങളിൽ അമർഷമുള്ളവളാണ്. അത് പ്രകടമാക്കാനായിരിയ്ക്കണം ഈ കൂട്ടിച്ചേർക്കൽ.

2) ഗാന്ധാരിയുടെ ശിവഭക്തിയുടെ ആഴം പ്രകടമാക്കാനെന്ന പോലെ സ്വപ്നത്തിൽ മഹേശ്വരരൂപത്തിനുമേൽ ധൃതരാഷ്ട്രരുടെ രൂപം വ്യക്തമാകുന്നതായും അത് തനിയ്ക്ക് ശിവൻ നൽകുന്ന സൂചനയായി ഗാന്ധാരി കണക്കാക്കുന്നതായും പരാമർശിയ്ക്കുന്നുണ്ട്[106].

3) ദുര്യോധനൻ കുലംമുടിയ്ക്കാൻ പിറന്നവനാണെന്നും ആ മകനെ ഉപേക്ഷിയ്ക്കുകയാണ് നല്ലതെന്നും ഗുരുജനങ്ങൾ ഉപദേശിച്ചപ്പോൾ

100. ശ്രീദേവി [തങ്കമണിയമ്മ], *അമ്മേ ഗാന്ധാരി,* (കറന്റ് ബുക്സ്, കോട്ടയം, 1996), പു.12–32.
101. അതേ പുസ്തകം, പു.95.
102. അതേ പുസ്തകം, പു.51,66–69,83,89,143,235.
103. അതേ പുസ്തകം, പു.83–88.
104. അതേ പുസ്തകം, പു.272–308.
105. അതേ പുസ്തകം, പു.18.
106. അതേ പുസ്തകം, പു.19.

ഗാന്ധാരിയും ധൃതരാഷ്ട്രരോട് അങ്ങനെ ചെയ്യാൻ പറയുന്നുണ്ട്[107]. മാതൃത്വത്തിനും മേലെ ഗാന്ധാരി ധർമ്മത്തിന് പ്രാധാന്യം കൊടുക്കുന്നുവെന്ന് വ്യക്തമാക്കാൻ നോവലിസ്റ്റ് കൂട്ടിച്ചേർത്തതാണീ സന്ദർഭം.

4) മൂലകൃതിയിൽ ധൃതരാഷ്ട്രർക്ക് ശത്രുനാശം വരുത്തേണ്ടതെങ്ങനെയെന്ന് കണികൻ നല്കുന്ന ഉപദേശം പ്രധാനമാണെങ്കിലും കണികൻ ഒരു പ്രധാനകഥാപാത്രമല്ല. ഇവിടെ ധൃതരാഷ്ട്രരുടെ അതികാമത്തിന് പ്രോത്സാഹനവും, സൗകര്യവും നൽകുന്ന ഒരു വിടനായാണ് കണികനെ അവതരിപ്പിച്ചിരിയ്ക്കുന്നത്. സ്ത്രീവിഷയത്തിലാണ് കണികൻ ധൃതരാഷ്ട്രർക്കുപദേശം നൽകുന്നത്. രാജാവിന് സുന്ദരിമാരായ ദാസിമാരെ ശയ്യാഗൃഹത്തിലെത്തിച്ചു കൊടുക്കുകയും രാജ്ഞിയറിയാതെ മാലിനിയുമായുള്ള സമാഗമത്തിന് വഴിയൊരുക്കിക്കൊടുക്കുകയും ചെയ്യുന്നയാളാണ് കണികൻ[108].

5) മൂലകൃതിയിലെ യുദ്ധസന്ദർഭങ്ങളും, സ്ത്രീപർവ്വവും സഞ്ജയന്റെ വിവരണങ്ങളായും, ഗാന്ധാരിയുടെ ചിന്തകളായും ശിഥില രൂപത്തിലാണ് അവതരിപ്പിച്ചിട്ടുള്ളത്. ഗാന്ധാരിയുടെ മനസ്സിനെ കൂടുതൽ ഉച്ചലിപ്പിയ്ക്കാവുന്ന ജയദ്രഥവധവും, ദുശ്ശാസനവധവും, ദുര്യോധനവധവുമാണ് എടുത്തുപറഞ്ഞിരിയ്ക്കുന്നത്[109].

## കഥാപാത്രവ്യക്തിത്വം

നോവലിസ്റ്റ് ഇവിടെ സ്വീകരിച്ചിരിക്കുന്നത് ഇതിഹാസകഥാപാത്രങ്ങളേയും കഥാസന്ദർഭങ്ങളേയും തന്നെയാണെങ്കിലും സാങ്കൽപ്പികമായി കൂട്ടിച്ചേർത്ത വസ്തുതകൾക്കാണിവിടെ പ്രാധാന്യം. അതിലൂടെയാണ് കഥാപാത്രവ്യക്തിത്വം പ്രകടമാകുന്നത്.

---

107. അതേ പുസ്തകം, പു.98.
108. അതേ പുസ്തകം, പു.84–88,100,207
109. അതേ പുസ്തകം, പു.272–308

## ധൃതരാഷ്ട്രർ

ജന്മാന്ധനും കരുത്തനുമായ ധൃതരാഷ്ട്രർക്ക് ക്ഷത്രിയോചിതമായ ജീവിതം നയിയ്ക്കാൻ കഴിയാത്തതിൽ കഠിനമായ നിരാശയുണ്ടായിരുന്നു[110]. അത് പരിഹരിച്ചത് അദമ്യമായ കാമത്തിലൂടെയാണ്. രാജോചിതമായ സ്ഥാനമാനങ്ങളും യുദ്ധവിജയങ്ങളും ഒന്നും നേടാൻ കഴിയാതെ പോയ ധൃതരാഷ്ട്രർ തനിയ്ക്കാകെ ലഭിക്കാവുന്ന സുഖമായി കണ്ടത് സ്ത്രീസുഖമായിരുന്നു. ഗാന്ധാരി പത്നിയായി വന്നപ്പോൾ ധൃതരാഷ്ട്രർക്ക് കിരീടാവകാശിയായ മക്കൾ വേണമെന്ന താല്പര്യമുണ്ടായിരുന്നു. പക്ഷേ ഗാന്ധാരിയുടെ രാജ്യത്തോടുള്ള അനാസക്തിയും, പൂജയും, വ്രതവും, ധർമ്മോപദേശവുമൊന്നും ധൃതരാഷ്ട്രർക്കിഷ്ടപ്പെട്ടില്ല[111]. വിചിത്രവീര്യന്റെ അകാലമൃത്യുവെ മുൻനിർത്തി ഭർത്താവിനെ നിയന്ത്രിയ്ക്കണമെന്ന് അംബിക ഗാന്ധാരിയെ ഉപദേശിച്ചിരുന്നു[112]. തന്റെ ആഗ്രഹങ്ങൾക്ക് ഗാന്ധാരി വിലക്കുകളേല്പിച്ചപ്പോൾ ധൃതരാഷ്ട്രർക്കത് അംഗീകരിയ്ക്കാനായില്ല. ഗാന്ധാരിയോട് ഭയവും വെറുപ്പുമാണ് തോന്നിയത്[113]. സ്നേഹം കൊടുത്തതും സംതൃപ്തി കണ്ടെത്തിയതും മാലിനിയിൽ! മാലിനിയുമായുള്ള ബന്ധത്തിന് എതിരുനിൽക്കരുതെന്ന് ഗാന്ധാരിയോട് തുറന്നുപറയാൻ ധൃതരാഷ്ട്രർ മടി കാണിക്കുന്നില്ല[114]. മാലിനിയോടാണ് ഗാന്ധാരിയേക്കാൾ തനിയ്ക്ക് സ്നേഹമെന്നും പറയുന്നു. ചിലപ്പോൾ മാലിനി ഗാന്ധാരിയെ കുറ്റപ്പെടുത്തുമ്പോൾ നീരസം തോന്നുന്നുണ്ടെങ്കിലും[115] ഗാന്ധാരിയെ പൂർണ്ണമനസ്സോടെ സ്നേഹിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. ഗാന്ധാരിയെക്കുറിച്ചുള്ള ചിന്തയോടുപോലും വെറുപ്പു തോന്നത്തക്ക രീതിയിൽ മാലിനിയിൽ അദ്ദേഹം മതിമറന്നു. താൻ

110. അതേ പുസ്തകം, പു.64.
111. അതേ പുസ്തകം, പു.34,41,64,65,87.
112. അതേ പുസ്തകം, പു.126,144,145.
113. അതേ പുസ്തകം, പു.126.
114. അതേ പുസ്തകം, പു.127.
115. അതേ പുസ്തകം, പു.144.

വിഷയാസക്തനായിരിക്കുന്നുവെന്ന് ദുഃഖത്തോടെ ചിലപ്പോഴോർക്കുന്നുണ്ടെങ്കിലും[116] അതിൽനിന്നും കരകയറാൻ ധൃതരാഷ്ട്രർക്കാവുന്നില്ല. മാലിനിയോടും യഥാർത്ഥസ്നേഹമുണ്ടായിരുന്നതുമില്ല. മറ്റു ദാസിമാരേയും തന്റെ ശയ്യാഗൃഹ ത്തിലേയ്ക്ക് കണികൻ വഴിയ്ക്ക് എത്തിയ്ക്കുകയും അവരെ കാമപൂർത്തി യ്ക്കുപയോഗിയ്ക്കുകയും ചെയ്തിരുന്നു. മാധുരിയെകൊന്ന കുറ്റത്തിന് മാലിനിയെ ഗാന്ധാരി ശിക്ഷിച്ചപ്പോൾ ധൃതരാഷ്ട്രർ വിലക്കുന്നില്ല. മാലിനി യിൽ അത്രയ്ക്ക് ആസക്തനായിരുന്നെങ്കിലും, അവൾക്ക് വശംവദനായിരു ന്നുവെങ്കിലും അവളോട് ആത്മാർത്ഥമായ സ്നേഹമൊന്നും അദ്ദേഹത്തിനു ണ്ടായിരുന്നില്ലെന്നത് ആ മനസ്സിന്റെ ചപലതയാണ് പ്രകടമാക്കുന്നത്.

മക്കളുടെ എല്ലാ ദുർവൃത്തികൾക്കും ധൃതരാഷ്ട്രർ കൂട്ടുനിന്നു. നാശം മുന്നിൽക്കണ്ട് ഗാന്ധാരി പറയുന്നതൊന്നും ചെവിക്കൊള്ളാൻ അദ്ദേഹം തയ്യാറായില്ല. യുദ്ധരംഗങ്ങൾ സഞ്ജയൻ വിവരിച്ചുകൊടുക്കുമ്പോഴും ഈ ചാപല്യമാണ് ധൃതരാഷ്ട്രർ കാണിക്കുന്നത്. കൗരവരുടെ നിസ്സാരജയ ങ്ങൾപോലും അദ്ദേഹത്തെ ആനന്ദിപ്പിക്കുകയായിരുന്നു. അവർ ചെയ്യുന്ന തെറ്റുകളെ അദ്ദേഹം ന്യായീകരിച്ചു. ഇതിഹാസത്തിലെ ധൃതരാഷ്ട്രരേക്കാൾ ഇവിടെ ധൃതരാഷ്ട്രർക്കുള്ള വ്യത്യാസം അതികാമിയാണെന്നുള്ളതാണ്. ഗാന്ധാരിയുടെ ദുഃഖവും ധർമ്മനിഷ്ഠയും കൂടുതൽ ആഴത്തിൽ അവതരിപ്പി ക്കാൻ ആ കാമാസക്തിയെ നോവലിസ്റ്റ് കൂടുതൽ വലുതാക്കി കാണിക്കുന്നു.

## മാലിനി

ഒരു വണിഗ്വരന്റെ മകനുമായി നിശ്ചയിച്ചുറപ്പിച്ച വിവാഹത്തെക്കുറിച്ച് സ്വപ്നങ്ങൾ കണ്ട് ജീവിക്കുന്ന കാലത്താണ് മാലിനിയെ കണികൻ അപഹരിച്ച് കൊട്ടാരത്തിലെത്തിച്ചത്. കണികന്റെ കാമപൂർത്തിയ്ക്കു മുന്നിൽ ആത്മരക്ഷാർത്ഥം അവൾക്ക് വഴങ്ങേണ്ടിവന്നു[117], പിന്നീട് ധൃതരാഷ്ട്രർക്കും.

116. അതേ പുസ്തകം, പു.170.

117. അതേ പുസ്തകം, പു.207.

ആഗ്രഹിച്ച ജീവിതം നഷ്ടപ്പെട്ടപ്പോൾ അവൾ ലഭിച്ച ജീവിതത്തിൽ നിന്നും ലാഭങ്ങൾ നേടിയെടുക്കാൻ എന്തു ക്രൂരതയും ചെയ്യാനൊരുങ്ങി. ഗാന്ധാരിയുടെ ത്യാഗത്തേയും, ധൃതരാഷ്ട്രരുടെ കാമത്തേയും ചൂഷണം ചെയ്ത് രാജപത്നിയെപ്പോലെ തന്നെ ജീവിച്ചു. സപത്നീ സ്ഥാനവും, രാജോചിതമായ സൗകര്യങ്ങളും എല്ലാം തനിക്ക് നല്കി സന്യാസിനിയുടെ ജീവിതചര്യ സ്വീകരിച്ചുകൊണ്ട് ഗാന്ധാരി പിന്മാറിയപ്പോഴും ആ ഹൃദയവിശാലത ഉൾക്കൊള്ളാൻ മാലിനിക്ക് കഴിഞ്ഞില്ല. തന്നോട് ഗാന്ധാരി ഔദാര്യം കാണിച്ചുവെന്ന തോന്നൽ അവളുടെ മനസ്സിൽ പകയാണുണർത്തിയത്. എല്ലാം ഗാന്ധാരിയുടെ വിഡ്ഢിത്തമായി കണക്കാക്കി അവസരോചിതമായി മുന്നേറാൻ അവൾ ശ്രമിച്ചു. രാജാവിനെ തന്റെ വരുതിയിൽ നിർത്തുകയും, യുയുത്സുവിനെ യുവരാജാവാക്കുകയുമായിരുന്നു അവളുടെ ലക്ഷ്യം. യുയുത്സുവും മാധുരിയുമായുള്ള ഇഷ്ടമറിഞ്ഞപ്പോൾ, പുത്രവധുവായി വരിക ദാസീപുത്രിയായ മാധുരിയാണെന്നറിഞ്ഞപ്പോൾ അവളെ ആരുമറിയാതെ കൊലപ്പെടുത്തി[118]. ധൃതരാഷ്ട്രർക്ക് മറ്റൊരു സ്ത്രീയുമായും ബന്ധമുണ്ടാകാതെ സൂക്ഷിച്ചു. എന്നിട്ടും ധൃതരാഷ്ട്രർക്കിരയാകേണ്ടിവന്ന ദാസിയെ കല്ലറയിലടച്ച് വധിച്ചു[119]. പക്ഷേ താൻ കൊലപാതകിയാണെന്ന സത്യം മകൻ തന്നെ ഗാന്ധാരിയുടെ മുന്നിലറിയിച്ചപ്പോൾ ലഭിച്ച ശിക്ഷയ്ക്ക് കീഴടങ്ങേണ്ടിവന്നു. ഗാന്ധാരിയുടെ ത്യാഗത്തിനും, ധർമ്മത്തിനും പരഭാഗശോഭ നൽകുകയാണ് മാലിനിയെന്ന കഥാപാത്രത്തിലൂടെ.

## യുയുത്സു

മാലിനിയുടെ മകനായാണ് ജനിച്ചതെങ്കിലും ധർമ്മബോധം തികഞ്ഞവനായിരുന്നു യുയുത്സു. കൗരവരുടേയും, കർണ്ണന്റേയുമെന്നല്ല,

118. അതേ പുസ്തകം, പു.187.

119. അതേ പുസ്തകം, പു.178,184.

തന്നെ ഉയരങ്ങളിലെത്തിയ്ക്കാൻ ആഗ്രഹിയ്ക്കുന്ന അമ്മയുടെ പോലും അധർമ്മങ്ങൾക്കെതിരായി നിലകൊണ്ടു[120]. മാലിനിയുടെ വാക്കുകൾ ഒരിക്കലും അയാളെ വഴിതെറ്റിച്ചില്ല. മാധുരി തന്റെ വധുവാകാതിരിക്കാൻ അവളെ അമ്മ ചതിയിൽ വധിച്ചതാണെന്നറിഞ്ഞപ്പോൾ ആ സത്യം ഗാന്ധാരിയുടെ മുന്നിൽ പറയാൻ യുയുത്സു മടിച്ചില്ല. മക്കളെല്ലാം നഷ്ടപ്പെട്ട ഗാന്ധാരിയ്ക്ക് താങ്ങായി നില്ക്കാൻ തയ്യാറായതും യുയുത്സുവാണ്[121].

## ദുശ്ശള

അമ്മയുടെ ദുരനുഭവങ്ങൾ കണ്ട് മനസ്സുമടുത്തെങ്കിലും മോക്ഷമാഗ്ര ഹിച്ചു മാത്രമാണ് ദുശ്ശള വിവാഹത്തിനു തയ്യാറായത്[122]. മക്കൾ മരിച്ചാലും മകന്റെ സ്ഥാനത്ത് ജാമാതാവുണ്ടാകണമെന്ന ആഗ്രഹത്തോടെ അവധ്യനായ ജയദ്രഥനെ സ്വീകരിയ്ക്കാൻ ഗാന്ധാരി മകളോട് പറഞ്ഞു[123]. ജയദ്രഥന്റെ സ്ത്രീജിതത്വം ദുശ്ശളയെ നിരന്തരമായി വേദനിപ്പിച്ചു. സപത്നീദുഃഖത്തിനു പുറമേ അവൾക്കനുഭവിയ്ക്കേണ്ടി വന്ന മറ്റൊരു ദുഃഖമായിരുന്നു ദ്രൗപദി. ജയദ്രഥൻ ദ്രൗപദിയുടെ ചിത്രം വരപ്പിച്ച് അത് തങ്ങളുടെ പള്ളിയറയിൽ വെപ്പിച്ചു[124]. ദ്രൗപദിയോടുള്ള ഭർത്താവിന്റെ അഭിനിവേശം കണ്ട ദുശ്ശള മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യാൻ ജയദ്രഥനോടാവശ്യപ്പെട്ടു[125].

ഭർത്താവിന്റെ അപഥസഞ്ചാരം സ്ത്രീകളെ എങ്ങനെ ദുഃഖത്തിലാഴ്ത്തു ന്നുവെന്ന് കാണിക്കാനാണീ കഥാപാത്രത്തെ വളർത്തിക്കൊണ്ടുവന്നിരിക്കു ന്നത്. തന്റെ മകളെ തനിക്ക് രക്ഷിക്കാനാവുന്നില്ല എന്ന ഗാന്ധാരിയുടെ മറ്റൊരു വ്യഥ കൂടി അവതരിപ്പിക്കാൻ ഈ കഥാപാത്രത്തെ നോവലിസ്റ്റ് ഉപയോഗിക്കുന്നു.

120. അതേ പുസ്തകം, പു.148,204,211.
121. അതേ പുസ്തകം, പു.7.
122. അതേ പുസ്തകം, പു.219.
123. അതേ പുസ്തകം, പു.219.
124. അതേ പുസ്തകം, പു. 248.
125. അതേ പുസ്തകം, പു.256.

## ഗാന്ധാരി

പതിവ്രതയും ധർമ്മിഷ്ഠയും മാത്രമല്ല, അവഗണിയ്ക്കപ്പെടുകയും അപമാനിയ്ക്കപ്പെടുകയും ചെയ്യുന്ന സ്ത്രീകളുടെ പ്രതിനിധിയും സ്ത്രീത്വത്തിന് നേരിടേണ്ടി വരുന്ന അപമാനങ്ങളോട് പ്രതിഷേധമുള്ളവളുമാണ് നോവലിലെ ഗാന്ധാരി. അമ്മയ്ക്കനുഭവിയ്ക്കേണ്ടി വന്ന സപത്നീ ദുഃഖത്തിലും[126], ദ്രൗപദിയ്ക്കനുഭവിയ്ക്കേണ്ടി വന്ന ബഹുഭർത്തൃത്വത്തിലും, അപമാനങ്ങളിലും, പുത്രക്ഷയത്തിലും[127], പൃഥയ്ക്കനുഭവിയ്ക്കേണ്ടി വന്ന സപത്നീദുഃഖത്തിലും, മറ്റ് ദുരിതങ്ങളിലും[128], മകളെ വിവാഹം ചെയ്യിച്ച് ഭാരമൊഴിവാക്കി ആശ്വസിയ്ക്കണമെന്ന അച്ഛനമ്മമാരുടെ മനോഭാവത്തിലും[129] – എല്ലാം ഗാന്ധാരി ധാർമ്മികരോഷം കൊള്ളുന്നുണ്ട്.

മനസ്സ് പ്രതിഷേധിയ്ക്കുമ്പോഴെല്ലാം പതിവ്രതകളും, സർവ്വംസഹകളുമായ പുരാണകഥാപാത്രങ്ങളെക്കുറിച്ചോർത്ത് സ്വയം നിയന്ത്രിയ്ക്കുകയാണ് ഗാന്ധാരി ചെയ്യുന്നത്. ധൃതരാഷ്ട്രപത്നിയായ മഹാരാജ്ഞിയാകാൻ കഴിയില്ലെന്നതിലും, പൃഥ പാണ്ഡുപത്നിയാകുമെന്നതിലും, ജയദ്രഥന് അർജ്ജുനനെ ജയിക്കാൻ കഴിയില്ലെന്നതിലും, ദുര്യോധനന് രാജ്യം കിട്ടില്ലെന്നതിലുമൊക്കെ ഗാന്ധാരിക്ക് വിഷമമുണ്ട്. സ്വയമേവ തോന്നിയിട്ടല്ല, സ്വയം പ്രേരണ ചെലുത്തി സമ്മർദ്ദത്തോടെതന്നെയാണ് ഗാന്ധാരി പല ധർമ്മങ്ങളും, വിട്ടുവീഴ്ചകളും നിർവ്വഹിയ്ക്കുന്നത്.

തന്റെ സ്ഥാനം മാലിനിയ്ക്കു വിട്ടുകൊടുത്ത ഗാന്ധാരിയുടെ ത്യാഗത്തിൽ പ്രതിഷേധത്തിന്റെ അംശവുമുണ്ട്[130].

യുധിഷ്ഠിരന് രാജ്യാവകാശം നല്കുന്ന കാര്യം കേട്ട മാത്രയിൽ

126. അതേ പുസ്തകം, പു.14.
127. അതേ പുസ്തകം, പു.8,233,298.
128. അതേപുസ്തകം, പു.8,150,238.
129. അതേ പുസ്തകം, പു.16.
130. അതേ പുസ്തകം,പു.136.

ഗാന്ധാരിക്ക് നീരസം തോന്നി. പിന്നീട് യുധിഷ്ഠിരനാണ് സർവ്വഥാ അർഹൻ എന്നോർത്തപ്പോൾ അതുതന്നെയാണ് ശരിയെന്ന് തോന്നുന്നുമുണ്ട്[131].

പാണ്ഡുവിനെപ്പോലെ ഉത്തമനായ ഭർത്താവിനേയും, യുധിഷ്ഠിരനെപ്പോലെ ധർമ്മിഷ്ഠരായ മക്കളേയും, ദ്രൗപദിയെപ്പോലെ ഉത്തമയായ സ്നുഷയേയും ലഭിയ്ക്കാഞ്ഞതിൽ ഗാന്ധാരിയ്ക്ക് ദുഃഖമുണ്ട്[132].

തന്റെ ത്യാഗങ്ങളെ ഗാന്ധാരിതന്നെ പലപ്പോഴും മഹത്തായി കാണുന്നുണ്ട്. താൻ സ്വയം വരിച്ച അന്ധതയിലും, തന്റെ ഭർത്താവിനെ മാലിനിയ്ക്ക് വിട്ടുകൊടുത്തതിലുമൊക്കെ സ്വയമഭിമാനിയ്ക്കുന്ന ഗാന്ധാരി ആ നിലയ്ക്ക് മറ്റുള്ളവരുടെ അംഗീകാരം ആഗ്രഹിയ്ക്കുന്നുണ്ട്[133]. താൻ അഗ്നിയിൽ പൊട്ടിമുളച്ച് അതിൽത്തന്നെ വളർന്നവളാണെന്നും, അക്ഷയദീപമാണെന്നുമൊക്കെ സ്വയം പറയുന്നുണ്ട്. അതേ സമയം താൻ ചിറകറ്റ പക്ഷിയാണ്, ശപ്തയാണെന്നൊക്കെ ചിന്തിച്ച് നിരാശപ്പെടുന്നുമുണ്ട്. സ്വയം നഷ്ടങ്ങളുണ്ടാക്കി ആ നഷ്ടങ്ങളിൽ നിരാശപ്പെടുകയാണ് ഗാന്ധാരി പലപ്പോഴും ചെയ്യുന്നത്.

തനിക്ക് വഴങ്ങാത്ത ദാസിയെ വ്യഭിചാരക്കുറ്റം ചുമത്തി ശിക്ഷിക്കാൻ ധൃതരാഷ്ട്രർ ഒരുങ്ങിയപ്പോൾ അവളെ രക്ഷിക്കാൻവേണ്ടിയാണ് ഗാന്ധാരി മാലിനിയുടെ സപത്നീത്വം അംഗീകരിച്ചതും, അവൾക്കു വഴി മാറിക്കൊടുത്ത് സന്യാസിനിയെപ്പോലെ ജീവിക്കാനൊരുങ്ങിയതും. അരുന്ധതീദേവി പത്നീധർമ്മമുപദേശിച്ചപ്പോഴാണ് തന്റെ വ്രതവും, ധർമ്മബോധവുമൊക്കെ ഭർത്താവിനെ തന്നിൽ നിന്നകറ്റുകയാണ് ചെയ്തത് എന്ന് ഗാന്ധാരി മനസ്സിലാക്കുന്നത്. ഭർത്താവിനു മുന്നിൽ സ്ത്രീയ്ക്ക് അഭിമാനം ആവശ്യമില്ലെന്ന ഉപദേശം കേട്ടപ്പോൾ മനസ്സുകൊണ്ട് യോജിയ്ക്കാൻ കഴിഞ്ഞില്ലെങ്കിലും കുലരക്ഷയ്ക്കു വേണ്ടി വ്രതമുപേക്ഷിച്ച് ധൃതരാഷ്ട്രരുടെ

131. അതേ പുസ്തകം,പു.214,221.

132. അതേ പുസ്തകം, പു.46,212,220,234.

133. അതേ പുസ്തകം, പു.44,49.

ആഗ്രഹങ്ങൾക്കൊത്ത് ഗൃഹസ്ഥാശ്രമം പൂർത്തീകരിയ്ക്കാനൊരുങ്ങി.

യുദ്ധാനന്തരം ഭർത്തൃനാശവും, പുത്രനാശവും സംഭവിച്ച് കരയുന്ന എല്ലാ സ്ത്രീകളുടേയും ദുഃഖം പക്ഷഭേദമന്യേ ഗാന്ധാരി കാണുന്നുണ്ട് – ദ്രൗപദി, സുഭദ്ര, ഉത്തര, ദുശ്ശള, തന്റെ സ്നുഷമാർ തുടങ്ങി എല്ലാവരുടേയും. ദുശ്ശളയുടേതിനേക്കാൾ കടുത്ത ദുഃഖം ഉത്തരയുടേതാണെന്ന് പോലും ഗാന്ധാരി  ചിന്തിയ്ക്കുന്നു. ആത്യന്തികമായ നഷ്ടവും, ദുഃഖവും എപ്പോഴും സ്ത്രീകൾക്കാണെന്ന മനോഭാവവും ഇവിടെ പ്രകടമാകുന്നു.

## മറ്റു കഥാപാത്രങ്ങൾ

സഹോദരിയുടേയും മക്കളുടേയും ഉന്നമനത്തിനുവേണ്ടി ഹസ്തിന പുരത്തുതന്നെ താമസിച്ച, ഗാന്ധാരി ആവശ്യപ്പെട്ടിട്ടുപോലും തിരിച്ചു പോകാൻ തയ്യാറാകാതെ നിന്ന സ്നേഹസമ്പന്നനായ ജ്യേഷ്ഠൻ ശകുനി, ചെയ്യുന്നത് അധർമ്മമാണെന്നറിഞ്ഞു കൊണ്ടുതന്നെ അധർമ്മപക്ഷത്തു നിൽക്കുന്ന ഋണബദ്ധനായ കർണ്ണൻ, ദുര്യോധനന്റെ അപരാധങ്ങൾക്കു കൂട്ടു നിൽക്കുന്ന ഭാര്യ ഭാനുമതി,  ധർമ്മോപദേശം നൽകുന്ന ഭീഷ്മർ, വിദുരർ, ഗംഗ എന്നീ കഥാപാത്രങ്ങൾക്കും നോവലിൽ സ്ഥാനം ലഭിച്ചിട്ടുണ്ട് – ഗാന്ധാരിയുടെ ധർമ്മനിഷ്ഠ പ്രകടമാക്കാൻ നിബന്ധിച്ച കഥാപാത്രങ്ങൾ തന്നെ. ശകുനിയുടേയും, കർണ്ണന്റേയും, ഭാനുമതിയുടേയും അധർമ്മപ്രവൃത്തികൾ തന്റെ മക്കൾക്ക് അനുകൂലമാണെങ്കിൽപോലും എതിർപ്പുകാണിക്കുന്നതിലൂടെ ഗാന്ധാരിയുടെ ധർമ്മനിഷ്ഠ കൂടുതൽ പ്രകടമാകുന്നു. ഭീഷ്മരും, വിദുരരും, ഗംഗയുമൊക്കെ അംഗീകരിക്കുന്നത്ര ധർമ്മവ്രതയാണിവിടെ ഗാന്ധാരി. കാന്തിമതി, തിലകൻ, മണികണ്ഠൻ, മാധുരി എന്നീ കൂട്ടിച്ചേർത്ത കഥാപാത്രങ്ങൾക്ക് നോവലിൽ കാര്യമായൊന്നും ചെയ്യാനില്ല.

## ആഖ്യാനരീതി

യുദ്ധാനന്തരം പുത്രഹീനയായിത്തീർന്ന ഗാന്ധാരി യുയുത്സു നൽകുന്ന ആലംബത്തിന്റെ സുഖത്തിൽ തന്റെ കഴിഞ്ഞ കാലത്തെപ്പറ്റി ചിന്തിയ്ക്കുന്ന രീതിയിലാണ് നോവൽ രചിച്ചിരിയ്ക്കുന്നത്. കൗരവ–പാണ്ഡവ കഥ മുഴുവൻ ഈ സ്മരണയിലൂടെ ചുരുളഴിയുന്നു. സാന്ദർഭികമായി മഹാഭാരതത്തിലെ മറ്റു ചില കഥാസന്ദർഭങ്ങളും സൂചിപ്പിക്കുന്നുണ്ട്. മാലിനി, യുയുത്സു, ദുശ്ശള, കണികൻ എന്നീ കഥാപാത്രങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതോടൊപ്പംതന്നെ മാലിനിയുടെ കഥയോടനുബന്ധിച്ച് കാന്തിമതി, തിലകൻ, മണികണ്ഠൻ, മാധുരി എന്നീ കഥാപാത്രങ്ങളെ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.

സഞ്ജയൻ കുരുക്ഷേത്രയുദ്ധം വിവരിക്കുന്നത് കേട്ടുകൊണ്ടിരുന്ന ഗാന്ധാരി ദുര്യോധനനെ ഭീമൻ ചതിയിലാണല്ലോ വീഴ്ത്തിയതെന്നോർത്ത് രോഷാകുലയാകുന്നു. സാന്ത്വനിപ്പിക്കാനെത്തിയ വ്യാസമുനിയുടെ വാക്കുകൾ കേട്ട് ധർമ്മത്തിന്റെ പേരിൽ താൻ തന്നെ നശിപ്പിച്ചുകളഞ്ഞ തന്റെ ജീവിതത്തിന്റെ വികൃതരൂപം കണ്ട് ബോധരഹിതയാവുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

മഹാഭാരതത്തിൽ ഗാന്ധാരി നിറഞ്ഞുനിൽക്കുന്നത് സ്ത്രീപർവ്വത്തിലാണ്. യുദ്ധക്കളത്തിൽ മരിച്ചുകിടക്കുന്ന ബന്ധുജനങ്ങളേയും വിലപിക്കുന്ന സ്ത്രീകളേയുംകണ്ട് സഹിക്കാനാകാതെ ഗാന്ധാരി ശ്രീകൃഷ്ണനെ ശപിക്കുന്ന രംഗം നോവലിൽ കാണുന്നില്ല, അങ്ങിങ്ങായി ചില സൂചനകളല്ലാതെ. ഗാന്ധാരിയുടെ അസംതൃപ്തിയുടേയും, ദുഃഖത്തിന്റെയും, നിരാശയുടേയും പാരമ്യത്തിലുള്ള സ്ഫോടനാത്മകമായ പ്രതികരണമാണ് ആ ശാപം. അതിന്റെ അഭാവം നോവലിന്റെ പൂർണ്ണതയിൽ ന്യൂനത വരുത്തുന്നതായി തോന്നുന്നു.

ഒരു പുരുഷൻ സമൂഹം തനിയ്ക്കു നൽകുന്ന സ്വാതന്ത്ര്യം കൂടുതൽ കവർന്നെടുത്ത് ദുരുപയോഗപ്പെടുത്തുമ്പോൾ അവഗണിയ്ക്കപ്പെടുകയും അപമാനിയ്ക്കപ്പെടുകയും ചെയ്യുന്ന സ്ത്രീയ്ക്കനുഭവിയ്ക്കേണ്ടി വരുന്ന ദുരിതങ്ങൾ, അവളുടെ അടക്കിവെച്ച പ്രതിഷേധം തുടങ്ങിയ വികാരങ്ങൾ ഇതിഹാസകഥാപാത്രങ്ങളോടിണക്കി അവതരിപ്പിയ്ക്കുകയാണിവിടെ. തന്റെ ജീവിതം ധർമ്മത്തിന്റെ പേരിൽ ഇത്രത്തോളം നശിപ്പിച്ചത് താൻ തന്നെയാണെന്ന സത്യത്തിന്റെ ആഘാതമാണ് ഗാന്ധാരിയെ മോഹാലസ്യപ്പെടുത്തിയത്. ധർമ്മനിഷ്ഠ നിർബ്ബന്ധബുദ്ധിയോടെയുള്ള പ്രവൃത്തിയായതിനാലാണ് ഗാന്ധാരിക്കിങ്ങനെ സംഭവിച്ചത്. ഭാര്യ എന്ന നിലയ്ക്കും അമ്മയെന്ന നിലയ്ക്കും ഗാന്ധാരിയുടെ ജീവിതം സംതൃപ്തമായില്ല, സാർത്ഥകമായില്ല. ഇതിഹാസത്തിലെ ഗാന്ധാരിയിൽ നിന്ന് വ്യത്യസ്തയായി തന്റെ ധർമ്മാനുഷ്ഠാനത്തിലെ പിഴവാണ് നഷ്ടങ്ങൾക്ക് കാരണം എന്നു കരുതുന്ന ഗാന്ധാരി ഇവിടെ ഒരു ഉജ്ജ്വലകഥാപാത്രമാകുന്നില്ല. തന്റെ ജീവിതം സപത്നിക്ക് വിട്ടുകൊടുക്കുക എന്ന തെറ്റു ചെയ്തവളാണ് ഇവിടെ ഗാന്ധാരി. അതുകൊണ്ടുതന്നെ നൂതനമോ, വ്യത്യസ്തമോ ആയ അനുഭവമോ സന്ദേശമോ നൽകാൻ നോവലിന് കഴിയുന്നില്ല. നോവലിലെ ഭാഷക്കാണെങ്കിൽ കാവ്യാത്മകതയോ, ഹൃദയസ്പർശിത്വമോ, ഇതിഹാസാന്തരീക്ഷത്തിനുചേർന്ന ഗൗരവമോ പുലർത്താനാവുന്നുമില്ല.

## 3. വേദസാക്ഷി (1990)

കുന്തിയെ കേന്ദ്രകഥാപാത്രമാക്കിക്കൊണ്ട് ടി.ആർ.ശങ്കുണ്ണി എഴുതിയ നോവലാണ് "വേദസാക്ഷി". ഉദ്ധവൻ, രുഗ്മിണി എന്നീ ഇതിഹാസകഥാപാത്രങ്ങളും വിദുരപത്നി ലളിത, മകൾ ദേവി എന്നീ കല്പിതകഥാപാത്രങ്ങളും മറ്റ് ഇതിഹാസകഥാപാത്രങ്ങൾക്കൊപ്പം ചേർത്തിട്ടുണ്ട്. കുന്തിയേക്കാൾ

പ്രാധാന്യം മറ്റൊരു കഥാപാത്രത്തിനും ഇവിടെ ലഭിയ്ക്കുന്നില്ല. കുന്തിയുമായി നേരിട്ട് ബന്ധമുള്ള കഥാസന്ദർഭങ്ങൾക്കാണ് സ്ഥാനം ലഭിച്ചിട്ടുള്ളത്.

**കഥാസന്ദർഭങ്ങൾ**

(1) ദുർവ്വാസാവിന്റെ വരദാനം[134] (2) കർണ്ണജനനം[135] (3) വിവാഹം[136] (4) സപത്നീത്വം[137] (5)ശതശൃംഗത്തിലെ ജീവിതം[138] (6) പുത്രജനനം[139] (7) ഭർതൃമരണം[140] (8) വാരണാവതം[141] (9) വനവാസം[142] (10) ഏകചക്ര[143] (11) പാഞ്ചാലീ സ്വയംവരം[144] (12)യുധിഷ്ഠിരാഭിഷേകം[145] (13) ദ്യൂതം[146] (14) വിദുരഗൃഹത്തിലെ ജീവിതം[147] (15) യുദ്ധാഹ്വാനം[148] (16) ഗാന്ധാരിയുടേയും ധൃതരാഷ്ട്രരുടേയും കൂടെ വാനപ്രസ്ഥം[149] (17) അഗ്നിപ്രവേശം[150]

ഇങ്ങനെ കുന്തിയുടെ ജീവിതത്തിലെ എല്ലാ പ്രധാനസംഭവങ്ങളും ഇവിടെ വിവരിയ്ക്കപ്പെട്ടിട്ടുണ്ട്.

## മാറ്റം വരുത്തിയിരിക്കുന്ന കഥാസന്ദർഭങ്ങൾ

## വ്യത്യാസങ്ങൾ – കാരണങ്ങൾ

1) വളർത്തച്ഛനമ്മമാരിൽ നിന്നും യഥാർത്ഥസ്നേഹം അനുഭവിച്ചാണ് കുന്തി വളരുന്നത്. മുതിർന്നവരുടെ അനുഗ്രഹത്തിൽ നിന്നും ഉപദേശത്തിൽ നിന്നും ശക്തി സംഭരിച്ച് ജീവിതാനുഭവങ്ങളെ നേരിട്ടവളാണ് കുന്തി എന്ന ആവിഷ്ക്കാരത്തിനാകാം ഈ കൂട്ടിച്ചേർക്കൽ.

2) അച്ഛനാകാനുള്ള പാണ്ഡുവിന്റെ ആഗ്രഹത്തിന്റെ തീവ്രത കണ്ടാണ് കുന്തി ദുർവ്വാസാവിന്റെ വരദാനത്തെക്കുറിച്ചു പറയുന്നത്. ഭർതൃസഹോദരനിൽ നിന്നോ അന്യനിൽ നിന്നോ പുത്രനെ നേടാമെന്ന് പാണ്ഡു ആദ്യം പറഞ്ഞപ്പോൾ കുന്തിയ്ക്കുൾക്കൊള്ളാനായില്ല. ഭർത്താവിൽ നിന്നു തന്നെ പുത്രനെ വേണമെന്ന് അവൾ ശഠിച്ചു. പക്ഷേ ഭർത്താവിന്റെ മരണം, പുത്രനെ ലാളിയ്ക്കാൻ അദ്ദേഹത്തിന് കഴിയില്ലെന്നത്, പുത്രൻ വലുതായാൽ

134–150. ശങ്കുണ്ണി.ടി.ആർ, *വേദസാക്ഷി* (കറന്റ് ബുക്സ്, കോട്ടയം,1996), പു.29. 36, 40, 48, 49, 58–69,71,93,95,105,109,119,126,129,133,15,161.

തന്നെ ഭർത്തൃഘാതിനിയായി കരുതുമെന്ന ഭയം, പാണ്ഡുപുത്രൻ ഹസ്തിനപുരരാജാവാകണമെന്ന വിചാരം – എല്ലാം കൂടിയുണ്ടാക്കിയ ആശയക്കുഴപ്പത്തിന്റെ ഒടുവിലാണ് കുന്തി സമ്മതിച്ചത്. ഇന്നത്തെ പക്വമായ മനസ്സിന് ധർമ്മത്തിന്റെ മാർഗ്ഗം തെരഞ്ഞെടുക്കാൻ ഇത്ര പ്രയാസമുണ്ടാകില്ല എന്ന് കുന്തി പിന്നീട് വിചാരിയ്ക്കുന്നു[151]. തന്റെ നായികയെ ധർമ്മിഷ്ഠയും സുചരിതയുമാക്കാനാകണം നോവലിസ്റ്റ് ഈ സംഭവം ഇങ്ങനെ നിബന്ധിച്ചത്.

3) കർണ്ണനെ അഭ്യാസക്കാഴ്ചയുടെ സമയത്ത് തിരിച്ചറിഞ്ഞ കുന്തി മൗനം പാലിച്ചത് മാതൃവാത്സല്യം മാതൃധർമ്മത്തെ മറികടക്കരുതെന്നോർത്താണ്.[152] ഭീമന് ആൺകുഞ്ഞ് ജനിയ്ക്കുമെന്നും, അവൻ ഹസ്തിനപുരം വാഴുമെന്നും ഹിഡുംബിയോട് കുന്തി പറഞ്ഞത് ആത്മാർത്ഥമായ സന്തോഷത്തോടെതന്നെയാണ്[153]. ബകവധത്തിന് ഭീമനെ അയയ്ക്കാമെന്ന് പറഞ്ഞത് മകന്റെ കഴിവിലുള്ള വിശ്വാസം കൊണ്ടാണ്. പ്രത്യുപകാരസ്മരണ മാത്രമല്ല, അതു ധർമ്മമാണെന്ന ബോധവും ഇവിടെ കുന്തിയെ പ്രേരിപ്പിയ്ക്കുന്നുണ്ട്[154]. മക്കളെ ക്ഷത്രിയധർമ്മമുപദേശിച്ച് യുദ്ധോദ്യുക്തരാക്കിയതും[155], വാനപ്രസ്ഥത്തിന് ഗാന്ധാരിയേയും ധൃതരാഷ്ട്രരേയും അനുഗമിച്ചതും[156] ധർമ്മാനുഷ്ഠാനത്തിനാണ്. പുത്രലാഭത്തിനായി ദേവന്മാർക്ക് തന്നെസമർപ്പിച്ചതും ധർമ്മത്തിന്റെ പേരിലാണ്[157]. കഥാന്ത്യത്തിൽ അഗ്നിദേവന് സമർപ്പിയ്ക്കുന്നതും ഒരു ധർമ്മാനുഷ്ഠാനം തന്നെ[158]. ധർമ്മത്തിന്റെ മൂർത്തരൂപമായി കുന്തിയെ അവതരിപ്പിയ്ക്കാനാണ് നോവലിസ്റ്റ് ഈ സന്ദർഭങ്ങളെല്ലാം ഉപയോഗിച്ചിരിയ്ക്കുന്നത്.

151. അതേ പുസ്തകം, പു.55–57.
152. അതേ പുസ്തകം, പു.88.
153. അതേ പുസ്തകം, പു.102.
154. അതേ പുസ്തകം, പു.107.
155. അതേ പുസ്തകം, പു.133.
156. അതേ പുസ്തകം, പു.15.
157. അതേ പുസ്തകം, പു.58–69.
158. അതേ പുസ്തകം, പു.161.

4) കൃഷ്ണൻ കർണ്ണനെ ചെന്നു കണ്ട കാര്യമറിയാതെയാണ് കുന്തി കർണ്ണനെ ചെന്നു കണ്ടതെന്നും, അതറിഞ്ഞിരുന്നുവെങ്കിൽ പോകില്ലായിരുന്നുവെന്നും[159] നോവലിസ്റ്റ് ചേർത്തിരിയ്ക്കുന്നു. കുന്തിയുടെ മാതൃത്വത്തിന് കളങ്കമേല്പിയ്ക്കാതിരിയ്ക്കാനാകാം ഈ മാറ്റം. പക്ഷേ കർണ്ണൻ അമ്മയുടെ പ്രേരണ കൊണ്ടാണ് കൃഷ്ണൻ തന്നെ വന്നു കണ്ടതെന്നാരോപിച്ചപ്പോൾ കുന്തി അതു നിഷേധിയ്ക്കുന്നില്ല[160]. തിരസ്കൃതനായ മകന്റെ മുന്നിൽ ആദ്യമായി ചെന്നു നിന്നപ്പോഴുണ്ടായ കുറ്റബോധം കൊണ്ടായിരിയ്ക്കാം.

5) കർണ്ണനെ ഉപേക്ഷിച്ച സമയത്ത്[161], മാദ്രിയെ വിവാഹം ചെയ്യാൻ പാണ്ഡുവിനെ പ്രേരിപ്പിയ്ക്കേണ്ടി വന്നപ്പോൾ[162], പാണ്ഡു മരിച്ചപ്പോൾ[163], അഭ്യാസക്കാഴ്ചയുടെ സമയത്ത്[164], വനവാസക്കാലത്ത് മക്കളെപിരിഞ്ഞ് വിദുരഗൃഹത്തിൽ കഴിയേണ്ടി വന്നപ്പോൾ[165], കർണ്ണന്റെ മുന്നിൽ ആദ്യമായി ചെന്നപ്പോൾ[166], യുധിഷ്ഠിര ശാപമേറ്റ വേളയിൽ[167] – ഒക്കെ കുന്തി തളരുന്നുണ്ട്. പക്ഷേ പുറമേയ്ക്ക് കരയുന്നില്ല. നിരാശയോടെ വിലപിയ്ക്കുന്നില്ല. ഒരു ക്ഷത്രിയസ്ത്രീയുടേയും രാജ്ഞിയുടേയും വീരമാതാവിന്റേയുമൊക്കെവീര്യം കുന്തിയ്ക്ക് നോവലിസ്റ്റ് കല്പിയ്ക്കുന്നുണ്ട്. എല്ലാ എണ്ണിയെണ്ണിപ്പറഞ്ഞ് വിലപിയ്ക്കുന്നതും ജീവൻ വെടിയണമെന്നാഗ്രഹം പറയുന്നതും കൃഷ്ണന്റെ മുമ്പിലാണ്[168]. കൃഷ്ണനെ കുന്തി തന്റെ സഹോദരപുത്രനായി മാത്രമല്ല കാണുന്നത്, ആ ദൈവികതയെ ആരാധിയ്ക്കുന്നുമുണ്ട്.

---

159. അതേ പുസ്തകം, പു.141.
160. അതേ പുസ്തകം, പു.142.
161. അതേ പുസ്തകം, പു.37.
162. അതേ പുസ്തകം, പു.48.
163. അതേ പുസ്തകം, പു.71.
164. അതേ പുസ്തകം, പു.87.
165. അതേ പുസ്തകം, പു.129.
166. അതേ പുസ്തകം, പു.141.
167. അതേ പുസ്തകം, പു.145.
168. അതേ പുസ്തകം, പു.130.

6) സൂര്യപുത്രനും പാർത്ഥനുമാണ് താനെന്ന സത്യം കർണ്ണനിൽ യാതൊരു ഭാവഭേദവുമുണ്ടാക്കിയില്ല[169]. തന്നെ ഉപേക്ഷിച്ച അച്ഛനമ്മമാരെ കർണ്ണൻ നിരസിയ്ക്കുകയാണ്. അതുകൊണ്ടാണ് അച്ഛൻ നൽകിയ കവച കുണ്ഡലങ്ങൾ താനുപേക്ഷിയ്ക്കുന്നതെന്നും[170] തന്നെ ദുര്യോധനൻ അംഗ രാജാവായി അവരോധിച്ചില്ലായിരുന്നുവെങ്കിൽ താനാരും അറിയാത്ത ഒരു വനായി, മറ്റൊരു ഏകലവ്യനായി ജീവിയ്ക്കുമായിരുന്നുവെന്നും നോവലിലെ കർണ്ണൻ പറയുന്നുണ്ട്[171]. ദുര്യോധനൻ ചെയ്യുന്ന ഒരേയൊരു തെറ്റ് പാണ്ഡ വരുമായുള്ള ശത്രുതയാണെന്നും ദുര്യോധനൻ ചെയ്യുന്നതെന്തും അധർമ്മ മാണെന്നുള്ള ധർമ്മസംഹിത തനിയ്ക്കുൾക്കൊള്ളാനാവില്ലെന്നും കർണ്ണൻ പറയുന്നു[172]. ത്യാഗം പഠിയ്ക്കേണ്ടത് കർണ്ണനിൽ നിന്നാണെന്ന് കൃഷ്ണനു പറയേണ്ടി വന്നു[173]. ഇവിടെ കർണ്ണൻ ഋണബദ്ധനെങ്കിലും അതിന്റെ പേരിൽ സ്വയം അടിമയാകുന്നില്ല. കർണ്ണന്റെ മാനുഷികഭാവങ്ങൾ കൂടുതൽ വ്യക്ത മാകുന്നുണ്ടിവിടെ.

7) യുധിഷ്ഠിരൻ വാരണാവതത്തിലേയ്ക്ക് പോകുന്ന കാര്യം പറയു മ്പോൾ ഭീമൻ ശക്തമായെതിർക്കുന്നുണ്ട്. ദുര്യോധനനിൽ നിന്നും ചതി പ്രതീ ക്ഷിച്ച് അന്തഃപുരത്തിന് കാവലേർപ്പെടുത്തുകയും, വേണ്ട കരുതലുകൾ വേണമെന്ന് പറയുന്നതും ഭീമനാണ്[174]. അമ്മയുടേയും സഹോദരങ്ങളു ടേയും സുരക്ഷ തന്റെ ഉത്തരവാദിത്തമാണ് എന്ന ചിന്തയുള്ള ഭീമന് നോവ ലിസ്റ്റ് ഈ പ്രത്യേകത കല്പിച്ചു കൊടുത്തിരിയ്ക്കുന്നു. ദുര്യോധനൻ പ്രമാ ണകോടിയിൽ വെച്ച് ചതിച്ച കാര്യവും[175], താൻ ഹിഡുംബിയെ സ്വീകരിയ്ക്കാൻ

169. അതേ പുസ്തകം, പു.137.
170. അതേ പുസ്തകം, പു.139.
171. അതേ പുസ്തകം, പു.139.
172. അതേ പുസ്തകം, പു.140.
173. അതേ പുസ്തകം, പു.140.
174. അതേ പുസ്തകം, പു.92.
175. അതേ പുസ്തകം, പു.80.

തയ്യാറായ കാര്യവും[176], വാരണാവതത്തിൽ വെച്ച് യുധിഷ്ഠിരൻ മരിച്ചതിനാൽ ദുര്യോധനനാണിനി രാജാവെന്നും പറയുന്നിടത്തൊക്കെ[177] ഭീമനെ ഫലിത പ്രിയനായി അവതരിപ്പിച്ചിരിയ്ക്കുന്നു. വലിയ ശരീരവും, കരുത്തും, മുൻകോപവുമൊക്കെയുള്ള ഭീമനെ ഇങ്ങനെ നോവലിസ്റ്റവതരിപ്പിച്ചത് ഭീമൻ തുറന്ന മനസ്ഥിതിയുള്ളവനാണെന്ന് പ്രകടമാക്കാനാകണം.

8) ധർമ്മത്തിന്റെ പക്ഷത്തുറച്ചു നിൽക്കുന്ന അവതാരമാണിതിലെ കൃഷ്ണൻ. പാഞ്ചാലി ഐവരേയും സ്വീകരിയ്ക്കുന്ന കാര്യത്തിൽ അനുകൂല മായോ പ്രതികൂലമായോ ഒന്നും പറയുന്നില്ലെങ്കിലും ശരിയായ ഒരു തീരുമാനമെടുക്കണമെന്നുറപ്പിച്ചു പറയുന്നു[178].

ഹസ്തിനപുരം വിഭജിച്ച് കൊടുങ്കാടായിരുന്ന ഖാണ്ഡവപ്രസ്ഥം ധൃതരാഷ്ട്രർ പാണ്ഡവർക്കു കൊടുത്തപ്പോൾ തന്ത്രപൂർവ്വം ധന–ധാന്യ–മൃഗ– ആയുധ സമ്പത്തും പങ്കുവെയ്ക്കണമെന്നും കൂടെ പോകാൻ താല്പ ര്യമുള്ള ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രാദികളെ കൂടെ കൂട്ടാനനുവാദം നൽക ണമെന്നും ധൃതരാഷ്ട്രരോടപേക്ഷിച്ചു സമ്മതിപ്പിച്ചു[179]. യാദവസ്വത്തിന്റെ അഞ്ചിലൊരുഭാഗം കൊടുക്കാമെന്ന് കൃഷ്ണനേൽക്കുകയും ചെയ്തു[180].

കുന്തി യുദ്ധത്തിനൊരുങ്ങാനുള്ള ഉപദേശം യുധിഷ്ഠിരന് കൊടുക്കാനേല്പിച്ചപ്പോൾ കൃഷ്ണൻ താൻ വന്നത് യഥാർത്ഥത്തിൽ സന്ധി പറയാനല്ല, ഈ സന്ദേശം വാങ്ങാനാണെന്ന് സന്തോഷത്തോടെ പറയുന്നു[181].

ധർമ്മപക്ഷത്തു നിൽക്കുന്ന പാണ്ഡവരെ ഏതുവിധേനയും സഹായിക്കാൻ തയ്യാറാകുന്ന കൃഷ്ണനെയാണ് ഇവിടെ ചിത്രീകരിച്ചിരിയ്ക്കുന്നത്.

176. അതേ പുസ്തകം, പു.110.
177. അതേ പുസ്തകം, പു.99.
178. അതേ പുസ്തകം, പു.111.
179. അതേ പുസ്തകം, പു.121.
180. അതേ പുസ്തകം, പു.123.
181. അതേ പുസ്തകം, പു.133.

# കഥാപാത്രങ്ങളുടെ വ്യക്തിത്വം

## കുന്തി

കുന്തിയെ കേന്ദ്രസ്ഥാനത്തുനിർത്തി കഥ പറഞ്ഞപ്പോൾ മൂലകൃതിയിലുള്ളതിനേക്കാൾ സഹനശേഷിയും, മാതൃത്വവും, ധർമ്മബോധവും, വീര്യവുമെല്ലാം ഈ കഥാപാത്രത്തിൽ ചേർത്തിണക്കുന്നുണ്ട് നോവലിസ്റ്റ്. തനിയ്ക്കാരിൽ നിന്നും സ്നേഹം ലഭിച്ചില്ലെന്ന പരാതി കുന്തിയ്ക്കില്ല. ഏതു ദുഃഖവും കടിച്ചമർത്തി സഹിയ്ക്കാൻ കുന്തിയ്ക്ക് സാധിയ്ക്കുന്നു. കൃഷ്ണന്റെ മുന്നിൽ മാത്രമാണ് തന്റെ സങ്കടങ്ങൾ പറയുന്നതും കരയുന്നതും[182]. കർണ്ണന്റേയും അമ്മയാണ് താനെന്നത് കുന്തിയ്ക്ക് ഒരിയ്ക്കലും സമാധാനമേകിയില്ല, മരിയ്ക്കുംവരേയും[183] കുന്തിയുടെ മാതൃത്വം പലപ്പോഴും സംതൃപ്തമാകാൻ ശ്രമിയ്ക്കുന്നത് കൃഷ്ണന്റേയും വിദുരപുത്രി ലളിതയുടേയും സാന്നിദ്ധ്യത്തിലാണ് എല്ലായ്പ്പോഴും ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെ പോകാനേ കുന്തി ഇഷ്ടപ്പെട്ടിരുന്നുള്ളൂ. രാജമാതാവാകാനല്ല, ധർമ്മത്തിന്റെ മാതാവാകാനാണ് താനാഗ്രഹിച്ചതെന്ന് കുന്തി പറയുന്നു[184]. ഹിഡുംബിയോട് എന്നും കുന്തിയ്ക്ക് ദയ തോന്നിയിരുന്നു. ദ്രൗപദിയെ ബഹുഭർത്തൃത്വത്തിലേയ്ക്ക് നയിക്കാൻ താൻ കാരണമായതിൽ കുന്തിയ്ക്ക് കുറ്റബോധമുണ്ട്. ആ ആത്മവേദനയാണ് കുന്തിയെ കരയാൻ മാത്രം ദുർബ്ബലയാക്കുന്നത്[185].

## കർണ്ണൻ

കർണ്ണൻ കൂടുതൽ മനസ്സുറപ്പും മാനുഷികഭാവങ്ങളുള്ളവനുമായാണ് ഇവിടെ കാണപ്പെടുന്നത്. തന്റെ ജന്മദാതാക്കളാരെന്നുള്ള തിരിച്ചറിവ് കർണ്ണനെ തളർത്തുന്നില്ല. നിർബന്ധമാണ് കർണ്ണന്റെ മനസ്സിൽ മുന്നിട്ടു നിൽക്കുന്നത്

182. അതേ പുസ്തകം, പു.130.
183. അതേ പുസ്തകം, പു.153.
184. അതേ പുസ്തകം, പു.16.
185. അതേ പുസ്തകം, പു.110.

കവചകുണ്ഡലങ്ങൾ ഉപേക്ഷിയ്ക്കുന്നതിലൂടെയും, സ്വയം രാധേയൻ എന്നു വിശേഷിപ്പിയ്ക്കുന്നതിലൂടെയും, കുന്തിയെ അർജ്ജുനന്റെ അമ്മ എന്നു വിശേഷിപ്പിയ്ക്കുന്നതിലൂടെയും[186] തന്നെ ഉപേക്ഷിച്ചവരെ തിരിച്ചും നിരസിയ്ക്കുകയാണ് കർണ്ണൻ, വിവാഹത്തിനു മുമ്പേയുണ്ടായ ഒരു സന്തതിയാണിപ്പോൾ എല്ലാവരും ആദരിയ്ക്കുന്ന വ്യക്തി എന്നു വ്യാസനെക്കുറിച്ച് പറയുന്നതിലൂടെ തന്നെ ഉപേക്ഷിച്ച അമ്മയെ കർണ്ണൻ നിശിതമായി ചോദ്യം ചെയ്യുന്നു[187]. ദുര്യോധനന്റെ അംഗീകാരം ലഭിച്ചില്ലായിരുന്നുവെങ്കിൽ താൻ മറ്റൊരേകലവ്യനായി മാറുമായിരുന്നുവെന്ന് പറയുന്നതിലൂടെ ധർമ്മാധർമ്മങ്ങൾ കർണ്ണൻ ശരിയായി നിരീക്ഷിച്ചിരുന്നുവെന്നും, തനിയ്ക്കു കിട്ടിയ അംഗീകാരത്തിന്റെ വലുപ്പം മനസ്സിലാക്കിയിരുന്നുവെന്നും വ്യക്തമാകുന്നു[188]. ഉപേക്ഷിച്ചവരുമായുള്ള ബന്ധം നിരസിയ്ക്കും പോലെ അംഗീകരിച്ചവനുമായുള്ള ബന്ധനമറുക്കാൻ കഴിയില്ല, അതിനു സ്വയം ബലി കൊടുക്കുക തന്നെ വേണമെന്ന വാക്കുകൾ കർണ്ണന്റെ ധർമ്മബോധം പ്രകടമാക്കുന്നു[189]. നീതിയേക്കാൾ ധർമ്മത്തിനാണ് കർണ്ണൻ പ്രാധാന്യം കൊടുത്തത്.

**ഭീമൻ**

വലിയ ശരീരവും കരുത്തും മുൻശുണ്ഠിയുമുള്ളവനും, ഫലിതപ്രിയനുമാണ് ഭീമൻ. അമ്മയേയും സഹോദരന്മാരേയും സംരക്ഷിക്കേണ്ടതുതാനാണെന്ന തോന്നൽ കൊണ്ടാകാം എപ്പോഴും കൗരവരുടെ ചതിയെക്കുറിച്ച് കരുതലുള്ളവനായിരുന്നു ഭീമൻ. തന്റെ അഭിപ്രായങ്ങൾ തുറന്നുപറയാൻ ധൈര്യം കാണിച്ചിരുന്നു[190]. രാക്ഷസാവർത്തത്തിന്റെ രാജാവായിരിയ്ക്കാനുംഭാര്യയോടും കുഞ്ഞിനോടുമൊപ്പം ജീവിയ്ക്കാനും

186. അതേ പുസ്തകം, പു.139,142.
187. അതേ പുസ്തകം, പു.138.
188. അതേ പുസ്തകം, പു.139.
189. അതേ പുസ്തകം, പു.139.
190. അതേ പുസ്തകം, പു.92.

ഭീമനാഗ്രഹമുണ്ടായിരുന്നു[191]. മുൻകോപമുള്ളവനും, ഫലിതങ്ങൾ പറയാനും, ഗൗരവമുള്ള കാര്യങ്ങൾപോലും നർമ്മഭാവത്തോടെ കാണാനും, ഉറക്കെച്ചിരിയ്ക്കാനും ഇഷ്ടപ്പെടുന്ന ഭീമനെ ഒരു തുറന്ന മനസ്സുള്ളവനായി അവതരിപ്പിച്ചിരിയ്ക്കുന്നു.

## യുധിഷ്ഠിരൻ

യുധിഷ്ഠിരൻ മൂലകൃതിയിൽ നിന്നേറെ വ്യത്യസ്തനല്ല. എങ്കിലും ഭീമൻ ദുര്യോധനനെ കുറ്റം പറയുമ്പോൾ യുധിഷ്ഠിരൻ സന്തോഷിയ്ക്കുന്നുണ്ട്[192]. ദുര്യോധനനെ ഭീമൻ യുവരാജാവ് എന്നു പറഞ്ഞപ്പോൾ യുധിഷ്ഠിരന് നീരസം തോന്നുന്നുണ്ട്[193]. മരിച്ചവരെയെല്ലാം വീണ്ടും ഗംഗാതടത്തിൽ വെച്ച് വ്യാസൻ കാണിച്ചുകൊടുക്കുന്ന സംഭവം നോവലിൽ കുന്തിയുടെ സ്വപ്നമായാണവതരിപ്പിച്ചിരിയ്ക്കുന്നത്. അപ്പോൾ കർണ്ണനോട് യുധിഷ്ഠിരൻ രാജ്യം ഏറ്റുവാങ്ങാൻ പറയുന്നുണ്ട്[194]. തന്റെ മകൻ അത്ര സാധുവാണെന്ന് കുന്തി കരുതുന്നു. വാനപ്രസ്ഥം സ്വീകരിച്ച അമ്മയോട് താൻ കൊട്ടാരത്തിലേയ്ക്കു തിരിച്ചുപോകില്ല, രാജാവിനേയും അമ്മമാരേയും ശുശ്രൂഷിച്ച് താൻ കാട്ടിൽ കഴിയുകയാണ് എന്ന് യുധിഷ്ഠിരൻ പറയുന്നുണ്ട്[195]. രാജ്യാവകാശം വേണമെന്ന് ആഗ്രഹം ആദ്യം യുധിഷ്ഠിരനുണ്ടായിരുന്നു[196]. അത് സർവ്വനാശം വരുത്തിയപ്പോൾ ആ ദുഃഖം താങ്ങാനാവാത്തത്ര സാധുവും ധർമ്മിഷ്ഠനുമാണ് അദ്ദേഹമെന്നാണ് നോവലിസ്റ്റ് പറയുന്നത്.

## മറ്റു കഥാപാത്രങ്ങൾ

സാരമായ പ്രാധാന്യം കൊടുക്കാതെ അവതരിപ്പിച്ച കഥാപാത്രങ്ങളാണ് ഗാന്ധാരി, ധൃതരാഷ്ട്രർ, വിദുരർ, വിദുരപത്നി ദേവി, മകൾ

191. അതേ പുസ്തകം, പു.102.
192. അതേ പുസ്തകം, പു.99.
193. അതേ പുസ്തകം, പു.99.
194. അതേ പുസ്തകം, പു.155.
195. അതേ പുസ്തകം, പു.158.
196. അതേ പുസ്തകം, പു.99.

ലളിത എന്നിവർ. വ്യാസൻ, സത്യവതി, അംബിക, അംബാലിക, പാണ്ഡു, ഭീഷ്മർ, പാണ്ഡവർക്കു ജന്മം നൽകിയ ദേവന്മാർ എന്നിവരെക്കുറിച്ച് സാന്ദർഭികമായി പറയുന്നതേയുള്ളൂ.

## ആഖ്യാനരീതി

താനറിയാൻ കൊതിച്ച, തന്നിലേറെ സ്വാധീനം ചെലുത്തിയ കഥാപാത്രമാണ് കുന്തിയെന്ന് നോവലിസ്റ്റ് തന്നെ പറയുന്നു. കുന്തിയിലെ മാതൃത്വവും കുന്തി കൃഷ്ണന്റെ പിതൃസഹോദരിയാണെന്നതുമാണ് നോവലിസ്റ്റിനെ അവരിലേയ്ക്കാകർഷിച്ചതെന്നും സൂചനയുണ്ട്[197]. മറ്റെന്തിലുമേറെ ധർമ്മത്തിനു പ്രാധാന്യം കൊടുക്കുന്നവളാണിവിടെ കുന്തി. തന്റെ ആഹ്വാനമനുസരിച്ച് സൂര്യദേവനെത്തിയപ്പോൾ ഭയന്ന് വഴങ്ങാൻ മടിച്ച്, ധർമ്മമനുഷ്ഠിക്കാൻ വൈകിച്ചതിന്റെ ശിക്ഷയാണ് കർണ്ണനുമായുണ്ടായ വേർപാട് എന്നു കരുതുന്നവൾ[198], തന്റെ സപത്നിയുടെ ദുഃഖമറിഞ്ഞ് കാരുണ്യം കാണിച്ചവൾ[199],സ്നുഷയ്ക്ക് ബഹുഭർത്തൃത്വം വിധിച്ചതിൽ മനംനൊന്ത് കരഞ്ഞവൾ[200], ദുര്യോധനൻ കർണ്ണന്റെ പക്ഷത്തുനിന്നു സംസാരിച്ചപ്പോൾ അയാൾ ദുര്യോധനനല്ല, സുയോധനനാണെന്ന് കരുതിയവൾ[201] – അങ്ങനെ ധർമ്മത്തിനു വേണ്ടി എന്തു കടുത്ത വേദനയും താങ്ങാൻ തയ്യാറായ കുന്തിയെയാണ് നോവലിസ്റ്റ് അവതരിപ്പിയ്ക്കുന്നത്.

കുന്തിയുടെ വാനപ്രസ്ഥ സ്വീകാര്യത്തിൽ നിന്നാണ് കഥ തുടങ്ങുന്നത്. പുണ്യസ്ഥലങ്ങളുടെ സന്ദർശനത്തോടൊപ്പം മനസ്സിലുണരുന്ന ഓർമ്മകളായി പഴയകാലത്തെ കഥകൾ പറയുന്നു. തന്നെ അഗ്നിദേവന് പൃഥ സമർപ്പിയ്ക്കുന്നിടത്താണ് കഥ അവസാനിയ്ക്കുന്നത്.

197. അതേ പുസ്തകം, 'വേദസാക്ഷിയുടെ കഥ', പു.8.
198. അതേ പുസ്തകം, പു.33.
199. അതേ പുസ്തകം, പു.69.
200. അതേ പുസ്തകം, പു.110.
201. അതേ പുസ്തകം, പു.90.

കുന്തിയുടെ ധർമ്മവ്രതത്തെ പ്രശംസിക്കുകയെന്നതിൽക്കവിഞ്ഞ് കൂടുതൽ ലക്ഷ്യമൊന്നും നോവലിസ്റ്റിന് ഉള്ളതായി തോന്നുന്നില്ല. കഥാപാത്രങ്ങളുടെ മനസ്സിലേക്കൊന്നെത്തിനോക്കുന്നതിൽ കവിഞ്ഞ അഗാധവീക്ഷണവും കാണുന്നില്ല. ഭാഷ ഏറെക്കുറെ ഇതിഹാസാന്തരീക്ഷത്തിന് യോജിച്ചതാണെന്ന് പറയാം. കഥാപാത്രങ്ങൾ ദൈവികമായ അന്തരീക്ഷത്തിൽ തന്നെയാണ് നിലകൊള്ളുന്നത്. ഒരു സർഗ്ഗസൃഷ്ടി എന്നതിനുമേലെ പ്രാധാന്യമൊന്നും നോവലിനുള്ളതായി തോന്നുന്നില്ല.

## 4. കുന്തി (2000)

കുന്തിയെ കേന്ദ്രസ്ഥാനത്തു നിർത്തിക്കൊണ്ട് കൃഷ്ണകുമാരി രചിച്ച നോവലാണ് 'കുന്തി'*. തന്റെ കഥ കുന്തി ഗംഗാദേവിയ്ക്ക് പറഞ്ഞു കൊടുക്കുന്ന രീതിയിലാണ് നോവൽ അവതരിപ്പിച്ചിരിയ്ക്കുന്നത്. ഇതിഹാസ സന്ദർഭങ്ങൾ തന്നെയാണ് സ്വീകരിച്ചിരിയ്ക്കുന്നതെങ്കിലും പലയിടത്തും നോവലിസ്റ്റിന്റെ സ്വതന്ത്ര കല്പനകളും കാണുന്നു.

**കഥാസന്ദർഭങ്ങൾ**

(1) കുന്തിഭോജന്റെ ദത്തുപുത്രിയായത്[202] (2) ദുർവ്വാസിന്റെ മന്ത്രോപദേശം[203]
(3) കർണ്ണജനനം[204] (4) വിവാഹം[205] (5) പാണ്ഡവജനനം[206] (6) അഭ്യാസക്കാഴ്ച[207]
(7) വാരണാവതം[208] (8) ദ്രൗപദീസ്വയംവരം[209] (9) ദ്യൂതം[210]

– എന്നീ ഇതിഹാസസന്ദർഭങ്ങളാണ് നോവലിൽ സ്വീകരിച്ചിട്ടുള്ളത്.

## മാറ്റം വരുത്തിയിരിയ്ക്കുന്ന കഥാസന്ദർഭങ്ങൾ

## വ്യത്യാസങ്ങൾ– കാരണങ്ങൾ

1) അമ്മയുടെ അനുവാദം കൂടാതെയാണ് ശൂരസേനൻ പൃഥയെ കുന്തീഭോജന് നൽകിയത്. മറ്റൊരു കൊട്ടാരത്തിൽ ദത്തുപുത്രിയായി ജീവിയ്ക്കേണ്ടിവന്ന പൃഥയ്ക്ക് വളർത്തച്ഛനമ്മമാർക്ക് മക്കളുണ്ടായതോടെ

* അനുബന്ധം 2, പു.355–356.

202–210. കൃഷ്ണകുമാരി, *കുന്തി* (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം,2000), പു.26.38,46,57, 86–94,110,118,140,157.

അവഗണനയ്ക്ക് പാത്രമാകേണ്ടിവന്നു. അതിഥിമന്ദിരത്തിലെ കാര്യങ്ങൾക്ക് നിയോഗിയ്ക്കപ്പെട്ടതു തന്നെ അതിന്റെ ഒരു ഭാഗമായിരുന്നു[211]. കുന്തിയുടെ മനസ്സിന്റെ അനാഥത്വം സൂചിപ്പിയ്ക്കാനായിരിക്കണം ഈ കല്പന.

2) പരിചരണത്തിൽ പ്രീതനായ ദുർവ്വാസാവ് കുന്തിയുടെ സൗന്ദര്യത്തെ പ്രശംസിച്ച്, വരാനിരിയ്ക്കുന്ന ഭാഗ്യൈശ്വര്യങ്ങളെക്കുറിച്ച് പറഞ്ഞ്, അതോടൊപ്പം വരാനിടയുള്ള പീഡനങ്ങളെപ്പറ്റി സൂചിപ്പിച്ച്, പത്നീധർമ്മവും മാതൃധർമ്മവും രാജ്യധർമ്മവും ഉപദേശിച്ചു. മഹാറാണീപദം, ദേവതുല്യരായ പുത്രരുടെ മാതൃത്വം എന്നീ ഭാഗ്യങ്ങൾക്കുള്ളിൽ മറഞ്ഞിരിയ്ക്കുന്ന അപരാധങ്ങളും ദുഃഖങ്ങളും, ദുരിതങ്ങളും നിറഞ്ഞ ജീവിതം ദുർവ്വാസാവ് ചൂണ്ടിക്കാണിച്ചുകൊടുത്തു– ഈ അനുഭവമാണ് കുന്തിയുടെ മനസ്സിൽ മോഹങ്ങളും സ്വപ്നങ്ങളും ദൃഢനിശ്ചയങ്ങളും നിറച്ചത്. ദേവസമാനരായ പുത്രർ പിറക്കാനായി ജപിയ്ക്കാനുള്ള ദിവ്യമന്ത്രം മഹർഷി ഉപദേശിയ്ക്കുകയും ചെയ്തു[212]. പീഡനങ്ങളെ കരുത്തോടെ നേരിട്ട, മകന് അവനർഹിയ്ക്കുന്ന രാജ്യം നേടിക്കൊടുക്കാൻ കഠിനയത്നം ചെയ്ത ക്ഷത്രിയ മാതാവാണിവിടെ കുന്തി. ആ ഒരവസ്ഥയിലേയ്ക്കെത്താനുള്ളതിന്റെ മുന്നോടിയായി ഒരു പശ്ചാത്തലം സൃഷ്ടിയ്ക്കുകയാണിവിടെ നോവലിസ്റ്റ്.

3) അതിഥിമന്ദിരത്തിൽ താമസിയ്ക്കാനെത്തിയ മുനികുമാരൻ പലപ്പോഴും കുന്തിയുടെ ശ്രദ്ധയെ ആകർഷിച്ചിരുന്നു. ദുർവ്വാസാവിന്റെ പ്രവചനങ്ങളാൽ മനസ്സിൽ മോഹങ്ങൾ നിരത്തിയ കുന്തി സൂര്യദേവൻ തന്നെ സമീപിച്ചതായി സ്വപ്നം കണ്ടു. സൂര്യനാണ് തന്നെ പ്രാപിച്ചതെന്ന് കുന്തി കരുതി. യഥാർത്ഥത്തിൽ അത് ഒരു മുനികുമാരനായിരുന്നു.

211. അതേ പുസ്തകം, പു.26–29.
212. അതേ പുസ്തകം, പു.35,38,39.

വിശ്വസ്തദാസിയായ മാതംഗിയോടുപോലും കുന്തി സൂര്യസംഗമത്തിന്റെ കഥയാണ് പറഞ്ഞത്[213].

പാണ്ഡുവിന്റെ പത്നിയായത് ഹസ്തിനപുരത്തിന്റെ മഹാരാജ്ഞി പദം ആഗ്രഹിച്ചു തന്നെയായിരുന്നു[214]. പക്ഷേ രതിവേളകളിൽ ദുർബ്ബലനായിരിയ്ക്കുമെന്ന പിതൃശാപം പേറിയ പാണ്ഡുവിനോടും[215] സപത്നി മാദ്രിയോടുമൊപ്പം വനത്തിലാണ് കഴിയേണ്ടിവന്നത്. പാണ്ഡുവിന്റെ ആവശ്യപ്രകാരം, പാണ്ഡുവിന്റെ ദൗർബ്ബല്യമറിഞ്ഞ് പണ്ടുണ്ടാക്കിയ കരാറനുസരിച്ച്, വിദുരരെ സ്വീകരിയ്ക്കേണ്ടി വന്നു – ഹസ്തിനപുരത്തിന്റെ അവകാശിയ്ക്കു ജന്മം നൽകാൻ. ധർമ്മദേവന്റെ ഗുണഗണങ്ങളിണങ്ങിയ പുത്രനെ വേണമെന്ന് കുന്തി പ്രാർത്ഥിച്ചു – യുധിഷ്ഠിരൻ ജനിച്ചു[216].

അടുത്തത് മനക്കണ്ണുകൊണ്ട് കുന്തിയുടെ സൗന്ദര്യമറിഞ്ഞ് മോഹിച്ച ധൃതരാഷ്ട്രരായിരുന്നു[217]. മൂത്തയാൾക്ക് ഉപദേഷ്ടാവിന്റെ സ്ഥാനം വിധിച്ച് കുന്തിയിൽ തനിയ്ക്കുണ്ടാകുന്ന പുത്രൻ തന്നെ മഹാരാജാവാകും എന്ന് ധൃതരാഷ്ട്രർ പറഞ്ഞു. ജീവകാരുണ്യവും ആത്മബലവും സ്നേഹമുള്ള വായുദേവനെ കുന്തി സ്മരിച്ചു – ഭീമസേനൻ ജനിച്ചു[218].

ധൃതരാഷ്ട്രരുമായുള്ള സംഗമത്തിന്റെ വിവരണം കുന്തിയെക്കൊണ്ട് പറയിച്ച് ഉത്തേജിതനായ പാണ്ഡുവിൽ നിന്ന് കുന്തിയ്ക്ക് അർജ്ജുനൻ പിറന്നു. അജയ്യനും, സ്ത്രീകളെ ഭ്രമിപ്പിയ്ക്കാനും കീഴടക്കാനും പോന്ന സുന്ദരനും കരുത്തനുമായ ഒരു മകനെയാണ് കുന്തി അപ്പോൾ ഇന്ദ്രദേവനോടർത്ഥിച്ചത്[219].

213. അതേ പുസ്തകം, പു.39–43.
214. അതേ പുസ്തകം, പു.51.
215. അതേ പുസ്തകം, പു.79.
216. അതേ പുസ്തകം,പു.85,88.
217. അതേ പുസ്തകം, പു.90.
218. അതേ പുസ്തകം, പു.91.
219. അതേ പുസ്തകം, പു.93.

മക്കളില്ലാത്ത മാദ്രിയെ കുന്തി പ്രേരിപ്പിച്ചുവെന്നേ പറയുന്നുള്ളൂ. നകുല സഹദേവന്മാരുടെ പിതൃത്വത്തെപ്പറ്റി മുനികുമാരന്മാരാകാം എന്നൊരു സൂചന മാത്രം നൽകുന്നു[220].

ഗാന്ധാരി യുധിഷ്ഠിരജനനത്തിൽ അസൂയപൂണ്ട് മർദ്ദിച്ച് പ്രസവിച്ച മാംസപിണ്ഡം വ്യാസമുനി നൂറ്റൊന്ന് കഷണങ്ങളാക്കി കുടങ്ങളിൽ നിക്ഷേപിച്ച കഥ പരിചാരകരും ദാസിമാരും പറഞ്ഞറിഞ്ഞ കഥയായി നിബന്ധിച്ചിരിയ്ക്കുന്നു[221].

മൂലകൃതിയിലെ അമാനുഷികസന്ദർഭങ്ങൾ നോവലിസ്റ്റ് ഒഴിവാക്കിയിരിക്കുകയാണ്. അതിനായിരിക്കാം ഈ പുതിയ കൂട്ടിച്ചേർക്കലുകൾ. അനപത്യത ഉറപ്പാണെങ്കിൽ ഭ്രാതൃക്ഷേത്രങ്ങളിൽ നിയോഗമാവാം എന്ന മൂല കൃതിയിലെ നിയമവും നോവലിസ്റ്റിന് ഇങ്ങനെയൊരു മാറ്റം നിബന്ധിയ്ക്കാൻ പ്രേരണ നൽകിയിരിക്കാം.

4) വാരണാവതത്തിൽ പതിയിരിയ്ക്കുന്ന അപകടത്തെക്കുറിച്ച് യുയുത്സുവിന്റെ അമ്മ മായാവതിയാണ് കുന്തിയ്ക്ക് ആദ്യസൂചന നൽകിയത്[222]. പുഴക്കരയിൽ അടിഞ്ഞു കിടന്ന പേടകത്തിലെ ശിശുവാണ് അതിരഥന്റെ വീട്ടിൽ വളർന്ന യോദ്ധാവ് എന്ന കഥ മാതംഗിയെ അറിയിച്ചതും മായാവതിയാണ്[223]. ഗാന്ധാരി ഭക്തിയുടെ മാർഗ്ഗം സ്വീകരിച്ചപ്പോൾ ധൃതരാഷ്ട്രർക്ക് സംതൃപ്തിയേകാൻ വിധിയ്ക്കപ്പെട്ട പരിചാരികയാണവൾ. ദുര്യോധനനും ധൃതരാഷ്ട്രരും ചേർന്നുള്ള ഗൂഢാലോചന അവൾ കേട്ടിരുന്നു[224]. മായാവതിയെക്കുറിച്ച് വേറെയൊന്നും ഈ നോവലിൽ പറയുന്നില്ല. മൂലകൃതിയിൽ ഈ കഥാപാത്രത്തിന്റെ പേര് മാലിനിയെന്നാണ്. ദാസിയായതുകൊണ്ടും, ധൃതരാഷ്ട്രർക്ക് വിധേയയാകേണ്ടിവന്ന അമർഷം കൊണ്ടും

220. അതേ പുസ്തകം, പു.94.
221. അതേ പുസ്തകം,പു.89.
222. അതേ പുസ്തകം, പു.119.
223. അതേ പുസ്തകം, പു.119.
224. അതേ പുസ്തകം, പു.120.

ജനങ്ങൾക്ക് പ്രിയം പാണ്ഡവരോടായതുകൊണ്ടുമാകാം പാണ്ഡവരെ സഹായിയ്ക്കുന്ന വിധത്തിൽ ഈ കഥാപാത്രത്തെ നിബന്ധിച്ചത്.

5) ദ്രുപദരാജാവിന്റെ സമ്പന്നതയും കരുത്തും കണ്ട് ദ്രൗപദീസ്വയംവരത്തിന് മക്കളെ പ്രേരിപ്പിയ്ക്കുന്നത് കുന്തിയാണ്[225]. പത്നിയെ പങ്കുവെയ്ക്കുന്ന പാരമ്പര്യം ഇനി കുരുവംശത്തിൽ ആവർത്തിയ്ക്കരുതെന്നൊക്കെ ചിന്തിയ്ക്കുന്നുണ്ടെങ്കിലും യുധിഷ്ഠിരൻ മഹാരാജാവാകണമെങ്കിൽ, സഹോദരന്മാർ ഒന്നിച്ചുനിൽക്കണം. അതിന് ദ്രൗപദി ബഹുഭർത്തൃത്വം സ്വീകരിയ്ക്കണമെന്നും മനസ്സിലുറപ്പിയ്ക്കുന്നു[226]. കുന്തിയുടെ രാജ്യതന്ത്രജ്ഞത പ്രകടമാക്കുന്ന സന്ദർഭങ്ങളാണിത്.

6) ഹസ്തിനപുരം വിഭജിച്ചതിൽ കുന്തിയ്ക്ക് പ്രതിഷേധമുണ്ട്[227]. ദ്യൂതത്തെക്കുറിച്ച് വിസ്തരിച്ച് പറയുന്നില്ല. ദ്യൂതത്തിനും വസ്ത്രാക്ഷേപത്തിനും ശേഷം രാജ്യസഭയിലേയ്ക്ക് കുന്തി ചെന്നു. ഓരോ ഘട്ടത്തിലും ഹസ്തിനപുരം തങ്ങളോട്  പ്രവർത്തിച്ച അനീതികൾ എണ്ണിയെണ്ണിപറഞ്ഞ് കുന്തി രാജ്യസഭ വിട്ടിറങ്ങി നടന്നു[228]. കർണ്ണൻ തന്നെ കാണാൻ പിറകെയെത്തിയപ്പോൾ മകനാണെന്നു പറയാതെ അയാളെ ആശ്വസിപ്പിച്ചു. കർണ്ണൻ അത് തന്റെ അമ്മയാണെന്ന്  സ്വയം തിരിച്ചറിഞ്ഞു. അത് കുന്തിയെ സമാധാനിപ്പിച്ചു[229]. താൻ കർണ്ണന്റെ അമ്മയാണെന്ന സത്യം കുന്തി കൃഷ്ണനോട് പറഞ്ഞു. ഇനി ഏതു  പ്രയാസങ്ങളിലും പാണ്ഡവർക്കൊപ്പമുണ്ടാകണമെന്നും കർണ്ണന്റെ ജന്മരഹസ്യം സമയത്തിനുമുമ്പേ പുറത്തറിയരുതെന്നും പറഞ്ഞേല്പിച്ചു[230]. ഗംഗാതീരത്തുചെന്ന് ഗംഗാദേവിയോട് തന്റെ കഥ പറഞ്ഞശേഷം സൂര്യനിൽ തന്റെ ആത്മാവ് ലയിപ്പിയ്ക്കുന്നു[231].

225. അതേ പുസ്തകം, പു.137.
226. അതേ പുസ്തകം, പു.137,138.
227. അതേ പുസ്തകം, പു.147.
228. അതേ പുസ്തകം, പു.157–160.
229. അതേ പുസ്തകം, പു.162–164.
230. അതേ പുസ്തകം, പു.166–168.
231. അതേ പുസ്തകം, പു.169.

7) താൻ കുന്തീദേവിയ്ക്ക് നൽകുന്ന വ്യക്തിത്വമനുസരിച്ച് ദ്രൗപദി അപമാനിയ്ക്കപ്പെട്ട രാജധാനിയിൽ പിന്നീട് കുന്തി താമസിയ്ക്കില്ല, തനിയ്ക്കു ചെയ്യാനുള്ള കാര്യങ്ങൾ ഏതാണ്ട് ചെയ്തു കഴിഞ്ഞു, ഇനിയുള്ളവ ചെയ്യാനാകുക കൃഷ്ണനാണ്, അത് കൃഷ്ണനെ പറഞ്ഞേല്പിച്ച് മോക്ഷ പ്രാപ്തിക്ക് തയ്യാറാകുകയാണ് വേണ്ടതെന്ന് നോവലിസ്റ്റ് കരുതുന്നു[232].

## കഥാപാത്ര വ്യക്തിത്വം

### കുന്തി

മഹാരാജ്ഞീപദവും, രാജമാതാവിന്റെ പദവിയുമെല്ലാം ആഗ്രഹിയ്ക്കുന്ന ക്ഷത്രിയസ്ത്രീ, രാജ്യതന്ത്രജ്ഞ, എന്നതിലുപരി സ്ത്രീ, അമ്മ എന്നീ നിലകളിലെല്ലാം പ്രാധാന്യമർഹിയ്ക്കുന്ന ഒരു വ്യക്തിത്വമാണ്  ഇവിടെ കുന്തിയ്ക്കുള്ളത്. ദുർവ്വാസാവിന്റെ ഉപദേശം അവളുടെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഹസ്തിനപുരത്തിന്റെ മഹാരാജ്ഞീപദം മുന്നിൽക്കണ്ട് പാണ്ഡുവിനെ വിവാഹം ചെയ്യാൻ തയ്യാറായത്[233]. വിധി തനിയ്ക്ക് പല ദുരന്തങ്ങളും ഒരുക്കിവെച്ചിട്ടുണ്ടെന്ന ദുർവ്വാസാവിന്റെ മുന്നറിയിപ്പ് പ്രതിസന്ധികളിൽ പിടിച്ചു നിൽക്കാനുള്ള കരുത്ത് അവൾക്ക് നൽകി. പുത്രജനനം അവളെ ഏറ്റവുമധികം അപമാനിയ്ക്കുന്ന വിധത്തിലാണുണ്ടായത്. അതിൽത്തന്നെ അർജ്ജുനന്റെ ജനനം ഒരു സ്ത്രീയ്ക്ക് സഹിയ്ക്കാൻ കഴിയുന്ന  നിന്ദയുടെ പാരമ്യമായിരുന്നു[234]. ഈ ആത്മനിന്ദയെല്ലാം കാലങ്ങളോളം മനസ്സിലേന്തി നടന്നപ്പോഴും യുധിഷ്ഠിരന് രാജ്യാവകാശം നേടിക്കൊടുക്കണമെന്ന ദൃഢനിശ്ചയമാണ് കുന്തിയെ നയിച്ചത്[235]. അതാണ് പലപ്പോഴും കുന്തിയെ കർക്കശയാക്കുന്നതും.

232. അതേ പുസ്തകം, പു.15.
233. അതേ പുസ്തകം, പു.51.
234. അതേ പുസ്തകം, പു.85–93.
235. അതേ പുസ്തകം, പു.128.

വാരണാവതത്തിൽ കാട്ടാളരെ അഗ്നിയ്ക്കിരയാക്കിയപ്പോൾ,

“ആരോടും കാരുണ്യം തോന്നാത്ത സമയം.

സ്വന്തം ദുർവ്വിധിയ്ക്ക് കാരണക്കാരാണ് എല്ലാവരും എന്ന തോന്നൽ.

ആരും തുണയില്ലാത്തവർ മറ്റാരേയും തുണച്ചില്ലെങ്കിൽ തെറ്റാവില്ലെന്ന വിശ്വാസം.

ലക്ഷ്യത്തിലേയ്ക്ക് കുതിയ്ക്കുമ്പോൽ കൈമോശം വന്നുപോകുന്ന ജീവനും സമ്പത്തിനും കണക്ക് സൂക്ഷിയ്ക്കുന്നവരല്ല ക്ഷത്രിയർ. നല്ല തുടക്കങ്ങൾക്ക് ബലി അത്യാവശ്യമെന്ന് വിശ്വസിയ്ക്കുന്നത് അവരുടെ ധർമ്മവും”.[236] – എന്നൊക്കെ ന്യായീകരിയ്ക്കുന്നു. അതോടൊപ്പം ചെയ്തത് തെറ്റാണെന്ന ബോധവുമുണ്ട്.

ഹിഡിംബ വധം കണ്ട് കുന്തി ഭയക്കുന്നില്ല. ഭീമസേനന്റെ കഴിവുകണ്ട് ആശ്വസിയ്ക്കുകയാണ് [237].

ഹിഡിംബിയ്ക്ക് ഭീമനിൽ താല്പര്യമുണ്ടെന്ന് കണ്ടപ്പോൾ കാനനവാസക്കാലത്ത് ഭീമന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ഭക്ഷണം മാത്രം പോര എന്ന് കുന്തി ചിന്തിയ്ക്കുന്നു. ഹിഡിംബിയെ തന്റെ വധുവാക്കിയതും ലാഭേച്ഛയോടെയാണ് –

“ ക്ഷത്രിയന് സ്ത്രീ ഭോഗവസ്തുവാണ്.

മതിവരുമ്പോൾ ഉപേക്ഷിയ്ക്കാവുന്ന വെറും ഉപകരണം.

ഹിഡിംബിയുടെ ജന്മഗൃഹം കാട് ആണ്. അതിന്റെ ഓരോ കോണും ഓരോ തുടിപ്പും അവൾക്ക് പരിചിതമാണ്.

അതിന്റെ ഉള്ളിലെ ജീവജാലങ്ങൾ അവളുടെ ബന്ധുക്കൾ.

ഈ വനത്തിൽ പാർക്കുന്ന കാലമത്രയും തുണയ്ക്ക് ഒരാൾ ഉണ്ടാകണം. കാടിന്റെ ചലനം തിരിച്ചറിയുന്ന ഒരു ബന്ധു.

236. അതേ പുസ്തകം, പു.122,123.

237. അതേ പുസ്തകം, പു.134.

ബന്ധുത്വം ആഭരണമായി അണിയാനുള്ളതല്ല. പരസ്പരം താങ്ങും തണലുമായി തീരാനുള്ളതാണ്. ഒന്നു മറ്റൊന്നുമായി ലയിച്ച് ഒരു പുതിയ ശക്തിയായി മാറാനുള്ളതാണ്" .[238]

ദ്രൗപദീസ്വയംവരവേളയിൽ കർണ്ണൻ ജയിയ്ക്കണമെന്ന് കുന്തി ആഗ്രഹിയ്ക്കായ്കയല്ല. പക്ഷേ അതുകൊണ്ട് സമ്പന്നമാകുക ധൃതരാഷ്ട്രരുടെ കുരുകുലമാണ്. അതിനാൽ അർജ്ജുനൻ തന്നെ ജയിയ്ക്കണമെന്ന് കുന്തി കരുതുന്നു[239].

തന്റെ മക്കളെ ശരിയ്ക്കു മനസ്സിലാക്കിയ ഒരമ്മയായിരുന്നു കുന്തി. യുധിഷ്ഠിരന്റെ രാജ്യമോഹവും[240], ഭീമന്റെ ഉത്തരവാദിത്തബോധവും കരുതലും പ്രതിഷേധവും[241], അർജ്ജുനന്റെ വില്ലാളിവീരനാകാനുള്ള ആഗ്രഹവും[242], –എല്ലാം കുന്തിയുടെ മനസ്സിൽ ആശങ്കകൾ നിറയ്ക്കുന്നുണ്ട്. അഭ്യാസക്കാഴ്ചയുടെ സമയത്തും[243], ദ്രൗപദീ സ്വയംവരവേളയിലും[244], കർണ്ണൻ അപമാനിയ്ക്കപ്പെടുന്നതു കണ്ട് വേദനിച്ചു. വ്യാസന് ആദരവ് നൽകിയ ഹസ്തിനപുരം തന്റെ കർണ്ണനെ അംഗീകരിയ്ക്കണമെന്നില്ലെന്ന് കുന്തി കരുതുന്നു[245]. ഹസ്തിനപുരം വിഭജിയ്ക്കപ്പെട്ടപ്പോഴും, അവിടെ ദുര്യോധനസദസ്സിൽ കർണ്ണൻ ആദരണീയനാണല്ലോ എന്ന ചിന്ത ആദ്യം തോന്നിയ നീരസമകറ്റി സന്തോഷിപ്പിച്ചു. കർണ്ണൻ തന്റെ മകനാണെന്ന സത്യം കൃഷ്ണനോട് മാത്രമാണ് തുറന്നു പറയുന്നത്. അത് പാണ്ഡവർ വിജയപ്രാപ്തിയിലെത്തും വരെ രഹസ്യമായിരിയ്ക്കണമെന്ന് പറഞ്ഞേല്പിക്കുന്നുണ്ട്[246]. അത്രയ്ക്ക് ലക്ഷ്യബോധമുണ്ടായിരുന്നു കുന്തിയ്ക്ക്. കുന്തിയുടെ

238. അതേ പുസ്തകം, പു.127.
239. അതേ പുസ്തകം, പു.140.
240. അതേ പുസ്തകം, പു.128.
241. അതേ പുസ്തകം, പു.115.
242. അതേ പുസ്തകം, പു.132.
243. അതേ പുസ്തകം, പു.113.
244. അതേ പുസ്തകം, പു.143.
245. അതേ പുസ്തകം, പു.79
246. അതേ പുസ്തകം, പു.168.

പെരുമാറ്റത്തിൽ നിന്നും, വർത്തമാനത്തിൽ നിന്നും അത് തന്റെ അമ്മയാണെന്ന് തിരിച്ചറിഞ്ഞ കർണ്ണൻ സാന്ത്വനഭാവത്തിൽ സംസാരിച്ചപ്പോൾ ആ മാതൃഹൃദയം അല്പമൊന്ന് സമാധാനിയ്ക്കുന്നുണ്ട്[247].

വിധവയായ തന്നേയും മക്കളേയും കൂട്ടിക്കൊണ്ടു പോകാൻ സഹോദരനെത്തിയപ്പോൾ, ശകുനി താൻ പോകണമെന്ന് ശഠിച്ചപ്പോൾ, ഭീഷ്മരും, വിദുരരും തനിയ്ക്കനുകൂലമാണെന്ന ധൈര്യത്തോടെ വരാനിരിയ്ക്കുന്ന ദുരന്തങ്ങളെ അഭിമുഖീകരിയ്ക്കാൻ തയ്യാറായി ഹസ്തിനപുരത്തിൽത്തന്നെ ഉറച്ചുനിൽക്കാൻ കുന്തി തയ്യാറായി[248]. ഗംഗാദേവിയോട് തന്റെ കഥ പറയുന്ന കുന്തി പല തവണ ഹസ്തിനപുരത്തിന്റെ നീതികളെ കുറ്റപ്പെടുത്തുന്നുണ്ട്. അംബികയും, അംബാലികയും, താനും, ഗാന്ധാരിയും, ദ്രൗപദിയും അനുഭവിച്ച അവഗണനയും അപമാനങ്ങളും കുന്തിയിൽ പലപ്പോഴും ധാർമ്മിക രോഷമുണർത്തുന്നുണ്ട്[249]. അതിന്റെ ബഹിർഗമനമാണ് രാജസഭയിലെത്തി ച്ചേർന്ന കുന്തിയുടെ വാക്കുകളിൽ കാണുന്നത്[250]. ദ്രൗപദിയെ അപമാനിച്ച പ്പോൾ നിഷ്ക്രിയരായി നിന്ന തന്റെ മക്കളെ ഭീരുക്കളായി കുന്തി കാണുന്നു.

അപമാനിയ്ക്കപ്പെടുന്ന എല്ലാ സ്ത്രീത്വവും സ്വന്തം മാതാവിന്റേതാണെന്ന് വിശ്വസിയ്ക്കാത്തവരെ ശക്തന്മാരെന്നോ നീതിമാന്മാരെന്നോ വിശേഷിപ്പിയ്ക്കാനാവില്ല എന്ന് ധർമ്മത്തിന് ഭാവശൂന്യമായ അർത്ഥം കണ്ടെത്തിയ അവരെ വിമർശിയ്ക്കുന്നു[251]. സ്ത്രീത്വത്തിന്റെ ദൗർബ്ബല്യവും, ശക്തിയും ഈ കഥാപാത്രത്തിൽ തെളിഞ്ഞുകാണുന്നു.

---

247. അതേ പുസ്തകം, പു.164.
248. അതേ പുസ്തകം, പു.98,99.
249. അതേ പുസ്തകം, പു.20,21,58,86,94,96,98.
250. അതേ പുസ്തകം, പു.158,159,160.
251. അതേ പുസ്തകം, പു.167.

## വിദുരർ

വെറുമൊരു ധർമ്മോപദേശകനല്ല ഇവിടെ വിദുരർ. ദാസീപുത്രനായ തുകൊണ്ട് തനിയ്ക്ക് നിഷേധിയ്ക്കപ്പെട്ട രാജ്യത്തിന്റെ സിംഹാസനത്തിൽ തന്റെ പുത്രനിരിയ്ക്കാൻ ആഗ്രഹിച്ചവൻ[252]. ജ്യേഷ്ഠന്റെ ദൗർബ്ബല്യമറിഞ്ഞ് ആ സാദ്ധ്യത ദുരുപയോഗപ്പെടുത്തി തന്റെ ആഗ്രഹം നിറവേറ്റാൻ ഉപായം കണ്ടവൻ[253], തന്റെ പുത്രനെ സിംഹാസനത്തിലവരോധിയ്ക്കാൻ എന്തും ചെയ്യാൻ തയ്യാറായവൻ, അതിനുവേണ്ടി മാത്രം പാണ്ഡവർക്കു സംരക്ഷണം നൽകാൻ തയ്യാറായവൻ – ഇങ്ങനെ, മൂലകൃതിയിൽ ധർമ്മത്തിന്റെ പ്രതിരൂപമായി നാമറിയുന്ന വിദുരന് മറ്റൊരു വ്യക്തിത്വമാണ് നോവലിസ്റ്റ് നൽകുന്നത്. വിദുരപുത്രനാണ് യുധിഷ്ഠിരനെന്ന് വ്യാഖ്യാനിയ്ക്കപ്പെടുന്നതിന്റെ കാരണം കണ്ടെത്താൻ താൻ ചെയ്ത ശ്രമമാണതെന്ന് നോവലിസ്റ്റ് തന്നെ പറയുന്നുണ്ട്[254].

പാണ്ഡവരെ എല്ലാ ദുരന്തങ്ങളിൽ നിന്നും രക്ഷിയ്ക്കുന്നത് വിദുരനാണ്. പാണ്ഡുവിന്റെ മരണശേഷം ധൃതരാഷ്ട്രർ അധികാരം സ്വയമേറ്റെടുത്തപ്പോൾ കുന്തിയോടും മക്കളോടും ഹസ്തിനപുരത്തുവന്ന് താമസിയ്ക്കാൻ പറഞ്ഞു. അധികാരം കയ്യടക്കണമെന്നുപദേശിച്ചു[255].

കുട്ടികളുടെ പിതൃത്വത്തെപ്പറ്റി ദുർവ്വാസാവിന്റെ വരമനുസരിച്ച് ദേവദത്തരാണെന്ന് പറയണമെന്നുപദേശിച്ചു[256].

വസുദേവൻ കുന്തിയേയും മക്കളേയും കൊണ്ടുപോകാനൊരുങ്ങിയപ്പോൾ തടസ്സം പറഞ്ഞു[257].

മകൻ സിംഹാസനാവകാശിയാകണമെങ്കിൽ ദുരിതങ്ങൾ പലതും

252. അതേ പുസ്തകം, പു.98.
253. അതേ പുസ്തകം, പു.81.
254. അതേ പുസ്തകം, 'കുറ്റസമ്മതം', പു.16.
255. അതേ പുസ്തകം, പു.96.
256. അതേ പുസ്തകം, പു.97.
257. അതേ പുസ്തകം, പു.98.

സഹിയ്ക്കേണ്ടിവരുമെന്ന് കുന്തിയ്ക്ക് മുന്നറിയിപ്പ് നൽകി[258].

വാരണാവതത്തിലെ അപകടസൂചനയറിഞ്ഞ് രക്ഷപ്പെടാനുള്ള വഴികൾ നിർദ്ദേശിയ്ക്കുകയും സഹായിക്കുകയും ചെയ്തു[259].

കാട്ടിൽ കഴിയുന്ന അമ്മയുടേയും സഹോദരങ്ങളുടേയും കൂടെ ഭീമസേനൻ സദാ ഉണ്ടായിരിയ്ക്കണമെന്നറിയിച്ചു[260].

ഹസ്തിനപുരം വിഭജിയ്ക്കാനുള്ള തീരുമാനത്തെ വിദുരർ ആകും വിധം എതിർക്കുന്നുണ്ട്. ഘോരനാശം തടയാനുള്ള ഭീഷ്മരുടെ ശ്രമമായതിനാൽ ഏറെ പ്രതികൂലിയ്ക്കാൻ കഴിഞ്ഞില്ല[261].

ചൂതുകളിയ്ക്കുള്ള ക്ഷണം താൻ സ്വീകരിയ്ക്കുകയാണെന്ന് രാജാവിന്റെ അധികാരത്തോടെ യുധിഷ്ഠിരൻ ഉറപ്പിച്ചു പറഞ്ഞപ്പോൾ കൂടുതൽ ഒന്നും പറയാനായില്ല വിദുരർക്ക്[262].

വംശപാരമ്പര്യം നോക്കിയാണ് രാജ്യാവകാശം നിശ്ചയിയ്ക്കുന്നതെങ്കിൽ എന്ന് അർദ്ധോക്തിയിൽ നിർത്തുന്ന വിദുരരുടെ വാക്കുകളിൽ[263] രാജ്യാവകാശം നിഷേധിയ്ക്കപ്പെട്ടതിന്റെ പ്രതിഷേധം തെളിയുന്നുണ്ട്.

## ഗാന്ധാരി

ഗാന്ധാരിയുടെ വ്യക്തിത്വത്തിൽ ഏറെ വ്യത്യാസങ്ങൾ കാണുന്നില്ല. തന്റെ മക്കൾക്ക് രാജ്യാവകാശം ലഭിയ്ക്കണമെന്ന് ആഗ്രഹിയ്ക്കുകയും കിട്ടാതെ വന്നപ്പോൾ ദുഃഖിയ്ക്കുകയും ചെയ്തിട്ടുണ്ട്[264]. പക്ഷേ അത് അധർമ്മമാർഗ്ഗത്തിൽ നേടിയെടുക്കണമെന്ന് കരുതുന്നില്ല. ഭീമനെ കാണാനില്ലെന്ന വാർത്തയറിഞ്ഞപ്പോൾ ഗാന്ധാരിയും ദുഃഖിയ്ക്കുന്നുണ്ട്[265].

258. അതേ പുസ്തകം, പു.98.
259. അതേ പുസ്തകം, പു.121,122.
260. അതേ പുസ്തകം, പു.130.
261. അതേ പുസ്തകം, പു.148.
262. അതേ പുസ്തകം, പു.152.
263. അതേ പുസ്തകം, പു.98.
264. അതേ പുസ്തകം, പു.89.
265. അതേ പുസ്തകം, പു.109.

രാജ്യം വിഭജിയ്ക്കപ്പെട്ടപ്പോൾ അത് സ്വീകരിയ്ക്കാൻ കുന്തിയെ ഉപദേശിച്ചത് സ്വാർത്ഥത കൊണ്ടായിരുന്നില്ല, രാജനീതിയുടെ അന്യായമറിയുന്നതു കൊണ്ടായിരുന്നു. യുദ്ധമുണ്ടായാൽ വേദനിയ്ക്കുക പുത്രരെ നഷ്ടപ്പെട്ട അമ്മമാരാണ്. വിധവകളും അനാഥസന്തതികളും നിറഞ്ഞ രാജ്യത്തിൽ ശാന്തി ലഭിയ്ക്കില്ല. അതു കൊണ്ടാണ് ഗാന്ധാരി വിട്ടുവീഴ്ചയാവശ്യപ്പെട്ടത്[266].

കുന്തി വധുവായെത്തിയ ദിവസം പ്രണമിച്ചപ്പോൾ ഗാന്ധാരി നൽകിയ ആശീർവ്വാദം ധർമ്മചിന്തയും കർമ്മശേഷിയുമുള്ള സൽപുത്രന്മാർ ജനിയ്ക്കട്ടെ എന്നായിരുന്നു. മറ്റാരും അങ്ങനെയൊരു വരം കൊടുത്തിരുന്നില്ല[267]. ഹസ്തിനപുരത്തുവന്നു പിറക്കുന്ന ആണ്മക്കൾക്കുണ്ടാകുന്ന കുറവെന്തെന്നും, അതു കൊണ്ട് രാജ്യത്തിന് സംഭവിയ്ക്കുന്ന നാശമെന്തെന്നും സ്ത്രീകൾക്കുണ്ടാകുന്ന നഷ്ടങ്ങളെന്തെന്നും അറിയുന്ന ഗാന്ധാരിയാണ്[268]. ആ ആശീർവ്വാദം നൽകുന്നത്.

ദ്രൗപദി വസ്ത്രാക്ഷിപ്തയായ സദസ്സിൽ കടന്നുവന്ന് മകനോട് ജ്യേഷ്ഠപത്നിയെ അപമാനിച്ച നിനക്ക് പെറ്റമ്മയെ അപമാനിയ്ക്കാമായിരുന്നില്ലേ എന്നു ചോദിയ്ക്കുന്നിടത്ത്[269] ഒരു സ്ത്രീയുടെ പ്രതികരണമനോഭാവമാണ് കാണുന്നത്. പതിവ്രതയുടെ ശാപത്തെ ഭയമില്ലാതായോ എന്ന് ഭർത്താവിനോടും ചോദിയ്ക്കുന്നു[270]. ആ ശാപത്തെ ഗാന്ധാരി ഭയക്കുന്നതു കൊണ്ടാണ് ദ്രൗപദിയെ തടഞ്ഞുകൊണ്ട് ഭർത്താവിനേയും മകനേയും ചോദ്യം ചെയ്തത്.

ഗാന്ധാരിയുടെ ധർമ്മബോധം ശരിയ്ക്ക് മനസ്സിലായിരുന്നുവെങ്കിലും ധർമ്മാനുഷ്ഠാനങ്ങൾക്ക് ഗാന്ധാരി നൽകുന്ന വ്യാഖ്യാനം കുന്തിയ്ക്ക്

266. അതേ പുസ്തകം, പു.153.
267. അതേ പുസ്തകം, പു.61.
268. അതേ പുസ്തകം, പു.21.
269. അതേ പുസ്തകം, പു.21.
270. അതേ പുസ്തകം, പു.21.

ശരിയായി തോന്നിയില്ല[271]. പാതിവ്രത്യപാലനത്തിന്റെ പേരിൽ അടച്ചു കെട്ടിയ ആ കണ്ണുകൾ മക്കളെ കാണാൻ പോലും ഗാന്ധാരി തുറന്നില്ല. ആ കരുത്ത് മാതൃഭാവത്തിന് അഭംഗിയല്ലേ എന്ന് കുന്തിയ്ക്ക് തോന്നി[272]. ഗാന്ധാരിയ്ക്കാരോടാണ് വൈരാഗ്യം, പാതിവ്രത്യധർമ്മം നിറവേററാനാണെങ്കിൽ സ്വന്തം കണ്ണുകളിലൂടെ ഭർത്താവിന് കാഴ്ച നൽകുകയല്ലേ ചെയ്യേണ്ടിയിരുന്നതെന്നും കുന്തിയ്ക്ക് സംശയം തോന്നി[273]. യുക്തിബോധത്തോടെ കാര്യങ്ങൾ മനസ്സിലാക്കുന്ന ദാസി മാതംഗി അനീതിയ്ക്കെതിരായി കണ്ണ് മൂടിക്കെട്ടിയ  ഗാന്ധാരിയ്ക്ക് നീതി നിലനിർത്താനായി അതഴിയ്ക്കേണ്ടി വരും എന്ന് കുന്തിയോട് പറയുന്നുണ്ട്[274]. ഗാന്ധാരിയുടെ കണ്ണ് മൂടിക്കെട്ടിയ ആ തുണി അന്ധനെ വരിയ്ക്കേണ്ടിവന്നതിന്റെ പ്രതിഷേധം തന്നെയാണെന്നാണല്ലോ വ്യക്തമാകുന്നത്.

## യുധിഷ്ഠിരൻ

ധൃതരാഷ്ട്രരിൽ നിന്നും അധികാരം പാണ്ഡുവിലേയ്ക്കെത്തിയത് വിദുരരുമായുള്ള ഒരു കരാറിന്മേലായിരുന്നു – ദുർബ്ബലനായ പാണ്ഡുവിന്റെ രാജ്ഞിയ്ക്ക് ആദ്യം ജനിയ്ക്കുന്ന കുഞ്ഞ്  – ഹസ്തിനപുരത്തിന്റെ അടുത്ത അവകാശി – വിദുരന്റേതായിരിക്കണം. കരാറനുസരിച്ചതിന്റെ ഫലമായി, മകന് യമധർമ്മന്റെ ഗുണവൈശിഷ്ട്യങ്ങൾ പ്രാർത്ഥിച്ച കുന്തിയ്ക്ക പിറന്ന മകനാണ് യുധിഷ്ഠിരൻ[275].

യുവരാജാവാണെന്ന ബോധത്തോടെ, പ്രതീക്ഷയോടെ യുധിഷ്ഠിരൻ വളർന്നു, കവിഞ്ഞ പക്വത പെരുമാറ്റത്തിലും സംഭാഷണത്തിലും വരുത്താൻ ശ്രമിച്ചു. അനുജന്മാരെ ഉപദേശിയ്ക്കും. തരം കിട്ടുമ്പോഴെല്ലാം ഭീമനെ

271. അതേ പുസ്തകം, പു.61.
272. അതേ പുസ്തകം, പു.103.
273. അതേ പുസ്തകം, പു.60.
274. അതേ  പുസ്തകം, പു.107.
275. അതേ പുസ്തകം, പു.85,88.

കുറ്റപ്പെടുത്തും[276]. അഭ്യാസക്കാഴ്ചയ്ക്ക് കുന്തി വരണമെന്ന് സഹോദര ന്മാർ ആഗ്രഹിച്ചപ്പോൾ വിധവകൾ വരാൻ പാടില്ല എന്നു പറഞ്ഞതിൽ നിന്നും[277] ആരോടും മാനസികമായ ഒരടുപ്പം യുധിഷ്ഠിരനില്ലെന്ന് തോന്നിപ്പോകും.

ഹിഡിംബിയോടൊപ്പം ഭീമനെ കണ്ട യുധിഷ്ഠിരൻ അരിശത്തോടെയും പരിഹാസത്തോടെയുമാണ് പ്രതികരിച്ചത്[278]. ഹിഡിംബനെ ഭീമൻ വധിച്ച ദിവസം കുന്തി ഹിഡിംബിയെ വധുവാക്കാൻ തീരുമാനിച്ചു. കാട്ടിൽ ജീവിയ്ക്കുമ്പോൾ ഹിഡിംബിയുടെ കൂട്ടരുടെ സഹായം ആവശ്യമാണെന്ന തിനെക്കുറിച്ച് അമ്മ പറഞ്ഞപ്പോഴെങ്കിലും മനസ്സിലായതുകൊണ്ടാകാം അപ്പോൾ നീതിശാസ്ത്രങ്ങളുടെ സഹായം തേടി അമ്മയുടെ തീരുമാനമിളക്കാൻ യുധിഷ്ഠിരൻ ശ്രമിച്ചില്ല[279].

വാരണാവതയാത്ര ധൃതരാഷ്ട്രരും ദ്രോണരും പ്രോത്സാഹിപ്പിച്ചപ്പോൾ യുധിഷ്ഠിരനാണൊരുങ്ങുന്നത്, അനുജന്മാരെ പ്രേരിപ്പിയ്ക്കുന്നതും[280].

എന്തിനാണ് യുധിഷ്ഠിരൻ യുവരാജാവ് ചമഞ്ഞ് സ്വയം അപഹാ സ്യനാകുന്നത് എന്ന് കുന്തി വേദനയോടെ ചിന്തിയ്ക്കുന്നു[281]. ചിന്തിയ്ക്കാനോ കാര്യങ്ങൾ മനസ്സിലാക്കാനോ യുധിഷ്ഠിരൻ ശ്രമിയ്ക്കുന്നില്ല എന്നും വിചാ രിയ്ക്കുന്നു[282].

പക്ഷേ ദ്രൗപദീസ്വയംവരം കഴിഞ്ഞ് തിരിച്ചെത്തിയ മക്കളോട് പങ്കിട്ടെ ടുക്കാൻ കാര്യമറിയാതെന്നവണ്ണം പറയുന്ന അമ്മയെ തടയാൻ ശ്രമിച്ച ഭീമ നോട് തടയരുതെന്നും അമ്മ വീൺവാക്കുകൾ പറയാറില്ലെന്നും പറഞ്ഞ് മ്ലാനവദനനായിരിക്കുകയാണ് യുധിഷ്ഠിരൻ[283]. ആ മ്ലാനതയെക്കുറിച്ച്

276. അതേ പുസ്തകം, പു.104,105.
277. അതേ പുസ്തകം, പു.110.
278. അതേ പുസ്തകം, പു.127,128.
279. അതേ പുസ്തകം, പു.135.
280. അതേ പുസ്തകം, പു.121.
281. അതേ പുസ്തകം, പു.128.
282. അതേ പുസ്തകം, പു.115.
283. അതേ പുസ്തകം, പു.141.

കൂടുതലൊന്നും പറയുന്നില്ല.

ചൂതുകളിയ്ക്കാനുള്ള ക്ഷണം സ്വീകരിയ്ക്കാനുള്ള തീരുമാനത്തെ കുറിച്ച് യുധിഷ്ഠിരൻ കുന്തിയോടൊന്നും ചോദിയ്ക്കുന്നില്ല, പറയുന്നില്ല. തന്നെയുധിഷ്ഠിരൻ പരിഗണിയ്ക്കാത്തതിൽ കുന്തിയ്ക്ക് വേദനയുണ്ട്. യുവരാജാവിന് മാതാവിന്റെ അനുവാദം ആവശ്യമില്ലല്ലോ എന്ന് ചിന്തിയ്ക്കുന്നു[284].

എന്തും വിദുരൻ പറയുംപോലെ ചെയ്യുക എന്നൊരു നിഷ്ക്രിയത്വം പലപ്പോഴും യുധിഷ്ഠിരൻ പാലിയ്ക്കുന്നുണ്ട്[285].

മൂലകൃതിയിൽ നിന്നും വ്യത്യസ്തമായി അധികാരമോഹവും, അഹന്തയും, ഭീരുത്വവും, പുച്ഛവും, നിഷ്ക്രിയത്വവും, ദ്രൗപദിയിലുള്ള മോഹവുമെല്ലാമുള്ള വ്യക്തിയാണിവിടെ യുധിഷ്ഠിരൻ.

**ഭീമൻ**

ഹസ്തിനപുരത്തിന്റെ അടുത്ത അവകാശി തനിയ്ക്ക് കുന്തിയിൽ ജനിയ്ക്കുന്ന ഈ പുത്രനാകണമെന്ന് ധൃതരാഷ്ട്രർ ആഗ്രഹിച്ച, കരുത്തും സ്നേഹവും ആത്മബലവുമുണ്ടാകണമെന്ന് വായുദേവനോട് കുന്തി പ്രാർത്ഥിച്ച ഫലമായി ജനിച്ച മകനാണ് ഭീമസേനൻ. സ്നേഹത്തിനുമുന്നിൽ മാത്രം ദുർബ്ബലനാകുന്നവൻ[286], നാട്യങ്ങളില്ലാത്തവൻ, തന്റെ വിശ്വാസങ്ങളിൽ ഉറച്ചു നിൽക്കുന്നവൻ, അമ്മയേയും സഹോദരങ്ങളേയും രക്ഷിയ്ക്കേണ്ടവനാണ് താനെന്ന കരുതൽ പുലർത്തുന്നവൻ[287] – ഇതാണീ നോവലിലെ ഭീമസേനൻ.

ധാർത്തരാഷ്ട്രരുടെ ശത്രുത നിശ്ശബ്ദമായി സഹിയ്ക്കുമ്പോഴും ഉള്ളിൽ എതിർപ്പുണ്ട് ഭീമന്[288]. തന്നെ കൊല്ലാനവർ ശ്രമിച്ചതോടെ മുഖം

284. അതേ പുസ്തകം, പു.156
285. അതേ പുസ്തകം, പു.131.
286. അതേ പുസ്തകം, പു.
287. അതേ പുസ്തകം, പു.
288. അതേ പുസ്തകം, പു.106.

തെളിഞ്ഞു ചിരിച്ചിട്ടില്ല, ആ സംഭവം മറന്നിട്ടില്ല[289]. ശത്രുവിനെ ബന്ധുവായി കരുതാത്തവനും, കർമ്മാചരണവേളയിൽ നീതിയും നിയമവും സ്വയം വിധിയ്ക്കുന്നവനുമാണ് ഭീമൻ[290].

രാജസഭയിൽ നിന്ന് ഇറങ്ങിപ്പോകുന്ന കുന്തിയെ മടക്കിവിളിയ്ക്കാൻ പിറകെ ചെല്ലുന്നത് ഭീമനാണ്[291]. വാരണാവതത്തിലെ അപകടമറിഞ്ഞ് സഹായിച്ച വിദുരരെ അഭിനന്ദിയ്ക്കാനും[292], സ്വയംവരമണ്ഡപത്തിൽ വെച്ച് കർണ്ണൻ പ്രകടിപ്പിച്ച വൈദഗ്ദ്ധ്യത്തെ പുകഴ്ത്താനും[293] ഭീമൻ മടിയ്ക്കുന്നില്ല. കാര്യങ്ങളെന്തും ചുഴിഞ്ഞ് ചിന്തിയ്ക്കാനും ശരിയായി ഗ്രഹിയ്ക്കാനുമുള്ള കഴിവ് ഭീമൻ പലപ്പോഴും പ്രകടിപ്പിയ്ക്കുന്നുണ്ട് –

സുഹൃത്തായ സൂതനെ അംഗരാജാവാക്കാൻ ദുര്യോധനൻ നടത്തിയ നാടകമാണ് അഭ്യാസക്കാഴ്ചയിൽ സംഭവിച്ചതെന്ന് ഊഹിയ്ക്കുന്നു – ദുര്യോധനന് ശൗര്യമുള്ള ഒരു വളർത്തുനായയെ ആവശ്യമുള്ളതിനാൽ[294].

സുധോധനൻ, ശകുനി, കർണ്ണൻ–കൂട്ടുകെട്ട് ചതിയ്ക്കുള്ള നീക്കങ്ങൾ നടത്തുന്നുണ്ടെന്നും അമ്മ അനുവദിച്ചാൽ താനും അർജ്ജുനനും കൂടുതൽ വിദ്യ അഭ്യസിയ്ക്കാമെന്നും ഭീമൻ പറഞ്ഞു[295].

തങ്ങളിൽ ഒരാൾക്ക് ഭരണമില്ലെങ്കിൽ ശതശൃംഗത്തിൽ കഴിയുക തന്നെയാണ് നല്ലതെന്ന് അഭിപ്രായപ്പെട്ടു[296].

മഹാരാജാവാകുമെന്ന പ്രതീക്ഷയിൽ യുധിഷ്ഠിരൻ മറ്റൊന്നും ശ്രദ്ധിക്കുന്നില്ലെന്നും അർജ്ജുനന് വില്ലാളി വീരനാകണമെന്ന ചിന്ത

289. അതേ പുസ്തകം, പു.109.
290. അതേ പുസ്തകം, പു.134.
291. അതേ പുസ്തകം, പു.161.
292. അതേ പുസ്തകം, പു.122.
293. അതേ പുസ്തകം, പു.142.
294. അതേ പുസ്തകം, പു.113.
295. അതേ പുസ്തകം, പു.114.
296. അതേ പുസ്തകം, പു.106.

മാത്രമേയുള്ളുവെന്നും കൗരവരുടെ നിലപാടിൽ ഇവരുടെ അശ്രദ്ധ അപകടമാകും എന്നും ഭീമൻ മനസ്സിലാക്കുന്നു[297].ചതിയും കുത്തുവാക്കുകളും കൊണ്ട് മനസ്സു തളർത്തി തങ്ങളെ ജയിയ്ക്കാൻ കൗരവരെ സമ്മതിയ്ക്കില്ലെന്നും, അമ്മയെപ്പറ്റി മോശമായി പറഞ്ഞാൽ താൻ ക്ഷമിയ്ക്കില്ലെന്നും, തനിയ്ക്കീ സിംഹാസനം ആവശ്യമില്ലെന്നും ഭീമൻ പറഞ്ഞു[298].

യഥാർത്ഥ അവകാശിയെത്തുമ്പോൾ പടിയിറങ്ങേണ്ട പ്രതിപുരുഷൻ അത് ചെയ്യുന്നില്ലെന്നും, അർഹതയും യോഗ്യതയും ഇല്ലാത്തവനാണ് നാടുവാഴുന്നതെന്നും അവകാശിയായ അമ്മ ഔദാര്യമർത്ഥിച്ചെന്നപോലെ മാറിനിൽക്കുമ്പോൾ ആ സ്ഥാനത്ത് ഗാന്ധാരിയിരിയ്ക്കുന്നുവെന്നും വിമർശിച്ചു[299].

കർണ്ണനിൽ എന്തോ രഹസ്യമുണ്ടെന്ന് ഭീമൻ ഊഹിയ്ക്കുന്നു[300].

ചൂതുകളിയുടെ സമയത്ത് ഹസ്തിനപുരത്തേയ്ക്ക് അമ്മയും ദ്രൗപദിയും വരേണ്ടെന്ന് പറയാനുള്ള ഉൾക്കാഴ്ചയുണ്ട്[301].

ദേശാടനത്തിനായി യാത്ര തിരിച്ച അർജ്ജുനനെ ഏകനായി ജയിക്കുന്ന അങ്കങ്ങളും നേടുന്ന ബന്ധങ്ങളും ദൃഢമായിരിയ്ക്കുമെന്നാണുപദേശിയ്ക്കുന്നത് – യുധിഷ്ഠിരനോടുള്ള പ്രതിഷേധത്തിന്റെ ലാഞ്ഛന ഈ വാക്കുകളിലുണ്ട്[302].

സ്നേഹത്തിന്റെ ദൗർബ്ബല്യവും, അമർഷത്തിന്റെ ശക്തിയും, ആര് ചെയ്യുന്ന അനീതിയോടുള്ള പ്രതിഷേധവും, ഉത്തരവാദിത്തബോധവും, നിസ്വാർത്ഥതയും, വിവേകവും ഒത്തിണങ്ങിയ ഒരു കഥാപാത്രമായാണ് ഭീമസേനനെ നോവലിസ്റ്റ് അവതരിപ്പിച്ചിരിയ്ക്കുന്നത്.

297. അതേ പുസ്തകം, പു.114.
298. അതേ പുസ്തകം, പു.114.
299. അതേ പുസ്തകം, പു.114,115.
300. അതേ പുസ്തകം, പു.115.
301. അതേ പുസ്തകം, പു.153.
302. അതേ പുസ്തകം, പു.151.

## അർജ്ജുനൻ

അജയ്യനും, സ്ത്രീകളെ ആകർഷിയ്ക്കാനും സംതൃപ്തരാക്കാനും മതിയായ സൗന്ദര്യവും, കരുത്തുമുള്ള മകനെയാണ് കുന്തി ഇന്ദ്രദേവനോടർത്ഥിച്ചത്. ഈ മകന് ജന്മം കൊടുക്കാനാണ് കുന്തി ഏറെ ആത്മനിന്ദയനുഭവിച്ചത്[303]. ഈ മകനെച്ചൊല്ലിയാണഭിമാനിച്ചതും[304]. യഥാർത്ഥ പാണ്ഡു പുത്രനും ഹസ്തിനപുരത്തിന്റെ അവകാശിയും അർജ്ജുനനാണെങ്കിലും അത് വെളിപ്പെടുത്താൻ കുന്തിയ്ക്ക് കഴിയുമായിരുന്നില്ല[305]. പട നയിയ്ക്കുവാനും വിജയിയ്ക്കുവാനുമാണ് താൻ പിറന്നതെന്ന് ഭാവമായിരുന്നു അർജ്ജുനന്[306]. വില്ലാളിവീരനെന്ന പ്രശസ്തിയാണാഗ്രഹം[307]. മറ്റൊരു വില്ലാളിയെക്കുറിച്ച് കേട്ടാൽ കലി കയറും[308]. വാരണാവതത്തിലെ സംഭവത്തിനുശേഷം കാട്ടിൽ താമസിയ്ക്കുമ്പോൾ മറ്റു രാജാക്കന്മാരുമായി സഖ്യം ചെയ്ത് ധൃതരാഷ്ട്രരോട് യുദ്ധം ചെയ്യണം, കർണ്ണന്റെ ശിരസ്സറുക്കണം എന്നൊക്കെ അർജ്ജുനൻ യുധിഷ്ഠിരനെ പ്രേരിപ്പിയ്ക്കാൻ ശ്രമിയ്ക്കുന്നുണ്ട്[309].

യുധിഷ്ഠിരനോടിടയുന്ന ശീലമുണ്ട് അർജ്ജുനന്[310]. ജ്യേഷ്ഠന്റെ നിഷ്ക്രിയത്വത്തെ പരിഹസിയ്ക്കുന്നുണ്ട്[311]. അഭ്യാസക്കാഴ്ച കാണാൻ വിധവകൾ അമംഗളകാരികളായതിനാൽ അമ്മയ്ക്ക് വരാൻ കഴിയില്ല എന്ന് യുധിഷ്ഠിരൻ പറഞ്ഞപ്പോൾ ഭീഷ്മരോട് പറഞ്ഞ് കുന്തിയ്ക്ക് വരാനനുവാദം നേടിയത് അർജ്ജുനനാണ്[312]. ഹിഡിംബിയും ഭീമനും തമ്മിലുള്ള ബന്ധം കുന്തി സമ്മതിച്ചതിനെ അരിശത്തോടെയും പരിഹാസത്തോടെയും

303. അതേ പുസ്തകം, പു.93.
304. അതേ പുസ്തകം, പു.105.
305. അതേ പുസ്തകം, പു.132.
306. അതേ പുസ്തകം, പു.105.
307. അതേ പുസ്തകം, പു.114.
308. അതേ പുസ്തകം, പു.113
309. അതേ പുസ്തകം, പു.131.
310. അതേ പുസ്തകം, പു.105.
311. അതേ പുസ്തകം, പു.131.
312. അതേ പുസ്തകം, പു.110.

യുധിഷ്ഠിരനെതിർത്തത് അർജ്ജുനനെ കുപിതനാക്കി[313].ഹിഡിംബനെ ഭീമൻ വധിച്ചപ്പോൾ തേങ്ങിയ ഹിഡിംബിയോട് കയർത്തുകൊണ്ടാണ് അർജ്ജുനൻ കാര്യമന്വേഷിച്ചത്. അത് തന്റെ സഹോദരനായിരുന്നുവെന്ന് ഹിഡിംബി പറഞ്ഞപ്പോൾ അയാളുടെ മുഖം വിളറി[314]. വില്ലാളി വീരനാകണ മെന്ന മോഹവും ലക്ഷ്യവും, ഒരു രാജാവിനു വേണ്ട വീര്യം യുധിഷ്ഠിരൻ പ്രകടിപ്പിയ്ക്കാത്തതിലുള്ള ദേഷ്യം, എല്ലാവരോടുമുള്ള സ്നേഹം – ഇതൊ ക്കെയാണിവിടെ അർജ്ജുനനിൽ കാണുന്നത്. സ്ത്രീവിഷയവുമായി അർജ്ജുനനെ ബന്ധപ്പെടുത്തുന്ന സംഭവങ്ങളൊന്നുംഇവിടെ പറയുന്നില്ല. ദ്രൗപദിയുടെ കാര്യം തന്നെ ചെറിയൊരു പരാമർശമേയുള്ളൂ[315]. പാണ്ഡുവിന്റെ ബലഹീനതയിലും, തനിയ്ക്കന്യപുരുഷന്മാരെ സ്വീകരിയ്ക്കേണ്ടിവന്ന ആത്മനിന്ദയിലുമുള്ള ദുഃഖം കാരണമാകാം കുന്തി സ്ത്രീകളെ ആകർഷി യ്ക്കാനും തൃപ്തിപ്പെടുത്താനുമുള്ള കഴിവ് മകനു വേണമെന്ന് പ്രാർത്ഥിച്ചുവെന്ന് നോവലിസ്റ്റ് ചേർത്തത്.

### കൃഷ്ണൻ

പാണ്ഡുവിന്റെ മരണാനന്തരം പൃഥയെ കൂട്ടിക്കൊണ്ടുപോകാൻ വസുദേവരെത്തിയപ്പോൾ കൂടെ ബലരാമനും കൃഷ്ണനുമുണ്ടായിരുന്നു. പൃഥയെ അയയ്ക്കണമെന്ന് ശകുനിയും അരുതെന്ന് ഭീഷ്മരും വിദുരരും വാദിച്ചു. അന്ന് ചെറിയ കുട്ടിയായിരുന്നെങ്കിലും ഇതെല്ലാം കണ്ടും കേട്ടും നിന്ന കൃഷ്ണന്റെ കണ്ണുകളിൽ ദുഃഖവും കോപവുമുണ്ടായിരുന്നു[316].

പിന്നീട് ധാർത്തരാഷ്ട്രരുടെ ഉപദ്രവം കൊണ്ട് കുന്തിയ്ക്കും മക്കൾക്കും ദുരിതങ്ങളനുഭവിയ്ക്കേണ്ടി വന്നപ്പോൾ സഹായിക്കാൻ കൃഷ്ണനെത്തിച്ചേരുന്നുണ്ട്.

313. അതേ പുസ്തകം, പു.128.
314. അതേ പുസ്തകം, പു.135.
315. അതേ പുസ്തകം, പു.142.
316. അതേ പുസ്തകം, പു.144.

കൃഷ്ണ മഹാറാണിയാകേണ്ടവളാണെന്നും യുധിഷ്ഠിരൻ മറ്റൊരു വിവാഹം ചെയ്യരുതെന്നും കൃഷ്ണൻ കുന്തിയോട് പറയുന്നുണ്ട്[317].

കുന്തി കൃഷ്ണനെ മകന്റെ സ്ഥാനത്തു തന്നെയാണ് കാണുന്നത്. അഞ്ചു പുത്രന്മാരുടേയും സാന്നിദ്ധ്യം കൃഷ്ണന്റെ സ്പർശനത്തിൽ കുന്തി അറിയുന്നുണ്ട്[318]. തന്റെ മക്കൾക്ക് തുണയായി നിൽക്കാൻ, അവരെ ലക്ഷ്യ ത്തിലേയ്ക്കെത്തിക്കാൻ കുന്തി കൃഷ്ണന്റെ സഹായമാണ് തേടുന്നത്[319]. കർണ്ണന്റെ ജന്മരഹസ്യവും കൃഷ്ണനോട് പറഞ്ഞു. എല്ലാ പ്രതീക്ഷയും കൃഷ്ണനിലർപ്പിച്ച് യാത്രയാകുന്ന കുന്തിയ്ക്ക് കൃഷ്ണന്റെ പുഞ്ചിരിയാണ് മോക്ഷത്തിന്റെ മാർഗ്ഗത്തിൽ വെളിച്ചമാകുന്നത്[320].

കൃഷ്ണനെ ഒരു മികച്ച രാജ്യതന്ത്രജ്ഞനായും, കുന്തിയോട് ഏറെ സ്നേഹമുള്ള സഹോദരപുത്രനായുമാണ് നോവലിസ്റ്റ് കാണുന്നത്. അതിനു താഴെയേ ദ്രൗപദിയുടെ സഹോദരസ്ഥാനീയൻ, അർജ്ജുനന്റെ സുഹൃത്ത് എന്നീ സ്ഥാനങ്ങൾക്ക് പ്രാധാന്യം നൽകുന്നുള്ളൂ. അഞ്ചു മക്കളുടേയും ഗുണങ്ങൾ ഒന്നിച്ച് കൃഷ്ണനിൽ കാണാനും തന്റെ കടമ കൃഷ്ണനിൽ അർപ്പിയ്ക്കാനും കുന്തിയ്ക്ക് വിശ്വാസമുണ്ടായി എന്ന് സങ്കല്പിച്ചതും അതു കൊണ്ടു തന്നെ.

## കർണ്ണൻ

ദുർവ്വാസാവിൽ നിന്നും അനുഗ്രഹവും വരവും ലഭിച്ച കുന്തി ആ നിർവൃതിയോടെയും, അതിഥിമന്ദിരത്തിലെ മുനികുമാരന്റെ പ്രണയാർദ്രമായ വാക്കുകൾ നൽകിയ ലഹരിയോടെയും സൂര്യദേവൻ എന്ന വിചാരത്തോടെ പ്രാപിച്ചത് മുനികുമാരനെയായിരുന്നു. താനെന്നും ആരാധിയ്ക്കുന്ന സൂര്യദേവൻ തന്റെ തേജസ്സ് ആ പുത്രനിലുണ്ടായിരിക്കുമെന്ന്

317. അതേ പുസ്തകം, പു.144.
318. അതേ പുസ്തകം, പു.166.
319. അതേ പുസ്തകം, പു.166.
320. അതേ പുസ്തകം, പു.166,167.

അരുളിച്ചെയ്തതായി അവൾക്കു തോന്നി. ആ പുത്രനാണ് കർണ്ണൻ. ജനിച്ച കുഞ്ഞിനെ ഒരു നോക്ക് കണ്ട് ഉപേക്ഷിച്ചു[321].

പിന്നീട് കർണ്ണൻ രംഗപ്രവേശം ചെയ്യുന്നത് അഭ്യാസക്കാഴ്ചയുടെ സമയത്ത് അർജ്ജുനന്റെ എതിരാളിയായാണ്[322].

ഒരിയ്ക്കൽ കർണ്ണൻ സുയോധനന്റെ കൂടെ ചെന്ന് കുന്തിയുടെ കാൽ തൊട്ട് വന്ദിയ്ക്കുകയുണ്ടായി. അമ്മയുടെ കണ്ണുകളിലെ വാത്സല്യത്തിന്റെ അർത്ഥം അന്നു കർണ്ണനു മനസ്സിലായില്ല[323].

ദ്രൗപദീ വസ്ത്രാക്ഷേപത്തിനുശേഷം രാജസഭയിൽ വന്നു സംസാരിച്ച കുന്തി ഗുണവാനാണെന്ന് താനറിഞ്ഞ കർണ്ണന്റെ യശസ്സ് ദ്രൗപദിയെ അപമാനിച്ച തിലൂടെ കളങ്കപ്പെട്ടിരിയ്ക്കുന്നുവെന്നും അതിനു പ്രായശ്ചിത്തം ചെയ്യേണ്ടി വരുമെന്നും അന്ന്  ഒരമ്മയുടെ വേദനകൂടി ഓർക്കണമെന്നും പറഞ്ഞു. സുയോധനൻ നൽകിയ കിരീടം ചതികൾക്ക് മൂകസാക്ഷിയാക്കി നിർത്തി തേജോവധം ചെയ്യുമെന്നും ഓർമ്മിപ്പിച്ചു[324].

സഭ വിട്ടിറങ്ങിയ കുന്തീദേവിയെ പിന്തുടർന്നെത്തിയ കർണ്ണൻ കുറ്റബോധത്തിന്റെ സ്വരത്തിലാണ് സംസാരിച്ചത്. അംഗരാജകിരീടം നൽകിയ അസ്വാതന്ത്ര്യം താനിന്ന് തിരിച്ചറിഞ്ഞിരിയ്ക്കുന്നുവെന്ന് ഏറ്റുപറഞ്ഞു. സൂതനായി ജീവിച്ചപ്പോഴും ക്ഷത്രിയത്വത്തിന്റെ ആകർഷണവും ആചാര്യ ന്മാരുടെ പരിഹാസവചനങ്ങളും തന്റെ മനസ്സിലുണ്ടാക്കിയ ആസുരഭാവമാണ് തന്നെ ആ ദുഷ്പ്രവൃത്തിയ്ക്ക് പ്രേരിപ്പിച്ചതെന്നും പറഞ്ഞു. ഒന്നും തുറന്നു പറയാൻ കഴിയാതെ കുന്തി കർണ്ണനെ ഉപേക്ഷിച്ച അമ്മ ഏതോ ഒരു പാരതന്ത്ര്യ ത്തിന്റെ പേരിലാണത് ചെയ്തതെന്ന് മാത്രം പറഞ്ഞു. കുന്തി തന്റെ അമ്മയാണെന്ന്

321. അതേ പുസ്തകം, പു.41,42,46.
322. അതേ പുസ്തകം, പു.110.
323. അതേ പുസ്തകം, പു.152.
324. അതേ പുസ്തകം, പു.161.

തിരിച്ചറിഞ്ഞ കർണ്ണൻ താൻ അമ്മയുടെ വേദനയെന്തെന്ന് മനസ്സിലാക്കുന്നുവെന്ന് സാന്ത്വനിപ്പിച്ചു[325].ധർമ്മിഷ്ഠനായ, തന്റെ തെറ്റുകൾ തിരിച്ചറിയുന്ന അമ്മയുടെ മനസ്സറിഞ്ഞ് കുറ്റപ്പെടുത്താതെയും വേദനിപ്പിയ്ക്കാതെയും സാന്ത്വനിപ്പിയ്ക്കുന്ന ഹൃദയവിശാലതയാണ് ഇവിടെ കർണ്ണനിൽ കാണുന്നത്. കുന്തിയും കർണ്ണനും തമ്മിൽ കണ്ടുമുട്ടുന്ന ഇതിഹാസസന്ദർഭം താൻ സ്വീകരിയ്ക്കാതിരുന്നത് അതാ വ്യക്തിത്വത്തിൽ കളങ്കം ചാർത്തുന്നതായി തോന്നുന്നതിനാലാണ് എന്ന് നോവലിസ്റ്റ് തന്നെ പറഞ്ഞിട്ടുണ്ട്.[326] ആ അമ്മയ്ക്കും മകനും ചേർന്ന സമാഗമം ഇതുതന്നെയാണ് എന്ന് അവർ കരുതുന്നു.

## ധൃതരാഷ്ട്രർ

ധൃതരാഷ്ട്രരെ അതികാമിയും ദുരാത്മാവുമായാണ് നോവലിൽ അവതരിപ്പിച്ചിരിയ്ക്കുന്നത്.

അനുജപത്നി ആദ്യമായി മുന്നിൽ നമസ്ക്കരിച്ചപ്പോൾ അവളുടെ സൗന്ദര്യം മനക്കണ്ണുകൊണ്ട് കണ്ട ധൃതരാഷ്ട്രർ പിന്നീട് ശതശൃംഗത്തിൽ വെച്ച് കുന്തിയെ സമീപിയ്ക്കുകയുണ്ടായി. കുന്തിയിൽ തനിയ്ക്കു ജനിയ്ക്കുന്ന പുത്രൻ കിരീടാവകാശിയാകണമെന്നും, അതിനു കുന്തി തന്നെ പാണ്ഡുവിനെ നിർബ്ബന്ധിയ്ക്കണമെന്നും, വിദുരപുത്രൻ മൂത്തവനെങ്കിലും ഉപദേഷ്ടാവാകട്ടെ എന്നും[327] പറഞ്ഞു. ദുർവൃത്തിയ്ക്കുള്ളിലും ചതി ഒളിപ്പിച്ചുവെച്ചുവെന്നർത്ഥം.

ഗാന്ധാരി ഭക്തിയുടെ മാർഗ്ഗം സ്വീകരിച്ചപ്പോൾ ധൃതരാഷ്ട്രർ കാമസംതൃപ്തിയ്ക്ക് ദാസിയെ സ്വീകരിച്ചു. അവളിൽ ജനിച്ച യുയുത്സുവെന്ന പുത്രന്റെ പിതൃത്വം ഏറ്റെടുത്തു. ആ തെറ്റിന് പരിഹാരമെന്ന നിലയിൽ

325. അതേ പുസ്തകം, പു.163,164.
326. അതേ പുസ്തകം, പു.90,91.
327. അതേ പുസ്തകം, പു.120.

ശകുനിയ്ക്കു വിധേയനായി[328].

സുയോധനന്റെ തെറ്റുകൾക്ക് കൂട്ടുനിന്നുവെങ്കിലും പാണ്ഡവരെ കൊല്ലാനനുവദിച്ചില്ല[329].

പാണ്ഡവരുടെ മുഖ്യശത്രു ധൃതരാഷ്ട്രരാണെന്ന് കുന്തി കരുതുന്നുണ്ട്[330].

## സത്യവതി

ഇച്ഛിച്ചത് എന്തും നേടി ശീലിച്ച, മനുഷ്യജീവിതങ്ങളേയും അവരുടെ ഹൃദയവ്യാപാരങ്ങളേയും സ്വേച്ഛ പോലെ പന്താടി ശീലിച്ച അധികാര മോഹിയായാണ് സത്യവതിയെ നോവലിൽ അവതരിപ്പിയ്ക്കുന്നത്[331]. എല്ലാവരും സത്യവതിയെ പ്രഭാതത്തിൽ മുഖം കാണിയ്ക്കണം[332]. രാജ്ഞിയുടെ അനുമതിയില്ലാതെ കൊട്ടാരത്തിൽ ക്ഷത്രിയസ്ത്രീകൾക്ക് വികാരമുണ്ടാകാൻ പാടില്ല[333] എന്നിങ്ങനെയുള്ള പരാമർശങ്ങൾ സത്യവതിയുടെ അധികാര പ്രമത്തതയാണ് സൂചിപ്പിയ്ക്കുന്നത്.

## അംബാലിക

കുലാഭിമാനത്തിന്റെ പേരിൽ നശിപ്പിയ്ക്കപ്പെട്ടുപോയ സ്ത്രീത്വമാണ് ഇവിടെ അംബാലികയിൽ കാണുന്നത്. ചെറുപ്പത്തിലുണ്ടായ വിവാഹം[334], വിവാഹശേഷം അംബികയുമായുണ്ടായ അകൽച്ച[335], അംബയുടെ ശാപം കൊണ്ടുള്ള ദേഷ്യം തീർക്കാൻ വിചിത്രവീര്യൻ ഭാര്യമാരെ അവഗണിച്ച് ദാസിമാരുമായി രമിച്ച് വരുത്തിത്തീർത്ത അകാലമൃത്യു[336], വൈധവ്യത്തിലും

328. അതേ പുസ്തകം, പു.120.
329. അതേ പുസ്തകം, പു.119.
330. അതേ പുസ്തകം, പു.165.
331. അതേ പുസ്തകം, പു.68.
332. അതേ പുസ്തകം, പു.74.
333. അതേ പുസ്തകം, പു.79.
334. അതേ പുസ്തകം, പു.72.
335. അതേ പുസ്തകം, പു.74.
336. അതേ പുസ്തകം, പു.76.

വ്യാസന് മണിയറയൊരുക്കിയപ്പോൾ പുത്രൻ കിരീടാവകാശിയാകും എന്ന് മോഹിച്ചതും പുത്രന് വ്യാസശാപമേറ്റതിന്റെ പേരിൽ തകർന്നത്[337] – അംബാലികയുടെ ജീവിതത്തിലെ ദുരിതങ്ങൾ എടുത്തു കാണിച്ച് നോവലിസ്റ്റ് ആ കഥാപാത്രത്തിന് പ്രാധാന്യവും വ്യക്തിത്വവും നൽകുന്നു. ക്ഷത്രിയ സ്ത്രീയുടെ വിധിയേയും ധർമ്മത്തേയും കുറിച്ചും,സപത്നീ ദുഃഖത്തിനു പകരം രാജ്യാവകാശം നഷ്ടപ്പെടാതിരിയ്ക്കാനുള്ള മാർഗ്ഗത്തെക്കുറിച്ചും ചിന്തിയ്ക്കാനുള്ള ബുദ്ധി[338] തന്റെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ തന്നെ അംബാലിക കുന്തിയ്ക്കുപദേശിച്ചുകൊടുത്തു.

ഗംഗ

ഗംഗയോടാണ് കുന്തി ഹസ്തിനപുരത്തിന്റേയും തന്റേയും കഥ പറയുന്നത്. പലപ്പോഴും ഗംഗ തന്റെ പൂർവ്വകാലത്തെക്കുറിച്ചും മകനെക്കുറിച്ചും ഓർക്കുന്നു[339].

സത്യവതിയെ ശന്തനു സ്നേഹിച്ചതറിഞ്ഞ് തനിയ്ക്കുണ്ടായ ദുഃഖം ഒരു തരത്തിൽ സപത്നീദുഃഖം തന്നെ[340].

ഭീഷ്മശപഥത്തിൽ അഭിമാനിച്ചു, ആ ശപഥത്തിന്റെ വൈഫല്യത്തിൽ ദുഃഖിച്ചു[341].

എല്ലാറ്റിലുമുപരി നോവലിസ്റ്റ് ഈ കഥാപാത്രനിബന്ധനം നടത്തിയത് ഭൂമിയിൽ മാനവരാശിയുടെ പാപം ഏറ്റുവാങ്ങാൻ അവതാരമെടുത്ത ഗംഗ മനുഷ്യരുടെ സാംസ്ക്കാരികാധഃപതനവും, ധർമ്മാധർമ്മങ്ങളുടെ ദൗർബ്ബല്യവും. മൂല്യച്യുതിയും ഓർത്ത് ലജ്ജിയ്ക്കുകയും ദുഃഖിയ്ക്കുകയും ചെയ്യുന്നുവെന്ന്[342] പരാമർശിയ്ക്കാനാണ്.

337. അതേ പുസ്തകം, പു.79.
338. അതേ പുസ്തകം, പു.83.
339. അതേ പുസ്തകം, പു.54.
340. അതേ പുസ്തകം, പു.70.
341. അതേ പുസ്തകം, പു.75,104.
342. അതേ പുസ്തകം, പു.168.

# ആഖ്യാനരീതി

കൃഷ്ണനാണ് തന്നെ ആദ്യം ആകർഷിച്ച കഥാപാത്രമെന്നും, ആ ചിന്ത കൾ കുന്തിയിലേക്കെത്തിയ്ക്കുകയായിരുന്നുവെന്നും നോവലിസ്റ്റ് പറയുന്നു. ക്ഷത്രിയധർമ്മമറിയുന്ന ക്ഷത്രിയസ്ത്രീയിൽ ഉണ്ടാകുന്ന അധികാരമോഹ മറിയുന്നവളും, ലക്ഷ്യബോധം കൈവിടാത്തവളുമാണ് കുന്തി. ദ്രൗപദി അപമാനിതയായ കൊട്ടാരത്തിൽ താമസം തുടരാനോ, പതിമൂന്നു വർഷം കൊണ്ട് കൗരവർക്ക് മനംമാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിയ്ക്കാനോ, പുത്രന്മാരെ ആവേശഭരിതരാക്കി യുദ്ധക്കളത്തിലേയ്ക്കയയ്ക്കാനോ, അവരെ കൊണ്ട് കർണ്ണന്റെ മരണാനന്തരകർമ്മങ്ങൾ ചെയ്യിയ്ക്കാനോ, കർണ്ണനെ ജന്മരഹസ്യം പറഞ്ഞ് പാണ്ഡവപക്ഷത്തേയ്ക്ക് ചേർക്കാനോ, ദുഷ്പ്രവൃത്തി ചെയ്ത മകനെ ശാസിയ്ക്കാതിരിയ്ക്കാനോ, ആ മകനെ അപരാധിയായി കാണിയ്ക്കാനോ – ഈ കുന്തി ഒരുമ്പെടില്ലെന്ന് നോവലിസ്റ്റ് കരുതുന്നു. അതാണ് തന്റെ വ്യാഖ്യാനത്തിന്റെ വ്യത്യസ്തതയ്ക്ക് കാരണമെന്ന് അവർ പറയുന്നു[343].

സഹോദരർ തമ്മിലുള്ള പോരും മരണവും, ഭർത്തൃനാശവും പുത്ര നാശവും കണ്ട് കരയുന്ന സ്ത്രീകളും – ഇതൊന്നും കാണാനാകില്ലെന്ന ഭീരുത്വം മക്കളറിയരുത്, തന്റെ അഭാവം കൊണ്ടാണ് അവർ ശക്തരാകേ ണ്ടത് എന്നുറപ്പിച്ച്[344] കൊട്ടാരം വിട്ടിറങ്ങി ഗംഗാതീരത്തെത്തുന്ന കുന്തിയിൽ നിന്ന് കഥ തുടങ്ങുന്നു. വരാനിരിയ്ക്കുന്ന യുദ്ധത്തിലും തുടർന്നും തന്റെ മക്കൾക്ക് തുണയായിരിയ്ക്കണമെന്ന് കൃഷ്ണനെ ഏല്പിച്ചതു വരെയുള്ള കഥ കുന്തിയിൽ നിന്നറിഞ്ഞ് അവസാനം സൂര്യദേവനിൽ കുന്തി തന്റെ ആത്മാവ് വിലയിപ്പിയ്ക്കുന്നതുകണ്ട് ഗംഗ അവളുടെ ആത്മാവിനെ ആശീർവ്വദിയ്ക്കുന്നിടത്ത് കഥ അവസാനിയ്ക്കുന്നു.

---

343. അതേ പുസ്തകം, 'കുറ്റസമ്മതം', പു.12–16.

344. അതേ പുസ്തകം, പു.22.

മറ്റെന്തും ക്ഷത്രിയത്വത്തിനു പിറകിലേയ്ക്ക് മാറ്റിനിർത്തുന്ന വീരവനിതയാണിവിടെ കുന്തി. പുരുഷന്മാരുടെ ആഗ്രഹങ്ങൾക്കും, അതിമോഹങ്ങൾക്കും, കല്പനകൾക്കും, ദുഷ്ടതകൾക്കും നിർവ്വികാരരായി വശംവദരാകേണ്ടി വരുന്ന സ്ത്രീകളുടെ പ്രതിഷേധമാണീ നോവലിൽ തെളിയുന്നത്. അത് ഇതിഹാസ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിയ്ക്കുന്നുവെന്ന് മാത്രം കുന്തി, ഗംഗ, സത്യവതി, അംബാലിക – എന്നിങ്ങനെ സ്ത്രീകഥാപാത്രങ്ങൾക്ക് കൂടുതൽ വ്യക്തിത്വം നൽകി ഉയർത്തിക്കാണിയ്ക്കുമ്പോൾ സ്ത്രീകൾക്കനുഭവിയ്ക്കേണ്ടി വരുന്ന ദുരിതങ്ങളും അതിലുള്ള പ്രതിഷേധവുമാണ് പ്രകടമാകുന്നത്. പക്ഷേ ആ വീക്ഷണ കോണിലൂടെ നോക്കിയപ്പോൾ നോവലിസ്റ്റ് ഇതിഹാസത്തിൽ നിന്നു പുറത്തു കടക്കുകയാണുണ്ടായത്. അതുകൊണ്ട് പ്രത്യേകിച്ചൊരു ലക്ഷ്യം നിറവേറ്റാനും കഴിയുന്നില്ല. ആ സമൂലമായ മാറ്റം ഇതിഹാസത്തിന്റെ സമഗ്രത നോവലിലേയ്ക്കാവിഷ്ക്കരിയ്ക്കുന്നതിലും, തന്മൂലം നോവലിന്റെ വിശ്വാസ്യതയിലുമൊക്കെ തകർച്ചയുണ്ടാക്കുകയും ചെയ്തു.

ഇതിഹാസാന്തരീക്ഷത്തിന് അനുയോജ്യമായ ഭാഷ അവതരിപ്പിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭാഷയുടെ കാവ്യാത്മകതയും ഹൃദ്യമാണ്. കുന്തിയുടെ സൂര്യപ്രണയം നോവലിസ്റ്റിനെ ആകർഷിച്ചിട്ടുണ്ട്. ജി.ശങ്കരക്കുറുപ്പിന്റെ സൂര്യകാന്തി എന്ന കവിതയിലെ വരികൾ ആമുഖമായി ചേർത്തിരിയ്ക്കുന്നു.

## 5. വ്യാധഭാരതം (1999)

ഏകലവ്യനെ കേന്ദ്രസ്ഥാനത്തുനിർത്തി കെ.പി.ജെയിംസ് രചിച്ച നോവലാണ് 'വ്യാധഭാരതം'. ഇതിഹാസകഥാസന്ദർഭങ്ങളെത്തന്നെയാണ് ആധാരമായി സ്വീകരിച്ചിരിയ്ക്കുന്നതെങ്കിലും വളരെയേറെ വ്യത്യസ്തതകൾ പുലർത്തുന്ന ഒരു നോവലാണിത്. പേരു സൂചിപ്പിയ്ക്കുംപോലെത്തന്നെ

ഇത് വ്യാധന്റെ –ഏകലവ്യന്റെ കഥയാണ്. ഒരു പ്രതിലോമമായ നിരീക്ഷണമാണിവിടെ കാണുന്നത്. ഏകലവ്യൻ, പാണ്ഡവർ, കർണ്ണൻ, കൃഷ്ണൻ, കൗരവർ, ദ്രോണർ, ഹിഡിംബി, ഘടോൽക്കചൻ, ചാർവ്വാകൻ തുടങ്ങിയ ഇതിഹാസകഥാപാത്രങ്ങളെത്തന്നെയാണ് ഇവിടേയും സ്വീകരിച്ചിരിയ്ക്കുന്നത്. ഗന്ധവതി, ഏകമാലി എന്ന് രണ്ട് കല്പിത കഥാപാത്രങ്ങൾ കൂടിയുണ്ട്. വീക്ഷണം താഴെ നിന്ന് മുകളിലേയ്ക്കാകുമ്പോൾ കഥാസന്ദർഭങ്ങളിലും കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിലുമൊക്കെ സമൂലമായ മാറ്റങ്ങൾ തന്നെ കാണുന്നു.

**കഥാസന്ദർഭങ്ങൾ**

(1) പാണ്ഡവരുടെ ബാല്യം[345] (2)ഏകലവ്യന്റെ അസ്ത്രാഭ്യാസത്തിനുള്ള അപേക്ഷ ദ്രോണർ നിരസിച്ചത്[346] (3) ഏകലവ്യനോട് ഗുരുദക്ഷിണ വാങ്ങിയത്[347] (4) വാരണാവതവും തുടർന്നുണ്ടായ സംഭവങ്ങളും[348] (5) ഘടോൽക്കചജനനം[349] (6) ഖാണ്ഡവദഹനം[350] (7) പാണ്ഡവരുടെ വനവാസം[351] (8) ഘടോൽക്കചനും പാണ്ഡവരും കാണുന്നത്[352] (9) യുദ്ധം[353] (10)ഘടോൽക്കചവധം[354] (11) കർണ്ണവധം[355] (12) ചാർവ്വാകവധം[356] (13) യാദവവംശനാശം[357]

–ഇത്രയും ഇതിഹാസസന്ദർഭങ്ങൾ ഈ നോവലിൽ പരാമർശിയ്ക്കപ്പെടുന്നുണ്ട്.

## മാറ്റം വരുത്തിയിരിക്കുന്ന കഥാസന്ദർഭങ്ങൾ വ്യത്യാസങ്ങൾ– കാരണങ്ങൾ

1) വേടരാജാവായ ഹിരണ്യധനുസ്സിന്റേയും ഹീരയുടേയും മകനാണ് ഏകലവ്യൻ. കാടിന്റെ നിയമങ്ങളനുസരിച്ച് ജീവിയ്ക്കുന്ന വേടർ. ഹീരയെ മാക്കാൻ കൊന്നു. അച്ഛനും മകനും ദുഃഖമല്ലാതെ കോപമോ, പകയോ ഇല്ല. കാട്ടിലെ മൃഗങ്ങളെ അവരാക്രമിയ്ക്കില്ല. വേടരെ നാട്ടാരും ആക്രമിയ്ക്കാറുണ്ട്.

345 –357. ജെയിംസ്.കെ.പി.,*വ്യാധഭാരതം* (ഡി.സി.ബുക്സ്, കോട്ടയം, 1999), പു.23–24. 28, 76, 86, 91, 89,101,101,122,127,132,136,139.

ആയുധാഭ്യാസമില്ലാത്ത വേടർ നിസ്സഹായരാണ്[358].

2) ഹസ്തിനപുരത്തേയ്ക്ക് മരുന്നും കൊണ്ടു ചെല്ലുന്ന അച്ഛന്റെ കൂടെയാണ് ഏകലവ്യൻ ആദ്യമായി കൊട്ടാരത്തിൽ ചെന്നത്. അവിടെ അഭ്യാസക്കളരിയിൽ വെച്ചാണ് പാണ്ഡവ-കൗരവകുമാരന്മാരേയും കർണ്ണനേയും കാണുന്നത്. അർജ്ജുനന്റെ അസ്ത്രപ്രയോഗപാടവം, യുധിഷ്ഠിരന്റെ ശാന്തത, അനാവശ്യമായി കോപിയ്ക്കുന്ന ഭീമസേനന്റെ ആക്രമണോത്സുകത, ദുര്യോധനന്റെ ഗദായുദ്ധപാടവം, കർണ്ണന്റെ അസ്ത്രവൈദഗ്ദ്ധ്യം, ചമയങ്ങളില്ലാതെ ഒറ്റപ്പെട്ടു നിൽക്കേണ്ടി വന്ന അവസ്ഥ – ഇതെല്ലാം ഇവിടെ സൂചിപ്പിയ്ക്കുന്നു[359].

3) ഏകലവ്യൻ തനിയ്ക്ക് അസ്ത്രവിദ്യ പഠിയ്ക്കണമെന്നർത്ഥിച്ച് ദ്രോണർക്ക് മുന്നിലെത്തിയപ്പോൾ അദ്ദേഹം ദയയോടെയാണത് നിഷേധിച്ചത്. ഭീമനാണ് ആക്ഷേപിയ്ക്കുന്നത്[360]. ദ്രോണരെ ഇവിടെ പാണ്ഡവപക്ഷപാതിയായ ഗുരുവായാണ് കാണിയ്ക്കുന്നത്. സ്വന്തം താല്പര്യത്തിനനുസരിച്ചല്ല അവരുടെ പ്രേരണയാലാണ് അദ്ദേഹം തെറ്റായി പ്രവർത്തിയ്ക്കുന്നത്. പാണ്ഡവരെ ഇവിടെ അധർമ്മികളായാണവതരിപ്പിച്ചിരിയ്ക്കുന്നത്. അതായിരിക്കാം ഈ മാറ്റം.

4) ചിത്രസേനന്റെ അനുയായികളെകൊന്ന കാട്ടാളരെ തിരഞ്ഞ് കാട്ടിലെത്തിയപ്പോഴാണ് ഏകലവ്യന്റെ വൈദഗ്ദ്ധ്യം ദ്രോണരും പാണ്ഡവരും കാണുന്നത്. ഗുരുദക്ഷിണ ആവശ്യപ്പെട്ട ദ്രോണർ ഏകലവ്യൻ ദക്ഷിണ നൽകാൻ തയ്യാറാണെന്ന് കണ്ടപ്പോൾ അത് എന്തായിരിയ്ക്കണമെന്ന് ചിന്തിച്ചു തുടങ്ങി. വീണ്ടും ഏകലവ്യനെത്തേടിയെത്തിയ ദ്രോണർ പ്രലോഭിപ്പിച്ച് വശംവദനാക്കാനാണ് ആദ്യം ശ്രമിച്ചത്. നടക്കില്ലെന്ന് കണ്ടപ്പോൾ കയ്യിലെ കുറച്ച് മാംസം ആവശ്യപ്പെട്ടു. ആപദ്ഭീതിയില്ലാതെ ഗുരുദക്ഷിണ നൽകാനൊരുങ്ങിയ

358. അതേ പുസ്തകം, പു.14–16.
359. അതു പുസ്തകം, പു.17,22–25.
360. അതേ പുസ്തകം, പു.28.

ഏകലവ്യന്റെ വലംകൈയിലെ പെരുവിരൽ ദ്രോണർ മുറിച്ചെടുത്തു[361]. മൂലകൃതിയിൽ പാണ്ഡവരെ സഹായിക്കാനെത്തിയ അർജ്ജുനപത്നി ചിത്രാംഗദയുടെ ബന്ധു ചിത്രസേനൻ ഇവിടെ വേടത്തികളെ അപഹരിയ്ക്കാനെത്തിയ രാജാവായിരിയ്ക്കുകയാണ്. അമാനുഷികാംശങ്ങൾക്ക് പ്രാധാന്യം കൊടുക്കുവാനോ പാണ്ഡവരുടെ മേന്മ ഉയർത്തിക്കാണിക്കാനോ ഇവിടെ നോവലിസ്റ്റ് ശ്രമിയ്ക്കുന്നില്ല. രാജപുത്രന്മാരെന്ന നിലയ്ക്ക് പാണ്ഡവരുടെ അഹങ്കാരവും, ശത്രുവിനെ എങ്ങനേയും ഇല്ലായ്മ ചെയ്യാനുള്ള ദുഷ്ടബുദ്ധിയുമാണ് നോവലിസ്റ്റ് ഇവിടെ പ്രകടമാക്കാനുദ്ദേശിയ്ക്കുന്നത്. ചിന്തിക്കാനുള്ള അവസരം കിട്ടിയ ദ്രോണർക്ക് പാണ്ഡവപ്രേരണയുമുണ്ടാകാം.അവരുടെ പ്രീതിയ്ക്കും പ്രതിഫലത്തിനും വേണ്ടി യത്നിയ്ക്കുന്ന ഗുരുവാണല്ലോ ഇവിടെ ദ്രോണർ.

5) ഹിരണ്യവനമുപേക്ഷിച്ചുള്ള ഒരു യാത്രയിൽ ഏകലവ്യൻ ചാർവ്വാകനെന്ന വേടനെ കണ്ടുമുട്ടി. തങ്ങൾ മരിച്ചെന്നു കേട്ടാൽ കൗരവർ സന്തോഷിയ്ക്കുമോ, ദുഃഖിയ്ക്കുമോ എന്നറിയാൻ പാണ്ഡവർ അരക്കില്ലമെന്നു കരുതി കാട്ടിലെ സുഖവാസമന്ദിരത്തിന് തീവെച്ചു. തങ്ങൾ അഗ്നിയ്ക്കിരയായിയെന്ന് തെളിയിക്കാൻ ഒരു വേടത്തിയേയും മക്കളേയും ചതിച്ചു. അവർ ചാർവ്വാകന്റെ അമ്മയും അനുജന്മാരുമായിരുന്നു. പോകുന്ന പോക്കിൽ ഒരു കാട്ടാളയുവതിയെ ഗർഭിണിയാക്കി. അവൾ ഗോത്രത്തിൽ നിന്നും ബഹിഷ്കൃതയായി. ഇപ്പോൾ ഖാണ്ഡവ വനത്തിനരികിൽ കൊട്ടാരം തീർത്തു കുടിയേറ്റക്കാരായ നാട്ടുകാരെ ഭരിയ്ക്കുകയാണ് പാണ്ഡവർ – ചാർവ്വാകൻ പറഞ്ഞ കഥയാണിത്[362]. ദുര്യോധനന്റെ സുഹൃത്തായ ചാർവ്വാകൻ എന്ന രാക്ഷസൻ ഇവിടെ വേടനായിരിയ്ക്കുന്നു. കൗരവരുടെ ചതിപ്രയോഗമായ അരക്കില്ലം

361. അതേ പുസ്തകം, പു.68–72,74–76.

362. അതേ പുസ്തകം, പു.86.

പാണ്ഡവർ ഒരു രസത്തിന് ചെയ്ത നിസ്സാരസംഭവവും, ഹിഡിംബിയുമായുള്ള ബന്ധവും പാണ്ഡവരുടെ അത്യാചാരത്തിന്റെ കഥയാക്കിയിരിയ്ക്കുന്നു. പാണ്ഡവർ ദുരാചാരികളാണെന്ന് വരുത്തിത്തീർക്കാൻ ഉണ്ടാക്കിയിരിയ്ക്കുന്ന മാറ്റങ്ങളാണിത്.

6) പാണ്ഡവരുപേക്ഷിച്ചു പോയ ഹിഡിംബിയ്ക്ക് ഏകലവ്യൻ അഭയം കൊടുത്തു. ഒരിയ്ക്കൽ അവൾക്കു വേണ്ടി പച്ചമരുന്ന് ശേഖരിയ്ക്കാൻ പോയി ഏകലവ്യൻ തിരിച്ചുവരവേയാണ് ഖാണ്ഡവവനത്തിന് തീ പിടിച്ചു കണ്ടത്. ആരോ മനഃപൂർവ്വം കാടിനു തീയിട്ടതാണ്. രക്ഷപ്പെടാൻ ശ്രമിയ്ക്കുന്നവരെ കൊന്നൊടുക്കുന്ന ആയുധധാരികളെ ഏകലവ്യൻ ആക്രമിച്ചു കൊന്ന് ഹിഡിംബിയേയുമെടുത്ത് ഓടി രക്ഷപ്പെട്ടു[363]. ഖാണ്ഡവദഹനത്തിന്റെ കഥയും പാണ്ഡവരുടേതെന്ന് പറയുന്നില്ലെങ്കിലും സവർണ്ണരുടെ അത്യാചാരമാക്കി രചിച്ചിരിയ്ക്കുന്നു. ഏകലവ്യന്റെ സാഹസികത പ്രകടിപ്പിയ്ക്കാനുള്ള ഒരവസരമായും ഈ സന്ദർഭം നോവലിസ്റ്റ് ഉപയോഗിയ്ക്കുന്നു.

7) ഇന്ദ്രപ്രസ്ഥം പണി കഴിപ്പിച്ചുകൊടുത്ത മയൻ ഇവിടെ ഒരു തച്ചനാണ്. ഖാണ്ഡവ ദഹനത്തിൽ എല്ലാവരും നഷ്ടപ്പെട്ട തച്ചൻ പ്രതികാരമായി നല്ലൊരു കൊട്ടാരമുണ്ടാക്കിക്കൊടുത്തു. ചതിയ്ക്കാൻ തച്ചന്മാർക്കറിയാത്തതിനാൽ അതൊരരക്കില്ലമാക്കിയില്ല[364]. അവർണ്ണരുടെ ഹൃദയവിശാലത കാണിയ്ക്കാനുള്ള സന്ദർഭമാണിത്.

8) വനത്തിൽ വെച്ച് ഘടോൽക്കചൻ തന്റെ അച്ഛനേയും ബന്ധുക്കളേയും കണ്ടു. ദുര്യോധനൻ ചതിച്ചു, രാജ്യം നഷ്ടപ്പെട്ടു എന്നത് പാണ്ഡവർ പറഞ്ഞറിഞ്ഞ് ഘടോൽക്കചൻ പറയുന്നതാണ്. ഇടയ്ക്കിടയ്ക്ക് പാണ്ഡവരും ഘടോൽക്കചനും തമ്മിൽ കാണുന്നുണ്ടെന്നേ പറയുന്നുള്ളൂ[365]. സ്വന്ത

363. അതേ പുസ്തകം, പു.87–90.
364. അതേ പുസ്തകം, പു.96.
365. അതേ പുസ്തകം, പു.101.

മെന്ന് കരുതി വളർത്തിയ മകൻ തന്നിൽ നിന്നകന്ന് ശത്രുവിനോടടുക്കുന്നതു കണ്ട ഏകലവ്യന്റെ അന്തഃക്ഷോഭങ്ങൾ വ്യക്തമാക്കാനാണ് നോവലിസ്റ്റ് ഈ സന്ദർഭമുപയോഗിയ്ക്കുന്നത്.

9) പാണ്ഡവ–കൗരവയുദ്ധം ആസന്നമായിരിയ്ക്കുന്നുവെന്നും ദുര്യോധനപക്ഷത്തേയ്ക്ക് വേടരുടെ സഹായം വേണമെന്നും ചാർവ്വാകൻ ആവശ്യപ്പെട്ടു[366]. പക്ഷേ ഭീമൻ സഹായം ആവശ്യപ്പെട്ടപ്പോൾ ഘടോൽക്കചനത് സ്വീകരിച്ചു. ഘടോൽക്കചനെ വിളിയ്ക്കാൻ വന്ന പാണ്ഡവദൂതനോട് ഏകലവ്യൻ കയർത്തു.ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ അവനെ കിരീടാവകാശിയാക്കണമെന്നാവശ്യപ്പെട്ടു. ഘടോൽക്കചനത് നിസ്സാരമായിരുന്നു, അതു തന്റെ അവകാശമാണെന്നും തനിക്കത് ലഭിക്കുമെന്നും അവന് ഉറപ്പായിരുന്നു[367]. പക്ഷേ വേടൻ രാജാവാകാതിരിയ്ക്കാൻ രാത്രിയുദ്ധത്തിന് കർണ്ണന്റെ മുമ്പിലേയ്ക്ക് ഘടോൽക്കചനെ കൃഷ്ണൻ ഒറ്റയ്ക്കയച്ചു. ഘടോൽക്കചന്റെ മരണത്തിൽ യുധിഷ്ഠിരനും അർജ്ജുനനുമുണ്ടായ വിഷമം പോലും ഭീമനുണ്ടായിരുന്നില്ല. പാണ്ഡവപ്പാളയത്തിൽ ആഘോഷമായിരുന്നു. അവിടെ കയറിച്ചെന്ന് അവരെ കുറ്റപ്പെടുത്തിയ ഏകലവ്യനെ യുദ്ധനീതിയെപ്പറ്റി പഠിപ്പിയ്ക്കാൻ കൃഷ്ണൻ ശ്രമിച്ചു[368]. മൂലകൃതിയിൽ അച്ഛൻ സ്മരിയ്ക്കുന്ന നിമിഷം മുന്നിലെത്താമെന്നു പറഞ്ഞ ഘടോൽക്കചൻ ഇവിടെ അധികാരമോഹിയും ഭാഗികമായി ക്ഷത്രിയത്വം വഹിയ്ക്കുന്നവനുമാണ്. കുട്ടിക്കാലം തൊട്ടേ കേട്ട കഥകളും പാണ്ഡവരുടെ സ്വാധീനവും അവനെ ആ പക്ഷത്തേയ്ക്കു മാറ്റി. ഘടോൽക്കചന്റെ ഈ മനോഭാവവും ഏകലവ്യന്റെ വ്യഥയും പ്രകടമാക്കാനുപയോഗിച്ച സന്ദർഭമാണിത്. കൃഷ്ണനെ കുടിലബുദ്ധിയും, സ്വന്തം കാര്യസാദ്ധ്യത്തിന് വേണ്ടി എന്തു മാർഗ്ഗവും സ്വീകരിയ്ക്കുന്നവനുമായാണ് ഇവിടെ

366. അതേ പുസ്തകം, പു.104.
367. അതേ പുസ്തകം, പു.111,117–119.
368. അതേ പുസ്തകം, പു.127–129.

അവതരിപ്പിയ്ക്കുന്നത്. സമ്പന്നമായ ഹസ്തിനപുരത്തിന്റെ നിയന്ത്രണം പാണ്ഡവരുടേമേൽ സ്വാധീനം ചെലുത്തി ഏറ്റെടുക്കാൻ ഒരുങ്ങുന്ന കൃഷ്ണനന് ഘടോൽക്കചൻ രാജാവാകുന്നത് തടയേണ്ടതുണ്ട്. ഒരുബന്ധത്തോടും ആത്മാർത്ഥത പുലർത്താത്ത നീചനായാണ് ഭീമനെ അവതരിപ്പിച്ചിരിയ്ക്കുന്നത്. അച്ഛനായ ഭീമന്റേയും, വളർത്തച്ഛനായ ഏകലവ്യന്റേയും പിതൃത്വത്തേയും, കർമ്മങ്ങൾക്കു ബന്ധങ്ങളേക്കാൾ പ്രാധാന്യം കൊടുക്കുന്ന വരേണ്യവർഗ്ഗത്തേയും, ആത്മബന്ധങ്ങൾക്ക് രക്തബന്ധങ്ങളേക്കാൾ വില കല്പിയ്ക്കുന്ന അധഃസ്ഥിതവർഗ്ഗത്തേയും താരതമ്യം ചെയ്യാനാണ് നോവലിസ്റ്റ് ഈ സന്ദർഭം ഉപയോഗിച്ചിരിയ്ക്കുന്നത്.

10) കർണ്ണന്റെ ആത്മവീര്യം കെടുത്താനാവശ്യപ്പെട്ട് യുധിഷ്ഠിരൻ പ്രേരിപ്പിച്ചത് കൊണ്ടാണ് ശല്യർ കൗരവപക്ഷത്തു ചേർന്നത്. ഇളകിയ മണ്ണിലേയ്ക്ക് രഥമിറക്കി നിർത്തി പൂണ്ടുപോയ ചക്രങ്ങൾ കുതിരകൾക്കുയർത്താനാവില്ലെന്ന് ശല്യർ പറഞ്ഞപ്പോൾ, ആയുധം വെച്ച കർണ്ണനെ കൃഷ്ണൻ കൊല്ലിയ്ക്കുകയായിരുന്നു. കർണ്ണൻ മരിച്ച നിമിഷം ശല്യർ അനായാസമായി കുതിരകളെക്കൊണ്ട് രഥമുയർത്തിച്ച് ഓടിച്ച് പോവുകയും ചെയ്തു. നികൃഷ്ടരാജ്യമായ മദ്രത്തിന്റെ അധിപനെക്കൊണ്ടിതു ചെയ്യിയ്ക്കാനാകുമെന്ന് കൃഷ്ണനറിയാമായിരുന്നു. നിഷ്ക്കളങ്കനായ ദുര്യോധനന് ശല്യരുടെ ചതിയറിയാൻ കഴിഞ്ഞില്ല. പാപബോധം കൊണ്ടായിരിക്കാം, ശല്യർ പിന്നീട് പൊരുതി മരിച്ചത്[369]. കർണ്ണന്റെ ആത്മവീര്യം കെടുത്തണമെന്ന് യുധിഷ്ഠിരൻ ശല്യരോടഭ്യർത്ഥിച്ച ഇതിഹാസപരാമർശത്തെ ആധാരമാക്കിയാണ് നോവലിസ്റ്റ് ഈ സന്ദർഭം അവതരിപ്പിച്ചിരിയ്ക്കുന്നത്. പാണ്ഡവപക്ഷത്തിന്റേയും കൃഷ്ണന്റേയും ചതി കൂടുതൽ നിറം പിടിപ്പിച്ച് കാണിയ്ക്കാൻ ഈ അവസരം ഉപയോഗിച്ചിരിയ്ക്കുന്നു. ദുര്യോധനൻ വരേണ്യവർഗ്ഗസ്ഥനാണെങ്കിലും കർണ്ണന്റെ

369. അതേ പുസ്തകം, പു.132.

സുഹൃത്തും പാണ്ഡവശത്രുവും ആയതിനാലാകാം നല്ലവനായി അവതരിപ്പിച്ചിരിയ്ക്കുന്നത്. നികൃഷ്ടരാജ്യമാണ് മദ്രം എന്ന ഇതിഹാസ പരാമർശവും അനുകൂലമായി ഉപയോഗിച്ചിട്ടുണ്ട്.

11) കർണ്ണനും, ദുര്യോധനനും ചതിയിൽ വധിയ്ക്കപ്പെട്ടപ്പോൾ ചാർവ്വാകൻ താൻ ഹസ്തിനപുരിയിൽ ധർമ്മപുത്രരുടെ സിംഹാസനാരോഹണച്ചടങ്ങു നടക്കുമ്പോൾ അവിടെ കയറിച്ചെന്ന് അവരുടെ അധർമ്മങ്ങൾ വിളിച്ചു പറഞ്ഞ് അവരെ നിന്ദിയ്ക്കുമെന്ന് നിശ്ചയിച്ചു. ആപത്താണതെന്നറിയാമെങ്കിലും, പാണ്ഡവരെ ഉപദ്രവിയ്ക്കാനായി ജീവിച്ചിരിയ്ക്കണമെന്നാഗ്രഹമുണ്ടെങ്കിലും തന്റെ സുഹൃത്തായ കർണ്ണന്റെ ആത്മാവിനു വേണ്ടി താനതു ചെയ്യുമെന്ന് അയാളുറപ്പിച്ചു. വേഷപ്രച്ഛന്നനായി ഹസ്തിനപുരിയിലെത്തി യുധിഷ്ഠിരനെ നിന്ദിച്ച ചാർവ്വാകൻ വധിയ്ക്കപ്പെട്ടു. അപ്പോഴും അയാളെ പിന്തുണയ്ക്കുന്നവർ അവിടെയുണ്ടായിരുന്നു[370]. മൂലകൃതിയിലെ ദുര്യോധന സുഹൃത്തായ ചാർവ്വാകൻ എന്ന അസുരൻ ഇവിടെ കർണ്ണന്റെ സ്നേഹിതനായ വേടനായത് കർണ്ണൻ ഇവിടെ അധഃസ്ഥിതവർഗ്ഗത്തിന്റെ പ്രതിനിധിയായതിനാലാകണം. രാജസഭയിൽ ചാർവ്വാകനെ അനുകൂലിയ്ക്കുന്നവരുണ്ടായിരുന്നുവെന്ന് ചേർത്തത് അപ്പോഴും പാണ്ഡവ പക്ഷത്തിനെതിരായി കൗരവ പക്ഷത്തെ ഇഷ്ടപ്പെടുന്നവരുണ്ടായിരുന്നുവെന്ന് കാണിയ്ക്കാനാകണമല്ലോ.

12) വേടന്മാർ പ്രതികാരത്തിനൊരുങ്ങി. ഹസ്തിനപുരം കൊള്ളയടിച്ചു കിട്ടിയ ധനം ശൂദ്രർക്കും ചണ്ഡാലർക്കും കൊടുത്തു. മേൽജാതികളിൽ കുട്ടികൾക്ക് ജന്മം നൽകി. ധനം കണ്ട് ഉദ്യോഗസ്ഥർ കണ്ണടച്ചു. അന്തഃപുരങ്ങളിൽ സ്ത്രീകളുടെ കൂട്ടായി വേടർ ചെന്നു. കൊള്ളയും ആക്രമണവുമൊക്കെ പിശാചുക്കളുടെ പ്രവൃത്തിയാണെന്ന് ബ്രാഹ്മണർ പറഞ്ഞു.

370. അതേ പുസ്തകം, പു. 133,136.

വൃദ്ധരായ പാണ്ഡവർ ഭയന്നു. ബലരാമൻ മുഴുക്കുടിയനായി മാറിയിരിയ്ക്കുന്നു. കൃഷ്ണൻ അവശനാണ്. കൃഷ്ണൻ ഗോമന്തകത്തിൽ ചെയ്തത് രൈവതകത്തിൽ താൻ ചെയ്യാൻ ഏകലവ്യൻ തീർച്ചയാക്കി. പർവ്വതങ്ങളുടെ നടുവിൽ തടവിലെന്നപോലെ നിൽക്കുന്ന നദി കാലവർഷത്തിൽ നിറയുമ്പോൾ പ്രളയമുണ്ടാകും, ദ്വാരകയൊഴുകും, അഗ്നിനാശത്തിനു പ്രതികാരം പ്രളയം കൊണ്ട് – അതാണ് ഏകലവ്യൻ ചെയ്തത്[371]. മലമുകളിൽ യുധിഷ്ഠിരന്റേയും ചെരിവിൽ അനുജന്മാരുടേയും ദ്രൗപദിയുടേയും അഴുകിയ ജഡങ്ങൾ കാണപ്പെട്ടു. യുധിഷ്ഠിരന്റെ മോഹം നിറഞ്ഞ കണ്ണുകളടച്ചതും ഭീമന്റെ അഴുകിയ ജഡം സംസ്ക്കരിച്ചതും ഏകലവ്യനാണ്[372]. മഹർഷിമാരുടെ ശാപം കൊണ്ട് യാദവവംശത്തിനും ദ്വാരകയ്ക്കുമുണ്ടായ നാശം ഇവിടെ ഏകലവ്യന്റെ പ്രതികാരമായിരിയ്ക്കുകയാണ്. ചതിയനായ കൃഷ്ണൻ പണ്ട് ജരാസന്ധനോട് ചെയ്ത ചതി അതേ പ്രകാരം തന്നെ ഏകലവ്യൻ തിരിച്ചു ചെയ്തു. അത്യാചാരം സഹിയ്ക്കാനാകാതെ വന്നപ്പോൾ അധഃസ്ഥിതവർഗ്ഗം ഉയർന്ന വർഗ്ഗത്തോട് പ്രതികരിച്ച രീതി – അമിത ചൂഷണവും ദ്രോഹവും ചെയ്യുന്ന മനുഷ്യനോട് പ്രകൃതി ചെയ്യുന്ന പ്രതികാരം തന്നെയാണ് ഇവിടെ നോവലിസ്റ്റ് ആവിഷ്ക്കരിച്ചിരിയ്ക്കുന്നത്. ഹസ്തിനപുരത്ത് വേടരുണ്ടാക്കിയ നാശവും വരേണ്യവർഗ്ഗത്തോടുള്ള കലാപം തന്നെയാണ്. അന്നുവരെ നാട്ടാർ അവരോട് ചെയ്ത ക്രൂരതകൾ തന്നെയാണ് അവർ തിരിച്ചു ചെയ്തത്. വർഗ്ഗീയത സൃഷ്ടിയ്ക്കുന്ന പ്രതികാരമാണ് ഇവിടെ നോവലിസ്റ്റ് ഉദ്ദേശിയ്ക്കുന്നത്. മഹാപ്രസ്ഥാനത്തിനൊരുങ്ങി സ്വർഗ്ഗത്തിലെത്തിച്ചേർന്ന പാണ്ഡവർ ഇവിടെ മലമുകളിൽ മരിച്ചുകിടക്കുകയാണ്. സാധാരണ മനുഷ്യരെപ്പോലെ, യുധിഷ്ഠിരന്റെ കണ്ണുകളിൽ അപ്പോഴും തെളിയുന്നത് മോഹമാണ്.

371. അതേ പുസ്തകം, പു.139.
372. അതേ പുസ്തകം, പു.10.

ഏകലവ്യൻ ആ കണ്ണുകളടച്ചു. ഉന്നതന്റെ അധികാരമോഹത്തിന് തടയിട്ടത് അധഃസ്ഥിതരാണല്ലോ – സമൂഹത്തിൽ ഒരു ഘട്ടത്തിലുണ്ടായ ആ മാറ്റമാണ് ഇവിടെ സൂചിതമാകുന്നത്. ഭീമന്റെ – തനിയ്ക്കേറ്റവും വലിയ നഷ്ടങ്ങളുണ്ടാക്കിയവന്റെ ജഡം സംസ്ക്കരിച്ചതും ഏകലവ്യൻ തന്നെ. കാടിന്റെ പുത്രന്റെ, അധികാരമോഹവും, പ്രതികാരവും, അഹങ്കാരവുമില്ലാത്ത ആത്മബന്ധങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന നീചകുലജാതന്റെ ഹൃദയവിശാലത വ്യക്തമാക്കാനാകണമല്ലോ ഈ പരാമർശം. മറ്റു ജഡങ്ങൾ സംസ്ക്കരിച്ച കാര്യം പറയുന്നില്ല.

## ഏകലവ്യനും കർണ്ണനും തമ്മിലുള്ള ബന്ധം

ദ്രോണാചാര്യർ ശിഷ്യനായി സ്വീകരിയ്ക്കാനാവില്ലെന്ന് പറഞ്ഞ് ഏകലവ്യനെ കയ്യൊഴിഞ്ഞപ്പോൾ അവന്റെ കഴിയും മോഹവും അവഗണിയ്ക്കപ്പെട്ടതിലുള്ള ദുഃഖവും കണ്ട് കർണ്ണൻ അവനെ പഠിപ്പിയ്ക്കാമെന്നേറ്റു. ഇതെല്ലാം തന്റേയും അനുഭവങ്ങളായിരുന്നതുകൊണ്ടാണ് കർണ്ണൻ ഇങ്ങനെ ചെയ്തത്[373]. അസ്ത്രനിർമ്മാണവും, അസ്ത്രാഭ്യാസവും മാത്രമല്ല, വേദങ്ങളുടെ അന്തഃസാരം കൂടി കർണ്ണൻ ഏകലവ്യനെ പഠിപ്പിച്ചു. തന്നെപ്പോലെ ഋണബദ്ധനല്ല ഏകലവ്യൻ എന്നത് കർണ്ണൻ ഒരു ഭാഗ്യമായി കണക്കാക്കി, അതുകൊണ്ട് ഗുരുബന്ധത്തിന്റെ പേരിലുള്ള അടിമത്തം പോലും ഏകലവ്യനു വേണ്ടെന്നു കർണ്ണൻ പറഞ്ഞു. ചാതുർവർണ്ണ്യത്തെക്കുറിച്ച് പഠിപ്പിച്ചത് ആദരിയ്ക്കാനല്ല, അനാദരിയ്ക്കാനാണെന്നോർമ്മിപ്പിച്ചു[374].

ഏകലവ്യൻ പാമ്പിൻവിഷം നിറച്ച് പ്രയോഗിയ്ക്കാവുന്ന ഒരസ്ത്രം നിർമ്മിച്ചു കർണ്ണനു കൊടുത്തു. കർണ്ണനതിന് പിശിതോപധാസ്ത്രം എന്നു പേരു നൽകി. അത് ചതിപ്രയോഗമായതിനാൽ അതുപയോഗിയ്ക്കരുത്, ആർക്കും കൊടുക്കരുത്, നിർണ്ണായകഘട്ടത്തിൽ ചതിപ്രയോഗം നടത്തുന്ന

373. അതേ പുസ്തകം, പു.29.

374. അതേ പുസ്തകം, പു.30,31,38,45.

ശത്രുവിന്റെ മേൽ മാത്രം പ്രയോഗിയ്ക്കാൻ സൂക്ഷിച്ചുവെയ്ക്കാം എന്നുപദേശിച്ച് തിരിച്ചുകൊടുത്തു[375].

അസ്ത്രപ്രയോഗവൈദഗ്ദ്ധ്യം കൊണ്ട് പാണ്ഡവരെ ലജ്ജിപ്പിയ്ക്കുകയും ദ്രോണാചാര്യരെ അത്ഭുതപ്പെടുത്തുകയും ചെയ്യണമെന്നും ഗുരു ദ്രോണ രാണെന്നു പറയണമെന്നും കർണ്ണൻ ഏകലവ്യനെ ഉപദേശിച്ചു. ദ്രോണർ ഗുരുദക്ഷിണ ചോദിയ്ക്കുമെന്നും, പാണ്ഡവരാൽ കഴിയാത്ത ദക്ഷിണ കൊടു ക്കാമെന്നേൽക്കണമെന്നും നിർദ്ദേശിച്ചു. ആയുധം കൊണ്ടുതന്നെയാണ് ചിത്രസേനന്റെ ഭടന്മാരെ കൊന്നതെന്ന് അവരറിയട്ടെ. ഏകലവ്യൻ അതു പോലെ ചെയ്തു. പക്ഷേ ദ്രോണർ ചതിപ്രയോഗത്തിലൂടെ ഗുരുദക്ഷിണയായി ഏകലവ്യന്റെ വലംകൈയിലെ പെരുവിരലാണെടുത്തത്. ദുഃഖവും ദേഷ്യവും സഹിയ്ക്കാനാകാതെ കർണ്ണൻ ഏകലവ്യനെ ശകാരിച്ചു[376].

വളരെ കാലത്തിനു ശേഷമാണ് വീണ്ടും കർണ്ണനും ഏകലവ്യനും കാണു ന്നത്. കണ്ടപ്പോൾ കർണ്ണൻ താൻ ശകാരിച്ചതോർത്ത് ദുഃഖിച്ചു. ചാർവ്വാകന്റെ വാക്കനുസരിച്ച് കുരുക്ഷേത്രയുദ്ധത്തിൽ പങ്കുകൊള്ളാനെത്തിയ ഏകലവ്യനെ കാടിന്റെ രക്ഷയാണ് അവന്റെ കർത്തവ്യമെന്നോർമ്മിപ്പിച്ച് തിരിച്ചയച്ചു[377].

ഘടോൽക്കചന്റെ ജഡത്തിന്നരികെ വെച്ച് ഏകലവ്യനും കർണ്ണനും തമ്മിൽ വീണ്ടും കണ്ടു. കൂടെയുള്ളവർക്കു വേണ്ടി, പിന്തിരിയാതെ നിന്ന ഘടോൽക്കചനെ തനിയ്ക്കു കൊല്ലേണ്ടി വന്നുവെന്ന് കർണ്ണൻ ദുഃഖിച്ചു. അനുജന്മാരുടെ കൈ കൊണ്ടല്ലാതെ, ഘടോൽക്കചന്റെ കൈകൊണ്ട് തനിയ്ക്ക് മരിയ്ക്കാമായിരു ന്നു. ആ വിഷാസ്ത്രം അവന് കൊടുക്കാമായിരുന്നില്ലേ എന്ന് കർണ്ണൻ ഏക ലവ്യനോട് ചോദിച്ചു. കർണ്ണവധത്തിനാണെന്നറിഞ്ഞപ്പോൾ ഏകലവ്യൻ ആ അസ്ത്രം കൊടുക്കാൻ വിസമ്മതിച്ചതായിരുന്നു. ഹൃദയബന്ധങ്ങൾക്കും,

375. അതേ പുസ്തകം, പു.52.

376. അതേ പുസ്തകം, പു.65,76,77.

377. അതേ പുസ്തകം, പു.108,109.

മനഃശാന്തിയ്ക്കുമിടമുള്ള ഒരു കാട്ടാളന്റെ ജന്മം അടുത്ത ജന്മത്തിലെങ്കിലും തനിയ്ക്കു കിട്ടണമെന്ന് കർണ്ണൻ ആഗ്രഹിച്ചു. പുത്രനൊത്തവണ്ണം ഘടോൽക്കചന്റെ മൃതദേഹം സംസ്ക്കരിയ്ക്കാൻ ഏകലവ്യനോട് അനുവാദം ചോദിച്ചു[378].

അധഃസ്ഥിതവർഗ്ഗത്തിന്റെ കഥ പറയുന്നതുകൊണ്ടാകാം വ്യാധന്റെ കൂട്ടായി സൂതനെത്തന്നെ നോവലിസ്റ്റ് തെരഞ്ഞെടുത്തത്. ചില സന്ദർഭങ്ങളിൽ മനസ്സുകൾക്കുണ്ടാകുന്ന സാത്മ്യം ഈ കഥാപാത്രങ്ങളിൽ അദ്ദേഹത്തിന് കാണാനായി. ആ സാത്മ്യം, അസ്ത്രപ്രയോഗവൈദഗ്ദ്ധ്യവും പഠിപ്പിയ്ക്കാനുള്ള താല്പര്യവുമുണ്ടായിട്ടും നിഷേധിയ്ക്കപ്പെടുകയും അപമാനിയ്ക്കപ്പെടുകയും ചെയ്ത ആ അവസ്ഥ – അതാണിരുവരേയും തമ്മിലടുപ്പിച്ചത്. കർണ്ണന് തന്റെ ഉള്ളിലുള്ള ധാർമ്മികരോഷവും, വിചാരധാരയും പകർന്നു കൊടുക്കാനൊരു മനസ്സും ലഭിച്ചു. ഇങ്ങനെ ചേർന്നു വരാവുന്ന രണ്ട് ഇതിഹാസപാത്രങ്ങൾ കർണ്ണനും ഏകലവ്യനുമാണ്. അതുകൊണ്ടായിരിക്കാം തന്റെ രചനാലക്ഷ്യത്തിനായി നോവലിസ്റ്റ് ഈ ഗുരുശിഷ്യബന്ധം നിബന്ധിച്ചത്. ഗുരുദക്ഷിണയോ, കടപ്പാടോ സ്വീകരിയ്ക്കായ്ക, ഗന്ധവതിയിൽ താല്പര്യമില്ലായ്ക, ചതിപ്രയോഗങ്ങളോടുള്ള വൈമുഖ്യം, ഹൃദയബന്ധങ്ങൾക്കു കൊടുക്കുന്ന സ്ഥാനം – ഇതൊക്കെ അധഃസ്ഥിതന്റെ ഗുണങ്ങളായികണ്ട് കർണ്ണനെന്ന തന്റെ കഥാപാത്രത്തിനദ്ദേഹം നൽകി. അതുകൊണ്ടാണല്ലോ ഏകലവ്യന്റെ സാന്നിദ്ധ്യം ഗുണകരമാണെന്നറിഞ്ഞിട്ടും യുദ്ധത്തിൽ പങ്കെടുക്കാനാകാതെ കുലരക്ഷ നിർവ്വഹിച്ചാൽ മതിയെന്നുപദേശിച്ച് കർണ്ണനവനെ തിരിച്ചയച്ചത്[379].

---

378. അതേ പുസ്തകം, പു.130,131.
379. അതേ പുസ്തകം, പു.109,110.

## ഏകലവ്യനും ഗന്ധവതിയും തമ്മിലുള്ള ബന്ധം

ഏകലവ്യന്റെ അച്ഛനമ്മമാരും, ഗന്ധവതിയുടെ അച്ഛനും മാക്കാന്റെ ആക്രമണത്തിൽ മരിച്ചവരാണ്. അനാഥരായ അവർ കുട്ടിക്കാലം മുതൽക്കേ ഒരുമിച്ചു വളർന്നവരാണ്. ഗന്ധവതിയോടുള്ള സ്നേഹമാണ് പല സന്ദർഭ ങ്ങളിലും ഏകലവ്യന് കരുത്തേകുന്നത്. അവരുടെ നിഷ്കളങ്കമായ പ്രണയം വിവാഹബന്ധത്തിലെത്തുമായിരുന്നു, ചിത്രസേനൻ ഗന്ധവതിയെ ബലാൽക്കാരം ചെയ്ത് കൊന്നില്ലായിരുന്നുവെങ്കിൽ[380]. ഏകലവ്യന് നാട്ടാ രോടുള്ള പകയ്ക്ക് ആഴം കൂട്ടിയത് ഗന്ധവതിയുടെ മരണമാണ്. അതി നായി സൃഷ്ടിക്കപ്പെട്ട കഥാപാത്രമാണ് ഗന്ധവതി.

## ഏകലവ്യനും ഹിഡിംബിയും തമ്മിലുള്ള ബന്ധം

ചാർവ്വാകനിൽ നിന്നാണ് പാണ്ഡവർ ചതിച്ചുപേക്ഷിച്ച പെണ്ണിനെപ്പറ്റി ഏകലവ്യൻ കേട്ടത്. യാദൃച്ഛികമായി അവളെ ഏകലവ്യൻ കണ്ടുമുട്ടി, അഭയം നൽകി. കത്തുന്ന ഖാണ്ഡവവനത്തിൽ നിന്ന് ഗർഭിണിയായ അവളെ രക്ഷിയ്ക്കുന്നതും, അവളുടെ കുഞ്ഞിനെ കൈകളിലേറ്റുവാങ്ങി ഹൃദയത്തി ലേറ്റി വളർത്തിയതും ഏകലവ്യനാണ്. ഗന്ധവതിയുമായി തോന്നിയ രൂപ സാമ്യം ഒരിയ്ക്കൽ അവരെ ദാമ്പത്യബന്ധത്തിലേയ്ക്കു തന്നെ എത്തിച്ചു[381].

ഘടോൽക്കചന് കുട്ടിക്കാലം മുതൽക്കേ ഹിഡിംബി ഭീമനെപ്പറ്റി പറഞ്ഞുകൊടുത്തത് ഏകലവ്യൻ തടഞ്ഞില്ല. ഒരിയ്ക്കൽ തന്റെ പിതൃത്വത്തെ പ്പറ്റി കേട്ട് ചോദ്യവുമായെത്തിയ അവന് ഏകലവ്യൻ ശരിയായ കഥ പറഞ്ഞുകൊടുത്തു. അന്നു മുതൽക്കയാൾ വളർത്തച്ഛനായി. ഹിഡിംബി ഭീമനെപ്പറ്റി താല്പര്യത്തോടെ സംസാരിയ്ക്കുന്നതും, ഘടോൽക്കചൻ പാണ്ഡവരെ സന്ദർശിയ്ക്കുന്നതും ഏകലവ്യൻ വിലക്കിയില്ല.

380. അതേ പുസ്തകം, പു.13,21,26,29,83.
381. അതേ പുസ്തകം, പു.86,92.

ഹിഡിംബിയുടെമനസ്സിൽ അപ്പോഴും ഭീമനുണ്ടായിരുന്നു[382]. തന്റെ ആഗ്രഹ ത്തിനെതിരായി ഘടോൽക്കചൻ കുരുക്ഷേത്രയുദ്ധത്തിൽ പങ്കെടുത്തപ്പോഴും, കർണ്ണവധത്തിനായി പിശിതോപധാസ്ത്രം വേണമെന്ന് പറഞ്ഞപ്പോഴും ഏകലവ്യൻ കൊടുത്തില്ല. അന്നാദ്യമായാണ് ഹിഡിംബി ഏകലവ്യനോട് നീരസം കാണിച്ചത്. അന്നോളം താൻ രഹസ്യമാക്കി വെച്ച തന്റെ ഭൂതകാലം ഏകലവ്യൻ പറഞ്ഞപ്പോൾ ഹിഡിംബി തന്റെ മകനെ തനിയ്ക്ക് തിരിച്ചു തരാൻ പറഞ്ഞ് കരഞ്ഞു[383].

പടക്കളത്തിൽ ഘടോൽക്കചന്റെ മൃതദേഹം കണ്ട് പാണ്ഡവപ്പാളയ ത്തിലേയ്ക്ക് ചെന്നു കയറിയ ഏകലവ്യൻ അവരെ കുറ്റം പറയുകയും, ശകാ രിയ്ക്കുകയും ചെയ്തു. താൻ ഹിഡിംബിയോട് മകന്റെ മരണമോർത്ത് വിലപിയ്ക്കുന്ന ഭീമനെപ്പറ്റി പറയാം, അവളതു കേട്ട് ആശ്വസിയ്ക്കും, ശപി യ്ക്കുന്നതിനു പകരം ഹസ്തിനപുരസിംഹാസനത്തിൽ ഭീമനിരിയ്ക്കുന്നത് സ്വപ്നം കാണും എന്നുകൂടി കൂട്ടിച്ചേർത്തു[384]. ഹിഡിംബിയ്ക്ക് ഭീമനോ ടുള്ള സ്നേഹം മനസ്സിലാക്കിയവനാണ് ഏകലവ്യൻ. അവൾക്ക് കൊടുക്കാ വുന്നത്ര ആശ്വാസം കൊടുക്കണം എന്ന താല്പര്യവും ഈ വാക്കുകളിൽ കാണുന്നു.

അവസാനം വേടൻ കാട് നശിപ്പിച്ചപ്പോൾ, വൃദ്ധനും അവശനുമായ ഏകലവ്യനെ താങ്ങി അഭയസ്ഥാനം തേടി നടക്കുന്നത് ഹിഡിംബിയാണ്. ഹിഡിംബിയുടെ മടിയിൽ കിടന്നാണ് ഏകലവ്യൻ മരിയ്ക്കുന്നതും[385].

അധഃസ്ഥിതരും നിഷ്കാസിതരുമാണ് ഏകലവ്യനും ഹിഡിംബിയും. പ്രണയത്തിന്റേയും നഷ്ടത്തിന്റേയും ദുഃഖം പേറുന്നവർ. പ്രണയത്തിന്റേയോ, പ്രതീക്ഷയുടേയോ ബന്ധനങ്ങളില്ലാതെ നിസ്വാർത്ഥമായി സ്നേഹിച്ചവർ.

382. അതേ പുസ്തകം, പു.99–101, 114.
383. അതേ പുസ്തകം, പു.119,122–124.
384. അതേ പുസ്തകം,പു.128–130.
385. അതേ പുസ്തകം, പു.7–9, 140.

ഇരുവർക്കും വേറെ കാമുകിയും കാമുകനുമുണ്ട്. അതേ സമയം ഘടോൽക്കചന്റെ മാതാപിതാക്കളാകുന്നതിവരാണ്. ഈ വിചിത്രമായ സ്നേഹബന്ധവും ആഗ്രഹങ്ങളില്ലാത്ത, വെട്ടിപ്പിടിയ്ക്കാനും പിടിച്ചുപറിയ്ക്കാനും ശ്രമിയ്ക്കാത്ത സാധാരണ മനുഷ്യന്റെ ശാശ്വതസ്നേഹത്തിന് ഉദാഹരണമായി സൃഷ്ടിയ്ക്കപ്പെട്ടതാണ്. ഏകലവ്യന്റെ വീരത്വം, ത്യാഗം, ഗുരുഭക്തി തുടങ്ങിയ ഗുണങ്ങൾ സൂചിപ്പിയ്ക്കാനും ഈ സന്ദർഭങ്ങൾ സഹായകമാകുന്നു.

## ഏകലവ്യനും ഘടോൽക്കചനും തമ്മിലുള്ള ബന്ധം

ഗർഭിണിയായ ഹിഡിംബിയ്ക്ക് അഭയം നൽകുന്നതും ഖാണ്ഡവവനത്തിലെ തീയിൽ നിന്നും അവളെ രക്ഷിച്ചതും സഹായിക്കാനാരുമില്ലാത്ത സന്ദർഭത്തിൽ പ്രസവവേദനകൊണ്ടു പുളയുന്ന അവളുടെ വയറ്റിൽ നിന്നും കുഞ്ഞിനെ പുറത്തേയ്ക്കെടുത്തതും ഏകലവ്യനാണ്. അന്നു മുതൽക്കാ കുഞ്ഞിന്റെ പിതൃത്വം അയാളേറ്റെടുത്തു. ഗന്ധവതിയുടെ വേർപാടു പോലുംകുറച്ചൊന്നടങ്ങിയത് കുഞ്ഞിന്റെ കളിചിരികൾ കണ്ടാണ്. അവന് കഥകൾ പറഞ്ഞു കൊടുത്തതും പിതൃവാത്സല്യം നൽകിയതും അസ്ത്രാഭ്യാസത്തിൽ നിപുണനാക്കിയതും ഏകലവ്യനാണ്[386]. പക്ഷേ ഒരിയ്ക്കൽ യാദൃച്ഛികമായി കണ്ട ചില വേടൻമാരിൽ നിന്നും ഘടോൽക്കചൻ തന്റെ അച്ഛൻ മറ്റൊരാളാണെന്നറിഞ്ഞു. അതാരെന്നറിയാൻ ശാഠ്യം പിടിച്ച അവന് ഏകലവ്യൻ തന്നെയാണ് ആ കഥ പറഞ്ഞു കൊടുത്തത്. അന്നുതൊട്ടയാൾ വളർത്തച്ഛനായി. ആ ഹൃദയവ്യഥ അയാൾ പുറത്തുകാണിച്ചില്ല[387]. ഘടോൽക്കചനോടുള്ള സ്നേഹം കുറയാതിരിയ്ക്കാൻ മറ്റൊരു കുഞ്ഞുണ്ടാകരുതെന്നുറപ്പിച്ചതും ഏകലവ്യനായിരുന്നു[388]. ഭീമനെ അവൻ നേരിട്ടു കാണുന്നുണ്ടെന്നും,

386. അതേ പുസ്തകം, പു.86–93.

387. അതേ പുസ്തകം,പു.99,100.

388. അതേ പുസ്തകം, പു.102.

പതുക്കെ പതുക്കെ അവന്റെ മനസ്സിനെ പാണ്ഡവർ സ്വാധീനിയ്ക്കുന്നുണ്ടെന്നും അറിഞ്ഞപ്പോൾ വ്യാകുലത തോന്നിയ സ്വന്തം മനസ്സിനെ സ്വാർത്ഥ തയരുതെന്ന് പറഞ്ഞ് ഏകലവ്യൻ ശാസിച്ചു[389]. അവൻ ഏകമാലിയെ ഏകലവ്യനും ഹിഡിംബിയുമറിയാതെ ഭാര്യയാക്കി കൊണ്ടുവന്നപ്പോൾ അയാൾ യാതൊരു ദേഷ്യവും കാണിച്ചില്ല[390]. പക്ഷേ ആളറിയാതെ പോരാടി തോല്പിച്ചതിന്റെ പ്രായശ്ചിത്തമായി ഇളയച്ഛനാണല്ലോ എന്നു കരുതി പിശിതോപധാസ്ത്രം അർജ്ജുനനു കൊടുത്തപ്പോൾ ഏകലവ്യനും സഹിയ്ക്കാൻ കഴിഞ്ഞില്ല. എന്നിട്ടും ഏകമാലിയുടേയും ഹിഡിംബിയുടേയും കണ്ണീരിനു മുന്നിൽ ക്ഷമിയ്ക്കേണ്ടിവന്നു[391].

പാണ്ഡവകൗരവയുദ്ധത്തിൽ പാണ്ഡവർക്കെതിരായി പോരാടാൻ വേടന്മാരുടെ സഹായമാവശ്യപ്പെട്ട് ചാർവ്വാകനെത്തിയപ്പോൾ ഏകലവ്യൻ സന്തോഷപൂർവ്വം സമ്മതിച്ചു[392]. പ്രതികാരത്തിന്റെ അവസരം മുന്നിലെത്തിയ ആവേശത്തോടെ പല പല ആയുധങ്ങൾ നിർമ്മിച്ചു. ഹിഡുംബിയോടും ഘടോൽക്കചനോടും സമയമാകുമ്പോൾ പറയാമെന്നു കരുതി – അല്ലെങ്കിൽ പാണ്ഡവർ ഘടോൽക്കചന്റെ മനസ്സ് അസ്വസ്ഥമാക്കും എന്നോർത്ത്. അപ്പോൾ ഹിഡിംബിയ്ക്കും മകനും താൻ ഭീമനെ കൊല്ലില്ലെന്ന് വാക്കു കൊടുക്കാമെന്നും കരുതി[393]. പക്ഷേ കർണ്ണൻ വിലക്കിയപ്പോൾ ഏകലവ്യൻ പിന്മാറി[394]. അപ്പോഴാണ് ഭീമൻ ആളെവിട്ടു വിളിപ്പിച്ചുവെന്നും, ഘടോൽക്കചനു യുദ്ധത്തിനു പോകാൻ താല്പര്യമുണ്ടെന്നും പറഞ്ഞ് ഹിഡിംബി അപേക്ഷാഭാവത്തിൽ മുന്നിൽ വന്നത്. താൻ പരാജയപ്പെട്ടുവെന്ന് ഏകലവ്യനു തോന്നി. തന്റെ സ്വപ്നങ്ങളും, താൻ പ്രതീക്ഷിച്ച തണലുമൊക്കെ

389. അതേ പുസ്തകം, പു.102.
390. അതേ പുസ്തകം, പു.102.
391. അതേ പുസ്തകം, പു.102,103.
392. അതേ പുസ്തകം, പു.105.
393. അതേ പുസ്തകം, പു.105.
394. അതേ പുസ്തകം, പു.109,110.

നഷ്ടപ്പെട്ടുവെന്നയാൾക്ക് മനസ്സിലായി[395].

ഏകലവ്യന് സമ്മതിയ്ക്കാനായില്ല. ഞാനാരാണ് എന്നൊരു ചോദ്യം അയാളുയർത്തി. മറുപടി പറയാൻ കഴിയാതെ ഹിഡിംബി കരഞ്ഞു. അവൾ പറഞ്ഞാലും ഘടോൽക്കചൻ അനുസരിയ്ക്കില്ല[396]. ഏകലവ്യന്റെ വാക്കുകളേയും ശാസനയേയും അവൻ ധിക്കരിച്ചു. താൻ പാതി വേടനാണെങ്കിൽ പാതി ക്ഷത്രിയനുമാണെന്ന് അവൻ പറഞ്ഞപ്പോൾ ഏകലവ്യനൊന്നും മറുപടി പറയാനായില്ല. പാണ്ഡവയോദ്ധാക്കൾ ഘടോൽക്കചനെ കൊണ്ടുപോകാനെത്തിയപ്പോൾ ഏകലവ്യൻ അവരോട് കയർത്തു. ഘടോൽക്കചൻ വളർത്തച്ഛനോട് ശബ്ദമുയർത്തി സംസാരിച്ചു. ഗുരുദക്ഷിണയായി പെരുവിരൽ മുറിച്ചുകൊടുത്ത വിഡ്ഢിത്തം താൻ കാണിയ്ക്കില്ലെന്നും, നേട്ടങ്ങൾ തന്നെയാണ് തന്റെ ലക്ഷ്യമെന്നും അവൻ പറഞ്ഞപ്പോൾ ഇനി സംസാരിച്ചിട്ടു കാര്യമില്ലെന്ന് അയാൾക്ക് മനസ്സിലായി. അതുകൊണ്ടയാൾ ദൂതനോട് മൂത്ത പാണ്ഡവസന്തതിയായ ഘടോൽക്കചനായിരിയ്ക്കണം അടുത്ത രാജ്യാവകാശി എന്നാവശ്യപ്പെട്ടു. അയാൾക്കൊന്നും പറയാനുണ്ടായിരുന്നില്ല. പക്ഷേ ഘടോൽക്കചൻ വളരെ ലാഘവത്തോടെതന്നെ അതിൽ പറയാനൊന്നുമില്ല, താൻ തന്നെയാണവകാശിയെന്നുറപ്പിച്ചു പറഞ്ഞുകൊണ്ട് വേടരേയും കൂട്ടി ദൂതരോടൊപ്പം പോയി. ഘടോൽക്കചന്റെ ഉള്ളിൽ രാജ്യമോഹമുണ്ടായിരുന്നുവെന്ന അറിവ് ഏകലവ്യനെ ഭീതനാക്കി[397]. തന്നെ തോല്പിയ്ക്കാൻ വേണ്ടി താൻ പറഞ്ഞതവനേറ്റു പറഞ്ഞതാകും എന്ന് ആശ്വസിയ്ക്കാൻ ശ്രമിച്ചു[398].

ഒരു വേടൻ ഘടോൽക്കചന്റെ വിജയങ്ങളെക്കുറിച്ചും, അവന്റെ ഒരാവശ്യത്തെപ്പറ്റിയും പറയാനെത്തി. അവൻ കർണ്ണനോടേറ്റുമുട്ടേണ്ടി വരുമെന്ന് കൃഷ്ണൻ പറഞ്ഞു. കർണ്ണനെ ജയിയ്ക്കാൻ പിശിതോപധാസ്ത്രം ഉണ്ടാക്കി

395. അതേ പുസ്തകം, പു.111.
396. അതേ പുസ്തകം, പു.113,114.
397. അതേ പുസ്തകം, പു.115-120.
398. അതേ പുസ്തകം, പു.120.

ക്കൊടുക്കണമെന്നായിരുന്നു ഘടോൽക്കചന്റെ ആവശ്യം. ഏകലവ്യനത് നിഷേധിച്ചു. ദേഷ്യവും പരാതിയും കരച്ചിലുമായി അടുത്തുവന്ന ഹിഡിംബിയോട് ഏകലവ്യൻ താനത്രയും കാലം പറയാതിരുന്ന തന്റെ പഴയകാല കഥകൾ – കർണ്ണന്റേയും, ഗന്ധവതിയുടേയും കഥകൾ – പറഞ്ഞു. തനിയ്ക്കു തന്റെ മകനെ തിരിച്ചു തരണമെന്ന് എല്ലാം മനസ്സിലാക്കിയ ഹിഡിംബി കരഞ്ഞു. പടക്കളത്തിലേയ്ക്കു കുതിച്ചെത്തിയ ഏകലവ്യൻ കണ്ടത് ഘടോൽക്കചന്റെ മൃതദേഹമായിരുന്നു. പാണ്ഡവപ്പാളയത്തിൽ ഉല്ലസിയ്ക്കുന്ന പാണ്ഡവരുടെ ഇടയിലേയ്ക്ക് കയറിച്ചെന്ന ഏകലവ്യൻ അവരേയും കൃഷ്ണനേയും കുറ്റപ്പെടുത്തി, ശകാരിച്ചു. ഘടോൽക്കചന്റെ ജഡം തോളിലേറ്റി കാട്ടിലേയ്ക്കു മടങ്ങി[399].

ഇവിടേയും മൂലകൃതിയിൽ കാണാത്ത ഒരു ബന്ധമാണ് നോവലിസ്റ്റ് ഇണക്കിചേർത്തിരിയ്ക്കുന്നത്. കൊട്ടാരത്തിലെ സുഖലോലുപതയുടെ അഭാവത്തിൽ ഭീമന് മോഹം തീർക്കാനിരയായ പെണ്ണ് – തന്റെ കുലത്തിൽ പെട്ട ഒരു സ്ത്രീയുടെ നിഷ്ക്കളങ്കതയും മാനവും ചൂഷണം ചെയ്യപ്പെട്ടതാണ് ഏകലവ്യനെ ചൊടിപ്പിച്ചത്. ഘടോൽക്കചനെ നെഞ്ചോടടുക്കിപ്പിടിച്ച് വളർത്തുമ്പോഴും അവൻ വേടനായി നാട്ടാരോട് പകരം വീട്ടുമെന്ന പ്രതീക്ഷയാണ് അയാൾക്കുണ്ടായിരുന്നത്. ഘടോൽക്കചൻ അധികാരമോഹിയായതും വളർത്തച്ഛനോട് നന്ദികേട് കാണിച്ചതും അവൻ പകുതി ക്ഷത്രിയനായതുകൊണ്ടാണ്. ഏകലവ്യന്റെ – അധഃസ്ഥിതന്റെ – കരുണയും, ഹൃദയബന്ധവും, ക്ഷമിയ്ക്കാനുള്ള കഴിവും, ചതിയ്ക്കാനുള്ള കഴിവില്ലായ്മയും, എന്തിനുമുപരിയായുള്ള സ്നേഹവും ഈ സന്ദർഭത്തിലൂടെ വ്യക്തമാക്കുന്നു – വരേണ്യ വർഗ്ഗത്തിന്റെ ബന്ധവും സ്വാധീനവും ഈ ഗുണങ്ങളെല്ലാമില്ലാതാക്കുന്നതും.

399. അതേ പുസ്തകം, പു.122–131.

## ഏകമാലി

ഘടോൽക്കചൻ ഏകലവ്യനോടും ഹിഡിംബിയോടും പറയുകപോലും ചെയ്യാതെ വേട്ടുകൊണ്ടുവന്നവളാണ് ഏകമാലി. വളർത്തച്ഛൻ ഭർത്താവിന്റെ തെറ്റു കണ്ട് നീരസം കാണിയ്ക്കുമ്പോൾ കരയുന്ന ഒരു പാവം പെണ്ണ്. ഘടോൽക്കചന്റെ ശരീരം ദഹിപ്പിയ്ക്കുന്ന ചിതയിലേയ്ക്ക് അവൾ എടുത്തുചാടി മരണം വരിച്ചു. കുലസ്ത്രീയുടെ ധർമ്മങ്ങളെക്കുറിച്ച് ആ കൊച്ചു പെണ്ണിനെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നു ഘടോൽക്കചനെന്നാണ് ഏകലവ്യൻ അപ്പോൾ ചിന്തിച്ചത്[400].

ഒരു വേടത്തിയുടെ നിഷ്കളങ്കമായ സ്നേഹം പ്രകടമാക്കുക മാത്രമാണ് നോവലിസ്റ്റ് ഈ കഥാപാത്രത്തിന്റേയും കഥാസന്ദർഭങ്ങളുടേയും നിബന്ധനത്തിലൂടെ ചെയ്തിരിയ്ക്കുന്നത്. സ്ത്രീകൾക്ക് പാരതന്ത്ര്യം വിധിയ്ക്കുന്ന ഉയർന്ന കുലത്തിന്റെ നിയമങ്ങളോടുള്ള ഏകലവ്യന്റെ പ്രതിഷേധം കാണിയ്ക്കാനും ഈ സന്ദർഭം പ്രയോജനപ്പെടുന്നു.

## ചാർവ്വാകൻ

വാരണാവതത്തിൽ ചതിയിൽപ്പെട്ട് മരിച്ച കാട്ടാളത്തിയുടെ മകനാണിവിടെ ചാർവ്വാകൻ. അമ്മയുടേയും അനുജന്മാരുടേയും കൊല സൃഷ്ടിച്ചപക മനസ്സിൽ കാത്തുസൂക്ഷിച്ച വേടൻ. പാണ്ഡവരുടെ ഓരോ ദുഷ്ചെയ്തിയും സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞു. ഹിഡിംബിയെക്കുറിച്ചും, ഖാണ്ഡവദഹനത്തെക്കുറിച്ചും, കുരുക്ഷേത്രയുദ്ധത്തെക്കുറിച്ചും, കർണ്ണ–ദുര്യോധന വധത്തെക്കുറിച്ചും ഏകലവ്യനറിവുകൊടുക്കുന്നത് ചാർവ്വാകനാണ്[401]. ഖാണ്ഡവദഹനത്തിനു പ്രേരിപ്പിച്ച ബ്രാഹ്മണനെ കൊന്നു[402]. പാണ്ഡവരെ എക്കാലത്തും ഉപദ്രവിച്ചു കൊണ്ട് ജീവിച്ചിരിയ്ക്കണമെന്നാഗ്രഹിച്ചിരുന്നു. പക്ഷേ

400. അതേ പുസ്തകം, പു.102,103,134.
401. അതേ പുസ്തകം, പു.86,97,104,132,133.
402. അതേ പുസ്തകം, പു.97.

കർണ്ണൻ വധിയ്ക്കപ്പെട്ടപ്പോൾ ആ സുഹൃദ്ബന്ധത്തിന്റെ ആത്മാർത്ഥത കാരണം ഹസ്തിനപുരിയിൽ അഭിഷേകവേളയിൽ വേഷപ്രച്ഛന്നനായി കടന്നുചെന്ന് യുധിഷ്ഠിരനെ നിന്ദിച്ച് പാണ്ഡവാനുയായികളാൽ വധിയ്ക്കപ്പെട്ടു[403]. വാരണാവതത്തിൽ വെച്ച് തന്റെ കുടുംബം കൊല്ലപ്പെട്ടതുകണ്ട് നിരാശപൂണ്ട് നിന്ന വേടയുവാവിൽ നിന്ന് ഖാണ്ഡവവനത്തിൽ വേടകുലത്തിന്റെ തന്നെ നാശം കണ്ട് പകയും ക്രൂരതയും ഒളിച്ചുവെച്ച ഒരു തരം കുസൃതി നിറഞ്ഞു നിൽക്കുന്ന കണ്ണുകളുള്ള, ഒരു താപസഭാവത്തിലേക്ക് ചാർവ്വാകൻ മാറുന്നുണ്ട്[404]. അമർഷവും പ്രതിഷേധവും ആ വേടന്റെ സ്വാഭാവികമായ ആർദ്രതയും കരുണയുമെല്ലാം ഇല്ലായ്മ ചെയ്തതാണല്ലോ ഇവിടെ സൂചിതമാകുന്നത്. മനസ്സിൽ പകയുണ്ടായിട്ടും പ്രതികരിയ്ക്കാതെ ജീവിച്ച ഏകലവ്യന് ചാർവ്വാകന്റെ പ്രതികാരാവേശം കാണുമ്പോൾ ആത്മനിന്ദയുണ്ടാകുന്നുണ്ട്. ആ മനോഭാവം തന്നെയാണ് ചാർവ്വാകന്റെ മരണശേഷം ഹസ്തിനപുരിയേയും ദ്വാരകയേയും ചതിയിലൂടെയെങ്കിലും നശിപ്പിയ്ക്കാൻ ഏകലവ്യന് പ്രേരണ നൽകിയത്[405].

മൂലകൃതിയിലെ ഒരു കഥാപാത്രത്തേയും, കഥാസന്ദർഭത്തേയും മറ്റൊരു കഥാസന്ദർഭത്തോടിണക്കുകയാണ് നോവലിസ്റ്റ് ഇവിടെ ചെയ്തിരിക്കുന്നത്. ദുര്യോധനസുഹൃത്തായ ചാർവ്വാകൻ എന്ന അസുരനെ വാരണാവതത്തിൽ അരക്കില്ലത്തിൽ അഗ്നിയ്ക്കിരയായ കാട്ടാളത്തിയുടെ മകനായി അവതരിപ്പിച്ചിരിയ്ക്കുന്നു. ഉയർന്ന വർഗ്ഗക്കാരുടെ സ്വാർത്ഥതയും, അധികാരമോഹവും, അനാചാരങ്ങളും, വിശ്വാസങ്ങളും, തങ്ങളുടെ താല്പര്യങ്ങളുടെ സംരക്ഷണത്തിനായി അവർ ചാതുർവർണ്ണ്യം ചമച്ച് കീഴ്ജാതിക്കാരോട് പ്രവർത്തിയ്ക്കുന്ന അത്യാചാരങ്ങളുമൊക്കെ ചൂണ്ടിക്കാണിച്ച്

403. അതേ പുസ്തകം, പു.133,136.
404. അതേ പുസ്തകം, പു.97.
405. അതേ പുസ്തകം, പു.97,136.

വിമർശിയ്ക്കുകയും പ്രതികരിയ്ക്കുകയും ചെയ്യുന്ന ഒരു ശക്തനായ കഥാപാത്രത്തെ ശാന്തനും ശുദ്ധനുമായി താൻ ചിത്രീകരിച്ച ഏകലവ്യനു പ്രേരകമായി നിർത്തണമെന്ന തോന്നലാകാം നോവലിസ്റ്റിനെ ഇങ്ങനെയൊരു കഥാപാത്രത്തേയും കഥാസന്ദർഭങ്ങളേയും സൃഷ്ടിയ്ക്കാൻ നോവലിസ്റ്റിന് പ്രേരണ നൽകിയത്. മൂലകൃതിയിൽ പാണ്ഡവരെ വിമർശിയ്ക്കുകയും നിന്ദിയ്ക്കുകയും ചെയ്ത കഥാപാത്രം ചാർവ്വാകനാണ്. അതുകൊണ്ടായിരിയ്ക്കാം ഈ കഥാപാത്രത്തെത്തന്നെ സ്വീകരിച്ചത്.

**മയൻ**

കുബേരവനത്തിലേയ്ക്കുള്ള ഒരു യാത്രയ്ക്കിടയിലാണ് ഏകലവ്യൻ ആദ്യമായി മയൻ എന്ന തച്ചനെ കാണുന്നത്. അന്നയാൾ ഏകലവ്യന് നല്ലൊരു വില്ല് സമ്മാനിയ്ക്കുകയുണ്ടായി. കുടിയേറ്റക്കാരായ രാജാക്കന്മാർ കാടു നശിപ്പിയ്ക്കുന്നതിനെപ്പറ്റി പരിഭവം പറയുകയുണ്ടായി അന്നയാൾ. നാഗങ്ങളെ പോലും കൊല്ലാൻ മടിയില്ലാത്ത മേലാളർ തച്ചന്മാരുടെ നേരെ കാണിയ്ക്കുന്ന അതിക്രമങ്ങളെക്കുറിച്ചും പറഞ്ഞു[406]. ഗർഭിണിയായ ഹിഡിംബിയെപ്പറ്റി ഭീമനെ അറിയിച്ച് ദാസിമാരുടെ കൂടെയെങ്കിലും അഭയം ലഭിയ്ക്കാൻ വഴിയുണ്ടാക്കാമെന്ന് നിർദ്ദേശിച്ചത് മയനാണ്[407]. ഹിഡിംബിയ്ക്കുവേണ്ട കാട്ടുമരുന്നുകൾ പറഞ്ഞു കൊടുക്കുന്നതും അയാൾ തന്നെ. നല്ലൊരു കുടിൽ നിർമ്മിച്ചു കൊടുക്കുകയും ചെയ്തു. ഇരുവർക്കും ഒരുമിച്ചു ജീവിച്ചുകൂടേ എന്ന് ഏകലവ്യനോട് ചോദിച്ചു.[408]

ഖാണ്ഡവവനം അഗ്നിയ്ക്കിരയായശേഷം കുറച്ചുകാലം കഴിഞ്ഞ് ഏകലവ്യൻ വീണ്ടും മയനെ കണ്ടു. കാടു മുഴുവൻ തീയിൽപ്പെട്ട് കരിഞ്ഞപ്പോൾ ഉറ്റവരും ഉടയവരുമെല്ലാം നഷ്ടപ്പെട്ട അയാൾ അവിടെത്തന്നെ കുടിലുകെട്ടി.

406. അതേ പുസ്തകം, പു.58,59.
407. അതേ പുസ്തകം, പു.89.
408. അതേ പുസ്തകം, പു.88,89.

അവരെപ്പറ്റിയോർത്ത് കൊണ്ട് അവിടെ ജീവിച്ചു. പാണ്ഡവരോട് താൻ ചെയ്ത പ്രതിക്രിയ അവർക്ക് നല്ലൊരു കൊട്ടാരം നിർമ്മിച്ചുകൊടുത്തതാണെന്നയാൾ പറഞ്ഞു. അതൊരരക്കില്ലമാക്കി ചതിയ്ക്കാൻ കഴിവില്ലാത്തതിനാൽ പ്രളയം വന്ന് വിഴുങ്ങട്ടെ അവരെ എന്നു ഉള്ളുരുകി ശപിയ്ക്കുകയാണയാൽ. ആ പ്രതികാരം നാഗത്താന്മാർ ചെയ്യുമെന്നയാൾ വിശ്വസിച്ചു[409].

മൂലകൃതിയിലെ അസുരശില്പിയായ മയൻ ഇന്ദ്രപ്രസ്ഥം തീർത്തുകൊടുത്തത്, ഖാണ്ഡവദഹനം എന്നീ രണ്ടു സന്ദർഭങ്ങളെ സംയോജിപ്പിച്ചാണ് ഈ കഥാസന്ദർഭങ്ങൾ നോവലിസ്റ്റ് സൃഷ്ടിച്ചിരിയ്ക്കുന്നത്. അധഃസ്ഥിതരുടെ ഹൃദയശുദ്ധി, സ്നേഹം, കരുണ തുടങ്ങിയ ഗുണങ്ങൾ എടുത്തു കാണിയ്ക്കുക, വരേണ്യവർഗ്ഗത്തോടുള്ള വിമർശനം എന്ന രചനാലക്ഷ്യങ്ങൾ തന്നെയാണ് നോവലിസ്റ്റ് ഇവിടേയും നിർവ്വഹിച്ചിരിയ്ക്കുന്നത്.

## കുന്തി

ജനനസമയത്ത് താൻ കർണ്ണനെ അണിയിച്ച രക്ഷാകുണ്ഡലം തന്റെ മറ്റു മക്കളുടെ ജീവന് ഭീഷണിയാകുമോ എന്ന് ഭയന്ന് തിരിച്ചുവാങ്ങാൻ കുന്തി ആളയച്ചു.  വാക്കുകൾ കൊണ്ട് വശീകരിയ്ക്കാൻ അസാമാന്യമായ കഴിവുള്ള ആ സ്ത്രീയ്ക്ക് കർണ്ണനിൽ നിന്നത് തിരിച്ചുവാങ്ങാൻ കഴിഞ്ഞു. പിന്നീടൊരിയ്ക്കൽ കർണ്ണനിൽ നിന്നും തന്റെമക്കളെ രക്ഷിയ്ക്കാൻ നേരിട്ടു ചെന്ന് കണ്ടു.  രാജപുത്രന്മാരുടെ രക്ഷയ്ക്കായി സൂതപുത്രനെ  ബലി കഴിയ്ക്കാൻ മടിയ്ക്കാത്ത, തന്റെ പുത്രന്മാരുടെ ഭാവി സുരക്ഷിതമാക്കാൻ ഗർഭിണിയായ മാദ്രിയെ തീയിൽ ചാടിച്ച ദുഷ്ടയാണിവിടെ കുന്തി[410].

കർണ്ണന്റെ ദുരന്തകഥയ്ക്ക് മിഴിവ് കൂട്ടാനും, ഉയർന്ന വർഗ്ഗക്കാർ ലോഭമോഹാദികൾക്ക്  വശംവദരാകുമ്പോൾ  മാതൃത്വത്തിനുപോലും

409. അതേ പുസ്തകം, പു.96.
410. അതേ പുസ്തകം, പു.108,109.

വില കല്പിയ്ക്കാതാകുന്നു എന്നും സൂചിപ്പിയ്ക്കാനുമാകാം ഈ മാറ്റങ്ങൾ.

**കൃഷ്ണൻ**

കാലയവനൻ എന്ന ശക്തനായ രാജാവിനെ വധിയ്ക്കാൻ കൃഷ്ണൻ വിഷസർപ്പത്തെ കുടത്തിലടച്ച് കാഴ്ചയായി സമർപ്പിച്ചു. അത് വിഫലമായപ്പോൾ മറ്റൊരു മാർഗ്ഗത്തിലൂടെ ചതിച്ചുകൊന്നു. കാട്ടാറ് തുറന്നുവിട്ട് ജരാസന്ധന്റെ സേനയെ നശിപ്പിച്ചു. സഹോദരിയുടെ പൗത്രന് ഹസ്തിനപുരം നേടിക്കൊടുക്കാൻ, സമ്പന്നമായ ആ രാജ്യം കൈക്കലാക്കാൻ ശ്രമിച്ചു[411].

പാണ്ഡവരെ പ്രതിപക്ഷത്തു നിർത്തിയപ്പോൾ അവരുടെ നേതാവും സുഹൃത്തുമായ കൃഷ്ണനെ നീചനായിത്തന്നെ അവതരിപ്പിയ്ക്കാനാകാം ഈ മാറ്റങ്ങൾ നിബന്ധിച്ചത്.

## കഥാപാത്രങ്ങളുടെ വ്യക്തിത്വം

**ഏകലവ്യൻ**

വേടന് നാട്ടുനിയമങ്ങളും നാട്ടുദൈവങ്ങളും പാടില്ല എന്ന അച്ഛന്റെ വാക്കുകൾ ഏകലവ്യനെ കാടും നാടും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ചിന്തിയ്ക്കാൻ പ്രേരിപ്പിച്ചിരുന്നു. കാട്ടിലെ നിയമങ്ങൾ കർശനമായനുസരിച്ചിരുന്ന അച്ഛൻ അമ്മയെ കൊന്ന മാക്കാനോട് ക്ഷമിയ്ക്കാനുപദേശിച്ചു. അവന്റെ മനസ്സിൽ ഉത്തരം കിട്ടാത്ത പല ചോദ്യങ്ങളും ഉയർന്നിരുന്നു[412].

തങ്ങളെപ്പോലെത്തന്നെ സാധാരണക്കാരായ നാട്ടുമനുഷ്യരെ ഏകലവ്യൻ കണ്ടിട്ടുണ്ട്. പക്ഷേ ഹസ്തിനപുരത്തെ കൊട്ടാരത്തിലും സമീപത്തും താമസിച്ചിരുന്ന നാട്ടാരിലുള്ള പ്രത്യേകതകളാണ് അയാളിൽ വിസ്മയം ജനിപ്പിച്ചത്. രാജകുമാരന്മാരുടെ പെരുമാറ്റം, തങ്ങളെ ആക്രമിയ്ക്കുകയും വേടത്തികളെ അപഹരിയ്ക്കുകയും ചെയ്യുന്ന അവരുടെ ക്രൂരവിനോദം –അതാണയാളെ ചിന്തിപ്പിച്ചത്[413].

411. അതേ പുസ്തകം, പു.133,137.
412. അതേ പുസ്തകം, പു.15,16,18.
413. അതേ പുസ്തകം, പു.16,17,18.

നാട്ടാരിൽ നിന്നും മാക്കാനിൽ നിന്നും തന്റെ കൂട്ടരെ രക്ഷിയ്ക്കുക– അസ്ത്രാഭ്യാസം ആഗ്രഹിച്ചപ്പോൾ ഇതിൽ കവിഞ്ഞ ലക്ഷ്യമൊന്നും ഏകലവ്യനുണ്ടായിരുന്നില്ല. തന്നെപ്പോലെ തന്നെ അനാഥയായ ഗന്ധവതി, തന്റെ കാട് – അയാൾക്ക് തൃപ്തിപ്പെടാൻ ഇതു മാത്രമാണ് വേണ്ടിയിരുന്നത്.

പാണ്ഡവപ്രേരണയാൽ ദ്രോണർ തന്റെ പെരുവിരലരിഞ്ഞപ്പോഴും, ചിത്രസേനൻ ഗന്ധവതിയെ ബലാൽക്കാരം ചെയ്തു കൊന്നപ്പോഴുമൊക്കെ ഏകലവ്യന്റെ മനസ്സിൽ പ്രതിഷേധവും, പകയും നിറഞ്ഞിരുന്നു. പക്ഷേ അതൊരിയ്ക്കലും പുറത്തുവന്നില്ല. എന്നാൽ ഗന്ധവതിയേയും, ഘടോൽക്കചനേയും, കർണ്ണനേയും, ദുര്യോധനനേയും കൊന്ന നാട്ടാരുടെ നിയമങ്ങൾ സഹിയ്ക്കാനോ ക്ഷമിയ്ക്കാനോ ഏകലവ്യനൊരിയ്ക്കലും കഴിഞ്ഞിരുന്നില്ല.

സ്വന്തം മകനായി കരുതി ലാളിച്ച് വളർത്തി, അസ്ത്രാഭ്യാസം നൽകി വിദഗ്ദ്ധനാക്കിയ ഘടോൽക്കചൻ തന്നിൽ നിന്നകന്നപ്പോൾ, തന്നെ എതിർത്തപ്പോൾ, ധിക്കരിച്ചപ്പോൾ ഏകലവ്യന് ദുഃഖമല്ലാതെ പകയോ വെറുപ്പോ തോന്നിയില്ല. ഭീമനോട് സ്നേഹം വെച്ചു പുലർത്തിയ ഹിഡിംബിയോടും ദേഷ്യമുണ്ടായില്ല. ചാർവ്വാകന്റേയും മയന്റേയും അനുഭവങ്ങൾ അയാളെ വേദനിപ്പിച്ചു. വരേണ്യവർഗ്ഗത്തിന്റെ നിയമങ്ങളെ എന്നും അയാളുടെ മനസ്സ് വിമർശിച്ചു. എപ്പോഴും ശാന്തത കൈവരിയ്ക്കാൻ ശ്രമിച്ച ഏകലവ്യൻ അനുഭവങ്ങൾ തീവ്രവും അനേകവുമായപ്പോൾ മാത്രമാണ് പ്രതികരിച്ചത്.

സ്നേഹത്തിന്റേയും കരുണയുടേയും ആർദ്രത ഒരിയ്ക്കലും അയാളിൽ നിന്നും വറ്റിയിരുന്നില്ല. തന്റെ ശത്രുവിന്റെ അഴുകിയ ജഡം സംസ്ക്കരിയ്ക്കാൻ തയ്യാറായത് അതുകൊണ്ടാണല്ലോ.

ശിഷ്യൻ, കാമുകൻ, രക്ഷകൻ, അച്ഛൻ, സുഹൃത്ത്, ശത്രു – ഏതു നില യിലും മനുഷ്യത്വം വെച്ചു പുലർത്തിയ കാടിന്റെ മകനാണിവിടെ ഏകലവ്യൻ.

**കർണ്ണൻ**

ഇതിഹാസത്തിലുള്ളതിനേക്കാൾ ധാർമ്മികഗുണങ്ങളിണങ്ങിയ ഒരു ദുര ന്തകഥാപാത്രമാകുന്നുണ്ട് കർണ്ണൻ നോവലിൽ. അതിനായി മറ്റ് കഥാപാത്ര ങ്ങളിലും കൂടി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് നോവലിസ്റ്റ്. മാദ്രിയെ കൊന്ന, രാജപുത്രന്മാർക്കുവേണ്ടി സൂതപുത്രനെ മരണത്തിലേയ്ക്കെത്തിക്കാൻ മടി യ്ക്കാത്ത, വശ്യമായി സംസാരിയ്ക്കാൻ കഴിവുള്ള ഒരു ദുഷ്ടയാണിവിടെ കുന്തി. അത് മനസ്സിലാകുമ്പോഴും പെറ്റമ്മയാണെന്നുള്ള ആർദ്രതയും, തനിയ്ക്കുവേണ്ടി അമ്മ ഒന്നു കരയണമെന്നൊരു മോഹവും കർണ്ണനുണ്ടാ കുന്നുണ്ട്. പക്ഷേ പ്രതീക്ഷിയ്ക്കുന്നില്ല[414].

അധഃസ്ഥിതർക്കനുഭവിയ്ക്കേണ്ടിവരുന്ന അപമാനങ്ങളും അവഗണന കളും സ്വാനുഭവം കൂടിയായതുകൊണ്ടാകാം കർണ്ണനസഹ്യമായിരുന്നു. അവ രുടെ കഴിവുകളും, നിഷ്ക്കളങ്കതയും, അഭിമാനവും, അവകാശവുമെല്ലാം അവഗണിയ്ക്കപ്പെടുന്നതുകണ്ടാണ്, അവർക്കതിൽ നിന്നൊരു മുക്തിയുണ്ടാ കട്ടെ, വേടകുലം ഏകലവ്യനിലൂടെ ഉയരങ്ങളിലെത്തട്ടെ എന്നു കരുതിയാണ് കർണ്ണൻ ഏകലവ്യന് വേദവും അസ്ത്രനിർമ്മാണവും, അസ്ത്രപ്രയോഗവും അഭ്യസിപ്പിച്ചു കൊടുത്തത്. അതെല്ലാം പാണ്ഡവരുടേയും ദ്രോണരു ടേയുംചതിപ്രയോഗങ്ങൾക്ക് വഴങ്ങി ഏകലവ്യൻ നഷ്ടപ്പെടുത്തിയപ്പോൾ കർണ്ണന് ദേഷ്യവും ദുഃഖവും അടക്കാനായില്ല. യുദ്ധത്തിനൊരുങ്ങി വന്ന ഏകലവ്യനെ കർണ്ണൻ തിരിച്ചയച്ചു. കർണ്ണൻ ഏകലവ്യന് ധനുർവിദ്യ പറഞ്ഞുകൊടുത്തത് ആരേയെങ്കിലും കൊല്ലാനോ, വെട്ടിപ്പിടിയ്ക്കാനോ

414. അതേ പുസ്തകം, പു.109.

ആയിരുന്നില്ല. കാടിന്റേയും, കുലത്തിന്റെയും രക്ഷയ്ക്കായിരുന്നു. അതിമോഹത്തിന്റെ പേരിൽ നടക്കുന്ന യുദ്ധത്തിൽ ഹോമിയ്ക്കാനുള്ളതല്ല ആ ധനുർവിദ്യ. ഇവിടെ മനുഷ്യത്വത്തിന്റെ ഭാഷയിലാണ് കർണ്ണൻ സംസാരിച്ചത്. ഹിഡിംബിയ്ക്കും ഘടോൽക്കചനും വേടകുലത്തിനും കാടിനും രക്ഷകനായി നിൽക്കാൻ പറഞ്ഞ് ഏകലവ്യനെ തിരിച്ചയയ്ക്കാനാണ്, തന്റെ പക്ഷം കൂടുതൽ ശക്തമാക്കാനല്ല കർണ്ണൻ ശ്രമിച്ചത്.

ഹൃദയബന്ധങ്ങളും, മനഃശാന്തിയും കൊതിച്ച് അടുത്ത ജന്മത്തിലെങ്കിലും ഒരു നിഷാദനായി ജനിയ്ക്കാൻ കർണ്ണൻ മോഹിച്ചു[415].

തന്റെ ഋണബദ്ധതയിൽ കർണ്ണന് ദുഃഖമുണ്ട്. അങ്ങനെയൊരു ബന്ധനം അതുകൊണ്ടാണയാൾ ഏകലവ്യനിൽ ഏല്പിയ്ക്കാതിരുന്നത്. വരാനിരിയ്ക്കുന്ന തോൽവിയും ആത്മനാശവും അറിഞ്ഞുകൊണ്ടാണയാൾ യുദ്ധത്തിനൊരുങ്ങുന്നത്. തന്നെക്കാൾ എത്രയോ ഭേദമാണ് വേടന്റെ ജീവിതം എന്നയാൾക്ക് തോന്നുന്നുണ്ട്. ആ ഹൃദയബന്ധവും മനസ്സമാധാനവും കൊതിച്ചുപോകുന്നത്ര സ്നേഹശൂന്യതയും മനോവ്യഥയും അയാൾക്കനുഭവിയ്ക്കേണ്ടിവന്നിട്ടുണ്ട്. ഏകലവ്യന്റെ ജീവനു തുല്യനായ പുത്രനെ വധിയ്ക്കേണ്ടി വന്നതിൽ കർണ്ണൻ ദുഃഖിയ്ക്കുന്നു. ആ മൃതദേഹം പുത്രനേയെന്നപോലെ സംസ്ക്കരിയ്ക്കാനനുവാദം ചോദിച്ചു യുദ്ധധർമ്മത്തിന്റെ പേരിൽ ആ വധത്തെ ന്യായീകരിയ്ക്കാനല്ല കർണ്ണൻ ശ്രമിച്ചത്.

ധർമ്മബോധവും, ത്യാഗവും, മനുഷ്യത്വവുമെല്ലാം തികഞ്ഞ, അർഹിയ്ക്കുന്നതൊന്നും കിട്ടാതെ പോയ അർഹിയ്ക്കാത്ത ദുരിതങ്ങളും ദുരന്തങ്ങളും, അനുഭവിയ്ക്കേണ്ടി വന്ന, സർവ്വോപരി സ്നേഹത്തിനു പ്രാധാന്യം കൊടുത്ത ഒരു ദുരന്തകഥാപാത്രമാകുകയാണ് കർണ്ണനിവിടെ.

---

415. അതേ പുസ്തകം, പു.131.

ഹിഡിംബി

ഭീമനുണ്ടാക്കിയ അപമാനം കാരണം കുലത്തിൽ നിന്നും ഭ്രഷ്ടയാക്കപ്പെട്ട ഹിഡിംബിയ്ക്ക് ആശ്രയമേകിയ ഏകലവ്യൻ മരണം വരെ കൂട്ടാളിയായിരുന്നു. ഘടോൽക്കചൻ അച്ഛനാരെന്നന്വേഷിച്ചപ്പോഴും, ഏകലവ്യനത് പറഞ്ഞുകൊടുത്തപ്പോഴും, ഘടോൽക്കചൻ ഏകലവ്യനോട് പറയാതെ ഏകമാലിയെ വധുവാക്കിക്കൊണ്ടുവന്നപ്പോഴും ഹിഡിംബി പിണക്കം നടിച്ചതും കരഞ്ഞതും ഏകലവ്യനോടുള്ള സ്നേഹം കൊണ്ടുതന്നെ. പക്ഷേ ഉപേക്ഷിച്ചവനെങ്കിലും ഭീമനെ അവൾ മറന്നിരുന്നില്ല. മകനോട് ഭീമനെപ്പറ്റി സംസാരിയ്ക്കുമ്പോഴും, മകൻ ഭീമനെ സന്ദർശിയ്ക്കുന്നുണ്ടെന്നറിഞ്ഞപ്പോഴും അവൾ സന്തോഷിയ്ക്കുന്നുണ്ട്.

ഘടോൽക്കചൻ ഏകലവ്യന്റെ വാക്കുകൾ ധിക്കരിച്ച് യുദ്ധത്തിനൊരുങ്ങിയപ്പോൾ താൻ പറഞ്ഞിട്ടും അവനനുസരിയ്ക്കുന്നില്ലല്ലോ എന്നു ദുഃഖിച്ചു. പക്ഷേ കർണ്ണനോടേറ്റുമുട്ടാൻ പിശിതോപധാസ്ത്രം വേണമെന്ന് ഘടോൽക്കചൻ ആവശ്യപ്പെട്ടിട്ടും ഏകലവ്യൻ അതു കൊടുക്കാൻ വിസമ്മതിച്ചപ്പോൾ ഹിഡിംബിയ്ക്ക് അല്പം ദേഷ്യവും പരിഭവവുമൊക്കെ തോന്നി. താനറിഞ്ഞിട്ടില്ലാത്ത ഏകലവ്യന്റെ പൂർവ്വകഥകൾ കേട്ടപ്പോൾ തനിയ്ക്ക് തന്റെ മകനെ തിരിച്ചു കൊണ്ടുവന്നു തരണമെന്നപേക്ഷിച്ച് അവൾ കരഞ്ഞു.

ഘടോൽക്കചന്റെ മരണത്തിൽ യാതൊരു ദുഃഖവുമില്ലാതെ ഉല്ലസിച്ചിരിയ്ക്കുന്ന ഭീമനോട് കയർത്തു സംസാരിച്ച ഏകലവ്യൻ താൻ ഹിഡിംബിയോടു മകന്റെ മൃതദേഹം കണ്ട് ഭീമൻ വിലപിച്ചുവെന്നും പാണ്ഡവർ ദുഃഖിച്ചുവെന്നും പറയാം, അതു കേട്ടവൾ ആശ്വസിയ്ക്കും, ശപിയ്ക്കുന്നതിനു പകരം ഭീമൻ സിംഹാസനത്തിലിരിയ്ക്കുന്നതു സ്വപ്നം കാണും എന്നു പറയുന്നിടത്ത് ഹിഡിംബിയുടെ നിഷ്ക്കളങ്കമായ സ്നേഹമാണ് വ്യക്തമാകുന്നത്

ഗർഭിണിയായ തന്നെ നിരാശ്രയത്വത്തിലേയ്ക്കു വലിച്ചെറിഞ്ഞ, അന്നോളം തിരിഞ്ഞു നോക്കാത്ത ബന്ധുക്കൾ ഘടോൽക്കചൻ ഹസ്തിനപുര രാജാവാകും എന്ന് പ്രതീക്ഷയുണ്ടായപ്പോൾ മാപ്പു ചോദിച്ചുകൊണ്ടെത്തി. അവരെ ആശ്വസിപ്പിച്ച് തനിയ്ക്ക് ദേഷ്യമൊന്നുമില്ലെന്ന് ഹിഡിംബി പറഞ്ഞു[416].

ഘടോൽക്കചന്റെ മരണത്തിൽ ദുഃഖിയ്ക്കുന്നുവെന്നല്ലാതെ ആരേയും ഹിഡിംബി പഴിയ്ക്കുന്നില്ല. ഹസ്തിനപുരിയോടും ദ്വാരകയോടും പകരം വീട്ടിക്കൊണ്ടിരിയ്ക്കുന്ന കഥകൾ ഏകലവ്യൻ പറഞ്ഞുകേൾപ്പിച്ചപ്പോൾ ഇത്ര യ്ക്കുപോരേ എന്നേ അവൾ ചോദിയ്ക്കുന്നുള്ളൂ[417].

ഹിഡിംബിയുടെ മനസ്സിൽ എന്നും ഭീമനോട് സ്നേഹമുണ്ടായിരുന്നു പക്ഷേ അതൊരിയ്ക്കലും ഏകലവ്യനോടുള്ളതിനേക്കാൾ മേലെയാകുന്നില്ല. ഗർഭിണിയായ ഹിഡിംബിയെ ഏങ്ങനെയെങ്കിലും ഭീമനെ വിവരമറിയിച്ച് കൊണ്ടുപോയി കൊട്ടാരത്തിലെ ദാസിയെങ്കിലുമാക്കാം എന്ന് തച്ചൻ പറയുമ്പോൾ അവൾ സമ്മതിയ്ക്കുന്നില്ല[418]. ഘടോൽക്കചൻ യുദ്ധം ജയിച്ച് അച്ഛന്റെ കൂടെ വരുമ്പോൾ അച്ഛൻ വിളിച്ചാൽ പോകുമോ എന്ന് ഏകമാലി ചോദിയ്ക്കുമ്പോൾ താൻ വളർത്തച്ഛനെ വിട്ടുപോകില്ല എന്നവൾ ഉറപ്പിച്ചു പറയുന്നുണ്ട്[419].

അവസാനം വേടന്മാർ ഭോഗാസക്തരായി കാടു നശിപ്പിച്ച് തുടങ്ങിയ പ്പോൾ വൃദ്ധനും അവശനുമായ ഏകലവ്യനെ കാട്ടുമൃഗങ്ങളിൽ നിന്ന് രക്ഷിച്ച് സുരക്ഷിതമായ ഒരു സ്ഥലത്തെത്തിയ്ക്കാൻ താങ്ങിയും നടത്തിയും കൊണ്ടു പോകാൻ ശ്രമിയ്ക്കുന്ന ഹിഡിംബിയുടെ മടിയിൽ കിടന്നാണയാൾ മരിച്ചത്. ആ ജീവൻ നിലനിർത്താനവൾ ആവോളം ശ്രമിയ്ക്കുന്നുണ്ട്.

---

416. അതേ പുസ്തകം, പു.121.
417. അതേ പുസ്തകം, പു.139.
418. അതേ പുസ്തകം, പു.89.
419. അതേ പുസ്തകം, പു.121.

ആരേയും എതിർക്കാനോ വെറുക്കാനോ ശപിയ്ക്കാനോ അറിയാത്ത സ്നേഹത്തിന് എന്തിലും മേലെ പ്രാധാന്യം കല്പിച്ച നിസ്വാർത്ഥയും നിഷ്ക്കളങ്കയുമായ ഒരു സ്ത്രീയാണിതിലെ ഹിഡിംബി.

**ഭീമൻ**

ഭീമൻ കളരിയിൽ അഭ്യാസങ്ങൾ പഠിയ്ക്കുന്ന കാലത്തേ ബഹളക്കാരനാണ്. പാണ്ഡവരേക്കാൾ മിടുക്കു കാണിയ്ക്കുന്ന കർണ്ണനെ ദുര്യോധനൻ അഭിനന്ദിയ്ക്കുമ്പോൾ അത് വലിയച്ഛന്റെ ജാരസന്തതിയാകും എന്ന് പുച്ഛിച്ചു. കർണ്ണനെ സൂതച്ചെക്കൻ എന്ന് വിളിച്ച് അധിക്ഷേപിച്ചു[420], അർജ്ജുനന്റെ അസ്ത്രപരിശീലനത്തിന് ലക്ഷ്യമാക്കി നിർത്താൻ പ്രതിഫലമായി പായസം തരാമെന്നു പറഞ്ഞ് ഏകലവ്യനെ നിർബ്ബന്ധിച്ചു[421]. ചിത്രസേനന്റെ അനുചരന്മാരെ കൊന്നുതിന്ന കാട്ടാളരെ കണ്ടു പിടിയ്ക്കും എന്നുറപ്പു പറഞ്ഞ് ആചാര്യനോടും സഹോദരന്മാരോടുമൊപ്പം കാട്ടിലെത്തിയപ്പോൾ ഊഹം തെറ്റാണെന്നറിഞ്ഞെങ്കിലും ഒന്നും ചെയ്യാതെ തിരിച്ചുചെല്ലുന്നത് അപമാനമാകുമെന്നതിനാൽ കാട്ടാളന്മാരെ വധിയ്ക്കണമെന്ന് ശഠിച്ചു[422].

കൊട്ടാരത്തിൽ നിന്നു ലഭിച്ചിരുന്ന സ്ത്രീസുഖത്തിന്റെ അഭാവത്തിൽ ഹിഡിംബിയെന്ന കാട്ടാളത്തിയെ തന്റേതാക്കി, ഗർഭിണിയാക്കി ഉപേക്ഷിച്ചു[423].

അച്ഛന്റെ സ്ഥാനത്ത് നിന്ന് ഒന്നും ചെയ്യാതിരുന്നിട്ടും മകൻ ബലവാനാണെന്നു കണ്ടപ്പോൾ സ്വാധീനിച്ച് തന്റെ പക്ഷത്തേയ്ക്കാക്കി. യുദ്ധത്തിന് സഹായം ആവശ്യപ്പെട്ടു. ഘടോൽക്കചന്റെ മരണം ഭീമനൊരു പ്രശ്നമേ ആയിരുന്നില്ല. അതിൽ ദുഃഖിച്ചും കയർത്തും സംസാരിയ്ക്കുന്ന ഏകലവ്യനെ പുച്ഛിച്ചുകൊണ്ട് പ്രതിഫലം തരാമെന്ന് പറയുകയാണ് ചെയ്തത്[424].

420. അതേ പുസ്തകം, പു.22.
421. അതേ പുസ്തകം, പു.44.
422. അതേ പുസ്തകം, പു.69,70.
423. അതേ പുസ്തകം, പു.115.
424. അതേ പുസ്തകം, പു.118,128.

യുദ്ധാനന്തരം ഹസ്തിനപുരം പാണ്ഡവർ സ്വന്തമാക്കിയപ്പോൾ ദുര്യോധനന്റെ അന്തഃപുരദാസികളെ തനിയ്ക്കുവേണമെന്ന് പറഞ്ഞ് ഭീമൻ കലഹിച്ചു. സ്വാഭാവികമായും യുധിഷ്ഠിരനവകാശപ്പെട്ടതാണ് പരാജിതനായ രാജാവിന്റെ സ്വത്ത്[425].

പുച്ഛവും, അസൂയയും, സ്വാർത്ഥതയും, അഹങ്കാരവും, സ്ത്രീജിതത്വ വുമെല്ലാമുള്ള ഒരു സ്നേഹശൂന്യനായാണ് ഭീമനെ ഇവിടെ ചിത്രീകരിച്ചിരി യ്ക്കുന്നത്. ഭീമനുമായി അടുത്ത ബന്ധമുള്ള രണ്ടു കഥാപാത്രങ്ങൾ – ഹിഡിംബിയും ഘടോൽക്കചനും – ഏകലവ്യന്റെ സംരക്ഷണയിലും സ്നേഹത്തി ലുമാണ് ജീവിച്ചത്. അതുകൊണ്ടായിരിയ്ക്കാം ഏകലവ്യന്റെ പ്രധാന പ്രതി യോഗിയായി ഭീമനെ നോവലിസ്റ്റ് തെരഞ്ഞെടുത്തത്.

**കൃഷ്ണൻ**

കൃഷ്ണനെ ഒരു നീചകഥാപാത്രമായാണ് നോവലിൽ അവതരിപ്പിച്ചി രിയ്ക്കുന്നത്. കാലയവനനെ കൊല്ലാൻ ശ്രമിച്ചതും, ഉപായത്തിൽ കൊല്ലിച്ച തും, ജരാസന്ധസേന ശ്രീകൃഷ്ണന്റെ കാൽച്ചവിട്ടേറ്റ് പൊട്ടിയ പാറയിൽ നിന്നു പ്രവഹിച്ച ജലത്തിൽ ഒഴുകിപ്പോയതുമൊക്കെ കൃഷ്ണന്റെ കൗടില്യ ത്തിന്റെ ദൃഷ്ടാന്തങ്ങളായാണ് കാണിച്ചിരിയ്ക്കുന്നത്.

ഇന്ദ്രപ്രസ്ഥത്തിന്റെ ഐശ്വര്യത്തിനും ദേവപ്രീതിയ്ക്കും വേണ്ടി ഖാണ്ഡ വവനം ദഹിപ്പിയ്ക്കാൻ നേതൃത്വം നൽകി[426].

ഘടോൽക്കചൻ മരിച്ച ദുഃഖത്തിൽ വിലപിയ്ക്കുന്ന ഏകലവ്യനോട് അയാൾക്ക് യുദ്ധനിയമങ്ങളും ബന്ധുചര്യകളും അറിയില്ലെന്നു പറഞ്ഞു.ഹസ്തിനപുരം കാട്ടാളന്റെ രാജ്യമാകാതിരിയ്ക്കാൻ കൃഷ്ണനാണ് ഘടോൽക്കചനെ കൊല്ലിച്ചതെന്ന് ഏകലവ്യൻ മറുപടി പറഞ്ഞു. ഏകലവ്യന് പ്രതികാരബുദ്ധി ഏറെ തോന്നിയതും കൃഷ്ണനോടാണ്[427].

425. അതേ പുസ്തകം, പു.135.
426. അതേ പുസ്തകം, പു.97.
427. അതേ പുസ്തകം, പു.129.

സഹോദരീപുത്രനായ അഭിമന്യുവിന്റെ മകൻ പരീക്ഷിത്തിന് രാജ്യം ലഭിയ്ക്കാനും, അങ്ങനെ സമ്പന്നരാജ്യമായ ഹസ്തിനപുരത്തിൽ വേരുക ളാഴ്ത്താനും, രാജ്യം കൈപ്പിടിയിലൊതുക്കാനുമാണ് കൃഷ്ണനിതെല്ലാം ചെയ്തത്[428].

കുടിലബുദ്ധിയും, നീചനും, സ്വാർത്ഥനും, രാജ്യമോഹിയുമായാണ് കൃഷ്ണനെ നോവലിൽ അവതരിപ്പിച്ചിരിയ്ക്കുന്നത്.

ഭൂരിപക്ഷത്തിന്റെ, അടിച്ചമർത്തപ്പെട്ടവന്റെ കഥയാണ് താനിവിടെ അവതരിപ്പിയ്ക്കുന്നതെന്ന് നോവലിസ്റ്റ് പറയുന്നുണ്ട്. അധികാരത്തിന്റെയും സുഖാസക്തികളുടേയും വഴികളും നിയമങ്ങളും, വികാരദൗർബ്ബല്യങ്ങളുമാണ് മഹാഭാരതം നൽകുന്നതെന്ന് അഭിപ്രായപ്പെടുന്ന നോവലിസ്റ്റ് അതിന്റെ മറുവശം തേടുകയാണ്. അദൃശ്യശക്തി കല്പിയ്ക്കുന്ന അവസാനവിധി, മനുഷ്യവർഗ്ഗത്തിനുൾക്കൊള്ളാൻ കഴിയാത്ത വിധി അത് തന്റെ നായകന് – ഏകലവ്യന് ഉൾക്കൊള്ളാനായിയെന്ന് അദ്ദേഹം പറയുന്നു[429].

വൃദ്ധനും അവശനുമായ ഏകലവ്യനെ താങ്ങി ഒരഭയസ്ഥാനമന്വേഷിച്ചു നടക്കുന്ന ഹിഡിംബിയിൽ നിന്നാണ് കഥ തുടങ്ങുന്നത്. ഏകലവ്യന്റേയും പാണ്ഡവ–കൗരവ കുമാരന്മാരുടേയുമൊക്കെ ബാല്യത്തിൽ നിന്ന് ആരംഭി യ്ക്കുന്ന കഥനം മേലാളരെ ഇല്ലായ്മ ചെയ്ത് അവരുടെ സ്ഥാനം ഏറ്റെടുത്ത് വേടന്മാർ സുഖാസക്തരായി കാടിനെ മറന്നതിലവസാനിയ്ക്കുന്നു. ഹിഡിംബിയുടെ മടിയിൽ കിടന്ന് ഏകലവ്യൻ മരിയ്ക്കുന്നിടത്താണ് നോവലവസാനിയ്ക്കുന്നത്.

ഇതിഹാസോപജീവിയായ നോവൽ രചിയ്ക്കുമ്പോൾ ഇതിഹാസ ത്തിന്റെ സ്വാഭാവികമായ ഘടനയിൽ മാറ്റം വരുത്തുന്നത് ഉചിതമല്ല.

428. അതേ പുസ്തകം, പു.133.

429. അതേ പുസ്തകം, പു.5.

അതിനുള്ളിൽ നിന്നുകൊണ്ട് വിമർശനാത്മകമായ സമീപനങ്ങളിലൂടെ വ്യാഖ്യാനത്തിനുള്ള പഴുതുകൾ കണ്ടെത്തി ആവിഷ്ക്കരിയ്ക്കുകയാണ് വേണ്ടത്. ഇവിടെ ഇതിഹാസകഥാപാത്രങ്ങളെ സ്വീകരിച്ച് സ്വതന്ത്രസൃഷ്ടി നടത്തുകയാണ് ചെയ്തിരിക്കുന്നത്. അതിനുവേണ്ടി കഥാസന്ദർഭങ്ങളിൽ മാറ്റം വരുത്തുകയല്ല, അവയെ വളച്ചൊടിയ്ക്കുകയാണ്. പുരാണാധിഷ്ഠിതനോവൽ എന്ന നിലയ്ക്ക് ഒരു തകർച്ചയാണിവിടെ കാണുന്നത്. ഇതിഹാസാന്തരീക്ഷത്തിനും, മനുഷ്യബന്ധങ്ങളുടെ ആവിഷ്ക്കരണത്തിനും യോജിച്ച ഭാഷ ഏറെക്കുറെ സ്വീകരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

മഹാഭാരതത്തിലെ പാണ്ഡവ – കൗരവ കഥയെ ആസ്പദമാക്കിയുള്ള ചില നോവലുകളെക്കുറിച്ചും അവ വിഷയസംബന്ധമായും കഥാപാത്രവ്യക്തിത്വസംബന്ധമായും പുലർത്തുന്ന വ്യതിയാനങ്ങളെക്കുറിച്ചുമാണ് ഇതുവരെ പറഞ്ഞത്. എന്തിനാണ് നോവലിസ്റ്റുകൾ മഹാഭാരതം ഇതിവൃത്തമായി സ്വീകരിച്ചത്, അവർക്കെന്താണ് പറയാനുള്ളത്, അതിലെത്രത്തോളം ഔചിത്യം അവർക്ക് പുലർത്താനാവുന്നുണ്ട്, വരുത്തിയിരിക്കുന്ന മാറ്റങ്ങൾ ആശാസ്യമാണോ, ഇതിഹാസം പുനരാഖ്യാനം ചെയ്യപ്പെടാമോ എന്നൊക്കെ ചിന്തിയ്ക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളാണ് അടുത്ത അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

# അദ്ധ്യായം 4

# ഇതിഹാസപുനരാഖ്യാനങ്ങളുടെ പ്രസക്തി

മനുഷ്യസമൂഹത്തിന്റെ സൃഷ്ടിയാണ് പുരാവൃത്തങ്ങൾ. കാലങ്ങളോ ളമായി മനുഷ്യസമൂഹത്തിന്റെ വളർച്ചയ്ക്കൊപ്പം പുരാവൃത്തങ്ങളും വളർച്ച പ്രാപിച്ചു പോന്നു. മിത്ത് കലയുടെ മുൻഗാമിയാണെന്നും, ചരിത്രാതീത മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ജീവത്തായ ബന്ധത്തെക്കുറിച്ചോർമ്മിപ്പി ക്കുന്നത് മിത്തിനെക്കുറിച്ചുള്ള ബോധമാണെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[1] ജീവിതവിജയത്തിന്, ലോകനന്മയ്ക്ക്, മനസ്സിന്റെ സ്വാസ്ഥതയ്ക്കും സംതൃപ്തിയ്ക്കും, മൂല്യരക്ഷണത്തിന് – ഒക്കെ സമൂഹത്തിന് ആവശ്യമായ ഉപദേശങ്ങളും, ദൃഷ്ടാന്തങ്ങളും തന്നെയാണ് മിത്തുകൾ നമുക്ക് നൽകു ന്നത്. അതുകൊണ്ടുതന്നെ മനുഷ്യമനസ്സിന്റെ അബോധതലത്തിൽ പുരാ വൃത്തങ്ങൾ സ്ഥാനം നേടുന്നുണ്ട്. മനുഷ്യവംശത്തിന്റെ പ്രാകൃതമായ ആഗ്ര ഹങ്ങളേയും ഭീതികളേയും മിത്തുകൾ പരോക്ഷമായി പ്രതിനിധീകരിയ്ക്കു ന്നുവെന്ന് നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്[2]. നന്മതിന്മകളെ വേർതിരിച്ചുകാണിക്കാൻ, ധർമ്മസംസ്ഥാപനത്തെക്കുറിച്ചു പറയാൻ മിത്തുകളെ ഉപയോഗിക്കാം, മനു ഷ്യനും പ്രകൃതിയും തമ്മിലുള്ള സംഭാഷണമാണ് പുരാവൃത്തങ്ങളിലും ഐതി ഹ്യങ്ങളിലും മിത്തുകളിലും കാണുന്നത് എന്നും പക്ഷമുണ്ട്[3]. മഹാഭാരതത്തെ ഈ വിഭാഗത്തിൽപ്പെടുത്താം.

---

1. Tajindar Sing, 'Myth and Symbol', *The Literary Criticism of D.H.Lawrence* (Sterling Publishers Pvt.Ltd, New Delhi, 1984), p.63,64.
2. Jones Earnest, *Psycho-Analysis* (Earnest Benl Benn Ltd, Bouveri house, London, 1928), p.70
3. മുഹമ്മദ്.എൻ.പി, 'പൗരാണികതയുടെ ജീവൻ', മാതൃഭൂമി ആഴ്ചപ്പതിപ്പ് (1996 സെപ്തംബർ 22–28), പു.24,25.

## എഴുത്തുകാർ മഹാഭാരതത്തെ ആശ്രയിയ്ക്കുന്നതെന്തുകൊണ്ട്?

എഴുത്തുകാരൻ സമൂഹത്തോട് പ്രതിബദ്ധതയുള്ളവനാണ്. സമൂഹത്തിന്റെ ചലനങ്ങൾ മനസ്സിലാക്കുകയും അതിന് പ്രേരകശക്തിയാക്കുകയും ചെയ്യുന്ന കൃതികൾ രചിയ്ക്കുകയെന്നത് രചനാലക്ഷ്യമായി സ്വീകരിച്ചവരുണ്ട്.ചിലർ സമൂഹത്തിന്റെ വിവിധ വശങ്ങൾ നിരീക്ഷിച്ച് സമൂഹത്തിന്റെ ലിഖിതവും അലിഖിതവുമായ നിയമങ്ങളും കർക്കശമായ വ്യവസ്ഥിതികളും വ്യക്തിസ്വാതന്ത്ര്യത്തെ തകർക്കുന്നതെഴുതുമ്പോൾ മറ്റു ചിലർ അതിനെതിരെ പ്രവർത്തിയ്ക്കാനുള്ള ആഹ്വാനം മുഴക്കുന്നു. പലപ്പോഴും തങ്ങൾക്കു പറയാനുള്ള കാര്യങ്ങൾ ശക്തമായി അവതരിപ്പിയ്ക്കാൻ എഴുത്തുകാർ പ്രതീകങ്ങളും ബിംബങ്ങളും സ്വീകരിയ്ക്കാറുണ്ട്. അവ അനുവാചകന് പരിചിതങ്ങളാണെങ്കിൽ അവയുടെ ധ്വനനശേഷി വർദ്ധിയ്ക്കുന്നു. മഹാഭാരതം ഈ അർത്ഥത്തിൽ എഴുത്തുകാരന് വളരെയേറെ സഹായകമാകുന്നതായി കാണുന്നുണ്ട്.

ഭാരതത്തിന്റെ ഇതിഹാസങ്ങളിലൊന്നാണ് മഹാഭാരതം. കാലങ്ങൾകൊണ്ട് രചിയ്ക്കപ്പെട്ടതും സഞ്ചയിയ്ക്കപ്പെട്ടതുമായ ഈ കൃതിയുടെ ലക്ഷ്യം മനുഷ്യന് ധർമ്മോദ്ബോധനം നടത്തുകയെന്നതും ഒപ്പം വിധിയുടെ അലംഘ്യത അവന് മനസ്സിലാക്കിക്കൊടുക്കുക എന്നതുമത്രേ. അതുകൊണ്ട് തന്നെ മനുഷ്യജീവിതത്തിന്റെ വിവിധതലങ്ങളെ സ്പർശിയ്ക്കുന്നതാണിതെന്ന് മനസ്സിലാക്കാം. അനന്തമായ അനുഭവവൈവിദ്ധ്യങ്ങളും വൈചിത്ര്യങ്ങളും ഈ കൃതി പകർന്നു നൽകുന്നു. ആധുനിക സാഹിത്യത്തിന്റേതായി കാണപ്പെടുന്ന വിവിധ പ്രസ്ഥാനങ്ങളും വേദാന്തം തൊട്ട് അസ്തിത്വവാദം വരെയുള്ള ദർശനങ്ങളും ആധുനിക മനസ്സിന് ഇവിടെ കാണാം[4]. മാനവിക

4. സാനു.എം.കെ.,'മലയാളത്തിന് സിദ്ധിച്ച മഹാഭാഗ്യം', *ഭാഷാഭാരതം* വാല്യം ഒന്ന്, വിവ:കുഞ്ഞിക്കുട്ടൻ തമ്പുരാൻ (ഡി.സി.ബുക്സ്, കോട്ടയം, 2007), പു.55.

വികാരങ്ങളുടെ സാകല്യം, അവയുടെ പ്രഭാവം, വ്യാപനം, മനുഷ്യപരീക്ഷണ ങ്ങളുടെ സമഗ്രമുഹൂർത്തങ്ങൾ – എല്ലാം ഇവിടെ കാണുന്നു. കാലത്തിന്റെ ചോദ്യങ്ങൾക്ക് വ്യാസൻ നൽകിയ സമാധാനമത്രേ ഈ കൃതി[5]. അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന തെറ്റുകൾ, അപരാധി ആരായാലും, ഈശ്വരൻ തന്നെയായാലും അതിന് ശിക്ഷയുണ്ടെന്നും ആ ശിക്ഷയിലൂടെ അവരെ പരിശുദ്ധരാക്കാമെന്നും മഹാഭാരതം പറഞ്ഞു തരുന്നു[6]. അങ്ങനെ തെറ്റും ശരിയും വേർതിരിച്ച് കാണിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നു[7]. ഏതു സങ്കീർണ്ണ പ്രശ്നങ്ങളിൽ പെട്ടുഴലുന്നവനും സാന്ത്വനവും രക്ഷാമാർഗ്ഗവും നൽകുന്നു. അങ്ങനെ ജീവിതത്തോട് ഗാഢമായ അടുപ്പം തന്നെ ഈ കൃതി സ്ഥാപിച്ചിരി യ്ക്കുന്നു[8]. ആധുനികജീവിതത്തിന്റെ കുഴപ്പങ്ങൾ പരിഹരിയ്ക്കാൻ യഥാർത്ഥ സംസ്ക്കാരം അന്തർലീനമായ ഇത്തരം കൃതികൾക്കേ സാധിക്കൂ എന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[9]. കഥ, പാരമ്പര്യം, ഐതിഹ്യം, പുരാവൃത്തം തുടങ്ങി എന്തിനൊക്കെ പ്രാചീനഭാരതം പ്രശസ്തമായിരുന്നുവോ അതെല്ലാം ഈ കൃതിയിൽ ഒരുമിച്ച് കാണുന്നവെന്നും അത് പ്രാചീനഭാരതത്തിലെ ജീവിത ത്തിന്റെയും വിജ്ഞാനത്തിന്റേയും Encyclopaedia ആണെന്നും[10] പറയുമ്പോൾ ആ കൃതി എത്രത്തോളം ഇന്ത്യയുമായി ദൃഢബന്ധം പുലർത്തുന്നുവെന്നും മനസ്സിലാക്കാം. അതുകൊണ്ടുതന്നെ ഭാരതത്തിലെ ഓരോ പ്രാദേശിക സാഹിത്യത്തേയുമെന്നല്ല, പാശ്ചാത്യരെക്കൂടി ഈ കൃതി സ്വാധീനിച്ചിട്ടുണ്ട്.

5. ബാലകൃഷ്ണൻ കല്പറ്റ, *സമ്പൂർണ്ണമഹാഭാരതം*, എഡി:ബാലകൃഷ്ണൻ കല്പറ്റ, (സമ്രാട്ട് പബ്ലിഷേഴ്സ്, തൃശ്ശിവപേരൂർ, 1999).
6. നിത്യചൈതന്യയതി, 'മഹാഭാരതത്തിലെ ധർമ്മസങ്കല്പം', *സമ്പൂർണ്ണമഹാഭാരതം*, എഡി:ബാലകൃഷ്ണൻ കല്പറ്റ, (സമ്രാട്ട് പബ്ലിഷേഴ്സ്, തൃശ്ശിവപേരൂർ,1999), പു.10.
7. അതേ പുസ്തകം, പു.16.
8. രാജരാജവർമ്മ വടക്കുംകൂർ, 'വേദവ്യാഖ്യാനമായ വിശ്വമഹാഗ്രന്ഥം', *ഭാഷാഭാരതം*, വാല്യം ഒന്ന്, വിവ: കുഞ്ഞിക്കുട്ടൻ തമ്പുരാൻ (ഡി.സി.ബുക്സ്, കോട്ടയം, 2007), പു.48.
9. Munshi.K.M, 'Kulapati's Preface', *Mahabarata* , C.Rajagopalajari (Bharatheeya Vidyabhavan, Kulapati K.M.Munshi Marg, Bombay), p.VI.
10. Romesh.C.Dutt, *The Mahabharatha* (Reader Friendly, Millenium Three Editors, Published by Vijalgoyal, 2006), p.12.

സൂക്ഷ്മമായ അന്വേഷണബുദ്ധിയുള്ള ചരിത്രകാരനും, രാഷ്ട്രതന്ത്രജ്ഞ നും പ്രഭാഷകനും, ധർമ്മശാസ്ത്രനിരീക്ഷകനും, ഉന്നതലക്ഷ്യങ്ങളുള്ള രാഷ്ട്രീയ പ്രവർത്തകനും, ആദ്ധ്യാത്മികവാദിയും തത്വചിന്തകനും കൂടി ച്ചേർന്ന ഒരു മഹാബുദ്ധിമാനായിരുന്നു വ്യാസൻ[11] എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ മഹത്തായ സൃഷ്ടിയുടെ ബഹുമുഖമായ ഗരിമ കൂടുതൽ വ്യക്തമാകുന്നു.

അനവധി കഥകളും ഉപകഥകളുമൊക്കെ മഹാഭാരതത്തിൽ കാണു ന്നുണ്ട്. ഓരോ വ്യാഖ്യാനത്തിനും മറ്റൊരു വ്യാഖ്യാനം, ഓരോ കഥയും അപൂർണ്ണം, ഓരോ വിരാമത്തിനും ഒന്നിലധികം കഥകൾക്കുള്ള സാധ്യത[12] എഴുത്തുകാർ കാണുന്നു. സൽക്കവികൾക്ക് ഉപജീവിയ്ക്കാനുള്ള സാധ്യത മഹാഭാരതം തന്നെ കാണിച്ചുതരുന്നുണ്ട്[13]. ചില എഴുത്തുകാർ ഈ കൃതി യിൽ നിന്ന് ബിംബങ്ങളും പ്രതീകങ്ങളും സ്വീകരിയ്ക്കുമ്പോൾ മറ്റു ചിലർ ചില ഭാഗങ്ങൾ തന്നെ സ്വീകരിയ്ക്കുന്നു. ചിലരുടെ ലക്ഷ്യം കേവലം പുരാണ പുനരാഖ്യാനമാകാം, ചിലരുടേത് സമൂഹോന്നമനമാകാം. എന്തു തന്നെയാ യാലും ഇതിഹാസത്തിന്റെ അന്തർഗതം അറിയാതെ തന്നെ മനസ്സിൽ പതിഞ്ഞു കഴിഞ്ഞ ഭാരതീയർക്ക് ആഖ്യാനത്തിന്റെ ഭാവതീവ്രതയുൾക്കൊ ള്ളാൻ പ്രയാസമുണ്ടാകില്ല. ഉപജീവനത്തിന് സ്വത്വത്തിന്റെ ഊർജ്ജം മാത്രം പര്യാപ്തമല്ലെന്ന് വരുമ്പോൾ സാഹിത്യകാരൻ പ്രതിഷ്ഠാപിതകൃതികളിലേക്ക് തിരിയുമെന്ന് അഭിപ്രായമുണ്ട്[14]. ആത്യന്തികതകളെ ചിത്രണം ചെയ്ത

---

11. അരവിന്ദഘോഷ്, 'വ്യാസൻ', <u>*വിശ്വസാഹിത്യകാരന്മാർ*</u>, എഡി: ഡോ.രാധിക.സി.നായർ, (ഡി.സി.ബുക്സ്, 2008),പു.14.
12. അജയ്.പി.മങ്ങാട്, 'മഹാഭാരതത്തിന് ഒരു പുനർവിചിന്തനം', <u>ഭാഷാപോഷിണി</u>, 26,6 (നവംബർ2002), പു.44.
13. <u>*ശ്രീമഹാഭാരതം*</u> വാല്യം ഒന്ന്, ആദിപർവ്വം, വിവ:കുഞ്ഞിക്കുട്ടൻ തമ്പുരാൻ (എൻ.ബി.എസ്. കോട്ടയം, 1987), പു.112.
14. രാമകൃഷ്ണൻ ദേശമംഗലം, 'പാഴ്ചെലവായ ജീവിതം', <u>ഭാഷാപോഷിണി</u> 19,5 (ഒക്ടോബർ 1995), പു.15.

ഇതിഹാസങ്ങളെ വ്യക്തിജീവിതത്തിന്റെ സമാന്തരധാരയായോ പ്രതിബിംബമായോ കാണാൻ കഴിയുന്നഎഴുത്തുകാരുണ്ടെന്നും നമ്മുടെ വികാരങ്ങളുടെ പ്രതിഫലനമായി അവർക്ക് ഇതിഹാസത്തെ കാണാൻ കഴിയുമെന്നും അഭിപ്രായപ്പെടുമ്പോൾ[15] ഉദ്ദേശിയ്ക്കുന്നത് ഇതിഹാസസന്ദർഭങ്ങളെ വർത്തമാനകാലത്തേയ്ക്ക് ആനയിയ്ക്കുന്ന അനുകർത്താക്കളെ തന്നെയാണല്ലോ.

## മഹാഭാരതകഥാനുഗായികളായ നോവലുകൾ പറയുന്നതെന്ത്?

മഹാഭാരതകഥയെ ആസ്പദമാക്കി മലയാളത്തിൽ പല നോവലുകളും രചിയ്ക്കപ്പെട്ടിട്ടുണ്ട്. രചയിതാവിനെ ആകർഷിച്ചിരിയ്ക്കുക പല കാരണങ്ങളാകാം.

♦ ഏതെങ്കിലുമൊരു കഥാപാത്രത്തിനോട് തോന്നുന്ന താത്പര്യം, ആദരവ്, സഹതാപം, എന്നീ വികാരങ്ങൾ.

♦ അനിർവ്വചനീയമായ വിധി നൽകുന്ന അത്ഭുതവും നിരാശയും

♦ പൊതുവേ മനുഷ്യന്റെ മനസ്സിലും സ്വാതന്ത്ര്യത്തിനും വിലങ്ങുതടിയായി നിൽക്കുന്ന സമൂഹത്തോടുള്ള ധാർമ്മികരോഷം.

♦ അവഗണിയ്ക്കപ്പെടുകയും അവഹേളിയ്ക്കപ്പെടുകയും ചെയ്യുന്നവരോടുള്ള സഹതാപവും മർദ്ദകരോടുള്ള രോഷവും

♦ ഭോഗാസക്തനായ മനുഷ്യൻ നശിപ്പിയ്ക്കുന്ന മൂല്യങ്ങൾ.

– ഇവിടെ പഠനവിധേയമാകുന്ന നോവലുകളിൽ ഈ പറഞ്ഞ പ്രത്യേകതകൾ കാണുന്നുണ്ട്.

### രണ്ടാമൂഴം

താൻ മറ്റുകൃതികൾ കൈകാര്യം ചെയ്തതുപോലെയാണ് രണ്ടാമൂഴവും രചിച്ചിരിയ്ക്കുന്നതെന്ന് നോവലിസ്റ്റ് പറയുന്നുണ്ട്. മഹാഭാരതത്തിലേയ്ക്ക് തന്നെ ആകർഷിച്ച സാഹചര്യത്തെക്കുറിച്ചും നോവൽ രചനയ്ക്കായി

15. അതേ പുസ്തകം, പു.15.

പരിശോധിച്ച ഭാരതകഥാഖ്യാനങ്ങൾ[16], അന്നത്തെ സമൂഹത്തെപ്പറ്റി കൂടുതലറിയാൻ പരിശോധിച്ച ഗ്രന്ഥങ്ങൾ തുടങ്ങി താനവലംബിച്ച മാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹം പറഞ്ഞിട്ടുണ്ട്[17]. സ്വതന്ത്രമല്ലാത്ത ഒരാശയമെടുത്ത് ഇത്ര ശ്രദ്ധാപൂർവ്വം പുനഃസൃഷ്ടിയ്ക്കുമ്പോൾ നോവലിസ്റ്റിന് പ്രത്യേകിച്ച് യാതൊരുദ്ദേശ്യവുമുണ്ടായിരുന്നില്ലെന്ന് ആക്ഷേപമുണ്ടായിട്ടുണ്ട്[18]. അതിനോട് യോജിയ്ക്കാനാവില്ല.

1. തന്റെ പതിവു നായക സങ്കല്പത്തിനനുസൃതമായ സ്വഭാവഘടകങ്ങൾ ഭീമസേനനിൽ നിരീക്ഷിയ്ക്കുകയും ആരോപിയ്ക്കുകയും[19] ഭീമനെ കേന്ദ്രസ്ഥാനത്തു നിർത്തി മറ്റു ചില ഇതിഹാസകഥാപാത്രങ്ങളെ അണിനിരത്തി പതിവുപോലെ ഒരു കുടുംബകഥ പറയുകയും മാത്രമല്ല ഇവിടെ നോവലിസ്റ്റിന്റെ ലക്ഷ്യം. അങ്ങനെ നോവലിസ്റ്റ് തന്നെ പറയുന്നുണ്ടെങ്കിലും സുപരിചിതമായ ഒരു കഥ ചില മാറ്റങ്ങൾ വരുത്തി ഒന്നുകൂടി പറഞ്ഞുതരിക എന്ന ലാഘവത്തോടെയുള്ള സമീപനമല്ല ഈ നോവൽ സാധിച്ചിരിയ്ക്കുന്നത്.

2. കർണ്ണന്റേയും യുധിഷ്ഠിരന്റേയും ഭീമന്റേയും പിതൃത്വമാണ് നോവലിൽ കൂട്ടിച്ചേർക്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആശയം.

♦ കർണ്ണനെ ത്യാഗിയായോ, ധർമ്മിയായോ അജയ്യനായോ നോവലിസ്റ്റ് അവതരിപ്പിയ്ക്കുന്നില്ല. ദേവ-ക്ഷത്രിയ ലക്ഷണങ്ങൾ സൂചിപ്പിയ്ക്കുന്നില്ല.

16. ഇവിടെ പഠനവിധേയമാക്കിയ മറ്റ് നോവലുകളുടെ രചയിതാക്കളിൽ നിന്നും വ്യത്യസ്തമായി എം.ടി. ഭാരതകഥയ്ക്കു വേണ്ടി കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരതവിവർത്തനം മാത്രമല്ല സ്വീകരിച്ചിരിയ്ക്കുന്നത്. പ്രതാപചന്ദ്രറോയിയുടെ മഹാഭാരത വിവർത്തനവും, ഭാരതത്തിന്റെ കുംഭകോണം പതിപ്പും, ഇതിനെയൊക്കെ ആധാരമാക്കിയുണ്ടായ പഠനങ്ങളും സ്വീകരിച്ചിട്ടുണ്ട്. പാഠഭേദങ്ങളെപ്പറ്റിയോ, അവ തന്നിലുണ്ടാക്കിയ പ്രേരണയെപ്പറ്റിയോ നോവലിസ്റ്റ് ഒന്നും പറഞ്ഞിട്ടില്ല. ഇരാവതി കാർവേ ഭണ്ഡാർക്കർ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രകാശനം ചെയ്ത മഹാഭാരതത്തെ ആസ്പദമാക്കിയെഴുതിയ മഹാഭാരതപഠനങ്ങളിലും സമാനമായ ചില അഭിപ്രായങ്ങൾ കാണുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ രണ്ടാമൂഴത്തെക്കുറിച്ച് ഒരന്വേഷണം നടത്താവുന്നതാണ്.

17. വാസുദേവൻ നായർ.എം.ടി, 'ഫലശ്രുതി', *രണ്ടാമൂഴം* (കറന്റ് ബുക്സ്, തൃശൂർ, 1996), പു.292,293.

18. കുമാരൻ മാമ്പുഴ, 'ഇതിഹാസത്തിലേയ്ക്ക് തിരിച്ചുപോകുമ്പോൾ', ഭാഷാപോഷിണി, 19, 5, (1995 ഒക്ടോബർ), പു.12.

19. മുൻ.അദ്ധ്യായം 2, പു.106.

എന്നാൽ സഹതാപാർഹനായും, യോദ്ധാവായും, സദ്ഗുണങ്ങളു ള്ളവനായുംചിലയിടങ്ങളിൽ അംഗീകരിയ്ക്കുന്നുമുണ്ട്[20]. സൂതനിൽ കവിഞ്ഞ ആഢ്യത്വമോ മറ്റു പ്രത്യേകതകളോ ആ കഥാപാത്രത്തിന് നൽകുന്നില്ല. അമാനുഷികാംശം നീക്കം ചെയ്യുകയാവാം ഇവിടെ ഉദ്ദേശ്യം.

♦ മൂലകൃതിയിലെ ഒരു പരാമർശത്തെ ആധാരമാക്കി വിദുരർ യുധിഷ്ഠിരന്റെ പിതാവാണെന്ന് നോവലിസ്റ്റ് വ്യാഖ്യാനിയ്ക്കുന്നു[21]. (സമാനാഭിപ്രായം വേറെയും കണ്ടിട്ടുണ്ട്)[22]. ഇവിടെയും മാനുഷികഭാവത്തിന് പ്രാധാന്യം നൽകലാണല്ലോ ലക്ഷ്യം.

♦ പക്ഷേ ഭീമൻ നിഷാദപുത്രനാണെന്ന കണ്ടെത്തലിൽ ഈ ഒരുദ്ദേശ്യം മാത്രമല്ല കാണുന്നത്.

i) ക്ഷത്രിയനെന്നും വായുപുത്രനെന്നും അഭിമാനിച്ചിരുന്നവനാണ് ഭീമൻ. സർവ്വവിനാശകാരിയായ യുദ്ധം കഴിഞ്ഞപ്പോൾ ഒന്നും നേടിയില്ലെന്ന് നിരാശനായ ഭീമൻ മാനസികമായി തളരുന്നതും മഹാപ്രസ്ഥാനമുപേക്ഷിച്ച് കാടിന്റെ നേർക്ക് നടക്കുന്നതും താൻ കാട്ടാളന്റെ മകനാണെന്നറിഞ്ഞപ്പോഴാണ്. ക്ഷത്രിയത്വം ഭീമനെ പലപ്പോഴും ബന്ധനസ്ഥനാക്കിയിരുന്നുവെങ്കിൽ കാട്ടാളത്തം ഭീമന് സ്വാതന്ത്ര്യം നൽകുകയാണ് ചെയ്തത്. ഈ കണ്ടെത്തൽ ഭീമനെ എല്ലാമാനുഷികവികാരങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന ഒരാളായി അവതരിപ്പിയ്ക്കാൻ സഹായിക്കുകയാണ്. സ്വയം കിരാതനെന്ന് വിശേഷിപ്പിയ്ക്കാറുള്ള[23] നോവലിസ്റ്റ് ഈ പുതിയ കൂട്ടിച്ചേർക്കൽ കൊണ്ടുദ്ദേശിയ്ക്കുന്നത് ഒരു പച്ചമനുഷ്യന്റെ സൃഷ്ടിതന്നെ. ഈ ഭാവന

20. രണ്ടാമൂഴം, പു.64,101,102,248.
21. അതേ പുസ്തകം, പു.294.
22. ഇരാവതി കാർവേ, *മഹാഭാരതപഠനങ്ങൾ*,വിവ:വി.എസ്.നായർ (ജനശക്തി പബ്ലിക്കേഷൻസ്, കോഴിക്കോട് 1999), പു.63.
23. കുഞ്ഞികൃഷ്ണൻ.കെ. 'എം.ടി.എന്റെ ജ്യേഷ്ഠസഹോദരൻ', *എം.ടി.കഥയും പൊരുളും*, എഡി:എം.എം.ബഷീർ (കറന്റ് ബുക്സ്, തൃശൂർ, 1996), പു.119.

കാടുകയറിയതാണെന്നഭിപ്രായമുണ്ടെങ്കിലും[24] ഒരു പച്ചമനുഷ്യന്റെ സൃഷ്ടിയ്ക്ക് ഈ കല്പന ഉചിതം തന്നെ.

ii) മനുഷ്യർ നിരന്തരം വെച്ചുപുലർത്തുന്ന പകയും മാത്സര്യവും കൊണ്ട് നാശമല്ലാതെ മറ്റൊന്നുമുണ്ടാകുന്നില്ലെന്നൊരു പാഠം കൂടി മഹാഭാരത്തിൽ നിന്ന് നാമറിയുന്നുണ്ട്[25]. എല്ലാം മായയാണ് എന്നും മഹാഭാരതം പറയുന്നു[26]. ഭൗതിക ജീവിതം നയിയ്ക്കുന്ന മനുഷ്യരിൽ ഇതിന്റെയെല്ലാമർത്ഥമറിയുന്ന വർ പോലും മാനുഷികവികാരങ്ങളിൽ നിന്ന് മുക്തനാകുന്നില്ല. അതുകൊണ്ടാണല്ലോ ഭീമൻ കാമവും പകയും വെടിയാതെ സ്വർഗ്ഗം വെടിഞ്ഞ് തന്റെ പെണ്ണും ശത്രുവും അവശേഷിയ്ക്കുന്ന തന്റെ കർമ്മപഥത്തിലേയ്ക്ക് യാത്ര തിരിച്ചത്. സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് സ്വയമുള്ള ധാരണയാണ് ഒരു മനുഷ്യന്റെ മനസ്സിനേയും പ്രവൃത്തിയേയും നിർണ്ണയിയ്ക്കുന്നതെന്നും, മോഹവും മാത്സര്യവും നാശത്തിലേയ്ക്ക് മാത്രമാണ് നയിയ്ക്കുന്നതെന്നും എന്നിട്ടും മനുഷ്യനതിൽ നിന്നും മുക്തിനേടാൻ കഴിയുന്നില്ലെന്നുമുള്ള സത്യവും നോവലിസ്റ്റിനു പറയാനുണ്ട്. അതിനു സഹായിയ്ക്കുന്ന ഒരു ഘടകമാണ് ഭീമൻ നിഷാദപുത്രനാണെന്ന നിരീക്ഷണം.

ഈ പിതൃത്വസങ്കല്പനം കൊണ്ട് മറ്റ് വെല്ലുവിളികളോ നിന്ദയോ നോവലിസ്റ്റ് ഉദ്ദേശിയ്ക്കുന്നുണ്ടെന്ന് തോന്നുന്നില്ല. എങ്കിൽ അർജ്ജുന നകുല – സഹദേവന്മാരെ മാറ്റി നിർത്തേണ്ട കാര്യമില്ലല്ലോ. അവരുടെ പിതൃത്വത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. പാണ്ഡവരുടെ പിതൃത്വമെന്തെന്ന അന്വേഷണമല്ല നോവലിസ്ററിന്റെ ലക്ഷ്യം.

---

24. ഗുപ്തൻനായർ.എസ്. ' നാലുകെട്ടിലെ നിഴലും വെളിച്ചവും ', *എം.ടി.കഥയും പൊരുളും,* പു.228.
25. *ശ്രീ മഹാഭാരതം* വാല്യം 3, ഉദ്യോഗപർവ്വം, അദ്ധ്യായം 72, പു.220.
26. അതേ പുസ്തകം, വാല്യം 5, ശാന്തിപർവ്വം, അദ്ധ്യായം 213, പു.621.

3. അർഹതയുള്ള അംഗീകാരം തട്ടിനീക്കപ്പെടുന്നത്, രാജ്യലോഭം, രാജ്യതന്ത്രജ്ഞത, സ്ഥാനമാനങ്ങൾക്കുവേണ്ടി എന്തും ചെയ്യാനുള്ള ഏതു നഷ്ടവും നിസ്സാരമായി കാണാനുള്ള പ്രവണത, ദയാരാഹിത്യം, അവഗണന, ചതി, പ്രതികാരം, കാമം – എന്നു തുടങ്ങി സമൂഹത്തിന്റെ, രാജ്യത്തിന്റെ തകർച്ചയ്ക്ക് എന്തൊക്കെ വേണമോ അതെല്ലാം ഈ കൃതിയിൽ കാണുന്നു. ഇന്നത്തെ നാടിന്റെ ഈ പ്രത്യേകതകൾ എടുത്തുകാണിയ്ക്കാൻ നമ്മുടെ പൂർവ്വികരുടെ തന്നെ കഥയേക്കാൾ അനുഭവതീവ്രത പകരുന്ന ദൃഷ്ടാന്തം വേറെന്തുണ്ട്? സാർവ്വകാലികമാനങ്ങളുള്ള ഇതിഹാസത്തിന്റെ പുനരാഖ്യാ നത്തിനും ആ സ്വഭാവം വെച്ചു പുലർത്താൻ കഴിയും എന്ന് ഈ നോവൽ വ്യക്തമാക്കുന്നു. മനുഷ്യന്റെ അടിസ്ഥാനവികാരങ്ങൾ എന്നും ഒന്നുതന്നെ യാണെന്നും കുന്തിയും ദ്രൗപദിയും ഭീമനും ഘടോൽക്കചനുമൊക്കെ സമകാലിക പ്രസക്തിയുള്ളവരാണെന്നും യുധിഷ്ഠിരനും ദുര്യോധനനും ദുശ്ശാസനനുമൊക്കെ ഇന്നും നമ്മുടെ നാട്ടിലുണ്ടെന്നും നോവലിസ്റ്റ് പറയുമ്പോൾ[27] ഇതിഹാസകാലത്തിന്റേയും വർത്തമാനകാലത്തിന്റേയും തന്മ യീഭാവം അത്രയ്ക്ക് ആഴത്തിൽ അദ്ദേഹം ദർശിച്ചിട്ടുണ്ടെന്നും വ്യക്തമാകു ന്നു. ഇത് നോവലിസ്റ്റിന്റെ മറ്റൊരു ലക്ഷ്യമാണ്.

നോവലെഴുതി തഴക്കം വന്ന എം.ടി.യ്ക്ക് ഒരു സ്വതന്ത്രസൃഷ്ടി നടത്തുകയെന്നത് ഒട്ടും ദുഷ്ക്കരമല്ലെന്നിരിയ്ക്കേ ഒരു പുനരാഖ്യാ നത്തിന് മുതിർന്നത് അലക്ഷ്യമായിട്ടാവില്ല.

## ഇനി ഞാൻ ഉറങ്ങട്ടെ

വ്യാസഭാരതകഥയേയും, കഥാപാത്രങ്ങളേയും നിരീക്ഷിച്ചറിയാൻ ശ്രമിച്ച് തന്റേതായ നിഗമനത്തിലെത്തിയ വ്യക്തിയാണ് നോവലിസ്റ്റ്[28].

27. വാസുദേവൻ നായർ.എം.ടി., 'കാണാനുള്ള കണ്ണും പതിയാനുള്ള മനസ്സും', *മഹാരഥന്മാരുമായി മുഖാമുഖം* (ശിഖ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1987), പു.139.
28. ബാലകൃഷ്ണൻ.പി.കെ, *എഴുത്തച്ഛന്റെ കല-ചില വ്യാസഭാരതപഠനങ്ങളും*, (കറന്റ് ബുക്സ്, തൃശൂർ,2002).

യുധിഷ്ഠിരനെ ദുർബ്ബലനായ മഹാസാത്വികനായും, ഭീമനെ വളർത്തു ഹിംസ്രമൃഗമായും, കൃഷ്ണനെ ശക്തിയും, വീര്യവും, ബുദ്ധിയും, കർമ്മകൗ ശലവും ഇണങ്ങിയ അമാനുഷികമായ തോതിൽ നിരങ്കുശനായും[29] കണ്ട നോവലിസ്റ്റ്, ഇതിഹാസകാരൻ കർണ്ണനെ ഭാവസമ്പൂർണ്ണനായ ട്രാജിക് കഥാപാത്രം[30], രൂപസൗഭാഗ്യം തികഞ്ഞവൻ[31], വീരദുരന്ത്യകഥാനായകൻ[32], മഹാധർമ്മി[33] എന്നീ സവിശേഷതകളുള്ളവനായി അവതരിപ്പിച്ചിരിയ്ക്കുന്നു വെന്ന് പറയുന്നു. ആ കഥാപാത്രത്തോട് തനിയ്ക്ക് തോന്നിയ അത്ഭുതാദ രങ്ങളും ആരാധനയും നോവലിസ്റ്റ് ഈ കൃതിയിൽ വ്യക്തമാക്കുന്നുണ്ട്. കർണ്ണനെ ഒരു കേന്ദ്രകഥാപാത്രമാക്കാനുള്ള പ്രേരണ അദ്ദേഹത്തിന്റെ മന സ്സിൽ അത്രമാത്രം ദൃഢമാണെന്നു വ്യക്തം.

വ്യാസന്റെ കർണ്ണനിൽ നീചാംശവുമുണ്ടെന്ന് പറയുന്ന[34] നോവലിസ്റ്റ് ആ കർണ്ണകഥാരംഗങ്ങളിൽ താൻ മാറ്റം വരുത്തിയിട്ടുണ്ടെന്ന് സൂചിപ്പിയ്ക്കു ന്നുണ്ട്[35]. കർണ്ണന്റെ മാഹാത്മ്യവർണ്ണനയ്ക്ക് കഥാസന്ദർഭങ്ങൾ തെരഞ്ഞെടു ക്കുന്നതിൽ അദ്ദേഹം ത്യാജ്യഗ്രാഹ്യവിവേചനം പുലർത്തിയിട്ടുണ്ട്. കർണ്ണന് ഉൽക്കർഷം വരുത്തുന്ന കഥാഭാഗങ്ങൾ മാത്രം സ്വീകരിയ്ക്കുക അല്ലാത്ത ചില സന്ദർഭങ്ങളിൽ മാറ്റം വരുത്തുക, ചില പിഴവുകളെ ന്യായീകരിയ്ക്കുക, ചില മഹിമകൾ കൂട്ടിച്ചേർക്കുക – ഇങ്ങനെ ഒരു കഥാപാത്രത്തിനുൽക്കർഷം വരുത്താൻ ശ്രമിച്ചപ്പോൾ ഭീഷ്മർ, ദ്രൗപദി, കുന്തി തുടങ്ങിയ ചില കഥാപാ ത്രങ്ങൾക്ക് അപകർഷമുണ്ടാവുകയും ചെയ്തു[36] എന്ന് പക്ഷമുണ്ട്.

29. അതേ പുസ്തകം, 'വ്യാസഭാരത പ്രപഞ്ചത്തിലേക്ക്',പു.38.
30. അതേ പുസ്തകം, 'വ്യാസന്റെ കർണ്ണൻ ', പു.61.
31. അതേ പുസ്തകം, പു.65.
32. അതേ പുസ്തകം, പു.68.
33. അതേ പുസ്തകം, പു.71.
34. അതേ പുസ്തകം, 'വ്യാസഭാരതത്തിന്റെ ചരിത്രത്തെപ്പറ്റി ',പു.42.
35. ബാലകൃഷ്ണൻ.പി.കെ, 'പ്രസ്താവന', *ഇനി ഞാൻ ഉറങ്ങട്ടെ* (സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1994), പു.9.
36. അശോകൻ.കെ, 'ഇതിഹാസനോവൽ – പുനഃസൃഷ്ടിയുടെ പ്രശ്നങ്ങൾ ', ഭാഷാപോഷിണി, 19, 5, (ഒക്ടോബർ 1995), പു.19.

ദ്രൗപദിയ്ക്ക് നോവലിൽ പ്രാധാന്യമുണ്ട്. പക്ഷേ ആ പ്രാധാന്യം കൊണ്ട് പ്രത്യേകിച്ചൊരു മേന്മയുണ്ടാകുന്നില്ല. എന്നാൽ ഇതിഹാസകഥാപാത്രത്തിൽ നിന്നൊട്ടേറെ വ്യതിയാനം ആരോപിയ്ക്കപ്പെടുന്നുമുണ്ട്. അപമാനങ്ങളും അവഗണനകളും അരക്ഷിതത്വവും സഹിച്ച ദ്രൗപദിയുടെ മനസ്സ് കർണ്ണോന്മുഖ മായതിനെ വാദിച്ച് ന്യായീകരിയ്ക്കാനായേയ്ക്കാം. പക്ഷേ ദ്രൗപദിയെന്ന കഥാപാത്രത്തിന്റെ വ്യക്തിത്വത്തിനിവിടെ മങ്ങലേൽക്കുകയാണ് ചെയ്തത്. കർണ്ണന്റെ വ്യക്തിത്വത്തിന് തിളക്കമേകാനുള്ള ശ്രമമാണീ പരിണാമത്തിന് കാരണമായതും. മറ്റ് മുഖ്യകഥാപാത്രങ്ങളുടെ യശസ്സിന് കളങ്കമേല്പിച്ച് കൊണ്ട് കർണ്ണചിത്രത്തിന് ധാവള്യം പരത്താനുള്ള ശ്രമമായി ഈ നോവൽ കണക്കാക്കപ്പെട്ടതിൽ അപാകതയില്ല[37]. കുന്തിയുടെ ധൈര്യവും, വീര്യവും, ധർമ്മബോധവും മക്കൾ രാജ്യാവകാശികളാകണമെന്ന ലക്ഷ്യവുമൊന്നും ഇവിടെ കാണുന്നില്ല. ദ്രൗപദിയെ മുൻനിർത്തി കർണ്ണനെ പാണ്ഡവ പക്ഷത്തേയ്ക്ക് ക്ഷണിച്ചിടത്ത് ആ കഥാപാത്രത്തിന്റെ മാഹാത്മ്യം തകരുക തന്നെ ചെയ്യുന്നു. ദ്രൗപദി തന്റെ ഭർത്തൃസ്ഥാനത്തും രക്ഷകസ്ഥാനത്തും കർണ്ണനെ കാണുന്നതോടെ ആ കഥാപാത്രത്തിനും ഇടിവ് സംഭവിയ്ക്കുന്നു. ദ്രൗപദിയുടെ ക്ഷാത്രവീര്യവും നിശ്ചയദാർഢ്യവുമൊന്നും ഇവിടെ കാണുന്നില്ല. കർണ്ണനെ നിന്ദിയ്ക്കുന്നതിൽ അതിരുവിടുകയും, സമാധാനിപ്പിയ്ക്കലിനു പകരം പശ്ചാത്താപത്തിന്റെ സ്വരത്തിൽ സംസാരിയ്ക്കുകയും, തന്റെ ജന്മവും ത്യാഗവും വ്യർത്ഥമായെന്നു ദുഃഖം കർണ്ണനോടേറ്റു പറയുകയും ചെയ്യുമ്പോൾ ഭീഷ്മരുടെ മഹത്ത്വത്തിനും മങ്ങലേൽക്കുന്നു. ഭീമനെ മനസ്സാക്ഷിയില്ലാത്ത ദുഷ്ടനായി ചിത്രീകരിച്ചിരിയ്ക്കുന്നു. കർണ്ണനെ ഏറ്റവും നിന്ദിച്ച പാണ്ഡവനായതിനാലാകാം ഭീമനെ ഇങ്ങനെ അവതരിപ്പിച്ചത്.

---

37. അശോകൻ.കെ, 'ഇതിഹാസത്തിൽ നിന്നു നോവൽ', ഭാഷാപോഷിണി, 9-10,6-1 (1986), പു.65.

മറ്റ് കഥാപാത്രങ്ങൾക്ക് താഴ്ചയുണ്ടാക്കാതെ കർണ്ണനെ ഉയർത്താൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടില്ല.

## അമ്മേ ഗാന്ധാരി

നോവലിന്റെ ശീർഷകം സൂചിപ്പിയ്ക്കും പോലെ അമ്മയെന്ന നിലയ്ക്കു മാത്രമല്ല, സ്ത്രീയെന്ന നിലയ്ക്കാണ് ഗാന്ധാരിയെ ഇവിടെ അവതരിപ്പിച്ചിരിയ്ക്കുന്നത്. ഇതിഹാസകഥാപാത്രങ്ങളേയും കഥാസന്ദർഭങ്ങളേയുമാണ് സ്വീകരിച്ചിരിയ്ക്കുന്നതെങ്കിലും ഇവിടെ ഗാന്ധാരി ഒരു പ്രതീകമാണ്. സ്ത്രീകൾക്കനുഭവിയ്ക്കേണ്ടിവരുന്ന പരീക്ഷണങ്ങളോടുള്ള നോവലിസ്റ്റിന്റെ ധാർമ്മിക രോഷമാണിവിടെ തെളിയുന്നത്.

♦ വിവാഹത്തിലൂടെയും, പുത്രജനനത്തിലൂടെയുമാണ് മോക്ഷം ലഭിയ്ക്കുകയെന്ന വിശ്വാസം സ്ത്രീകളെ വൈവാഹിക ജീവിതത്തിന് പ്രേരിപ്പിയ്ക്കുന്നത്.

♦ മകളെ വിവാഹം ചെയ്തു കൊടുക്കുന്നതിലൂടെ മാതാപിതാക്കൾക്കുണ്ടാകുന്ന ഭാരമൊഴിഞ്ഞെന്ന ആശ്വാസം.

♦ ഭർത്താവിന്റെ സുഖത്തിനും നന്മയ്ക്കും കുടുംബത്തിന്റെ സ്വസ്ഥതയ്ക്കും വേണ്ടി സ്ത്രീ അനുഷ്ഠിയ്ക്കുന്ന ത്യാഗങ്ങളും സഹനങ്ങളും കേവലം കർത്തവ്യനിർവ്വഹണമായി കണക്കാക്കപ്പെടുന്നത്.

♦ മക്കളെ നല്ലവരാക്കി വളർത്താനുള്ള ശ്രമങ്ങൾക്ക് പലപ്പോഴും ഭർത്താവ് തന്നെ വിലങ്ങുതടിയായി നിൽക്കുന്നത്, ഭാര്യയുടേയും, അമ്മയുടേയും വാക്കുകൾ അവഗണിയ്ക്കപ്പെടുന്നത്.

♦ താനനുഭവിച്ച ദുരിതങ്ങളിൽ നിന്ന് സ്വന്തം മകളെ രക്ഷിയ്ക്കാൻ കഴിയാതെ വരുന്ന നിസ്സഹായത.

♦ മകൻ നല്ലവനാക്കണമെന്ന ധാരണയോടെ ചെയ്തതെല്ലാം അവന്റെ കണ്ണിൽ അമ്മയുടെ കൃത്യവിലോപമാകുന്നതിന്റെ വേദന.

♦ അച്ഛൻ, സഹോദരൻ, ഭർത്താവ്, മകൻ – തുടങ്ങി സംരക്ഷിയ്ക്കേണ്ട പുരുഷന്മാരിൽ നിന്നു തന്നെ സ്ത്രീയ്ക്കനുഭവിയ്ക്കേണ്ടി വരുന്ന മാനസികമായ പീഡനങ്ങൾ, അരക്ഷിതത്വം.

♦ സ്ത്രീ ദുർബ്ബുദ്ധിയും കുലടയുമാണെങ്കിൽപോലും അവളുടെ നാശത്തിന പിറകിലും പുരുഷൻ തന്നെ.

–എന്നിങ്ങനെ സ്ത്രീസമൂഹത്തിന് എക്കാലത്തും അനുഭവിയ്ക്കേണ്ടി വരുന്ന പ്രശ്നങ്ങളാണിവിടെ ഗാന്ധാരിയുടെ കഥയിലൂടെ നോവലിസ്റ്റ് അവതരിപ്പിയ്ക്കുന്നത്.

സാർവ്വകാലിക പ്രാധാന്യമുള്ള വിഷയങ്ങൾക്ക് മഹാഭാരതം എങ്ങനെ ആകരമായിത്തീരുന്നുവെന്നതിനുദാഹരണമാണീ നോവലെന്നു പറയാം. ഇന്നത്തെ സ്ത്രീകൾ അനുഭവിയ്ക്കുന്ന പ്രശ്നങ്ങൾ, അതിനുപുരുഷന്മാരെങ്ങനെ കാരണക്കാരാകുന്നുവെന്നതെല്ലാം ഇതിഹാസകാലത്തും കാണാമായിരുന്ന പ്രശ്നങ്ങൾ തന്നെയാണെന്നിവിടെ വ്യക്തമാകുന്നു. പുരുഷകേന്ദ്രിതമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിൽ സ്ത്രീകൾക്കനുഭവിയ്ക്കേണ്ടിവരുന്ന പീഡനങ്ങളും ദുരിതങ്ങളും നോവലിസ്റ്റിനെ രോഷം കൊള്ളിയ്ക്കുന്നു. രണ്ടാമൂഴത്തിലും, ഇനി ഞാൻ ഉറങ്ങട്ടെയിലും സമാനമായ ചില സന്ദർഭങ്ങൾകാണുന്നുവെങ്കിലും ഇവിടെ നോവലിസ്റ്റിന് കുറേക്കൂടി ആഴത്തിൽ ആ അനുഭവങ്ങൾ സ്വാംശീകരിയ്ക്കാൻ കഴിയുന്നുവെന്നതിനാലാകാം ആ രോഷം കുറേക്കൂടി തീവ്രമായത്. രചനാപരമായി ഏറെ ഔൽകൃഷ്ട്യമൊന്നും പുലർത്താനായിട്ടില്ലെങ്കിലും ആ പ്രതിഷേധം പ്രകടമാക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. പക്ഷേ അതിലൂടെ ഗാന്ധാരിയെ ശക്തയായ ഒരു കഥാപാത്രമാക്കി വളർത്തിയെടുക്കാൻ കഴിയാതെ പോയി. ഗാന്ധാരിയുടെ വ്യർത്ഥതയും, ദുഃഖവും, നിരാശയും, ദൗർബ്ബല്യവുമൊക്കെയാണിവിടെ

കാണുന്നത്. മോഹാലസ്യപ്പെട്ടുവീഴുന്ന ഗാന്ധാരിയ്ക്ക് പ്രത്യേകിച്ചൊന്നും അവതരിപ്പിയ്ക്കാനില്ല.

## വേദസാക്ഷി

തന്നെ ഏറെ സ്വാധീനിച്ച കഥാപാത്രമാണ് കുന്തിയെന്ന് നോവലിസ്റ്റ് തന്നെ പറയുന്നുണ്ട്. കുന്തിയുടെ ധർമ്മവും, സഹനവും, ശാന്തതയും, മാതൃത്വവുമാണ് തന്നെ ആകർഷിച്ചതെന്നും സൂചിപ്പിയ്ക്കുന്നുണ്ട്[38].

കുന്തിയ്ക്ക് അനുഭവിയ്ക്കേണ്ടി വന്ന ദുർവ്വിധികളെല്ലാം ധർമ്മപാലനം വ്രതമായി കണ്ടതുകൊണ്ട് ഉണ്ടായതാണെന്നാണ് നോവലിസ്റ്റിന്റെ വീക്ഷണം. ചിലയിടങ്ങളിലൊക്കെ സ്ത്രീത്വത്തിന് നേരിടേണ്ടി വരുന്ന പരീക്ഷണങ്ങളോടുള്ള വിപരീത മനോഭാവം പ്രകടമാകുന്നുണ്ടെന്നല്ലാതെ ഇതി ഹാസോപാഖ്യാനത്തിൽ കവിഞ്ഞ ലക്ഷ്യമൊന്നും അദ്ദേഹം പുലർത്തുന്നില്ല.

## കുന്തി

ഇതിഹാസകഥാപാത്രങ്ങളെ സ്വീകരിച്ചുവെങ്കിലും ഇതിഹാസ മുഹൂർത്തങ്ങളിൽ ഏറെ മാറ്റം കല്പിക്കുന്നുണ്ടീ നോവലിൽ. കൃഷ്ണനും, കൃഷ്ണനിലൂടെ കുന്തിയുമാണ് നോവലിസ്റ്റിനെ ആകർഷിച്ചത്[39]. ധർമ്മപരി പാലനത്തിന് അഹിതമായ പലതും ചെയ്യേണ്ടിവന്ന ധീരയും, ശാന്തയും, സ്നേഹമയിയും, രാജ്യതന്ത്രജ്ഞയുമായ കുന്തിയെ മാത്രമല്ല ഇവിടെ കാണുന്നത്, അഭിമാനിനിയായ ഒരു സ്ത്രീയെ കൂടിയാണ്.

അപമാനിയ്ക്കപ്പെടുന്ന, ആത്മനിന്ദയനുഭവിയ്ക്കുന്ന ഓരോ സന്ദർഭത്തിലും കുന്തിയുടെ മനസ്സ് മൂകമായി പ്രതിഷേധിയ്ക്കുന്നുണ്ട്. തന്റെ മക്കളോട് കൗരവർ കാണിച്ച ദുഷ്ടതകളും കുന്തിയുടെ മനസ്സിൽ എതിർപ്പുയർത്തിയിട്ടുണ്ട്. അതെല്ലാം കൂടി പൊട്ടിത്തെറിയ്ക്കുകയാണ്

38. ടി.ആർ.ശങ്കുണ്ണി, 'വേദസാക്ഷിയുടെ കഥ', *വേദസാക്ഷി* (കറന്റ് ബുക്സ്, കോട്ടയം, 1999), പു.8.
39. കൃഷ്ണകുമാരി, *കുന്തി* (സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 2000), പു.14.

ദ്രൗപദീ വസ്ത്രാക്ഷേപം നടന്ന രാജസഭയിൽ. ഓരോ അധർമ്മവും എടുത്തുപറഞ്ഞ് അതിനു കൂട്ടുനിന്നവരേയും പിന്തുണച്ചവരേയും കൂടി നിശിതമായി വിമർശിയ്ക്കുന്നുണ്ട്. പാണ്ഡവപത്നി ഉന്നയിച്ച ധർമ്മപ്രശ്നങ്ങളേക്കാൾ നിശിതമായ പ്രശ്നങ്ങളാണ് പാണ്ഡവ മാതാവ് ഉന്നയിച്ചത്. മക്കളെ ഭേദബുദ്ധ്യാ കാണുന്ന ഒരമ്മയായോ, സ്നുഷയ്ക്കപമാനമേറ്റ കൊട്ടാരത്തിൽ അഭിമാനം വെടിഞ്ഞ് വീണ്ടും ജീവിതം തുടരുന്ന സ്ത്രീയായോ, കുന്തിയെ അവതരിപ്പിയ്ക്കാൻ നോവലിസ്റ്റ് ഒരുക്കമല്ല[40]. മക്കളെ വിജയിപ്പിയ്ക്കേണ്ട കടമ കൃഷ്ണനേയും ദ്രൗപദിയേയും ഏല്പിച്ച് കൊട്ടാരം വിട്ടിറങ്ങുന്ന, ആത്മാഹുതി ചെയ്യുന്ന കുന്തി സ്ത്രീയ്ക്കു വിലക്കു കല്പിക്കുന്ന സമൂഹത്തേയും വ്യവസ്ഥിതിയേയും മുഴുവനായാണെതിർക്കുന്നത്.

സ്ത്രീകളുടെ പ്രശ്നങ്ങൾ സ്വായത്തമാക്കി ചിന്തിയ്ക്കാനുള്ള സാധ്യത കൂടുതലുണ്ടെന്നതിനാലാകാം ഇവിടെ പ്രതിഷേധം തീവ്രമാകുന്നത്. സ്ത്രൈണതയുടേയും മാതൃത്വത്തിന്റേയും മാർദ്ദവത്തോടൊപ്പം തന്നെ വ്രണിതമായ അഭിമാനം എങ്ങനെ പ്രതികരിയ്ക്കും എന്നു കാണിച്ചു തരികയാണ് ഇതിഹാസപുനരാഖ്യാനത്തേക്കാൾ നോവലിസ്റ്റ് ലക്ഷ്യമാക്കുന്നത്.ഇവിടെ കുന്തിയുടെ മാതൃത്വവും, ക്ഷാത്രവീര്യവുമൊക്കെ ശക്തമായി അവതരിപ്പിയ്ക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്. പക്ഷേ അത് ഇതിഹാസത്തിന്റെ ഘടനയെ പാടേ തകർത്തുകൊണ്ടായെന്ന് മാത്രം.

## വ്യാധഭാരതം

കീഴാളഭാരതം, ക്ഷേത്രപ്രവേശന വിളംബരം[41], ദളിത ഭാരതാഖ്യാനം[42], എന്നൊക്കെ ഈ നോവൽ വിശേഷിപ്പിയ്ക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഏകലവ്യനെ

---

40. അതേ പുസ്തകം, പു.15,16.
41. ജാൻസി ജെയിംസ്, 'ഇതിഹാസത്തിനൊരു പ്രതിപാഠം', ഭാഷാപോഷിണി (ഡിസംബർ 2001), പു.59.
42. അതേ പുസ്തകം, പു.61.

നായകനാക്കിയെന്നതുകൊണ്ട് വെറുമൊരു കീഴാളവർഗ്ഗത്തിന്റെ സാഹിത്യം രചിയ്ക്കുകയല്ല നോവലിസ്റ്റ് ചെയ്തത്.

വ്യാധഗീതയ്ക്ക്[43] പ്രാധാന്യം കൊടുത്ത മഹാഭാരതം ജാതീയമായ ഉച്ചനീചത്വങ്ങൾ പുലർത്തുന്നില്ല. അത് മനുഷ്യൻ അവന്റെ സൗകര്യങ്ങൾക്കു വേണ്ടി ചെയ്തതാണ്. ഈയൊരു ദർശനമല്ല നോവലിൽ കാണുന്നത്, എതിർദിശയിലേയ്ക്കുള്ള ഒരു യാത്രയാണ് ഇവിടെ കാണുന്നത്. ചാതുർവർണ്ണ്യത്തെ വിമർശിയ്ക്കുകയും, ജാതിബോധം എങ്ങനെ മനുഷ്യനെ തെറ്റായ ധാരണകളിൽ തളച്ചു നിർത്തുന്നുവെന്ന് ചർച്ചാവിഷയമാക്കുകയും ചെയ്യുന്നുണ്ട്.

ഇവിടെ ജാതീയതയുടെ പ്രശ്നങ്ങൾ എഴുതിച്ചേർത്തത് നായകനനു ഭവിയ്ക്കേണ്ടി വന്ന പീഡനങ്ങളെ എടുത്തു കാണിയ്ക്കാനാണ് സഹായകമാകുന്നത്. അതിനുമുപരി മനുഷ്യന് സുഖലോലുപതയോടുള്ള തൃഷ്ണ അവനെ സർവ്വനാശത്തിലേയ്ക്ക് നയിയ്ക്കുന്നുവെന്നൊരു സന്ദേശമാണ് നോവലിസ്റ്റിന് നൽകാനുള്ളത്. മർദ്ദകർ, മർദ്ദിതർ എന്ന ഇരുവിഭാഗങ്ങൾ കാലാന്തരത്തിൽ സ്ഥാനം മാറിക്കൊണ്ടിരിയ്ക്കും. ഒരിയ്ക്കൽ മർദ്ദിതരായിരുന്നവർ ആദ്യകാലത്ത് വിധേയത്വം പുലർത്തുന്നുവെങ്കിലും ഒരു ഘട്ടത്തിൽ തിരിച്ചറിവുണ്ടായി ബുദ്ധിയും ശക്തിയും ഉപയോഗിച്ച് വരേണ്യവർഗ്ഗത്തെ കീഴ്പ്പെടുത്തുന്നതും, വിജയം ലഭിച്ചു കഴിയുമ്പോൾ അവരും മർദ്ദകരുടെ പ്രവൃത്തികൾ തന്നെ ഏറ്റെടുക്കുകയും ചെയ്യുന്ന ലോകസമ്പ്രദായമാണിവിടെ വ്യക്തമാകുന്നത്.

## നിരീക്ഷണത്തിലെ വൈവിദ്ധ്യം

ഇങ്ങനെ തങ്ങളുടെ രചനാലക്ഷ്യങ്ങൾ സാർത്ഥകമാക്കാനായി നോവൽരചയിതാക്കൾ ശ്രമിച്ചപ്പോൾ കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിലും

43. *ശ്രീ മഹാഭാരതം* വാല്യം 2, വനപർവ്വം, പു.576.

പരസ്പരവിരുദ്ധമായ വൈവിദ്ധ്യം കാണുന്നു.

♦ അധർമ്മഭീരുവായ യുധിഷ്ഠിരൻ നിഷ്ക്രിയനും അപഹാസ്യനുമായി.

♦ പതിവ്രതയായ ദ്രൗപദി കർണ്ണനെ മോഹിച്ചവളായി, മഹാരാജ്ഞി പദം ആഗ്രഹിച്ചവളായി

♦ ക്ഷാത്രവീര്യം തികഞ്ഞ കുന്തി സാധാരണ സ്ത്രീയായി, ദുഷ്ടയായി.

♦ ഭീമൻ ധർമ്മപക്ഷപാതിയും, ചതുരനും, സരസനും, ആശ്രിത വത്സലനും, കുടിലബുദ്ധിയുമായി.

♦ കർണ്ണൻ ദുര്യോധന പക്ഷപാതിയായി ദുഷ്പ്രേരണ ചെലുത്തുന്നവനായി, ത്യാഗിയും, വീരനും, വിധി ചമച്ച ദുരന്തങ്ങൾക്കിരയുമായി.

♦ ഗാന്ധാരി തന്റെ ധർമ്മനിഷ്ഠ ഉചിതമായിരുന്നില്ലെന്ന് ആത്മനിന്ദ പുലർത്തുന്നവളായി.

ഇങ്ങനെ പ്രത്യേകമായൊരു ലക്ഷ്യത്തെ മുൻനിർത്തി രചന നടത്തുമ്പോൾ നോവൽ രചയിതാക്കൾക്ക് മറ്റ് കഥാപാത്രങ്ങളുടെ കാര്യത്തിൽ ഉൽക്കർഷമോ അപകർഷമോ വരുത്തേണ്ടി വരുന്നു. മഹാഭാരതകഥാപാത്രങ്ങൾ പലരും അമാനുഷികമായ പശ്ചാത്തലത്തിലാണ് അവതരിപ്പിയ്ക്കപ്പെടുന്നതെങ്കിലും മാനുഷികമായ ദൗർബ്ബല്യങ്ങളോടുകൂടിയവർ തന്നെയാണ്. നന്മയും തിന്മയും എല്ലാവരിലും കലർന്ന് കാണുന്നു. ഈശ്വരനെപ്പോലെ നിസ്സംഗനും നിർവ്വികാരനുമായാണ് മഹാഭാരതകർത്താവ് കഥാപാത്രങ്ങളെ സൃഷ്ടിച്ചിരിയ്ക്കുന്നത് എന്നതാണതിന് കാരണമെന്ന് പക്ഷമുണ്ട്[44]. ഈ നന്മയുടേയും തിന്മയുടേയും ഏറ്റക്കുറച്ചിലുകൾ പലത്തിലാകും അനുകർത്താക്കൾ വിലയിരുത്തുന്നത് അതുകൊണ്ടാണല്ലോ കഥാപാത്രങ്ങൾക്കിത്ര വൈവിദ്ധ്യം കാണപ്പെടുന്നത്.

---

44. 'വ്യാസഭാരതപ്രപഞ്ചത്തിലേയ്ക്ക്', *എഴുത്തച്ഛന്റെ കഥ – ചില വ്യാസഭാരതപഠനങ്ങളും*, പു.37.

ചിലർ കഥാപാത്രങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ ചിലർ ആശയങ്ങൾക്കും മറ്റു ചിലർ സന്ദേശങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്. നിരീക്ഷണത്തിനനുസൃതമായി ഇവയിലും വൈവിദ്ധ്യമുണ്ടാകുന്നു. ചിലരത് ആധുനികസമൂഹത്തിന്റെ നേർക്കാഴ്ചയായി അവതരിപ്പിയ്ക്കുമ്പോൾ മറ്റു ചിലർക്കത് പ്രതിഷേധ പ്രകടനത്തിനുള്ള മാദ്ധ്യമമാണ്. അതെന്തു തന്നെയായാലും അവർക്ക് മഹാഭാരതം സംതൃപ്തിയേകുന്നുണ്ട്. സ്വന്തം കഴിവിനും കാഴ്ചപ്പാടിനുമനുസരിച്ച് അർത്ഥകല്പനയ്ക്കുതകുന്ന, ഏതു രൂപത്തിനും വഴങ്ങുന്ന എല്ലാ രൂപങ്ങളുമുള്ളൊതുക്കുന്ന രൂപമില്ലായ്മയായി മഹാഭാരതം വീക്ഷിയ്ക്കപ്പെടുന്നത് അതുകൊണ്ടാണ്[45]. ക്ലാസിക്കുകളിൽ എല്ലാ കാലത്തേയും ജീവിതസന്ദർഭങ്ങളുടെ ആവിഷ്ക്കാരമുള്ളതിനാൽ, ഏതു കാലത്തേയും ധർമ്മസങ്കടങ്ങളുടെ ആധാരം ഒന്നു തന്നെയാണെന്നതിനാൽ ആധുനികജീവിതത്തിന്റെ സങ്കീർണ്ണതകൾ വ്യാഖ്യാനിയ്ക്കാൻ ക്ലാസിക്കുകളിലെ സന്ദർഭങ്ങൾ സഹായകമാകുന്നുവെന്ന പക്ഷം[46] ഇവിടെ പ്രസക്തമാകുന്നു. ചില ലക്ഷ്യങ്ങൾ വലിയ നേട്ടങ്ങളാണെന്ന് മനസ്സിലുറപ്പിച്ച് അതിനുവേണ്ടി കഠിന പ്രയത്നം ചെയ്ത മനുഷ്യനും അതിന്റ സത്യത്തേയും അർത്ഥത്തേയും കുറിച്ച് മനസ്സിൽ ചോദ്യമുയരുമ്പോൾ നിശ്ശബ്ദനായി പോകാറുണ്ടല്ലോ. അത് എക്കാലത്തേയും ജീവിതസമസ്യ തന്നെയാണ്. ഈ ആത്യന്തിക വ്യസനമാണ് എഴുത്തുകാരെ മഹാഭാരതത്തിലൂടെ തീഷ്ണമായ അന്വേഷണപര്യടനം നടത്തി തങ്ങളുടെ മനോഗതങ്ങളിൽ ഇതിഹാസാത്മകമായ തിളക്കവും ബിംബപരമായ സൗന്ദര്യവും ആവാഹിയ്ക്കുവാൻ പ്രേരിപ്പിച്ചതെന്ന് നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്[47].

45. 'വ്യാസന്റെ കർണ്ണൻ', _എഴുത്തച്ഛന്റെ കല – ചില വ്യാസഭാരത പഠനങ്ങളും_, പു.72.
46. രാധാകൃഷ്ണൻ.കെ.എസ്, 'കൃതികൾ ജീവിതത്തിന്റെ നേർസാക്ഷ്യങ്ങൾ', ഭാഷാപോഷിണി, 19, 5, (ഒക്ടോബർ 1995), പു.24.
47. രാമകൃഷ്ണൻ ദേശമംഗലം,'പാഴ്ചെലവായ ജീവിതം', ഭാഷാപോഷിണി, 19, 5, (ഒക്ടോബർ 1995), പു.15.

## മാറ്റങ്ങൾ നീതിയുക്തമാകണം

പുരാണകഥാപുനരാഖ്യാനം നടത്തുമ്പോൾ ചില മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും പുതിയ കണ്ടെത്തലുകളുമൊക്കെ സംഭവിയ്ക്കുന്നുവെന്ന് കണ്ടു. ഇങ്ങനെ മാറ്റങ്ങൾ വരുത്തുന്നത് നീതികരിയ്ക്കത്തക്കതാണോ എന്നൊരു ചോദ്യം സ്വാഭാവികമാണ്. വിഷയം സ്വീകരിയ്ക്കുന്നതിൽ, ലക്ഷ്യം നിശ്ചയിയ്ക്കുന്നതിൽ, കഥാപാത്രങ്ങൾ തുടങ്ങിയവ സൃഷ്ടിയ്ക്കുന്നതിൽ, ആഖ്യാനരീതിയിൽ – ഒക്കെ രചയിതാവിന് സ്വാതന്ത്ര്യം പുലർത്താൻ അധികാരമുണ്ട്. പക്ഷേ മാറ്റങ്ങൾ, പ്രത്യേകിച്ചും രൂഢമൂലമായ സങ്കല്പങ്ങളിൽ സൃഷ്ടിയ്ക്കുന്ന മാറ്റങ്ങൾ വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടവയാണ്. അതിൽ അവ്യക്തതയും, സംശയങ്ങളുമുണ്ടായാൽ നോവലിന്റെ ഘടനയിലും, വായനക്കാരന്റെ ആസ്വാദ്യതയിലും തകർച്ചയുണ്ടാകും.

1) രണ്ടാമൂഴം തികച്ചും മാനുഷികമായ പശ്ചാത്തലത്തിലെഴുതപ്പെട്ട നോവലാണ്. ഇതിഹാസകഥാപാത്രങ്ങളെ മാനുഷികതയിലേക്കിറക്കി നിർത്താൻ നോവലിസ്റ്റ് ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഏറ്റവും പ്രധാനം പാണ്ഡവരുടെ പിതൃത്വം തന്നെ. ധർമ്മൻ താനാ വിദുരനാ വിദുരൻ തന്നെ പാണ്ഡവൻ എന്ന ഇതിഹാസവാക്യത്തെ ആധാരമാക്കി യുധിഷ്ഠിരന്റെ അച്ഛൻ വിദുരനാണെന്ന് നോവലിസ്റ്റ് വ്യാഖ്യാനിച്ചു. കർണ്ണന്റെ അച്ഛൻ കുന്തീഭോജന്റെ സൂതനാകാനുള്ള സാദ്ധ്യത കണ്ടു, ഭീമനെ ഒരു പച്ചമനുഷ്യനായി അവതരിപ്പിച്ചപ്പോൾ യോജിച്ച പിതൃത്വമായി കിരാതനെത്തന്നെ കല്പിച്ചു[48]. ഇതിഹാസത്തിലെ ദൈവികതയെ പ്രധാനമായെടുക്കുന്ന അനുവാചകർക്ക് ഈ മാറ്റങ്ങളിൽ എതിർപ്പു തോന്നാൻ സാദ്ധ്യതയുണ്ടെങ്കിലും ഈ അഭിപ്രായം നോവലിസ്റ്റ് സൃഷ്ടിച്ച

48. മുൻ.അദ്ധ്യായം 2, പു.189.

ഈ മൂന്നു കഥാപാത്രങ്ങൾക്കും, കഥാഗാത്രത്തിനും ഇണങ്ങുന്നതിനാൽ അരോചകമായി തോന്നുന്നില്ല.

2) ഇനി ഞാൻ ഉറങ്ങട്ടെ എന്ന നോവലിൽ ദ്രൗപദി പാണ്ഡവർ നാൽവരും തന്നെ അവഗണിച്ചുവെന്ന് എടുത്തു പറയുന്നുണ്ട്. പക്ഷേ ദ്രൗപദിയ്ക്കുവേണ്ടി യുദ്ധം വേണമെന്ന് ശക്തമായി വാദിച്ച സഹദേവനെക്കുറിച്ച് ഒന്നും പറയുന്നില്ല. അത് ദ്രൗപദിയുടെ അനാഥത്വത്തിന്റെ പൂർണ്ണതയ്ക്ക് ഭംഗമേല്പിയ്ക്കുമെന്ന് നോവലിസ്റ്റ് കരുതിയിരിയ്ക്കാം. മൂലകൃതിയിൽ വനവാസത്തിനൊരുങ്ങി നിൽക്കുന്ന ദ്രൗപദിയോട് കുന്തി സഹദേവനെ നോക്കണമെന്നാണ് പ്രത്യേകം പറയുന്നത്. സഹദേവനോടുള്ള മനോഭാവം ദ്രൗപദിയുടെ മനസ്സിന്റെ ആർദ്രത കൂടുതൽ വ്യക്തമാക്കാൻ നോവലിസ്റ്റിനുപയോഗിയ്ക്കാമായിരുന്നു.

ദ്രൗപദിയെ നിന്ദിച്ചതിൽ തനിയ്ക്കുള്ള ആത്മനിന്ദ പ്രകടമാക്കുന്ന കർണ്ണൻ ഇതിഹാസത്തിലെ കർണ്ണനിൽ നിന്നു വ്യത്യസ്തനാകുന്നു. (സമാനമായൊരു സന്ദർഭം മറ്റൊരു നോവലിലും കാണുന്നുണ്ട്)[49]. മൂലകൃതിയിൽ കർണ്ണൻ കൃഷ്ണനോടിക്കാര്യം പറയുകയോ കൃഷ്ണനത് ദ്രൗപദിയ്ക്ക് വിവരിച്ച് കൊടുക്കുകയോ ചെയ്യുന്നില്ല. സ്വയംവരസദസ്സിൽ തന്നെ സൂതനെന്ന് പറഞ്ഞ് അപമാനിച്ചതിന്റെ പ്രതികാരമാണ് കർണ്ണൻ ദ്യൂതസഭയിൽവെച്ച് ദ്രൗപദിയോട് ചെയ്തത്. കൃഷ്ണൻ ദ്രൗപദിയുടെ ആറാമൂഴക്കാര്യം സൂചിപ്പിച്ചിട്ടുപോലും കർണ്ണൻ ദ്രൗപദിയെക്കുറിച്ച് ഒന്നും പറയുന്നില്ല. ഇവിടെ കർണ്ണന്റെ മഹത്വം ഉയർത്തിക്കാണിയ്ക്കുകയും കർണ്ണനെ ദ്രൗപദിയുടെ മനസ്സിനോടടുപ്പിക്കുകയാണ് നോവലിസ്റ്റിന്റെ ലക്ഷ്യം.

കുന്തിയും ഭീഷ്മരും കർണ്ണനെ പാണ്ഡവപക്ഷത്തേയ്ക്കു

---

49. ശിവാജി സാവന്ത്, *മൃത്യുഞ്ജയ*, വിവർത്തനത്തിന്റെ പേര്:കർണ്ണൻ, വിവ: പി.കെ.ചന്ദ്രൻ, ടി.ആർ. ജയശ്രീ (ഡി.സി.ബുക്സ്, കോട്ടയം, 1996), പു.444.

ക്ഷണിയ്ക്കുമ്പോൾ ദ്രൗപദി കർണ്ണന്റെ പട്ടമഹിഷിയാകുമെന്ന് പറയുന്നത് ആ കഥാപാത്രങ്ങളെ താഴ്ത്തിക്കാണിയ്ക്കുകയാണ് ചെയ്യുന്നത്.

ഗാന്ധാരിയ്ക്കു സർപ്പദംശനമേറ്റ കഥയും നോവലിസ്റ്റ് പറയുന്നുണ്ട്. വിഷത്തിന്റെ കാളിമ ശരീരത്തിൽ കാണാഞ്ഞത് വ്രതകാഠിന്യം കൊണ്ടാണെന്നും, യുധിഷ്ഠിരനെ ശപിയ്ക്കണമെന്ന് ചിന്തിച്ചതിന്റെ പാപഫലമാണ് സർപ്പദംശനമെന്നും ബ്രാഹ്മണർ പറഞ്ഞത് കേട്ട് വിധി ചമയ്ക്കുന്ന വൈരുദ്ധ്യങ്ങളെക്കുറിച്ച് ദ്രൗപദിയ്ക്ക് ചിന്തിയ്ക്കാനുള്ള ഒരു സന്ദർഭമാണിവിടെ നോവലിസ്റ്റ് ഒരുക്കുന്നത്. സർപ്പദംശനത്തെക്കുറിച്ച് നോവലിസ്റ്റ് കൂടുതലൊന്നും പറയുന്നുമില്ല. ശിവഭക്തയും, പതിവ്രതയുമായ ഗാന്ധാരിയ്ക്ക് സർപ്പദംശനമേറ്റതിന്റെ വിധിവൈപരീത്യം മാത്രമാണീ നിബന്ധനം കൊണ്ട് സാധിയ്ക്കുന്നത്.

3) അമ്മേ ഗാന്ധാരിയിൽ തന്റെ ധർമ്മനിഷ്ഠയ്ക്കു പിഴവു പറ്റിപ്പോയി എന്ന് ഗാന്ധാരി പശ്ചാത്തപിയ്ക്കുന്നിടത്തും, അതിനു പ്രേരകമായ കഥാസന്ദർഭങ്ങളുണ്ടാക്കിയിടത്തും ഇതിഹാസത്തിലെ ധർമ്മവ്രതയായ ഗാന്ധാരിയ്ക്കു അപകർഷം സംഭവിയ്ക്കുന്നു.

4) വേദസാക്ഷിയിൽ ഇതിഹാസകഥാസന്ദർഭങ്ങളിൽ വരുത്തി യിരിയ്ക്കുന്ന ചില ചെറിയ മാറ്റങ്ങൾ കുന്തിയുടെ ധർമ്മനിഷ്ഠ എടുത്തു കാണിയ്ക്കാനാണുപയോഗിയ്ക്കുന്നത്. മാദ്രിയെ സപത്നിയായി സ്വീകരിച്ചപ്പോഴും, ദേവാവാഹനവേളയിലും, മാദ്രിയ്ക്ക് മന്ത്രോപദേശം കൊടുത്ത് രണ്ട് ദേവന്മാരെ സ്വീകരിയ്ക്കാൻ സമ്മതിയ്ക്കുമ്പോഴും, അവസാനം അഗ്നിദേവന് തന്നെ സമർപ്പിയ്ക്കുമ്പോഴുമൊക്കെ ധർമ്മബോധമാണ് മുന്നിട്ടുനിൽക്കുന്നത്. കഥയിൽ മാറ്റങ്ങൾ സൃഷ്ടിച്ചുവെങ്കിലും അത് കഥാപാത്രത്തിന്റെ ഉൽക്കർഷത്തിന് മറ്റു

കഥാപാത്രങ്ങളെ താഴ്ത്തിക്കെട്ടാതെ ഉപയോഗിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭീമസേനനെ ഫലിതപ്രിയനാക്കി അവതരിപ്പിച്ചുവെന്നതാണ് മറ്റൊരു പ്രത്യേകത. (സമാനമായ കല്പന മറ്റൊരു നോവലിലും കാണുന്നു)[50]. ഒരു തുറന്ന മനസ്സുള്ളവനാക്കി അവതരിപ്പിയ്ക്കാമെന്നല്ലാതെ ഭീമപ്രകൃതിയ്ക്ക് തീർത്തും ഇണങ്ങുന്നതല്ല ഈ കല്പന. ധൈര്യം, മുൻകോപം തുടങ്ങിയ പ്രത്യേകതകൾ കൂടി അവതരിപ്പിച്ചത് മേല്പറഞ്ഞ സ്വഭാവസവിശേഷത കൊണ്ട് ഭീമസ്വഭാവത്തിന് ന്യൂനത സംഭവിയ്ക്കാനായിരിയ്ക്കണം.

5) ഭാരതകഥയിലെ ഒരു ചെറിയ ഭാഗം മാത്രം സ്വീകരിച്ച് കുറേ മാറ്റങ്ങൾ വരുത്തി എഴുതിയ കുന്തിയിൽ ചൂതിനു ശേഷം കുന്തി രാജസഭയിൽ വന്ന് തന്റെ പ്രതിഷേധമറിയിച്ച്, ചോദ്യങ്ങളുന്നയിച്ച് കൊട്ടാരം വിട്ടിറങ്ങിപ്പോകുന്നു. ആത്മാഹുതി ചെയ്യുന്നു. പക്ഷേ ഇതിഹാസത്തിൽ ഇനിയും കുന്തി ഉൾപ്പെടുന്ന സന്ദർഭങ്ങളുണ്ട്. നോവൽ ഇവിടെ അവസാനിയ്ക്കുന്നുവെങ്കിലും ഇനിയുള്ള സന്ദർഭങ്ങളെക്കുറിച്ച് വായനക്കാരന് സന്ദേഹങ്ങളുണ്ടാകാം. ഈ അവ്യക്തത നോവലിന് കളങ്കമേല്പിയ്ക്കുന്നു.

6) വ്യാധഭാരതത്തിൽ അർജ്ജുനന് ഘടോൽക്കചൻ പിശിതോപധാസ്ത്രം കൊടുത്തുവെന്നറിഞ്ഞ് ഏകലവ്യൻ ക്ഷുഭിതനാകുന്നുണ്ട്[51]. പക്ഷേ പിന്നീട് എന്തു സംഭവിച്ചു, അർജ്ജുനനത് ആരിൽ പ്രയോഗിച്ചുവെന്ന് നോവലിൽ പറയുന്നില്ല. കർണ്ണന്റെ നേരെ പ്രയോഗിയ്ക്കാൻ വേറെ പിശിതോപധാസ്ത്രം വേണമെന്ന് ഘടോൽക്കചൻ ഏകലവ്യനോട് ആവശ്യപ്പെടുന്നുണ്ട്[52].

വാരണാവതത്തിലെ കൊട്ടാരം പാണ്ഡവർ ഒരു രസത്തിന് തീവെച്ചു,

---

50. മുൻഷി.കെ.എം, *ഭീമസേനൻ*,വിവ:ശത്രുഘ്നൻ (ഡി.സി.ബുക്സ്, കോട്ടയം, 2007).
51. ജെയിംസ്.കെ.പി, *വ്യാധഭാരതം* (ഡി.സി.ബുക്സ്, കോട്ടയം 1999), പു.102.
52. അതേ പുസ്തകം, പു.122.

അരക്കില്ലമാണെന്നു കരുതി എന്നൊക്കെ നോവലിൽ പറയുന്നു[53]. രസത്തിനു തീ വെച്ചതാണെങ്കിൽ അരക്കില്ലമാണെന്ന് കരുതിയതെന്തിന് ? അതേ തുടർന്ന് വനത്തിൽ ജീവിയ്ക്കേണ്ടി വന്നതെന്തിന് ? വനം വെട്ടിത്തെളിച്ച് കുടിയേറ്റക്കാരെ ഭരിച്ച് ജീവിച്ചതെന്തിന് ?

ഗർഭിണിയായ മാദ്രിയെ ചിതയിൽ ചാടിച്ച് തന്റെയും മക്കളുടേയും ഭാവി സുരക്ഷിതമാക്കിയവളാണ് കുന്തി എന്നു പറയുന്നുണ്ട്[54]. ഈയൊരു കല്പനയെക്കുറിച്ച് മറ്റ് യാതൊന്നും പറയുന്നില്ല. എങ്കിൽ പാണ്ഡവർക്കിടയിൽ സ്വാഭാവികമായുണ്ടാകാവുന്ന കലഹത്തെപ്പറ്റിയും ഒന്നും പറയുന്നില്ല.

രഥം കുഴഞ്ഞ മണ്ണിലേയ്ക്ക് മനഃപൂർവ്വം ഇറക്കിനിർത്തി കർണ്ണവധത്തിനു സൗകര്യമൊരുക്കികൊടുത്തവനായി ശല്യരെ അവതരിപ്പിച്ചിരിക്കുന്നു. ചതിയനും നികൃഷ്ടരാജ്യത്തിന്റെ അധിപനുമായ ശല്യർക്ക് ആത്മാഹുതി ചെയ്യാൻ മാത്രം പാപബോധമുണ്ടായതെങ്ങനെ ?

– ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം കിട്ടുന്നില്ല. ഈ മാറ്റങ്ങൾ കഥാപാത്രങ്ങളുടെ ഉയർച്ചയ്ക്കോ താഴ്ചയ്ക്കോ ഉപയോഗിച്ചുവെന്നല്ലാതെ അവ ലക്ഷ്യത്തിലെത്തുന്നില്ല.

കഥയിൽ മാറ്റങ്ങൾ വരുത്തുമ്പോൾ അത് ന്യായീകരിയ്ക്കത്തക്കതാകണം. അപ്പോഴേ അത് കൃതിയ്ക്ക് ഉൽക്കർഷമുണ്ടാക്കൂ. ഒരു സാഹിത്യകാരൻ പുരാണകഥകളെ ഉപജീവിച്ച് കാവ്യശില്പം സൃഷ്ടിയ്ക്കുമ്പോൾ അനൗചിത്യ സ്പർശമുണ്ടോ എന്നതാണ് മുഖ്യമായ പ്രശ്നമെന്നിരിയ്ക്കേ[55] ഇത് പ്രത്യേകം ശ്രദ്ധിയ്ക്കേണ്ട ഒരു ഘടകം തന്നെയാകുന്നു.

---

53. അതേ പുസ്തകം, പു.86.
54. അതേ പുസ്തകം, പു.109.
55. കുമാരൻ മാമ്പുഴ, 'ഇതിഹാസത്തിലേയ്ക്കു തിരിച്ചുപോകുമ്പോൾ', ഭാഷാപോഷിണി, 19, 5 (ഒക്ടോബർ 1995), പു.9.

## ചില സാദൃശ്യങ്ങൾ

മലയാള നോവൽ സാഹിത്യത്തിൽ ഇതിഹാസോപജീവികളായ നോവലുകൾ എന്ന പ്രവണതയ്ക്ക് മാർഗ്ഗദർശികളായത് 'ഇനി ഞാൻ ഉറങ്ങട്ടെയും' 'രണ്ടാമൂഴവുമാണ്'[56] എന്ന് പക്ഷമുണ്ട്. അതുകൊണ്ടു തന്നെയാകാം അനുകർത്താക്കളിൽ ഇവയുടെ സ്വാധീനം പ്രകടമാകുന്നത്.

1) ഇനി ഞാൻ ഉറങ്ങട്ടെ എന്ന നോവലിനെപ്പറ്റി രണ്ടാമൂഴത്തിന്റെ കർത്താവ് ഒന്നും പറയുന്നില്ല. പക്ഷേ കർണ്ണൻ കുന്തീപുത്രനാണെന്ന് വിശോകൻ അറിഞ്ഞതിനു[57] സമാനമായി ഒരു രംഗം ഇനി ഞാൻ ഉറങ്ങട്ടെ എന്ന നോവലിലുണ്ട് – കൃഷ്ണസാരഥിയായ ദാരുകൻ കൃഷ്ണൻ കർണ്ണനോട് ആ ജന്മരഹസ്യം പറയുന്നതു കേൾക്കുന്ന രംഗം[58]. രണ്ടാമൂഴത്തിന്റെ കർത്താവ് ഭീമസേനൻ കർണ്ണനോട് പരാജയപ്പെട്ട് അത് ജ്യേഷ്ഠനാണെന്ന് വിശോകൻ പറഞ്ഞറിഞ്ഞപ്പോഴുണ്ടായ തളർച്ച കൊണ്ടാണെന്നൊരു അനുബന്ധം കൂടി ഇവിടെ ചേർത്തു.

2) 'അമ്മേ ഗാന്ധാരി' എന്ന നോവലിൽ 'ഇനി ഞാൻ ഉറങ്ങട്ടെ' യുടെ സ്വാധീനം ഭാഷാപരമായി കാണുന്നുണ്ട്. ചിറകറ്റ പക്ഷിയാണ് താൻ എന്ന ഇനി ഞാൻ ഉറങ്ങട്ടെയിലെ യുധിഷ്ഠിരന്റെ ആത്മഗതം[59] അമ്മേ ഗാന്ധാരിയിൽ ധൃതരാഷ്ട്രരുടെ ആത്മരോദനമാണ്[60]. ദ്രൗപദിയ്ക്കെന്നും പിഴയ്ക്കാത്ത അഭയസ്ഥാനമാണ് ശ്രീകൃഷ്ണൻ[61] എന്ന പ്രയോഗവും അതേപടി എടുത്തു ചേർത്തിട്ടുണ്ട്[62].

---

56. അശോകൻ.കെ., 'ഇതിഹാസനോവൽ–പുനഃസൃഷ്ടിയും പ്രശ്നങ്ങളും', ഭാഷാപോഷിണി, 19, 5 (ഒക്ടോബർ 1995), പു.18.
57. രണ്ടാമൂഴം, പു.248.
58. ഇനി ഞാൻ ഉറങ്ങട്ടെ, പു.110.
59. അതേ പുസ്തകം, പു.34.
60. അമ്മേ ഗാന്ധാരി, പു.63.
61. ഇനി ഞാൻ ഉറങ്ങട്ടെ,പു.101.
62. അമ്മേ ഗാന്ധാരി, പു.9.

3) കുന്തിയുടെ രചയിതാവ് രണ്ടാമൂഴവും ഇനി ഞാൻ ഉറങ്ങട്ടെയും അമ്മേ ഗാന്ധാരിയും താൻ പല തവണ വായിച്ചുണ്ടെന്ന് പറയുന്നു[63]. ഇവിടെ കഥാപാത്രവ്യക്തിത്വങ്ങളിലും ചിന്താഗതികളിലുമൊക്കെ രണ്ടാമൂഴത്തിന്റെ സ്വാധീനം കാണുന്നുണ്ട്. പാണ്ഡവരുടെ പിതൃത്വത്തിന്റെ വ്യത്യസ്തമായ കല്പനയിലാണ് ഈ സ്വാധീനം കൂടുതലായി കാണുന്നത്. മറ്റ് നോവൽ രചയിതാക്കൾ ഇതിഹാസത്തിലെ അമാനുഷികതയെ ഭഞ്ജിച്ചിട്ടില്ല.

4) വ്യാധഭാരതത്തിന്റെ കർത്താവ് മുൻകാലകൃതികളെപ്പറ്റി ഒന്നും പറയുന്നില്ല. പക്ഷേ ഇവിടത്തെ ഭീമനിൽ ഇതിഹാസഭീമന്റെ എന്നതിനേക്കാൾ രണ്ടാമൂഴത്തിലെ ഭീമന്റെ മറിച്ചിട്ട രൂപമാണ് കാണുന്നത്.

ഏകലവ്യൻ നിർമ്മിച്ച വിഷാസ്ത്രം – ആരിലും പ്രയോഗിയ്ക്കരുതെന്ന് കർണ്ണൻ വിലക്കിയ പിശിതോപധാസ്ത്രത്തെപ്പറ്റി നോവലിൽ പറയുന്നുണ്ട്[64].രണ്ടാമൂഴത്തിൽ കർണ്ണൻ അർജ്ജുനനു വേണ്ടി കരുതിവെച്ച ഒരു വിഷാസ്ത്രത്തെപ്പറ്റി സൂചനയുണ്ട്[65].

രക്തബന്ധങ്ങൾ ക്ഷത്രിയനെ ദുർബ്ബലനാക്കരുതെന്ന രണ്ടാമൂഴത്തിലെ ഭീമന്റെ ആത്മനിന്ദയോടെയുള്ള ചിന്ത[66] ഇവിടെ മറ്റൊരു വിധത്തിൽ ഏകലവ്യനോടുള്ള ഘടോൽക്കചന്റെ നിർഘൃണത്വം നിറഞ്ഞ വാക്കുകളായി ചേർത്തിരിയ്ക്കുന്നു[67]. രണ്ടാമൂഴത്തിൽ ഭീമന്റെ ആദ്യപത്നിയും അദ്ദേഹത്തിന്റെ മനസ്സിനോട് ചേർന്നുനിന്നവളുമായ ഹിഡിംബിയോട് പിന്നീട് പത്നിയായി വന്ന ബലന്ധരയ്ക്ക് രൂപസാമ്യമുണ്ടായിരുന്നുവെന്ന് പറയുന്നുണ്ട്[68].ഏകലവ്യന് തന്റെ മരിച്ചുപോയ കാമുകിയായ ഗന്ധവതിയുടെ രൂപസാമ്യം താൻ പിന്നീട്

63. കുന്തി, പു.13.
64. വ്യാധഭാരതം, പു.52.
65. രണ്ടാമൂഴം, പു.245.
66. അതേ പുസ്തകം, പു.228.
67. വ്യാധഭാരതം, പു.115.
68. രണ്ടാമൂഴം, പു.125.

അഭയം നൽകി സ്വീകരിച്ച ഹിഡിംബിയ്ക്കുണ്ടെന്ന് തോന്നുന്നതായി ഇവിടെ പറയുന്നു[69].

ഇങ്ങനെയുള്ള മനഃപൂർവ്വമോ അല്ലാത്തതോ ആയ ചില സാദൃശ്യങ്ങൾ പിൻഗാമികളായ കൃതികൾ പുലർത്തുന്നുണ്ട്.

## 'രണ്ടാമൂഴ'ത്തിന്റെ പ്രസക്തി

ദർശനലോപം, ജീവിതത്തിന്റെ ആഴം കാണുന്നില്ല[70], രചനാലക്ഷ്യമില്ല[71], പുനഃസൃഷ്ടിയായില്ല[72], ഭീമസഹോദരന്മാർ നിഷ്പ്രഭരായി, കുന്തി ഒരു വേശ്യയെപ്പോലെ അധിക്ഷിപ്തയായി, ഘടോൽക്കചന്റെ മരണത്തിൽ ഭീമൻ ദുഃഖിച്ചില്ല[73] – എന്നൊക്കെ രണ്ടാമൂഴത്തിനെതിരെ വിമർശനങ്ങളുണ്ടായിട്ടുണ്ട്. ഇവയുടെ സത്യാവസ്ഥയെക്കുറിച്ച് ചിന്തിയ്ക്കേണ്ടതുണ്ട്.

നോവലിസ്റ്റിന്റെ മറ്റു കൃതികളുമായി ഈ നോവലിനുള്ളതും അദ്ദേഹം തന്നെ ഏറ്റുപറഞ്ഞതുമായ[74] സാദൃശ്യത്തെ മുൻനിർത്തി വെറുമൊരു കുടുംബകഥ എന്ന നിലയ്ക്ക് മാത്രം കാണുമ്പോഴാണ് കൃതിയുടെ ആന്തരഗൗരവം വായനക്കാരന്റെ ശ്രദ്ധയിൽ പെടാതെ പോകുന്നത്. അതിന്റെ അടിയൊഴുക്കായി നിൽക്കുന്ന എക്കാലത്തേയും ജീവിതസമസ്യകൾ അവതരിപ്പിച്ചിരിയ്ക്കുന്ന ദീർഘവീക്ഷണമറിയുമ്പോൾ അതിന്റെ ആഴത്തെപ്പറ്റി സന്ദേഹിയ്ക്കേണ്ട ആവശ്യം വരുന്നില്ല. ഇനി ആധുനിക സാഹചര്യങ്ങൾ അതിലുമേറെ പ്രകടമാകണമെന്നാണെങ്കിൽ അത്തരമൊരു പുനഃസൃഷ്ടിയ്ക്കൊരുങ്ങുമ്പോൾ ഇതിഹാസഭാവത്തിൽ നിന്നും വ്യതിചലിയ്ക്കേണ്ടി വന്നേയ്ക്കാം. വിമർശനത്തിനും ആക്ഷേപഹാസ്യത്തിനുമൊക്കെ സ്ഥാനം കൊടുക്കേണ്ടി

69. വ്യാധഭാരതം, പു.87.
70. വിനയകുമാർ.വി.എം. 'ഇന്ദ്രിയപ്രത്യക്ഷങ്ങളുടെ മേച്ചിൽപ്പുറങ്ങൾ', *എം.ടി കല,കാലം,വ്യക്തി*, എഡി:കെ.ജയകുമാർ (ഡി.സി.ബുക്സ്, കോട്ടയം, 1998), പു.45.
71. കുര്യാസ്, 'രണ്ടാമൂഴം, സൗന്ദര്യവും ദൗർബ്ബല്യവും', *നിന്ദിതർക്കും പീഡിതർക്കുംവേണ്ടി* (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1998).
72. 'ഇന്ദ്രിയ പ്രത്യക്ഷങ്ങളുടെ മേച്ചിൽപ്പുറങ്ങൾ', *എം.ടി കല,കാലം,വ്യക്തി*, പു.43,61.
73. 'രണ്ടാമൂഴം, സൗന്ദര്യവും ദൗർബ്ബല്യവും', *നിന്ദിതർക്കും പീഡിതർക്കുംവേണ്ടി*, പു.124,131,129.
74. ഫലശ്രുതി, രണ്ടാമൂഴം, പു.300.

വന്നേയ്ക്കാം. പ്രതീകാത്മക നോവലുകൾക്കാണ് ഈ രീതി ബാധകമാവുക. അല്ലെങ്കിൽ മഹാഭാരതത്തിന്റെ ചട്ടക്കൂടിനുള്ളിലൊതുങ്ങി നിൽക്കുക എന്ന രചനാലക്ഷ്യം ഇവിടെ ഭഞ്ജിക്കപ്പെടും.നോവൽ രചനയ്ക്ക് താനെങ്ങനെ സജ്ജനായി എന്ന് നോവലിസ്റ്റ് വിസ്തരിച്ച് പറഞ്ഞിട്ടുണ്ട്[75]. ഇത്രയും മുന്നൊരുക്കങ്ങളോടെ വിശദാംശങ്ങളുടെ സൂക്ഷ്മാംശങ്ങൾ അപഗ്രഥിച്ചു കണ്ടെത്തിക്കൊണ്ട് നടത്തിയ രചനയിൽ ഗൗരവക്ഷതിയ്ക്ക് സാധ്യത കുറവാണ്. ഈ പഠനത്തിന്റെയൊക്കെ ഗുണം രണ്ടാമൂഴത്തിനുണ്ടെന്ന് അഭിപ്രായമുണ്ട്[76].

ഇതിഹാസത്തിന്റെ സമഗ്രത നിലനിർത്താൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ടെന്ന് പറയുമ്പോൾ[77] അതിൽ നിന്നു തന്നെ മനസ്സിലാക്കാവുന്ന മറ്റൊരു കാര്യമാണ് തെരഞ്ഞെടുത്ത കഥാപാത്രങ്ങളെയൊന്നും അപ്രധാനമായി തള്ളിയിട്ടില്ലെന്നത്, പ്രത്യേകിച്ചും ഭീമനുമായി ബന്ധപ്പെട്ടു വരുന്ന കഥാപാത്രങ്ങളെ ഓരോരുത്തരുടേയും വ്യക്തിത്വത്തിൽ ചില മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും അവരോരോരുത്തരും  തനിമയോടെത്തന്നെ നിൽക്കുന്നു. നോവലിസ്റ്റ്  ആരേയും ചെറുതാക്കിയിട്ടില്ലെന്നും ഭീമനെ ഉന്നതസ്ഥാനത്തു നിർത്തുകയും  മറ്റ് കഥാപാത്രങ്ങൾക്ക് തനതായ സ്വഭാവമുദ്ര സമ്മാനിയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്[78]. പാണ്ഡവർക്ക് നാല് അച്ഛന്മാരാണെന്നുള്ളതും കുന്തിയ്ക്ക് നാലു പുത്രന്മാർ ജനിച്ചത് നാലു ദേവന്മാരിൽ നിന്നാണെന്നും ഇതിഹാസത്തിൽത്തന്നെ പറയുന്നതാണ്. നോവലിൽ കർണ്ണന്റേയും യുധിഷ്ഠിരന്റേയും ഭീമന്റേയും പിതാക്കൾ മനുഷ്യരായെന്ന്മാത്രം. അത്കൊണ്ട് കുന്തി വേശ്യയാകുന്നതെങ്ങനെ ? ക്ഷത്രിയത്വം

75. ഫലശ്രുതി, *രണ്ടാമൂഴം*, പു.292,293.
76. ചന്ദ്രശേഖരൻ എം.ആർ, 'ഭീമൻകഥ', *എം.ടിയുടെ സർഗ്ഗപ്രപഞ്ചം*, എഡിഃഒരു സംഘം ലേഖകർ (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997), പു.107.
77. അതേ പുസ്തകം, പു.111.
78. അതേ പുസ്തകം, പു.106.

അടിച്ചേല്പിയ്ക്കുന്ന രാജ്യലോഭവും, അതിന്റെ പേരിൽ ഏതു വിധേനയും രാജ്യാവകാശിയാകാൻ ക്ഷത്രിയർ ഏതു മാർഗ്ഗവും അവലംബിയ്ക്കുന്നതും, അതിന് ഇരയാകേണ്ടി വരുന്ന രാജസ്ത്രീകളുടെ ഗതികേടും ഒന്നുകൂടി ആഴത്തിൽ വ്യക്തമാക്കാൻ ഈ പിതൃത്വസങ്കല്പനം സഹായകമാകുകയും ചെയ്യുന്നു. കുന്തിയിലെ ക്ഷാത്രവീര്യത്തേയും രാജ്യതന്ത്രജ്ഞതയേയും മാതൃഭാവത്തേയും സ്ത്രൈണതയേയും ഒരുമിച്ചുയർത്തിക്കാണിയ്ക്കുകയാണിവിടെ ചെയ്തിരിയ്ക്കുന്നത്. സമാനമാണ് ദ്രൗപദിയുടേയും സൃഷ്ടി – ഒരു പടി കൂടി മുന്നിലാണവൾ. ഭീമനു തുല്യം ശോഭിയ്ക്കുന്നവരാണിവർ എന്ന നിരീക്ഷണത്തിൽ[79] അപാകത കാണാനാകില്ല.

ഘടോൽക്കചന്റെ മരണത്തിൽ പാണ്ഡവപ്പാളയം ദുഃഖിച്ചപ്പോൾ ശ്രീകൃഷ്ണനാണ് അത് കാട്ടാളനാണെന്നും താൻ മനഃപ്പൂർവ്വമാണ് അർജ്ജുനരക്ഷയ്ക്കായി അവനെ മരണത്തിലേയ്ക്ക് നയിച്ചതെന്നും പറഞ്ഞ് ആ ദുഃഖം കെടുത്തിയത്[80]. കൃഷ്ണന്റെ ആ വാക്കുകൾ ഭീമനും കേട്ടു. അത് നോവലിസ്റ്റ് പ്രത്യേകം ശ്രദ്ധിച്ച കാര്യം തന്നെയാണ്[81]. പാളയം വിട്ടിറങ്ങി ഇരുട്ടിൽ ഏകനായി നിന്നു, പിന്നെ നടന്ന് നടന്ന് യുദ്ധക്കളത്തിലെത്തി ഘടോൽക്കചന്റെ മൃതദേഹം കണ്ടു[82], കാട്ടാളന് വീരസ്വർഗ്ഗമില്ല, ചിതയൊരുക്കലില്ല[83], കാട്ടാളന്റെ മരണത്തിന് സൂതഗാഥയിൽ സ്ഥാനമില്ല[84] – ഇങ്ങനെയുള്ള പരാമർശങ്ങളിൽ നിന്ന് ഭീമന്റെ ഇളകിമറിയുന്ന മനസ്സ് വ്യക്തമാകുന്നു. ഭീമൻ ആർത്തലച്ചു കരയുന്ന, കുപിതനായി അട്ടഹസിയ്ക്കുന്ന പ്രകൃതമല്ല. ആ രോഷം പ്രകടിപ്പിയ്ക്കലിൽ പോലും അന്തർമുഖത്വം തെളിയുന്നുണ്ട്.

79. അതേ പുസ്തകം, പു.110.
80. രണ്ടാമൂഴം, പു.252.
81. അതേ പുസ്തകം, 'ഫലശ്രുതി', പു.295.
82. അതേ പുസ്തകം, പു.252.
83. അതേ പുസ്തകം, പു.253.
84. അതേ പുസ്തകം, പു.256.

അഭിമന്യു മരിച്ചപ്പോൾ അർജ്ജുനൻ പ്രതികാരം ചെയ്യുമെന്ന് ശപഥം ചെയ്തുവെങ്കിൽ കൃഷ്ണനും പാണ്ഡവപ്പടയും മുഴുവനായി അയാളെ പിന്തുണയ്ക്കുന്നുണ്ട്. ഇവിടെ പിന്തുണയ്ക്കേണ്ടവരാണ് പാളയത്തിൽ ജയമാഘോഷിയ്ക്കുന്നത്. തന്റെ മകനെ കൊന്ന കർണ്ണനെ താൻ കൊല്ലു മെന്ന് ഭീമൻ ശപഥം ചെയ്താൽ ശത്രു കർണ്ണനായതിനാൽ ഭീമന് പിന്തുണ കിട്ടുമായിരുന്നു. പക്ഷേ കർണ്ണൻ ജ്യേഷ്ഠനാണെന്ന സത്യം ഭീമനറിഞ്ഞിരുന്നു. മകൻ മരിച്ചപ്പോൾ രക്ഷപ്പെട്ടത് അനുജൻ, പുത്രവധത്തിന് പ്രതികാരം ചെയ്യണമെങ്കിൽ കൊല്ലേണ്ടത് ജ്യേഷ്ഠനെ – ഭീമന്റെ ധർമ്മസങ്കടം വ്യക്തമാ ക്കാനാണ് നോവലിസ്റ്റ് ഈ സന്ദർഭം ഉപയോഗിച്ചിരിയ്ക്കുന്നത്. ദുഃഖമോ രോഷമോ പ്രകടിപ്പിച്ചില്ല എന്നതുകൊണ്ട് ഘടോൽക്കചന്റെ മരണത്തിൽ ഭീമൻ ദുഃഖിച്ചില്ലെന്നു പറയാനാവില്ല.

## രണ്ടാമൂഴം – നോവലിസ്റ്റിന്റെ പ്രതിബദ്ധത

ഒരു ഇതിഹാസപുനരാഖ്യാനം നടത്തിയ നോവലിസ്റ്റ് തന്റെ കർത്ത വ്യത്തിന്റെ ഭാരം ശരിയ്ക്കുൾക്കൊണ്ടിട്ടുണ്ടെന്ന് പിൽക്കാലത്ത് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുന്നു–

♦ വ്യാസപ്രതിഭ വിട്ടുവെച്ച പഴുതുകൾ ഉപയോഗിയ്ക്കുന്നു[85].

♦ ഇതിഹാസത്തിൽ നിന്ന്, സ്വന്തം ഇൻസ്റ്റ്യൂഷൻ കൊണ്ട് തോന്നിയ ചില കാര്യങ്ങൾ സ്വന്തം മെറ്റീരിയലാക്കി. അതിന്റെ ഫലമായിട്ടുണ്ടായതാണ് രണ്ടാമൂഴം[86].

♦ പഴയ ക്ലാസിക്കുകളിലേയ്ക്ക് നാം തിരിച്ചുപോകുന്നത് പുതിയ ചിലത് പറയാനാണ്[87].

---

85. വാസുദേവൻ നായർ.എം.ടി, 'വാക്കുകൾക്കപ്പുറമുള്ള നിശ്ശബ്ദതയിലേക്ക്', *എം.ടി.വാക്കുകളുടെ വിസ്മയം*, എഡി:എം.എൻ.കാരശ്ശേരി, (പാപ്പിയോൺ, ഒലീവ് പബ്ലിക്കേ ഷൻസ്, കോഴിക്കോട്, 2004) പു.43.
86. അതേ പുസ്തകം, പു.43.
87. അതേ പുസ്തകം, 'കഥയുടെ രൂപം', പുറം.53.

♦ ആവിഷ്ക്കാരസ്വാതന്ത്ര്യം സാർവ്വലൗകികമായ ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള കലാകാരന്റെ കടമയുമായി ഒത്തുപോകണം[88].

♦ തനിയ്ക്കു തോന്നുമ്പോൾ സാഹിത്യകാരൻ നാട്ടുനടപ്പുകൾ ദൂരെ ക്കളയും, പാരമ്പര്യം ലംഘിയ്ക്കാൻ മടിയ്ക്കില്ല[89].

♦ പാരമ്പര്യത്തെ ഉല്ലംഘിച്ചുകൊണ്ടാണ് എഴുത്തുകാരൻ പുതിയ മേഖലയിലേയ്ക്ക് കടക്കുന്നത്. പാരമ്പര്യത്തെ ആദരിയ്ക്കുന്നവർക്കാണ് ഉല്ലംഘിയ്ക്കാൻ കഴിയുക. ലംഘിയ്ക്കുക എന്നു പറഞ്ഞാൽ അതിനെ അംഗീ കരിച്ച്, ആദരിച്ച് മുന്നോട്ട് കടക്കുക എന്നാണ്[90].

♦ പുതിയ രചനയ്ക്ക് പഴയ കൃതികളിലെ ഘടകങ്ങൾ സ്വീകരിയ്ക്കു മ്പോൾ ആ പഴയ യഥാർത്ഥമായ ഭാരതീയപാരമ്പര്യം പരീക്ഷിച്ചു നോക്കുക മാത്രമാണ് ചെയ്യുന്നത്[91].

♦ വ്യാസനെ ഇംപ്രവൈസ് ചെയ്യാനോ അതിശയിയ്ക്കാനോ ആർക്കുകഴിയും[92].

– ഇങ്ങനെയുള്ള നോവലിസ്റ്റിന്റെ അഭിപ്രായങ്ങളിൽ നിന്ന് ഇതിഹാ സനോവലിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ രചനാദർശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാകുന്നു. വർത്തമാനഭാരതത്തേയും കേരളത്തേയും നോവലിസ്റ്റ് എങ്ങിനെ നോക്കിക്കാണുന്നു എന്ന് അദ്ദേഹത്തിന്റെ ചില ലേഖന സമാഹാ രങ്ങൾ[93] വ്യക്തമാക്കുന്നുണ്ട്.അതിൽ നിന്നു തന്നെ സമൂഹത്തോടുള്ള അദ്ദേ ഹത്തിന്റെ പ്രതിബദ്ധത മനസ്സിലാക്കാം. 'സമകാലികമായ അഭിവീക്ഷണം'

88. അതേ പുസ്തകം, 'പുരാവൃത്തവും സാഹിത്യവും', പു.53
89. അതേ പുസ്തകം, 'ഇന്ത്യയുടെ ആഖ്യാനപാരമ്പര്യം', പു.67.
90. അതേ പുസ്തകം, 'വെളിച്ചപ്പാട്', പു.95.
91. അതേ പുസ്തകം, 'ഇന്ത്യയുടെ പാരമ്പര്യം', പു.67.
92. അതേ പുസ്തകം, 'വാക്കുകൾക്കപ്പുറമുള്ള നിശ്ശബ്ദതയിലേയ്ക്ക്', പു.43.
93. വാസുദേവൻ നായർ.എം.ടി.,*കണ്ണാന്തളിപ്പൂക്കളുടെ കാലം* (ഗ്രീൻബുക്സ്, 2003).
വാസുദേവൻ നായർ.എം.ടി.,*കിളിവാതിലിലൂടെ* (ക്രറന്റ് ബുക്സ്, കോട്ടയം, 2007).
വാസുദേവൻ നായർ.എം.ടി., *അമ്മയ്ക്ക്* (കറന്റ് ബുക്സ്, തൃശ്ശൂർ, 2008).

എന്ന വിശേഷണമാണ് എം.ടി.യുടെ സാഹിത്യലോകത്തിനു ചേരുക എന്ന അഭിപ്രായവും[94] അടിവരയിടുന്നത് ഈ വീക്ഷണത്തിനു തന്നെയാണ്.

## ഇതിഹാസപുനരാഖ്യാനങ്ങളുടെ പ്രസക്തി

ഒരു മനുഷ്യസമൂഹത്തിന്റെ ചിന്തയേയും അറിവിനേയും ആഴത്തിൽ സ്വാധീനിയ്ക്കുന്ന പ്രാചീന സ്മൃതികളുടെ ഈടുവെയ്പുകളാണ് പുരാണേതിഹാസങ്ങൾ[95]. കലാകാരന്റെ മനസ്സിലുയരുന്ന ആ ആദിമുദ്രകൾ ആസ്വാദകമനസ്സിലെ തത്തുല്യമായ മുദ്രകളെ ഉണർത്തുന്നു[96]. അവയ്ക്ക് ആസ്വാദകരെ തൃപ്തിപ്പെടുത്താൻ കഴിയുമ്പോഴാണ് ഇതിഹാസനോവൽ വിജയിക്കുന്നത്. അതുകൊണ്ടു തന്നെ ഇതിഹാസത്തിലൂടെ സ്വതന്ത്രവിഹാരം നടത്തുമ്പോൾ സാഹിത്യകാരൻ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഒരു സ്വതന്ത്രകൃതിയുടെ രചനാവേളയേക്കാൾ ഭിന്നരുചികളായ അനുവാചകർക്കു മുന്നിൽ ഒരു പുനരാഖ്യാനകൃതിയൊരുക്കുമ്പോൾ അഭിപ്രായങ്ങളുടെ വൈവിദ്ധ്യത്തെപ്പറ്റിക്കൂടി സാഹിത്യകാരൻ ഓർക്കേണ്ടതുണ്ട്.

ഇതിഹാസങ്ങളിൽ ഇത്തരമൊരന്വേഷണവും പുനരാഖ്യാനവുമൊക്കെ എന്തിനുവേണ്ടിയെന്ന ചോദ്യങ്ങളുണ്ടാകാം, വേണ്ടെന്നും, അരുതെന്നും അഭിപ്രായങ്ങളുണ്ടാകാം, ധർമ്മോദ്ബോധനം ലക്ഷ്യമാക്കി രചിയ്ക്കപ്പെട്ട ഇതിഹാസത്തിൽ ഇത്തരം വ്യാഖ്യാനസാദ്ധ്യതകൾ കണ്ടെത്തുമ്പോൾ അത് വായനക്കാരുടെ മനസ്സിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കുമെന്ന പക്ഷമുണ്ടാകാം,അതു കൊണ്ട് ഇങ്ങനെയൊരു വിഷയം തെരഞ്ഞെടുക്കുമ്പോൾ അതിൽ രൂഢമൂലമായ സങ്കല്പങ്ങൾക്കെതിരായ മാറ്റങ്ങൾ നിബന്ധിയ്ക്കാനൊരുങ്ങുമ്പോൾ സംസ്ക്കാരസംബന്ധമായും മതപരമായുമുള്ള എതിർപ്പുകളുണ്ടാകാം

94. ഉണ്ണികൃഷ്ണൻ, 'എം.ടി.യ്ക്ക് മലയാളികളോട് ക്ഷമിയ്ക്കാം', കലാകൗമുദി, ല.1054, (1995 നവംബർ 26), പു.29.
95. വിനയകുമാർ.വി.എം, 'മലയാള ഭാവന അവസാദമില്ലാതെ', ഭാഷാപോഷിണി, 19,5 (ഒക്ടോബർ 1995), പു.25.
96 ലീലാവതി.എം,'യുങിന്റെ മനഃശാസ്ത്രം സാഹിത്യനിരൂപണത്തിൽ', *സത്യം,ശിവം,സുന്ദരം,* (നാഷണൽ ബുക് സ്റ്റാൾ, കോട്ടയം, 1989), പു.64.

അതുകൊണ്ട് ഇങ്ങിനെയൊരു വിഷയം തിരഞ്ഞെടുക്കുകയും അതിൽ രൂഢമൂലമായ സങ്കൽപ്പങ്ങൾക്കെതിരായ മാറ്റങ്ങൾ നിബന്ധിക്കാനൊരുങ്ങുകയും ചെയ്യുമ്പോൾ എഴുത്തുകാരൻ ഇങ്ങനെയുള്ള എതിർപ്പുകൾ മുന്നിൽ കണ്ട് ധീരതയോടെയും നിശ്ചയദാർഢ്യത്തോടെയും ഉദ്ദേശ്യ ശുദ്ധിയോടെയും പക്ഷഭേദരഹിതമായ മനസ്സോടെയും കൃതിയെ സമീപിയ്ക്കേണ്ടതുണ്ട്.

കാവ്യപ്രപഞ്ചത്തിൽ കവി തന്നെയാണല്ലോ പ്രജാപതി[97]. വിഷയം തെരഞ്ഞെടുക്കാനും അത് തന്റെ അഭിപ്രായങ്ങൾക്കും താല്പര്യങ്ങൾക്കുമനുസരിച്ച് രൂപപ്പെടുത്താനുമുള്ള സ്വാതന്ത്ര്യം എഴുത്തുകാരനിൽ നിക്ഷിപ്തമാണെന്നിരിയ്ക്കേ സർഗ്ഗഭാവനകൾക്ക് വിലക്കുകളേർപ്പെടുത്താനാകില്ല. സാഹിത്യത്തിലെ വിപുലമായ മാനവീകരണത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തരം പ്രവണതകളെ വിലയിരുത്തേണ്ടതെന്ന് പക്ഷമുണ്ട്[98]. സാമൂഹിക രൂപവൽക്കരണത്തിന്റെ ഓരോ സവിശേഷമുഹൂർത്തങ്ങളിലും മഹാഭാരതമുൾക്കൊള്ളുന്ന യാഥാർത്ഥ്യതലങ്ങൾ രൂപപ്പെട്ടു വരും, ചരിത്രപരമായും സാമൂഹികമായും മഹാഭാരതത്തിലെ കൂട്ടിച്ചേർക്കലുകളേയും കിഴിയ്ക്കലുകളേയും ഈ തലത്തിൽ വേണം നോക്കിക്കാണാനെന്നും നിരീക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്[99].

എത്രയൊക്കെ വിഗ്രഹഭഞ്ജകത്വം പുലർത്തിയാലും, എന്തൊക്കെ സ്ഫോടനാത്മകമായ കണ്ടുപിടുത്തങ്ങൾ നടത്തിയാലും, എന്തൊക്കെ കൂട്ടിച്ചേർത്താലും, മാറ്റി മറിച്ചാലും ഈ പുനരാഖ്യാനങ്ങൾക്ക് പറയാനുള്ളത് മൂല്യങ്ങളുടെ സംരക്ഷണത്തെക്കുറിച്ചുതന്നെയാണെങ്കിൽ അവയെ എതിർക്കുന്നതിലർത്ഥമില്ല. കഥാപാത്രങ്ങളിലും കഥാസന്ദർഭങ്ങളിലുമുള്ള

97. അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതി

98. വിനയകുമാർ.വി.എം, 'മലയാളഭാവന അവസാദമില്ലാതെ', ഭാഷാപോഷിണി, 19,5, (ഒക്ടോബർ 1995), പു.26.

99 രവീന്ദ്രൻ.പി.പി, 'പുനർവായനയിലെ പരിഭാഷ: മലയാളത്തിലെ മഹാഭാരത നോവലുകൾ', മാതൃഭൂമി ആഴ്ചപ്പതിപ്പ് (മെയ് 23–29, 2004), പു.17.

ധർമ്മാധർമ്മങ്ങളെ പരസ്പരം മാറ്റി പ്രതിഷ്ഠിച്ചാലും പൊതുവേയുള്ള ധർമ്മ വിവക്ഷയ്ക്ക് ന്യൂനത സംഭവിയ്ക്കുന്നില്ലെങ്കിൽ അവയെ സംസ്ക്കാരവിധ്വംസകങ്ങളെന്ന് പറയാനാവില്ല.

# ഉപസംഹാരം

രണ്ടാമൂഴം, ഇനി ഞാൻ ഉറങ്ങട്ടെ,അമ്മേ ഗാന്ധാരി, വേദസാക്ഷി, കുന്തി, വ്യാധഭാരതം – എന്നീ പാണ്ഡവ കൗരവ കഥാസ്പദമായ ആറു നോവലുകളാണ് ഇവിടെ പഠനവിധേയമാക്കിയിരിയ്ക്കുന്നത്. പഠനത്തിൽ നിന്നും മനസ്സിലാക്കിയ വസ്തുതകൾ താഴെ പറയുന്നു.

(1) മഹാഭാരതം വിവിധ വീക്ഷണതലങ്ങൾ ഉൾക്കൊള്ളുന്ന കൃതിയാണ്. ലോകത്തിന്റെ സമസ്തസ്വഭാവവും ഉൾക്കൊള്ളുന്ന ഈ കൃതി നിത്യനൂതനമാണ്. അതുകൊണ്ടുതന്നെ അനുകർത്താക്കൾക്ക് ഏതു കാഴ്ചപ്പാടിനുമിണങ്ങുന്ന രീതിയിൽ ഇതിലെ കഥാസന്ദർഭങ്ങൾ ഉപയോഗിയ്ക്കാൻ കഴിയും. ആദ്യകാലത്ത് വിവവർത്തനങ്ങളായും, അനുകരണങ്ങളായുമൊക്കെ ഒതുങ്ങി നിന്നിരുന്ന പുനരാഖ്യാനം പിൽക്കാലത്ത് ശക്തമായ ആശയാവിഷ്ക്കരണത്തിനുള്ള ഉപാധിയായി പരിണമിച്ചത് ഈ പ്രത്യേകത കൊണ്ടു തന്നെയാണ്. ഇവിടെ കഥാസന്ദർഭങ്ങളും കഥാപാത്രവ്യക്തിത്വവുമെല്ലാം വിവിധ രീതിയിൽ വ്യാഖ്യാനങ്ങൾക്ക് വിധേയമാകുന്നു.

(2) പുരാണപുനരാഖ്യാനം ചെയ്യുന്ന ഒരു വ്യക്തിയെ അതിനു പ്രേരിപ്പിയ്ക്കുന്നത് പല കാര്യങ്ങളാകാം – ഏതെങ്കിലും ഒരു പ്രത്യേകകഥാപാത്രത്തോടു തോന്നുന്ന മമത, ഒരു സന്ദേശം നൽകണമെന്ന ലക്ഷ്യം, പുരാണത്തെ സമകാലത്തോടിണക്കി അതിന്റെ സാർവ്വകാലിക മാനങ്ങളെ പരീക്ഷിച്ചുനോക്കാനുള്ള താല്പര്യം, ഇവിടെ പഠനവിധേയമായ നോവലുകളിൽ ഈ പ്രവണതകളെല്ലാമാണ് കാണുന്നത്.

പുരാണത്തിന്റെ സാർവ്വകാലികമാനങ്ങൾ മുന്നിൽകണ്ട്, തനിയ്ക്ക് താല്പര്യം തോന്നിയ കഥാപാത്രത്തെ മുൻനിർത്തി ചില മാറ്റങ്ങളോടെ പാണ്ഡവ–കൗരവകഥ പുനരവതരിപ്പിയ്ക്കുകയാണ് 'രണ്ടാമൂഴ'ത്തിൽ നോവലിസ്റ്റ് ചെയ്തിരിക്കുന്നത്. കർണ്ണനോടു തോന്നിയ ആദരവും, സഹതാപവുമൊക്കെയാണ് 'ഇനി ഞാൻ ഉറങ്ങട്ടെ'യുടെ രചനയ്ക്ക് പിറകിൽ. സ്ത്രീകൾക്കനുഭവിയ്ക്കേണ്ടി വരുന്ന പ്രശ്നങ്ങളോടുള്ള ധാർമ്മികരോഷമാണ് 'അമ്മേ ഗാന്ധാരി'യിലും 'വേദസാക്ഷി'യിലും കാണുന്നത്. അതേ ധാർമ്മികരോഷം തീക്ഷ്ണമായി അനാവൃത മാകുകയാണ് 'കുന്തി'യിൽ. മാനവവംശത്തിന്റെ സ്വഭാവത്തെ വിമർശിയ്ക്കുകയാണ് 'വ്യാധഭാരതം'.

(3) മഹാഭാരതത്തിലെ രണ്ടു ശക്തരായ കഥാപാത്രങ്ങളെ നായകസ്ഥാനത്തു നിർത്തി രചിച്ച കൃതികളാണ് 'രണ്ടാമൂഴ'വും 'ഇനി ഞാൻ ഉറങ്ങട്ടെ'യും.

ഇതിഹാസത്തിൽ ധീരനെന്നും, കരുത്തനെന്നും പ്രശസ്തനായ ഭീമസേനന്റെ മനസ്സാണ് ഇവിടെ നോവലിസ്റ്റ് നിരീക്ഷിയ്ക്കുന്നത്. അവഗണന, മോഹഭംഗം, നിരാശ, അപകർഷത, കഴിവുണ്ടായിട്ടും അംഗീകരിയ്ക്ക പ്പെടാതെ പോകുന്നതിന്റെ അമർഷം തുടങ്ങി തന്റെ മുൻകാല കൃതികളിലെ നായകന്മാർക്ക് നൽകിയ വ്യക്തിത്വം തന്നെ ഭീമസേനന് എം.ടി. നൽകിയിരിയ്ക്കുന്നു. തന്റെ പതിവുരീതിയിൽ ഒരു വിശാലമായ പശ്ചാത്തലത്തിൽ ഒരു കുടുംബകഥ പറയുകയാണ് താനെന്ന് നോവലിസ്റ്റ് തന്നെ പറയുന്നുവെങ്കിലും ദേവാംശസംഭവരെ മാനുഷ്യകത്തിലേയ്ക്കിറക്കി നിർത്തി നിരീക്ഷിച്ച് അനുയോജ്യമായ മാറ്റങ്ങൾ നിബന്ധിച്ച് അവതരിപ്പിയ്ക്കുക, ഇതിഹാസത്തിന്റെ സാർവ്വകാലിക പ്രസക്തി

സമകാലത്തോടിണക്കി വ്യംഗ്യമായി പറയുക എന്നീ ഘടകങ്ങൾ കൂടി ഇവിടെ സഫലമാകുന്നുണ്ട്. പക കൊണ്ടും മാത്സര്യം കൊണ്ടും നാശമേ ഉണ്ടാകൂ എന്നറിയാമെങ്കിലും ഭൗതികസുഖങ്ങളാഗ്രഹിയ്ക്കുന്ന മനുഷ്യന് അതിൽ നിന്നും പിന്തിരിയാൻ കഴിയില്ലെന്നും, സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് സ്വയമുള്ള ധാരണയാണ് മനുഷ്യന്റെ ചിന്തയേയും പ്രവൃത്തിയേയും നിർണ്ണയിയ്ക്കുന്നതെന്നും മഹാപ്രസ്ഥാനമുപേക്ഷിച്ച് തിരിച്ചു വരുന്ന ഭീമനിലൂടെ നോവലിസ്റ്റ് വ്യക്തമാക്കുന്നു. തന്റെ മറ്റു കൃതികളിലവതിപ്പിച്ച കാവ്യാത്മകമായ ഭാഷ പുരാണപശ്ചാത്തലത്തോടിണക്കി മനോഹരമായി അവതരിപ്പിയ്ക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിരിയ്ക്കുന്നു.

ഒരു ദുരന്തനായകനെന്ന നിലയ്ക്കാണ് മഹാഭാരതത്തിലെ കർണ്ണൻ അനുവാചക ശ്രദ്ധയാകർഷിയ്ക്കുന്നത്. കർണ്ണന്റെ നിർഭാഗ്യങ്ങളും, വേദന നിറഞ്ഞ മനസ്സും അനാവരണം ചെയ്യുകയാണ് 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവൽ. കർണ്ണന്റെ ത്യാഗം, ധർമ്മം തുടങ്ങിയ സദ്ഗുണങ്ങളുയർത്തിക്കാണിച്ച് അവികലമായ വ്യക്തിത്വത്തിനുടമയായി അവതരിപ്പിയ്ക്കാൻ കർണ്ണനോടുള്ള അത്ഭുതാദരങ്ങൾ പി.കെ.ബാലകൃഷ്ണനെ പ്രേരിപ്പിച്ചിരിയ്ക്കുന്നു. ദ്രൗപദിയെ ഒരു സാങ്കല്പിക കഥാപാത്രമായാണ് അവതരിപ്പിച്ചിരിയ്ക്കുന്നത്. ദ്രൗപദിയുടെ ക്ഷാത്രവീര്യവും പാതിവ്രത്യവുമൊന്നുമല്ല, ഭഗ്നമാക്കപ്പെട്ട മാതൃത്വവും, പത്നീത്വവുമാണിവിടെ വിവരിയ്ക്കുന്നത്. വിധിയുടെ അലംഘ്യതയെക്കുറിച്ച് ഇതിഹാസത്തിലുള്ള ഉപദേശം ആവർത്തിയ്ക്കുകയും അതിനനുഗുണമായ നിർവ്വേദാത്മകമായ ഒരു അന്തരീക്ഷവും ഭാഷയും സൃഷ്ടിയ്ക്കുകയും ചെയ്യുന്നുണ്ടീ നോവലിൽ.

(4) സ്ത്രീകഥാപാത്രങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് രചിയ്ക്കപ്പെട്ട രണ്ടു നോവലുകളാണ് ' അമ്മേ ഗാന്ധാരിയും ' വേദസാക്ഷി'യും.

ഭർത്താവിന്റെ കാമലോലുപതയും മക്കളുടെ ദുർവൃത്തിയും ഒരു സ്ത്രീയെ എങ്ങനെ ദുഃഖത്തിലാഴ്ത്തുമെന്ന് ഗാന്ധാരിയിലൂടെ കാണിച്ചുതരികയാണ് ശ്രീദേവി 'അമ്മേ ഗാന്ധാരി' യിൽ. ദൈവചിന്തയും, സഹനശക്തിയും, ത്യാഗവും, ധർമ്മനിഷ്ഠയുമൊന്നും ഫലപ്രദമായില്ല, തന്റെ ധർമ്മനിഷ്ഠ തെറ്റായിരുന്നുവെന്നോർത്ത് മോഹാലസ്യപ്പെടുന്ന ഗാന്ധാരിയിലൂടെ ഉജ്ജ്വലമായ ഒരു കഥാപാത്രത്തെ അവതരിപ്പിയ്ക്കാനോ, ഒരു ലക്ഷ്യം സഫലമാക്കാനോ നോവലിസ്റ്റിന് കഴിയാതെ പോയി.

'വേദസാക്ഷി' യിൽ ധർമ്മവ്രതയായ കുന്തിയെയാണ് ടി.ആർ.ശങ്കുണ്ണി നായികയാക്കിയിരിയ്ക്കുന്നത്. എന്തിനും മേലെ ധർമ്മനിഷ്ഠയ്ക്ക് പ്രാധാന്യം കൊടുത്ത കുന്തി ഇതിഹാസത്തിലെ കുന്തിയേക്കാൾ ദുർബ്ബലയെങ്കിലും 'അമ്മേ ഗാന്ധാരി' യിലെ ഗാന്ധാരിയെപ്പോലെയല്ല. തന്റെ ധർമ്മനിഷ്ഠയിൽ യാതൊരു പരാതിയും ഇവിടെ കുന്തിയ്ക്കില്ല, ദുരനുഭവങ്ങളിൽ ദുഃഖവും നിരാശയുമുണ്ടെന്നല്ലാതെ.

ഇതിഹാസപശ്ചാത്തലത്തിൽ, സ്ത്രീകഥാപാത്രങ്ങൾക്ക് പ്രാധാന്യം കൊടുത്ത് സ്ത്രീകളുടെ ദുരിതങ്ങൾ അവതരിപ്പിച്ചുവെന്നല്ലാതെ ഒരു ശക്തയായ സ്ത്രീയെ അവതരിപ്പിയ്ക്കാനോ സന്ദേശം നൽകാനോ ഈ കൃതികൾക്കു കഴിഞ്ഞിട്ടില്ല.

(5) കുന്തിയെ കേന്ദ്രസ്ഥാനത്തു നിർത്തി സ്ത്രീപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നോവലാണ് കൃഷ്ണകുമാരി രചിച്ച 'കുന്തി' യും. പക്ഷേ ഇവിടെ സമീപനം വ്യത്യസ്തമാണ്. സ്നുഷയ്ക്കപമാനമേറ്റ രാജധാനിയിൽ പാണ്ഡവമാതാവ് പിന്നെ താമസിയ്ക്കില്ല, കർണ്ണനെകണ്ട് സ്വപക്ഷത്തേയ്ക്ക് ക്ഷണിയ്ക്കില്ല എന്നിങ്ങനെ ചില മുൻവിധികളോടെ നോവലിസ്റ്റ് കഥാഗതിയ്ക്ക് തന്നെ മാറ്റം വരുത്തി. ദ്രൗപദിയ്ക്കേറ്റ അപമാനമാണ് നിശ്ശബ്ദയായിരുന്ന

കുന്തിയെ പ്രകോപിപ്പിച്ചത്. രാജസഭയിൽ നേരിട്ടെത്തി പ്രമുഖരെ ന്യായാന്യായവിചാരണ ചെയ്തു. തനിയ്ക്കും തന്റെ പക്ഷത്തിനും നേരിടേണ്ടിവരുന്ന അപമാനങ്ങളോട് സ്ത്രീ എങ്ങനെ പ്രതികരിയ്ക്കണമെന്നതിനാണ് നോവലിസ്റ്റ് ഇവിടെ പ്രാധാന്യം നൽകിയിരിയ്ക്കുന്നത്. മേല്പറഞ്ഞ കൃതികളിലെ ഗാന്ധാരിയേയും കുന്തിയേയും പോലെ വിധിയെ പഴിച്ചിരിയ്ക്കുന്നവളല്ല ഇവിടത്തെ കുന്തി. കുന്തിയുടെ ആത്മാഹുതി പോലും നിഷ്ക്രിയരായ മക്കളെ ഉത്തേജിതരാക്കാനാണ്.

(6) ആദിമപുരുഷൻ എന്ന സ്ഥാനം ഏകലവ്യനു നൽകിക്കൊണ്ടാണ് കെ.പി.ജെയിംസ് 'വ്യാധഭാരതം' രചിച്ചിരിയ്ക്കുന്നത്. വർഗ്ഗീയതയുടെ ക്രൗര്യം വ്യക്തമാക്കാൻ ഏകലവ്യനെന്ന നിഷാദനെ ഉപയോഗിയ്ക്കുന്നുവെങ്കിലും മനുഷ്യവർഗ്ഗത്തിനുൾക്കൊള്ളാൻ കഴിയാത്ത അന്തിമവിധിയുടെ വേദനയുൾക്കൊള്ളാൻ കഴിവുള്ള ആദിമപുരുഷൻ എന്ന സ്ഥാനത്തിനാണ് നോവലിസ്റ്റ് ഊന്നൽ നൽകുന്നത്. വരേണ്യവർഗ്ഗത്തിന്റെ ചൂഷണത്തിനിരയാകുന്ന അധഃസ്ഥിതർ ഒരിയ്ക്കൽ തങ്ങളുടെ നിഷ്ക്രിയത്വം വെടിഞ്ഞ് യുക്തിയും, കരുത്തും, കൗശലവുമുപയോഗിച്ച് പ്രതികാരം ചെയ്യുമെന്നും, പക്ഷേ പിടിച്ചെടുത്ത അധികാരം അവർ അതേ മട്ടിൽത്തന്നെ ദുർവിനിയോഗം ചെയ്യുമെന്നും, ചൂഷിതർ ചൂഷകർ എന്ന ദ്വന്ദ്വം അങ്ങനെ എന്നും നിലനിൽക്കുമെന്നുമുള്ള വിമർശനമാണിവിടെ കാണുന്നത്. ഈ വിമർശനം സാധ്യമാകുന്നുവെങ്കിലും ഇതിഹാസം പശ്ചാത്തലമാക്കിയെന്നല്ലാതെ അതിന്റെ ആഴങ്ങളിലേയ്ക്കിറങ്ങിച്ചെല്ലാനുള്ള ശ്രമം നടന്നിട്ടില്ല. എതിർദിശയിൽ നിന്നുള്ള നിരീക്ഷണമാണിവിടെ കാണുന്നത്. കഥാപാത്രങ്ങളിലും, കഥാസന്ദർഭങ്ങളിലും വരുത്തിയിട്ടുള്ള അടിസ്ഥാന പരമായ മാറ്റങ്ങൾ വിപരീതസ്വഭാവമാണീ നോവലിനു നൽകുന്നത്.

ഇതിഹാസഘടനയെ തകർത്തു കൊണ്ടുള്ള സ്വതന്ത്രകല്പനകളാണിവിടെ കാണുന്നത്.

(7) വ്യത്യസ്ത കഥാപാത്രങ്ങളോടുള്ള മമതയോടെയും വ്യത്യസ്ത ലക്ഷ്യങ്ങളോടെയും ഈ നോവൽ രചയിതാക്കൾ പാണ്ഡവ-കൗരവകഥ പുനരാഖ്യാനം ചെയ്തപ്പോൾ കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചു. ഭീമൻ, കർണ്ണൻ, ഗാന്ധാരി, കുന്തി, ദ്രൗപദി, യുധിഷ്ഠിരൻ, ധൃതരാഷ്ട്രർ, ശ്രീകൃഷ്ണൻ എന്നീ കഥാപാത്രങ്ങളെ കുറിച്ചാണിവിടെ വിശകലനം ചെയ്തത്.

ഇതിഹാസത്തിലെ ഭീമൻ കരുത്തനും, ധീരനും,ക്രുദ്ധനുമാണ്. പല അസുരന്മാരേയും, ധാർത്തരാഷ്ട്രേരയും വധിച്ചവനാണ്. ആ ഭീമനെ ഫലിതപ്രിയനായും, ദുഷ്ടനായും, ഭ്രാതൃവധം ചെയ്തതിൽ തെറ്റില്ലെന്നു പറയുന്ന നീചനായുമൊക്ക ചിത്രീകരിയ്ക്കുന്നത് ഇതിഹാസബാഹ്യമായ കല്പനയാണ്. ഇതിഹാസഭീമനിൽ അപകർഷകതാബോധവും, അംഗീകരിയ്ക്കപ്പെടുന്നില്ലെന്ന ദുഃഖവുമൊന്നും പ്രകടമാകുന്നില്ല. ദ്രൗപദിയുടെ ആജ്ഞാനുവർത്തിയായി നിൽക്കുന്ന, ദ്രൗപദി അർജ്ജുനന്റെ കരുത്തിനെ എല്ലാവരും ഭയക്കുന്നതായി പറയുമ്പോൾ നീരസം തോന്നുന്ന ഭീമനെപ്പറ്റി പറയുന്നുണ്ട്. അങ്ങനെയുള്ള ചില സന്ദർഭങ്ങളിൽ തോന്നിയേക്കാവുന്ന അമർഷത്തിന്റേയോ അപകർഷതയുടേയോ സ്ഫുരണങ്ങളാണ് രണ്ടാമൂഴത്തിലെ ഭീമനിൽ ജ്വലിച്ചു കാണുന്നത്.

മൂലകൃതിയിലെ കർണ്ണൻ അജയ്യനല്ല, പല തെറ്റുകളും ചെയ്തവനാണ്, ആദ്യം തൊട്ടേ അർജ്ജുനവൈരിയാണ്, ദുര്യോധനനെ നിരന്തരമായി ദുരുപദേശം ചെയ്ത് പാണ്ഡവവൈരം ജ്വലിപ്പിച്ചവനാണ്. അതേ സമയം ത്യാഗിയും, ധർമ്മിയും, ദാനശീലനുമാണ്. ഈ സദ്ഗുണങ്ങൾ മാത്രമെടുത്ത്

ഉയർത്തിക്കാണിച്ച് കർണ്ണനെ മഹാത്മാവായി ചിത്രീകരി യ്ക്കുകയാണ് 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവലിൽ. ഗുരുവിന്റെ അവഗണന കാരണം അർജ്ജുനവൈരമുണ്ടായവനായും ദ്രൗപദിയെ നിന്ദിച്ചതിൽ ആത്മനിന്ദ യുള്ളവനായും ചിത്രീകരിച്ചത് കർണ്ണന് കൂടുതൽ ഉൽക്കർഷമേകുന്നു.

ഗാന്ധാരി രാജ്യാവകാശിയായ മക്കൾ വേണമെന്നാഗ്രഹിച്ചിരുന്നു വെങ്കിലും ഭർത്താവിന്റേയും മക്കളുടേയും അധർമ്മങ്ങൾക്കു കൂട്ടു നിന്നിട്ടില്ല. അനിവാര്യമായ സന്ദർഭങ്ങളിൽ ഇടപെടുകയും ചെയ്യുന്നുണ്ട്. ധർമ്മത്തിന് ജയമാശംസിച്ച ഗാന്ധാരി ഇരുപക്ഷത്തും സംഭവിച്ച നാശത്തിന്റെ പേരിലാണ് വിലപിച്ചത്. അതിന്റെ പേരിലാണ് ഇതിഹാസത്തിലെ ഗാന്ധാരി ശ്രീകൃഷ്ണനെ ശപിച്ചത്. ആ ശാപത്തിലാണ് മനുഷ്യത്വത്തിനും, ധർമ്മത്തിനും പ്രാധാന്യം കൊടുക്കുന്ന ഒരമ്മയുടെ ഹൃദയവേദന പ്രകടമാകുന്നത്. അതൊഴി വാക്കുന്നിടത്ത് ഗാന്ധാരിയുടെ വ്യക്തിത്വത്തിനു തന്നെ ദൗർബ്ബല്യ മേൽക്കുന്നു. ആ ദൗർബ്ബല്യം തന്നെയാണ് 'അമ്മേ ഗാന്ധാരി'യിലെ ഗാന്ധാരി തന്റെ ധർമ്മം പിഴച്ചുവെന്നോർത്ത് മോഹാലസ്യപ്പെടാൻ കാരണമായത്. കുരുവംശത്തിലെ സ്ത്രീകർക്കനുഭവിയ്ക്കേണ്ടിവരുന്ന ദുഃഖങ്ങളെപ്പറ്റി ഓർക്കുന്ന, കൗരവ-പാണ്ഡവരൊരുമിച്ച് നിന്നാലുണ്ടാ കുന്ന ശക്തിയെപ്പറ്റി ഓർമ്മിപ്പിയ്ക്കുന്ന 'രണ്ടാമൂഴ'ത്തിലെ ഗാന്ധാരി ഇതിഹാസത്തിലെ ഗാന്ധാരിയുടെ തുടർച്ച തന്നെയാണ്.

കുന്തി തന്റെ മക്കൾക്കർഹമായ രാജ്യാവകാശം ലഭിയ്ക്കണമെന്നാ ഗ്രഹിച്ച്, അത് ലക്ഷ്യമാക്കിയ ഒരു ക്ഷത്രിയസ്ത്രീയാണ്. ശാന്തയും, നിശ്ശബ്ദ യുമായി ജീവിച്ച, സന്ധിയാഗ്രഹിയ്ക്കുന്ന മക്കളെ യുദ്ധത്തിനു പ്രേരിപ്പിച്ച, അവസാനം ഗാന്ധാരിയോടും ധൃതരാഷ്ട്രരോടുമൊപ്പം വനവാസത്തി നിറങ്ങിയ ഇതിഹാസത്തിലെ കുന്തി ദുർബ്ബലയല്ല, ധീര തന്നെയാണ്.

മക്കളോട് ദ്രൗപദിയെ പങ്കിട്ടെടുക്കാൻ മനഃപൂർവ്വം പറഞ്ഞവൾ, ദ്രൗപദി കർണ്ണന്റെ ഭാര്യയാകുമെന്ന് പറഞ്ഞ് പ്രലോഭിപ്പിച്ചവൾ, മാദ്രിയെ കൊല്ലുകയും കർണ്ണനെ മരണത്തിലേയ്ക്കു നയിയ്ക്കുകയും ചെയ്ത ദുഷ്ട തുടങ്ങിയുള്ള ആവിഷ്ക്കാരങ്ങൾ ഈ ഇതിഹാസകഥാപാത്രത്തെ കളങ്കപ്പെടുത്തുകയാണ് ചെയ്തത്. കർണ്ണനെ സ്വപക്ഷത്തേയ്ക്ക് ക്ഷണിയ്ക്കാതിരിയ്ക്കുകയും, ദ്രൗപദിയെ നിന്ദിച്ചതിലൂടെ സംസ്ക്കാര ശൂന്യനായിത്തീർന്നുവെന്ന് കുറ്റപ്പെടുത്തുകയും, താനാണമ്മയെന്ന് സൂചിപ്പിച്ച് വാത്സല്യത്തോടെ പെരുമാറുകയും ചെയ്യുന്നിടത്ത് ധൈര്യവും മാതൃത്വവും തെളിയുന്നുണ്ടെങ്കിലും അത് ഇതിഹാസബാഹ്യമായ കല്പനയായി.

മൂലകൃതിയിലെ ദ്രൗപദി ക്ഷാത്രവീര്യം, പാതിവ്രത്യം എന്നീ പ്രത്യേകതകളുൾക്കൊള്ളുന്നവളാണ്, ഭീമനെക്കൊണ്ട് തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നവളാണ്, ശത്രുക്കളോട് പ്രതികാരമനോഭാവമുള്ളവളാണ്. ഭീമനെ അവഗണിയ്ക്കുന്നവൾ, പട്ടമഹിഷീസ്ഥാനത്തിരിയ്ക്കുമ്പോൾ മക്കളുടെ മരണത്തെപ്പറ്റി ഓർക്കാത്തവൾ, കൃഷ്ണനെ പ്രണയിയ്ക്കുന്നവൾ, കർണ്ണനെ ഭർത്തൃസ്ഥാനത്തും, രക്ഷകസ്ഥാനത്തും കാണുന്നവൾ, ദുർബ്ബല – എന്നിങ്ങനെയുള്ള പരാമർശങ്ങൾ ദ്രൗപദിയുടെ വ്യക്തിത്വത്തെ കളങ്കപ്പെടുത്തുന്നു.

ഇതിഹാസത്തിലെ യുധിഷ്ഠിരൻ ധർമ്മത്തിൽ നിന്നും വ്യതിചലിയ്ക്കാത്തവനും, യുക്തിപൂർവ്വം ചിന്തിയ്ക്കുന്നവനും, സമാധാനകാംക്ഷിയുമാണ്. 'രണ്ടാമൂഴ'ത്തിൽ യുധിഷ്ഠിരനെ ചപലനും, സ്വാർത്ഥിയും, അസൂയാലുവും ദ്രൗപദിയോട് കാമമുള്ളവനായും, ഭീമനെ നിന്ദിയ്ക്കുന്നവനായും, ചിന്താശേഷിയില്ലാത്തവനായുമൊക്കെ യുധിഷ്ഠിരന്റെ ധർമ്മാചരണത്തിലെ നിഷ്ക്രിയത്വത്തെ വ്യാഖ്യാനി

യ്ക്കുന്നുണ്ട്. അത് യുധിഷ്ഠിരന്റെ വ്യക്തിത്വത്തിൽ കളങ്കമേല്പിയ്ക്കുന്നവയാണ്. അതേ സമയം മൂലകൃതിയിലെ യുധിഷ്ഠിരന് സമാനമായി യുക്തിപൂർവ്വം ചിന്തിയ്ക്കുന്നവനായും ദുർഗ്രമായ വ്യക്തിത്ത്വത്തിനുടമയായും അവതരിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്.

രാജ്യാവകാശം ലഭിയ്ക്കാത്തതിൽ നിരാശയുള്ളവനും, ദുര്യോധനൻ രാജാവാകണമെന്ന ആഗ്രഹത്താൽ മക്കളുടെ ദുർവൃത്തികൾക്ക് കൂട്ടുനിൽക്കുന്നവനുമാണ് മൂലകൃതിയിലെ ധൃതരാഷ്ട്രർ. മാലിനിയെന്ന ദാസിയിൽ യുയുത്സുവെന്നൊരു മകനുണ്ടായെന്നല്ലാതെ അന്ധമായ കാമാസക്തിയുള്ളവനാണെന്ന ആവിഷ്ക്കാരവും, ഗാന്ധാരിയോട് വെറുപ്പുണ്ടായിരുന്നുവെന്നും, കുന്തിയിൽ തനിയ്ക്ക് രാജ്യാവകാശിയായ മകൻ പിറക്കണമെന്നാഗ്രഹിച്ചുവെന്നുമൊക്കെയുള്ള കല്പന ഇതിഹാസ കഥാപാത്രത്തെ വികലമാക്കുകയാണ്.

ഇതിഹാസത്തിലെ കൃഷ്ണൻ മിക്കപ്പോഴും മാനുഷികമായും ചിലപ്പോൾ അമാനുഷികമായും പെരുമാറുന്നവാണ്. ധർമ്മസംസ്ഥാപനാർത്ഥം അവതരിച്ച കൃഷ്ണൻ ധർമ്മപുനഃസ്ഥാപനത്തിനുള്ള മാർഗ്ഗത്തിൽ അധർമ്മത്തിനു കൂട്ടുനിൽക്കുകയും പ്രേരിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്. അതാവശ്യമാണെന്ന് വരുമ്പോൾ മാത്രം. കൃഷ്ണനെ കേവലം മനുഷ്യനായി കണ്ടപ്പോൾ നയതന്ത്രവിദഗ്ദ്ധനും, ചതുരനും, യോദ്ധാവും, വാക്ചാതുര്യമുള്ളവനും, ആകർഷകമായ വ്യക്തിത്വമുള്ളവനുമായി ചിത്രീകരിച്ചു. ഗീതോപദേശം ചെയ്ത വ്യക്തി സ്വന്തം ബന്ധുവിന്റെ മരണത്തിൽ അസ്വസ്ഥനാകുന്നുവെന്ന കാഴ്ചപ്പാട് ഇതിഹാസത്തിലെ കൃഷ്ണനിൽ നിന്നും അകലെയാണ്. ഹസ്തിനപുരം സ്വന്തമാക്കാൻ യുദ്ധം നടത്തി അറുംകൊല ചെയ്യിച്ചവൻ എന്ന വീക്ഷണം ഇതിഹാസത്തിലെ

കൃഷ്ണസങ്കല്പത്തെ വികലമാക്കുന്നു.

ഇങ്ങനെ കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിൽ വളരെ വൈവിദ്ധ്യം വന്നു ചേർന്നിട്ടുണ്ട്. ചിലവ ന്യായീകരിയ്ക്കാവുന്നതും ചിലത് വളരെ അയുക്തികവുമാണ്. ഭീമന്റെ അന്തഃക്ഷോഭങ്ങൾ പ്രകടമാക്കാൻ അന്തർമുഖനായും, ദ്രൗപദിയാൽ തിരസ്കരിയ്ക്കപ്പെടുന്നവനായും ചിത്രീകരിച്ചതും, ദ്രൗപദിയുടെ പട്ടമഹിഷീപദത്തിലുള്ള ആഗ്രഹത്തിന്റെ ആഴം വ്യക്തമാക്കാൻ മക്കളുടെ മരണത്തെക്കുറിച്ച് അസ്വസ്ഥയാകുന്നില്ലെന്ന് ചേർത്തതും, കൗരവ–പാണ്ഡവരെ ഒന്നിച്ചു നിൽക്കാൻ ഉപദേശിച്ചവളായി ഗാന്ധാരിയെ അവതരിപ്പിച്ചതും, ഏറ്റവുമധികം ഉപദ്രവിച്ച ശത്രുക്കളെ സഹായിയ്ക്കുമ്പോൾ തങ്ങളാണുയരുന്നതെന്ന രാജതന്ത്രമുപ ദേശിയ്ക്കുന്ന യുക്തിബോധമുള്ളവനായി യുധിഷ്ഠിരനെ ചിത്രീകരിച്ചതും, അമാനുഷികാംശം ഒഴിവാക്കാനായി കൃഷ്ണനെ അഭിമന്യുവിന്റെ മരണത്തിൽ ദുഃഖിയ്ക്കുന്നവനായി നിബന്ധിച്ചതും ഇതിഹാസത്തിൽ നിന്നു വികസിപ്പിച്ചെടുത്തതോ, സാന്ദർഭികമായി ന്യായീകരിയ്ക്കാവുന്നതോ ആയ വസ്തുതകളാണ്. ദ്രൗപദിയെ നിന്ദിച്ചതിൽ കർണ്ണൻ ആത്മനിന്ദയനുഭവി യ്ക്കുന്നുവെന്ന കല്പന കർണ്ണന്റെ മാഹാത്മ്യത്തെ ഉയർത്തുന്നുവെങ്കിലും അത് ഇതിഹാസബാഹ്യമാണ്.

(8) വിവരണാത്മകവും വർണ്ണനാത്മകവുമായ ഒരു ബൃഹത്തായ ഇതിഹാസത്തെ ഒരു നോവലിന്റെ ചട്ടക്കൂടിലേയ്ക്ക് ഘടനാപരമായ വൈകല്യങ്ങളൊന്നും വരാത്ത രീതിയിൽ ഒതുക്കുകയും ശക്തമായ ആവിഷ്ക്കരണം നടത്തുകയും ചെയ്യുകയെന്നത് സുസാദ്ധ്യമല്ല. അത്

നോവലിസ്റ്റിന്റെ സൃഷ്ടിപരതയെ രണ്ടു തരത്തിൽ ബാധിയ്ക്കുന്നു. സ്വതന്ത്രഭാവന പരിമിതമായ ഒരു എഴുത്തുകാരന് അതുകൊണ്ട് മഹാഭാരതത്തെ ആശയസംവേദനത്തിന് ആശ്രയിയ്ക്കുമ്പോൾ മേല്പറഞ്ഞ കാര്യങ്ങൾ പാലിയ്ക്കാൻ കഴിയാതെ വരുന്നു. സർഗ്ഗധനനായ ഒരെഴുത്തുകാരന് ഇതിഹാസസന്ദർഭം തന്നെ സ്വീകരിയ്ക്കണമെന്ന ലക്ഷ്യത്തോടെ മഹാഭാരതത്തെ ആധാരമാക്കുമ്പോൾ ആ ചട്ടക്കൂട് പലപ്പോഴും ഒരു ബന്ധനമാവുകയാണുണ്ടാവുക. എങ്കിലും എഴുതിത്തഴക്കം വന്ന ഒരു നോവലിസ്റ്റിന് അപ്പോഴും തന്റെ ലക്ഷ്യത്തിനൊത്തുള്ള ഒരു സർഗ്ഗസൃഷ്ടിയായി അതിനെ വളർത്തിയെടുക്കാൻ കഴിയും. പുരാണകഥ പുനരാഖ്യാനം ചെയ്യുമ്പോൾ അനുകർത്താക്കൾ മുൻഗാമികളെ, പ്രത്യേകിച്ചും 'രണ്ടാമൂഴ'ത്തിന്റേയും, 'ഇനി ഞാൻ ഉറങ്ങട്ടെ'യുടേയും രചയിതാക്കളെ അനുകരിച്ചിട്ടുണ്ട് – അനുലോമമായും പ്രതിലോമമായും, പക്ഷേ ആ അനുകരണം കൊണ്ട് മുൻഗാമികൾ പാലിച്ച കലാപരതയും യുക്തിയുക്തതയും അനന്തരഗാമികൾക്ക് സ്വായത്തമാക്കാൻ കഴിയാതെ പോയി.

ഇവിട പഠനവിധേയമാക്കിയ നോവലുകളുടെ രചയിതാക്കൾ തങ്ങളുടെ പ്രേരകശക്തിയെക്കുറിച്ചും, രചനാലക്ഷ്യത്തെക്കുറിച്ചു പറഞ്ഞതും നോവലുകളിൽ നിന്നുതന്നെ വ്യക്തമാക്കുന്ന കാര്യങ്ങൾ മുൻപറഞ്ഞവിധം അപഗ്രഥിച്ചതും ആധാരമാക്കി നോക്കുമ്പോൾ മനസ്സിലാകുന്നതിതാണ്. മറ്റു കഥാപാത്രങ്ങളെ സ്വീകരിയ്ക്കാതെയും, മറ്റു കഥാസന്ദർഭങ്ങളെ അധികം കൂട്ടിച്ചേർക്കാതെയും പുരാണപുനരാഖ്യാനം ചെയ്യാൻ കഴിഞ്ഞത് 'രണ്ടാമൂഴ'ത്തിനാണ്. മഹാഭാരതത്തിലെ മറ്റു കഥാസന്ദർഭങ്ങളെ കഥാപാത്രത്തോടിണങ്ങി നിൽക്കും വിധം നോവലിന്റെ ഘടനയെ വികലമോ,

സ്ഥൂലമോ ആക്കാതെ സാർത്ഥകമായി സൂചിപ്പിയ്ക്കുകയോ, പറയുകയോ ചെയ്ത് ഇതിഹാസത്തിന്റെ സമഗ്രത ഉൾക്കൊള്ളിയ്ക്കാൻ കഴിഞ്ഞതും ഈ കൃതിയ്ക്കുതന്നെ. ഇതിഹാസത്തിന്റെ ചട്ടക്കൂടിൽ ഏറെക്കുറെ ഒതുങ്ങി നിന്നുകൊണ്ട് ഇതിഹാസത്തിനു പറയാനുള്ളതിൽ കവിഞ്ഞൊരു സന്ദേശം അന്വേഷിയ്ക്കാനും, നൽകാനും  കഴിഞ്ഞതും 'രണ്ടാമൂഴ'ത്തിനാണ്.

# ഗ്രന്ഥസൂചിക

## മലയാളം


1. അഴീക്കോട് സുകുമാർ : വിശ്വസാഹിത്യപഠനങ്ങൾ, കോട്ടയം, ഡി.സി.ബുക്സ്, 1986.

2. ...................... : അവതാരിക, ഭാഷാഭാരതം വാല്യം 1, വിവ:കുഞ്ഞിക്കുട്ടൻതമ്പുരാൻ, കോട്ടയം, ഡി.സി.ബുക്സ്, 2007.

3. ആനന്ദ് : വ്യാസനും വിഘ്നേശ്വരനും, കോട്ടയം, ഡി.സി.ബുക്സ്, 2001.

4. ആർസു : മഹാരഥൻമാരുമായി മുഖാമുഖം, കോഴിക്കോട്, ശിഖ പബ്ലിക്കേഷൻസ്, 1987.

5. ഇരാവതി കാർവേ : മഹാഭാരത പഠനങ്ങൾ, (വിവ:)പി.ആർ.നായർ, തിരുവനന്തപുരം, മൈത്രി ബുക്സ്, 2008.

6. ഉള്ളൂർ : കർണ്ണഭൂഷണം, തിരുവനന്തപുരം, ഉള്ളൂർ പബ്ലിഷേഴ്സ്, 2008.

7. ഒ.എൻ.വി.കുറുപ്പ് : സ്വയംവരം, കോട്ടയം, ഡി.സി.ബുക്സ്, 2006.

8. ഒരു സംഘം ലേഖകർ : എം.ടി.യുടെ സർഗ്ഗപ്രപഞ്ചം, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997.

9. കാരശ്ശേരി.എം.എൻ. : മാരാരുടെ കുരുക്ഷേത്രം, വള്ളത്തോൾ, വിദ്യാപീഠം, ശുകപുരം.

10. കുഞ്ചൻനമ്പ്യാർ : കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ, കോട്ടയം, കറന്റ് ബുക്സ്, 1997.

11. കുഞ്ഞിക്കുട്ടൻ തമ്പുരാൻ (വിവ:) : ശ്രീ മഹാഭാരതം-ഏഴ് വാല്യങ്ങൾ, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക് സ്റ്റാൾ, 1981.

12. കുട്ടികൃഷ്ണമാരാർ : ഭാരതപര്യടനം, കോഴിക്കോട്, മാരാർ സാഹിത്യ പ്രകാശം, 1999.

13. കുട്ടികൃഷ്ണമാരാർ : ദന്തഗോപുരം, കോഴിക്കോട്, മാരാർ സാഹിത്യപ്രകാശം, ശ്രീരാമകൃഷ്ണസന്നിധി, 1991.

14. കുന്നത്തു ജനാർദ്ദനമേനോൻ: (വിവ:) ശ്രീമഹാഭാരതം അഞ്ചാംഭാഗം, പ്രസാ:കെ.കെ.തമ്പാൻ, ഭാരതവിഹാരം, പാലക്കാട് 1929.

15. കുമ്പളങ്ങാട്ട് വിജയൻ : രാധേയൻ, കോഴിക്കോട് പൂർണ്ണ പബ്ലിക്കേഷൻസ്, 1999.

16. കുര്യാസ് : നിന്ദിതർക്കും, പീഡിതർക്കും വേണ്ടി, കോട്ടയം, നാഷണൽ ബുക്സ്റ്റാൾ, 1998

17. കൃഷ്ണപിള്ള എൻ : കൈരളിയുടെ കഥ, കോട്ടയം, സാഹിത്യപ്രവർത്തകസഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1986.

18. ചന്ദ്രശേഖരൻ.സി.കെ. : മഹാഭാരതപരിക്രമം, കോട്ടയം, നാഷണൽ ബുക് സ്റ്റാൾ, 2001.

19. .................... : കർണ്ണഭൂഷണത്തിന്റെ മാറ്റ്, കോട്ടയം, നാഷണൽ ബുക് സ്റ്റാൾ, 1994.

20. തരകൻ.കെ.എം. : ആധുനിക നോവൽ ദർശനം, കോട്ടയം, നാഷണൽ ബുക്സ്റ്റാൾ, 1982.

21. ................................ : മലയാളനോവൽ സാഹിത്യചരിത്രം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി, 1990.

22. തരൂർ ശശി : മഹാ(ഭാരത)കഥ, വിവ; കെ.ബി.പ്രസന്നകുമാർ, കോട്ടയം, ഡി.സി.ബുക്സ്, 2007.

23. തുഞ്ചത്തെഴുത്തച്ഛൻ : ശ്രീമഹാഭാരതം കിളിപ്പാട്ട്, കോട്ടയം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1967.

24. ദിലീപ് കുമാർ.കെ.വി. : മദ്ധ്യകാല മലയാളകവിതയിലെ നായക സങ്കല്പം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

25. നന്ദകുമാർ.വി.ടി. : എന്റെ കർണ്ണൻ, കോട്ടയം, നാഷണൽ ബുക് സ്റ്റാൾ, 1982.

26. നായർ.വി.എസ്. : പുരാണസാഗരത്തിലെ അമൂല്യരത്നങ്ങൾ, കോട്ടയം, കറന്റ് ബുക്സ്, 1998.

27. നാരായണഭട്ടൻ : വേണീസംഹാരം വിവ: പന്തളത്തു കേരളവർമ്മതമ്പുരാൻ, തിരുവനന്തപുരം, എസ്.ആർ.ബുക്ഡിപ്പോ, 1108.

28. നാരായണമേനോൻ വള്ളത്തോൾ: വള്ളത്തോളിന്റെ ഗ്രന്ഥനിരൂപണങ്ങളും പ്രസംഗങ്ങളും,കോഴിക്കോട്, മാതൃഭൂമി പ്രിന്റിങ് ആൻഡ് പബ്ലിഷിങ് ലിമിറ്റഡ്, 1986.

29. ................ : വള്ളത്തോളിന്റെ പദ്യകൃതികൾ, (ഭാഗം 1), കോട്ടയം, സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, 1975.

| | | |
|---|---|---|
| 30. നിരണത്ത് ശങ്കരപ്പണിയ്ക്കർ | : | ഭാരതമാല രണ്ടാംഭാഗം, തിരുവനന്തപുരം, പ്രസാ : മഹോപാദ്ധ്യായ കെ.എസ്.മഹാദേവശാസ്ത്രികൾ, ഹസ്തിലിഖിതഗ്രന്ഥശാല, തിരുവിതാംകൂർ സർവ്വകലാശാല, 1954. |
| 31. പവിത്രൻ.എം.വി.(എഡി:) | : | എം.ടി.യുടെ ലോകങ്ങൾ, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1998. |
| 32. പോൾ.എം.പി. | : | നോവൽ സാഹിത്യം, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1990. |
| 33. ......................... | : | ഗദ്യഗതി, കോട്ടയം, സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, 1966. |
| 34. ബഷീർ.എം.എം.(എഡി:) | : | എം.ടി.കഥയും പൊരുളും, തൃശ്ശൂർ, കറന്റ് ബുക്സ്, 1996. |
| 35. ബാലകൃഷ്ണൻ കല്പറ്റ (എഡി) | : | സമ്പൂർണ്ണ മഹാഭാരതം, തൃശ്ശിവപേരൂർ. സമ്രാട്ട് പബ്ലിഷേഴ്സ്, 1999. |
| 36. ബാലകൃഷ്ണൻ കൊടയ്ക്കാടത്ത് | : | ഭാരതത്തിലെ പാഞ്ചാലി, തൃശ്ശൂർ, ജ്യോതി ബുക് സെന്റർ, 1977. |
| 37. ബാലകൃഷ്ണൻ.പി.കെ. | : | എഴുത്തച്ഛന്റെ കല – ചില വ്യാസഭാരതപഠനങ്ങളും, തൃശ്ശൂർ, കറന്റ് ബുക്സ്, 2002. |
| 38. ഭാസൻ | : | മദ്ധ്യമവ്യായോഗം, വിവ:വള്ളത്തോൾ നാരായണമേനോൻ, പ്രസാ:പി.വാസുദേവൻ നമ്പൂതിരി, കോട്ടക്കൽ, ലക്ഷ്മീസഹായം അച്ചുകൂടം, 1095. |

39. ......................... : രണ്ടു ഭാസനാടകങ്ങൾ, വിവ:,പ്രസാ: പാലാ ഗോപാലൻനായർ, കോട്ടയം, 1971.

40. ............................... : ഊരുഭംഗം, വിവ: വള്ളത്തോൾ നാരായണമേനോൻ, പ്രസാ: എ.ഡി.ഹരിശർമ്മ, കുന്ദംകുളം, അക്ഷരരത്ന പ്രകാശിക പ്രസ്സ്, 1094.

41. മാരാർ.എസ്.കെ. : അനുയാത്ര, കോട്ടയം, ഡി.സി.ബുക്സ്, 1998.

42. മുണ്ടശ്ശേരി ജോസഫ് : അന്തരീക്ഷം, തൃശ്ശിവപേരൂർ പ്രസാ:മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്, 1967.

43. രാജരാജവർമ്മ വടക്കുംകൂർ : 'അവതാരിക', ശ്രീ മഹാഭാരതം വാല്യം ഒന്ന്, കോട്ടയം, സാഹിത്യ പ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, 1981.

44. രാധിക.സി.നായർ (എഡി) : വിശ്വസാഹിത്യകാരന്മാർ, കോട്ടയം, ഡി.സി.ബുക്സ്, 2008.

45. രാമകുമാർ.വി : മഹാഭാരതം, തിരുവനന്തപുരം, സിസോ പബ്ലിഷേഴ്സ്, 1997.

46. രാമവർമ്മ വയലാർ : കല്യാണസൗഗന്ധികം, കോഴിക്കോട്, പൂർണ്ണ പബ്ലിക്കേഷൻസ്, 1991.

47. ലളിതാംബിക അന്തർജ്ജനം : സീത മുതൽ സത്യവതിവരെ, കോട്ടയം, നാഷണൽ ബുക്സ്റ്റാൾ, 1972.

48. ലീലാവതി.എം : അസുരവിത്ത് – ഒരു പഠനം, കോഴിക്കോട്, ലിപി പബ്ലിക്കേഷൻസ്, 2003.

49. ........................ : സത്യം ശിവം സുന്ദരം, കോട്ടയം, നാഷണൽ ബുക്സ്റ്റാൾ, 1989.

50. ലേഖാ നരേന്ദ്രൻ : എം.ടി.യുടെ കഥാലോകം, കോട്ടയം, ഡി.സി.ബുക്സ്, 1984.

51. വയസ്കരമൂസ്സ് : ആട്ടക്കഥകൾ ഒന്നാംവാള്യം, ശ്രീരാമവിലാസം പ്രസ് & ബുക്ക് ഡിപ്പോ, കൊല്ലം 1129, 2–ാം പതിപ്പ്.

52. വാസുദേവൻ നായർ.എം.ടി : അസുരവിത്ത്, കോട്ടയം, ഡി.സി. ബുക്സ്, 1996.

53. ...................... : എം.ടി.യുടെ തിരക്കഥകൾ, കോട്ടയം, ഡി.സി.ബുക്സ്, 1978.

54. ................. : എം.ടി.യുടെ തെരഞ്ഞെടുത്ത കഥകൾ, തൃശ്ശൂർ, കറന്റ് ബുക്സ്, 1991.

55. ................. : ആൾക്കൂട്ടത്തിൽ തനിയേ, കോഴിക്കോട്, പൂർണ്ണ പബ്ലിക്കേഷൻസ്, 1981.

56. .................. : കാലം, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1990.

57. .................... : ദയ എന്ന പെൺകുട്ടി, കോഴിക്കോട്, മലയാളം പബ്ലിക്കേഷൻസ്, 1987.

58. ................... : മഞ്ഞ്, തൃശ്ശൂർ, കറന്റ് ബുക്സ്, 1998.

59. ................... : കാഥികന്റെ കല, കോട്ടയം, ഡി.സി.ബുക്സ്, 1984.

60. ................... : കാഥികന്റെ പണിപ്പുര, തൃശ്ശൂർ, കറന്റ് ബുക്സ്, 1966.

61. .................. : നാലുകെട്ട്, തൃശ്ശൂർ, കറന്റ് ബുക്സ്, 1990.

62. .................... : ഷെർലക്ക്, തൃശ്ശൂർ, കറന്റ് ബുക്സ്, 1998.

63. ..................... : വാനപ്രസ്ഥം, തൃശ്ശൂർ, കറന്റ് ബുക്സ്, 1993.

64. .................... : വിലാപയാത്ര, തൃശ്ശൂർ, കറന്റ് ബുക്സ്, 2003

65. ..................... : ഹെമിങ്‌വേ – ഒരു മുഖവുര, പാലാ, പ്രസാ: സഹൃദയ ബുക്സ് പ്രൈവറ്റ് ലിമിറ്റഡ്, 1999.

66. വാസുദേവൻ നായർ.എം.ടി. : വാരാണസി, തൃശ്ശൂർ, കറന്റ് ബുക്സ്, 2007.

67. ....................... : കിളിവാതിലിലൂടെ, കോട്ടയം, കറന്റ് ബുക്സ് 2007.

68. ....................... : എം.ടി.വാക്കുകളുടെ വിസ്മയം, കോഴിക്കോട്, പാപ്പിയോൺ, ഒലീവ് പബ്ലിക്കേഷൻസ്, 2004.

69. ....................... : അമ്മയ്ക്ക്, തൃശ്ശൂർ, കറന്റ് ബുക്സ്, 2008.

70. ....................... : കണ്ണാന്തളിപ്പൂക്കളുടെ കാലം, ഗ്രീൻ ബുക്സ്, 2003.

71. ....................... : ആൾക്കൂട്ടത്തിൽ തനിയെ, കണ്ണൂർ, കൈരളി ബുക്സ്, 2008.

72. ....................... : എം.ടി.യുടെ അഞ്ച് തിരക്കഥകൾ, കോഴിക്കോട്, മാതൃഭൂമി ബുക്സ്, 2005.

73. ....................... : വൻകടലിലെ തുഴവള്ളക്കാർ, കോഴിക്കാട്, മാതൃഭൂമി ബുക്സ്, 2007.

74. വിജയൻ.ഒ.വി : മധുരം ഗായതി, കറന്റ് ബുക്സ്, കോട്ടയം, 1998.

75. വിദ്വാൻ.കെ.പ്രകാശം : വ്യാസമഹാഭാരതം, കോട്ടയം, സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക് സ്റ്റാൾ, 1986.

76. ശങ്കരപ്പിള്ള.ജി. : ശരശയനം. കോട്ടയം, നാഷണൽ ബുക്സ്റ്റാൾ, 1963.

77. ശിവാജി സാവന്ത് : മൃത്യുഞ്ജയ, വിവർത്തനത്തിന്റെ പേര്, കർണ്ണൻ, പി.കെ.ചന്ദ്രൻ, ടി. ആർ.ജയശ്രീ (വിവ:)ഡി.സി.ബുക്സ്, 1996.

78. ശ്രീദേവി [തങ്കമണിയമ്മ] : മരണമില്ലാത്തവൾ, കോഴിക്കോട്, പൂർണ്ണ പബ്ലിക്കേഷ്സ്, 1997.

79. ശ്രീധരമേനോൻ വൈലോപ്പിള്ളി : 'നമ്മുടെ ഭീമൻ', മകരക്കൊയ്ത്ത്, കറന്റ് ബുക്സ്, തൃശ്ശൂർ, 1990.

80. സാനു.എം.കെ. : മലയാളത്തിനു സിദ്ധിച്ച മഹാഭാഗ്യം, ഭാഷാഭാരതം വാല്യം ഒന്ന്, വിവ: കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കോട്ടയം, ഡി.സി.ബുക്സ്, 2007.

81. സ്വാമി ദയാനന്ദതീർത്ഥ : ഭാരതസംഗ്രഹം, കോട്ടയം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, 1987.

82. സ്വാമി മൃഡാനന്ദ (വിവ:) : ശ്രീമഹാഭാരതം രണ്ടാംഭാഗം, തൃശ്ശൂർ, ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര, 1999.

83. പ്രതിഭാറായ് : ദ്രൗപദി, വിവ: പി.മാധവൻപിള്ള, കോട്ടയം, ഡി.സി.ബുക്സ്, 2008.

84. മുൻഷി.കെ.എം. : ഭീമസേനൻ, വിവ: ശത്രുഘ്നൻ, കോട്ടയം, ഡി.സി.ബുക്സ്, 2007.

35. മാണി വെട്ടം : പുരാണിക് എൻസൈക്ലോപീഡിയ, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക് സ്റ്റാൾ, 1982.

# ആനുകാലികങ്ങൾ

1. അജയ്.പി.മങ്ങാട് : മഹാഭാരതത്തിന് ഒരു പുനർചിന്തനം, ഭാഷാപോഷിണി (നവംബർ 2002) 26,6 പു.42–49.

2. അപ്പൻ.കെ.പി. : ഏകാന്തതയുടെ അദ്ധ്യായനത്തിൽ നിന്ന്, സമകാലിക മലയാളം (ജൂലൈ 18,2003) പു.62,63.

3. അശോകൻ.കെ. : ഇതിഹാസ നോവൽ : പുനഃസൃഷ്ടിയുടെ പ്രശ്നങ്ങൾ, ഭാഷാപോഷിണി, 19,5, (ഒക്ടോബർ 1995), പുറം 17 – 21.

4. ......................... : ഇതിഹാസത്തിൽ നിന്നു നോവൽ, ഭാഷാപോഷിണി, 9–10, 6–1, (1986), പുറം 59–65.

5. ആനന്ദ് : നോവലിന്റെ ജനിതകമാറ്റങ്ങൾ, ഭാഷാപോഷിണി (ജനുവരി 2008) 31,8, പു.22.

6. ആർസു : 'കർണ്ണമാനസം തേടിപ്പോയ ശിവാജി സാവന്ത്', മാതൃഭൂമി ആഴ്ചപ്പതിപ്പ് (ഒക്ടോബർ 27– നവംബർ 2) പു.40–42.

7. ആഷാമേനോൻ : മലയാളിയുടെ രാഗദ്വേഷങ്ങൾ, ഭാഷാപോഷിണി, 19,5, (ഒക്ടോബർ 1995), പുറം 5–8.

8. ഉണ്ണികൃഷ്ണൻ : എം.ടിയ്ക്ക് മലയാളികളോട് ക്ഷമിക്കാം, കലാകൗമുദി 1054, (നവംബർ 26,1995), പുറം 28,29.

9. ഒ.എൻ.വി. : കേശമിതു കണ്ടുവോ, മാതൃഭൂമി ഓണപ്പതിപ്പ്, ഭാഗം ഒന്ന്, 76,28 (1998) പു. 8.

10. ..................... : ഗാന്ധാരം, മാതൃഭൂമി ഓണപ്പതിപ്പ്, 77,26 (1999) പു.27.

11. കുമാരൻ മാമ്പുഴ : ഇതിഹാസത്തിലേക്ക് തിരിച്ചുപോകുമ്പോൾ, ഭാഷാപോഷിണി, 19,5, (ഒക്ടോബർ 1995), പുറം 9–12.

12. കേരള സാഹിത്യ അക്കാദമി (പ്രസാ:) : സാഹിത്യലോകം, തൃശ്ശൂർ, 34, 5–6, സെപ്തംബർ – ഡിസംബർ 2007.

13. കേശവൻനായർ കുറ്റിപ്പുറത്ത്: കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ – ചില സ്മരണകൾ, സമ്പാ: പ്രിയദർശനൻ.ജി. ,ഭാഷാപോഷിണി (ആഗസ്റ്റ്, 1995) പു.73–75.

14. ഗീതാർത്ഥ : കണ്ണാന്തളിപ്പൂക്കളിലേയ്ക്ക് മടക്കയാത്ര, സമകാലിക മലയാളം (ജൂലൈ 18,2003) പു.26–39.

15. ചുങ്കത്ത് രാജൻ : മഴയുടെ ആയിരം സ്വരങ്ങൾ , സമകാലിക മലയാളം (ജൂലൈ 18,2003) പു.46,47.

16. ജയചന്ദ്രൻനായർ.എസ്. : ഒരു കണ്ടറിയലിന്റെ പരിമളം, സമകാലിക മലയാളം (ജൂലൈ 18, 2003) പു.58–61.

17. ജോൺ പോൾ : തീർത്ഥാടകന്റെ പാത, ഭാഷാപോഷിണി 24,3, (ആഗസ്റ്റ് 2000) പുറം 18–20.

18. തായാട്ട് പ്രതാപൻ (പ്രസാ:) : സാംസ്ക്കാരിക വികാരം, സാഹിത്യമാസിക, 1,1 , ഡിസംബർ 2001.

| | | |
|---|---|---|
| 19. പോളാ റിച്ച്മാൻ | : | ഭീമനും ഹിഡിംബിയും, ഭീമനും ശൂർപ്പണഖയും തമ്മിലെന്ത് ? മാതൃഭൂമി ആഴ്ചപ്പതിപ്പ് (മെയ് 16–12, 2004) പു.17–22. |
| 20. പൗലോസ്.കെ.ജി. | : | എത്രയെത്ര മഹാഭാരതങ്ങൾ, (മാർച്ച് 2007) പു.54–56. |
| 21. ......................... | : | മലയാളിയുടെ കുട്ടിവായനകൾ (മാർച്ച് 2007) പു.64–66. |
| 22. ......................... | : | അരങ്ങിലെ ഭാരതം (മാർച്ച് 2007) പു.63–65. |
| 23. ......................... | : | വർത്തമാനഭാരതം (ഏപ്രിൽ 2007) പു.68–69. |
| 24. ബ്ലാത്തൂര് രമേശൻ | : | എം.ടി.യിലേക്ക് ഒരു കിളിവാതിൽ, കലാകൗമുദി 973, (മെയ് 8, 1994), പുറം 24–27. |
| 25. മധു വാസുദേവൻ | : | എം.ടി.സാഹിത്യത്തിലെ യയാതി, ദേശാഭിമാനി വാരാന്തപതിപ്പ്, (ജൂലൈ 2, 2000). |
| 26. മാടായി താഹ | : | അജ്ഞാതനായ യുവസുഹൃത്തിനുള്ള കത്തുകൾ , സമകാലിക മലയാളം (ജൂലൈ 18,2003) പു.48–50. |
| 27. മുരളി | : | എം.ടി.വീണ്ടും കൂടല്ലൂരിനെക്കുറിച്ച് എഴുതുമ്പോൾ, സമകാലിക മലയാളം (ജൂൺ 2006) പു.27–38. |
| 28. മുഹമ്മദ്.എൻ.പി. | : | പൗരാണികതയുടെ ജീവൻ മാതൃഭൂമി ആഴ്ചപ്പതിപ്പ് (സെപ്തംബർ 22, 1996) 74,30, പു.24,25. |
| 29. മോഹനകൃഷ്ണൻ.വി. | : | വരും വരും എന്ന പ്രതീക്ഷ, സമകാലിക മലയാളം (ജൂലൈ 18,2003) പു.64–70. |

| | | |
|---|---|---|
| 30. രമേശൻ പഴവിള | : | പി.കെ.ബാലകൃഷ്ണൻ – കവച കുണ്ഡലങ്ങളില്ലാത്ത കർണ്ണൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 69,7, (ഏപ്രിൽ 21–27, 1991) |
| 31. രാധാകൃഷ്ണൻ മേലാറ്റൂർ | : | വിവർത്തന മഹാശതാബ്ദി, സമകാലിക മലയാളം (ഒക്ടോബർ, 2006) പു.56–57. |
| 32. രാധാകൃഷ്ണൻ.പി.എസ്. | : | മഹാഭാരത ദേശീയതയുടെ പക്ഷപാഠ(ത)ങ്ങൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ് (ഏപ്രിൽ 15–21) പു.42–47. |
| 33. രാധാകൃഷ്ണൻ.പി.എസ് | : | ആനന്ദവനവും, മഹാശ്മശാനവും, സമകാലികമലയാളം (ജൂലൈ 18, 2003) പു.54 – 57. |
| 34. രാധാകൃഷ്ണൻ.പി.എസ്. | : | മഹാഭാരതം : ധർമ്മചിന്തകളുടെ പരീക്ഷണശാല, ഭാഷാപോഷിണി, 17,9,(ഫെബ്രവരി 1994), പുറം 46 – 49. |
| 35. രാധാകൃഷ്ണൻ.കെ.എസ് | : | കൃതികൾ ജീവിതത്തിന്റെ നേർസാക്ഷ്യങ്ങൾ, ഭാഷാപോഷിണി 19,5, (ഒക്ടോബർ 1995), പുറം 21–24. |
| 36. ലീലാകൃഷ്ണൻ ആലങ്കോട് | : | അമരന്മാരുടെ ഗ്രാമത്തിൽ, സമകാലിക മലയാളം (ജൂലൈ 18, 2003) പു.40–46. |
| 37. വാങ്മയി | : | നമോസ്തുതേ വ്യാസവിശാല ബുദ്ധേ, ഭാഷാപോഷിണി, 17,7, (ഡിസംബർ 1993) പുറം 64. |
| 38. വാസുദേവൻ നായർ.എം.ടി. | : | എനിക്കു വേണ്ടത് ഈ ജീവിതത്തേക്കാൾ ജീവസ്സുറ്റ ജീവിതം, കലാകൗമുദി 1074, (ഏപ്രിൽ 14, 1996), പുറം 22–25. |
| 39. വാസുദേവൻ നായർ.എം.ടി. | : | 'ഞാൻ തന്നെ പ്രജയും പ്രജാപതിയും', കലാകൗമുദി 1388. |

40. ..................... : ‘അമ്മയ്ക്ക്’, സമകാലിക മലയാളം, (ജൂലൈ 18, 2003) പു.20–24.

41. വാസുദേവൻ നായർ.എം.ടി.,. : ജോൺപോൾ — യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുമ്പോൾ, കലാകൗമുദി 1298, പു.20,21.

42. വാസുദേവൻ നായർ.എം.ടി., : സുധീഷ്‌വി.ആർ — എഴുത്തിന്റെ രാവും പകലും മാതൃഭൂമി ആഴ്ചപ്പതിപ്പ് (ഡിസംബർ 4–10, 2005) പു.14–23.

43. വിഷ്ണുനാരായണൻ നമ്പൂതിരി: ചരിത്രത്തിന്റെ വഴി, മാതൃഭൂമി ആഴ്ചപ്പതിപ്പ് (2000 ജൂലൈ 23–29), പു.18.

44. വീരേന്ദ്രകുമാർ.എം.പി. : മഹാഭാരതം : ഇതിഹാസങ്ങളുടെ ഇതിഹാസം, മാതൃഭൂമി ആഴ്ചപ്പതിപ്പ് (ഫെബ്രുവരി, 4–10, 2007) പു.42–47.

45. .......................... : കർണ്ണനെയോർത്ത് കർണ്ണപ്രയാഗയിൽ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, (നവംബർ 5–11, 2006). പു. 42–46.

46. ............................. : മകനേ കർണ്ണാ, സൂര്യപുത്രനാണു നീ, മാതൃഭൂമി ആഴ്ചപ്പതിപ്പ് (നവംബർ 19–25, 2007) പു.42–46.

47. .......................... : കർണ്ണാ നീ അർദ്ധരഥിയല്ല, മഹാരഥിയാണ്. മാതൃഭൂമി ആഴ്ചപ്പതിപ്പ് (നവംബർ 26 – ഡിസംബർ 2,2006), പു.41–45.

48. ......................... : കൃഷ്ണൻ ചിതകൊളുത്തി, കർണ്ണൻ അനശ്വരനായി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, (ഡിസംബർ 3–9,2006). പു. 41–46.

49. വേണുഗോപാലൻ.പി. : കഥകളിയിലെ ഭീമപ്രഭാവം കലാകൗമുദി 1311, പു.51–52.

50. ശ്രീധരൻ.പി. : തീയും വെളിച്ചവും കലാകൗമുദി 1388, പു.57.

51. സുഗതകുമാരി : ഇതു മഹാഭാരതം, മാതൃഭൂമി ആഴ്ചപ്പതിപ്പ് (1991 ജൂൺ 23–29) പു. 6,7.

52. സ്റ്റാഫ് ലേഖകൻ : എം.ടി.കഥാപാത്രമായപ്പോൾ, കലാകൗമുദി 1107, (ഡിസംബർ 1, 1996), പുറം 47,48.

# ENGLISH


1. Bergonzi Bernard : 'The Situation of the Novel', London, Penguin Books, 1972.

2. Forster.E.M. : 'Aspects of the Novel', London, Penguin Books, 1976.

3. Henry Hudson William : 'An Introduction To the study of Literature', New Delhi, Kalyani Publishers, 1979.

4. Jones Earnest : Psycho - Analysis, London, Earnest Benl Benn Ltd., Bouveri house, 1928.

5. Kamala Subramaniyam : 'Mahabharata', Bombay, Bharatiya Vidya Bhavan, 1988.

6. Liddell Robert : 'A Treatise on the Novel', London, Jonathan Cape, 1967.

7. Muir Edwin : 'The Structure of the Novel', Bombay, Allied Publishers, 1966.

8. Munshi.K.M. : Krishnavathara, Volume III, Bombay, Bharatiya Vidya Bhavan, 1983.

9. Mehendale.M.A. : 'Reflections on the Mahabharatha War', Shimla, Indian Institute of Advanced Study, 1995.

10. Pratap Chandra Ray : The Mahabharata, Calcutta, Bharathi press, 1891.

11. Radice William : Myths & Legends of India, India, Penguin books, 2000.

12. Rajagopalachari.C : 'Mahabharata', Bombay, Bharatiya Vidya Bhavan, 1999.

13. Romesh.C.Dutt : The Mahabharata, Reader Friendly Millennium Three Editors, 2006.

14. Tajindar Singh : The Literary Criticism of D.H.Lawrence, New Delhi, Sterling Publishers & Private Limited, 1984.

# അനുബന്ധം


1. എം.ടി.യുടെ കത്തിന്റെ കോപ്പി 354
2. കൃഷ്ണകുമാരിയുടെ കത്തിന്റെ കോപ്പി. 355 – 356